# VIGNANADIPIKA

(PART IV)

AUTHOR:
MAHAKAVI ULLUR.

Digitized By Kerala Sahitya Akademi

# വിജ്ഞാനദീപിക

## (നാലാം ഭാഗം)

ഗ്രന്ഥകർത്താ

റാവുസാഹിബ്, മഹാകവി,

**ഉള്ളൂർ എസ്. പരമേശ്വരയ്യർ,**

എം. എ., ബി. എൽ.

പ്രകാശകൻ,

ഗ്രന്ഥകാരൻ.

കാപ്പി ൫൦൦

ശ്രീധരപ്രെസ്സ്, തിരുവനന്തപുരം.

1113

Digitized By Kerala Sahitya Akademi

# മുഖവുര.

എന്റെ 'വിജ്ഞാനദീപിക' എന്ന ഗ്രന്ഥപരമ്പരയുടെ നാലാമങ്കമായാണു് ഈ പുസ്തകം പ്രസിദ്ധീകരിക്കുന്നതു്. ഇതിൽ പതിനൊന്നു് ഉപന്യാസങ്ങൾ അടങ്ങീട്ടുണ്ടു്. ഇവയിൽ ആറാമത്തെ ഉപന്യാസം ഒഴികെ ബാക്കിയെല്ലാം സാഹിത്യപരിഷത്ത്ത്രൈമാസികത്തിൽ ഓരോ അവസരത്തിൽ പ്രകാശനം ചെയ്യപ്പെട്ടിട്ടുള്ളവയാണു്. 'സാമൂതിരികോവിലകവും സാഹിത്യവും' എന്ന വിഷയത്തെപ്പററി ഞാൻ കോഴിക്കോട്ടു നടന്ന പരിഷത്സമ്മേളനത്തിൽ ചെയ്ത വാചാപ്രസംഗം ചില ഭേദഗതികളോടുകൂടി ആറാമത്തെ ഉപന്യാസമായ് ഇപ്പോൾ പ്രസിദ്ധപ്പെടുത്തുന്നു. കേരളസാഹിത്യത്തേയും കേരളചരിത്രത്തേയും ഒരേസമയത്തിൽ പരാമർശിക്കുന്ന ഈ ഉപന്യാസങ്ങൾ കേരളീയർക്കു പൊതുവേ ഉപകാരപ്രദമാകുമെന്നു ഞാൻ വിശ്വസിക്കുന്നു. നിമ്മത്സരന്മാരും വൈദുഷ്യനിധികളുമായ മഹാജനങ്ങളുടെ അനുഗ്രഹത്തെ വിനയപൂർവം പ്രാർത്ഥിച്ചുകൊണ്ടു വിരമിച്ചുകൊള്ളട്ടെ.

തിരുവനന്തപുരം,
7–6–1113.

ഉള്ളൂർ എസ്. പരമേശ്വരയ്യർ.

Digitized By Kerala Sahitya Akademi

# വിഷയാനുക്രമണിക.

---


| | വിഷയം. | പുറം. |
|---|---|---|
| ൧. | സുഭഗസന്ദേശം | ൧–൧൭ |
| ൨. | ഭ്രമരസന്ദേശം | ൧൮–൪൫ |
| ൩. | ഭ്രമരസന്ദേശവും വാസുഭട്ടതിരിയും | ൪൬–൭൩ |
| ൪. | ചാതകസന്ദേശം | ൭൪–൧൧൭ |
| ൫. | ശിവവിലാസം | ൧൧൮–൧൪൧ |
| ൬. | സാമൂതിരികോവിലകവും സാഹിത്യവും | ൧൪൨–൧൮൪ |
| ൭. | ഭാഷാനൈഷധചമ്പു | ൧൮൫–൨൪൬ |
| ൮. | ശ്രീപത്മനാഭചരിതം | ൨൪൭–൨൬൬ |
| ൯. | ബാലരാമവൎമ്മയശോഭൂഷണം | ൨൬൭–൨൮൩ |
| ൧൦. | സുകുമാരകവി | ൨൮൪–൩൧൧ |
| ൧൧. | വലിയകോയിത്തമ്പുരാന്റെ ഒരു ബാല്യകൃതി | ൩൧൨–൩൨൮ |


---

Digitized By Kerala Sahitya Akademi

# വിജ്ഞാനദീപിക

## നാലാം ഭാഗം

---

## സുഭഗസന്ദേശം.

---

ഭാരതവർഷത്തിൻെറ ഇതരഭാഗങ്ങളെ അപേക്ഷിച്ചു സന്ദേശകാവ്യങ്ങളുടെ ഉദയത്തിനു കീർത്തി സമ്പാദിച്ചിട്ടുള്ള ഒരു രാജ്യമാകുന്നു നമ്മുടെ മാതൃഭൂമിയായ കേരളം. ദേശചരിത്രനിർമ്മിതിയിൽ പ്രകൃത്യാ പരാങ്മുഖന്മാരായ നമ്മുടെ പൂർവ്വന്മാൎക്ക് ഈ വിഷയത്തിലെങ്കിലും ഒരു ആഭിമുഖ്യം ജനിച്ചതു നമ്മുടെ ഭാഗ്യമാകുന്നു. എത്രയോ ഗ്രന്ഥങ്ങളും പ്രധാനങ്ങളുമായ ചരിത്രശകലങ്ങൾ നമുക്കു ഈ ഗ്രന്ഥങ്ങളിൽനിന്നു സമാഹരിക്കുവാൻ കഴിയുന്നതാണ്. ലക്ഷ്മീദാസൻെറ ശുകസന്ദേശം, ഉദ്ദണ്ഡശാസ്ത്രികളുടെ കോകിലസന്ദേശം, അജ്ഞാതനാമാവായ ഏതോ ഒരു സരസകവിയുടെ ഉണ്ണുനീലീസന്ദേശം, ഈ മൂന്നു പ്രകാശിതങ്ങളായ കാവ്യങ്ങളും ഗവേഷകന്മാൎക്ക് അനൎഘങ്ങളായ മൂന്നു മാൎഗ്ഗദീപങ്ങളാകുന്നു. ഇവയിൽനിന്നു ദീപ്തിയിലും പരിമാണത്തിലും ഒട്ടും താഴെയല്ലാത്ത വേറേയും പല ജ്യോതിസ്സുകൾ അവൎക്ക് അനുഗ്രാഹകങ്ങളായുണ്ട്. ആ കാവ്യങ്ങൾ മുദ്രിതങ്ങളല്ലായ്കയാൽ അവയുടെ സാഹായ്യം എല്ലാവൎക്കും ലഭിക്കുന്നില്ലെന്നു മാത്രമേ വ്യത്യാസമുള്ളു. അത്തരത്തിലുള്ള സന്ദേശകൃതികളിൽ മാനനീയമായ ഒരു സ്ഥാനത്തെയാകുന്നു ഈ ഉപന്യാസത്തിനു വിഷയീഭവിക്കുന്ന 'സുഭഗസന്ദേശം' അലങ്കരിക്കുന്നതു്.

സുഭഗസന്ദേശത്തിൻെറ പ്രണേതാവു നാരായണൻ എന്ന ഒരു കവിയാകുന്നു. അദ്ദേഹം ഗ്രന്ഥാവസാനത്തിൽ തന്നെപ്പററി,

> "മുക്താരത്നം മലയമരുതം ചന്ദനം ച പ്രസൂയ
> പ്രഖ്യാതാ ദിൿ കവിമപി തഥാസോഷ്ട കീൎത്ത്യൈ കനിഷ്ഠം;
> വിദ്വൽപ്രീത്യൈ ബഹുരസസുധാസ്യന്ദി സന്ദേശകാവ്യം
> ബദ്ധം താവദചിരതമഭവത്തേന നാരായണേന".

Digitized By Kerala Sahitya Akademi

എന്ന പദ്യത്തിൽ "മുത്തിനും മലയവായുവിനും ചന്ദനത്തിനും ജനയിത്രിയായ ദക്ഷിണദിക്ക് കീർത്തിക്കുവേണ്ടി അവയ്ക്കു കനിഷ്ഠനായ് തന്നെയും പ്രസവിച്ചു." എന്നു പ്രശംസിച്ചിരിക്കുന്നതു് അനുചിതമെങ്കിലും അനർഹമാണെന്നു ഭാവുകന്മാർക്കു തോന്നുകയില്ല.

ഈ കവിയുടെ പുരസ്കർത്താവു് ജയസിംഹനാട്ട് (കൊല്ലം) ഭരിച്ചിരുന്ന ഒരു രാമവർമ്മമഹാരാജാവാണെന്നു ഗ്രന്ഥത്തിൽനിന്നു വിശദമാകുന്നു. തൻെറ സ്വാമിയെപ്പററി സന്ദേശനിർമ്മാതാവു് വർണ്ണിക്കുന്നതു താഴെ കാണുന്നപ്രകാരത്തിലാണു്:—

"വീരസ്സ്വേവ്യസ്ത്വദനുഭവതാ വിശ്രുതോ ദാനശക്ത്യാ
രാജാ രാമാജനമനസിജോ രാമവർമ്മാഭിധാനഃ
യേന സ്ഫീതാം ജഗതി ജയസിംഹാന്വയോ യാതി കീർത്തിം
പാഥോരാശിഃ പരമശുചിനാ പാർവ്വണേനേന്ദുനേവ.

മാനോ നീവീ; മനസിജശരാഃ കിങ്കരാഃ; പ്രാർത്ഥിതാർത്ഥീ;
ചാരോ നേത്രം; കവിരഭിമതഃ; പ്രാണബന്ധുഃ കൃപാണീ;
നീതിർഭാര്യ്യാ; നിഗമഭണിതിർദ്ദേശികോ യസ്യ ലോകേ;
താദൃങ്മൃഗ്യോ ഭവതി സുകൃതീ രാജശബ്ദാഭിധേയഃ."

"ദൃഷ്ട്വാ തസ്യ ദ്വിഗുണിതരസാം ഭക്തിമഭ്യാഗതേഷു
പ്രജ്ഞാം തേജഃ ശ്രിയമഥ ദയാമന്നദാനാദരം ച
പ്രക്രാന്തോപി പ്രകൃതവിഷയേ ന പ്രഗല്ഭഃ ക്ഷണം ത്വം;
സത്സമ്പർക്കസ്സ്ഥിരയതി രതിം സർവ്വകാര്യ്യാന്തരേഷു"

പൂർവ്വസന്ദേശത്തിൻെറ അവസാനത്തിലുള്ള

"യസ്യ സ്വാമീ യദുകുലപതിർന്നാമതോ രാമവർമ്മാ;
യസ്യ ശ്രീമാൻ ഭവതി പരമം ദൈവതം ഭാഗിനേയഃ;
ഉദ്യന്മാധ്വീരസപരിമളേ തസ്യ സന്ദേശകാവ്യേ
ഹൃദ്യേ നാരായണകവയിതുഃ പൂർവ്വഭാഗസ്സമാപ്തഃ".

എന്ന പദ്യത്തിലും അദ്ദേഹം ഈ മഹാരാജാവിനെ സ്മരിക്കുന്നു. ഒടുവിൽ ഉദ്ധരിച്ച പദ്യത്തിൽനിന്നു രാമവർമ്മമഹാരാജാവിൻെറ സേവകനായ കവി അദ്ദേഹത്തിൻെറ ഭാഗിനേയൻെറ വയസ്യനായിരുന്നു എന്നും തദനുരോധേന അനതീതയൌവനനായിരുന്നു എന്നും നമുക്കു ന്യായമായ് അനുമാനിക്കാവുന്നതാണു്.

Digitized By Kerala Sahitya Akademi

നാരായണന്റെ പ്രിയതമ തൃശ്ശിവപേരൂർക്കാരിയായിരുന്നു. അദ്ദേഹം വിധിവൈപരീത്യത്താൽ ഭ്രഷ്ടനായ്ത്തീരുകയും, തന്നിമിത്തം ഗത്യന്തരമില്ലാതെ കന്യാകുമാരിയിൽ ഏതാനും മാസങ്ങൾ കഴിച്ചുകൂട്ടുകയും, അപ്പോൾ അവിടെ ആഗതനായ സുഭഗൻ എന്നു പേരുള്ള ഔത്തരാഹനായ ഒരു സ്നാതകബ്രാഹ്മണനെക്കണ്ടു തന്മുഖേന നായികയ്ക്കു ഒരു പ്രണയസന്ദേശം അയയ്ക്കുകയും ചെയ്യുന്നു. കവിയും പക്ഷേ തൃശ്ശിവപേരൂർക്കാരനായിരുന്നിരിക്കുവാൻ പാടില്ലായ്കയില്ല. അദ്ദേഹം ഒരു വലിയ ദേശസഞ്ചാരിയായിരുന്നു. തിരുനെൽവേലി ജില്ലയിലുള്ള തിരുക്കുറുങ്കുടി എന്ന പട്ടണത്തിലാണ് രാമവർമ്മമഹാരാജാവ് അക്കാലത്ത് എഴുന്നള്ളിത്താമസിച്ചിരുന്നത്. അതുനിമിത്തം തിരുവിതാംകൂറിൽകൂടിയല്ല തിരുനെൽവേലിയിൽകൂടിയത്രേ കവി സന്ദേശഹരനെ യാത്രയാക്കുന്നത്. കന്യാകുമാരിമുതൽ ചിദംബരംവരെ ദക്ഷിണാപഥത്തിലുള്ള സകല പ്രധാനസ്ഥലങ്ങളേയുംപററി കൂലങ്കഷമായ ജ്ഞാനം നമ്പൂതിരിസമുദായത്തിൽപെട്ട അദ്ദേഹത്തിന് അക്കാലത്തു സിദ്ധിച്ചിരുന്നതായ് കാണുന്നത് അത്ഭുതാവഹമായിരിക്കുന്നു. അഥവാ ക്രി. പി. ഏഴാം ശതകത്തിൽപോലും ആചാര്യദണ്ഡിയുമായ് അഭിമുഖസംഭാഷണം ചെയ്യുന്നതിനുവേണ്ടി സ്വദേശംവിട്ടു മഹാബലിപുരംവരെ പോയ മാതൃദത്താദിമഹാപണ്ഡിതന്മാരുടെ അനന്തരഗാമിയായ നാരായണൻനമ്പൂതിരിക്കു വിദേശപര്യടനത്തിൽ കൌതുകം ജനിച്ചതു് അസ്വാഭാവികമാണെന്നു പറയുവാനും തരമില്ല.

ദേശിങ്ങനാട്ടു (ജയസിംഹനാട്) രാജാക്കന്മാർക്കു ക്രി. പി. പതിനഞ്ചാം ശതകത്തിന്റെ ആരംഭം മുതൽ പതിനേഴാം ശതകത്തിന്റെ മദ്ധ്യം വരെ തിരുനെൽവേലി ജില്ലയിൽ ഭൂരിഭാഗത്തിന്റെ—പ്രത്യേകിച്ചു പശ്ചിമദക്ഷിണാംശങ്ങളുടെ—ആധിപത്യമുണ്ടായിരുന്നു. ഡുവാർട്ടേ ബാർബോസം (Duarte Barbosa) മുതലായ പാശ്ചാത്യന്മാരായ ദേശസഞ്ചാരികൾ ഈ വസ്തുത അവരുടെ ഗ്രന്ഥങ്ങളിൽ വ്യക്തമായ് രേഖപ്പെടുത്തീട്ടുണ്ടു്. ക്രി. പി. ൧൩൬൯ മുതൽ ൧൬൪൪ വരെയുള്ള വർഷങ്ങളിൽ ദേശിങ്ങനാട്, വേണാട് ഈ രാജ്യങ്ങളിലെ രാജാക്കന്മാരുടെ ശിലാശാസനങ്ങൾ ഈ ജില്ലയിൽപെട്ട ആതന്തൂർ, മന്നാർകോയിൽ, ആഴ്വാർതിരുനഗരി, കരിചൂഴ്ന്തമംഗലം, തിരുക്കുറുങ്കുടി, അമ്പാസമുദ്രം, തിരുപ്പുവനം, തിരുപ്പുടൈമരുതൂർ, പള്ളക്കാൽ, ഹരികേശവനല്ലൂർ, മേലേച്ചെവ്വൽ, ബ്രഹ്മദേശം, മന്നാർമങ്ഗലം, അത്താഴനല്ലൂർ, കള്ളക്കാട്,

Digitized By Kerala Sahitya Akademi

നാങ്കുണേരി മുതലായ പ്രദേശങ്ങളിൽ സുലഭങ്ങളാണ്. ഈ ശാസനകത്താക്കന്മാരിൽ അഞ്ചുപേർ ക്രി. പി. പതിനാറാം ശതകത്തിന്റെ പൂൎവാർദ്ധത്തിൽ ജീവിച്ചിരുന്നു. വീരഉദയമാൎത്താണ്ഡവൎമ്മാവ്, രവിവൎമ്മാവ്, വീരകേരളവൎമ്മാവ്, രാമവൎമ്മാവ്, മാൎത്താണ്ഡവൎമ്മാവ് ഈ നാമധേയങ്ങളാണ് അവർ ധരിച്ചിരുന്നതു്. അവരിൽ ചിലർ 'ശങ്കരനാരായണ' 'വെൻറുമൺകൊണ്ട' (യുദ്ധത്തിൽ ജയംനേടി രാജ്യം പിടിച്ചടക്കിയ), 'ഭൂതലവീര' ഈ ബിരുദങ്ങളാൽ അലംകൃതരായിരുന്നു. ഇവരിൽ വീരഉദയമാൎത്താണ്ഡവൎമ്മാവിന്റെ അനുജനായ രാമവൎമ്മാവിനെപ്പററിയാകുന്നു നമുക്ക് ഇവിടെ സ്വല്പം പ്രസ്താവിക്കുവാനുള്ളതു്. ജ്യേഷ്ഠന്റെ രാജ്യഭാരത്തിൽ അനുജനും ഭാഗഭാക്കായിരുന്നു. അദ്ദേഹത്തിന്റെ ശിലാശാസനങ്ങൾ ക്രി. പി. ൧൫൦൭ മുതൽ ൧൫൪൬ വരെയുള്ള വൎഷങ്ങളിൽ കാണ്മാനുണ്ട്. ൧൫൪൪-ൽ അമ്പാസമുദ്രത്തിലെ കാശീശ്വരക്ഷേത്രത്തിൽ ശ്രീബലിക്കുവേണ്ടിയും ൧൫൪൫-ൽ കീഴ്വേമ്പനാട്ടിൽ (കിഴക്കെ പാണ്ഡ്യരാജ്യത്തിൽ) കരവീരമഠം എന്നൊരു മഠത്തിൽ അദ്ധ്യാപകനായിരുന്ന ആനന്ദകൃത്തമുതലിയാരുടെ സംരക്ഷണത്തിനു വേണ്ടിയും ഭൂമിദാനം ചെയ്തതും, ഏകദേശം അക്കാലത്തുതന്നെ ഏവ്വാടിക്ഷേത്രത്തിൽ ചെമ്പകരാമൻചന്തി എന്നൊരു പൂജ ഏർപ്പെടുത്തിയതും അദ്ദേഹമായിരുന്നു. അദ്ദേഹത്തിന്റെ ഇതരശാസനങ്ങൾ പള്ളിക്കാൽ, കരിചൂഴ്ന്തമങ്ഗലം, തെങ്കാശി, നാങ്കുണേരി, മേലേച്ചെവ്വൽ, തിരുനെൽവേലി, ഈ സ്ഥലങ്ങളിലും കാണുന്നുണ്ട്. വീരഉദയമാൎത്താണ്ഡവൎമ്മമഹാരാജാവു വിജയനഗരസാമ്രാജ്യത്തിന്റെ പരമശത്രുവായ ചെല്ലപ്പൻ എന്ന നാമാന്തരത്തോടുകൂടിയ വീരനരസിംഹന് അഭയപ്രദാനം ചെയ്യുകനിമിത്തം അച്യുതരായരുടെ തീവ്രമായ കോപത്തിനു പാത്രീഭവിക്കുകയും, താമ്രവൎണ്ണീതീരത്തിൽ വെച്ചു നടന്ന യുദ്ധത്തിൽ പരാജിതനായെങ്കിലും ശ്രീപത്മനാഭന്റെ രാജ്യം സ്വാധീനമാക്കുവാൻ ഭയപ്പെട്ട രായരുടെ പ്രീതിക്കു് ഒടുവിൽ ഭാജനമായ് വീണ്ടും സ്വസ്ഥാനത്തിൽ പ്രതിഷ്ഠാപിതനാകുകയും ചെയ്തതായ് രാജനാഥകവിയുടെ അച്യുതരായാഭ്യുദയം എന്ന മഹാകാവ്യം ഘോഷിക്കുന്നു. അച്യുതന്റെ സേനാപതി അനന്തശയനനായ ഭഗവാനെ വന്ദിക്കുവാൻ തിരുവനന്തപുരത്തു വന്നതായും രാജനാഥൻ,

"ശയനേ ശയാനമുദധിം സമയാ
പദസൌരഭോമ്മിപരിണാഹവതി

Digitized By Kerala Sahitya Akademi

അഥ നന്തുമച്യുതമഗാദവനേ-
രധിഭ്രരനന്തശയനാഭിമുഖം."

എന്ന പദ്യത്തിൽ വൎണ്ണിക്കുന്നുണ്ടു്.

വിജയനഗരസമ്രാട്ടിന്റെ ഈ ആക്രമണം ൧൫൩൧ ഇടയ്ക്കാണു്. അച്യുതരായർ ൧൫൪൨-ൽ മരിക്കുകയും ഉദയമാൎത്താണ്ഡവൎമ്മാവും രാമവൎമ്മാവും അന്നുമുതൽ സമ്രാട്ടിനു വേണാട്ടിലും കൊല്ലത്തിലും ഉള്ള മേൽക്കോയ്മ അനുസരിക്കാതിരിക്കയും ചെയ്തു. അതു നിമിത്തം ക്രി. പി. ൧൫൪൪-ാമാണ്ടിടയ്ക്കു വിജയനഗരത്തിന്റെ അന്നത്തെ രക്ഷാപുരുഷനായ വിട്ഠലദേവമഹാരാജാവും അദ്ദേഹത്തിന്റെ അനുജൻ ചിന്നതിമ്മയ്യദേവമഹാരാജാവുംകൂടി ഒരു വലിയ സൈന്യത്തെ വേണാട്ടിലേക്കു നയിക്കുകയും തൽഫലമായു് രാമവൎമ്മാവു വിജയനഗരത്തിനു കീഴടങ്ങി ക്രി. പി ൧൫൪൭-ൽ ശുചീന്ദ്രത്തു വിഷ്ണുക്ഷേത്രത്തിൽ വിട്ഠലന്റെ ജന്മനക്ഷത്രം സംബന്ധിച്ചു ചില വഴിപാടുകൾ നടത്തുവാൻ വേണ്ട ഏൎപ്പാടുകൾ ചെയ്യുകയും തിമ്മയ്യന്റെ സ്ഥാനാപതിയായ ശിങ്കരയ്യനു കരിചൂഴ്ന്തമങ്ഗലത്തിനു സമീപമുള്ള കലശേഖരമങ്ഗലമെന്ന ഗ്രാമം ദാനംചെയ്യുകയും ചെയ്തു. ഈ രാമവൎമ്മമഹാരാജാവിന്റെ ആശ്രിതനായിരുന്ന സുഭഗസന്ദേശകാരനായ നാരായണൻനമ്പൂരി എന്നത്രേ ഞാൻ അനുമാനിക്കുന്നതു്. അങ്ങനെയാകുമ്പോൾ സുഭഗസന്ദേശത്തിന്റെ ആവിൎഭാവം ക്രി. പി. പതിനാറാംശതകത്തിന്റെ മധ്യകാലത്താണെന്നു വന്നുകൂടുന്നു. തൃശ്ശിവപേരൂർ അന്നു സാമൂതിരിപ്പാട്ടിലെ അധീനതയിലായിരുന്നു എന്നു കവി അന്യത്ര പ്രസ്താവിക്കുന്നതിനാൽ കൊച്ചിരാജാവിന്റെ അധികാരത്തിൽ ആ പട്ടണം അടങ്ങിയിരുന്ന ക്രി. പി. ൧൫൬൦ വരെ പ്രസ്തുത കാവ്യോൽപത്തിക്കു പ്രസക്തി കാണുന്നില്ല.

കന്യാകുമാരീശ്വരിയെ വന്ദിച്ചുകൊണ്ടിരുന്ന അവസരത്തിലാണു് താൻ സ്നാതകബ്രാഹ്മണനെ കണ്ടതു് എന്നു്, -

"തസ്മിൻ സീതാസഹചരപദന്യാസപൂതോപകണ്ഠേ
താളീകേളീതരളപവനേ സന്തതം ധൂയമാനഃ
വന്ദ്യാമഗ്രേ വലരിപുശിലാസുന്ദരീം വന്ദമാനഃ
കന്യാം ദേവീം, കമപി സുഭഗം സ്നാതകം സന്ദദൎശ."

എന്ന പദ്യത്തിൽ കവി നമ്മെ അറിയിക്കുന്നു.

താളീ (കരിമ്പന) കേളിയിൽ തരളമായ കാറ്റോടുകൂടിയതാകുന്നു കന്യാകുമാരി എന്നു പറയേണ്ടതില്ലല്ലോ. സീതാസഹചരപദന്യാസ

Digitized By Kerala Sahitya Akademi

ത്താൽ പവിത്രമായ രാമേശ്വരം കന്യാകുമാരിയുടെ സമീപത്തിലാണെന്നു കവി ഉപന്യസിക്കുന്നതിൽ അല്പം അതിശയോക്തിസ്പർശമുണ്ട്. ആ സ്ഥലത്തിനു സമീപം (ശ്രീമൂലപുരത്തോ മററോ) അക്കാലത്തും കപ്പലുകൾ വന്നടുത്തിരുന്നു. തെങ്ങ്, മുളകുകൊടി, കവുങ്ങ്, വെററില, വാഴ ഇവയും പരിസരപ്രദേശങ്ങളിൽ കൃഷിചെയ്യപ്പെട്ടിരുന്നു.

"നത്വാ ദേവീം നരകജയിനസ്സോദരീം പശ്യ സിന്ധോ-
ർവേലാം നീലൈർമ്മരിചനിചയൈരുല്ലസന്നാളികേരീം
ആദായാർത്ഥാനധികബഹുളാനന്യദേശ്യാനപേതൈഃ
പോതൈഃ സ്ഫീതൈർഭവദഭിമതം സാധു സംസൂചയന്തീം."

"പൂർണ്ണഗ്രീവാൻ സ്ഫുടിതകഫളീപുഷ്പധൂളീസുഗന്ധീൻ
പൂഗീപൂഗാനപി ഫണിലതാപല്ലവാളീനിചോളാൻ
താലാരാമാൻ സരസകദളീകന്ദളീഗന്ധഗർഭാൻ
തസ്യാം പശ്യൻ പ്രശമയ സഖേ! ദൃഷ്ടികൌതൂഹലാനി".

ഈ പദ്യങ്ങളിൽനിന്നു മേൽവിവരിച്ച സംഗതികൾ മനസ്സിലാകും. അവിടെനിന്നു കവി സ്നാതകനെ ഇടയന്മാർ ധാരാളമായ് അധിവസിക്കുന്ന ഒരു ഗ്രാമത്തിലേക്ക് പോകുവാനുപദേശിക്കുന്നു. ഇതു പണ്ട് ഇടരായക്കുടി എന്ന പേരിൽ അറിയപ്പെട്ടുവന്ന ഇന്നത്തെ ഇടലാക്കുടിയോ, ആരുവാമൊഴിയോ ആയിരിക്കാം.

"പാരാദസ്മാല്ലവണജലധേഃ പ്രസ്ഥിതേനൊത്തരാശാം-
മാരാൽ പ്രാപ്യാ തദനു ഭവതാ കാചിദാഭീരപല്ലീ
തത്രോദ്ഗീതം സരസകലശീലോളനവ്യാപൃതാനാം
ലോലന്മുക്താലതമുഭയതഃ കമ്പമാനസ്തനീനാം
യസ്യാം വംശീനിനദമമൃതസ്യന്ദിനം വല്ലവീനാം
സ്മാരം സ്മാരം മനസി മഹസാ തസ്യ കിമ്മാനയേഥാഃ?
ശംഖാകല്പം ശതമഖമണിശ്യാമളം കോമളാംഗം
താളീപത്രശ്രവണയുഗളം തത്ര ഗോപീകദംബം
ദൃഷ്ട്വാ ദൃഷ്ട്യോസ്സുഖമനുഭവൻ മാസ്മഭൂരുൽസുകസ്ത്വം;
കസ്യാശാസ്യം ന ഭവതി നവം യൌവനം സുന്ദരീണാം?"

ഈ പദ്യങ്ങളിൽ നിന്നു കവിയുടെ വശ്യവചസ്ത്വം അനുമേയമാകുന്നു. പ്രായേണ വൈരൂപ്യഭാജനങ്ങളായ അവിടത്തെ വല്ലവസ്ത്രീകളെവിടെ? "ലോലന്മുക്താലതമുഭയതഃകമ്പമാനസ്തനീനാം" എന്ന്

Digitized By Kerala Sahitya Akademi

അദ്ദേഹം വർണ്ണിക്കുന്ന ശംഖാകല്പവും ശതമഖമണിശ്യാമളവുമായ കോമളാങ്ഗം എവിടെ? സ്ഥാദൈകമയിയായ ഭാരതീദേവിയുടെ അനുഗ്രഹത്താൽ അരമ്യമായ ഒരു വസ്തുവിനെ എത്രമാത്രം രമ്യമാക്കി കവി സഹൃദയന്മാരുടെ സന്നിധിയിൽ ആവിഷ്കരിക്കുന്നു !

അവിടം കഴിഞ്ഞാൽ കുടിക്കുവാൻ വെള്ളം കിട്ടാത്ത സ്ഥലങ്ങളിൽക്കൂടിയാണ് സഞ്ചരിക്കേണ്ടതെന്നും അതിനാൽ ("പാകപാണ്ഡൂൻ പലാണ്ഡൂൻ") വിളഞ്ഞ ഏതാനും ഉള്ളിക്കുടി സംഭരിച്ചുകൊള്ളണമെന്നും ("ത്യാജ്യസ്ത്രീഘ്ര്യം പഥി പണകുടീത്യൂഷരോ നീചദേശഃ") ഊഷരഭൂമിയും നീചന്മാർ അധിവസിക്കുന്നതുമായ പണകുടി എന്ന ഗ്രാമത്തിൽ താമസിക്കരുതെന്നും നമ്പൂരി സുഭഗനോടു പറയുന്നു. ഹനുമാൻ ലങ്കയ്ക്കു ചാടുവാൻ കയറിയ മഹേന്ദ്രഗിരി വഴിക്കു സമീപമാകയാൽ അതിനേയും സ്മരിക്കുന്നു.

പിന്നെ തൻെറ സ്വാമി താമസിക്കുന്ന തിരുക്കുറുങ്കുടിയിൽ ചെന്നെത്തി അവിടത്തെ ദേവതയായ മഹാവിഷ്ണുവിനെ ഭജിക്കുവാനാണ് കവി സ്നാതകനോട്ട് അപേക്ഷിക്കുന്നതു്.

"ഏലാവല്ലീകലിതകദളീപേലവസ്സർശശീതാൻ
വാതാൻ കുംഭീസുതകലവധൂകുന്തളീഗന്ധചോരാൻ
ആലിങ്ഗ്യാസ്മിൻ കമലഭവനാകേളികല്യാണരങ്ഗം
യായാ,യായാവര! വസുമതീമങ്ഗലം ശ്രീകുരങ്ഗം.
തസ്മിൻ ക്ഷേത്രേ ജയഹരിമഹീപാലസാമ്രാജ്യലക്ഷ്മീം
ലക്ഷ്മീലീലാമരകതഗിരിം വിശ്വവിശ്രാന്തിദാത്രീം
കല്യാണാനാമുദയവസതിം കാമദോഗ്ധ്രീം നതാനാം
കാഞ്ചിന്മൂർത്തിം ഭജ കലിമലാദ്വൈതചാർവാകവാണീം.
അത്രാസേവ്യതി ത്രിഭുവനഗുരുർവേദപാരായണാത്ഥീ
പ്രസ്ഥാനോൽകേ ത്വയി യദി വദേൽ സ്വാച്ഛ്കാനാം മുഖേന
ലബ്ധാനുജ്ഞോ നിശി നിപുണധീസ്ത്വേനകേനാപി യായാഃ;
ശക്യാശക്യസ്മരണവിമുഖം ശാസനം ഹിപ്രഭൂണാം."

'ശ്രീകുരങ്ഗപുരം' എന്നാകുന്നു തിരുക്കുറുങ്കുടിയുടെ സംസ്കൃതീകൃതമായുള്ള നാമധേയം. "ശ്രീകുരങ്ഗപ്രോദ്യദ്ധാമ്നോമുരാരേഃ" എന്നു ജയസിംഹ (കൊല്ലത്തെ രാജാവു്) വംശ്യനായ ആദിത്യവർമ്മ മഹാരാജാവിൻെറ വകയായ് ആ ക്ഷേത്രത്തിലുള്ള ഒരു ഖണ്ഡാശാസനത്തിൽ

Digitized By Kerala Sahitya Akademi

മഹാവിഷ്ണുവിനെ വർണ്ണിച്ചുകാണുന്നുണ്ട്. ആ മൂർത്തിയെ ജയഹരി (ജയസിംഹ) മഹീപാലസാമ്രാജ്യലക്ഷ്മിയായ് നമ്പൂരി ഉല്ലേഖനം ചെയ്തിരിക്കുന്നതു പ്രത്യേകിച്ചു സ്മരണീയമാണ്. തിരുക്കുറുങ്കുടിയിൽ 'തൃപ്പാൽക്കടൽസ്വാമി' എന്ന പേരിൽ മറെറാരു വൈഷ്ണവവിഗ്രഹമുണ്ട്. ആ വിഗ്രഹത്തേയും നമസ്കരിക്കണമെന്ന് കവി "നത്വാ ദേവം ഹരിമഥപയസ്സിന്ധു (തൃപ്പാൽക്കടൽ) വേലാതമാലം" ഇത്യാദി പദ്യത്തിൽ സൂചിപ്പിക്കുന്നു.

അതിൽപിന്നീടു നമ്പൂരി സുഭഗനോട് അപേക്ഷിക്കുന്നതു ദൂരസ്ഥമായ ആഴ്‌വാർതിരുനഗരി സന്ദർശിക്കുവാനാണ്. നമ്മാഴ്‌വാർ എന്ന പരമഭാഗവതൻെറ ജനനസ്ഥലമായ ഈ ഗ്രാമം തിരുനെൽവേലി പട്ടണത്തിനു കിഴക്കാണ് സ്ഥിതിചെയ്യുന്നതു്. നമ്മാഴ്‌വാരുടെ മാതാവായ ഉടയനായകി (സംസ്കൃതത്തിൽ നാഥനായിക) എന്ന വെള്ളാളസ്ത്രീയുടെ ജന്മഭൂമി തിരുവിതാംകൂറിൽ തോവാളത്താലൂക്കിൽപെട്ട തിരുപ്പതിസാരം (തിരുവെൺപരിചാരം എന്നു ശ്രീവൈഷ്ണവഗ്രന്ഥങ്ങളിൽ) ആകുന്നു. നാലായിരപ്രബന്ധമെന്ന സുപ്രസിദ്ധമായ ദ്രാവിഡസ്തോത്രരത്നാകരത്തിലെ ഥവൻനൂ പാട്ടു (തമിഴിൽ പാട്ടൽ) കളുടേയും പ്രണേതാവു നമ്മാഴ്‌വാരത്രേ. ആ പാട്ടുകൾക്കു തിരുവായ്മൊഴി എന്നാണ് പേർ പറയുന്നതു്. താമ്രവർണ്ണിയുടെ കരയിലാണ് ആഴ്‌വാർതിരുനഗരി. ആ നദിയുടെ താൽക്കാലികാവസ്ഥ കവി വർണ്ണിച്ചിരിക്കുന്നതിൽനിന്നു വേനൽക്കാലത്തായിരുന്നു അദ്ദേഹത്തിൻെറ സന്ദേശമെന്ന് അനുമാനിക്കാം.

"തൽപശ്യന്താൽ കഥമപി ഗതസ്താളികാരാക്ഷസീനാം
മദ്ധ്യേ മാദ്യൽപതഗവിരുതൈർദൂരദുർഭാഷിണീനാം
ബാഷ്പസ്രോതോവഹകൃശതനും ദ്രക്ഷ്യസി പ്രാവൃതാങ്ഗീം
പാതൈർമശ്ചൂർണ്ണൈഃ പഥി ജനകജാസന്നിഭാം താമ്രവർണ്ണീം."

ഈ ശ്ലോകത്തിൽ കവി താമ്രവർണ്ണിയെ അശോകവനികയിൽപെട്ട ജാനകിക്കു തുല്യയാക്കി വർണ്ണിക്കുന്നു. മദിക്കുന്ന പക്ഷികളുടെ ശബ്ദങ്ങളെക്കൊണ്ടു് ദൂരദുർഭാഷിണികളായ താളികാ (കരിമ്പന) രാക്ഷസികളെ ഇന്നും ആ വഴിയിൽ കാണാം. എത്ര ഉജ്ജ്വലമായ ഉല്ലേഖം! അനന്തരമാണ് നമ്മാഴ്‌വാരെ വന്ദിക്കണമെന്നു കവി സന്ദേശഹരനെ ഉപദേശിക്കുന്നതു്.

"തസ്യാസ്തീരേ വകുളമുകുളാകല്പമാകസ്മികീനാം
വാചാമർത്ഥം ദ്രമിളഭവയാ ഭാഷയാ സ്പഷ്ടയന്തം

Digitized By Kerala Sahitya Akademi

പ്രാഞ്ചം ചിഞ്ചാതരുമുപഗതം പ്രാഞ്ജലിഃ പ്രാങ്മുഖസ്സ്വം
ശാന്താത്മാനം പ്രണമ ശഠകോപാഭിധാനം മുനീന്ദ്രം."

നമ്മാഴ്‌വാരാകുന്നു സംസ്കൃതത്തിൽ ശഠകോപൻ എന്ന ബിരുദ നാമത്താൽ അറിയപ്പെടുന്നതു്. അദ്ദേഹത്തെ അവിടെ പ്രതിഷ്ഠിച്ചിട്ടുള്ളതു ചിഞ്ചാ (പുളി) വൃക്ഷത്തിൻെറ ചുവട്ടിൽ വകുളാഭരണനായ് ദ്രവിഡവേദമാകുന്ന തിരുവായ്മൊഴി ഉപദേശിക്കുന്ന രൂപത്തിലാണ്. ആ രൂപത്തെത്തന്നെയാകുന്നു കവിയും സ്മരിക്കുന്നതു്. "ശഠകോപമുനിം വന്ദേ ശഠാനാം ബുദ്ധിദൂഷകം" എന്നു് അവസാനിക്കുന്ന പദ്യം ലീലാതിലകകാരൻ ഉദ്ധരിക്കുന്നതു് ഈ സന്ദർഭത്തിൽ നാം ഓർമ്മിക്കേണ്ടതാകുന്നു.

മാറവർമ്മൻ അഥവാ ത്രിഭുവനചക്രവർത്തി കുലശേഖരദേവൻ എന്ന ഒരു കായംകുളം രാജാവു കുരുകയൂർ എന്നുകൂടി പേരുള്ള ഈ പുണ്യസ്ഥലത്തിൽ അരുളാളദാസമഠം എന്നൊരു മഠം സ്ഥാപിക്കുകയും, അതിൻെറ നിലനില്പിനായ് പാണ്ടിയിലുള്ള ചെങ്കുളം, നെടുങ്കുളം ഈ രണ്ടു ഗ്രാമങ്ങൾ ദാനം ചെയ്യുകയും ചെയ്തതായ് ഒരു ശിലാശാസനത്തിൽ നിന്നു വ്യക്തമാകുന്നു.

ആഴ്‌വാർതിരുനഗരിവിട്ടു താമ്രവർണ്ണി വീണ്ടും തരണം ചെയ്യുവാൻ കവി സ്നാതകനോടു് ഉപദേശിക്കുന്നു.

"താമുത്തീർണ്ണാം കലശജനുഷഃ കുണ്ഡകല്യാണലക്ഷ്മീം
പാടീരാദ്രേർദ്ദുഹിതരമിളാമണ്ഡലീഹാരമാലാം
ആഖ്യാം രത്നാകര ഇതി ഗുണൈരംബുധേസ്സാധയന്തീ-
മധ്വശ്രാന്തിപ്രശമനകരീമത്ഥസിദ്ധ്യൈ തരേസ്ത്വം."

താമ്രവർണ്ണി അഗസ്ത്യമഹർഷിയുടെ ഹോമകുണ്ഡത്തിൽനിന്നു് ഉദിതയും, മലയപർവ്വതത്തിൻെറ പുത്രിയും അതിൻെറ സംഗമസ്ഥാനമാകുന്ന തൂത്തുക്കുടിക്കു സമീപം മാത്രം മുത്തുകൾ വിളയുന്നതിനാൽ സമുദ്രത്തിനു രത്നാകരമെന്ന നാമധേയം സിദ്ധിക്കുവാൻ കാരണഭൂതയുമാണെന്നു പറയേണ്ടതില്ലല്ലോ. താമ്രവർണ്ണിയുടെ പ്രധാനപോഷകനദിയുടെ പേർ മണിമുക്താനദി എന്നാണ്.

അവിടെനിന്നു കവി സ്നാതകൻെറ ഗതി നിർദ്ദേശിക്കുന്നതു പടിഞ്ഞാറോട്ടാകുന്നു. ആ പ്രദേശത്തിനു് അലങ്കാരമായ് പരിലസിക്കുന്ന അഗസ്ത്യമഹർഷിയുടെ പർണ്ണശാലയെ വന്ദിക്കുവാൻ അദ്ദേഹം താഴെ കാണുന്ന പദ്യത്തിൽ ആദ്യമായ് ആവശ്യപ്പെടുന്നു.



Digitized By Kerala Sahitya Akademi

"തത്രോദഞ്ചത്തരുണകദളീശീതളാം കംഭയോനേ-
സ്സഹ്യക്ഷോണീധരജലരുഹഃ കർണ്ണികാം പർണ്ണശാലാം
പശ്യന്നൂർദ്ധ്വം പ്രണമ ശിരസാ പശ്ചിമാശാമുഖസ്സൻ;
പൂജാ പൂജാവിഷയരചിതാ ഭൂയസേ ശ്രേയസേ സ്യാൽ".

ആഴ്‌വാർതിരുനഗരിമുതൽ തെങ്കാശിവരെയുള്ള പാത പക്ഷികരം ശ്രവണപരുഷമായി ശബ്ദിക്കുന്നതും ('ശ്രുതികടുരടദ്വിഷ്കിരം') കള്ളന്മാരുടെ കളിത്തട്ടും ('തസ്കരാണാം ക്രീഡാരങ്ഗം') മുള്ളുള്ള വൃക്ഷങ്ങളുടെ കലഗൃഹവും ('കലനിലയനം കണ്ടകോർവ്വീരുഹാണാം') ആണെന്നു വർണ്ണിക്കുന്നതു പരമാർത്ഥമാണ്. കുറെ ദൂരം സഞ്ചരിച്ചു കഴിഞ്ഞാൽ തീർത്ഥയോഗംകൊണ്ടു പവിത്രയായ ചിത്രാനദിയെ സന്ദേശഹരനു സന്ദർശിക്കുവാൻ ഇടവരുമെന്നു പറയുന്നു. കുററാലത്തു വീഴുന്ന അരുവിയാണ് ചിത്രാനദി. അതിനെ കവി ഇങ്ങനെ പ്രശംസിക്കുന്നു.

"പാണ്ഡ്യസ്ത്രീണാം പൃഥുകുചതടാസ്ഫാലനാൽ ജർജ്ജരോർമ്മിഃ
പശ്യന്നേലാവിപിനപവനൈർമ്മന്ദമാന്ദോള്യമാനാ
സിന്ധുസ്സാന്ധ്യപ്രണതിവിധയേ ഗാഹമാനം തദാനീം
സീരോൽകർഷാൽ സുരഭിലതടീമേദിനീ മോദയേത്ത്വാം."

തെങ്കാശിയേയും അവിടത്തെ മൂർത്തിയായ ശ്രീപരമേശ്വരനേയും കവി അനന്തരം

"തസ്യാസ്തീരേ ദ്വിജവര, പുരീ ദക്ഷിണാ നാമ കാശീ;
സാന്ദ്രൈഃ പൂർണ്ണാ സകലവിഭവൈഃ; സാരഭൂതാ പൃഥിവ്യാഃ;
നിത്യാവാസാന്നവശശിഭൃതോ നീലപങ്കാപി രമ്യാ;
യത്ര ജ്യോത്സ്നാധവളിതമുഖീ യാമിനീ കാമിനീവ."

"മത്സ്യക്രീഡാമുഖരിതശിരശ്ശേഖരസ്തത്ര വന്ദ്യഃ
ശബ്ദവ്യാഖ്യാചതുരവലയഃ കശ്ചിദാശ്ചര്യയോഗീ
സ്വാഹാദേവീസുചരിതഫലം സ്വർഗ്ഗിമൂർദ്ധാങ്ഘ്രിധൂർയ്യം
കുർവ്വൻ ജ്യോതിർദ്ദശി കുചതടീകുന്തളാങ്കാർദ്ധഭാഗഃ."

എന്ന പദ്യങ്ങളിൽ വർണ്ണിക്കുന്നു. "മത്സ്യക്രീഡാ" ഇത്യാദി പദങ്ങളുടെ സ്വാരസ്യം ആലോചനാമൃതമാണ്. സാന്ദ്രങ്ങളായ സകലവിഭവങ്ങളെക്കൊണ്ടും തെങ്കാശിപ്പട്ടണം അക്കാലത്തുതന്നെ പൂർണ്ണമായിരുന്നു. പാണ്ഡ്യസ്ത്രീകളുടെ സൌന്ദര്യത്തെ കവി താഴെ കാണുന്ന വിധത്തിൽ പ്രകാശിപ്പിക്കുന്നു.

Digitized By Kerala Sahitya Akademi

"താസാമഗ്രേ തരുണിമസുധാപൂർണ്ണമാണാകൃതീനാം
ധൈര്യാലംബീ കഥമപി സഖേ,താം ത്രിയാമാമതീയാഃ;
പൂളീപാശം ശ്രുചിവിഹസിതം ശുഭ്ഭാവഞ്ച പശ്യൻ
പ്രായോദാസ്യം മുനിരപി ഭജേൽ പാണ്ഡ്യസീമന്തിനീനാം."

ചിത്രാനദിയിൽ സ്നാനംചെയ്തു ചമ്പകാരണ്യത്തിൽ ചെന്നു ഭവാനിയെ ഭജിച്ചു രാമവർമ്മമഹാരാജാവിൻെറ കോശാധ്യക്ഷനായ യജ്ഞനാരായണയ്യരുടെ വിരുന്നും ഉണ്ടു് അവിടംവിടുവാൻ ആണു് പിന്നീടുള്ള നിർദ്ദേശം.

"ചിത്രാമൂലേ ശിവതമജലേ തത്ര മങ്ക്ത്വാ ഭവാനീം
ഭക്ത്യാ പശ്യേഃ കലിതവസതിം കാനനേ ചമ്പകാനാം;
നിഷ്ക്രാന്തസ്യ ദ്വിജവര, തതോ രാജകോശസ്യ ഗോപ്താ
യദ്ദ്വേദന്നം പഥി ബഹുഗുണം യജ്ഞനാരായണസ്തേ."

എന്ന പദ്യം നോക്കുക. കററാലത്തുമലയുടെ മുകളിലുള്ള ചമ്പകാദേവീക്ഷേത്രം ഇക്കാലത്തും പാവനമാണു്. അതിനു സമീപമായു് രാമവർമ്മമഹാരാജാവു് ദേശിങ്ങനാട്ടുരാജാക്കന്മാരുടെ ചുങ്കവും മററും പിരിക്കുന്നതിനു യജ്ഞനാരായണയ്യർ എന്നൊരു കോശാധ്യക്ഷനെ അക്കാലത്തു് നിയമിച്ചിരുന്നതായു് ഇതിൽനിന്നു വെളിവാകുന്നു. ക്രി. പി. പതിനാറാം ശതകത്തിൽ ദേശിങ്ങനാട്ടു രാജാക്കന്മാർ വേറെയും ചില റവന്യൂ ഉദ്യോഗസ്ഥന്മാരെ തിരുനെൽവേലിയിൽ നിയമിച്ചിരുന്നതായു് ശിലാശാസനങ്ങൾ വഴിയായു് നാം അറിയുന്നുണ്ടു്. ക്രി. പി. ൧൫൭൬-ൽ അത്തരത്തിൽ നിയമിതന്മാരായ ചിന്നൻപിള്ളയും മാത്തുപ്പണിക്കരും തങ്ങളുടെ ഉദാസീനതയാൽ വന്ന നൂററൻപതു കോട്ട നെല്ലിൻെറ നഷ്ടം മന്നാർകോയിൽ ക്ഷേത്രത്തിലേയ്ക്കു് കയ്യിൽനിന്നു കെട്ടിവെച്ചു പരിഹരിച്ചതായു് കാണുന്നു.

സ്നാതകനോടു കവി പിന്നീടു സന്ദർശിക്കുവാൻ ഉപദേശിക്കുന്ന പട്ടണം ആണ്ടാൾ എന്ന ഭഗവത്ഭക്തയുടെ ജന്മഭൂമിയായ ശ്രീവില്ലിപ്പുത്തൂരാണു്. ആണ്ടാൾക്കു സാഹിത്യത്തിൽ ഗോദയെന്നു പേരുണ്ടു്. ലക്ഷ്മീദേവിയുടെ അവതാരമായു് ഈ സ്ത്രീരത്നത്തെ ശ്രീവൈഷ്ണവന്മാർ ആരാധിക്കുന്നു.

"സാകം പാമൈർദ്ധസ്സരണിമപരാം മങ്ക്ഷു തീർത്ത്വാ പ്രദോഷേ
പാദാംഭോജം പ്രണമ മതിമൻ, ഭട്ടനാഥാത്മജായാഃ.
ഭർത്തുഃ കർത്തും പരിജനധുരം ഭക്തവർത്സലയേ യാ
മർത്ത്യാകാരാ മഹിതതുളസീഭാസിതാ പ്രാദുരാസീൽ.

Digitized By Kerala Sahitya Akademi

മുക്താ യസ്യാംശ്ചികുരസഹജാ മോദതോഭ്രന്മുരാരെ-
ര്ന്നൈവ ശ്ലാഘ്യാ നവപരിമളേനാങ്ഗ്ളതാ പുഷ്പമാലാ."

വിഷ്ണുചിത്തൻ എന്നും ഭട്ടനാഥൻ എന്നും നാമധേയത്തോടു കൂടിയ ശ്രീവില്ലിപ്പുത്തൂർ ക്ഷേത്രത്തിലെ അച്ഛകൻെറ പുത്രിയായിട്ടാണ് ആണ്ടാൾ ജനിച്ചതു്. ബാല്യംമുതൽക്കുതന്നെ ഭഗവാൻ വടപത്രശായി തന്നെ പരിഗ്രഹിക്കണമെന്നുള്ള ആശയോടുകൂടി ആ ഭക്ത തദനുസരണങ്ങളായ സൽകർമ്മങ്ങൾ അനുഷ്ഠിക്കുകയും, ഒരവസരത്തിൽ അവിടത്തേക്കു സന്തോഷമുണ്ടാകുമെന്നുകരുതി അച്ഛൻ അമ്പലത്തിൽ കൊണ്ടുചെന്നു ചാത്തുവാൻ ഒരുക്കിവെച്ചിരുന്ന പുഷ്പമാല ശിരസ്സിൽ ധരിക്കുകയും ചെയ്തു. അതറിഞ്ഞു ക്രുദ്ധനായ പിതാവു് അശുദ്ധമായ ആ മാല ദേവനു ചാത്തുകയുണ്ടായില്ല. അന്നു രാത്രി സ്വപ്നത്തിൽ മഹാവിഷ്ണു അദ്ദേഹത്തിനു ദർശനം നല്കുകയും ആണ്ടാളുടെ കേശസ്പർശംനിമിത്തം പ്രവൃദ്ധപരിമളമായ ആ അലങ്കാരം തനിക്കു ചാത്താഞ്ഞതിൽ താൻ പരിഭവിക്കുകയാണു് ചെയ്യുന്നതെന്നു അദ്ദേഹത്തെ ധരിപ്പിക്കുകയുംചെയ്തു. അന്നുമുതൽക്കു 'ചൂടിക്കൊടുത്ത നാച്ചിയാർ' എന്ന പേരിൽ ആ പരമഭാഗവതയെ ജനങ്ങൾ ആരാധിച്ചുതുടങ്ങി. സുപ്രസിദ്ധമായ ഈ ഐതിഹ്യത്തെയാകുന്നു "ഭർത്തുഃ കർത്തും" ഇത്യാദി പദ്യത്തിൽ കവി സൂചിപ്പിക്കുന്നതു്. ശ്രീവില്ലിപ്പുത്തൂരിലുള്ള അയ്യങ്കാരന്മാരെ കവി അധോലിഖിതമായ പദ്യത്തിൽ വർണ്ണിക്കുന്നു.

"ആലോകേഥാസ്തദനു ഹരിമൂർത്തികല്പിതോർദ്ധ്വത്രിപുണ്ഡ്രാൻ
പത്മാക്ഷസ്രഗ്ഘടിതമകുടാൻ പീതവസ്ത്രോത്തരീയാൻ
ഗോദാപാദാംബുജകൃതനതീൻ കേസരാകല്പവാചാം
ഘോഷൈരാശാവലയഭരിതം മൂർത്തതോ വിഷ്ണുദാസാൻ."

എത്രയും തന്മയത്വത്തോടുകൂടിയ ഒരു വർണ്ണനമാണു് ഇതു്. കേസരാകല്പൻ വകുളാഭരണനായ നമ്മാഴ്‌വാർതന്നെ.

അതിൽപിന്നീടു സ്നാതകൻ ഉത്തരമാർഗ്ഗമായ് പോയ് ദക്ഷിണമധുരയ്ക്കു് ഏഴു നാഴിക തെക്കുള്ള 'തിരുപ്പറക്കുൻറം' എന്ന സുബ്രഹ്മണ്യക്ഷേത്രം ദർശിക്കണമെന്നു കവി ഉപദേശിക്കുന്നു.

"തസ്മിൻ മൂർത്തിം പ്രതിഭടതമോവഞ്ചനീം ക്രൗഞ്ചഭേത്തു-
ർന്നീത്വാ നാകാവസഥപൃതനാപദ്മിനീഭാനുവേലാം
ഹസ്തിസ്തംഭപ്രണിഹിതമണിസ്തംഭചക്രേണ ധാമ്നാ
ഭർത്തുർഗൈരയ്യാഃ പ്രവിശ മധുരാം ദക്ഷിണാം ലക്ഷണീയാം."

Digitized By Kerala Sahitya Akademi

എന്ന പദ്യം നോക്കുക. മധുരയിൽ ഗൌരിയെ കൂടാതെ വൈകയാററിൻ കരയിലുള്ള ഭദ്രകാളിയേയും സന്ദേശഹരൻ വന്ദിക്കണമെന്നു കവിക്ക് അഭിസന്ധിയുണ്ട്. ഭദ്രകാളിയുടെ വർണ്ണനം താഴെ കാണുന്നവിധത്തിലാണ്.

"കൂലാവാസാം കുടിലനിശിതോദാരദംഷ്ട്രാം ഭജേഥാഃ
കാലാപായക്ഷുഭിതജലധിധ്വാനധീരാട്ടഹാസാം
ശൂലപ്രോതപ്രതിഭടഗളദ്രക്തപാനാതിമത്താം
ഫാലോന്മീലദ്ഭ്രുകുടിഗഹനാം ഭൈരവീമേകവീരാം."

അനന്തരം 'തിരുമാലിരുംചോലൈ', അഥവാ ഋഷഭഗിരി എന്ന സ്ഥലത്തുള്ള മഹാവിഷ്ണുവിനെയാണ് ഭജിക്കുവാനുള്ളത്.

"ഭൂയസ്തേഭ്യഃ പ്രണതിമൃഷഭക്ഷോണിഭൃന്മണ്ഡനേഭ്യഃ
പല്ലിംഗേഭ്യഃ പുരഹരജടാലാള്യമാനാംഘ്രിജേഭ്യഃ
പ്രാണേഭ്യസ്ത്വം ജലധിദുഹിതുർവിശ്വകുക്ഷിംഭരിഭ്യഃ
പത്മാക്ഷേഭ്യോ വിതനു വിനതാനന്ദനസ്യന്ദനേഭ്യഃ."

എന്ന പദ്യത്തിൽ കവി ആ ദേവനേയും വർണ്ണിക്കുന്നു. അതിൽ പിന്നീട് ദൂതൻ പോകേണ്ടതു ചോളദേശത്തിലേക്കാണ്. അവിടെ മാർഗ്ഗനിർദ്ദേശം ആരംഭിക്കുന്നത് ആ ദേശത്തിൻെറ ഉത്തരഭാഗത്തിലുള്ള ചിദംബരം മുതൽക്കാകുന്നു. ആ പുണ്യക്ഷേത്രത്തെ കവി സ്മരിക്കുന്നത്

"തസ്യാമഗ്രേ ഭുവനവിദിതസ്ഥാപനാശംഖഘോഷോ–
ദ്ഭൂയാന്മായാമയമൃഗകുലോച്ചാടനവ്യഗ്രഘോഷഃ
ശ്രുത്യോഃ പ്രീത്യൈ മുനിജനമനഃകേകിജീമൂതഘോഷോ
മന്ദ്രോന്മേഷസ്തവമണിസഭാനാഥമഞ്ജീരഘോഷഃ."

എന്ന പദ്യത്തിലാകുന്നു. അവിടെനിന്നു തെക്കോട്ടു പോന്നാൽ അനവധി തീർത്ഥങ്ങളോടുകൂടിയ കുംഭകോണത്ത് എത്താം.

"അഗ്രേ ഗീതം ശുകനിയമനസ്വിന്നശുംഭന്മുഖീനാം
ശ്രാവം ശ്രാവം ശ്രവണമധുരം ശാലിഗോപാംഗനാനാം
തീരാഗാരസ്ഥിതഹരിഹരം തീർത്ഥവര്യം ഭജേഥാഃ
കുംഭീപാകവ്യസനശമനം കുംഭകോണാഭിധാനം."

എന്ന പദ്യത്തിൽ കവി ഈ സ്ഥലത്തെ വർണ്ണിക്കുന്നു. അനന്തരം കാവേരി കടന്ന് അതിൻെറ തീരത്തുള്ള ശ്രീരംഗത്തും, ജംബുകേശ്വരത്തും (തിരുവാനൈക്കാവ്) സ്വാമിദർശനം ചെയ്യണമെന്ന് ഉൽബോധിപ്പിക്കുന്നു.

Digitized By Kerala Sahitya Akademi

"തസ്യാദ്ദൂരേ വ്രജ പഥി കവേരാദ്രിഭാഗോപഭോക്ത്രീം
സിന്ധോസ്സിംഹാസനവരവധൂം സൂതിശാലാം ശുഭാനാം
ചോളക്ഷോണീസുചരിതഫലാം സ്വച്ഛഭാവസ്യ നീവീം
സ്രോതോരൂപാം സ്രജമഥഭുവസ്സ്വന്ദീഗർഹന്ത്രീം.

തത്രാരാധ്യഃ ശ്രുതിശുകവധൂകേളികേദാരഭൂമി-
ർവ്വേധാ ധാതുസ്സകലജഗതാം വിശ്വനിക്ഷേപഭൂമിഃ
കൈവല്യേന്ദോരുദയശിഖരീ കല്മഷവ്യാധിവൈദ്യഃ
കാവേര്യ്യന്തഃപയസി ജഗതീമംഗലോ രംഗരാജഃ.

പാരേകാവേര്യ്യഥപട്ടതപസ്സ്വസ്ഥിതം പ്രസ്ഥിതസ്സൻ
പശ്യേഃ പശ്യന്നിടിലഫലകം പാർവ്വതീഭാഗധേയം
യസ്യാസങ്ങാദമൃതഗുളികാനിർമ്മലൈർജ്ജംബൂരാജഃ
പാകൈർലോകേ ഹസതി മഹതീം പാരിജാതസ്യ ലക്ഷ്മീം."

പിന്നീട്ട കൊങ്ങനാട്ട (കോയമ്പത്തൂർ) കടന്നു ('ഭുജപതേർദോർബലാദശ്രുതാം') പരശുരാമന്റെ ബാഹുബലത്തെ പ്രത്യക്ഷീകരിക്കുന്ന കേരളഭൂമിയിലേയ്ക്കു ചെല്ലുവാൻ കവി സുഭഗനോട് അപേക്ഷിക്കുന്നു. മാർഗ്ഗമദ്ധ്യത്തിൽ സഹ്യപർവ്വതം കുളിർകാററുകൊണ്ടും ശുദ്ധജലംകൊണ്ടും സ്വാദുക്കളായ ഫലങ്ങൾകൊണ്ടും പാന്ഥനെ ഉപചരിക്കുമെന്നു് അധോലിഖിതമായ പദ്യത്തിൽ കവി വർണ്ണിക്കുന്നു.

"ശീതാൻ വാതാൻ ശശിമണിശിലാസ്വച്ഛമംഭഃ ഫലാനാം
വ്രാതം സ്വാദും തദനു വിതരംസ്തുഭ്യമഭ്യാഗതായ
സ്വീയാം കുർവ്വൻ ജഗതി സഫലാം സഹ്യശൈലോ വിഭൂതിം;
പ്രായോ ദീനവ്യസനശമനം പ്രാഭവം ഹി പ്രഭൂണാം."

കേരളത്തിൽ കടന്നാൽ കേൾക്കുന്നതു സാമൂതിരിമഹാരാജാക്കന്മാരുടെ പ്രശസ്തിയാണു്.

"തീർത്ഥ്വാ സഹ്യേ ഭുജപതികറാരാധ്യമാർഗ്ഗം ക്ഷണേന
പ്രാപ്തോ ഭാഗാൻ മുഖരനളിനീവാരളാൻ കേരളാനാം
ഗീതം ക്രീഡാവിധിഷു സുദൃശാം പങ്ക്തിഭിഃ പദ്മിനീനാം
പാരേ പാരേ നിശമയ യശഃ പർവ്വതാബ്ധീശ്വരാണാം."

തന്റെ പ്രാണപ്രിയ അധിവസിക്കുന്ന വൃഷപുരി (തൃശ്ശിവപേരൂർ) യിൽ ചെന്നു ചേരുവാൻ കവി ഒടുവിൽ സ്നാതകബ്രാഹ്മണനോടു പ്രാർത്ഥിക്കുന്നു.

Digitized By Kerala Sahitya Akademi

"തേഷാം മദ്ധ്യേ ത്രിപുരജയിനോ നിത്യസാന്നിദ്ധ്യയോഗാൽ
പ്രാപ്യാ പുണ്യാ തവ വൃഷപുരീ പ്രാണനാഥാസ്സദം മേ;
യാമുത്സങ്ഗേ കുസുമരജസാ ധൂസരാങ്ഗീം പ്രമോദാൽ
കേളീലോലാമിവ ദുഹിതരം കേരളോർവ്വീ ദധാതി."

ശ്രീപരമേശ്വരന്റെ നിത്യസാന്നിദ്ധ്യംകൊണ്ടു പരിശുദ്ധമായ ഒരു പ്രദേശമാകുന്നു തൃശ്ശിവപേരൂർ. പൂമ്പൊടികൊണ്ട് ധൂസരാങ്ഗിയായ ആ വൃഷപുരിയെ കേരളഭൂമി കേളിലോലയായ തന്റെ പെൺകിടാവിനെ എന്നപോലെ മടിയിൽവെച്ചു ലാളിക്കുന്നു എന്നത്രേ ഗ്രന്ഥകാരന്റെ മനോമോഹനമായ ഉല്ലേഖം.

ഉത്തരസന്ദേശത്തിൽ തൃശ്ശിവപേരൂർ പട്ടണത്തിന്റെ സമഗ്രമായ ഒരു വിവരണം അടങ്ങീട്ടുണ്ടെങ്കിലും ചരിത്രസംബന്ധമായ് യാതൊരു ജ്ഞാനശകലവും നമുക്ക് അതിൽനിന്നു ലഭിക്കുന്നില്ല. നായികയുടെ നാമധേയം പോലും കവി 'മാനവീമേനക' എന്ന ഉപ്പൂരുപത്തിലാണ് നിർദ്ദേശിക്കുന്നതു്. ഇത്തരത്തിൽ നായികമാക്കു പേരിടുന്നതിലുള്ള അഭംഗിയേയും അനൗചിത്യത്തേയുംപററി ലീലാതിലകകാരൻ കർക്കശമായ് വിമർശിച്ചിട്ടുണ്ട്. പ്രസ്തുതഭാഗത്തിൽനിന്നു ചില ശ്ലോകങ്ങൾ താഴെ ഉദ്ധരിച്ചുകൊള്ളുന്നു.

"വാപ്യാം വാപ്യാം ശശിമണിശിലാനിർമ്മിതം യത്ര തോയം;
തോയേ തോയേ തുലിതയുവതീവക്ത്രമാഭാതി പദ്മം;
പദ്മേ പദ്മേ പരിമളരസോന്മേഷസങ്ഗം ച ഭൃങ്ഗം;
ഭൃങ്ഗേ ഭൃങ്ഗേ പ്രതിനവസുധാരീതയോ ഗീതിഭേദാഃ;

സന്ധ്യായന്തേ സരസിജദൃശാം പക്വബിംബോഷ്ഠഭാസ-
സ്താരായന്തേ സ്തനതടജുഷോനിസ്തുഷാ മൗക്തികാള്യഃ;
ചന്ദ്രായന്തേ കമലസുഷമാക്രന്തി വക്ത്രാണി യസ്യാം;
ജ്യോത്സ്നായന്തേ പ്രതിനവസുധാസ്യന്ദിനോ മന്ദഹാസാഃ.

x x x x x

ക്രീഡാശൈലേ കരകിസലയൈഃ കന്ദുകം താഡയിത്വാ
ക്രീഡന്തീനാം ഗളിതമഭിതഃ കൈശികം കാമിനീനാം
ആലോക്യാന്തർജ്ജനിതജലദാരംഭബോധാൽ പ്രയാതും
ദീനാ യസ്യാം ദധതി രഭസം ദീർഘികാരാജഹംസാഃ.

x x x x x

Digitized By Kerala Sahitya Akademi

പാകൽ്ച്ച്യോതം ഫണധരലതാപത്രമാദായ ഫണ്യോഃ
പ്രാപ്തം നൃത്തശ്രമശിഥിലയാ ഗാത്രയഷ്ട്യാ പ്രതോളീം
ക്വണൽപാദാഭരണരശനം കുഞ്ചിതസ്നിഗ്ദ്ധകേശം
ശ്ലാഘ്യം യസ്യാം ചലയതി മനശ്ചക്രവാളം നടീനാം.

x x x x x

തത്രോദഞ്ചന്മണിഗണമഹശ്ശാരപര്യന്തദീപ്രം
ദൂരാദ്ദ്വാരോല്ലിഖിതകമലാഹസ്തിരത്നാഭിഷേകം
ആയുഷ്മന്തേ നയനയുഗളീപുണ്യപുഞ്ജസ്യ പുഷ്യാ-
ന്മൽപ്രേയസ്യാ മണിനിലയനം മാനവീമേനകായാഃ."

അനന്തരം സുഭഗൻ യഥാകാലം തന്നെയും തന്റെ സഖാവായ കവിയേയുംപററി താഴെ കാണുന്ന വിധത്തിൽ നിവേദനം ചെയ്യണമെന്നു പ്രസ്താവിക്കുന്നു.

"ഭർത്തുഃ സ്നിഗ്ദ്ധം തവ കുശലിനോ വിദ്ധി കല്യാണി, മിത്രം
പ്രീത്യാ ലാടക്ഷിതിസുരയശസ്സാധകം സ്നാതകം മാം;
മുഖ്യൈസ്തീർത്ഥൈർജ്ജഗതി വിഗതാശേഷകല്മാഷദോഷം
ധാത്ര്യാം സന്തഃ സുഭഗ ഇതി യം പ്രീതിമന്തോ വദന്തി.

ആസ്തേ താവത്തവ സഹചരസ്തന്വി, കന്യാകുമാര്യാ-
മാസ്ഥായുക്തസ്ത്വയി ഗുരുതരം പ്രാണഭാരം ബിഭർത്തി;
ബാഷ്പാസാരൈരധികബഹളൈർഗ്ഗോഷ്പദീകൃത്യ സിന്ധും
ദീർഘൈശ്ശ്വാസൈർന്നയതി ദിവസാൻ ബാലതാലീവനേഷു."

നായികയുടെ വർണ്ണനത്തിലും നായികയ്ക്കു നൽകുന്ന സന്ദേശവാക്യത്തിലും മററും രസനിഷ്യന്ദികളായ പദ്യങ്ങൾ ധാരാളമുണ്ട്. മാതൃക കാണിക്കുവാൻ അവയിൽ നാലഞ്ചെണ്ണം മാത്രം ഉദ്ധരിക്കാം:—

"തത്രാലോക്യാ നിജപരിജനസ്യാങ്കപര്യങ്കികായാം
ലീനാ ലൂനാ കമലകലികേവാതിദീനാ തദാനീം,
അല്പാകാരേ വിചലതി തൃണേ ന്യസ്തദൃഷ്ടിഃ പദവ്യാം
മൽപ്രാപ്ത്യാശാതരളിതമതിർമ്മാനുഷീവൈജയന്തീ".

സാ വാ നീവീ സരസിജഭുവസ്സൃഷ്ടിചാതുര്യ്യസീമ്നാം?
സാ വാ വാപീ മനസിജകൃതാ മന്മനോമജ്ജനായ?
സാ വാ ഭൂമിസ്സകലജഗതാം നേത്രസാഫല്യസിദ്ധേഃ?
സാ വാ ദേവീ ക്ഷിതിതലഗതാ മാനുഷീകൈതവേന?

Digitized By Kerala Sahitya Akademi

പീയൂഷസ്യ പ്രഥമവസതിം മന്ദഹാസേന്ദുസന്ധ്യാം
രാഗാംഭോധേർലഹരികലികാം യൗവനക്ഷോഭിതസ്യ
പ്രാണേശസ്യാഃ പ്രകൃതിസുഭഗാം പക്വബിംബോഷ്ഠലക്ഷ്മീം
ബ്രൂതേ ലോകോ മമ നിരുപമം പല്ലവം ഭാഗ്യവല്ല്യാഃ.

ജ്യോത്സ്നാലക്ഷ്മ്യാഃ പരിഭവപദം യൗവനം പാണ്ഡരിമ്ണോ
മല്ലീമിത്രം മനസിജയശോദിവ്യവല്ല്യാഃ പ്രസൂനം
മന്യേ വ്രീളാജനകമമൃതസ്യാശ്രയം മാധുരീണാം
മന്ദാരാണാം മദനിയമനം മന്ദഹാസം മൃഗാക്ഷ്യാഃ."

"നാഭീസിന്ധൗ മരകതശിലാസേതുബന്ധഃ കൃപാണീ
ചേതോയോനേഃ സ്തനഗിരിതടാന്നിസ്സൃതാ നീലനാഗീ
ശ്രോണീബിംബസ്മരമണിരഥേ ശക്രനീലധ്വജത്വം
യാതാ യസ്യാശ്ചലയതി ധൃതിം ശ്യാമളാ രോമരാജിഃ."

"വാമോവായുഃ സ്പൃശതി പരുഷം; വാമമംഭോനദീനാം;
വാമസ്സോമോവമതി ഗരളം; വാമവാചോന്യപുഷ്ടാഃ;
വാമാ ദൂരം മലയജതരോസ്സൗരഭീ; കിം പ്രലാപൈ-
ർവ്വാമാരംഭേ ഭഗവതി വിധൗ ഹന്ത വാമം ഹി സർവ്വം."

ഇത്തരത്തിലുള്ള സന്ദേശകാവ്യങ്ങൾ കേരളീയസാഹിത്യത്തിന് അഭിമാനകരമല്ലെന്നു ഏതു സഹൃദയൻ പറയും? ഇവയുടെ പ്രകാശനത്തിൽ മുദ്രാലയപ്രവൎത്തകന്മാരുടെ ശ്രദ്ധയെ നിപുണമായ് ക്ഷണിച്ചുകൊണ്ട് ഈ ഉപന്യാസത്തെ ഇവിടെ ഉപസംഹരിച്ചുകൊള്ളുന്നു.



Digitized By Kerala Sahitya Akademi

# ഭ്രമരസന്ദേശം.

സാഹിത്യരസികന്മാരായ കേരളീയർ പേരിനു പുറമേ വളരെ യൊന്നും കേട്ടിട്ടില്ലാത്തതും, എന്നാൽ അടുത്തു പരിചയപ്പെടുവാൻ അർഹവുമായ മറെറാരു സന്ദേശകാവ്യമാകുന്നു ഭ്രമരസന്ദേശം. ഇതിനെ ചില പഴയ ഗ്രന്ഥങ്ങളിൽ ഭൃംഗസന്ദേശമെന്നും അഭിധാനംചെയ്തു കാണുന്നുണ്ട്. ഈ കാവ്യത്തിൻെറ പ്രണേതാവ് 'വാസുദേവൻ' എന്ന ഒരു നമ്പൂതിരിയായിരുന്നു എന്നു ഗ്രന്ഥാന്തത്തിലുള്ളതും താഴെ ഉദ്ധരിക്കുന്നതുമായ ശ്ലോകത്തിൽനിന്നു വെളിവാകുന്നു.

"സന്ദേശേഽസ്മിൻ കഥമപി ഗുരുശ്രീപദാംഭോജയുഗ്മ-
ധ്യാനോദ്ധൂതപ്രബലതമസാ വാസുദേവേന ബദ്ധേ
പൂർണ്ണേ ദോഷൈരപി യദി ഗുണാനാം കണാഃ സമ്പ്രധേര-
ന്നേതാൻ പ്രീതാ മനസി പരിഗൃഹ്ണന്തു സന്തോ മഹാന്തഃ."

'ഗുരുചരണാരവിന്ദങ്ങളെ ഭജിക്കുക നിമിത്തം തൻെറ വലുതായ പാപം നീങ്ങിയ വാസുദേവൻ ഒരുവിധത്തിൽ നിബന്ധിച്ച ഈ സന്ദേശം ദോഷപൂർണ്ണമാണെങ്കിലും അതിൽ ഏതെങ്കിലും ഗുണകണങ്ങൾ ഉണ്ടെങ്കിൽ അവയെ മഹാന്മാരായ സത്തുക്കൾ പ്രീതിയോടുകൂടി സ്വീകരിക്കുമാറാകട്ടെ' എന്നു കവി പ്രാർത്ഥിക്കുന്നു.

വാസുദേവകവി സുഗൃഹീതനാമാവായ മേൽപുത്തൂർ നാരായണ ഭട്ടതിരിയുടേയും അദ്ദേഹത്തിൻെറ ഗുരു തൃക്കണ്ടിയൂർ അച്യുതപ്പിഷാരടിയുടേയും സമകാലികനായിരുന്നു എന്നു സന്ദേശത്തിൻെറ പൂർവഭാഗത്തിലുള്ളതും താഴെ ചേർക്കുന്നതുമായ ശ്ലോകങ്ങളിൽനിന്നു ഗ്രഹിക്കാവുന്നതാകുന്നു.

"തസ്മാൽ പ്രത്യക് പ്രഹിതനയനഃ കണ്ഡഗേഹാധിനാഥം
സർവജ്ഞം തം പ്രണമ ഗിരിശം ഭക്തിമാനച്യുതം ച;
ഏകസ്താവദ്വഹതി ശിരസി ജ്യോതിഷാമേകമിന്ദും;
ജ്യോതിശ്ചക്രം നിഖിലമപരോധാരയത്യന്തരങ്ഗേ.

ഹേരംബേണ പ്രഥിതവിഭവാം മാതൃദത്തദ്വിജേന്ദ്ര-
ശ്രീമത്പ്രിയോൽകരമുഖരിതൈരാസ്തൃതാം ശാസ്ത്രഘോഷൈഃ

Digitized By Kerala Sahitya Akademi

ആരാന്നാരായണകവിവചസ്സ്യന്ദമാധുര്യനന്ദ-
ദ്വാണീമന്ദസ്മിതസുരഭിലാം യാഹി പാടീരവാടീം.

സൂക്താം നാരായണകവിമുഖാംഭോജനിഷ്യന്ദമാനം
പീത്വാ വാപീകമലമധുഷു പ്രാപ്തനിർവേദഭാരഃ
ബിംബേ ഭാനോരപരഗിരിശൃംങ്ഗേണ സഞ്ചുംബ്യമാനേ
ലംബേഥാസ്ത്വം ഭ്രമര ! ധരണൌ വല്ലഭക്ഷോണിബന്ധോഃ."

"തിരുനാവായിൽ നിന്നു പടിഞ്ഞാറോട്ടു കണ്ണോടിച്ച് അല്ലയോ വണ്ടേ, നീ സർവജ്ഞന്മാരായിരിക്കുന്ന (കുണ്ഡഗേഹം) തൃക്കണ്ടിയൂരിലെ ശ്രീപരമേശ്വരനേയും അച്യുതനേയും (അച്യുതപ്പിഷാരടിയേയും) ഭക്തിപൂർവം നമസ്കരിക്കണം. അവരിൽ ഏകൻ (ശ്രീപരമേശ്വരൻ) ജ്യോതിസ്സുകളിൽ ഒന്നായ ചന്ദ്രനെ ശിരസ്സിൽ ധരിക്കുന്നു; അന്യൻ (അച്യുതപ്പിഷാരടി) ആകട്ടെ ജ്യോതിശ്ചക്രം മുഴുവനും തന്റെ ഹൃദയത്തിലാണ് ധരിക്കുന്നതു് (പിഷാരടി ജ്യൌതിഷത്തിൽ അതിവിദഗ്ദ്ധനെന്നു സാരം). അവിടെനിന്നു മഹാഗണപതി നല്കുന്ന സമ്പത്തിനാൽ പ്രസിദ്ധവും മാതൃദത്തനെന്ന ബ്രാഹ്മണശ്രേഷ്ഠന്റെ ശിഷ്യഗണങ്ങൾ ഉച്ചത്തിൽ ശാസ്ത്രാഭ്യാസം ചെയ്യുന്നതും മഹാകവി നാരായണഭട്ടതിരിയുടെ സൂക്തിമാധുര്യം അനുഭവിച്ച് ആനന്ദിക്കുന്ന സരസ്വതീദേവിയുടെ മന്ദസ്മിതത്താൽ സുരഭിലവുമായ (പാടീരവാടി) ചന്ദനക്കാവിലേക്കു പോകുക. ആ കവിമൂർദ്ധന്യന്റെ വദനാംബുജത്തിൽനിന്ന് ഒഴുകുന്ന കവിത പാനംചെയ്താൽ നിനക്കു പൊയ്കകളിലെ താമരപ്പൂന്തേനിൽ മികച്ച അരുചി മാത്രമേ ജനിക്കുകയുള്ളു. ആദിത്യൻ അസ്തമിക്കുമ്പോൾ വള്ളുവനാട്ടിൽ തങ്ങിക്കൊള്ളുക."

മാതൃദത്തഭട്ടതിരി നാരായണഭട്ടതിരിയുടെ പിതാവും ഭാട്ടമീമാംസാഗുരുവുമായിരുന്നു എന്നു പ്രസിദ്ധമാണല്ലോ. മഹാകവിയുടെ അനുജനായ് മറെറാരു മാതൃദത്തനുമുണ്ടായിരുന്നു. "തൃതീയഭ്രാതാ ച മാതൃദത്താഖ്യഃ" എന്നു ചില ഗ്രന്ഥങ്ങളിൽ അദ്ദേഹത്തെ പരാമർശിച്ചു കാണുന്നു. ആ മാതൃദത്തൻ ജ്യേഷ്ഠനു വേണ്ടി നാരായണീയം പകർത്തിയെഴുതിയതിനു പുറമേ 'ഭക്തിസംവർദ്ധനശതകം' എന്ന പ്രസിദ്ധമായ സ്തോത്രം നിർമ്മിക്കുകയുംചെയ്തു.

"ഭക്തിസംവർദ്ധനം നാമ ശ്ലോകാനാം ശതകം മയാ
മാതൃദത്താഭിധാനേന വിഷ്ണുപ്രീത്യൈ വിനിർമ്മിതം".

Digitized By Kerala Sahitya Akademi

എന്ന പദ്യമാണു് ഒടുവിലത്തെ പ്രസ്താവനയ്ക്കു തെളിവു്. നാരായണ ഭട്ടതിരിയുടെ പ്രശസ്തി നാരായണീയത്തിനു മുമ്പു പ്രസരിച്ചിരുന്നിരിക്കുവാൻ ഇടയില്ലാത്തതിനാൽ ആ ഗ്രന്ഥം സമ്പൂർണ്ണമായ കൊല്ലം ൭൬൨-നു പിന്നീടും, അച്യുതപ്പിഷാരടി അന്നു ജീവിച്ചിരുന്നതിനാൽ അദ്ദേഹം യശശ്ശരീരനായ ൭൯൯-നു മുൻപുമാണു് ഭ്രമരസന്ദേശത്തിന്റെ നിർമ്മിതിയെന്നു വ്യക്തമാകുന്നു.

ഒന്നുകൂടി ചികഞ്ഞുനോക്കാം. അക്കാലത്തു തിരുവിതാംകൂർരാജ്യം ഭരിച്ചിരുന്നതു രവിവർമ്മാവായിരുന്നു എന്നു കവി താഴെ കാണുന്ന ശ്ലോകത്തിൽ പ്രസ്താവിക്കുന്നുണ്ടു്.

"രാജ്യം ദൃഷ്ട്വാ കലയ രവിവർമ്മാവനീന്ദ്രസ്യ സമ്പൽ-
പ്രാജ്യം വാജ്യന്തരിതവിശിഖോദഗ്രമഗ്രേ സമഗ്രം
ചിത്രോൽകീർണ്ണത്രിദശനിവഹസ്ഥൂലനീലോപലൌഘൈ-
ർദ്ധാമ്നാം തുല്യം ത്രിഭുവനപതേർദ്ധാമ യേന പ്രതേനേ."

"രവിവർമ്മമഹാരാജാവിന്റെ വിഭവപൂർണ്ണവും കുതിരകളാൽ മറയ്ക്കപ്പെട്ട രാജമാർഗ്ഗങ്ങളോടുകൂടിയതുമായ രാജ്യം നീ സമഗ്രമായി കാണുക. ഈ മഹാരാജാവാണു് ദേവന്മാരുടെ വിഗ്രഹങ്ങൾ ശ്ലക്ഷ്ണശിലയിൽ കൊത്തപ്പെട്ടതും അവയുടെ തേജസ്സുകൊണ്ടു് അദ്വിതീയവും ആയ ശ്രീപത്മനാഭസ്വാമിക്ഷേത്രം നിർമ്മിച്ചതു്."

രവിവർമ്മ കുലശേഖരപ്പെരുമാൾ കൊല്ലം ൭൯൬-ൽ അദ്ദേഹത്തിന്റെ പൂർവ്വഗാമിയായ മറ്റൊരു രവിവർമ്മാവു് ആരംഭിച്ച തിരുവനന്തപുരത്തു ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിന്റെ വാതിൽമാടം, ബലിക്കൽപുര, മടപ്പള്ളി മുതലായവ അഴിച്ചുപണി ആരംഭിക്കുകയും ൭൮൦-ൽ ആ പണി പൂർത്തിയാക്കുകയും ചെയ്തതായു് കാണുന്നു. അദ്ദേഹം ൭൫൬ മുതൽ ൮൦൮ വരെ അൻപത്തിരണ്ടു വർഷം രാജ്യഭാരം ചെയ്യുകയും തിരുവിതാംകൂർ മഹാരാജാക്കന്മാരിൽ ഇദംപ്രഥമമായു് രാമേശ്വരം സന്ദർശിക്കുകയും ചെയ്തു. ഇതിൽനിന്നു ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിന്റെ നവീകരണകലശം കഴിഞ്ഞ കൊല്ലം ൭൮൦-നു മേൽ ൭൯൯-നു് അകമായിരുന്നിരിക്കണം ഭ്രമരസന്ദേശത്തിന്റെ ആവിർഭാവമെന്നു് അനുമാനിക്കാം. അന്നു മാമാങ്കോത്സവം നടക്കുവാൻ പോകുന്നതായു് കവി അന്യത്ര പ്രസ്താവിക്കുന്നതുകൊണ്ടു കൊല്ലം ൭൮൫-ൽ ആണു് കവി സന്ദേശഹരനെക്കൊണ്ടു ചെയ്യിക്കുന്ന സങ്കല്പയാത്രയെന്നും ഏകദേശം ഉറപ്പിച്ചു പറയാം. വാസുദേവൻ ഏതു ദേശക്കാരനെന്നു നിശ്ചയമില്ല.

Digitized By Kerala Sahitya Akademi

സന്ദേശമയയ്ക്കുന്നതു വള്ളുവനാട്ടിൽ ശേ‍്വതദുർഗ്ഗമെന്ന നഗരത്തിലുള്ള ബാലനീലി (ഉണ്ണുനീലി) എന്ന തന്റെ പ്രിയതമയ്ക്കാണ്. ഈ വസ്തുതകൾ പൂർവ്വഭാഗത്തിലേ

"മാസപ്രാപ്യം മമ ദിനയുഗേനാഭിഗമ്യം തവ സ്യാ-
ദസ്യാധ്യൈതം ഗുണഗണസുധാവീചിഭിശ്ശ്വേതദുർഗ്ഗം
സ്യാനന്ദൂരാദ്ദൃഢമതിരിതസ്ത്വം പ്രതിഷ്ഠസ്വ തസ്മാ-
ദസ്മാനത്താരയിതുമമൃതസ്സങ്കടാദുത്തരാശാം.

സമ്പ്രാപ്തവ്യം തവ പുരമിതശ്ശ്വേതദുർഗ്ഗം യദുക്തം
തസ്യൈവാലോകനമപി ഫലം കല്പയ ത്വൽപ്രയാണേ;
യസ്മിൻ നിത്യം ഹിമഗിരിസുതാചഞ്ചലാപാംഗലക്ഷ്മീ-
ലക്ഷീഭൂതം കിമപി കരുണാശീതളം ജ്യോതിരാസ്തേ."

എന്നും ഉത്തരഭാഗത്തിലേ

"ലക്ഷ്മീനേത്രാഞ്ചലമധുകരോദ്യാനമുദ്യോതമാനം
തത്രോപാന്തേ ഭവതി ഭവനം ബാലയക്ഷാഭിധാനം;
യസ്മിൻ വിശ്വോത്തരഗുണഗണം ബാലനീലീതി സംജ്ഞാ-
മധ്യാരൂഢം മദഭിലഷിതം കാമിനീരത്നമാസ്തേ."

എന്നുമുള്ള പദ്യങ്ങളിൽ നിന്നാണ് അറിയുവാൻ ഇട വരുന്നതു്.

"എനിക്ക് ഈ തിരുവനന്തപുരത്തുനിന്ന് ഒരു മാസംകൊണ്ടു മാത്രവും എന്നാൽ നിനക്കു രണ്ടു ദിവസംകൊണ്ടും എത്താവുന്നതാണ് ശ്വേതദുർഗ്ഗം; ആ നഗരം എന്റെ നായികയുടെ ഗുണഗണങ്ങളാകുന്ന അമൃതതരംഗങ്ങളാൽ സേചനം ചെയ്യപ്പെടുന്നതാണ് (തന്നിമിത്തമത്രേ അതിനു ശ്വേതത്വം സിദ്ധിച്ചതു് എന്നുല്ലേഖം). അതുകൊണ്ട് എന്നെ ഈ സങ്കടത്തിൽനിന്ന് ഉദ്ധരിക്കുന്നതിനായ് നീ ഇവിടംവിട്ടു വടക്കോട്ടു പോകണം. അവിടെ ചെന്നാൽ ആ മനോഹരമായ പട്ടണം ചുററിക്കാണുന്നതുതന്നെ ഒരു യാത്രാലാഭമാണ്; പോരെങ്കിൽ പാർവ്വതീപതിയായ പരമശിവനും അവിടെയുണ്ടു് (നിനക്ക് ആ ദേവനെ ഭജിക്കാമെന്നു ധ്വനി). ആ നഗരത്തിനു സമീപമാണ് ലക്ഷ്മീഭഗവതിയുടെ കടാക്ഷഭ്രമരങ്ങൾക്ക് ആരാമമായ് വിദ്യോതിക്കുന്ന ബാലയക്ഷം എന്നു പേരോടുകൂടിയ ഭവനം; അവിടെ ലോകോത്തരഗുണയും എന്റെ പ്രിയതമയുമായ ആ കാമിനീരത്നം—ബാലനീലി—(ചെറിയച്ചി?)ഉണ്ടു്.

Digitized By Kerala Sahitya Akademi

ശ്വേതദുർഗ്ഗം ഇന്നു കോട്ടയ്ക്കൽ എന്ന നാമത്താൽ അറിയപ്പെട്ടന്ന വെങ്കടക്കോട്ടയാണു്. ക്രി. പി. ൧൮൨൭-ൽ പ്രസിദ്ധീകരിക്കപ്പെട്ട ഏഷ്യാററിക്ജേർണൽ (Asiatic journal) എന്ന പത്രഗ്രന്ഥത്തിൽ കോട്ടയ്ക്കൽ രാജാവിനെ ഉദ്ദേശിച്ചു 'സാമൂതിരിയുടെ കുടുംബത്തിൽ പെട്ട വെങ്കടക്കോട്ട രാജാവു്'' എന്നൊരു കുറിപ്പു കാണുന്നുണ്ടു്. ഹൈദരാലിയുടേയും ടിപ്പുസുൽത്താൻെറയും കാലംവരെ വെങ്കടക്കോട്ട വളരെ പ്രാധാന്യമുള്ള ഒരു നഗരമായിരുന്നു. ടിപ്പുവിൻെറ വകയും മാർതബ് ഖാൺ എന്ന സേനാനിയുടെ നേതൃത്വത്തിലിരുന്നതുമായ ഒരു സൈന്യത്തെ അവിടെവച്ചു കർണൽ ഫാർട്ട്ലി ക്രി. പി. ൧൭൯൦-ൽ തോല്പിച്ചു് ആ ദുർഗ്ഗം മൂന്നു പീരങ്കികളോടുകൂടി കൈവശപ്പെടുത്തിയതായ് ലോഗൻ പ്രസ്താവിക്കുന്നു. തിരുനാവായിൽ നിന്നു കുറെ വടക്കായിട്ടാണു് വെങ്കടക്കോട്ട എന്നും അദ്ദേഹം ഉപന്യസിക്കുന്നുണ്ടു്. "തസ്യാം പുര്യ്യാം ഭജ പശുപതേസ്താണ്ഡവം മന്ദ്രതാരൈർഗീതൈസ്തന്വന്നിവ ഗിരിസുതാഗാനതാനപ്രധാനം'' എന്നു വാസുദേവൻ വർണ്ണിക്കുന്നതു് കോട്ടയ്ക്കൽ ക്ഷേത്രത്തിലെ മൂർത്തിയായ ശ്രീപരമേശ്വരനേയാണു്.

ഇനി സന്ദേശത്തിലെ പ്രതിപാദ്യവസ്തുവെന്തെന്നു പരിശോധിക്കാം.

"ഹർമ്മ്യേ രമ്യേ ബഹളവിഗളച്ചന്ദ്രികായാം നിശായാം
മന്ദം നന്ദൽകുമുദസുരഭൌ ശീതളേ വാതി വാതേ
ലോലാപാങ്ഗ്യാ മനസിജകലാഖേലനായാസിതാങ്ഗ്യാ
സാകം നിദ്രാം സുകൃതിസുലഭാം കോപി കാമീ സിഷേവേ.''

എന്ന പദ്യംകൊണ്ടാണു് കാവ്യമാരംഭിക്കുന്നതു്. നല്ല നിലാവുള്ള ഒരു രാത്രിയിൽ രമ്യമായ ഒരു ഹർമ്മ്യത്തിൽ ആമ്പൽപ്പൂക്കളുടെ സൌരഭ്യം വഹിച്ചുകൊണ്ടു ശൈത്യവത്തായ മന്ദവായു വീശവേ തൃതീയപുരുഷാർത്ഥലാഭത്താൽ കൃതാർത്ഥനായ ഒരു നായകൻ തൻെറ നായികയോടുകൂടി സുകൃതിസുലഭമായ നിദ്രയെ സേവിക്കുന്നു.

"തം നിദ്രാണം മദനവിവശാ കാചിദാലക്ഷ്യ യക്ഷീ
ഹസ്തേ ധൃത്വാ മലയശിഖരേ ഹന്ത! രന്തും പ്രയാന്തീ
സ്യാനന്ദൂരേ നിജപതിമുപായാന്തമാലോക്യ ഭീതാ
വിന്യസ്യൈനം ക്വചന വിമനാസ്തേന സാർദ്ധം പ്രയാതാ.''

അങ്ങനെ ഉറങ്ങുന്ന നായകനെ ഒരു യക്ഷി കൈയിലെടുത്തു കൊണ്ടു രമിക്കുന്നതിനായ് മലയപർവ്വതത്തിൻെറ ശിഖരത്തിലേക്കു

Digitized By Kerala Sahitya Akademi

പായുന്നു; വഴിക്കു തിരുവനന്തപുരത്തു വെച്ചു തന്റെ ഭർത്താവു വരുന്നതു കാണുകയാൽ ഭീതയും ഭഗ്നാശയുമായ് ആ സാധ്വിയെ അവിടെ ഒരിടത്തിട്ടുംവെച്ചു ഭർത്താവിനോടുകൂടി പൊയ്ക്കൊള്ളുന്നു. ഇപ്രകാരമാണ് ആ ദമ്പതിമാർക്കു തമ്മിൽ വിയോഗം നേരിടുന്നതു്. മേഘസന്ദേശത്തിൽ നായകനായ യക്ഷൻ ശാപഗ്രസ്തനാണ്; ശുകസന്ദേശത്തിൽ വിധിബലത്താൽ ദൂരനീതനാണ്; കോകിലസന്ദേശത്തിൽ ദേവോച്ഛ്വനത്തിനു പോകുന്ന വരുണപുരസ്ത്രീമാർ നായകനെ മലയാളക്കരയിൽനിന്നു കമ്പാനദീതീരത്തുള്ള കാഞ്ചീപുരത്തിൽ പതിപ്പിക്കുന്നു; ഉണ്ണുനീലീസന്ദേശത്തിൽ മദനോന്മാദിനിയായ ഒരു യക്ഷിയാണ് നായകനെ 'ഉറങ്ങിന്റെ നേരം' തെക്കോട്ടേക്കു കൊണ്ടുപോയ് തിരുവനന്തപുരത്തു തള്ളിയിടുന്നതു്. ഭ്രമരസന്ദേശം ഈ വിഷയത്തിൽ ഉണ്ണുനീലീസന്ദേശത്തെ സ്പഷ്ടമായ് അനുകരിക്കുന്നു.

തിരുവനന്തപുരത്തു നായകൻ വ്യാകുലനായ് ഏതാനും ദിവസങ്ങൾ കഴിച്ചുകൂട്ടിയപ്പോൾ ഒരിക്കൽ ഒരു വണ്ടിനെ കാണുന്നു. അതിനോടു കവി കുശലപ്രശ്നം ആരംഭിക്കുന്ന പദ്യം അത്യന്തം മധുരമാകയാൽ അതു താഴെ പകർത്തിക്കൊള്ളുന്നു.

"ബ്രൂമഃ ശ്രീമൻ ഭ്രമര, ഭവതേ സ്വാഗതം; വൈജയന്ത്യാഃ
കിം ത്വം വിഷ്ണോരുരസിവികസദ്വിഭ്രമായാസ്സമായാഃ
ധമ്മില്ലാദ്വാ പരിമളസമാസക്തമത്താളിപാളീ-
കേളീലോലദ്ധ്യുതരുകലികാസുന്ദരാദിന്ദിരായാഃ?"

"അല്ലയോ ശ്രീമത്തായ ഭ്രമരമേ, നിനക്കു ഞാൻ സ്വാഗതം പറഞ്ഞുകൊള്ളുന്നു. നീ എവിടെനിന്നാണ് വരുന്നതു്? മഹാവിഷ്ണുവിന്റെ വികസദ്വിലാസമായ വക്ഷഃസ്ഥലത്തിൽ ശോഭിക്കുന്ന വൈജയന്തീമാലയിൽനിന്നോ അതോ പരിമളമോത്തു പററിച്ചേന്നവയും മദിച്ചവയുമായ വണ്ടിൻകൂട്ടങ്ങളുടെ ലീലകളാൽ ഇളകുന്ന കല്പകപ്പൂങ്കൊത്തുകളണിഞ്ഞ മഹാലക്ഷ്മിയുടെ കേശപാശത്തിൽനിന്നോ?"

കവി തുടന്നു പറയുന്നു: "നീ വളരെക്കാലം അശോകങ്ങളുടെനേക്കു പക്ഷപാതം അഭ്യസിച്ചവനാണ്; ഇപ്പോൾ സശോകനായ എന്റെ നേക്കും അതു പ്രസരിക്കട്ടെ. അല്ലയോ കാരുണ്യസമുദ്രമേ, എന്റെയും പ്രേയസിയുടേയും അവസ്ഥ പറയുകയാണെങ്കിൽ വിപ്രലംഭരസാത്മകങ്ങളായ കാവ്യങ്ങൾ വായിച്ചാൽ പോലും മോഹത്തെ പ്രാപിക്കുന്നവരാണ് ഞങ്ങൾ. അത്തരത്തിലുള്ള ഞങ്ങളെ ദൈവം ഇത്തര

Digitized By Kerala Sahitya Akademi

ത്തിലുള്ള വിരഹക്ലേശത്തിൽ തള്ളിയിട്ടുവല്ലോ. ഇപ്പോഠം വസന്തകാല വും വന്നു ചേൎന്നിരിക്കുന്നു."

"വിശ്ലേഷാർത്ത്യാ വിധുരമനസാം വല്ലഭാനാമുദന്തഃ
പ്രാണാൻ വീണാപരിമൃദുഗിരാം കണ്ഠനാളേ നിരുന്ധേ."

"വിയോഗദുഃഖത്താൽ വിധുരഹൃദയകളായ വീണാവാണികഠക്ക് ഭർത്തൃവൃത്താന്തം ബഹിർഗമനത്തിനായ് കണ്ഠംവരെ എത്തിക്കഴിഞ്ഞ പ്രാണനെ അവിടെ തടഞ്ഞു നിറുത്തുന്നു."

ശേഷതദ്വർഗ്ഗത്തിൻെറ വർണ്ണനത്തിൽ താഴെക്കാണുന്ന പദ്യവും ഉഠപ്പെടുന്നു.

"നോദ്യാനേഷു ത്രിദശലതികാഃ സ്ഥാവരാസ്താപ്രദസ്മിൻ;
പേയം നാബ്ധേരുദിതമമൃതം; നാത്ര നേതാ വലാരിഃ;
തസ്മാദസ്മൽപ്രിയസഹചരീന്തൂതദിവ്യാങ്ഗനായാ-
സ്സൃഷ്ടൌ ധാത്രാ വിരചിതമിദം നൂതനം നാകമാഹുഃ."

"ഇവിടെ സ്ഥാവരങ്ങളായ കല്പവല്ലികളില്ല; പാലാഴിയിൽനിന്ന് ഉത്ഭവിച്ച അമൃതമില്ല; ദേവരാജാവായ ഇന്ദ്രനുമില്ല; അതുകൊണ്ട് എൻെറ പ്രിയതമയാകുന്ന ഈ നവീനനാകസുന്ദരിക്കുവേണ്ടി ഒരു പുതിയ സ്വർഗ്ഗമാണ് ബ്രഹ്മാവ് ഇവിടെ സൃഷ്ടിച്ചിരിക്കുന്നത്."

തിരുവനന്തപുരത്തുനിന്നു വണ്ടിനോടു കവി ആദ്യമായ് ചെ ന്നെത്തുവാൻ ഉപദേശിക്കുന്ന നഗരം കൊല്ലമാണ്. കൊല്ലം പട്ടണത്തെ കവി ഇങ്ങനെ വർണ്ണിക്കുന്നു:—

"പാരേപാഥോനിധി കലപുരീ ക്രൂപകക്ഷ്മാപതീനാം
ലക്ഷ്യാ ലക്ഷ്മീവിതരണകലാസമ്പദോ ഹേമകക്ഷ്യാ
ഫേനക്ഷൌമാംബരനിചുളിതാൻ യന്നിഷദ്യാസു ഹൃദ്യാൻ
വീചീഹസ്തൈസ്സ്വികിരതി മണീൻ നിത്യമംഭോധിരേവ."

സമുദ്രതീരത്തിൽ മഹാലക്ഷ്മിയുടെ ദാനധർമ്മസമ്പത്തിൻെറ കനകകക്ഷ്യയായ ക്രൂപകരാജാക്കന്മാരുടെ കലപുരി—കൊല്ലം—നിനക്കു കാണാവുന്നതാണ്. അവിടത്തെ അങ്ങാടികളിൽ സമുദ്രരാജാവു തന്നെ വെൺനുരപ്പട്ടിൽ പൊതിഞ്ഞ അനവധി മനോഹരങ്ങളായ രത്നങ്ങളെ തൻെറ തിരക്കൈകഠ കൊണ്ടു വിതറുന്നുണ്ട്." കൊല്ലത്ത് അന്നുണ്ടായിരുന്ന വാണിജ്യാഭിവൃദ്ധി ഇതിൽനിന്നു ഊഹ്യമാണ്.

Digitized By Kerala Sahitya Akademi

"ലംബേഥാസ്ഥാം ദിവി കിമപി ലോലംബ ! കോലംബദേശേ
രമ്യേ യസ്മിൻ വിലസതി സരോ മാനസം മാനവാനാം
നിത്യം തദ്വൈ നവരവികരോല്ലാസിനീം രാജഹംസൈ-
ർജ്ജുഷ്ടാം പട്ടാംബരകനകപങ്കേരുഹാളീം പ്രസൂതേ."

'നീ ആ കൊല്ലത്തു സ്വല്പം വിശ്രമിക്കണം. അവിടെ മനുഷ്യരുടെ മാനസസരസ്സുണ്ട്;.അതു ബാലസൂര്യന്റെ കിരണങ്ങൾകൊണ്ട് ഉല്ലസിക്കുന്നതും രാജഹംസങ്ങളാൽ അധിവസിക്കപ്പെടുന്നതും ആയ പട്ടാംബരമുട്ടലങ്ങളായ സ്വർണ്ണപങ്കേരുഹങ്ങളെ പ്രസവിക്കുന്നു' എന്നാകുന്നു ഈ പദ്യത്തിന്റെ യഥാശ്രുതമായ അർത്ഥം. വാസ്തവത്തിൽ കവിയുടെ ആശയം പുതുതായ് രാജ്യം ഭരിക്കുന്ന രവിവർമ്മമഹാരാജാവു നികുതി കുറച്ചതു നിമിത്തം സന്തുഷ്ടന്മാരായ പ്രജകൾ ആ തുറമുഖത്തിൽ രാജോചിതങ്ങളായ പട്ടാംബരങ്ങൾ നെയ്യുന്നു എന്നാണ്. കൊല്ലം അക്കാലത്തു വസ്ത്രനിർമ്മിതിക്കു നേടിയിരുന്ന പ്രശസ്തിയാണ് ഇവിടെ ധ്വനിക്കുന്നത്. 'സരസ്സ്' എന്നു പറഞ്ഞതുകൊണ്ടു കവി അഷ്ടമുടിക്കായലിനെ സ്മരിക്കുന്നതായ് വിചാരിക്കാം.

അടുത്തതു് ആ കായലിന്റെ സ്പഷ്ടമായ വർണ്ണനമാണ്.

"സ്ഥാസ്യത്യഗ്രേ തവ സുലളിതാ നിമ്നഗാ ദൃഷ്ടിപാതം
മുഗ്ദ്ധം ലബ്ധും പുര ഇവ പുരാ മാധവസ്യ ത്രിവക്രാ
ആദായാസ്യാ ബഹുപരിമളം പ്രാഭൃതം നിർമ്മലായാ-
ജാതാമോദഃ പ്രിയമിവ ജനം സൌമ്യ, സംഭാവയേഥാഃ."

"പുരോഭാഗത്തു നിന്റെ മനോഹരമായ കടാക്ഷത്തെ പ്രതീക്ഷിച്ചുകൊണ്ടു കോമളയായ ഒരു നദി നില്ക്കും; ത്രിവക്ര (കുബ്ജ) എങ്ങനെ പണ്ടു ശ്രീകൃഷ്ണന്റെ അപാങ്ഗാലോകനത്തെ പ്രതീക്ഷിച്ചുവോ അതുപോലെയാണ് ആ നദിയുടെ അവസ്ഥ. നിർമ്മലയായ ആ നിമ്നഗയിൽനിന്നു് അതിസുഗന്ധമായ ഉപഹാരം സ്വീകരിച്ചു് (കുബ്ജയുടെ വിഷയത്തിൽ . കളഭം; നദിയുടെ വിഷയത്തിൽ കച്ചവടത്തിനായ് കൊണ്ടുപോകുന്ന സുഗന്ധദ്രവ്യങ്ങളുടെ പരിമളം) ആമോദത്തോടുകൂടി (പരിമളമെന്നും) നിന്റെ പ്രിയതമയെപ്പോലെ ആ നദിയെ നീ സംഭാവന ചെയ്യണം." നിമ്നഗാപദമാണ് ഇവിടെ കവി പ്രയോഗിച്ചിരിക്കുന്നതെങ്കിലും അതിനെ ത്രിവക്രയോടു് ഉപമിച്ചിരിക്കുന്നതുകൊണ്ടു കവി വിവക്ഷിച്ചിരിക്കുന്നതു് അഷ്ടമുടിക്കായലായിരിക്കണമെന്നു ഞാൻ ഉദ്ദേശിക്കുന്നു. 'The great river' (വലിയ നദി) എന്ന പദംകൊണ്ടാണ്



Digitized By Kerala Sahitya Akademi

കാൻറർ വിഷർ വേമ്പനാട്ടുകായലിനെ പരാമർശിക്കുന്നത്ത് എന്നു നാ ഈ സന്ദർഭത്തിൽ സ്മരിക്കേണ്ടതാകുന്നു. വേറെ പല ദേശസഞ്ചാരികളു കായലിനെ നദിയായ് വർണ്ണിക്കുന്നതു ഞാൻ വായിച്ചിട്ടുണ്ട്.

പിന്നീടു കവി ഭ്രമരത്തോടു തിരുവല്ലായ്ക്കു പോകുവാൻ അപേ ക്ഷിക്കുന്നു. ഇതുതന്നേയാണു ശുകസന്ദേശകാരൻ നിർദ്ദേശിക്കുന്ന മ ർഗ്ഗവും.

"കഞ്ചിൽഭാഗം പുരജനപദാകീർണ്ണമുൽക്രമ്യ ഭ്രമേ-
രഞ്ചൽകേരക്രമുകനികരം വല്ലഭഗ്രാമമേത്യ
ലക്ഷ്മീവക്ത്രാംബുജതരുണലോലംബ, നിത്യം നമസ്തേ
ഗോവിന്ദേതി പ്രണമ ചരണാംഭോജമൂലേ മുരാരേഃ".

"നഗരങ്ങളും ഗ്രാമങ്ങളും ഇടകലൎന്ന കുറെ സ്ഥലം കടന്നു ന്നോട്ടു പോയാൽ നീ ചെന്നുചേരുന്നതു തെങ്ങിൻകൂട്ടങ്ങളേയും ക ങ്ങിൻകൂട്ടങ്ങളേയുംകൊണ്ടു ശോഭിക്കുന്ന തിരുവല്ലായിൽ (വല്ലഭഗ്രാമ ത്തുണ്; അവിടെ ലക്ഷ്മീപതിയായ മഹാവിഷ്ണുവിനെ നമസ്കരിക്കണം

"വല്ലഭഗ്രാമവാസീ കേശിധ്വംസീ നിജപദജുഷാം ക്ലേശഹന നിഷേവ്യഃ" എന്നു ലക്ഷ്മീദാസനും, "വല്ലവാഴ്ക്കോയിൽകൊള്ളിന പ്പൻ തന്നെത്തൊഴുക മഴകോലിൻറനീലാംബുദാഭം" എന്നു ഉണ്ണുനീ സന്ദേശകാരനും വർണ്ണിച്ചിരിക്കുന്നതു ഈ ദേവനെയാണെന്നു വായ ക്കാർ സ്മരിക്കുമല്ലോ.

അതു കഴിഞ്ഞാൽ തെക്കുംകൂറിൽ എത്തുന്നതുവരെ അക്കാലത്തു വഴിക്കു ഇരുവശവും വൻകാടായിരുന്നു.

ഘോരാകാരം വിപിനമതിലംഘ്യാഥ തസ്യാസ്തടിന്യാ-
സ്തീരാരാമേ ശിശിരസുഭഗേ സൌമ്യ, വിശ്രമ്യ യായാഃ;
പാത്രീഭൂതാ പുനരുദയമാർത്താണ്ഡകീർത്തിച്ഛടാനാം
ധാത്രീ നേത്രേ സുഖയിതുമലം ദക്ഷിണാ ഖിംബലീ തേ".

"കാന്താരെഘോരപ്രതിഭയമതിക്രമ്യ കഞ്ചിൽപ്രദേശം" എന്നു ക്ഷ്മീദാസനും, "തെക്കുംകൂറങ്ങതു കഴിവൊളം കാടിടത്തും വലത്തും മിട ടത്തും പുനരവിടമോ ഞാനുണത്തേണ്ടതില്ല" എന്നു 'ഉണ്ണുനീലീ' കത വും പ്രസ്താവിക്കുന്നതു നോക്കുക. മേലുദ്ധരിച്ച പദ്യത്തിൽ "ഭയം മായ ആ കാടു കടന്നു അവിടെ പുഴക്കരയിലുള്ള ശിശിരസുഭഗമാ പൂങ്കാവിൽ വിശ്രമിക്കുക. ഉദയമാർത്താണ്ഡൻെറ യശസ്സിനു പാത്രീഭൂ

Digitized By Kerala Sahitya Akademi

മായ തെക്കുംകൂർരാജ്യം നിൻെറ നേത്രങ്ങളെ സുഖിപ്പിക്കുന്നതിനു മതിയാകുന്നതാണ്" എന്നു കവി പറയുന്നു. അന്നു തെക്കുംകൂർ വാണിരുന്നതു് ഉദയമാർത്താണ്ഡവർമ്മാവായിരുന്നു എന്നു് ഇതിൽനിന്നു കാണാം. പുഴ കോട്ടയത്തുകൂടി ഒഴുകുന്ന മീനച്ചിലാറുതന്നെ.

അനന്തരം തെക്കുംകൂർ രാജാക്കന്മാരുടെ പരദേവതയായ തിരുവാപ്പ്രിൽ ബാലകൃഷ്ണസ്വാമിയെ വന്ദിക്കുവാൻ കവി സന്ദേശഹരനോട് അഭ്യർത്ഥിക്കുന്നു.

"വന്ദേഥാസ്സ്വം ഭ്രമരി പുരതഃ കഞ്ചിദാശ്ചര്യബാലം
ഘോഷാദ്ഘോഷാമന ഇവ മുഹുർഗ്ഗോരസം ചോരയന്തം;
അസ്യ ബ്രൂമഃ കഥമിവ പയോലുബ്ധതാം? യോ വിശുദ്ധാം
മുക്തിം ദത്വാ വിഷകടുപയഃ പീതവാൻ പൂതനായാഃ."

"ആമ്പാടിയിൽ സ്ത്രീഹൃദയത്തെ എന്നപോലെ ഗോരസത്തെ കവരുന്ന ആ അത്ഭുതബാലനെ നീ അവിടെ ഭജിക്കുക. നിർമ്മലമായ മോക്ഷം നല്കി പകരം നഞ്ഞിൻെറ കയ്പു കലന്ന പാൽ പൂതനയിൽനിന്നു പാനം ചെയ്ത ഈ ബാലൻെറ പാൽക്കൊതി എങ്ങനേയാണു് വർണ്ണിക്കേണ്ടതു്?" ഇപ്പോൾ അച്ചടിച്ചു കാണുന്ന ഉണ്ണുനീലീസന്ദേശത്തിൽ "തെക്കുംകൂററിന്നൊരു മണിവരം തത്ര മേവും പുരാരിം" എന്നു കാണുന്ന പാഠം ശരിയല്ലെന്നും അതു 'മുരാരിം' എന്നു തിരുത്തിയാണു് വായിക്കേണ്ടതു് എന്നും ആ പാഠമാണു് പഴയ താളിയോലഗ്രന്ഥങ്ങളിൽ കാണുന്നതെന്നും ഇവിടെ പ്രാസങ്ഗികമായ് പ്രസ്താവിക്കേണ്ടിയിരിക്കുന്നു.

പിന്നീടു കവി തെക്കുംകൂർ രാജധാനിയെ താഴെകാണുന്ന പദ്യത്തിൽ വർണ്ണിക്കുന്നു.

"പ്രാഗ്ദൃഷ്യാത്തേ ദൃശി കുലപുരീ ബിംബലീഭൂപതീനാം
കൌണീനദ്യാസ്തടപരിസരേ ദക്ഷിണേ വീക്ഷണീയാ
യാ പൌരസ്ത്രീവദനസവിധേ ലജ്ജമാനസ്യ ദൌസ്ഥ്യം
ദൃഷ്ട്വാ മാർഷ്ടി ധ്വജപടഭുജൈർമ്മണ്ഡലം ശീതഭാനോഃ."

"കവണാററിൻെറ (മീനച്ചിലാററിൻെറ) തെക്കേക്കരയിൽ ദർശനീയയായ ബിംബലീരാജാക്കന്മാരുടെ കുലപുരി (കോട്ടയം) നിനക്കു പിന്നീടു കാണാം; ആ നഗരി പൌരസ്ത്രീകളുടെ മുഖങ്ങൾ നിമിത്തം ലജ്ജിക്കുന്ന ചന്ദ്രബിംബത്തിൻെറ ദുഃസ്ഥിതി കണ്ട് അതിനെ ധ്വജ

Digitized By Kerala Sahitya Akademi

പതാകകളാകുന്ന കൈകളെക്കൊണ്ടു തുടച്ചു മിനുക്കുന്നു.'' കവണാററിന്റെ കരയിൽ തണുപ്പു തീപ്പാൻവേണ്ടി വായും പിളന്നു വെയിലത്തുകിടക്കുന്ന അനേകം മുതലകളുണ്ടെന്നും അവയുടെ വായിലകപ്പെടാതെ സൂക്ഷിക്കണമെന്നുംകൂടി കവി സന്ദേശഹരനോടുപദേശിക്കുന്നു.

"ശീതാലുത്വാദ്വിവൃതവദനൈരാതപേ നക്രചക്രൈ-
സ്തീരം ഘോരം പരിഹര പുരസ്തത്ര കൌണീതടിന്യാഃ."

അതിനപ്പുറം സന്ദേശകാരൻ ഭ്രമരത്തെ കുമാരനല്ലൂർ ഗ്രാമത്തിലേക്കു നയിക്കുന്നു.

"ഗ്രാമം പുണ്യം ദ്വിജവരഗൃഹപ്രോച്ചലദ്ധോമധൂമ-
ശ്യാമം പശ്യ പ്രിയസഖ, പുനഃ ശ്രീകുമാരാഭിധാനം;
ജാതം യത്ര ക്ഷിതിസുരഗണം ബാലമേവാതിഹൃദ്യം
വിദ്യാസ്തന്യം സപദി ദദതീ വർദ്ധയത്യദ്രികന്യാ."

"ഗംഭീരാത്ഥസ്തബകസുഭഗേ സൂക്തിദാമന്യനാസ്ഥാ
മാഭൂദേഷാം ഭ്രമര, ഭവതോ മദ്വിധേയത്വരാഭിഃ;
സത്വോദ്രേകസ്ഫുരിതപരമാനന്ദസംവിദ്വിശേഷം
ഭുങ്‌ക്തേ ചിത്തേ രസമധുരധാരോ യസ്യ സാമാജികാനാം."

"പിന്നീടു് ബ്രാഹ്മണശ്രേഷ്ഠന്മാരുടെ ഇല്ലങ്ങളിൽനിന്നുച്ചലിക്കുന്ന ഹോമധൂമങ്ങളാൽ ശ്യാമളമായ കുമാരനല്ലൂരെന്ന പുണ്യഗ്രാമം ദശിക്കുക. അവിടെ ജനിക്കുന്ന നമ്പൂരി ഉണ്ണികളെ സാക്ഷാൽ ശ്രീപാവ്തീദേവി (ആ ഗ്രാമദേവത) തന്നെ വിദ്യാസ്തന്യം നൽകി വളത്തുന്നു. എന്റെ കായ്യം സാധിക്കുവാനുള്ള തിടുക്കംകൊണ്ടു്, അല്ലയോ വണ്ടേ, അവരുടെ ഗംഭീരാത്ഥങ്ങളാകുന്ന പൂങ്കൊത്തുകളെക്കൊണ്ടു സുഭഗമായുള്ള സൂക്തിമാലയിൽ നിനക്കു് അനാസ്ഥയുണ്ടാകരുതു്. ആ സൂക്തിമാലയിലെ രസമധുപ്രവാഹം സഭ്യന്മാരുടെ ഹൃദയത്തിൽ അനിവ്വചനീയമായ പരമാനന്ദത്തെ ഉളവാക്കുന്നു.'' ഇതിൽനിന്നു കുമാരനല്ലൂർക്കാരായ നമ്പൂരിമാക്കു് അക്കാലത്തുണ്ടായിരുന്ന സ്വധമ്മനിഷ്ഠയും ശാസ്ത്രവൈദുഷ്യവും കവനകുശലതയും വിദിതമാകുന്നു.

അനന്തരം അവിടത്തെ 'ദൂരീകൃതസുരരിപുവ്രാതദുവ്വാരഗവ്വ'യായ കാത്യായനീദേവിയെ നമസ്കരിച്ചിട്ടു ഭ്രമരം വടക്കുംകൂർ ഗോദവമ്മരാജാവിന്റെ നഗരിയിലേക്കു പോകണമെന്നു കവി ഉപദേശിക്കുന്നു.

Digitized By Kerala Sahitya Akademi

"ഇത്ഥം നത്വാ ഗിരിവരസുതാം ഗോദവൎമ്മക്ഷിതീന്ദോ-
രഗ്രേ സംഭാവയ പുരവരം പ്രസ്ഫുരദ്ധേമസാലം
യദ്ദുദ്ധേഷു ത്രുടിതവിമതസ്തോമകണ്ഠാന്ത്രമാലാ-
പ്രച്ഛന്നാശേഷ്വസിലതികയാ ദിദ്യുതേ വിദ്യുതേവ."

ഗോദവൎമ്മാവിന്റെ രാജധാനി സ്വൎണ്ണമയമായ പ്രാകാരത്തോടുകൂടിയതും അദ്ദേഹത്തിന്റെ കരാളമായ കരവാളം യുദ്ധഭൂമികളിൽ വധിക്കപ്പെട്ട ശത്രുക്കളുടെ കണ്ഠാന്ത്രമാലകൾകൊണ്ടു ദിക്കുകളെ മറച്ചു മിന്നൽപോലെ ശോഭിക്കുന്നതുമാണെന്നു ഗ്രന്ഥകാരൻ വൎണ്ണിക്കുന്നു. ഈ ഗോദവൎമ്മാവു വാസ്തവത്തിൽ ഒരു യശസ്വിയും രണശൂരനുമായിരുന്നു. അദ്ദേഹത്തെപ്പററി

"അയി ഗിരിവരകന്യേ! നിത്യമേതാവദേവ
പ്രണയവിവശഭാവസ്ത്വാവദഭ്യൎത്ഥയേഹം;
ജയതു ചിരമവന്യാം പ്രാപ്തനിശ്ശേഷശൎമ്മാ
വിദലിതരിപുമൎമ്മാ ഗോദവൎമ്മാ സുകൎമ്മാ."

എന്നും അദ്ദേഹത്തിന്റെ സുപ്രസിദ്ധമായ ഖഡ്ഗത്തെപ്പററി

"കൃപാണീയം ബിംബല്യധിപ! രണമത്താരിപടലീ-
ഗളോൽകൃത്തീഃ കൎത്ത്രീ, രുധിരകണസിക്തീ തവ ഭുജേ
ജഗദ്വ്യാഢാകാമീകബളനകണേഘാതകലനാ-
രസാത്താം കാൎത്താന്തീം പരമനസരീസൎത്തി രസനാം"

എന്നും മേല്പുത്തൂർ ഭട്ടതിരിപോലും മുക്തകണ്ഠമായ് പ്രശംസിച്ചിട്ടുണ്ട്.

"മതുമൊഴികൾമനോജ! വെല്ക, നീണാൾ
മതിതൊഴുമാനനബിംബ! രമ്യകീൎത്തേ!
ബുധപരഭൃതപാളികേളിതഞ്ചും
കുസുമിതകോമളചൂത! കോതവൎമ്മ!

ചാഞ്ഞീല ബാലഗതി കേവലമെങ്കിലും പോയ്
തേഞ്ഞൂ തുലോമഖിലവൈരിനൃപാലജാലം;
മാഞ്ഞീടുമന്ധതമസം ദിവി: ബാലസൂൎയ്യൻ
ചാഞ്ചാടുമവ്വളവിലും ബത ! കോതവൎമ്മ !

ഉടവാളുറയൂരി നീ കളിപ്പാൻ
പടനേരത്തൊരുനാൾത്തുനിഞ്ഞനേരം

Digitized By Kerala Sahitya Akademi

കടലായിതു കണ്ണുനീർ കനം വാ-
ത്തടലാർനാരികൾവീട്ട കോതവർമ്മ !

കോതവർമ്മനൃപ ! നീയൊഴിഞ്ഞെനി-
ക്കേതുമില്ലൊരവലംബമൂഴിമേൽ;
ചാതകത്തിനൊരു ബന്ധുവുള്ളതാ-
രാധി തീർപ്പതിനു മേഘമെന്നിയേ". *

ഇത്യാദി പല മണിപ്രവാളപദ്യങ്ങൾക്കും ആ രാജാവു വിഷയീഭവിച്ചിട്ടുണ്ട്. അതിനും പുറമേ അരുണഗിരികവിയുടെ ഗോദവർമ്മയശോഭൂഷണം എന്ന അലങ്കാരഗ്രന്ഥവും ഗോദവർമ്മാവിന്റെ അപദാനങ്ങളെ അധികരിച്ചു രചിച്ചിട്ടുള്ളതാണ്. അരുണഗിരിയുടെ ഗുരു വേങ്കടാദ്രിയും പിതാവു ശേഷാദ്രിയും ആയിരുന്നു. കൌണ്ഡിന്യഗോത്രജനായ ആ കവിയുടെ ഗ്രന്ഥാരംഭത്തിലുള്ള പ്രതിജ്ഞ

"വാണീപാണിസരോജശോണനഖരശ്രീകോണവീണാരവ-
ശ്രേണീനിർഭരമാധുരീരസലസദ്വേണീകിരോ യദ്ഗിരഃ
സോയം സൽകവിസമ്മതോരുണഗിരിഃ ശ്രീഗോദവർമ്മപ്രഭോ-
രത്ഥാലംകൃതിമദ്ഭുതാം വിതനുതേ ഹൃദ്യം യശോഭൂഷണം."

എന്നാകുന്നു.

"സ ജയതി രണസീമ്നി ഗോദവർമ്മാ
ത്രസദരിഭൂപഭുരാപദോഃപ്രതാപഃ;
വിലസതി വിയദങ്ഗണേ വിവസ്വാൻ
തനുരുചിവഞ്ചിതതാരകാപ്രപഞ്ചഃ.

നടന്മൃഡജടാടവീനികടഭൂലുഠജ്ജാഹ്നവീ-
വിനിഘ്നതിപടുത്ഥവിപ്രസരദുത്ഥകീർത്തിച്ഛടാ
വഹത്യവനിവജ്രിണഃ പ്രഥമഭൂധരോദിതാര-
പ്രസൃതാരരുചിസ്ഥിരപ്രചുരപൂർണ്ണചന്ദ്രശ്രിയം.

---

* 'വീണനേരത്തു നിന്നാണയിട്ടീടിനാ കൌണഭൂമീപതേ, കോതവർമ്മ ഭവാൻ' എന്ന് അവസാനിക്കുന്ന ഒരു പദ്യം ഇവയ്ക്കു മേൽ കാണുന്നതുകൊണ്ട് ഇവയെല്ലാം ഒരു തെക്കുംകൂർ രാജാവിനെ ഉദ്ദേശിച്ചായിരിക്കും എന്ന് ഊഹിക്കുന്നവരുമുണ്ട്. കൌണഭൂമിയിലെ ചില ഭാഗങ്ങൾ ചിലപ്പോൾ വടക്കുംകൂർ രാജാക്കന്മാർക്കും അധീനങ്ങളായിരുന്നു എന്നുള്ള വസ്തുത നാം ഓർമ്മിക്കേണ്ടതാകുന്നു.

Digitized By Kerala Sahitya Akademi

സമ്പൽസമഗ്രാ ഭുവി ഗോദവർമ്മ-
മഹീഭൃതാവുത്തരബിംബലീശേ
കീർത്ത്യാ പരം ഭാതി സമേത്യ നിത്യ-
മുദാരതാ സാഹസിതാ ച ധാമ്നാ."

ഇങ്ങനെ അനവധി പദ്യങ്ങൾ ഈ ഗ്രന്ഥത്തിൽ ഗോദവർമ്മ പ്രശസ്തിപരങ്ങളായുണ്ട്. ഗോദവർമ്മാവിൻെറ രാജധാനി ഏററുമാനൂരായിരുന്നു എങ്കിലും കവി നിർദ്ദേശിക്കുന്നതു് ആ രാജ്യത്തിൻെറ അപരാന്തസ്ഥമായ പെരുമ്പായിക്കാടോ മറേറാ ആയിരിക്കുമോ എന്നു ഞാൻ സംശയിക്കുന്നു. അവിടേയുള്ള പൂങ്കാവിനേയും ഒരു ചിറയേയും കവി സ്മരിക്കുന്നുണ്ടു്.

പിന്നെ ചെമ്പകശ്ശേരി രാജാവിൻെറ രാജധാനിയായ കടമാളൂരിനെ വർണ്ണിക്കുന്നു.

"അക്ഷ്ണോർമ്മാർഗ്ഗേ നിപതതി പുരാ രാജധാനീ തദാനീം
ദുർഗ്ഗാശ്ലേഷാദവിദിതഭയാ ദേവനാരായണസ്യ
യോമേദിന്യാമപി നിജകമർത്ഥാപയൻ നാമധേയം
കീർത്തിക്ഷീരാർണ്ണവജലമപാരം വിധായാധിശേതേ."

"പിന്നീടു് ദേവനാരായണൻെറ രാജധാനി നിൻെറ കണ്ണിൽപ്പെട്ടും. അതു ദുർഗ്ഗാശ്ലേഷംകൊണ്ടു് (കോട്ടയുള്ളതുകൊണ്ടു് എന്നും ദുർഗ്ഗാദേവി അധിവസിക്കുന്നതുകൊണ്ടു എന്നും) ഭയമറിയാത്ത ഒരു നഗരമാണ്. ദേവനാരായണനാകട്ടെ ഭൂമിയിലും തൻെറ നാമധേയത്തെ അന്വർത്ഥമാക്കിക്കൊണ്ടു താൻ നിർമ്മിച്ച പുകളാകുന്ന പാൽക്കടൽ വെള്ളത്തിൽ ശയിക്കുന്നു.

അനന്തരം രവിവർമ്മരാജാവിൻെറ ഭരണത്തിൽപ്പെട്ട ദേശത്തെ ദർശിക്കണമെന്നു കവി വണ്ടിനോടു പറയുന്നു. രവിവർമ്മാവു പക്ഷേ വടക്കുംകൂർ രാജാക്കന്മാരുടെ ഒരു ശാഖയിലെ മൂപ്പനായിരിക്കാം. ഈ രവിവർമ്മാവിനെപ്പററി

"നിൻ പടകൾകണ്ടുലകിലുമ്പർകലപാലൻ
കമ്പമകമേ കരുതി നൂതനമിദാനീം
കുംഭിവരമേറിയുടനോടി നടകൊണ്ടാൻ
ബിംബലമഹീതിലക! വീരരവിവർമ്മ!"

എന്നും മററും പ്രശസ്തിപദ്യങ്ങൾ കാണുന്നുണ്ടു്.

Digitized By Kerala Sahitya Akademi

"ദൃഷ്ട്വാ നന്ദിഷ്യസി ഫലഭരൈരാനതാം നാളികേര-
ശ്രേണീം ദേശാവനിഷു രവിവർമ്മപ്രതാപോജ്ജ്വലാസു
യാം പാഥോധിസ്ത്രിശിരമധുരം വാരി ദൃഷ്ട്വാ ദദാനാം
കോപാദുന്മൂലയിതുമുദധിർവ്വീചിഹസ്തൈർദ്ധുനോതി."

"ആ ദിക്കിൽ ഫലഭരങ്ങളെക്കൊണ്ട് ആനതങ്ങളായ് അനവധി തെങ്ങുകൾ നില്ക്കുന്നു; അവ വഴിപോക്കൎക്കു കുടിവെള്ളം കൊടുക്കുന്നതു കണ്ടു കുപിതമായ സമുദ്രം അവയെ താഴെ വീഴിക്കുന്നതിനായ് തിരക്കൈകൾകൊണ്ട് ഇളക്കുന്നു." വേമ്പനാട്ടുകായലിനു സമീപം നില്ക്കുന്ന തെങ്ങുകളെപ്പററിയായിരിക്കണം ഈ വൎണ്ണനം. ആ നഗരത്തിലുള്ള മഹാവിഷ്ണുവിനെ ഭ്രമരം ഭജിക്കണമെന്നും കവി പ്രാൎത്ഥിക്കുന്നുണ്ട്. നഗരമേതെന്നു നിശ്ചയിക്കുവാൻ മാൎഗ്ഗം കാണുന്നില്ല. ഒന്നിലധികം വിഷ്ണു ക്ഷേത്രങ്ങൾ വഴിക്കുണ്ട്.

സന്ദേശഹരൻെറ അടുത്ത താവളം വൈക്കമാണ്.

"വ്യാഘ്രക്ഷേത്രം ഭജ പശുപതേൎന്നൃത്തരങ്ഗം ദിനാന്തേ
യസ്മൈ നിത്യം രജതഗിരിരപ്യഭ്യസൂയത്യഭദ്രം
പ്രാദക്ഷിണ്യാച്ചലതി ഭസിതാലിപ്തഗാത്രേ ജനൗഘേ
യസ്മിന്നന്യസ്ഫടികരചിതോ ജംഗമോ ഭാതി സാലഃ."

"വൈക്കത്തേക്കു പോകുക; അവിടെയാകുന്നു ശിവൻെറ സായങ്കാലനൃത്തം; കൈലാസപൎവ്വതത്തിനുപോലും വൈക്കത്തോട് അനല്പമായ അസൂയയുണ്ട്. ഭസ്മഭൂഷിതരായ ഭക്തന്മാർ ആ ക്ഷേത്രത്തിൽ പ്രദക്ഷിണം വയ്ക്കുമ്പോൾ വേറെ ഒരു സ്ഫടികനിൎമ്മിതമായ ജംഗമപ്രാകാരം അവിടെ പരിസ്ഫുരിക്കുന്നുവോ എന്നു തോന്നും." ഈ ശ്ലോകത്തിലെ ജങ്ഗമസാലോല്ലേഖം മേല്പുത്തൂർ ഭട്ടതിരിയുടെ അഷ്ടമീപ്രബന്ധത്തിലെ

"ദിവാനിശം യത്ര ശശാങ്കമൗലേഃ
പ്രദക്ഷിണാന്യാദധതോ ജനൗഘാഃ
അസ്ഥിന്നരൂപേണ ഗതേന നിത്യം
വിതന്വതേ ജങ്ഗമസാലശങ്കാം."

എന്ന പദ്യത്തിൻെറ ഏകദേശാനുകരണമാണെന്നു പറയേണ്ടിയിരിക്കുന്നു. വാസുദേവൻെറ ആശയം മേല്പുത്തൂർ ചോരണം ചെയ്യുവാൻ ഇടയില്ലല്ലോ.

Digitized By Kerala Sahitya Akademi

വൈക്കത്തപ്പനെ വാഴ്ത്തുന്ന പദ്യങ്ങൾ ഗ്രന്ഥത്തിൽ പലതുമുണ്ടെങ്കിലും അവയിലൊന്നുമാത്രമുദ്ധരിക്കാം.

"ഭക്തേഷ്വത്യാദര,മഖിലലോകാർത്തിഹാരിത്വ,മന്തഃ-
സ്സിദ്ധേ ലോകേപി ച വിവശതാം, മാനമത്തേഷു രൌക്ഷ്യം,
മൂർദ്ധ്നാ കണ്ഠേന ച ഘനരുചാ വാമഭാഗേന ചാക്ഷ്ണാ
വ്യാചക്ഷാണം പ്രണമ ജഗദാനന്ദദം ചന്ദ്രമൌലിം."

"ഭക്തന്മാരിലുള്ള അത്യാദരത്തെ ബാലചന്ദ്രനെ ധരിക്കുന്ന ശിരസ്സിനാലും, സർവ്വലോകങ്ങൾക്കും താനത്രേ താപഹന്താവെന്നുള്ളതു മേഘനീലമായ കാളകൂടം അണിയുന്ന കഴുത്തിനാലും, പ്രിയജനത്തോടുള്ള പ്രേമപാരവശ്യം പാർവ്വതീദേവിക്കു നല്കിയ വാമഭാഗത്താലും, ഗർവ്വമത്തന്മാരായ അസുരന്മാരോടുള്ള ദ്വേഷം ത്രിപുരന്മാരെ ഭസ്മീകരിച്ച നെററിക്കണ്ണിനാലും വ്യക്തീകരിക്കുന്ന ജഗദാനന്ദകരനായ ശ്രീപരമേശ്വരനെ നീ നമസ്കരിക്കുക."

"തായ്വാ സിന്ധും സ്തദനുകുടിലാ ബിംബലീമാദധാത്രീ
സീമാ, രാമാകുചമലയജാമോദഭാരാഭിരാമാ,
മഗ്നോന്മഗ്നൈർവ്വദനകമലൈഃ കൌരവീണാം വധൂനാം
യാ ഹേമാംഭോരുഹവനവതീം സാർദ്ധുനീമുദ്ധുനീതേ."

എന്ന പദ്യത്തിൽ വടക്കെ അതിർത്തിയിൽ വളഞ്ഞൊഴുകുന്ന മുറിഞ്ഞപുഴയാറു (മൂവാററുപുഴയാറു) കടക്കുവാൻ കവി വണ്ടിനോടു പറയുന്നു. "കൌരവീണാം വധൂനാം" എന്നുള്ള പ്രസ്താവന കുരുനാട്ടിലെ സ്ത്രീകളെ ഉദ്ദേശിച്ചു ചെയ്യുന്നതാണ്. കുരുനാടു കൊച്ചിരാജാവു് ഒരു കാലത്തു പിടിച്ചടക്കിയതാണെന്നും അതു മലവാരംമുതൽ എറണാകുളംവരെ അഞ്ചിക്കൈമ്മൾ ഉൾപ്പെട്ട പ്രദേശത്തിന്റെ പേരാണ് എന്നും വിഷർ പറയുന്നു. "ഇത്ഥം നിയുക്തഃ കുരുഭൂമിഭർത്ത്രാ" എന്നു തെക്കൈലനാഥോദയത്തിൽ തന്റെ പുരസ്കർത്താവായ കൊച്ചി വീരകേരളവർമ്മമഹാരാജാവിനെ നീലകണ്ഠകവി സ്മരിക്കുന്നതും ഈ അവസരത്തിൽ പ്രസ്താവയോഗ്യമാണ്.

മുറിഞ്ഞപുഴ കടന്നാൽ ചെല്ലുന്നതു തൃപ്പൂണിത്തുറയാണ്.

"പൂർണ്ണത്രയ്യാം കമപി കമലാപുണ്യപൂരം സ്ഫുരന്തം
നത്വാ ദത്താഞ്ജലിരഭിമതം ദാപയിത്വാ ച യാഹി
ക്ഷേത്രേ യത്ര സ്ഫുരതി മഹിതേ സൂക്തിഗങ്ഗാതരങ്ഗ-
സ്തോമൈരാന്ദോളിതഹരജടാബാലചന്ദ്രഃ കവീന്ദ്രഃ."

5

Digitized By Kerala Sahitya Akademi

"തൃപ്പൂണിത്തുറയിൽ ചെന്നു മഹാവിഷ്ണുവിനെ തൊഴുതു വേണ്ട വഴിവാടുകളും കഴിച്ചിട്ടു പോകുക. ആ പ്രസിദ്ധമായ ക്ഷേത്രത്തിൽ തന്റെ സൂക്തിഗങ്ഗാതരങ്ഗങ്ങളെക്കൊണ്ടു ശ്രീപരമേശ്വരന്റെ ജടാലങ്കാരമായ ബാലചന്ദ്രനെ ഊഞ്ഞാലാടിക്കുന്ന ഒരു കവീന്ദ്രനുണ്ട്." ഈ കവീശ്വരൻ ചെല്ലൂർ മാഹാത്മ്യം, നാരായണീയം, തെക്കൈലനാഥോദയം ഈ പ്രസിദ്ധഭാഷാചമ്പുക്കളുടെ പ്രണേതാവായ നീലകണ്ഠൻനമ്പൂരിയായിരിക്കാമെന്നു തോന്നുന്നു. കൊല്ലം ൬൭൯ മുതൽ ൬൮൦ വരെ കൊച്ചിരാജ്യം ഭരിച്ച വീരകേരളവർമ്മമഹാരാജാവിന്റെ സേവകനായി ഈ കവി കുറെക്കാലം തൃപ്പൂണിത്തുറയിൽ താമസിച്ചിരുന്നു; ഇദ്ദേഹം അവിടത്തെ അനന്തരഗാമിയായി കൊല്ലം ൭൦൦-ാമാണ്ടു വരെ രാജ്യഭാരം ചെയ്ത രവിവർമ്മമഹാരാജാവിന്റെയും ആശ്രിതനായിരുന്നിരിക്കുക അസംഭാവ്യമല്ലല്ലോ. മേല്പുത്തൂർ ഭട്ടതിരി ഗോശ്രീനഗരവർണ്ണനചമ്പു രചിച്ച കാലത്തു കൊച്ചിരാജ്യം ഭരിച്ചിരുന്നതു വീരകേരളവർമ്മാവായിരുന്നു

അടുത്ത പദ്യത്തിൽ കവി ഗോശ്രീമഹാരാജാക്കന്മാരുടെ രാജധാനിയായ കൊച്ചി വർണ്ണിക്കുന്നു.

"പൌരസ്ത്യായാം കകുഭി പരിഖീഭൂതചൂർണ്ണീതരങ്ഗാ
ദൂരേ ദൃശ്യാ നഭസി നഗരീ രാജരാജക്ഷിതീന്ദോഃ
യോ ഭീമോപി പ്രധനസമയേഷ്വർജ്ജുനത്വം യശോഭി-
ന്നീതഃ കൃഷ്ണാമദധത കരേ ഖഡ്ഗവല്ലീം സുഭദ്രാം."

"അവിടെനിന്നു ദൂരെയായ്, പൊക്കത്തിൽ, കിഴക്കുവശത്തു പെരിയാറാകുന്ന കിടങ്ങോടുകൂടിയ രാജരാജന്റെ രാജധാനി നിനക്കു കാണാം; അദ്ദേഹം യുദ്ധസമയങ്ങളിൽ ഭീമൻ (ഭീമസേനനെന്നും ഭയങ്കരനെന്നും) ആണെങ്കിലും യശസ്സുകളെക്കൊണ്ടു് അർജ്ജുനൻ (മദ്ധ്യമപാണ്ഡവനെന്നും ശ്വേതനെന്നും) ആയ്ത്തീൎന്നു കൃഷ്ണയാകുന്ന ഖഡ്ഗവല്ലീരൂപയായ സുഭദ്രയെ (കറുത്തതും മങ്ഗലപ്രദവുമായ വാളിനെ) പാണിഗ്രഹണം ചെയ്തു (തൃക്കൈയ്യിൽ ഏന്തി). 'വാചാ യേഷാം ഭവതി നൃപതിന്നായകോ രാജ്യലക്ഷ്മ്യാഃ' എന്നു ശുകസന്ദേശകാരൻ വർണ്ണിക്കുന്ന ചേരമാൻപെരുമാക്കന്മാരുടെ അനന്തരവരാകയാൽ പിൻകാലങ്ങളിലും കവികൾ കൊച്ചി മഹാരാജാക്കന്മാരെ "രാജരാജ" പദം കൊണ്ടും "കേരളാധീശ" പദംകൊണ്ടും വിവക്ഷിച്ചിരുന്നു.

വീണ്ടും കൊച്ചിയെത്തന്നെ സന്ദേശകാരൻ വർണ്ണിക്കുന്നു.

Digitized By Kerala Sahitya Akademi

"മാടക്ഷ്മാഭൃദ്വരകുലപുരീം പശ്ചിമാംഭോധിതീരേ
ദൃഷ്ട്വാ നിഷ്ഠാപിതകനകസാലോപരുദ്ധാന്തരിക്ഷാം
യൽ കൈലാസേ യദപികലശാംഭോനിധൌ യച്ച നാകേ
ദൃഷ്ടഞ്ചിത്രം തദിഹ സഹസാ വിസ്മരിഷ്യത്യവശ്യം."

"പശ്ചിമസമുദ്രതീരത്തിൽ സ്വർണ്ണപ്രാകാരങ്ങളെക്കൊണ്ടു് ആകാശത്തെപ്പോലും ഉപരോധിക്കുന്ന കൊച്ചിരാജാക്കന്മാരുടെ കുലപുരി കാണുന്നവൻ കൈലാസത്തിലും പാല്ക്കടലിലും സ്വർഗ്ഗത്തിലും കണ്ട ആശ്ചര്യം മുഴുവൻ നിശ്ചയമായ് വിസ്മരിക്കും."

പിന്നീടു ചെല്ലേണ്ടതു തിരുവഞ്ചിക്കുളത്താണു്.

"തീരാരാമൈഃ ഫലഭരനമന്നാളികേരാഭിരാമൈ-
സ്തീർത്വാ ദേശാൻ കതിചന പുരഗ്രാമദുർഗ്ഗാനുകീർണ്ണാൻ
പ്രത്യാസന്നം ഭ്രമര,പുരതഃ പഞ്ചരങ്ഗാധിനാഥം
നത്വാ ദൂരേ പരിഹര മൃധേ തത്ര ഭീമാൻ ഖധൂപാൻ."

"യുദ്ധം തസ്മിൻ ദിനമനമഘാദ്വത്തതേ ശൈലസിന്ധു-
ക്ഷ്മാഭൃന്മാടക്ഷിതിരമണയോർവിക്രമോച്ചണ്ഡദോഷ്ണോഃ
യസ്മാദസ്ത്രോൽകരശകലിതാം ബിഭ്രതീ യൌധകോടിം
ദ്യൌരുദ്വിഗ്നാ വരണപടഖൈരനഹം രോദിതീവ."

"അവിടെനിന്നു ഫലഭരനമ്രങ്ങളായ നാളികേരവൃക്ഷങ്ങളെക്കൊണ്ടു ശോഭിക്കുന്ന സമുദ്രതീരത്തുള്ള പുരയിടങ്ങളിൽക്കൂടി ചില പുരങ്ങൾ, ഗ്രാമങ്ങൾ, കോട്ടകൾ ഇവ കടന്നു മുന്നോട്ടു പോയാൽ നിനക്കു് എതിരിൽ കാണുന്ന പഞ്ചരങ്ഗദേവനെ ഭജിക്കാം. അവിടെ പോക്കുളത്തിൽ വിടുന്ന ഭയങ്കരങ്ങളായ (ഖധൂപങ്ങൾ) ബാണങ്ങൾ ഏല്ക്കാതെ നോക്കണം." പഞ്ചരങ്ഗം അഞ്ചുകുളം അഥവാ അഞ്ചിക്കുളം. തിരുവഞ്ചിക്കുളത്തിനു കവി നല്കുന്ന പേർ ഇതാകുന്നു. അഞ്ചുകൈയ്യും അഞ്ചിക്കൈയ്യും ആകുന്നതുപോലെ അഞ്ചുകുളം അഞ്ചിക്കുളമാവാം. 'അഞ്ചൈക്കളത്തപ്പനേ' എന്നാണു് ആ ദേവനെ സുന്ദരമൂർത്തിനായനാർ വാഴ്ത്തുന്നതു്. അഞ്ചൈ എന്നാൽ അമ്മ. ശ്രീകുരുംബക്കാവിലെ ഭദ്രകാളി അവിടെ യുദ്ധകാലങ്ങളിൽ ഭൂതഗണങ്ങളോടുകൂടി താണ്ഡവമാടുന്നതായ് കവി അടുത്ത പദ്യത്തിൽ പ്രസ്താവിക്കുന്നു.

"അഗ്രേ വല്ഗൽപ്രമഥനികുരുംബാ കുരങ്ഗാധിനാഥാ
തത്രാദൂരേ വിഹരതി വനേ താണ്ഡവൈസ്സാന്ധ്യവേലൈഃ

Digitized By Kerala Sahitya Akademi

മത്താ രക്താംഭസി കരതലം താഡയന്ത്യോ ഹസന്ത്യോ
മഗ്നാ നഗ്നാസ്സമരധരണൌ തത്ര ദൃശ്യാഃ പിശാച്യഃ."

കോഴിക്കോട്ടും കൊച്ചിയും തമ്മിൽ അക്കാലത്തു കൊടുങ്ങല്ലൂരിൽ അതിഭയങ്കരമായ യുദ്ധം നടന്നുകൊണ്ടിരുന്നു. തിരുവഞ്ചിക്കുളത്തു ഉറ്റ ങ്ങളിൽനിന്നു മുഴങ്ങുന്ന പടഹരവം കേട്ടാൽ, മൃതന്മാരായ യോധന്മ രുടെ സമൂഹത്തെ ധരിക്കുകയാൽ ഉദ്വിഗ്നയായ ദ്രോവ് രോദിക്കുന്നു പോലെ തോന്നുമെന്നും ആ ഭടന്മാരുടെ രക്തധാരയിൽ പിശാചികാ മദിച്ചു കൈകൊട്ടിയാർത്തു നഗ്നകളായ് മുങ്ങുന്നതു കാണാമെന്നും മററു കവി "യുദ്ധം തസ്മിൻ" ഇത്യാദി പദ്യത്തിലും ഇതിലുമായ് വർണ്ണിക്കുന്ന വീരകേരളവർമ്മതമ്പുരാൻേറയും രവിവർമ്മതമ്പുരാൻേറയും വാഴ്ച്ക്കാല മുഴവനും അതിൽ പിന്നീട്ടും കോഴിക്കോട്ടും കൊച്ചിയും തമ്മിൽ നി ന്തരമായ് ശണ്ഠ നടന്നുകൊണ്ടിരുന്നു.

അടുത്ത താവളം തൃക്കണാമതിലകം ആണു്.

"താന്താമൃദ്ധിം ജനപദഗതാം നിർവ്വിശൻ മാർഗ്ഗവേഗ-
ശ്രാന്താം കാന്താമതിമൃദുലയാ വീജയൻ പക്ഷപാള്യാ
മാദ്ധ്വീം കുഞ്ജേഷ്വതിമൃദു പിബൻ പായയൻ ഗാഹിതാസേ
യുദ്ധോദ്ഘുഷ്ടാം സപദി ഗുണകാം മാടധാത്രീന്ദ്രഗുപ്താം.

തസ്യാം സ്ഫോടസ്ഫുടിതഗുളികാവർഷിദിങ്മണ്ഡലായാം
ത്വയ്യുൽക്രുജത്യുദിതഗമനേ നിഷ്പതത്യംബരേണ
താമപ്യേകേ ഝടിതി ഗുളികാം ത്വാപുഷീമാപതന്തീം
മത്വാ ലീനാശ്ചകിതമവനൌ ഹാസ്യതാം ദർശയേയുഃ."

"അതാതു ഗ്രാമങ്ങളിൽനിന്നുള്ള സൽക്കാരസമ്പത്തു സ്വീകരി ച്ചു ചിറകുകൊണ്ടു പ്രിയതമയുടെ മാർഗ്ഗശ്രമം നീക്കി വള്ളിക്കുടിലുകളിൽ പൂന്തേനുണ്ടും ഊട്ടിയും പോയാൽ കൊച്ചി മഹാരാജാവിനാൽ ഗു പ്തയായ ഗുണകയിൽ (തൃക്കണാമതിലകത്തിൽ) നിനക്കു ചെല്ലാം. അ വിടെ പോക്കളത്തിൽ അനവധി വെടിയുണ്ടകൾ പൊട്ടിപ്പായുന്നുണ്ട കും. നീ മുരണ്ടുകൊണ്ടു് ആകാശത്തിൽക്കൂടി വേഗത്തിൽ പറക്കുന്ന തുകണ്ടു ചിലർ ഈയുണ്ടയാണു് വന്നു വീഴുന്നതെന്നു കരുതി ത യിൽ പേടിച്ചു പററിക്കിടന്നു തദ്വാരാ കാണികൾക്കു ഹാസത്തെ ള്ളി വാക്കും." മതിലകം അന്നത്തെ ഒരു വലിയ യുദ്ധരംഗമായിരുന്നു കൊല്ലം ൬൮൦-ൽ സാമൂതിരിപ്പാട്ടിലേ സേനാനിയായ ഇട്ടിക്കുമാരമേ നോനെ വെട്ടിക്കൊന്നു വീരകേരളവർമ്മതമ്പുരാൻ ആ സ്ഥലം കൊച്ചി

Digitized By Kerala Sahitya Akademi

ക്കു വീണ്ടും അധീനമാക്കി. അതുകൊണ്ടാണ് 'മാടധാത്രീന്ദ്രഗുപ്താം' എന്നു കവി 'ഗുണക'യെ വർണ്ണിക്കുന്നതു്. മതിലകം അങ്ങാടി കൊല്ലം ൮൦൨-ൽ രവിവർമ്മതമ്പുരാന്റെ അനന്തരഗാമി വെട്ടിപ്പിടിച്ചു. 'ഗുണകാനാഥ ഇത്യൂഢകീർത്തിഃ' എന്ന് അവിടത്തേ ശ്രീപരമേശ്വരനെ ശുകസന്ദേശകാരനും സ്തുതിക്കുന്നു. മേല്പുത്തൂർ നാരായണഭട്ടതിരി കൊച്ചി സന്ദർശിച്ചകാലത്തു വീരകേരളവർമ്മ തമ്പുരാൻ തൃക്കണാമതിലകത്തായിരുന്നു. അദ്ദേഹത്തിന്റെ അപദാനങ്ങളെ ഭട്ടതിരി താഴെക്കാണുന്ന ശ്ലോകങ്ങളിൽ പ്രശംസിക്കുന്നു.

"ഗുണപുരസീമ്നി വസന്തം
ശൃണുമോ മാടേശ്വരം പുരൈവ വയം;
അദ്യ തു വിലോകയാമ-
സ്ത്വമിമം ഗുണപൂരസീമ്നി വിലസന്തം.

പുരാ തേ കന്ദർപ്പപ്രമഥന, പുരാണേഷു ശൃണുമോ
മഹാസേനാസക്തിം സതതമപി ദുർഗ്ഗാനുസരണം;
ഇദാനീം വിസ്പഷ്ടം ദ്വിതയമപി തന്മാടനൃവര
സ്ഫുരത്സേനാദുർഗ്ഗേ ഗുണപുരനികേതേ നിവസതഃ."

"കൊച്ചി മഹാരാജാവിനെ ഗുണപുരസീമാവിൽ (തൃക്കണാമതിലകത്തിന്റെ അതിർത്തിയിൽ) വസിക്കുന്നതായ് ഞങ്ങൾ മുമ്പു കേട്ടിട്ടുണ്ട്; അടുത്തു വന്നപ്പോൾ ഗുണപുരസീമാവിലല്ല ഗുണപൂരസീമാവിലാണ് (ഗുണഗണത്തിന്റെ പരമകാഷ്ഠയിലാണ്) അദ്ദേഹം വസിക്കുന്നതെന്നു കാണ്മാനിടവന്നു. അല്ലയോ കന്ദർപ്പപ്രമഥന, (ശിവനെന്നും മന്മഥസുന്ദരനായ രാജാവെന്നും) അങ്ങേയ്ക്കു് എല്ലായ്പ്പോഴും മഹാസേനാസക്തിയും (സുബ്രഹ്മണ്യങ്കൽ വാത്സല്യം) ദുർഗ്ഗാനുസരണവും (പാർവതീദേവിയുടെ അനുസരണം) ഉണ്ടെന്നു ഞങ്ങൾ പുരാണങ്ങളിൽനിന്നു പഠിച്ചിട്ടുണ്ട്. സേനകളോടും ദുർഗ്ഗങ്ങളോടും കൂടി സ്ഫുരിക്കുന്ന തൃക്കണാമതിലകത്തു വസിക്കുന്ന അങ്ങയിൽ ഇവ രണ്ടും സ്പഷ്ടമായ് (മഹാരാജാവിൽ) ഞങ്ങൾ കാണുന്നു. രാജപക്ഷത്തിൽ 'മാടനൃവര' എന്നു പദച്ഛേദം ചെയ്യണം.

കൊച്ചി മഹാരാജാവ് അന്നു യുദ്ധസന്നദ്ധനായ് മതിലകത്തുതന്നെയുണ്ടായിരിക്കുമെന്നാണ് കവി ഊഹിക്കുന്നതു്.

"ഏകന്നത്വാ ഹിമഗിരിസുതാനേത്രലൌഹിത്യസന്ധ്യാ-
ലോകം ധാമ സ്തുതിഭിരുപതിഷ്ഠസ്വ തിഷ്ഠന്നുപാന്തേ;

Digitized By Kerala Sahitya Akademi

താവന്നന്തും സവിധമയതഃ കേരളേന്ദ്രസ്യ രാജ്ഞോ
രൂപച്ഛായാം പിബസി യദി തേ ചക്ഷുഷീ പൂർണ്ണപുണ്യേ".

"അവിടെ ശ്രീപരമേശ്വരനെ നമസ്കരിച്ചു സമീപത്തിൽ ഉപവസിച്ചുകൊണ്ടിരുന്നാൽ കേരളരാജാവു (മാടഭൂപൻ) തൊഴാൻ വരുന്നതും അപ്പോൾ അവിടുത്തെ ദേഹകാന്തിയെ നിനക്കു പാനം ചെയ്യാവുന്നതും തന്മൂലം നിന്റെ നേത്രങ്ങൾ പൂർണ്ണപുണ്യങ്ങളാകുന്നതുമാണ്."

പിന്നീടു തരണംചെയ്യേണ്ട നഗരം ഇരിങ്ങാലക്കുടയാണ്. അവിടത്തെ ദേവനായ മുകുന്ദനെ വന്ദിക്കണമെന്നു കവി താഴെ ഉദ്ധരിക്കുന്ന പദ്യത്തിൽ ഉപദേശിക്കുന്നു.

"പാത്രം ലക്ഷ്മ്യാ മധുകര, തതസ്സങ്ഗമഗ്രാമനാമ
ക്ഷേത്രം ഗച്ഛ പ്രചുരദുരിതധ്വംസി കംസാന്തകസ്യ
സ്വാമിപ്രേമ്ണാ കലശജലധേർവ്വീചിമാലേവ ലഗ്നാ
യസ്യ പ്രസ്ഫാരയതി വിഭവം സാ കലീപിന്യപാന്തേ." '

വിഷ്ണുഭക്തി നിമിത്തം സമുദ്രത്തിന്റെ തിരമാലപോലെ കലീപിനി (ഇരിങ്ങാലക്കുടച്ചിറ) ആ നഗരത്തിന്റെ ഐശ്വര്യത്തെ വർദ്ധിപ്പിക്കുന്നുവത്രേ. മുകുന്ദപുരം എന്നു് ആ കോവിലകത്തുംവാതിലിനു പേർ വന്നതുതന്നെ കൂടൽമാണിക്യമായ മുകുന്ദനിൽനിന്നാണെന്നു പറയേണ്ടതില്ലല്ലൊ.

അനന്തരം ഊരകത്തുചെന്നു ഭഗവതിയെ ഭജിച്ചുകൊണ്ടു് അവിടെനിന്നു തൃശ്ശിവപേരൂർക്കു പോകണമെന്നു കവി വണ്ടിനോടു പറയുന്നു.

"ഇത്ഥം ഗായന്നഥ വലയഗേഹാധിനാഥാം ഭജേഥാ-
ഭക്ത്യാ ഗത്വാ കനകനികഷസ്നിഗ്ദ്ധവർണ്ണാമപർണ്ണാം
സ്തുത്വാ ചൈനാമുദിതകരുണാപൂരപീയൂഷവൃഷ്ട്യാ
ദൃഷ്ട്യാ തസ്യാഃ സ്ഫുടമനുമതോ യാഹി പുണ്യം വൃഷാദ്രിം."

ഊരകത്തമ്മ തിരുവടിയെത്തൊഴുതു് ആ ദേവിയുടെ കാരുണ്യാമൃതം പൊഴിക്കുന്ന ദൃഷ്ടികൊണ്ടുള്ള അനുമതി ലഭിച്ചതിനുമേൽ വേണം നീ തൃശ്ശിവപേരൂർക്കു പോകുവാൻ."

വടക്കുന്നാഥന്റെ അവസ്ഥ കവി താഴെക്കാണുന്ന വിധത്തിൽ വർണ്ണിക്കുന്നു.

"ലങ്കാഭർത്തുർഭുജബലഭരോന്മൂലിതം സാന്ധ്യനൃത്തേ
നിത്യം ശൈലം നിജമുദകയാനോപമാനം വിഭാവ്യ

Digitized By Kerala Sahitya Akademi

നിർവ്വിണ്ണോസ്മാദഥ വിചലിതസ്സപ്രിയാപുത്രമിത്രോ
യസ്മിൻ വാസം കലയതി സുഖേനൈവ സോമാർദ്ധധാരീ."

രാവണൻ പണ്ടിളക്കിയ കൈലാസം തൻെറ സന്ധ്യാനൃത്ത വേളയിൽ വെള്ളത്തിൻെറ മേൽ നില്ക്കുന്ന തോണിപോലെ (ഉറപ്പില്ലാത്തതായ്) കണ്ടു വിരക്തനായ് അവിടെനിന്നു ഭാര്യ, മക്കൾ, സ്നേഹിതന്മാർ ഇവരോടുകൂടി തൃശ്ശിവപേരൂർ വന്നു ഭഗവാൻ ചന്ദ്രശേഖരൻ സുഖമായ് താമസിക്കുന്നു. "വിശ്ലേഷാത്തിപ്രസരമവിദന്തൌ മിളന്തൌ ഭവന്തൌ" എന്നു് അടുത്ത പദ്യത്തിൽ പാർവ്വതീപരമേശ്വരന്മാരെ കവി സ്തുതിക്കുന്നതു് ഏററവും സന്ദർഭോചിതമായിട്ടുണ്ടു്.

പിന്നീടു സന്ദേശഹരൻ ചെന്നുപറേറണ്ടതു ഗുരുവായൂരിലാണു്.

"ഇത്ഥം നത്വാ ഭുവനപിതരൌ തൌ സമാമന്ത്ര്യ തസ്മാ-
ദസ്മൽപ്രാണപ്രിയസഖ, സമീരാലയം ശീലയേഥാഃ
യസ്മിൻ ദേവഃ സ്വയമപി മഹാപാവനഃ പാവനാനാ-
മാതങ്കാനാമുപശമയിതാ ഭാസതേ വാസുദേവഃ."

അവിടത്തെ വാസുദേവമൂർത്തി താൻ ഏററവും പാവനനാണെന്നുള്ളതിനു പുറമെ പാവനങ്ങളായ (വാതസംബന്ധമായുള്ള) രോഗങ്ങളെ ശമിപ്പിക്കുന്നവനുമാണു്.

"ലക്ഷ്മീമന്ദസ്മിതമുരരിപുശ്രീകടാക്ഷാഞ്ചലാഢ്യേ
മുഖ്യേ ഗംഗാസവിതൃസുതയോസ്സംഗമേ മഗ്നമൂർത്തിഃ
ശാന്തശ്രാന്തിർദ്ദിനപരിണതൌ ദേവമേവം ത്രിലോകീ-
നാഥം ഗാഢേതരമഹിമപാഥോധിമാരാധയേഥാഃ."

മഹാലക്ഷ്മിയുടെ മന്ദസ്മിതമാകുന്ന ഗംഗയുടേയും മഹാവിഷ്ണുവിൻെറ കടാക്ഷമാകുന്ന കാളിന്ദിയുടേയും സംഗമസ്ഥലമായ അവിടെ ഭ്രമരം തീർത്ഥസ്നാനം ചെയ്തു സന്ധ്യാകാലത്തിൽ ഭഗവാനെ താഴെക്കാണുന്ന വിധത്തിൽ സ്തുതിക്കണമെന്നു കവി ഉപദേശിക്കുന്നു.

"വക്ത്രേണേന്ദോരധരമഹസാ കൌസ്തുഭസ്യാമൃതസ്യ
സ്നിഗ്ദ്ധൈഃ ഹാസൈരപി ച വിഭവം മുഷ്ണതീമംബുരാശിഃ
ദൃഷ്ട്വാ കന്യാം കില നിജകുലദ്വേഷിണീം ചൌര്യശീലാം
തുഭ്യം കംസാന്തക! ദധിപയശ്ചോര! ദത്വാ കൃതാർത്ഥഃ."

"സമുദ്രരാജാവിനു ലക്ഷ്മീദേവി എന്നൊരു മകളുണ്ടായി. അവൾ മുഖംകൊണ്ടു ചന്ദ്രൻേറയും അധരകാന്തികൊണ്ടു കൌസ്തുഭത്തിൻേറ

Digitized By Kerala Sahitya Akademi

യും സ്നിഗ്ദ്ധമായ മന്ദഹാസംകൊണ്ട് അമൃതിൻേറയും വിഭവത്തെ മേ ഷ്ടിച്ചുവന്നു. ഈ മൂന്നും തൻെറ സന്താനങ്ങളാണ്. തന്നിമിത്തം അ വാം മോഷണക്കാരിയെന്നുള്ളതിനു പുറമേ കുടുംബത്തെ ദ്രോഹിക്കുന്നവ ളുമായി. അങ്ങനേയുള്ള ഒരുത്തിയെ വേളികഴിച്ചുംകൊടുക്കുവാൻ ചങ്ക യ്ക്കൂററ കൂട വേണ്ടേ? ആ ദൃഷ്ടിയോടുകൂടി നോക്കിയപ്പോരം അല്ലയോ വാസുദേവ, അങ്ങൊരാളുണ്ട്. അമ്മാവനായ കംസനെക്കൊന്നവനായു തൈരും പാലും കക്കുക തൊഴിലായ്ത്തീൎന്നവനായും. കൊള്ളാമെന്ന് തീൎച്ചപ്പെടുത്തി അങ്ങേയ്ക്കു തൻെറ ആ കന്യകയെ നൽകി സമുദ്ര ജാവു ചരിതാർത്ഥനായി പോലും. ഒരൊന്നാന്തരം ശ്ലോകം.

ഗുരുവായൂർ കടന്ന് ആഴ്വാഞ്ചേരിമനയ്ക്കലേക്കു പോകണം.

"ഏവം ദേവം നതിഭിരഭിവന്ദ്യാച്യുതം ദിശ്യുദീച്യാം
ഗത്വാ ദ്രഷ്ട്യാ കലയ നിലയം നേത്രനാരായണസ്യ
സാധുഗ്രാമപ്രഥിതവിഭവാം ശുദ്ധവൎണ്ണാനുഷക്താം
ധത്തേ വൃത്തിം ശ്രുതിപരിചിതാം ഗീതവിദ്യാമിവാസൌ."

(നേത്രനാരായണൻ) ആഴ്വാഞ്ചേരി തമ്പ്രാക്കരം സ്വീകരിച്ചു രുന്ന ശ്രൌതവൃത്തി ഗാനവിദ്യപോലെയുള്ളതാണ്. 'ഗ്രാമം' 'വൎണ്ണ 'ശ്രുതി' ഈ പദങ്ങരം ശ്ലിഷ്ടരൂപത്തിൽ കവി മേലുദ്ധരിച്ച പദ്യത്തി പ്രയോഗിക്കുന്നു. "ദേശാൻ പൂതാൻ പത ഗുണഗണൈൎന്നേത്രനാരാ ണീയൈഃ" എന്ന പ്രസ്താവനയിൽ കോകിലസന്ദേശത്തിൽ ഉദ്ദണ്ഡശ സ്ത്രികളും തമ്പ്രാക്കളെ സ്തുതിക്കുന്നുണ്ട്.

മുക്കോലയ്ക്കലാണു പിന്നീടു ചെല്ലേണ്ടതു്. ആ സ്ഥലത്തിൻെ അപദാനങ്ങളെ കവി താഴെ കാണുന്ന വിധത്തിൽ കീൎത്തനം ചെ യ്യുന്നു.

"പ്രാഗപന്ദസഖ പ്രിയസഖ, ലതാം മുക്തദേശാലവാലാ-
ദുദ്ഗച്ഛന്തീം പുരരിപുകടാക്ഷാളിമാലൈകഭോഗ്യാം
അഗ്രേ യസ്യാം മുഹുരവനമൻ ഭക്തലോകഃ ഫലാനി
പ്രത്യഗ്രാണി സ്ഫുടമപചിനോത്യുച്ചകൈരുജ്ജ്വലാനി.

ഭങ്ഗ്യാ വ്യങ്ഗ്യാദ്ധ്വനി പരിചിതാൻ ബാല്യനിഷ്പന്നശബ്ദ-
ബ്രഹ്മോല്ലാസാനപചിതകഥാനൃത്തഗീതാദിബോധാൻ
നാനാസൂക്തിപ്രകരമുഖരാൻ ഭാരതീകല്പവല്ലീ-
ബാലോപഘ്നാനിവ സുമനസസ്തത്ര സംഭാവയേഥാഃ."

Digitized By Kerala Sahitya Akademi

"മുക്തിപ്രദേശം (മുക്കോല) ആകുന്ന തടത്തിൽനിന്നുയരുന്നതും ശ്രീപരമേശ്വരൻെറ കടക്കൺവണ്ടിണ്ടയാൽ മാത്രം ഉപഭോഗ്യവുമായ ലതയേ (പാർവ്വതിയേ) നീ വന്ദിക്കണം. ആ ലതയുടെ മുമ്പാകെ നമിക്കുന്ന ഭക്തന്മാർ ഉച്ചത്തിൽ ഉജ്ജ്വലിക്കുന്ന പുതിയ ഫലങ്ങൾ (അപവർഗ്ഗാദികളെ) പറിക്കുന്നതിനു ശക്തരാകുന്നു." രണ്ടാമത്തെ ശ്ലോകം അവിടെയുള്ള പണ്ഡിതന്മാരെപ്പററിയുള്ള മുക്തകണ്ഠമായ പ്രശംസയാകുന്നു.

അതു കഴിഞ്ഞു ഭാരതപ്പുഴ കടക്കണം.

"പുഷ്യച്ചൂതപ്രകരകലികാസൌരഭീവാസിതാശാൻ
ദേശാനസ്മാദഥ വിചലിതസ്ഥാനയേ ! മാനയേഥാഃ
അഗ്രേഭാവിന്യഥ തവ നിളാലംബിതാ സിന്ധുവീചീ
നീലക്ഷൌമാംബരപരിസരേ ഹാരവല്ലീവ ഭൂമേഃ."

"പിന്നീടു മാവിൻപൂവിൻെറ മണത്തോടുകൂടിയ ചില പ്രദേശങ്ങൾ നീ കടന്നുചെല്ലുമ്പോൾ ഭൂദേവി സമുദ്രവീചിയാകുന്ന നീലപ്പട്ടിൻെറ പരിസരത്തിൽ ധരിക്കുന്ന മുത്തുമാലപോലെ ശോഭിക്കുന്ന ഭാരതപ്പുഴ നിൻെറ മുൻപിൽ ആവിർഭവിക്കും." ആ പുഴയിൽ വൈകുന്നേരം കുളിക്കുന്ന സുന്ദരിമാരുടെ പോക്കുവെയിൽ തട്ടുന്ന കുചങ്ങളിൽ പ്രതിബിംബിക്കുമ്പോൾ കനകകലശങ്ങളിൽ നീലരത്നംപോലെ ആ ഭൃംഗം ശോഭിക്കുമെന്നും പുഴയുടെ അടിക്ക് അതിൻെറ പ്രതിബിംബം കാണുമ്പോൾ മാർത്തട്ടിൽനിന്നു മരതകമാല പൊട്ടിവീണുവോ എന്നു ശങ്കിച്ചു കാമുകന്മാരോടുകൂടി ക്രീഡിക്കുന്ന നായികമാർ രത്നാന്വേഷണം തുടങ്ങുമെന്നും കവി ഉല്ലേഖനം ചെയ്യുന്നു.

ആ ശ്ലോകങ്ങളാണ് ചുവടെ ഉദ്ധരിക്കുന്നതു്.

"തത്ര സ്ത്രീണാം ദിവസവിരതിസ്നാനധൌതാംബരാണാ-
മുത്തീർണ്ണാനാം ജഘനപുളിനാസക്തസൂക്ഷ്മാംബരാണാം
ഭാനുച്ഛായാപ്രണയിനി കുചേ ലംബിതാത്മാ മുഹൂർത്തം
ധത്താസി ത്വം കനകകലശീനീലരത്നോപമാനം."

"കാന്തൈസ്സാകം പികമൃദുഗിരസ്തത്ര സംക്രീഡമാനാഃ
പശ്യന്ത്യസ്ത്വാം പവനചലിതം ബിംബിതം വീചിജാലേ
ഛിന്നസ്രസ്തം മരകതമണീദാമ വക്ഷോരുഹാദി-
ത്യുദ്ഭ്രാമ്യന്ത്യസ്സലിലകുഹരേ ഹസ്തമാവർത്തയേയുഃ."



Digitized By Kerala Sahitya Akademi

**അതു കഴിഞ്ഞാൽ ദൂതൻ തിരുനാവായിൽ എത്തുകയായി.**

"ക്ഷേത്രദ്വന്ദ്വം പുരമുരഭിദോർദക്ഷിണേ ഭാതി കൂലേ;
നാവാക്ഷേത്രം സുമഹിതമുദക്തീരദേശേ നിളായാഃ;
മുക്ത്വാംഭോധിം വിഹരതി ദയാംഭോനിധിര്യത്ര ദേവോ
വിഷ്ണുഃ കോഷ്ണേ കുചകലശയോരന്തരാളേ രമായാഃ."

"ശിവൻേറയും വിഷ്ണുവിൻേറയും ക്ഷേത്രങ്ങൾ പുഴയുടെ തെക്കേക്കരയിലുണ്ടു്. തിരുനാവാക്ഷേത്രമാകട്ടെ വടക്കേക്കരയിലാണു് സ്ഥിതി ചെയ്യുന്നതു്. അവിടെ കരുണാനിധിയായ മഹാവിഷ്ണു സമുദ്രത്തെ വിട്ടിട്ടു ലക്ഷ്മീസഹിതനായു് വിലസുന്നു." അവിടത്തെ ദേവനെ കവി വീണ്ടു താഴെ ചേക്കുന്ന പദ്യത്തിൽ സ്തുതിക്കുന്നു.

"തൽ പശ്യാപ്തം ഭവതി ഭവതസ്താദൃശസ്യൈവ ദേവ,
പ്രേമ്ണാ യത്ത്വം വഹസി ഭഗവൻ, വക്ഷസൈവ പ്രിയാം തേ;
അർദ്ധം ദത്വാ വപുരലമവിശ്ലേഷലോഭാൽ പ്രിയായൈ
ഖിന്നശ്ശംഭുർമ്മനസി മനുതേ ഭാഗ്യവന്തം ഭവന്തം."

"അങ്ങു പ്രിയതമയെ വക്ഷസ്സുകൊണ്ടു വഹിക്കുന്നുവല്ലോ ഭഗവാനേ; അതുതന്നേയാകുന്നു അപ്രകാരമുള്ള ഒരാളുടെ പ്രേമത്തിനു പര്യാപ്തമായിട്ടുള്ളതു്. പ്രാണനാഥയുമായു് ഒരിക്കലും പിരിയാതെയിരിക്കുന്നതിനു വേണ്ടി ദേഹത്തിൽ പാതി ദാനം ചെയ്ത ശ്രീപരമേശ്വരൻ ഖിന്നനായു് അങ്ങയെത്തന്നെ ഭാഗ്യവാനാണെന്നു പരിഗണിക്കുന്നു."

"നാവാക്ഷേത്രപ്രണയി രമയാക്രാന്തദോർമ്മദ്ധ്യമാസ്തേ
കൂലേ യസ്യാഃ കുവലയദളശ്യാമളം ധാമ കിഞ്ചിൽ."

എന്നു് ഉദ്ദണ്ഡശാസ്ത്രികൾ കോകിലസന്ദേശത്തിൽ ചെയ്യുന്ന വർണ്ണനവും ഇതിന് അനുരൂപമായിരിക്കുന്നു. മഹാലക്ഷ്മിക്കു ശ്രീനാരായണൻ പ്രത്യക്ഷീഭവിച്ച പുണ്യസ്ഥലമാണു് തിരുനാവാ എന്നു വൈഷ്ണവസമ്പ്രദായഗ്രന്ഥങ്ങളിൽ കാണുന്നതു് ഇവിടെ സ്മർത്തവ്യമാണു്.

അനന്തരം കവി വണ്ടിനെ അവിടെയുള്ള സാമൂതിരിപ്പാട്ടിലെ മാമാങ്കത്തറ കാണ്മാൻ ഉപദേശിക്കുന്നു.

"ഇത്ഥം ഗീതം പരിമൃദു വിധായാങ്ഘ്രിപങ്കേരുഹാഭ്യാം
നത്വാ രൂപം നവജലധരശ്യാമമന്തർന്നിധായ
തസ്യോപാന്താദഥ വിചലിതഃ പശ്യ ശൈലാബ്ധിനേതു-
ർദ്ദിവ്യസ്ഥാനം പ്രചുരതനുഭൃച്ചക്ഷുഷാമേകലക്ഷ്യം."

Digitized By Kerala Sahitya Akademi

ദർശനീയമായ ഒരു ദിവ്യസ്ഥാനം തന്നെയായിരുന്നു ശൈലാബ്ധീശ്വരൻ പെരുനില നിന്നുവന്ന ആ മണിത്തറ.

അതു കഴിഞ്ഞു തൃക്കണ്ടിയൂർ അച്യുതപ്പിഷാരടിയേയും മേൽപുത്തൂർ നാരായണഭട്ടതിരിയേയും കവി സ്മരിക്കുന്നതു മുൻപു പ്രസ്താവിച്ചുകഴിഞ്ഞുവല്ലോ. അന്നു മാമാങ്കം ഘോഷിക്കുവാൻ സാമൂതിരിപ്പാടു തൃക്കണ്ടിയൂരിൽ എത്തിയിരുന്നു. ഈ വസ്തുത

"യസ്മിൻ വിസ്മാപിതഭുജബലപ്രക്രമോ വിക്രമക്ഷ്മാ-
ബന്ധുസ്സിന്ധുപ്രതിഭടചമൂചക്രവിക്രാന്തലോകഃ
നാനാദേശോച്ചലിതസുമനോവൃന്ദസാനന്ദദത്ത-
ശ്ലാഘോ മാഘോത്സവമുപവിശംസ്തിഷ്ഠതേ ദുഷ്ടഹന്താ."

എന്നു കവി അദ്ദേഹത്തിന്റെ കീർത്തിയേ പ്രശംസിക്കുന്നതിൽ നിന്നു നമുക്കു ഗ്രഹിക്കാം. ഇതു കൊല്ലം ൫൬൦-ൽ ആയിരിക്കണമെന്നു മുൻപു പറഞ്ഞുകഴിഞ്ഞു.

വള്ളുവനാട്ടിൽ പണ്ടു ബ്രാഹ്മണോത്തമന്മാരുടെ ഒരു ഗ്രാമം കടന്നുപോകേണ്ടതുണ്ടു്.

"തത്ര ശ്യാമാചികുരസദൃശേ മൂർച്ഛതി ധ്വാന്തപുഞ്ജേ
ദേശസ്ത്രേതായജനവിസരജ്ജോമധൂമാഭിരാമഃ
ദ്രാഗുല്ലംഘ്യോ ധരണിമരുതാമാലയഃ; സേവ്യസേവാ-
ലോപോലോകേ ന പരമപരാധായ കാലാതിപാതഃ."

"ത്രേതാഗ്നിയുടെ ഹോമധൂമംകൊണ്ടു ശോഭിക്കുന്ന (ധരണിമരുത്തുകൾ) ബ്രാഹ്മണരുടെ ഗൃഹങ്ങൾ നീ രാത്രിയുടെ കൃന്തൽപോലെയുള്ള കൂരിരുട്ടു നിറയുമ്പോൾതന്നെ കടക്കണം. സേവ്യസേവാലോപമല്ല; അതിലധികം അപരാധമായിത്തീരുന്നതു കാലാതിപാതമാണല്ലൊ." അതു കഴിഞ്ഞാൽ തന്റെ പ്രേയസിയുടെ 'മുഖപരിമളാസാരചോര'ങ്ങളായ സമീരങ്ങൾ ദൂതനെ പ്രത്യുൽഗമിക്കുന്നതാണെന്നു കവി പറയുന്നു.

ഉത്തരസന്ദേശത്തിൽ ചരിത്രസംബന്ധമായ വിഷയം അധികമില്ല. നായിക അധിവസിക്കുന്ന പുരത്തിന്റെ ഉജ്ജ്വലമായ വർണ്ണനത്തിനിടയിൽ അവിടത്തെ ഇടപ്രഭുവായ 'കൃഷ്ണഗോവിന്ദൻ' എന്നൊരാളെ കവി സ്മരിക്കുന്നുണ്ടു്.

Digitized By Kerala Sahitya Akademi

"യസ്യാന്നാരായണമുപഗതം കൃഷ്ണഗോവിന്ദനാമ്നാ
ദൃഷ്ട്വാ സൌധാഭിധകലശസിന്ധൂർമ്മിഭിസ്സേവ്യമാനം
സാലവ്യാജാദ്വലയിതവപുസ്സേവതേ ഗോപുരാഖ്യാ-
വിഖ്യാതോദ്യന്മണിധരഫണാമണ്ഡലഃ കുണ്ഡലീന്ദ്രഃ.

തസ്യ ബ്രൂമോ നഹി ഗുണഗണം കൃഷ്ണഗോവിന്ദനാമ്നോ
ദാനം മാനം വപുരതിശയം യസ്യ തേ വർണ്ണയന്തി
സൂരീന്ദ്രാണാം കനകഭരിതാ, വൈരിണാം സൌധശൂന്യാ-
വാമാക്ഷീണാമപി ച നിലയാ ഭൂരിശീതോപചാരാഃ."

അവിടെ കൃഷ്ണഗോവിന്ദൻ എന്ന പേരോടുകൂടി വന്നുചേൻ ശ്രീനാരായണനെ ഹർമ്മ്യങ്ങളാകുന്ന ക്ഷീരാബ്ധിവീചികൾ സേവിക്കുന്നു കണ്ടു ഗോപുരങ്ങളാകുന്ന രത്നഖചിതങ്ങളായ ഫണഗണങ്ങളോടുകൂടിയ വട്ടക്കോട്ടയാകുന്ന ആദിശേഷനും ഭജിക്കുന്നു. ആ കൃഷ്ണഗോവിന്ദന്റെ ദാനശൌണ്ഡത, ദോവീര്യം, ശരീരകാന്തി ഇവയെ വിദ്വാന്മാരുടെ സ്വർണ്ണപൂരിതങ്ങളും ശത്രുക്കളുടെ സൌധശൂന്യങ്ങളും സുന്ദരിമാരുടെ ശീതോപചാരനിബിഡങ്ങളുമായ ഗൃഹങ്ങൾ വിശേഷിച്ചു ഘോഷിക്കുന്നു.

ഈ ഇടപ്രഭുവിന്റെ കുടുംബം ഏതെന്ന് അറിയുന്നില്ല. അവിടെയുള്ള ശ്രീപരമേശ്വരനെ ഭജിച്ചതിനുമേൽ ദൂതനോടു തന്റെ പ്രാണനാഥയുടെ ഗൃഹത്തിലേക്കു പോകുവാൻ കവി അപേക്ഷിക്കുന്നു.

ഉത്തരഭാഗത്തിൽ മനോഹരങ്ങളായ അനവധി പദ്യങ്ങൾ ഉണ്ട്. അവയിൽ മൂന്നു പദ്യങ്ങൾ മാതൃകയായ് പകർത്തിക്കൊള്ളുന്നു.

## നായികാവർണ്ണനം.

"ഗ്രന്ഥം താസാം കുചഭരമുപാലംബ്യ യാതോ മദീയാൻ
പ്രാണാൻ വീണാമധുരനിനദാൻ ഭ്രാതരാലോകയേഥാഃ
വ്യാമഗ്രാഹ്യാൻ ജഘനപുളിനേ മദ്ധ്യദേശേ മനോജ്ഞേ
മുഷ്ടിഗ്രാഹ്യാന്നരസിജഭരേ ഹേമശൈലോപമേയാൻ."

"യേ നാരീണാം സ്വയമഭിനവാ ഭൂഷയന്ത്യങ്ഗമങ്ഗം
യേ വാ യൂനാം സ്വയമുപദിശന്ത്യാകുലാൻ ഭാവഭേദാൻ
യേ ഖേലന്തി പ്രഥമവയസഃ പ്രൌഢതായാശ്ച മദ്ധ്യേ
താനദ്ധ്യാസ്സേ മധുകര ! വയോവിഭ്രമാന്നല്പലാക്ഷീ."

Digitized By Kerala Sahitya Akademi

"ഇത്യാകർണ്ണ്യ ജ്വലിതമദനോന്മാദമൂഢാപി വാണീ-
മേനാമഞ്ചൽപുളകനികരാ സ്വിന്നഹസ്താംഗുലീകാ
തുഭ്യം മഞ്ജുസ്മിതസുരഭിലാൻ സ്വാദരാൻ സാനുയോഗാൻ
ബാലാ ദാസ്യത്യലസവലിതഭ്രൂതരംഗാനപാംഗാൻ."

ഇത്രയുംകൊണ്ടു ഭ്രമരസന്ദേശവും കേരളീയക്ക് അഭിമാനജനകമായ ഒരു ഉൽകൃഷ്ടകാവ്യമാണെന്നു വായനക്കാർ മനസ്സിലാക്കുമല്ലോ. സുഭഗസന്ദേശത്തെ അപേക്ഷിച്ച് ഇതിനുള്ള പ്രത്യക്ഷമായ ഒരപകർഷം ഇതിൽ പല ശ്ലോകങ്ങളിലും കടന്നുകൂടിയിരിക്കുന്ന യതിഭംഗമാണ്. ഈ സന്ദേശവും അചിരേണ പ്രകാശിതമായ്ക്കാണുവാൻ ഞാൻ അത്യന്തം ആഗ്രഹിക്കുന്നു.

---

Digitized By Kerala Sahitya Akademi

# ഭ്രമരസന്ദേശവും വാസുഭട്ടതിരിയും.

'സമസ്തകേരളസാഹിത്യപരിഷത്തി'ന്റെ വകയായ് പ്രസി
പ്പെടുത്തുന്ന ത്രൈമാസികപത്രത്തിന്റെ രണ്ടാം ലക്കത്തിൽ, ഞാ
'ഭ്രമരസന്ദേശ' കാവ്യത്തെ അധികരിച്ച് എഴുതിയ ഉപന്യാസത്തി
വാസുദേവകവി ഏതു ദേശക്കാരനാണെന്നു നിശ്ചയമില്ലെന്നും അദ്ദേഹ
ആ കാവ്യം രചിച്ചതു, കൊല്ലം ൬൦൦-ാമാണ്ടിലായിരിക്കണമെന്നും ഉ
ന്യസിച്ചിരുന്നു. ആ ഉപന്യാസത്തിന്റെ ഒടുവിൽ താഴെ കാണുന്ന
ധത്തിൽ ഒരു പത്രാധിപക്കുറിപ്പു ചേർത്തു കാണുന്നു:—"മേല്പുത്തൂർ
തിരിയുടെ കൃതിയാണെന്നു വിശ്വസിച്ചുവരുന്ന 'ധാതുകാവ്യ'ത്തിന്റെ
ആരംഭശ്ലോകം

> "ഉദാഹൃതം പാണിനിസൂത്രമണ്ഡലം
> പ്രാഗ്വാസുദേവേന, തദൂർദ്ധ്വതോഽപരഃ
> ഉദാഹരത്യദ്യ വൃകോദരോദിതാൻ
> ധാതൂൻ ക്രമേണൈവ ഹി മാധവാശ്രയാൽ."

എന്നാണ്. പാണിനിസൂത്രങ്ങളെ ഉദാഹരിച്ചുകൊണ്ടു, 'വാസുദേ
കവി' നിർമ്മിച്ചിട്ടുള്ള 'വാസുദേവവിജയ'ത്തിന്റെ തുടർച്ചയായിട്ടാണ്
'ധാതുകാവ്യം' രചിക്കപ്പെട്ടിട്ടുള്ളതു്. ഈ വാസുദേവകവിയെപ്പററി, ധാ
കാവ്യവ്യാഖ്യാതാവു് ഇങ്ങനെ പറയുന്നു:—"വാസുദേവോ നാമ കേര
ഷു 'പുരുവന'ഗ്രാമജന്മാ കശ്ചിദ്ദ്വിജന്മാ." വാസുദേവവിജയവും '
രായണീയം'പോലെ ദ്വേധാ സാർത്ഥകമാണ്. ഏതാനും ഭട്ടികാ
രീതിയിൽ രചിച്ചിട്ടുള്ള 'വാസുദേവവിജയ'വും, 'ധാതുകാവ്യ'വും, '
വ്യമാല' ൧൦-ാംഖണ്ഡത്തിൽ അച്ചടിച്ചിരിക്കുന്നു. 'വാതുപട്ടതിരി' എ
പ്രസിദ്ധനായ കവിയും ഇദ്ദേഹംതന്നെയായിരിക്കാം. 'ഭ്രമരസന്ദേശ'ത്തി
ന്റെ കർത്താവും 'വാസുദേവവിജയ'ത്തിന്റെ കർത്താവും ഒരാളായിരിപ്പാ
ധാരാളം വഴിയുണ്ടു്. അദ്ദേഹം സാക്ഷാൽ മേല്പുത്തൂരിന്റെ സമ
ലികനോ, അടുത്ത പ്രാക്കാലത്തിൽ ഉണ്ടായിരുന്നാളോ ആയിരിക്കണം

Digitized By Kerala Sahitya Akademi

ഭ്രമരസന്ദേശകാരൻ മേല്പുത്തൂരിൻെറ സമകാലികനായിരുന്നു എന്നുള്ള വസ്തുത ഞാൻ ഇദംപ്രഥമമായ് എൻെറ 'വിജ്ഞാനദീപിക' എന്ന പുസ്തകത്തിലും, അതിനെത്തുടൎന്ന് ആ സന്ദേശത്തെ വിഷയമാക്കി ത്രൈമാസികത്തിൽ പ്രസിദ്ധപ്പെടുത്തിയ (മേൽ സൂചിപ്പിച്ച) ഉപന്യാസത്തിലും വിശദമാക്കീട്ടുണ്ട്.

"ഹേരംബേണ പ്രഥിതവിഭവാം"
"സൂക്തം നാരായണകവിമുഖാംഭോജനിഷ്യന്ദമാനം"

ഈ രണ്ടു ഭ്രമരസന്ദേശപദ്യങ്ങളേയുംകാൾ കൂടുതൽ തെളിവ് ഈ വിഷയത്തിൽ ആവശ്യമില്ല. മേൽപുത്തൂരിനു സ്വല്പം മുൻപായിരിക്കണം ഈ സന്ദേശകാരൻെറ ജനനകാലം എന്നും, അദ്ദേഹം 'വാസുദേവവിജയ'ത്തിൻെറ കൎത്താവിൽനിന്നു ഭിന്നനല്ലെന്നും, അദ്ദേഹവും വാസുപട്ടതിരിയും ഒരാൾതന്നെ ആയിരിക്കാമെന്നും ഉള്ള ഊഹങ്ങളോട് എനിക്കു യോജിക്കുവാൻ നിവൃത്തിയില്ല. അതിനുള്ള കാരണങ്ങൾ താഴെ പ്രസ്താവിച്ചുകൊള്ളുന്നു.

'വാസുപട്ടതിരി' അഥവാ 'വാസുഭട്ടതിരി' എന്ന പേരിൽ നാമറിയുന്നതു, 'യുധിഷ്ഠിരവിജയ'മെന്ന സുപ്രസിദ്ധയമകകാവ്യത്തിൻെറ പ്രണേതാവിനെയാണ്. അദ്ദേഹം ഏതുകാലത്തു ജീവിച്ചിരുന്നു എന്നും അദ്ദേഹത്തിൻെറ കൃതികൾ ഏതെല്ലാമെന്നും ആദ്യമായ് പരിശോധിക്കാം. യുധിഷ്ഠിരവിജയം എട്ടാശ്വാസങ്ങളിലുള്ള ഒരു കാവ്യവും, അതു 'കാവ്യമാല' ൬൦-ാം നമ്പ്രായി, അതിൻെറ ഭാരവാഹികൾ കാശ്മീരജനും ധൌമ്യായനനുമായ രാജാനകശങ്കരകണ്ഠൻെറ പുത്രൻ രാജാനകരത്നകണ്ഠൻെറ വ്യാഖ്യാനത്തോടുകൂടി പ്രസിദ്ധപ്പെടുത്തീട്ടുള്ളതും ആകുന്നു. രത്നകണ്ഠൻെറ ടീകയുടെ നിൎമ്മിതി, അറങ്ഗസീബ് ചക്രവൎത്തിയുടെ രാജ്യഭാരകാലത്തിൽ, ക്രി. പി. ൧൬൭൧-ൽ ആണെന്ന് അദ്ദേഹംതന്നെ,

"രാമാങ്കേഷു ശശാങ്കൈഃ (൧൫൯൩ ശകാബ്ദം) പ്രമിതേ വൎഷേശ [കേന്ദ്രാണാം
അവരങ്ഗശാഹിഭൂപേ ശാസതി സതി മേദിനീചക്രം;
ധൎമ്മാത്മജവിജയാഖ്യേ സുഗഭീരേ സന്നിബന്ധേ/സ്മിൻ
ടീകാ ശിഷ്യഹിതൈഷാ വിധീയതേ 'രത്നകണ്ഠേ'ന."

എന്ന പദ്യങ്ങളിൽ പ്രകടമായ് രേഖപ്പെടുത്തീട്ടുണ്ട്. യുധിഷ്ഠിരവിജയം പ്രഥമാശ്വാസത്തിലെ അധോലിഖിതങ്ങളായ പദ്യങ്ങളിൽനിന്ന്,

Digitized By Kerala Sahitya Akademi

ആ കാവ്യത്തിന്റെ പ്രണേതാവിനെപ്പററി ഏതാനും ചില വിവരങ്ങ( നമുക്കു ലഭിക്കുന്നു.

"അസ്തി സ ഗജരാജഗതീ രാജവരോ, യേന ഗതശ്ശുഗജരാ ജഗതീ
ഭീഷണമധികം കവയഃ സ്തുവന്തി ജന്യം യദീയമധികങ്കവയഃ.

തരവോ ഭൂരിച്ഛായാഃ സമാനഫലദായിനീ ച ഭൂരിച്ഛായാഃ;
സവിനയശോഭാ ജനതാ യദ്രാജ്യേ; യസ്യ ഭുവി യശോഭാജനതാ.

തസ്യ ച വസുധാമവതഃ കാലേ കുലശേഖരസ്യ വസുധാമവതഃ
വേദാനാമധ്യായീ 'ഭാരതഗുരു'രഭവദാഢ്യനാമധ്യായീ.

യം പ്രാപ രമാ ചാര്യ്യം ദേവീ ച ഗിരാം പുരാണപരമാചാര്യ്യം
യമശ്രുഭസന്തോഭാന്തം പരമേശ്വരമുപദിശന്തി സന്തോ ഭാന്തം.

ജ്ഞാനസമഗ്രാമേയം നിവസന്തം വിപ്രസത്തമഗ്രാമേ യം
തിലകം ഭൂമാവാഹുർയസ്യാർത്ഥിഷു ദത്തഭൂതിഭൂമാ വാഹുഃ.

സമജനി കശ്ചിത്തസ്യ പ്രവണഃ ശിഷ്യോഽനുവൃത്തകശ്ചിത്തസ്യ,
കാവ്യാനാമാലോകേ പടുമനസോ വാസുദേവനാമാ ലോകേ.

കീർത്തിമദഭ്രാം തേന സ്മരതാ ഭാരതസുധാമദഭ്രാന്തേന
ജഗദഘഹാസായ മിതാ പാർത്ഥകഥാ കല്മഷാപഹാ സാ യമിതാ.

"ഗജരാജഗതിയും രണശൂരനും പ്രജാക്ഷേമൈകദീക്ഷിതനും ആ( യ 'കുലശേഖരൻ' എന്ന മഹാരാജാവു രാജ്യപരിപാലനം ചെയ്തുകൊ( ണ്ടിരിക്കുന്ന കാലത്തു്, വേദാദ്ധ്യായിയായും ഭഗവൽഭക്തനായും, 'ഭാര( ഗുരു' എന്ന ഒരു പണ്ഡിതൻ ജീവിച്ചിരുന്നു. പുരാണപരമാചാര്യനാ( അദ്ദേഹത്തെ ലക്ഷ്മിയും സരസ്വതിയും ഒന്നുപോലെ അനുഗ്രഹിച്ചു; അ( ശ്രുഭവ്യഥയെ ഭഞ്ജിക്കുന്ന ആ ഭാന്തനെ സത്തുക്കൾ 'പരമേശ്വരൻ' എന്ന( വിളിച്ചുവന്നു. വിപ്രസത്തമന്മാരുടെ ഗ്രാമത്തിൽ നിവസിക്കുന്ന ജ്ഞാന( സമഗ്രനും അമേയനുമായ അദ്ദേഹത്തെ ജനങ്ങൾ ഭൂമിയുടെ തിലക( ന്നും പറഞ്ഞുവന്നു. അദ്ദേഹത്തിന്റെ (വാഹു) ബാഹു അർത്ഥികൾക്ക( ധാരാളം ധനം വിതരണം ചെയ്തിരുന്നു. കാവ്യാവഗാഹത്തിൽ പ്രഗല്( മാനസനായ ആ ഗുരുവിന്റെ ഹിതാനുവർത്തിയും, പ്രവണനുമായ ശിഷ്യ( നായ്, വാസുദേവനെന്നു പേരോടുകൂടിയ ഒരാളും അക്കാലത്തു ജീവിച്ച്

Digitized By Kerala Sahitya Akademi

രുന്നു. ഭാരതസുധ ആസ്വദിച്ചു മദഭ്രാന്തനായിത്തീൎന്ന ആ വാസുദേവൻ വലുതായ കീൎത്തിയിൽ കൊതിയോടുകൂടി പാവനമായ പാൎത്ഥചരിതം സംക്ഷിപ്തമായി, ലോകോപഹാസത്തിന്ന് ഉതകത്തക്കവിധത്തിൽ, ഒരു യമകകാവ്യമായി നിബന്ധിച്ചു" എന്നാണ് ഈ ശ്ലോകങ്ങളുടെ താൽപ ൎയ്യം. ഇതിൽനിന്നു യുധിഷ്ഠിരവിജയകൎത്താവായ വാസുദേവകവി 'കുല ശേഖര'ൻെറ രാജ്യഭാരകാലത്തു, ഭാരതഗുരുവിൻെറ ശിഷ്യനായി കേരള ത്തെ അലങ്കരിച്ചിരുന്നു എന്നു വെളിവാകുന്നു. പ്രസ്തുതകാവ്യത്തിൻെറ അപ്രകാശിതമായ ഒരു ഭാഷാവ്യാഖ്യാനത്തിൽ, "കുലശേഖരൻ=കുല ശേഖരചക്രവൎത്തി; ഭാരതഗുരു=ഭാരതഭട്ടൻ." എന്നിങ്ങനെ ആ രണ്ടു പദങ്ങൾക്കും അൎത്ഥം കുറിച്ചുകാണുന്നു. മറെറാരു സംസ്കൃതവ്യാഖ്യയിൽ "ഭാരതഗുരുഃ=ഭാരതാൎത്ഥോപദേഷ്ടാ" എന്നു കാണുന്നതിൽനിന്ന്, അത് അദ്ദേഹത്തിൻെറ ഒരു ബിരുദപ്പേർ മാത്രമായിരുന്നു എന്നും, യഥാ ൎത്ഥനാമധേയം 'പരമേശ്വരൻ' എന്നുതന്നെ ആയിരിക്കണമെന്നും ഊ ഹിക്കാവുന്നതാണ്. 'കേരളോൽപത്തി'യിൽ 'കുലശേഖരൻ' എന്ന പതിനേഴാമത്തെ പെരുമാൾ കേരളത്തിൽ രക്ഷാപുരുഷനായി വന്ന പ്പോൾ, "മഹാഭാരതഭട്ടതിരിയും, വാസുദേവഭട്ടതിരിയും പെരുമാളെ ക ണ്ടു വന്ദിച്ചു; പെരുമാൾക്ക് അനുഗ്രഹവും കൊടുത്തു" എന്നു പ്രസ്താവി ച്ചിരിക്കുന്നു. ഈ കുലശേഖരപ്പെരുമാൾ ഏതോ ഒരു ചേരരാജാവായി രുന്നു എന്നുള്ളതു നിൎവിവാദമാണ്.

വാസുദേവഭട്ടതിരി 'യുധിഷ്ഠിരവിജയ'ത്തിനു പുറമേ, രണ്ടോ മൂ ന്നോ യമകകാവ്യങ്ങൾകൂടി നിൎമ്മിച്ചിട്ടുണ്ട്. 'ത്രിപുരദഹന'വും, 'ശൌ രികഥ'യും (അഥവാ 'ശൌരികഥോദയം') അദ്ദേഹത്തിൻെറ കൃതികൾ തന്നെ എന്നു നിസ്സംശയമായി പറയാം. ത്രിപുരദഹനത്തിൽ മൂന്നും, ശൌരികഥയിൽ ആറും ആശ്വാസങ്ങൾ അടങ്ങീട്ടുണ്ട്. ഈ രണ്ടു കൃ തികളും അച്ചടിച്ചിട്ടില്ല. താഴെ ഉദ്ധരിക്കുന്ന പദ്യങ്ങൾ 'ത്രിപുരദഹ ന'ത്തിൽ ഉള്ളതാണ്.

"അസ്തി സ കവിലോകനതഃ ക്ഷിതിഭൃ, ദരിൎയസ്യ സൈനികവിലോക ബഹുവിപദി ക്ഷുദ്രവതി ക്ഷ്മാഭൃതി കുൎവൻ പദാനി ദിക്ഷു ദ്രവതി. [നാതഃ

സാധൂനാം പാതാ,യഃ സ്ഥിരവ്രതോ യശ്ച പാപിനാം പാതായ
യസ്മാദൃവ്യാ പാരം പ്രീതിം യസ്യാമലം വിദൃവ്യാപാരം.



Digitized By Kerala Sahitya Akademi

സൎവപദപയോജനതേയം സദൈവ സമ്പാദകം ശ്രിയോ ജനതേയം
ഭൃതിധരം വ്യാലപതിസ്ഫുരത്കരം രാജശേഖരം വ്യാലപതി.

രാമസമത്വാദേവ സ്രഷ്ടാ രാമാഖ്യമകൃത മത്വാ ദേവഃ
യം സ ച രക്ഷോപായം ചക്രേ/സ്യ ച കൎമ്മജനിതരക്ഷോപായം.

നിജയാ തനൎവാ നേത്രപ്രമോദനം പ്രാണിനാം വിതനൎവാനേ/ത്ര
മതിബലമാസാദ്യ മിതം പുരദഹനം രവിഭൂവാ സമാസാദ്യമിതം.

ഈ പദ്യങ്ങളിൽനിന്നു, 'രവിഭൂ' അതായതു 'രവി'യുടെ പു
നായ ഒരു കവി, കവികൾക്കു് ആരാധ്യനും, 'രാജശേഖരൻ' എന്ന ബി
ദത്താൽ അലംകൃതനും ആയ 'രാമ'നെന്നു തിരുനാമമുള്ള ഒരു മ
രാജാവിന്റെ കാലത്താണു്, ത്രിപുരദഹനം രചിച്ചതെന്നു വെളി
ട്ടുന്നു. അധോലിഖിതങ്ങളായ പദ്യങ്ങൾ 'ശൌരികഥ'യിൽ കാണു

"അവനതദേവം ദേഹം പുംസഃ പരമസ്യ സമ്പദേ വന്ദേ/ഹം;
യം പദമംബുധ്യന്തേ യതയോ യത്തത്ത്വമുത്തമം ബുധ്യന്തേ.

ജയതി സുധാമാ രാമഃ ക്ഷിതിപാലഃ കാവ്യവീരുധാമാരാമഃ;
ദധദിഭമസ്തകലീലാമംസേന ബിഭൎത്തി യോ/യമസ്തകലീലാം.

അസ്യാം മേ യമിതായാം ശൌരികഥായാം ശുഭപ്രമേയമിതായാം
കരുണാലേശം സന്തഃ കുൎവന്തു കവേൎബ്ബലാബലേ ശംസന്തഃ".

ഈ പദ്യങ്ങളിൽനിന്നു്, ഈ കാവ്യവും രാമാഭിധാനനായ ഒ
രാജാവു രാജ്യഭാരം ചെയ്തകാലത്തു നിൎമ്മിക്കപ്പെട്ടതാണെന്നു സിദ്ധി
ന്നു. ബാണയുദ്ധാവസാനംവരെ മാത്രമേ ഈ കാവ്യം കണ്ടു കിട്ടീട്ടു

ഈ രണ്ടു കാവ്യങ്ങൾക്കും 'വന്ദേ/ഹം പുരുഷോത്തമാഭിധാ
സൎവത്ര്യാഖ്യമസ്മദ്ഗുരും' എന്നു താൻ അഭിവാദനം ചെയ്യുന്ന "പുരു
ത്തമസരസ്വതി"യുടെ ശിഷ്യനും 'ഈശാന'ന്റെ പുത്രനുമായ 'നീല
ണ്ഠൻ' എന്ന പണ്ഡിതൻ ഓരോ വൃത്തി രചിച്ചിട്ടുണ്ടു്. ത്രിപുരദ
നത്തിന്റെ വൃത്തിക്കു് 'അൎത്ഥപ്രകാശിക' എന്നാണു പേർ. അതി
താഴെ ഉദ്ധരിക്കുന്ന പദ്യങ്ങൾ കാണുന്നു.

"അൎത്ഥപ്രകാശികാ നാമ്നാ വ്യാഖ്യാ പൌരദഹന്യസൌ
ക്രിയതേ നീലകണ്ഠേന ഗൌരീശാസനസംഭവാ.

Digitized By Kerala Sahitya Akademi

ദുരിതഹരണദക്ഷം സൂര്യസോമാനലാക്ഷം
ക്ഷപിതസുരവിപക്ഷം ക്ഷീണദോഷാക്ഷലക്ഷ്യം
മഹിഷശിരസി രാജന്മുക്തിപൂർവ്വസ്ഥലേ യൽ
കൃതവസതി സരാഗം പാതു ദൌർഗ്ഗം മഹസ്തൽ.

ജഗതി വിദിതകീർത്തൌ രാജരാജേ നരേന്ദ്രേ
ക്ഷിതിതലമിദമുച്ചൈഃ പാതി രാമേണ സാകം
രചയതി മിതമേതാം വൃത്തിമല്പേതരാൎത്ഥാം
ഗളിതഗഹനഭാവാം നീലകണ്ഠോ ദ്വിജാഗ്ര്യഃ.

ത്രിപുരദഹനസംജ്ഞം കാവ്യമേതദ്വിധാതും
കവിരഥ രവിസൂനുർവാസുദേവാഭിധാനഃ
നിരുപമചരിതേന സ്വച്ഛമീശാനസംജ്ഞം
നതജനഹിതദം തം നൌമി വിഘ്നാതിഭീതഃ"

താഴെ ഉദ്ധരിക്കുന്ന പദ്യങ്ങൾ "തത്വപ്രകാശിക" എന്ന ശൌരികഥാവ്യാഖ്യാനത്തിൻെറ ആരംഭത്തിലുള്ളതാകുന്നു.

"മഹിഷപ്രോഥനിഹിതചരണം കാരണം മഹഃ
മുക്തേർമ്മുക്തിസ്ഥലാസ്ഥാനം ദൌർഗ്ഗം ദുർഗ്ഗം ഭജേ മുഹുഃ.

യദനുഗ്രഹതഃ പുംസാം മതിർദ്ദർപ്പണനിർമ്മലാ
യതീശം തം ഗുരും വന്ദേ ത്രയ്യന്തോദധിപാരഗം.

തത്വപ്രകാശികാനാമ്നാ വ്യാഖ്യാ ശൌരികഥാശ്രയാ
ക്രിയതേ നീലകണ്ഠേന ശ്രുതാൎത്ഥപരിശുദ്ധയേ".

അവസാനത്തിൽ,

"രാമവർമ്മനൃപതൌ മഹീമിമാം പാതി സാകമിവ ഗോദവർമ്മണാ
നീലകണ്ഠ..........സാകൃതാ വൃത്തിരാന്ധ്യമതിദോഷഹന്ത്ര്യസൌ.

യൽകൃപാലേശതോജ്ഞോഽപി സുരാചാര്യസമോ ഭവേൽ
കർമ്മന്ദിവൃന്ദവന്ദ്യം തം ഗുരും വന്ദേ യതീശ്വരം.

Digitized By Kerala Sahitya Akademi

ശ്രുതമപി ഗുരുമുഖ്യാദ്വക്തുമർത്ഥം ന ദക്ഷോ
ബഹുദിനമനുചിന്താഹാനിദോഷേണ യസ്യ
മനസി ജനിതതാപം തസ്യ ഹാതും കൃതേയം
മഹതി യമകകാവ്യേ വൃത്തിരേഷാ സ്ഫുടാർത്ഥാ.

മുക്തിസ്ഥലോദവസിതോ ഗിരിരാജകന്യാ-
പാദാബ്ജധൂളിരനിശം നിഗമാന്തസേവീ
ഗോവിന്ദഭക്തിരസസംഭൃതിഭുഗ്നകണ്ഠോ
വ്യാഖ്യാമിമാം വ്യരചയൽ ഖലു നീലകണ്ഠഃ".

ഈ പദ്യങ്ങളും കാണുന്നുണ്ട്. ത്രിപുരദഹനവൃത്തിയിലെ പദ്യങ്ങളി
നിന്നു "രവിഭൂഃ" എന്നു ത്രിപുരദഹനത്തിൽ തന്നെപ്പററി പ്രസ്താവി
ന്ന കവി വാസുദേവൻതന്നെയെന്നു വ്യക്തമാകുന്നു. ഇതിനു പുറമേ "ര
ഭൂവാ" എന്ന പദം നീലകണ്ഠൻ, "രവിർന്നാമ അസ്യ കവേഃ പിതാ;
തോ ഭവതീതി രവിഭൂഃ; തേന വാസുദേവനാമ്നാ" എന്നു സ്പഷ്ടമായി വ
ഖ്യാനിക്കുന്നുമുണ്ട്. ആ വ്യാഖ്യാതാവു "മുക്കൊല" ദേശക്കാരനും മൂക്കെ
ദ്ദേവിയുടെ പരമഭക്തനും വേദാന്തവിജ്ഞനുമായിരുന്നു എന്നും ഉ
തിനു പുറമേ അദ്ദേഹത്തിനു പുരുഷോത്തമസരസ്വതിക്കു പുറമേ 'ഗേ
വിന്ദൻ' എന്നൊരു ഗുരുകൂടിയുണ്ടായിരുന്നു എന്നും, കൊച്ചിരാജ്യം ര
രാജൻ യുവരാജാവായ രാമവമ്മാവോടുകൂടി പരിപാലിച്ചിരുന്ന കാ
ത്താണ് അത്ഥപ്രകാശിക നിമ്മിച്ചതെന്നും അതു കഴിഞ്ഞു രാമവമ്മാ
മഹാരാജാവായും ഗോദവമ്മാവു യുവരാജാവായും വാണ കാലത്താണ്
ത്ഥപ്രകാശികയുടെ നിമ്മിതി എന്നുംകൂടി വായനക്കാക്ക് ഈ പദ്യ
ളിൽനിന്നു ഗ്രഹിക്കാവുന്നതാണല്ലോ. "ഈ രാമവമ്മാവാണ് "കാശി
എഴുന്നള്ളിയ തമ്പുരാൻ" എന്ന് അറിയപ്പെടുന്നത്. അവിടുന്ന് ക്രി. പ
൧൬൦൧-ൽ തീപ്പെട്ടു.

ശൌരികഥാവ്യാഖ്യയിൽ "അഹമിതി കവിരാത്മാനം നിർദ്ദി
തി; വാസുദേവനാമാഹമിത്യർത്ഥഃ" എന്നും "സമ്പ്രതി സ്വകൃതകാവ്യ
ഗുണവദപി മത്സരഗ്രസ്തതയാ കേചിന്ന ഗൃഹ്ണന്തി ഇതി രാജവല്ലഭ
യാപി സ്വകൃതകാവ്യപ്രചയസിദ്ധ്യർത്ഥം തൽക്കാലവത്തിനം രാജാന
സ്തൌതി. രാമഃ=രാമാഖ്യഃ; ക്ഷിതിപാലോ രാജാ ജയതി ഇത്യർത്ഥഃ
എന്നുമുള്ള നീലകണ്ഠന്റെ വാക്യങ്ങൾ ആ യമകകാവ്യത്തിന്റെ നിമ്മ

Digitized By Kerala Sahitya Akademi

താവും വാസുദേവകവിതന്നെയെന്നും അദ്ദേഹം 'രാമൻ' എന്ന രാജാവിന്റെ കാലത്തുതന്നെയാണു ജീവിച്ചിരുന്നതെന്നും തെളിയിക്കുന്നു.

ത്രിപുരദഹനത്തിനു ഗോകർണ്ണത്തുകാരനും നിത്യപ്രിയമുനിയുടെ പുത്രനുമായ മറെറാരു പണ്ഡിതന്റെ "പദാർത്ഥദീപിക" എന്നൊരു വ്യാഖ്യാനവും ഞാൻ വായിച്ചിട്ടുണ്ട്.

"പുരദഹനാഖ്യം നത്വാ കുരുതേ നിത്യപ്രിയാഖ്യമുനിതനയഃ
ടീകാം പദാർത്ഥദീപിക്യാഖ്യാം പുരദഹനനാമയമകസ്യ".

എന്ന പദ്യം അതിൽ കാണുന്നു.

'നളോദയം' എന്ന പ്രശസ്തമായ യമകകാവ്യത്തിന്റെ കർത്തൃത്വം, കുറെക്കാലത്തേയ്ക്കു പണ്ഡിതന്മാർ 'കാളിദാസ'നിൽ ആരോപിച്ചിരുന്നു. 'രഘുവംശ'ത്തിൽ, 'ദ്രുതവിളംബിത'വൃത്തമായിട്ടുകൂടിയും അതിൽ 'മനസ്സില്ലാമനസ്സോടെ' മാത്രം യമകനിബന്ധനം ചെയ്ത ആ മഹാകവിമൂർദ്ധന്യനായിരിക്കുകയില്ല, യമകജടിലതയ്ക്കു പരമോദാഹരണമായ 'നളോദയ'ത്തിന്റെ പ്രണേതാവ് എന്നു സഹൃദയന്മാർക്കു ധാരാളം വിശ്വസിക്കാമായിരുന്നു എങ്കിലും, അതിനു വേണ്ട രേഖകൾ അവർക്കു അന്ന് അധീനമായിരുന്നില്ല. ഈ ന്യൂനത തിരുവിതാംകൂർ പുരാണവസ്തുസംരക്ഷകനായിരുന്ന ശ്രീമാൻ ഏ. എസ്സ്. രാമനാഥയ്യരുടെ ശ്രമത്താൽ ഏതാനും കൊല്ലങ്ങൾക്കു മുൻപു പരിഹൃതപ്രായമായി. ചില താളിയോലഗ്രന്ഥങ്ങളിലും (ക്രി. പി. ൧൩൫൦) രാമർഷിയുടെ വ്യാഖ്യാനത്തിലും ഈ കാവ്യം 'രവിദേവ'വിരചിതമെന്നു പ്രസ്താവിച്ചിട്ടുണ്ട്. എന്നാൽ തിരുവനന്തപുരത്തു വലിയ കൊട്ടാരം വക 'ഗ്രന്ഥപ്പുര'യിൽ സൂക്ഷിക്കപ്പെട്ടിട്ടുള്ള 'നളോദയ'ത്തിന്റെ ഒരു താളിയോലഗ്രന്ഥത്തിൽ താഴെ ഉദ്ധരിക്കുന്ന പദ്യങ്ങൾ കാണുന്നു.

"അസ്തി സ രാജാ നീതേ രാമാഖ്യോ യോ ഗതിഃ പരാ ജാനീതേ
യസ്യ രരാജാനീതേ രത്നാനി ജനഃ കുലേ ധരാജാനീതേ.

---

* ശൌരികഥ പയ്യൂരില്ലത്തിലെ ഗോപാലീസ്തനം ദേവീചരിതോദയം, സത്യതപഃകഥോദയം, ഇത്യാദി യമകകാവ്യങ്ങളുടെ പ്രണേതാവുമായ വാസുദേവന്റെതാണെന്നു തോന്നുന്നില്ല. ആ വാസുദേവൻ ക്രി. പി. പതിന്നാലാം ശതകത്തോടടുത്തു ജീവിച്ചിരുന്നു, നീലകണ്ഠൻ വ്യാഖ്യാനിക്കത്തക്ക പ്രാചീനത ആ ഗ്രന്ഥത്തിന് ഇല്ല. 'ശൌരികഥോദയം' എന്നപേരു കണ്ടുകൊണ്ടു മാത്രം വസ്തുത തീർച്ചപ്പെടുത്താവുന്നതല്ലല്ലോ. പെരുവനത്തിനു സമീപമല്ല പയ്യൂരില്ലം.

Digitized By Kerala Sahitya Akademi

യസ്സേനാനാവാരിപ്രകരനദീഃ ശരമയം ധുനാനാവാരി
അതരന്നാനാവാരി വ്യസനൈർ ഭുവി ധനം ച നാനാവാരി.

അപിയോദായാദായക്ഷയപ്രദോƒംഹസി സതാം യദായാദായഃ
കരമാദായാദായ ശ്രിയോƒബ്ധിരധിരാജമസിഗദായാദായഃ

അപിദ്ദൂരാജാദിത്യാ കൃതാല്പഭേദൈവ ഭൂഃസരാജാദിത്യാ
യേന സ രാജാദിത്യാ ത്രിദിവാത് സംയുക്തശത്രുരാജാദിത്യാ.

ഖലസേനാനാവേദ്യഃ സ്വാംഹോബ്ധൗ ഭുവി ച യസ്യ നാനാവേ
സ്സ്ലിശജനാനാവേദ്യ പ്രയതോƒസ്യ സുകാവ്യവിരചനാനാവേദ്യ".

ഈ ശ്ലോകങ്ങൾ ഇപ്പോൾ പ്രകാശിതമായിരിക്കുന്ന 'നളേ യ'ത്തിന്റെ ഉപോദ്ഘാതരൂപത്തിലുള്ളവതന്നെ എന്നു് ഇവ ഓ ന്നിലും നാലുപാദങ്ങളിലും ഘടിതമായി കാണുന്ന അനന്യസുലഭമായ മകപ്രാസത്തിൽനിന്നു് അനുമിക്കാം. 'നളോദയ'ത്തിനു 'വിഷ്ണു' എ രു പണ്ഡിതൻ ഒരു വ്യാഖ്യാനം നിർമ്മിച്ചിട്ടുണ്ടു്. അതിൽ "ഇതി ന ദയേ വാസുദേവേന കൃതേ ചതുർത്ഥഃ പരിച്ഛേദഃ" എന്നു കാണുന്നതി പുറമേ,

"രവിതനഭ്രുയമിതായാഃ കൃതേഗ്ഗതിശ്ലുബ്ബചിത്രഭ്രുയമിതായാഃ
ജനഹാസായ മിതായാധിയശ്ച വിവൃതാ മയാധുനാ യമിതായാഃ

എന്നു മൂലത്തിന്റെ തോതുപിടിച്ചുതന്നെ വാഖ്യാതാവു രചിച്ച പദ്യവും കാണുന്നുണ്ടു്. 'രവിതനഭ്രുവു' അല്ലെങ്കിൽ 'രവിസൂനു' വാ ദേവകവിയാണെന്നു 'നീലകണ്ഠൻ' ഉൽഘോഷിക്കുന്നതായി മുൻ തന്നെ പ്രസ്താവിച്ചിട്ടുണ്ടല്ലോ. തഞ്ചാവൂർ സരസ്വതീമഹാൽഗ്രന്ഥശ യിലുള്ള "നളോദയ"ത്തിന്റെ ഒരു കൈയെഴുത്തുപകപ്പിൽ, "ഖല നാനാവേദ്യഃ" എന്ന പദ്യം വ്യാഖ്യാനിച്ചുകാണുന്നു. "അഹം കാളി സഃ, അദ്യ ഇദാനീം, അസ്യ രാമസ്യ രാജ്ഞഃ," എന്നു കവിയെ കാ ദാസനായും, രാജാവിനേ രാമാഭിധാനനായും നിർദ്ദേശിച്ചുകൊണ്ടാ അ വ്യാഖ്യാനത്തിന്റെ ഗതി. ആ ഗ്രന്ഥശാലയിൽത്തന്നെയു മറെറാരു കൈയെഴുത്തുപകപ്പിൽ, "ഭട്ടനാരായണസുതരവിദേവവിര തേ നളോദയനാമ്നി മഹാകാവ്യേ" എന്നും ഒരു കുറിപ്പുണ്ടു്. രണ്ടിലേ യും 'ആദർശ'ങ്ങളായ ഓലഗ്രന്ഥങ്ങൾ കാണ്മാനില്ലാത്തതിനാൽ, ഇ കുറിപ്പുകൾക്കു വലിയ വില ഒന്നും കല്പിക്കുവാൻ പാടില്ല. ചുരുക്കിപ്പറ

Digitized By Kerala Sahitya Akademi

കയാണെങ്കിൽ, 'രവിദേവൻ' എന്ന പദം 'രവി'സുതനായ 'വാസുദേവൻ' എന്ന അൎത്ഥത്തിൽ നമുക്കു ഗ്രഹിക്കാവുന്നതും, വാസുദേവൻ എന്ന പദത്തിനു പകരം 'ദേവൻ' എന്നു പ്രയോഗിക്കുന്നതു വൈയാകരണസമ്മതവും, അങ്ങനെയാണെങ്കിൽ 'നളോദയ'ത്തിൻെറ കർത്തൃത്വവും, വാസുദേവഭട്ടതിരിയിൽത്തന്നെ സംക്രമിപ്പിക്കുന്നതു് അനുചിതമല്ലാത്തതും ആകുന്നു.

ഇപ്രകാരം നാലു യമകകാവ്യങ്ങളുടെ കൎത്താവായിത്തീൎന്ന നമ്മുടെ വാസുഭട്ടതിരി ഒരമാനുഷൻതന്നെയായിരുന്നു. ബാല്യകാലത്തിൽ അദ്ദേഹം തീരെ അവ്യുൽപന്നനായിരുന്നു എന്നും, കൊച്ചിരാജ്യത്തു 'പെരുവന'ത്തിനു സമീപമുള്ള 'തിരുവിളക്കാവു്' ശാസ്താംകോവിലിനു സമീപത്തായിരുന്നു അദ്ദേഹത്തിൻെറ 'പട്ടത്തു്' എന്ന പേരിലുള്ള ഇല്ലമെന്നും, ഒരു ദിവസം അത്താഴപ്പൂജ കഴിഞ്ഞു, മഴയുടെ ആധിക്യം നിമിത്തം ഗൃഹത്തിലേയ്ക്കു തിരിച്ചുപോകുവാൻ തരമില്ലാതെ തീൎന്ന അവസരത്തിൽ അനന്യശരണനായി ശാസ്താവിനോടു തൻെറ കഷ്ടാവസ്ഥയെപ്പററി വിലപിച്ചുപറഞ്ഞപ്പോൾ, 'തിടപ്പള്ളി'യിലുള്ള വിറകെട്ടുത്തു തീ കായുന്നതിനും, മൂലയിൽ ഒരു കദളിപ്പഴക്കുല ഇരുന്നതെടുത്തു തിന്നുന്നതിനും, നിയോഗിച്ചുകൊണ്ടു് ഒരശരീരിവാക്കു് ഉണ്ടായെന്നും, അതനുസരിച്ചു് ആ ബാലൻ പ്രവൎത്തിച്ചു എന്നും, ഉടൻതന്നെ പ്രതിഭാശാലിയും യമകവിധാതാവുമായ ഒരു മഹാകവിയായി അദ്ദേഹം രൂപാന്തരപ്പെട്ടു എന്നും നേരം വെളുത്തു കഴകക്കാരൻ ചെന്നു് 'എന്തിനു വിറകെട്ടുത്തു' എന്നു ചോദിച്ചതിനു, "ധാൎഷ്ട്യക്കാരാ! പോടാ" എന്നും മററും കലിദിനസംഖ്യയൊപ്പിച്ചു മറുപടി പറഞ്ഞു എന്നും, വാരസ്യാരുടെ അത്തരത്തിലുള്ള പ്രശ്നത്തിനു, "വിറകെട്ടപ്പാൻ വിറകെട്ടത്തു വിറകെട്ടത്തു വിറകെട്ടത്തു" എന്നു യമകാലംകൃതമായ ഗദ്യത്തിൽ പ്രത്യുത്തരം നല്കി എന്നും, വാരസ്യാർ ആ ആശ്ചൎയ്യം ധരിച്ചു് അവിടെക്കിടന്ന പഴത്തൊലി തിന്നു എന്നും, തദ്ദ്വാരാ ആ സ്ത്രീയും ഭാഷയിൽ കവനം ചെയ്യാൻ തുടങ്ങി എന്നും മററുമുള്ള ഐതിഹ്യപ്രവാഹത്തിൽ വാസ്തവത്തിൻെറ കണിക വല്ലതും കലൎന്നിട്ടുണ്ടോ എന്നു നിശ്ചയമില്ല. എന്നാൽ, ഒരു തികഞ്ഞ പാണ്ഡിതനും, സഹൃദയനും, പൌരാണികനും, വേദാന്തിയുമായ മഹാഭാരതഭട്ടതിരിയുടെ പ്രവണനും ചിത്താനുവൎത്തകനുമായ ഒരു ശിഷ്യനായിട്ടാണു് താൻ ജീവിച്ചിരുന്നതെന്നു, 'യുധിഷ്ഠിരവിജയ'ത്തിൽ കവിതന്നെ പ്രസ്താവിച്ചിട്ടുള്ള സ്ഥിതിക്കു്, അദ്ദേഹം ഒരു ഗുരുകുലക്ലിഷ്ടനായിരുന്നു എന്നു വിശ്വസിക്കാതെ നിവൃത്തിയില്ല. അത്ത

Digitized By Kerala Sahitya Akademi

രത്തിലുള്ള ഒരു മഹാവ്യുൽപന്നനല്ലാതെ, പ്രതിഭാഭ്യാസങ്ങൾകൊണ്ടു മാത്രം വഴങ്ങുന്നതല്ലാത്ത യമകകാന്താരത്തിൽക്കൂടി "ന ഭൂതോ ന ഭവിഷ്യതി" എന്ന നിലയിലുള്ള തന്താദൃശമായ സ്വച്ഛന്ദദിഗ്വിജയം നിശ്ചയമായും സാധ്യവുമല്ല. വാരസ്യാരുടേതെന്നു വെച്ചിട്ടുള്ള 'നാഴികമണിയാറായീ' എന്ന പദ്യം, തിരുവിതാംകൂർ സ്വാതിതിരുനാൾ മഹാരാജാവ് തിരുമനസ്സിലെ ആസ്ഥാനകവീന്ദ്രനായിരുന്ന സാക്ഷാൽ കവീന്ദ്രൻ കിളിമാന്നൂർ വിദ്വാൻ കോയിത്തമ്പുരാന്റെ വകയാണെന്ന്, എത്രയോ വർഷങ്ങൾക്കു മുൻപുതന്നെ, ഞാൻ പ്രസ്താവിച്ചിട്ടുള്ളതാണ്. "ഇതയിത്ത വാത്തു വരുന്തു വെററില തിന്നാഞ്ഞെനിയ്ക്കു വാ തുവരുന്നു" എന്ന പദ്യവും വാസുഭട്ടതിരിയുടേതുതന്നെയോ എന്നുള്ളതും ചിന്തനീയമാകുന്നു.

ഇനി ഭട്ടതിരിയുടെ കാലം ഏതാണെന്നു പരിശോധിച്ചുനോക്കാം. എന്റെ വിജ്ഞാനദീപിക ഒന്നാംഭാഗത്തിൽ ഞാൻ, "കുലശേഖര ആഴ്‌വാരു"ടെ "മുകുന്ദമാല"യിൽ ഒടുക്കം ഉള്ള

യസ്യ പ്രിയൌ ശ്രുതിധരൌ രവിലോകവീരൌ
മിത്രേ ദ്വിജന്മവരപാരശവാവഭൂതാം."

ഇത്യാദി പദ്യത്തിന്റെ ഒരു പഴയ ഭാഷാവ്യാഖ്യാനത്തിൽനിന്നു, 'രവി' എന്ന നമ്പൂരിയും, 'ലോകവീരൻ' എന്ന വാര്യരും ആ പെരുമാളുടെ വയസ്യന്മാരായിരുന്നു എന്നു പ്രസ്താവിച്ചിട്ടുള്ളതു വായനക്കാർ ഓർക്കുന്നുണ്ടായിരിക്കാം. ഈ 'രവി'യുടെ പുത്രനത്രേ വാസുദേവഭട്ടതിരി എന്നാണ് എന്റെ അഭ്യൂഹം. അതിൽ അനുപപത്തിയില്ലെങ്കിൽ, അദ്ദേഹം ആശ്രയിച്ച 'രാജശേഖരൻ' എന്ന പെരുമാൾ, ഒന്നുകിൽ സാക്ഷാൽ ആഴ്‌വാർതന്നെയോ, അല്ലെങ്കിൽ അദ്ദേഹത്തിന്റെ അടുത്ത മുൻവാഴ്ച്ചക്കാരനോ ആയ് വരണം. 'രാജശേഖരൻ' താൻ നിർമ്മിച്ച മൂന്നു നാടകങ്ങൾ ശങ്കരഭഗവത്പാദർക്കു കാഴ്ച വെച്ചു എന്നു മാധവാചാര്യരുടേതെന്നു പറയുന്ന ശങ്കരവിജയത്തിൽ കാണുന്നുണ്ട്. അതിൽ "സ്തുയമാൻചരണഃ കുലദീപഃ" എന്നൊരു പദ്യപാദം രാജപ്രശസ്തിപരമായ് കാണുന്നതിലുള്ള 'കുലദീപ'പദം, പക്ഷേ 'കുലശേഖര'പദത്തിന്റെ ഒരു പര്യായമായ് ഗണിക്കാം. ആ നിലയ്ക്കു 'യുധിഷ്ഠിരവിജയ'ത്തിലേ 'കുലശേഖര'നും, 'ത്രിപുരദഹന'ത്തിലേ 'രാജശേഖര'നും ഒരാളാണെന്നു വരുവാൻ പാടില്ലായ്കയില്ല.

"ഏവമേനമതിമർത്ത്യചരിത്രം സേവമാനജനദൈന്യലവിത്രം
കേരളക്ഷിതിപതിർഹി ദിദൃക്ഷുഃ പ്രാഹിണോത് സചിവമാദൃതഭിക്ഷുഃ.

Digitized By Kerala Sahitya Akademi

തേന പൃഷ്ടകുശലഃ ക്ഷിതിപാലഃ സേപന സ്പഷ്ടമഥ ശാത്രവകാലഃ
ഘാടകായുതസമർപ്പണപൂർവം നാടകത്രയമവോചദപൂർവം.

തദ്രസാർദ്രഗുണരീതിവിശിഷ്ടം ഭദ്രസന്ധിരുചിരം സുകവീഷ്ടം
സംഗ്രഹേണ സ നിശമ്യ സുവാചം തം 'ഗൃഹാണ പര'മിത്യമുമൂചേ".
(ശങ്കരവിജയം സർഗ്ഗം ൫)

'കവിതാകുശലോഽഥ കേരളക്ഷ്മാകമനഃ കശ്ചന രാജശേഖരാഖ്യഃ
മുനിവര്യമമും മുദാ വിതേനേ നിജകോടീരനിഘൃഷ്ടപന്നഖാഗ്രം.

പ്രഥതേ കിമു നാടകത്രയീ സേ'ത്യമുനാ സംയമിനാ തതോ നിയുക്തഃ
അയമുത്തരമാദദേ; "പ്രമാദാദനലേ സാഹുതിതാമുപാഗതേ''തി.

മുഖതഃ പഠിതാം മുനീന്ദ്രനാ താം വിലിഖന്നേഷ വിസിസ്മയേ സ ഭൂപഃ."
(ശങ്കരവിജയം സർഗ്ഗം ൧൪)

ഈ പദ്യങ്ങൾ ഇവിടെ സ്മരണീയങ്ങളാണ്. പക്ഷേ, വെറും ഐതിഹ്യസങ്കലിതമായ 'ശങ്കരവിജയം' മാത്രം വെച്ചുകൊണ്ടു ചരിത്രസംബന്ധമായി ഒരു കാര്യവും നിർണ്ണയിക്കാവുന്നതല്ല. ശങ്കരാചാര്യരുടെ കാലം, ക്രി. പി. എട്ടാംശതകത്തിന്റെ ഒടുവിലും, ഒൻപതാംശതകത്തിന്റെ ആരംഭത്തിലും ആയിരുന്നതിനാൽ, വാസുഭട്ടതിരിയുടെ കാലം, ക്രി. പി. ഒൻപതാം ശതകത്തിന്റെ ആരംഭത്തിലാണെന്നു ഗണിക്കുന്നതു യുക്തിയുക്തമായിരിക്കും. കുലശേഖര ആഴ്‌വാരേ ക്രി. പി ഒൻപതാംശതകത്തിലേയ്ക്കു കൊണ്ടുവരുന്നതിന് ഉത്സുകരായ ചില പണ്ഡിതന്മാരുണ്ടെങ്കിലും, അതിനിപ്പുറം അദ്ദേഹത്തെ ആനയിക്കുന്നവരാരുമില്ല. ആഴ്‌വാരന്മാരുടെ ദ്രാവിഡഭാഷാഗാനങ്ങൾ ശേഖരിച്ചു 'നാലായിരപ്രബന്ധം' എന്ന പേരിൽ പ്രസിദ്ധീകരിച്ച നാഥമുനി ജീവിച്ചിരുന്നതു പത്താം ശതകത്തിലാകയാൽ, അതിൽ പിന്നീടാണ് ആഴ്‌വാരുടെ കാലമെന്നു പറവാൻ ഒരുവിധത്തിലും ന്യായമില്ല. 'തപതീസംവരണ'വും, 'സുഭദ്രാധനഞ്ജയ'വും നിർമ്മിച്ച 'കുലശേഖരവർമ്മാവു'തന്നെയാണ് 'മുകുന്ദമാലാ'കാരനായ ആഴ്‌വാരെന്നും, അദ്ദേഹം, പ്രസ്തുതനാടകങ്ങളും ഇതുവരെ കണ്ടുകിട്ടീട്ടില്ലാത്ത 'വിച്ഛിന്നാഭിഷേക'വുമാണ് ആചാര്യപാദരെ കാണിച്ച നാടകത്രയമെന്നും സ്ഥാപിയ്ക്കുവാൻ ഞാൻ 'വിജ്ഞാനദീപിക'യിൽ ശ്രമിച്ചിട്ടുണ്ട്. എന്നാൽ, രാജശേഖരൻ ചേരമാൻപെരുമാൾനായനാർ ആയിരുന്നു എന്നും, അദ്ദേഹം ക്രി. പി. ൮൦൦–വരെ വരെ ആണു രാജ്യഭാരം ചെയ്തതെന്നും, ആചാര്യപാദർ



Digitized By Kerala Sahitya Akademi

രാജശേഖരനു നല്കിയ വരത്തിന്റെ ഫലത്താൽ ജനിച്ച പരമഭാഗവ
നാണു് 'കുലശേഖരആഴ്‌വാർ' എന്നും, അദ്ദേഹത്തിന്റെ രാജ്യഭാര
ലം ക്രി. പി. ൮൨൫-൮൪൫ വരെ ആയിരുന്നു എന്നും, അദ്ദേഹത്തി‌
അടുത്ത പിൻവാഴ്ചക്കാരനാണു് 'വാസുഭട്ടതിരി' സ്മരിക്കുന്ന 'രാമൻ'
ന്നും, അദ്ദേഹം ക്രി. പി. ൮൪൫-൮൬൦ വരെ രാജ്യം ഭരിച്ചു എന്നും, 'ത
തീസംവരണാ'ദിനാടകങ്ങളുടെ കർത്താവായ കുലശേഖരവർമ്മാവി
രാജ്യഭാരകാലം ക്രി. പി. ൯൫൫-൯൭൫ വരെ ആയിരുന്നു എന്നും
മാൻ രാമനാഥയ്യർ പ്രസ്താവിക്കുന്നു. 'രാമൻ', അഥവാ രാമവർമ്മ
ശേഖരചക്രവർത്തി, ക്രി. പി. ൮൨൫-൮൭൫ വരെ ആയിരുന്നു രാജ്യഭ
ചെയ്തതു് എന്നും, അദ്ദേഹത്തിന്റെ കാലത്താണു് വാസുഭട്ടതിരി യ
കാവ്യങ്ങൾ രചിച്ചതെന്നും ശ്രീമാൻ ആററൂർ കൃഷ്ണപ്പിഷാരടി 'കേരള
രിത'ത്തിൽ പറയുന്നു.

> "ദൂരാദപി സതാം ചിത്തേ ലിഖിതാശ്ചര്യമഞ്ജരീം
> കുലശേഖരവർമ്മാഗ്ര്യാം ചകാരാശ്ചര്യമഞ്ജരീം."

എന്നു 'തപതീസംവരണ' കാരനേപ്പററി പ്രശംസിക്കുന്ന രാജശേ
മഹാകവി കാന്യകുബ്ജത്തിലെ മഹേന്ദ്രപാലന്റെ ഉപാധ്യായനാ
അദ്ദേഹത്തിന്റെ പുത്രൻ മഹീപാലന്റെ ആസ്ഥാനപണ്ഡിതനാ
ജീവിച്ചിരിക്കുകയും, ആ രാജാക്കന്മാർ ക്രി. പി. ൯൦൫-൯൪൦ വ
രാജ്യം ഭരിക്കുകയും ചെയ്തതായി കാണുന്നതിനാൽ രാജശേഖരന്റെ
വിതകാലം ൧൦-ാംശതകത്തിന്റെ (ക്രി. പി.) ആരംഭത്തിലെന്നു
ഢിക്കുന്നതും, അപ്പോൾ കുലശേഖരവർമ്മാവു് അദ്ദേഹത്തേക്കാൾ പ്രാ
നനാകയാൽ, ക്രി. പി. ൯-ാം ശതകത്തിന്റെ ഉത്തരാർദ്ധത്തിൽ എ
ലും ജീവിച്ചിരുന്നതായി പരിഗണിക്കേണ്ടതും ആകുന്നു. ഈ കുലശേ
വർമ്മാവിന്റെ സദസ്യനായ തോലകവി (അതുലശർമ്മാവു) യമകകാ
കളെ കളിയാക്കിക്കൊണ്ടു്,

> "ഥപ്രഥനം ദാനന്ദം പദദായം നാത്ര ജനിതനന്ദാനന്ദം
> തനയം വന്ദേ വക്യാ നിരനായം ദലിതദാനവം ദേവക്യാഃ."

എന്ന പദ്യം നിർമ്മിച്ചു എന്നൊരൈതിഹ്യമുണ്ടു്. അതു യമകലോ
ത്തിൽ സരസ്വതീദേവിയുടെ പുരുഷാവതാരമെന്നു വർണ്ണിക്കേണ്ട നി
യിൽ അത്രമാത്രം മഹനീയനായ വാസുഭട്ടതിരിയേപ്പററിയായിരിക്കാ
നിവൃത്തിയില്ലാത്തതും ആ മഹാകവിയെ അനുകരിച്ചു ക്ഷുദ്രകാവ്യങ്ങ
എഴുതിക്കൂട്ടിയ ഏതെങ്കിലും കവിയശഃപ്രാർത്ഥികളെ ഉദ്ദേശിച്ചു മാത്ര

Digitized By Kerala Sahitya Akademi

ആയിരിക്കാവുന്നതും ആകയാൽ, ഭട്ടതിരിയുടെ 'രാമൻ' കുലശേഖരവൎമ്മാവിനെ അപേക്ഷിച്ചു പ്രാക്തനനായ ഒരു രാജാവായിരിക്കണം എന്നാണു് ഞാൻ ഇന്നും പറയുന്നതു്. ഇവരെല്ലാവരും ചേരരാജക്കന്മാർ ആകുന്നു. ക്രി. പി. ൧൧-ാംശതകത്തിൽ രാജേന്ദ്രചോളൻെറ ദിഗ്വിജയപരിപാടിയിൽ പെട്ട കേരളത്തിൻെറ ആക്രമണത്തോടും ചേരമാൻ മുടിയുടെ അപഹരണത്തോടുംകൂടി ആ രാജവംശം നാമാവശേഷമായി. അനന്തരം വീരരവിവൎമ്മചക്രവൎത്തിയുടെ കാലമായ ക്രി. പി. പതിന്നാലാം ശതകത്തിൻെറ ഒന്നാം പാദം തൊട്ടു് എങ്കിലും കുലശേഖരൻ എന്ന സ്ഥാനം തിരുവിതാംകൂർ മഹാരാജാക്കന്മാരിൽ സംക്രമിച്ചു. ഈ കാരണങ്ങൾകൊണ്ടു വാസുഭട്ടതിരി ആശ്രയിച്ചിരുന്ന ചേരമാൻപെരുമാൾ (അഥവാ രണ്ടു പെരുമാക്കന്മാർ) ക്രി. പി. ൯-ാമത്തേയോ ൧൦-ാമത്തേയോ ശതകത്തിൽ ജീവിച്ചിരുന്നു എന്നും, മററു തെളിവുകളേക്കൊണ്ടു് ൯-ാം ശതകത്തിൽ ജീവിച്ചിരുന്നു എന്നു് ഊഹിക്കുന്നതാണു താരതമ്യേന യുക്തിയുക്തമെന്നും സിദ്ധിക്കുന്നു. "രാജാദിത്യ ഇത്യമുഷ്യൈവ അഭിഷേകപ്രയുക്തം നാമ" എന്നു 'വിഷ്ണു' തൻെറ നളോദയവ്യാഖ്യാനത്തിൽ പ്രസ്താവിക്കുന്നതിൽനിന്നു, രാമവൎമ്മാവു രാജ്യാഭിഷേകാവസരത്തിൽ രാജാദിത്യനെന്ന നാമധേയം സ്വീകരിച്ചു എന്നും നമുക്കു വിശ്വസിക്കാം.

എങ്ങനെ നോക്കിയാലും, ക്രി. പി. ൧൫-ാം ശതകത്തിൻെറ ആരംഭത്തിൽ ജീവിച്ചിരുന്ന 'ഭ്രമരസന്ദേശ' കാരനല്ല വാസുഭട്ടതിരി എന്നുള്ളതിനു വേറേയും തെളിവുകളുണ്ടു്.

തന്ത്രസമുച്ചയകാരനായ ജയന്തമങ്ഗലത്തു നാരായണൻനമ്പൂതിരിപ്പാട്ടിലെ കാലം ക്രി. പി. ൧൪൨൬-നുമേൽ ആണെന്നു്, "കല്യബ്ദേഷ്വതിയത്സു നന്ദനയനേഷ്വംഭോധിസംഖ്യേഷു യഃ" ഇത്യാദി പദ്യത്താൽ വെളിവാകും. അദ്ദേഹം, കോഴിക്കോട്ടു ശക്തൻ സാമൂതിരിപ്പാട്ടിലെ പതിനെട്ടരക്കവികളിൽ ഒരാളായിരുന്നു. ആക്കൂട്ടത്തിൽപെട്ട മറെറാരു കവിയായിരുന്നു ഉദ്ദണ്ഡശാസ്ത്രികൾ. സാക്ഷാൽ പുനംനമ്പൂരിയാണു് ആ സദസ്സിനെ അലങ്കരിച്ച 'അരക്കവി'. "മധുരമധുരഭാഷാസംസ്കൃതാന്യോന്യസമ്മേളനസുരഭില"മായ ചന്ദ്രോത്സവവും അക്കാലത്തെ ഒരു കൃതിയാകുന്നു. ആ കാവ്യത്തിൽ രണ്ടു ജീവൽകവികളായി,

"മദനസമരസമ്മർദാന്തരോദ്ഭ്രാന്തകാന്താ-
മണിതമഹിതമാധുര്യൈകവംശപ്രസൂതൈഃ
മധുമത മണമോലും ഗദ്യപദ്യൈരനേകൈ-
ൎമ്മദയതി പുനമിന്നും ഭൂരി ഭൂചക്രവാളം.

Digitized By Kerala Sahitya Akademi

ഉചിതരസവിചാരേ ചാരുവാഗ്ദേവതാശ്രീ-
കരകിസലയസംമൃഷ്ടശ്രമസ്വേദജാലം
അഹമഹമികയാ വന്നത്ഥശബ്ദപ്രവാഹം
ഭവതു വദനബിംബം പ്രീതയേ ശാങ്കരം മേ."

എന്നു പുനത്തേയും ശങ്കരനേയുംപററി പ്രസ്താവിച്ചുകാണുന്നു. "ചന്ദ്രോ
ത്സവ''ത്തിന്റെ ആരംഭത്തിലുള്ള,

"അണികലചില ജിഹ്വാനന്ദി കണ്ണാമൃതം ഞാ-
ണഥ നയനമനോജ്ഞം നാസികാഹ്ലാദി ബാണം
തൊട്ടമലവിളകീടും തേര യസ്യാങ്ഗനാനാം
വക പടകളനങ്ഗം ദൈവതം വെൽവുതാക''.

എന്ന മങ്ഗലാചരണപദ്യം, ഒരു പഴയ ഗ്രന്ഥത്തിൽ പുനത്തിന്റെ
തെന്നു കരുതാവുന്ന ചില ഒററശ്ലോകങ്ങളുടെ കൂട്ടത്തിൽ കാണുന്നു.

ശ്രീശങ്കരേണ വിദുഷാ കവിസാർവഭൌമേ-
നാനന്ദമന്ദഗതിനാ പുരതോ ഗതേന
ശ്രീമന്മുകുന്ദമുരളീമധുരസ്വരേണ
പദ്യൈരവദ്യരഹിതൈരനവർണ്ണ്യമാനാ'' എന്നും,

"മധുമൊഴി! പുനമെന്നാ നൽകവീന്ദ്രേണ സാര-
സ്വതപരിമളമോലും പദ്യഭേദൈരനേകൈഃ
പകലിരവു വളത്തി സ്തുയമനാപദാനാ
മധുരകവിഭിരന്യൈരന്വിതാ 'രാഘവാ'ദ്യൈഃ."

എന്നുമുള്ള പദ്യങ്ങളിൽ ഈ രണ്ടു മഹാകവികളെ ചന്ദ്രോത്സവകാര
വീണ്ടും സ്മരിക്കുന്നു. 'മേദിനീവെണ്ണിലാവു' ആഘോഷിച്ച 'ചന്ദ്രി
മഹോത്സവ'ത്തിന്, ശങ്കരകവി 'മാനവീമേനക'യോടുകൂടിയും, പുന
രാഘവാദികവികളും 'മാരലേഖ' യോടുകൂടിയും ആണ് പോകുന്ന
ഈ 'മാരലേഖ'യേപ്പററി പുനം ശങ്കരകവിക്കയച്ച ഒരു ശൃംഗാരശ്ലോ
കം താഴെ ചേത്തുകൊള്ളുന്നു.

"മത്പ്രാണങ്ങളിനുണ്ടു നിന്നൊടരിയോരന്യായമിപ്പോളെടോ!
പത്മാമങ്ഗലരങ്ഗ! ശങ്കരകവേ! നിന്നോമലന്യാദൃശീ;
മൽപ്രാണേശ്വരി മാരലേഖ മഹിളാരത്നം തരിൻറീലെടോ
ചെപ്പോലും മുലമൊട്ടെനിക്കു നളിനത്താർബാണപീഡാനിധേ!'

Digitized By Kerala Sahitya Akademi

ഇതിൽ സൂചിപ്പിക്കുന്ന ശങ്കരകവിയുടെ 'ഓമൽ' 'മാനവീമേനക'യാണെന്നു തോന്നുന്നു. ഈ പദ്യം കണ്ടു ശങ്കരകവി മാരലേഖയ്ക്കു് അയച്ച ഒരു പദ്യംകൂടി ഉദ്ധരിക്കാം.

"ധന്യേ! സത് പാത്രദാനം പ്രതി തവ മടിയെന്തെന്നു മുന്നേ കൊടാഞ്ഞു
കുൻേറലുംകൊങ്ക പങ്കേരുഹമുഖി! പുനമാം നൽകവീന്ദ്രന്നതന്ദ്രം
അന്യായം ചൊല്ലുമാറാക്കിനതമലഗുണേ! യുക്തമോ! ചിത്തമയ്യോ!
ഖിന്നം കാണേതദീയം മദനശരശിഖാദാരുണം മാരലേഖേ!".

പുനവും ശങ്കരകവിയും ഉത്തരകേരളീയന്മാരായിരുന്നു. കോലത്തുനാട്ടിലായിരുന്നു ശങ്കരകവിയുടെ താമസം.

ദൃഷ്ട്വാ ദേവം പരിസരജുഷം ശംബരേ ബാലകൃഷ്ണം
ലോപാമുദ്രാസഖതിലകിതം ദിങ്മുഖം ഭൂഷയിഷ്യൻ
കോലാനേലാവനസുരഭിലാൻ യാഹി യത്ര പ്രഥന്തേ
വേലാതീതപ്രഥിതവചസഃ ശങ്കരാദ്യാഃ കവീന്ദ്രാഃ".

എന്ന കോകിലസന്ദേശപദ്യത്തിൽ ഉദ്ദണ്ഡശാസ്ത്രികൾ പ്രശംസിക്കുന്നതു് ഈ ശങ്കരകവിയേത്തന്നെയാണു്. ശങ്കരകവി അഥവാ ശങ്കരവാരിയർ (ശങ്കരമാരാരല്ല) ആകുന്നു സുപ്രസിദ്ധമായ 'ശ്രീകൃഷ്ണവിജയ' മഹാകാവ്യത്തിൻെറ നിർമ്മാതാവു്. താഴെക്കാണുന്ന പദ്യങ്ങൾ ആ കാവ്യത്തിൽ ഉള്ളവയാണു്.

"ചകാസ്തി രാജാ ചതുരന്തവീരചൂഡാതടീചുംബിതപാദപീഠഃ
കാലാഗ്നികുലങ്കഷബാഹുതേജാഃ കോലാധിപഃ കേരളവർമ്മനാമാ.

ശിവേശചാരാഖ്യേ ഭവനോത്തമേ യഃ ശ്രുത്യന്തരത്യന്തനിഗൂഢരൂപം
പ്രാകാശയത് പ്രൗഢതപഃപടിമ്നാ പഞ്ചേഷുലീലാപരിപന്ഥി തേജഃ.

x x x x x x x

പാത്രം ശ്രിയസ്തസ്യ ചകാസ്തി രാജ്യേ ക്ഷേത്രം 'വിഹാരാചല'നാമധേയം
ജഗത്സവിത്രീ ഖലു യത് പവിത്രീകരോതി നീഹാരഗിരീന്ദ്രപുത്രീ.

വിഭാതി തസ്മിൻ ഗിരിജാകടാക്ഷപാത്രീഭവൻ കശ്ചന സൂരിവര്യഃ
ശ്രീകോലഭൂപാലകഹർഷസിന്ധുരാകാശശീ രാഘവനാമധേയഃ.

സദാ മനീഷാമയതാമ്രവർണ്ണീസമ്പൎക്കിണോ വാങ്മയമൗക്തികാനി
ഓദ്വൈകസിന്ധോഃ സമവാപ്യ യസ്മാത് സുധീജനഃ കർണ്ണമലങ്കരോതി.

Digitized By Kerala Sahitya Akademi

അന്തേവസൻ കശ്ചന തസ്യ ചാഭൂൽ കവിത്വമാർഗ്ഗേ കലിതപ്രചാരഃ
ആചാര്യകാരുണ്യജലപ്രരൂഢപ്രജ്ഞാങ്കുരഃ ശങ്കരനാമധേയഃ.

അർദ്ധം ശരീരസ്യ ച ശീതഭാനോഃ കളത്രയന്തീ ച വതംസയന്തീ
കാചിത് കൃപാ കണ്വപുരൈകഭൂഷാ കാമപ്രസൂർയത് കുലദൈവമാസ്യ

നിത്യം വിഹാരാദ്രിജുഷോ ഭവാന്യാഃ സ്തോത്രാംബുഭിഃ സന്നതിദോഹദൈ
അകാരി യസ്യാങ്കുരിതോ മഹീയാൻ നവത്വമാശ്രിത്യ കവിത്വശാഖീ. [ർ

കോലേശ്വരസ്തം മുദിതഃ കദാചിദാസ്ഥാനവർത്തീ നൃപചക്രവർത്തീ [ര
നിഷ്ണാതധീഃ "കൃഷ്ണകഥാനുബന്ധം കാവ്യം കുരു ശ്രാവ്യ"മിതി ന്യഗാദീ

കൃശാപി കോലേശവചസ്സമീരസമ്പ്രേരണാദ്ദേശികദൃഷ്ടിനാവാ
ഭക്തിദ്വിതീയാഥ തദീയവാണീ പാരംഗതാ കൃഷ്ണകഥാപയോധേഃ".

"പ്രതാപശാലിയായി കോലത്തുനാട്ടിൽ കേരളവർമ്മാവെന്നു ഭ രോടുകൂടി ഒരു രാജാവുണ്ട്. അദ്ദേഹം അവിടെയുള്ള 'ശിവേശ്വര ക്ഷേത്രത്തിലെ ശ്രീപരമേശ്വരനെ തപസ്സുചെയ്തു പ്രത്യക്ഷീകരിച്ചു. ദ്ദേഹത്തിന്റെ രാജ്യത്തിൽ ശ്രീപാർവതീദേവിയെ പ്രതിഷ്ഠിച്ചിട്ടുള്ള വിഹാരാചലം (പള്ളിക്കുന്നു; പള്ളിക്കുന്നം) എന്നൊരു ക്ഷേത്രമുണ്ട് ആ ദേവിയുടെ സമാരാധകന്മാരിൽ ഒരുവനും, കേരളവർമ്മരാജാവി സന്തോഷപ്രദനമായി 'രാഘവ'നെന്നു നാമത്തോടുകൂടിയ ഒരു പണ്ഡ തവർയ്യനുണ്ട്. അദ്ദേഹം അനേകം ഉത്തമപ്രബന്ധങ്ങളുടെ പ്രണേത വാണ്. അദ്ദേഹത്തിന്റെ അന്തേവാസിയായും, അദ്ദേഹത്താൽ കവിത പഥത്തിൽ സഞ്ചരിപ്പിക്കപ്പെട്ടവനായും, ആ ആചാര്യന്റെ കാരുണ്യ കൊണ്ടു പ്രജ്ഞാശാലിയായിത്തീന്നവനായും ശങ്കരനാമാവായ ഒരാളുണ്ട് കണ്ണൂരിലെ കാത്യായനീദേവിയാണ് ആ ശങ്കരന്റെ കുലദൈവത പള്ളിക്കുന്നത്തു ഭഗവതിയെ ഭജിച്ച് അയാളും കവിയായി. കേരളവ ർമ്മരാജാവു ഒരിക്കൽ ആ കവിയോടു കൃഷ്ണകഥാനുബന്ധമായ ഒരു കാവ്യ രചിക്കണമെന്ന് ആജ്ഞാപിക്കുകയും, ആ ആജ്ഞയാകുന്ന കാററിന്റെ യും ആചാര്യകാരുണ്യമാകുന്ന തോണിയുടേയും സഹായതകൊണ്ടു, ഭക്തി ദ്വിതീയയായ അയാളുടെ വാണി കൃഷ്ണകഥാസമുദ്രത്തിന്റെ മറുകരയിൽ എത്തുകയുംചെയ്തു (അതായതു 'ശ്രീകൃഷ്ണവിജയം' തുടങ്ങി പൂർത്തിയാക്കി) ഇതാണ് മേലുദ്ധരിച്ച പദ്യങ്ങളുടെ താൽപര്യം.

Digitized By Kerala Sahitya Akademi

"ശ്രീരാഘവാഖ്യദേശികകാരുണ്യകടാക്ഷവീക്ഷണവിലാസഃ
മമ കൃഷ്ണചരിതജലധൗ മരകതമണിസേതുചാതുരീമകരോത്."

എന്നു ഗ്രന്ഥാവസാനത്തിൽ ശങ്കരൻ തന്റെ ആചാര്യനെ വന്ദിക്കുന്ന ഒരു പദ്യവും 'ശ്രീകൃഷ്ണവിജയ'ത്തിന്റെ ചില താളിയോലപ്പകർപ്പുകളിൽ ഞാൻ കണ്ടിട്ടുണ്ട്. രാഘവനം ഒരു വാരിയരായിരുന്നു എന്നാണ് കേട്ടിട്ടുള്ളത്. അദ്ദേഹത്തിന്റെ താമസം പള്ളിക്കുന്നത്തായിരുന്നു എന്നും, അദ്ദേഹത്തിന് ഒരു വലിയ ശിഷ്യസമ്പത്തുണ്ടായിരുന്നു എന്നും ചന്ദ്രോത്സവത്തിലേ,

"സുമുഖി! സുരഭയന്തീ സൈ്വരമാശാകദംബം
മധുരകവിതയാലേ രാഘവാന്തേവസന്തഃ;
നിരുപമരുചിഭാജാം ദേവി! നിർമ്മത്സരാണാം
നിലയമിനിയ പള്ളിക്കുന്നു യേഷാമമീഷാം".

എന്ന പദ്യത്തിൽനിന്നു നാം ധരിക്കുന്നു. ഈ രാഘവവാരിയർ വാസുഭട്ടതിരിയുടെ 'യുധിഷ്ഠിരവിജയ'ത്തിനു 'പദാർത്ഥചിന്തനം' എന്ന വിസ്തൃതമായ ഒരു വ്യാഖ്യാനം നിർമ്മിച്ചിട്ടുണ്ട്. ആ വ്യാഖ്യാനത്തിന്റെ ആരംഭത്തിൽ താഴെ ഉദ്ധരിക്കുന്ന പദ്യങ്ങൾ കാണുന്നു.

"അഷ്ടാദശാനാം വിദ്യാനാമിഷ്ടാനാം പ്രഭവം സതാം
കഷ്ടാപത്തിപ്രണാശായ ശിഷ്ടാമോദി ഭജേ മഹഃ.

വിഹാരക്ഷിതിഭൃത്ക്ഷേത്രം വസന്തീം വിശ്വരക്ഷിണീം,
പദ്മാക്ഷസോദരീമീഢേ ദാക്ഷ്യായാനക്ഷണം ഗിരാം.

ഹേരംബം ഹരദൃഗ്ധാബ്ധികൌസ്തുഭം സ്തൗമഹേ മഹഃ
ആമ്നായഹരിസന്ധാര്യ്യം സന്ധാര്യ്യം വിഘ്നവിപ്ലവേ.

ശ്രീവിഹാരധരാവാസാ വാസവാനുജസോദരീ
സാദരാ ഭക്തവർഗ്ഗേഷു സാ ദരാന്മമ രക്ഷികാ.

ശ്രീകണ്ഠാഖ്യാസമാഖ്യാതാഃ ശ്രീകണ്ഠാകുണ്ഠധീഗുണാഃ
സുശ്രുതാ വിശ്രുതാ ലോകേ ഗുരവോ മമ രക്ഷകാഃ.

ശ്രീകേരളവർമ്മനൃപഃ പരിഭ്രതാരാതിഭൃതിഭൂരിമദഃ
ആസ്ഥാനമലങ്കുർവ്വന്നാസ്ഥായോഗാത് കദാചിദശിഷന്മാം.

Digitized By Kerala Sahitya Akademi

'രചയ യുധിഷ്ഠിരവിജയവ്യാഖ്യാം പ്രഖ്യാപിതോരുതാത്പര്യാം
പര്യാലോചനചതുരാം രാഘവ ലാഘവവിവർജ്ജിതാത്മജിതാം'

ഇത്ഥം സമാജ്ഞയാ രാജ്ഞഃ പ്രജ്ഞാവൈധുര്യഭാഗപി
'പദാർത്ഥചിന്തനം' നാമ വ്യാഖ്യാനം കർത്തുമാരഭേ.

വാസുദേവകവേഃ കാവ്യേ ഭവ്യേ കവിഭിരീഡിതേ
വ്യാഖ്യാപി സാ തു ശിക്ഷായൈ മഹത്യൈ ഭവിതാ മമ.

സ്മരത യുധിഷ്ഠിരവിജയം കാവ്യം കർണ്ണൈകഭൂഷണം വിദുഷാ
ഹാരവദത്യക്തഗുണം ഗുരുതരകൃഷ്ണാർച്ചിതേജസോല്ലസിതം.

പാണ്ഡവചരിതം മുനിനാ പ്രോക്തം യദിസ്തരേണ; തദിഹ സുഖ
സമുചിതപദവിന്യാസൈരസൂചയത് തത്ര തത്ര കവിരാജഃ''

ഈ ശ്ലോകങ്ങളിൽനിന്ന്, രാഘവകവിയുടെ ആരാധനാമൂർത്തി പള്ളിക്കുന്നത്തു പാർവ്വതീദേവിയായിരുന്നു എന്നും, ശ്രീകണ്ഠനെന്നായിരുന്നു അദ്ദേഹത്തിന്റെ ഗുരുവിന്റെ നാമധേയമെന്നും, കേരളവമ്മരാജാവിന്റെ ആജ്ഞാനുസാരമാണ് അദ്ദേഹം 'പദാർത്ഥചിന്തനം' നിർമ്മിച്ചതെന്നും തെളിയുന്നുണ്ട്. 'ശ്രീകണ്ഠദാസൻ' എന്ന മുദ്രയാണ് രാഘവൻ സാധാരണമായ് ധരിച്ചിരുന്നതു്. ശ്രീകണ്ഠൻ ആരെന്നു നിശ്ചയമില്ല. ശിശുപാലവധത്തിനു 'ബാലബോധിക' എന്നൊരു വ്യാഖ്യാനം ചേന്നമങ്ഗലത്തു ശ്രീകണ്ഠവാരിയർ രചിച്ചിട്ടുണ്ട്. അദ്ദേഹം ആ വ്യാഖ്യാനത്തിന്റെ ഉപോൽഘാതത്തിൽ,—

"പരസ്പരോപമൌ ശാന്തൌ തദംശേ സാവ്ലൌകികൌ
ശ്രീകണ്ഠാഖ്യാവുഭൌ ജാതൌ സാഹിത്യൈകപരായണൌ.

x x x x x

സ തത്ര ജന്മലാഭായ കൃതുകീ പരമേശ്വരഃ
ശ്രീകണ്ഠാത് പിതൃതുല്യാങ്ഗോ ദ്വിതീയാദ്ഗ്രഭൃത് സ്വയം.''

ഇത്യാദി പദ്യങ്ങളിൽ സ്മരിക്കുന്ന ശ്രീകണ്ഠന്മാർ അനന്തരകാലീനന്മാർ ആകുന്നു. ശൌരിചരിതം (ശൌരികഥയല്ല) എന്നു മറ്റൊരു യമകകാവ്യമുണ്ട്.

"ശ്രീകണ്ഠരചിതം കാവ്യം തച്ഛൌരിചരിതാഹ്വയം
വ്യാഖ്യാസ്യേഹം സയമകം പ്രൌഢം പ്രാകൃതഭാഷയോഃ.''

Digitized By Kerala Sahitya Akademi

എന്നു തുടങ്ങി അതിനൊരു വ്യാഖ്യാനവും കാണുന്നുണ്ട്. ഈ കാവ്യത്തിൻെറ കർത്താവായിരിക്കാം രാഘവഗുരുവായ ശ്രീകണ്ഠൻ എന്ന് ഊഹിക്കുവാനേ തൽക്കാലം നിവൃത്തിയുള്ളൂ. ഇതിൽനിന്നെല്ലാം ഒരു സംഗതി അപ്രതിഷേധ്യമായ് വെളിപ്പെടുന്നതു് വാസുഭട്ടതിരി ക്രി. പി. ൧൫-ാംശതകത്തിനു മുൻപെങ്കിലും ജീവിച്ചിരുന്നിരിക്കണമെന്നുള്ളതാകുന്നു. രാഘവൻ വാസുഭട്ടതിരിയെപ്പററി "കവികുലശേഖരഃ കുലശേഖരസഭാസ്താരസഭാജിതകവിതാകൌശലഃ സകലവിദ്യാസാഗരപാരീണശേമുഷീകോ ഗുരുകരുണാകടാക്ഷസംവർദ്ധിതകവിതാകല്പലതോപാല്ലതരുമഠാരതഭട്ടാരകപരമാചാര്യാന്തേവാസീ വാസുദേവനാമാ വാസുദേവഭക്താഗ്രണീർദ്വിജന്മകുലതിലകഃ" എന്നു പ്രശംസിച്ചിരിക്കുന്നു. ശ്രീരംഗത്തിനു സമീപം ചാത്തനൂർ എന്ന ഗ്രാമത്തിൽ ഭാരദ്വാജഗോത്രജനായ്, ആച്ചിഅമ്മാളു'ടേയും 'സുദർശനഭട്ട'ൻേറയും പുത്രനായ്, 'രാമചന്ദ്രഭട്ട'ൻേറയും, 'ഹസ്തിഗിരിഭട്ട'ൻേറയും ശിഷ്യനായ് 'ചൊക്കനാഥൻ' എന്നൊരു പണ്ഡിതനുണ്ടായിരുന്നു. അദ്ദേഹം, 'യുധിഷ്ഠിരവിജയ'ത്തിനു 'ബാലവ്യുൽപത്തികാരിണി' എന്നൊരു വ്യാഖ്യാനം നിർമ്മിച്ചിട്ടുണ്ട്. ആ ഗ്രന്ഥത്തിൻെറ പ്രാരംഭത്തിൽ,

"ഭാവാദ്യലംകൃതിരസധ്വനിഭാസമാനം
ധർമ്മാർത്ഥമോക്ഷഫലഭാരതബദ്ധസഖ്യം
ദ്രാക്ഷാതിശായിരസവദ് യമകപ്രഭേദം
ശ്രീവാസുദേവകലിതം ഭുവി കാവ്യമിന്ദ്ധേ.

ഗാംഭീര്യാസ്പദവാച്യവാചകതയാ വ്യാഖ്യാപഥാഗോചരം
കാവ്യം; മദ്ധിഷണാ തു മാന്ദ്യവിഭവപ്രാചുര്യപാഥോനിധിഃ;
വ്യാഖ്യാതും പ്രയതേ തഥാപി തദിദം ഹാ! ഹന്ത! ഹന്താധുനാ;
സാധ്യാസാധ്യവിവേകശൂന്യഹൃദയഃ സർവ്വത്ര സന്നഹ്യതി."

എന്നു പ്രസ്താവിക്കപ്പെട്ടുകാണുന്നതിൽനിന്ന്, 'യുധിഷ്ഠിരവിജയ'ത്തിന് അതു് ആദ്യത്തെ വ്യാഖ്യാനം എന്നനുമിക്കാം. "വാസുദേവനാമാ കേരളീയഃ കവിഃ കീർത്തികാമനയൈവ കാവ്യകരണപ്രവൃത്തഃ 'കീർത്തിമദഭ്രാന്തേന' ഇത്യാദി വക്ഷ്യമാണപദ്യേന സ്വകാവ്യസ്യ കീർത്തിരേവ പ്രയോജനമിതി വക്ഷ്യൻ ആദാവാശിഷമാഹ" എന്നും ആ ഗ്രന്ഥകാരൻ പറയുന്നു. 'ധർമ്മരാജഗുരുക്കൾ' എന്നൊരു പണ്ഡിതനും, 'പ്രകാശിക' എന്ന പേരിൽ യുധിഷ്ഠിരവിജയത്തിൻെറ ഏതാനും ആശ്വാസങ്ങൾക്കു്



Digitized By Kerala Sahitya Akademi

ഒരു വ്യാഖ്യാനം നിമ്മിച്ചിട്ടുണ്ടു്. അതിൽ "സവ്ജ്ഞാനശിരോമണിഃ രമശിവയോഗീ ശ്രീവാസുദേവകവിഃ" എന്നു വ്യാഖ്യാതാവു ഭട്ടതിരി പ്രശംസിക്കുന്നു. അച്യുതൻ എന്ന ഒരു പണ്ഡിതൻ 'വിജയദ എന്ന ഒരു വ്യാഖ്യാനവും ഈ കാവ്യത്തിനു നിമ്മിച്ചിട്ടുണ്ടു്. അ "വാസുദേവകവേഃ കാവ്യം" എന്നു പറയുന്നു. രാജാവിനെപ്പററി ." ശേഖര ഇത്യഭിഷേകകൃതം നാമ; പിത്രാദി കൃതന്തു രാമവമ്മേ എന്നും പ്രസ്താവിച്ചുകാണുന്നു. പാണ്ഡവചരിതം എന്ന അജ്ഞ നാമാവായ ഏതൊ ഒരു കേരളീയകവിയുടെ മഹാകാവ്യത്തിൽ 'ത നമോസ്തു കവയേ വാസുദേവായ ധീമതേ യേന പാത്ഥകഥാരബ്ധാ താ ലോകപാവനീ' എന്നും പ്രസ്താവനയുണ്ടു്. ആചാര്യസ്വാമി ഒഴിച്ചാൽ ഭാരതവഷത്തിൽ സകലപണ്ഡിതന്മാരുടേയും ബഹു ഇത്രമാത്രം സമാർജ്ജിച്ച ഒരു കേരളീയമഹാകവി വേറെ ഉണ്ടായിട്ട ന്നും, മേല്പുത്തൂർ ഭട്ടതിരിക്കുപോലും ഈ യശസ്സു സിദ്ധിച്ചിട്ടില്ലെ നാം സാഭിമാനം സ്മരിക്കേണ്ടതാകുന്നു. അത്തരത്തിലുള്ള ഒരു മ ഭാവനെ—വാഗ്ദേവിയുടെ ഏതോ വാചാമഗോചരമായ ഒരുതരം ഗ്രഹം സിദ്ധിച്ച മഹാകവിസാവ്ഭൌമനെ—പ്പററി,

"പെരുത്തും യമക ദ്രുമംപെട്ടൊന്നൊരു ഭട്ടൻ കവി വാസുദേവനും
ഗുരുവൽ കലശേഖരപ്രഭുപ്പെരുമാളേ സ്വയമാശ്രയിച്ചവൻ"

എന്നു 'കേരള'ത്തിൽ കുഞ്ഞിക്കുട്ടൻതമ്പുരാൻ പ്രസ്താവിച്ചിട്ടുള്ളതു് തന്നെ ശരിയായില്ല എന്നാണു് എന്റെ വിനീതമായ അഭിപ്ര

ശങ്കരന്റെ ശിഷ്യനായ മററൊരു കവി 'ശ്രീകൃഷ്ണാഭ്യുദയം' ന്നൊരു കാവ്യം രചിച്ചിട്ടുണ്ടു്. താഴെ ചേക്കുന്ന പദ്യങ്ങൾ അതില വയാണു്.

"അശേഷമജ്ഞാനതമഃകദംബം ഗ്രസൻ കൃപാലോകമയൂഖജാലൈ
മനോമയം മേ വിദധാതു ഫുല്ലം കുശേശയം ദേശികവാസരേശഃ.

x x x x x

സ്വയംവിനിര്യന്നവപദ്യബന്ധശ്രമാംബു യസ്യാനനപദ്മലഗ്നം
മമാർജ വാണീ കരപല്ലവേന സ ശങ്കരാഖ്യോ മമ ശം കരോതു.
നിസഗ്ഗദുർബോധകവിതാമാഗ്ഗേ ചരൻ ന ദൂയേ ധൃതഭക്തിദണ്ഡ
ഗുരുപദേശോജ്ജ്വലദീപശാലീ സരസ്വതീദത്തകരാവലംബഃ.
മദീയവാണീ ചപലാ വിമുക്തപ്രസാദലേശാപി രസോജ്ഝിതാ
ദാമോദരോദാരകഥാമധൂളിരസാദ്രതാ ഗൃഹ്യത ഏവ സദ്ഭിഃ."

Digitized By Kerala Sahitya Akademi

ഇവയിൽ 'സ്വയംവിനിവൃത്' എന്ന പദ്യത്തിലേയും, 'ഉചിതരസവിചാരേ' ഇത്യാദി 'ചന്ദ്രോത്സവ'പദ്യത്തിലേയും ആശയങ്ങൾക്കുള്ള ഐക്യം പ്രസ്പഷ്ടമാണല്ലോ. 'ചന്ദ്രോത്സവ'ത്തിലെ ആശയം 'കൃഷ്ണാഭ്യുദയ'ത്തിൽ സംക്രമിച്ചു എന്നനുമാനിച്ചാൽ അസങ്ഗതമാകുമെന്നു തോന്നുന്നില്ല.

ഇനി 'വാസുദേവവിജയ'ത്തിന്റെ കർതൃത്വത്തേപ്പററി അല്പം വിചിന്തനം ചെയ്യാം. 'ഉദാഹൃതം പാണിനിസൂത്രമണ്ഡലം പ്രാഗ്വാസുദേവേന' എന്നു 'ധാതുകാവ്യ'ത്തിൽ മേല്പുത്തൂർ ഭട്ടതിരിയും, "ഏതദ്ഗ്രന്ഥരചനേന അസ്യ മഹാവൈയാകരണത്വം പ്രതീയതേ; യതഃ സർഗ്ഗത്രയാത്മകേനൈവ അനേന സകലാഷ്ടാധ്യായീ കൃതാർത്ഥീകൃതാ" എന്നു 'കാവ്യമാലാ' പ്രകാശകനായ 'പണ്ഡിതശിവദത്ത' ശർമ്മാവും ഈ കാവ്യത്തിന്റെ മാഹാത്മ്യത്തേ പ്രശംസിച്ചിരിക്കുന്നു.

വാസ്തവത്തിൽ മൂന്നല്ല അഞ്ചു സർഗ്ഗത്തിലുള്ള ഒരു കാവ്യമാകുന്നു വാസുദേവവിജയം; ഒടുവിലത്തെ രണ്ടു സർഗ്ഗം കാവ്യമാലയിൽ പ്രസിദ്ധപ്പെടുത്തീട്ടില്ലെന്നേയുള്ളു. "ജായയാ സ മുമുദേ വസുദേവഃ" എന്ന പാദത്തിലാണല്ലോ മൂന്നാംസർഗ്ഗം അവസാനിക്കുന്നതു്. അതു കഴിഞ്ഞാൽ ഭാഗവതത്തിൽ കാണുന്നതു "സ ഗാന്ദിനീഭ്രരഥ ഗോകുലേധിതം" എന്നു മേല്പുത്തൂർ ആരംഭിക്കുന്ന അക്രൂരന്റെ കഥയല്ല. ഇതിൽനിന്നുതന്നെ വാസുദേവവിജയത്തിൽ ബാക്കിയേതോ അച്ചടിപ്പിക്കാതെ കിടക്കുന്നുണ്ടെന്നു പണ്ഡിതന്മാർക്കു കാണാവുന്നതാണു്. അഞ്ചാംസർഗ്ഗത്തിന്റെ ഒടുവിലത്തെ ശ്ലോകമാകുന്നു താഴെ ചേർക്കുന്നതു്.

"സന്ധ്യാപയോദരുചിലോഹിതകേ പ്രതീച്യാഃ
പ്രാച്യാ മുഖേ ച തമസോദയകാളകേ ച
കല്യാണവേണുദലശൃംഗമിളന്നിനാദൈ-
ർഗ്ഗോഷ്ഠം വിളുവ്വിവിശവാൻ സഗണഃ പുരാവൽ."

വാസുദേവവിജയ"ത്തിന്റെ ഏതു ഭാഗം വായിക്കുമ്പോഴും അതു നിർമ്മിച്ച മഹാകവിയുടെ വശ്യവചസ്ത്വവും വ്യാകരണപാണ്ഡിത്യവും സ്ഫുടീഭവിക്കുന്നു എന്നുള്ളതു് അനുഭവവേദ്യമാണു്. ദുരവഗാഹമായ ആ കൃതിക്കു ഗ്രന്ഥകാരൻതന്നെ,

"കാവ്യം മയാ വാസുദേവവിജയാഖ്യമകാരി യൽ
വ്യാഖ്യാപി തസ്യ തന്വീയം ക്രിയതേ പദചന്ദ്രികാ."

Digitized By Kerala Sahitya Akademi

എന്ന പദ്യത്തിൽ പറയുന്നപ്രകാരം 'പദചന്ദ്രിക' എന്ന വ്യാഖ്യാനം ന ൎമ്മിച്ചിട്ടുണ്ട്. ധാതുകാവ്യത്തിന്റെ വ്യാഖ്യ വിരചിച്ചതു മുക്കോലയി വെച്ചാണെന്നും അതെഴുതിയെടുത്തതു കവിയുടെ ചില (സതീർത്ഥ്യ രായ) ശിഷ്യന്മാരാണെന്നും ഉള്ളതു് ആ വ്യാഖ്യയുടെ പ്രാരംഭത്തിലുള്ള

"സ്മരത ഹരേൎമ്മധുരതരം മുരളീനിനദാമൃതം ഹി ശബ്ദമയം
പദയുഗളഞ്ച ഭവാന്യാ മഹിഷാരേർമുക്തിനിലയവാസിന്യാഃ.
ഗുരുപാദാബ്ജസംസേവാനിതാന്തവിമലാശയൈഃ
സതീൎത്ഥ്യൈരദ്യ ലിഖ്യന്തേ ധാതുകാവ്യാൎത്ഥലോചനാഃ."

എന്ന പദ്യങ്ങളിൽനിന്നു വെളിപ്പെടുന്നു. "വാസുദേവോ നാമ കേരളേ പുരുവനഗ്രാമജന്മാ കശ്ചിദ്ദ്വിജന്മാ" എന്നു് ആ വ്യാഖ്യാനത്തിൽ സ്പ മായ് പ്രസ്താവിച്ചിട്ടുള്ള സ്ഥിതിക്കു 'വാസുദേവവിജയ' കാരനായ 'വ ദേവകവി' കൊച്ചിരാജ്യത്തു പെരുമനം ഗ്രാമത്തിൽപെട്ട ഒരാളായിര എന്നുള്ളതിനേപ്പററി സംശയിക്കേണ്ടതില്ല. വാസുഭട്ടതിരിയുടെ ത്തില്ലം പെരുമനംഗ്രാമത്തിൽ പെരുമനത്തുതന്നെയാണെന്നും, അ ഹത്തിന്റെ കുടുംബവും പരമ്പരയും ഇപ്പോഴും ഉണ്ടെന്നും അറിയ വാസുദേവവിജയം പോലെ 'ഗജേന്ദ്രമോക്ഷം' എന്നു് അപ്രകാശിത അഞ്ചു സർഗ്ഗങ്ങളുടങ്ങിയതുമായ ഒരു കാവ്യമുണ്ടു്. വാസുദേവവിജ വ്യാകരണത്തെ അടിസ്ഥാനപ്പെടുത്തിയിരിക്കുംപോലെ, ഛന്ദശ്ശാ ത്തെ അടിസ്ഥാനപ്പെടുത്തിയുള്ള ഒരു കാവ്യമാകുന്നു ഗജേന്ദ്രമോക താഴേ ഉദ്ധരിക്കുന്ന ശ്ലോകങ്ങൾ അതിൽ ഉള്ളവയാണു്.

"കല്യാണം കുരുതാദ്വോ ഭൂതാനാമധിപതിഃ സ കരുണാബ്
രക്ഷാൎത്ഥം സുജനാനാം സന്നിദധത് പുരുവനേ പുണ്യേ.

ശക്ത്യോഭയരൂപഃ സൻ യം കില നാഥഃ സ ഭുവനചക്രസ്യ
ചക്രിണി മാതരി, ജനയാംബഭൂവ ജഗദവനജനിതരസം.

യസ്യ ച ഭാജകരുപപ്രസാദതോ വിശദവിതതവിമലയശാഃ
യമയാമാസ സുമേധാഃ കഥാസുധാം വാസുദേവകവിഃ

* * * *

ജഗതാം ശിവായ നിത്യം പ്രവൎത്തമാനസ്യ ശിവസമാനസ്യ
സമനസ്സരാമി സാക്ഷാത് പരാശരോത്ഥസ്യ പുണ്യസ്യ.

Digitized By Kerala Sahitya Akademi

ഭക്ത്യാ പ്രണമ്യ ദേവം ഹരിം ഗുരും ശ്രീഗുരുപ്രസാദേന
വൃത്തൈർഗജേന്ദ്രമോക്ഷം ബ്രൂമസ്തം ശൃണുത വൃത്തജ്ഞാഃ.

യേഷാം ന മത്സരോത്ഥം ചേതഃ സദ്വൃത്തവാസനാവന്തഃ
തേ ശോധയന്ത്വിമം തം;സ്ഖലേന്ന കോ വൃത്തതോനേഹ?"

അവസാനത്തിൽ,

"വൃത്തരത്നാകരപ്രോക്തവൃത്തലക്ഷ്യതയാ ക്രമാത്
ഗജേന്ദ്രമോക്ഷഃ സന്ദൃബ്ധോ വാസുദേവേന സാദരം."

എന്നും ഒരു പദ്യം കാണുന്നു. ഈ പദ്യങ്ങളിൽനിന്നു്, പെരുമനത്തു വാസുദേവകവിയാണു് ഗജേന്ദ്രമോക്ഷത്തിന്റെ നിർമ്മാതാവെന്നും, അദ്ദേഹം (തിരുവിള*ക്കാവു) ശാസ്താവിന്റെ പ്രസാദം നിമിത്തമാണു് യമകകവനത്തിനു ശക്തനായിത്തീർന്നതെന്നും കാണാം. 'കല്യാണംകരുതാത്' എന്ന പദ്യത്തിൽ കവി വന്ദിക്കുന്ന 'ഭൂതാനാമധിപതി'യും വാസുദേവവിജയത്തിന്റെ പ്രാരംഭത്തിൽ കാണുന്ന,

"വിഘ്നേശഭാരതീവ്യാസഗുരുശാബ്ദികമൂർത്തയേ
നമോഽസ്തു പത്യേ ഭൂതാനാം സദാനന്ദചിദാത്മനേ".

എന്ന പദ്യത്തിലെ 'ഭൂതാനാംപതി'യും ഭൂതനാഥനായ പ്രസ്തുതശാസ്താവല്ലയോ എന്നുപോലും ഞാൻ സംശയിക്കുന്നു. രണ്ടു ഗ്രന്ഥങ്ങളിലും വ്യാസഭഗവാനെ കൈവണങ്ങുന്നതു 'ഭാരതസുധാമദഭ്രാന്ത'നായ 'യുധിഷ്ഠിരവിജയ'കർത്താവു് ആണെന്നു അനുമാനിക്കുന്നതും അസംഗതമല്ല. ഇതെല്ലാംകൊണ്ടു്, 'ഗജേന്ദ്രമോക്ഷം' 'വാസുദേവവിജയം' ഈ ശാസ്ത്രകാവ്യങ്ങളുടെ കർത്താവും വാസുദേവകവിയാണെന്നുതന്നെ ഊഹിക്കാം. പ്രാചീനനും മഹാവൈയാകരണനുമായ നമ്മുടെ ഈ മഹാകവിയെ, ക്രി. പി. ൧൪-ാം ശതകത്തിൽ ജീവിച്ചിരുന്ന സ്വതന്ത്രസ്വതന്ത്രനായ മാധവാചാര്യർ (വിദ്യാരണ്യസ്വാമികൾ) അദ്ദേഹത്തിന്റെ 'ധാതുവൃത്തി'യിൽ ഭ്വാദിധാതുഗണ'ത്തിൽപെട്ട "പണ വ്യവഹാരേ സ്തുതൌ ച; പന ച" ഈ രണ്ടു ധാതുക്കളേയും വ്യാഖ്യാനിക്കുമ്പോൾ, "അത്ര സ്വാമി-കാശ്യപ-സമ്മതാകാര-വാസുദേവാദയഃ ഇത്യായാന്താദാത്മനേപദമുദാഹരന്തി; തദസത്" എന്ന ഭാഗത്തിൽ സ്മരിക്കുന്നുണ്ടെന്നുള്ളതു നാം അഭിമാനപൂർവ്വം ഉൽഘോഷിക്കേണ്ടതാകുന്നു. മാധവാചാര്യരെക്കാൾ പ്രാചീനനായ് വാസുദേവനെന്നപേരിൽ വേറിട്ടൊരു വൈയാകരണനെ നാമറിയുന്നില്ല. ക്രി. പി. ൧൩-ാംശതാബ്ദത്തിൽമാത്രം ജീവി

* 'തിരുവല്ലക്കാവു്' എന്നും പറയും. സംസ്കൃതത്തിൽ വലപുരം.

Digitized By Kerala Sahitya Akademi

ച്ചിരുന്ന 'ഭട്ടോജിദീക്ഷിതരു'ടെ 'സിദ്ധാന്തകൌമുദി'ക്കു 'ബാലമനോര
എന്ന വ്യാഖ്യാനം നിർമ്മിച്ച 'വാസുദേവദീക്ഷിതർ' അന്യനും അർവ്വാചീ
നും ആണെന്നുള്ളതു് അനുക്തസിദ്ധമാണല്ലോ.

പ്രസിദ്ധമായ പയ്യൂരില്ലത്തിലെ ഒരങ്ഗവും സാക്ഷാൽ 'മഹർഷി
യുടേയും ഗോപാലിയുടേയും പുത്രനമായ വാസുദേവഭട്ടതിരിയും ഒ
യമകകാവ്യകാരനായിരുന്നു. അദ്ദേഹം 'കുമാരിലയുക്തിമാല' എന്ന
പൂർവ്വമീമാംസാഗ്രന്ഥത്തിന്റെ പ്രണേതാവും മല്ലികാമാരുതത്തിൽ ഉ
ണ്ഡശാസ്ത്രികൾ ശ്ലാഘിക്കുന്ന പരമേശ്വരഭട്ടതിരിയുടെ സഹോദരനു
ആയിരുന്നു എന്നു് ഊഹിക്കാവുന്നതാണു്. ആ പണ്ഡിതൻ ദേവീച
തോദയം, സത്യതപഃകഥോദയം, ശിവോദയം, അച്യുതലീലോദയം എ
ന്നിങ്ങനെ നാലു യമകകാവ്യങ്ങളാണു് രചിച്ചിട്ടുള്ളതു്. ഇവയിലെല്ലാ
വേദാരണ്യത്തിന്റെ വർണ്ണനമുണ്ടു്. വേദാരണ്യം കൊച്ചിരാജ്യത്തി
പെട്ട ഇന്നത്തെ കുന്നങ്കുളമാണു്.

ദേവീചരിതം ആറു് ആശ്വാസമുണ്ടു്. രണ്ടു മുതൽ ആറുവ
ആശ്വാസങ്ങളേ കണ്ടു കിട്ടീട്ടുള്ളു. കുന്നങ്കുളത്തെ ദേവിയും ശ്രീകൃഷ്ണ
ന്റെ സഹോദരിയുമായ കാത്യായനിയുടെ ചരിത്രമാണു് വിഷയം. "വേ
ദാരണ്യനിവാസിനീം തനുമനോവാഗ്ഭിന്നമസ്കുർമ്മഹേ" എന്നു ക
ആ ദേവിയെ വന്ദിക്കുന്നു. സത്യതപഃകഥ ഗ്രന്ഥകാരന്റെ പൂർവ്വനാ
'മഹർഷി'യുടെ ജീവിതത്തെ പരാമർശിച്ചുള്ള ഒരു കാവ്യമാണു്. ആ
ത്തെ മൂന്നാശ്വാസങ്ങൾ കിട്ടീട്ടുണ്ടു്. ശിവോദയം, തന്നെയും തന്റെ സ
ഹോദരന്മാരേയും പററിയുള്ള പ്രസ്താവനയാണു്. ആദ്യത്തെ രണ്ടാശ്വ
സങ്ങളേ ലഭിച്ചിട്ടുള്ളു. അച്യുതലീല ബാലകൃഷ്ണചരിതാനുവർണ്ണനപ
പമായ ഒരു കൃതിയാകുന്നു. നാലാശ്വാസമുണ്ടു്.

ശ്രീകണ്ഠവാരിയരുടെ രഘൂദയം എന്നൊരു യമകകാവ്യം ഉണ്ടു്.
രാഘവന്റെ ഗുരുവായ ശ്രീകണ്ഠൻതന്നെയോ ഈ കവി എന്നു തിട്ടമില്ല.

"പാരശവാനായമാനഃ
ഖ്യാതോ സോഷ്ടാങ്ഗഹൃദയവാനായമാനഃ
ഗുണവിഭവാനായമാനഃ
സ്പൃശസ്ത്രിയഃ ശങ്കരോപിവാനായമാനഃ"

ഇത്തരത്തിലാണു് ആ കാവ്യത്തിന്റെ ഗതി.

മേൽ പ്രസ്താവിച്ചിട്ടുള്ളതിൽനിന്നു യമകകാവ്യനിർമ്മാണം കേര
ളീയപണ്ഡിതന്മാർക്കു് എത്ര ലഘുവും യശസ്സമ്പാദകവുമായ ഒരു സാഹി
ത്യവ്യവസായമായിരുന്നു എന്നു സഹൃദയന്മാർക്കു കാണാവുന്നതാണു്.

Digitized By Kerala Sahitya Akademi

കേരളത്തിൽ വാസുദേവനാമധേയന്മാരായ് പല ഗ്രന്ഥകാരന്മാരും ഉണ്ടായിട്ടുണ്ട്. വെട്ടത്തുനാട്ടു രവിവമ്മരാജാവിൻെറ ആശ്രിതനായ ഒരു വാസുദേവൻ നിമ്മിച്ച 'ഭാരതസംക്ഷേപം' എന്ന കാവ്യത്തിൽ നിന്നാകുന്നു താഴെ ചേക്കുന്ന ശ്ലോകങ്ങൾ എടുത്തിരിക്കുന്നത്.

"ജഗദാനന്ദയൻ ഗോഭിഃ സതാം മാഗ്ഗം സനാഥയൻ
പ്രകാശശ്രീകരോ രാജാ രവിവമ്മാ വിരാജതേ.

ഗിരാം ദേവീ രമാ ചോഭേ യം സമഗ്രഗുണോജ്ജ്വലം
ആശ്രിത്യ സപ്രിയൌ ദേവൌ സ്മരതോ ന കദാചന.

തസ്യാജ്ഞയാ സുമനസഃ പാത്ഥാനാം ചരിതം ശ്രുതം
ബ്രൂമഃ സംക്ഷിപ്യ; സുതരാം പ്രസീദന്ത്വിഹ ദേശികാഃ.

x x x x

യദേതദ്വൃത്തമേകേഷാം പാണ്ഡവാനാം മഹാത്മനാം
സേയമേതാദൃശീ കാപി വാസുദേവസ്യ നിമ്മിതിഃ."

ഈ കവി ഗോവിന്ദചരിതമെന്ന മറെറാരു കാവ്യവും പത്തു സഗ്ഗത്തിൽ നിമ്മിച്ചുകാണുന്നു.

സാഹിത്യമല്ലനെന്ന ബിരുദപ്പേരോടുകൂടി 'കരുണാകര'ശിഷ്യനായ് ജീവിച്ചിരുന്ന മറെറാരു 'വാസുദേവൻ' രാജശേഖരമഹാകവിയുടെ വിദ്ധസാലഭഞ്ജികയ്ക്കു് ഒരു വ്യാഖ്യാനം രചിച്ചിട്ടുണ്ട്. "ശ്രീമൽകരുണാകരശിഷ്യേണ സാഹിത്യമല്ലാപരാഖ്യേന വാസുദേവകവിനാ വിരചിതായാം" എന്നാണ് അദ്ദേഹം പ്രസ്തുതവ്യാഖ്യാനത്തിൽ തന്നെപ്പററി പ്രസ്താവിക്കുന്നത്. താഴെ ഉദ്ധരിക്കുന്ന മൂന്നു പദ്യങ്ങൾ ആ വ്യാഖ്യാനത്തിൽ ഉള്ളവയാണ്.

"മുക്തിപ്രദാ പദജുഷാം മഹിഷോത്തമാങ്ഗ-
വ്യക്തസ്ഥിതിന്നിഖിലകാംക്ഷിതകല്പവല്ലീ
ഭക്തസ്യ മേ മനസി ഖേലതു സാർവകാലം
മുക്തിസ്ഥലീനിലയിനീ പരദേവതാ നഃ."

"ചിത്തേ നിധായ കരുണാകരനാമധേയാ-
നസ്മദ്ഗുരൂൻ ഗുരുകൃപാഭരപൂരിതാക്ഷാൻ
ശ്രീരാജശേഖരകവീന്ദ്രകൃതേരമുഷ്യാഃ
കിഞ്ചിദ്വ്യതേ പദപദാത്ഥവിവേകസിദ്ധ്യൈ.

Digitized By Kerala Sahitya Akademi

അവിചാരകൃതാന്യത്ര ക്ഷമതാം സകലാന്യപി
ബാലസ്യ ദുർവിനീതാനി മമ മാതേവ ഭാരതീ."

"സാഹിത്യമല്ലകവിനാ നിപുണം നിബദ്ധാ
സൌഹിത്യഹേതുരധികം വിബുധോത്തമാനാം
വ്യാഖ്യാ മനോജ്ഞരസഭാവവിചാരചുഞ്ചു-
ർവ്യാലേഖി കേനചിദിയം ഖലു രാമനാമ്നാ."

എന്ന ഗ്രന്ഥാന്തത്തിൽ രാമനാമാവായ ലേഖകൻെറ വകയായും ഒരു ദ്യം കാണുന്നുണ്ട്. ഈ വാസുദേവൻെറ ഗുരുവായ 'കരുണാകരൻ' ക്ഷേ മുക്കോലയിൽവെച്ച് ഉദ്ദണ്ഡശാസ്ത്രികൾ മുക്തകണ്ഠം ശ്ലാഘി വെന്ന് ഐതിഹ്യം ഘോഷിക്കുന്ന 'കരുണാകരമാരാർ' ആയിരിക്കാം.

നാരായണൻെറ പുത്രനായ ഒരു 'വാസുദേവകവി 'രാമകഥ' ന്നൊരു ഗദ്യകാവ്യം നിർമ്മിച്ചിട്ടുണ്ട്. ഈ വാസുദേവൻ തിരുവിതാം റിൽ ആദിത്യവർമ്മമഹാരാജാവിൻെറ ആശ്രിതനായ് ജീവിച്ചിരുന്ന ന്നും അവിടത്തെ നിദേശാനുസാരമാണ് ആ കൃതി രചിച്ചതു് എന്

"സതാം പരിത്രാണപരസ്സമേധാ ജിതാരിഷഡ്വർഗ്ഗതയാ മഹീയാൻ
വിഭ്രാജതേ വിശ്രുതവിക്രമശ്രീരാദിത്യവർമ്മാ നരലോകവീരഃ.
ചിരായ രക്ഷോപഗമേന കുർവന്നുർവീം മുദാ യസ്സുമനോജനാനാം
മഹീജയോദഞ്ചിതപുണ്യകീർത്തിരാമോദതേ രാമ ഇവ പ്രകാമം.

തസ്യാജ്ഞയാ സർവജനീനവൃത്തേരവിസ്തരാ രാമകഥാ പവിത്രാ
നിബദ്ധ്യതേ ഗദ്യമയീ മയേയം സന്തോഽനുഗൃഹ്ണന്തു നിതാന്തമസ്യാം.

എന്നു ഗ്രന്ഥാരംഭത്തിലും

"യം വാസുദേവമനുരൂപമവാപ പുത്രം
നാരായണോ വിമലകീർത്തി............
പ്രാണായിതേന മനുവംശപതേഃ കഥേയ-
മാദിത്യവർമ്മനൃപതേഃ കൃതിനോ നിദേശാൽ."

എന്നു ഗ്രന്ഥാന്തത്തിലും കാണുന്ന ശ്ലോകങ്ങളിൽനിന്നു വ്യക്തമാകു

കേരളീയരായ ഈ നാലു വാസുദേവന്മാരിൽ ഒരാളോ 'യുധിഷ് രവിജയവാസുദേവവിജയാ'ദിമഹാഗ്രന്ഥങ്ങളുടെ പ്രണേതാവായ പട്ട

Digitized By Kerala Sahitya Akademi

വാസുദേവഭട്ടതിരിയോ അല്ല 'ഭ്രമരസന്ദേശകാര'നായ വാസുദേവകവി എന്നേ എനിക്ക് ഈ ഉപന്യാസത്തിൽ വിവക്ഷയുള്ളൂ. വേറെയും കേരളീയരായ വാസുദേവപണ്ഡിതന്മാർ പലരും ഉണ്ടായിട്ടുണ്ട്.

എന്റെ ഈ മതത്തിന് ഉപോൽബലകമായി ഒരു സംഗതി കൂടി പ്രസ്താവിക്കാം. കേരളീയനായ ഒരു നാരായണകവി 'സീതാഹരണം' എന്നൊരു യമകകാവ്യം നിർമ്മിച്ചിട്ടുണ്ട്.

"അസ്ത്യവതാരവിരമദസ്തഥാപി ഭ്രമേരധീശിതാ രവിരമദഃ
സദവിധിനാ മായാദ്യഃ സ മനകുലാദിത്യ ഇതി ച നാമായാദ്യഃ"

എന്ന പദ്യത്തിൽനിന്ന് ആ കൃതി രവി അഥവാ മനകുലാദിത്യൻ എന്ന രാജാവിന്റെ കാലത്താണ് നിർമ്മിച്ചത് എന്നു വിശദമാകുന്നു. 'മനകുലാദിത്യൻ' ഒരു ചേരരാജാവായിരുന്നു എന്നും അദ്ദേഹം 'തിരുമൂഴിക്കളം' ക്ഷേത്രത്തിനു ചില വസ്തുക്കൾ ദാനംചെയ്തു എന്നും, ഭാസ്കരരവിവർമ്മാവിന്റെ കാലം കഴിഞ്ഞു് അതായതു് ക്രി. പി. ൻവെ-നു മേൽ കേരളരാജ്യം രക്ഷിച്ചു എന്നും അദ്ദേഹത്തിന്റെ കാലത്താണ് തിരുനെൽവേലി ജില്ലയിൽ ബ്രഹ്മദേശമെന്ന സ്ഥലത്തു ജനിച്ച സർവ്വജ്ഞാത്മാവു 'സംക്ഷേപശാരീരകം' എന്ന വേദാന്തഗ്രന്ഥം രചിച്ചതു് എന്നും ഉള്ളതിനു തെളിവുകൾ ഉണ്ടു്. ഒടുവിൽ പ്രസ്താവിച്ച സംഗതിക്ക്

"ശ്രീദേവേശ്വരപാദപങ്കജരജസ്സമ്പർക്കപൂതാശയഃ
സർവജ്ഞാത്മഗിരാങ്കിതോമുനിവരസ്സംക്ഷേപശാരീരകം
ചക്രേ സജ്ജനബുദ്ധിവർദ്ധനമിദം രാജന്യവംശേ നൃപേ
ശ്രീമത്യക്ഷതശാസനേ മനകുലാദിത്യേ ഭുവം ശാസതി."

എന്ന സംക്ഷേപശാരീരകപദ്യം സാക്ഷ്യം വഹിക്കുന്നു. നാരായണന്റെ സീതാഹരണം യുധിഷ്ഠിരവിജയത്തിന്റെ ദുർബലമായ ഒരു അനുകരണമാണെന്നേ ആ കൃതി വായിക്കുന്നവർക്കു തോന്നുകയുള്ളൂ. ഇതിൽനിന്നു ക്രി. പി. ൻവെ-നു മുൻപു പട്ടത്തു വാസുഭട്ടതിരി ജീവിച്ചിരുന്നിരിക്കണമെന്നു സിദ്ധിക്കുന്നു.



Digitized By Kerala Sahitya Akademi

# ചാതകസന്ദേശം.

---

സഹൃദയന്മാരായ കേരളീയരുടെ ശ്രദ്ധയ്ക്കു സവിശേഷം വി
യീഭവിക്കേണ്ട മററൊരു സന്ദേശകാവ്യമാകുന്നു ഞാൻ മൂന്നാമതായ്
ങ്മാത്രപ്രദർശനം ചെയ്യണമെന്ന് ഉദ്ദേശിക്കുന്ന ചാതകസന്ദേശം.
ഭഗസന്ദേശം, ഭ്രമരസന്ദേശം, ഈ കാവ്യങ്ങൾപോലെതന്നെ ചാത
ന്ദേശവും അച്ചടിപ്പിച്ചിട്ടില്ല. ഈ സന്ദേശത്തിൻെറ ഗണനീയമായ
ത്യേകത ഇതിലേ ഇതിവൃത്തം ഏതജ്ജാതീയകങ്ങളായ കൃതികൾക്ക
ഴിച്ചു കൂട്ടുവാൻ പാടില്ലാത്ത വിപ്രലംഭശൃംഗാരത്തെ ലേശവും സ്പ
ന്നില്ല എന്നുള്ളതാകുന്നു. ബ്രിട്ടീഷ്മലബാറിൽ തിരുമാന്ധാംകുന്നിന
മീപം ഏതോ ഒരില്ലത്തു ജീവിച്ചിരുന്ന ഒരു നമ്പൂതിരി കൊല്ലം പ
ശതകത്തിൻെറ ഉത്തരാർദ്ധത്തിൽ ടിപ്പുസുൽത്താൻെറ ആക്രമണ
മിത്തം കേരളത്തിനു നേരിട്ട കലാപകാലത്തിൽ സർവസ്വവും നഷ്ട
ട്ട് അനന്യശരണനായ്, അത്യന്തം ദീനനായ്, ആശ്രിതപാരിജാത
തിരുവിതാംകൂർ കാർത്തികതിരുനാൾ രാമവർമ്മമഹാരാജാവിനോട്
ചാതകത്തെ ദൂതനാക്കി ധനാഭ്യർത്ഥന ചെയ്യുന്നതാണ് പ്രസ്തുതകാവ്യ
ലെ കഥാവസ്തു. സാക്ഷാൽ "ധർമ്മരാജാവ്" എന്ന പാവനനാമത
ഭാരതവർഷം മുഴുവൻ പ്രശസ്തനായ്ത്തീർന്ന കാർത്തികതിരുനാൾ മഹാര
വു തിരുമനസ്സിലെ ധർമ്മപരായണതയേയും ദാനശൌണ്ഡതയേയും ക
നം ചെയ്യുന്ന നമ്മുടെ നമ്പൂതിരി ഒരു വിശിഷ്ടകവിയും അദ്ദേഹത്തി
സന്ദേശം ഒരു വിശിഷ്ടകാവ്യവുമാണെന്നും, പരസ്പരം പ്രണയത്താൽ
ന്ധിക്കപ്പെട്ട നായികയേയും നായകനേയും കൂട്ടുപിടിക്കാതെയും, ഒ
പ്രാതികൂല്യത്തെ ഇടയ്ക്കു നിറുത്താതെയും, കാമദേവൻെറ കടാക്ഷവ
ണം കാംക്ഷിക്കാതെയും, സമഞ്ജസമായ സന്ദേശകാവ്യനിർമ്മാണം
ദ്ധ്യമാണെന്നുള്ളതിന് ഈ കാവ്യം ഒരു നല്ല ഉദാഹരണമാണെന്നു
വുകന്മാർക്ക് അനായാസേന ഗ്രഹിക്കാവുന്നതാകുന്നു. അഥവാ "ശൃം
വീരയോരേകഃ" എന്ന ആലങ്കാരികവചനമനുസരിച്ചു നോക്കുമ്പോൾ
പ്രലംഭശൃംഗാരത്തെക്കാൾ ദാനവീരരസത്തിനു സ്ഥായിഭാവവിഷയത
ഒരുതരത്തിലുള്ള അപകർഷവും ഉണ്ടാകുവാൻ മാർഗ്ഗമില്ലെന്നും പ്രസ്തു
ക്കേണ്ടതില്ലല്ലോ.

Digitized By Kerala Sahitya Akademi

കൊല്ലം 949-ൽ ആയിരുന്നു ഹൈദരാലിഖാൻ മലയാളത്തിൽ കടന്നു നെടുവിരിപ്പ് (കോഴിക്കോട്), വള്ളുവനാട്, വെട്ടത്തുനാട്, കോട്ടയം, കടത്തനാട്, കോലത്തുനാട് ഈ രാജ്യങ്ങൾ മൈസൂരിലേക്ക് ആടക്കിയതു്. 958-ൽ ഹൈദർ മരിച്ചു. അദ്ദേഹത്തിൻെറ പുത്രനും മൈസൂർ സാമ്രാജ്യത്തിൻെറ അനന്തരാധിപതിയുമായ ടിപ്പുസുൽത്താനുമായ് ഇംഗ്ലീഷ് ഈസ്റ്റിൻഡ്യാകമ്പനി ക്രി. പി. 1784 (കൊല്ലം 959) മാർച്ചു മാസത്തിൽ ചെയ്ത ഉടമ്പടിയിൽ തിരുവിതാംകൂർ മഹാരാജാവിനെയൊഴിച്ചു മലയാളക്കരയിലുള്ള മററു രാജാക്കന്മാരേയും പ്രഭുക്കന്മാരേയും ടിപ്പുവിൻെറ ബന്ധുവർഗ്ഗത്തിൽ ഉൾപ്പെടുത്തുകയും കുറുങ്ങോട്ടു നായരുടെ നാടു നീക്കി ബാക്കി കേരളത്തിൽ കമ്പനി കൈവശപ്പെടുത്തിയിരുന്ന ദേശങ്ങൾ മുഴുവൻ സുൽത്താനു് ഒഴിഞ്ഞുകൊടുക്കുകയും ചെയ്തു. മദോന്മത്തനായ ടിപ്പുവിനു തന്നിമിത്തം സ്വച്ഛന്ദവിഹാരരംഗങ്ങളായ് പരിണമിച്ച മലബാർ, കൊച്ചി ഈ രാജ്യങ്ങളുടെ അവസ്ഥ ഏററവും ദയനീയമായിത്തീൎന്നു.

തദ്ദേശവാസികളുടെ ആക്രന്ദനങ്ങൾ കൊണ്ടു് ദിക്ചക്രങ്ങൾ മാറെറാലിക്കൊണ്ടു. സാമൂതിരിപ്പാട്ടിലെ രാജ്യത്തുനിന്നു മുപ്പതിനായിരം ബ്രാഹ്മണരോളം ഓടിയൊളിച്ചു തിരുവിതാംകൂറിൽ വന്നു രക്ഷപ്പെട്ടു. മററുള്ള രാജ്യങ്ങളിലെ കഥയും ഇതുതന്നെയായിരുന്നു. കൊല്ലം 959-നു ശേഷം സുൽത്താനു് അധീനമായ മലയാളത്തിലെ രാജ്യങ്ങളിൽ രാജപുരുഷന്മാർ അക്രമമായ് പണപ്പിരിവു തുടങ്ങുകയും ആ ഭാരം ജനങ്ങൾക്ക് അത്യന്തം ദുസ്സഹമായിത്തീരുകയും ചെയ്തതായ് ചരിത്രകാരന്മാർ ഘോഷിക്കുന്നതിനാൽ 960-നും ടിപ്പുവിൻെറ പ്രതാപകേതു ഇദംപ്രഥമമായ് ഭഗ്നമായ 964-നും ഇടയ്ക്കായിരിക്കണം പ്രസ്തുതസന്ദേശത്തിൻെറ നിൎമ്മിതി എന്നനുമാനിക്കുവാൻ ന്യായമുണ്ടു്.

ചാതകസന്ദേശം താഴെക്കാണുന്ന വിധത്തിൽ ആരംഭിക്കുന്നു.

"കശ്ചിൽ കാലേ ബലവതി കലൗ കേരളാർദ്ധേ തുരുഷ്കൈ-<br>
രാക്രാന്തേ തൽകരഹൃതധനോ ഭൂസുരഃ കാതരാത്മാ<br>
നശ്യന്നാനാവിഭവവിധുരം നാവലംബം കുടുംബം<br>
പശ്യൻ ദീനോ ദിനമനുദശാം ശോചനീയാമയാസീൽ.

യാതേഷ്വേവം കതിപയദിനേഷ്വേഷ വഞ്ചിക്ഷിതീശം<br>
യാതഃ പീതാംബരമിവ പുരാ ഭ്രുതിലോലഃ കുചേലഃ

Digitized By Kerala Sahitya Akademi

രാജ്ഞാ തേന സ്വയമഥ ഗിരാ സൽകൃതോ ദൈവഗത്യാ
വ്യാവൃത്തോഭ്രദപി ച തമനാമന്ത്ര്യ രോഗദ്വിതീയഃ."

"കലികാലം ശക്തിമത്തായ് കേരളത്തിന്റെ പകുതിഭാഗം ഹമ്മദീയരാൽ ആക്രാന്തമായ അവസരത്തിൽ ഒരു ബ്രാഹ്മണൻ തന്റെ കൈവശമുള്ള ധനം അപഹൃതമായ് സകലവിഭവവും നശിക്കകനി ത്തം വിധുരവും നിരവലംബവുമായ കുടുംബത്തെക്കണ്ടു ദുഃഖിച്ചുകൊണ്ട് കാലം കഴിച്ചു; അങ്ങനെ കുറേ ദിവസങ്ങൾ ചെന്നപ്പോൾ അയാൾ ട്ടെ ധനാഗ്രഹത്തോടുകൂടി കുചേലൻ എങ്ങനെ ശ്രീകൃഷ്ണഭഗവാനെ പ്ര പിച്ചുവോ അതുപോലെ വഞ്ചിമഹാരാജാവിനെ പ്രാപിച്ചു. ആ മഹ രാജാവ് വാക്കിനാൽ സൽക്കരിക്കുകയുണ്ടായെങ്കിലും ദീനം നിമിത്തം തിരുമേനിയോടു യാത്രയറിയിക്കാതെതന്നെ ആ സാധു തിരിയെ നാ ലേക്കു പോന്നു."

"ഗത്വാ ഭൂയസ്സ്വഭവനമസൗ സഞ്ചരക്ലാന്തകായോ
ദൈവാധീനം ജഗദിതി മതിം പ്രാപ്യ തൽപ്രീതികാംക്ഷീ
ശ്രീമാന്ധാതൃക്ഷിതിധരവരാധ്യാസിനീം ദേവതാം സ്വാം
ഭക്താഭീഷ്ടാഭ്യധികവരദാം ഭദ്രകാളീം സിഷേവേ."

ഇല്ലത്തു പോന്നതിന്റെ ശേഷം തന്റെ പരദേവതയായ് രുമാന്ധാംകുന്നിലെ ഭദ്രകാളിയെ ഭജിച്ചു. അവിടെവച്ചു തന്റെ ച്യാവസ്ഥയെ വഞ്ചിരാജ്യത്തുചെന്നു തിരുമനസ്സറിയിക്കുവാൻ ഉചി നായ ദൂതനാരുള്ളു എന്നു ചിന്തിച്ചുകൊണ്ടിരുന്നപ്പോൾ

"നിഷ്ക്രാന്താനാം നിരുപമരുചാം ജീവിതാധീശ്വരാണാം
സ്മൃത്വാ സ്മൃത്വാ സുബഹുലശുചം പ്രാവൃഷേണ്യാംബുദാനാം
സംപ്രാപ്തായാം ശരദി വിരതാരാവമാരാമമാരാ-
ദധ്യാസീനം കമപി കൃപണം ചാതകം സന്ദദർശ."

വർഷകാലത്തിൽ തനിക്കു ജീവനം നൽകിയിരുന്ന കാർ ഘങ്ങളുടെ കഥയോർത്തോർത്ത് ഏററവും വ്യസനിച്ചുകൊണ്ടു ശരൽക ത്തിന്റെ ആവിർഭാവത്തിൽ നിശ്ശബ്ദമായ് അടുത്ത് ഒരു ഉദ്യാനത്ത് തന്നെപ്പോലെതന്നെ കൃപണമായ് സ്ഥിതിചെയ്യു ഒരു ചാതകപക്ഷി യെ കണ്ടിട്ടു സന്തുഷ്ടനായ് "അല്ലയോ സഖാവേ! അങ്ങു വ്യസനിക്കു (കോത്ഥസ്ഥാപൈർബലവതി വിധൌ സ്വീകൃതപ്രാതികൂല്യേ ?) ഭ വാനായ വിധി പ്രതികൂലനായിരിക്കുമ്പോൾ സന്താപംകൊണ്ടു ഒ

Digitized By Kerala Sahitya Akademi

മില്ലല്ലോ.'' എന്നു കവി ആ പക്ഷിയെ സമാശ്വസിപ്പിക്കുകയും, "അങ്ങും ഞാനും തുല്യധർമ്മാക്കളാണ്; എത്ര കഷ്ടപ്പെട്ടാലും മേഘത്തെ വിട്ട് അങ്ങും വഞ്ചിമഹാരാജാവിനെ വിട്ട ഞാനും ആരോടും ഒന്നും യാചിക്കുന്നില്ലല്ലോ. അങ്ങു വർഷാർത്ഥിയാണ്; ഞാനും വഞ്ചിമഹാരാജാവിന്റെ പ്രചുരകരുണാവർഷത്തെ കാംക്ഷിക്കുന്നവനാണ്; അതുകൊണ്ടു് അങ്ങുതന്നെയാണ് എനിക്കു യോജിച്ച സന്ദേശഹരൻ '' എന്നു തന്റെ ആശയത്തെ മന്ദംമന്ദം അതു കേൾക്കുമാറു് ആവിഷ്കരിക്കുകയും ചെയ്യുന്നു. അനന്തരം ദൂതൻ ചെന്നുചേരേണ്ട സ്ഥലമേതെന്നു നമ്പൂതിരി നിർദ്ദേശിക്കുന്നു.

"ഗന്തവ്യം തേ ഗതിജിതമരുദ്രംഹസഃ സ്നേഹരാശേ!
സ്യാനന്ദൂരം പുരമിഹ പരാഭൃതസൂത്രാമലോകം;
പാദാംഭോജപ്രണമനകൃതാം പാപഹാരീ ജനാനാ-
മാസ്തേ യസ്മിന്നനിശമപരോക്ഷാത്മനാ പദ്മനാഭഃ.

കാരുണ്യാഖ്യം കലുഷരഹിതം യൽകടാക്ഷാംബുവാഹാൽ
സഭ്രൂചാപാൽ ഗളിതമമൃതം യേ പിബന്ത്യേകദാപി
തേഷാം ഭാവിന്യപി ന ജനനേ ഹന്ത! ദാഹവ്യഥേയം
സഞ്ജാതാ സ്യാന്നിയതമഥവാ കാ കഥാ ജന്മനോപി?"

"അങ്ങ് അതിവേഗത്തിൽ പോകേണ്ടതു തിരുവനന്തപുരത്തേക്കാണ്. അതു ദേവലോകത്തേക്കൂടി ജയിക്കുന്നു. തന്റെ ഭക്തന്മാരുടെ പാപത്തെ ഹരിക്കുന്ന ഭഗവാൻ ശ്രീപത്മനാഭൻ പ്രത്യക്ഷമായ് വസിച്ചരുളുന്നതു് അവിടെയാണല്ലോ. അവിടുത്തെപ്പുരികമാകുന്ന ഇന്ദ്രചാപത്തോടുകൂടിയ കടാക്ഷമാകുന്ന മേഘത്തിൽനിന്നു നിർഗ്ഗളിക്കുന്ന നിർമ്മലമായ കരുണാമൃതം ഏവർ ഒരിക്കലെങ്കിലും പാനം ചെയ്യുന്നുവോ അവർക്ക് അടുത്ത ജന്മത്തിൽ ഒരിക്കലും ദാഹമുണ്ടാകുന്നതല്ല; അഥവാ ജന്മം തന്നെയില്ലെന്നു വരുമ്പോൾ ദാഹത്തിനു പ്രസക്തിയെന്ത്?'' ദാഹമാണല്ലോ ചാതകത്തിന്റെ ദുഃഖഹേതു; അതുകൊണ്ടു തനിക്കു മാത്രമല്ല ദൂതനും ആ യാത്ര ശുഭോദർക്കമാണെന്നും വേഴാമ്പലിനു വഴിക്കു പിപാസ ഉണ്ടായാൽ കൊക്കുകൊണ്ടു നാളികേരഫലങ്ങൾ തുളച്ച് അവയിലെ വെള്ളം കുടിക്കാൻ ധാരാളം സൌകര്യമുണ്ടെന്നും കൊച്ചിരാജ്യത്തു് എത്തിയാൽ ദേവാലയാർച്ചകന്മാരായ അനവധി ബ്രാഹ്മണർ ആ പക്ഷിയെ അനുഗമിക്കുവാൻ ഉണ്ടാകുമെന്നുംകൂടി കവി പ്രസ്താവിക്കുന്നു.

Digitized By Kerala Sahitya Akademi

"ആരുഹ്യാസ്മാദനിലപദവീം ഗച്ഛതോദക്ഷിണാശാം
മാടക്ഷോണീരമണവിഷയം മണ്ഡിതം കൢതസ്തേ
ആഗച്ഛന്തോനിജനിലയനാദാകുമാരീനിവാസം
ദേവാഗാരാൎച്ചനവിധികൃതോ ദേവലാസ്സപ്രസ്സഹായാഃ".

വള്ളുവനാട്ടിൻെറ തെക്കെ അററത്തുള്ള 'സ്വച്ഛതോയ'യായ നദി ക... ന്നാൽ അതിൻെറ വയസ്യയായ ഭാരതപ്പുഴയിൽ എത്താം.

"യസ്യാസ്തോയേ യദി സകൃദധോവൎത്മനേപി മജ്ജൻ
ഗച്ഛേൽ സ്വൎഗ്ഗം സരഭസമുപസ്പൃശ്യസാവസ്തപാപഃ;
അംഭശ്ശോഷാദലഘുപുളിനം വല്ലഭസ്യാഭിസാരേ
ബിഭ്രാണാ യാ സ്വയമിവ ഗളന്നീവിരമ്യം നിതംബം."

"യാതൊന്നിൻെറ അടിയിൽക്കൂടി ഒഴുകുന്ന വെള്ളത്തിൽ ഒ... ക്കൽ മുങ്ങിയാൽപോലും ഒരുവൻ പാപം നശിച്ച് ഉപരിസ്ഥിതമാ... സ്വൎഗ്ഗത്തെ പ്രാപിക്കുന്നു; ആ ഭാരതപ്പുഴ ഇപ്പോൾ വെള്ളം കുറയു... നിമിത്തം വലുതായ പുളിനത്തോടുകൂടി ശോഭിക്കുന്നു; അതു കണ്ടാ... പ്രാണനാഥനായ സമുദ്രരാജാവിനെ അഭിസരിക്കുന്ന ആ നായിക ... ൻെറ മടിക്കുത്തഴിയുക നിമിത്തം രമണീയമായ നിതംബത്തെ വഹി... ന്നതുപോലെ തോന്നും."

പിന്നീടു കവി ചമ്രവട്ടത്തു് അയ്യപ്പനേയും തിരുനാവായിലെ ... ഹാവിഷ്ണുവിനേയും വൎണ്ണിക്കുന്നു.

"ശാസ്താ യസ്യാം വസതി നിലയേ ശംബരക്രോഡസംജ്ഞേ
കുൎവന്മധ്യേജലമിവ തപസ്താതദൌൎഗത്യശാന്ത്യൈ;
ഇച്ഛന്നച്ഛോദകമിവ തടേ ദുഗ്ദ്ധപാഥോധിവാസീ
നാവാക്ഷേത്രേ നരകവിജയീ വൎത്തതേ ചാപി യസ്യാഃ."

"ആ നദിക്കുള്ളിൽ ശംബരക്രോഡം (ചമ്രവട്ടം) എന്ന ക്ഷേ... ത്തിൽ ശാസ്താവു വസിക്കുന്നു; ആ ദേവൻ തൻെറ പിതാവായ ശ്രീ... പരമേശ്വരൻെറ ദാരിദ്ര്യശാന്തിക്കുവേണ്ടി ജലമധ്യത്തിൽ തപസ്സു ചെ... യ്യുന്നുവോ എന്നു തോന്നും; അതിൻെറ കരയ്ക്കുള്ള തിരുനാവായമ്പ... ത്തിൽ മഹാവിഷ്ണുവും വസിക്കുന്നു; പാലാഴിയിൽ താമസിച്ചു മുഷിഞ്ഞ... ആ ഭഗവാൻ ശുദ്ധജലത്തെ കാംക്ഷിച്ചുകൊണ്ടായിരിക്കാം അവിടെ... എഴുന്നള്ളിയിരിക്കുന്നതു." ദരിദ്രനായ കവിക്കു ദരിദ്രനായ ശിവൻെറ... സ്മരണംവരുന്നതു സ്വാഭാവികമാണല്ലോ.

Digitized By Kerala Sahitya Akademi

പിന്നെയും അതിനടുത്തുള്ള ഒരു ശാസ്താവിൻെറ ക്ഷേത്രത്തെ സന്ദർശിച്ചതിനു മേൽ ശരംപോലെ തെക്കോട്ടു പോയാൽ കടുവിൽ വൃഷഗിരി (തൃശ്ശൂർ) എന്ന രമ്യമായ പ്രദേശത്തിലെത്താം എന്ന് ഉപന്യസിച്ചുകൊണ്ടു നമ്പൂതിരി ആ സ്ഥലത്തിൻെറ മഹിമയെ താഴെ ക്കാണുന്ന വിധത്തിൽ പുകഴ്ത്തുന്നു.

"കൈലാസാദ്രൌ നഹി ഖലു ഹരേസ്സന്നിധി ; ന്നാപിശംഭോ-
ശ്ശ്വേതദ്വീപേ; ശൃണു നിവസതോ നാമ യസ്മിന്നുഭൌ ച;
ദ്വൈധീഭാവം പരികലയതാമാത്മനോർഭ്രാന്തിഭാജാം
ഭേദാഭാവം സ്ഫുടയിതുമിവ സ്വീകൃതാർദ്ധാകൃതീ ച.

ഹൃത്വാ മഗ്നാൻ കില ജലനിധൌ കേരളാൻ, ഭൂസുരേഭ്യോ
ദത്വാ, താംസ്താനപി ച വിവിധാൻ സ്ഥാപയൻ ധർമ്മസേതൂൻ,
ക്ഷേത്രാണ്യന്യാന്യപി ബഹുതരാണ്യത്ര കൃത്വാ, കൃതാർത്ഥോ-
യത്ര ക്ഷത്രാടവിഹുതവഹോ ജാമദഗ്ന്യസ്തിരോഭൂൽ.

യാവദ്യൂയം സ്മരത ഭവതാം താവദേവാഹമാവിർ-
ഭൂതഃ ഖേദം സപദി ശമയാമ്യേവമുക്തേപ്യനേന
തൽഗ്രാമ്യാശ്ചേന്നിപതിതുമധസ്സാഹസം നാകരിഷ്യ-
ന്നാദ്യാസ്മാകം കഥമിവ മഹാന്തോഭവിഷ്യന്നനർത്ഥാഃ?"

"കൈലാസപർവ്വതത്തിൽ വിഷ്ണുവില്ല; ശ്വേതദ്വീപത്തിൽ ശിവനുമില്ല; തൃശ്ശൂരിലാകട്ടെ ഈ രണ്ടു ദേവന്മാരും വസിക്കുന്നു. തങ്ങൾ രണ്ടാണെന്നു ഭ്രമിക്കുന്നവൎക്കു ഭേദാഭാവത്തെ സ്ഫുടിപ്പിക്കുന്നതിനു വേണ്ടിയോ എന്നു തോന്നുമാറ് അർദ്ധാകൃതിയെ സ്വീകരിച്ചുകൊണ്ടും (ശങ്കരനാരായണമൂർത്തിരൂപത്തിലും) അവർ അവിടെ പരിലസിക്കുന്നു. പണ്ടു സമുദ്രത്തിൽ മഗ്നമായിരുന്ന കേരളത്തെ ഉദ്ധരിച്ച് അതിനെ ബ്രാഹ്മണൎക്കായ് ദാനംചെയ്ത് അനേകം പ്രകാരത്തിലുള്ള ധർമ്മസേതുക്കളെ നിർമ്മിച്ച് അവയ്ക്കുപുറമേ വളരെ വളരെ ക്ഷേത്രങ്ങളേയും സ്ഥാപിച്ചു ക്ഷത്രിയകുലാന്തകനായ ശ്രീപരശുരാമൻ അവിടെവച്ചാണല്ലോ തിരോധാനം ചെയ്തതു്. "നിങ്ങൾ എന്നെ സ്മരിക്കുന്ന അവസരത്തിൽ ഞാൻ തൽക്ഷണം പ്രത്യക്ഷീഭവിച്ചു നിങ്ങളുടെ ഖേദത്തെ ശമിപ്പിക്കുന്നുണ്ടു" എന്ന് അവിടുന്ന് അരുളിച്ചെയ്തിരിക്കെ ആ ഗ്രാമക്കാർ തങ്ങൾ അധഃപതിക്കുന്നതിനു തക്കവണ്ണമുള്ള സാഹസപ്രവൃത്തികൾ ചെയ്തിരുന്നില്ലെങ്കിൽ ഞങ്ങൾക്കു പ്രബലങ്ങളായ അനർത്ഥങ്ങൾ ഒരു വിധത്തിലും

Digitized By Kerala Sahitya Akademi

സംഭവിക്കുകയില്ലായിരുന്നു." എന്നു കവി ദീനനായ് ആക്രോശിക്കുന്നു. തൃശ്ശൂർഗ്രാമത്തിലെ നമ്പൂതിരിമാർ വടക്കുന്നാഥൻ ക്ഷേത്രത്തോടും യോഗത്തോടും മററും 'പലകൂട്ടം ഏററങ്ങളും' ചെയ്യുകനിമിത്തം അവരുടെ 'സ്വമ്മും സ്ഥാനമാനങ്ങളും' കൊച്ചിരാജാവു നിറുത്തൽ ചെയ്തതിനേയും സാമൂതിരി കിഴ്മര്യാദയ്ക്കു വിരോധമായ് അവിടെ അവരോധിച്ച പാതായിക്കര യോഗാതിരിപ്പാട്ടിലെ രാജ്യഭ്രഷ്ടനാക്കിയതിനേയുംപററി ആ ക്ഷേത്രം വക 938-ാമാണ്ടത്തെ ഗ്രന്ഥവരിയിൽ രേഖപ്പെടുത്തീട്ടുണ്ട്.

അടുത്ത താവളം പെരുമനമാണ്. 'പുരുവനപത്തേമ്മന്ദിരം മന്ദരാഭം' എന്നുതുടങ്ങി അവിടത്തെ ശിവക്ഷേത്രത്തിന്റെ വൈശിഷ്ട്യത്തെ കവി വിസ്തരിക്കുന്നു.

"ഹൈമം താവൽ ഭവനശിഖരം ഹർമ്മ്യനാഥാഹ്വയസ്യ
ജ്വാലാചക്രം നയനദഹനസ്യേവ തത്രോത്ഥിതസ്യ
സിന്ദൂരാഭൈസ്സവിതൃകിരണൈർന്നുനമാലിംഗിതത്വാദ്-
ദൂരാദേവ ദ്വിഗുണിതരുചിപ്രോജ്ജ്വലം പ്രേക്ഷണീയം.

അത്യുത്തുംഗം ത്രിപുരമഥിതുർന്നിത്യവാസൈകദേശം
വൃത്രാരാതിപ്രമുഖവിബുധൈസ്സേവ്യമാനം വിശാലം
വപ്രേണാവേഷ്ടിതമഭിത ഏവാപ്രതർക്യപ്രഭാവം
ക്ഷേത്രം ഭൂപ്യക്ഷിതിധരമിവ പ്രാപ്യ ഭൂയാഃ കൃതാർത്ഥഃ.

ഗംഗാഗൌര്യോർയുഗപദിവ സംഗാനുഭൂത്യൈ സദൈവ
ദ്വേധാകുർവൻ ക്വചന നിജം ദേഹമൈശ്വര്യശാലീ
സേവാഹേതോരിവ ച ക്വചിൽ സേവകാനാം തഥൈക-
സ്ത്രേധാ യത്ര പ്രകടിതതനുർവർത്തതേ ഹ്യഷ്ടമൂർത്തിഃ."

അവിടത്തെ മാളികത്തേവരുടെ ക്ഷേത്രത്തിന്റെ സ്വർണ്ണസ്തൂപി ശ്രീപരമേശ്വരന്റെ നെററിക്കണ്ണിൽ നിന്നുയർന്ന അഗ്നിയുടെ ജ്വാലാചക്രംപോലെ ശോഭിക്കുന്നുവെന്നും, ആ ക്ഷേത്രം കൈലാസപർവതം പോലെ മഹനീയമാണെന്നും, ഗംഗയ്ക്കും ഗൌരിക്കും അവിരതമായ് ഒരേകാലത്തു സമ്മേളിക്കുന്നതിനും ഭക്തന്മാർക്കു സേവിക്കുന്നതിനുമായ് ഏകനായ അഷ്ടമൂർത്തി അവിടെ തന്റെ വിഗ്രഹത്തെ മൂന്നായ് പ്രകടിപ്പിക്കുന്നു എന്നുമത്രേ വർണ്ണനം. ഇതു് ഇരട്ടയപ്പനേയും ഉൾപ്പെടുത്തിയാകുന്നു.

Digitized By Kerala Sahitya Akademi

അനന്തരം

"ആവന്ദ്യാഥ ത്രിഭുവനഗുരും താദൃശം പക്ഷതിഭ്യാം
പ്രാകാരാഗ്രേ വിഹിതവസതിര്യാപയന്നധ്വഖേദം
ആരാദ്ഗൌരീമഖിലജഗതാമാദിഭൂതാം വസന്തീം
വാമാപാംഗീം വലയനിലയാധീശ്വരീമാശ്രയേഥാഃ."

എന്ന് ഉൗരകത്തു ഭഗവതിയെ ഭജിക്കുവാൻ ഉപദേശിക്കുന്നു. അതിനപ്പുറം ഇരിങ്ങാലക്കുടയായി.

"ക്ഷേത്രം താവൽ പതഗ! ഭവതഃ പ്രേക്ഷണീയം പുരസ്താൽ
പാത്രം ലക്ഷ്മ്യാഃ പ്രതിഹതവിപൽസംഗമം സംഗമാഖ്യം;
യത്ര സ്ഥിതാ കില കലിമലേ മഗ്നമേതൽ സമസ്തം
പ്രത്യുദ്ധൃത്യ ത്രിജഗദവതി പ്രത്യഹം ദൈത്യഹന്താ.

ബ്രഹ്മഘ്നോവാ ബഹുതരരുജാപീഡിതോവാ ശഠോവാ
കൌലീപിന്യാഃ പയസി വിമലേ വാപികായാം നിമജ്ജൻ
സദ്യഃപൂതോ ഭവതി ഹി ജനസ്സർവ്വപങ്കാദ്വിമുക്തോ,
ജംബൂനദ്യാസ്തടഗതമയഃ സ്വർണ്ണതാം യാതി യദ്വൽ."

"കൂടൽമാണിക്കക്ഷേത്രത്തിൽ വസിക്കുന്ന മഹാവിഷ്ണു കലിമലത്തിൽ മഗ്നമായ ത്രൈലോക്യത്തെ പ്രത്യുദ്ധരിച്ചു പാലിക്കുന്നു. അവിടെയുള്ള കൌലീപിനി എന്ന സരസ്സിൽ ഏതു മഹാപാപി സ്നാനം ചെയ്താലും ഉടൻ ശുദ്ധിയെ പ്രാപിക്കുന്നു. സ്വർഗ്ഗത്തിലെ ജംബൂനദിയുടെ തീരത്തെ പ്രാപിക്കുന്ന ഇരിമ്പു സ്വർണ്ണമായ് പരിണമിക്കുന്നതു പോലെയാണ് ഇതു്."

"യത്ര ക്ഷുദ്രേതരഗുണനിധേന്നാത്ത്യശാലാപദേശാൽ
കീർത്തിസ്തോമോ വസതി നൃപതേർമ്മൂർത്തിമാനാത്തബന്ധോഃ"

എന്നു കാർത്തികതിരുനാൾ മഹാരാജാവ് അവിടെ പണിയിച്ച കൂത്തമ്പലത്തേയും കവി സ്മരിക്കുന്നു.

പിന്നീടു ദൂതൻ ചെല്ലേണ്ടതു കൊടുങ്ങല്ലൂരാണ്.

"ഉൽപത്യ ദ്യാമുരുതരജവേനാഥഗച്ഛൻ ദയാർദ്രാ-
മാലംബേഥാ നിഖിലജഗതാം മാതരം ശ്രീകുരുംബാം
ധൂമശ്രേണീം യുഗപദുദിതാം ത്ര്യംബകസ്യാംബകാഗ്നേ-
രേകീഭൂതാമിവ ച ദധതീം മേചകാമംഗയഷ്ടിം.



Digitized By Kerala Sahitya Akademi

സന്ത്യേവാന്യേ ഹരിഹരഗണേശാദയോ ഭൂതലേസ്മിൻ
ദേവാഃ പ്രീതാ; ദദതി ച ചിരാൽ സേവകാനാം ഹിതാനി;
നൂനം തത്തച്ചരിതസദൃശം യാം വിഹായാദ്യ ദേവീം
സദ്യോദാതും ഫലമവികലം നൈവ തേ ശക്നുവന്തി."

"ശിവൻെറ നേത്രാഗ്നിയിൽനിന്ന് ഒരേ സമയത്തിൽ ഉണ്ടായ ധൂമപടലം ഏകീഭവിച്ചതുപോലെ കറുത്ത ശരീരത്തെ ധരിക്കുന്ന ദയാർദ്രയായ കുരുംബക്കാവിലെ ഭദ്രകാളി. വിഷ്ണു, ശിവൻ, ഗണപതി മുതലായ ദേവന്മാർ വളരെക്കാലം സേവിച്ചാൽ പ്രീതരായ് ഭക്തന്മാൎക്ക് അഭീഷ്ടദാനംചെയ്യുന്നു; ഈ ദേവിയേപ്പോലെ അവരവരുടെ ഉപാസനയ്ക്കു തക്കവണ്ണം ഉടനടി ഫലം നൽകുന്നതിന് അവർക്കു ശക്തിയില്ല."

അതിനപ്പുറം വഴി സ്വല്പം വളഞ്ഞിട്ടാണെങ്കിലും വേഴാമ്പൽ കിഴക്കോട്ടു പോയ് കാർത്തികതിരുനാൾ മഹാരാജാവു പണിയിച്ച പ്രസിദ്ധമായ നെടുങ്കോട്ട കാണണമെന്നു കവി അഭ്യർത്ഥിക്കുന്നു.

"ഭ്രാതുസ്നേഹാദഥ ഗുരുതരം കാര്യഭാരം വഹന്ന-
പ്യാശാം പ്രാചീമനുസര തതോ നേത്രസാഫല്യസിദ്ധ്യൈ;
ന പ്രേക്ഷന്തേ നരവരകൃതം യേ ജനാ ദീർഘദുർഗ്ഗം
മന്യേ തേഷാം നയനയുഗളം മണ്ഡനാർത്ഥം മുഖസ്യ.

പ്രാപ്തം പ്രായശ്ചരമജലധേഃ കൂലമാസഹ്യസാനോ-
രുൽപ്രത്യഗ്രൈർബഹിരതിഘനം മണ്ഡിതം വംശകാണ്ഡൈഃ
ദ്വാരി പ്രൌഢൈരപി ച സുഭടൈർബദ്ധകക്ഷ്യൈസ്സനാഥം
രോദ്ധും ലോലാമിവ ചിരതരം സംഗതാം രാജലക്ഷ്മീം.

തസ്യോത്തുംഗേ പരിസരഗതേ കേതുദണ്ഡേ നിഷണ്ണഃ
സംസ്പൃഷ്ടാംഗസ്സുരഭികുസുമാമോദിനാ മാരുതേന
വിശ്രാന്തസ്സൻ ധവളപടികാമുദ്രിതേ താം മുഹൂർത്തം
മന്ദോഷ്ണേഷു ദ്യുമണികിരണേഷ്വശ്രമം ഗച്ഛ ഭൂയഃ."

നെടുങ്കോട്ട കവി വർണ്ണിക്കുന്നതുപോലെ കിഴക്കു സഹ്യപർവ്വതം മുതൽ പടിഞ്ഞാറു സമുദ്രതീരത്തു പള്ളിപ്പുറംവരെ നീണ്ടുകിടന്നിരുന്നു. "പ്രാപ്തം പ്രായശ്ചരമജലധേഃ കൂലം" എന്നു വർണ്ണിച്ചിരിക്കുന്നതിൽനിന്ന് ആദ്യകാലത്തു കരിയാപ്പള്ളിക്കോട്ടവരെ മാത്രം പണിയിച്ചിരുന്ന അവസരത്തിലായിരിക്കാം നമ്പൂതിരി ആ കോട്ട കണ്ടതെന്നും ഊഹിക്കാം. ടിപ്പു അതിനെ "നിന്ദ്യ"മായ കോട്ടയെന്ന് അധിക്ഷേപിച്ചു

Digitized By Kerala Sahitya Akademi

എന്നുവരികിലും അതിന്നു സമീപം ഒളിച്ചിരുന്ന ഇരുപതു തിരുവിതാം ക്കൂർഭടന്മാരാലാണു് ആ യുദ്ധവീരന്റെ പരാജയവും പംഗുത്വവും സിദ്ധമായതു് എന്നുള്ള പരമാർത്ഥം നാം സ്മരിക്കുമ്പോൾ ആ ദുർഗ്ഗംകൊണ്ടു് അതിന്റെ നിർമ്മാതാവിന്റെ ഉദ്ദേശം സാധിച്ചു എന്നുതന്നെ ഗണിക്കാവുന്നതാണു്. നെടുങ്കോട്ട കാണാത്തവരുടെ കണ്ണു മുഖത്തിനു് അലങ്കാരം മാത്രമാണെന്നും, അതിന്റെ പുറവശത്തു പുത്തൻ ഇല്ലികൾ നട്ടുപിടിപ്പിച്ചിരുന്നു എന്നും, വളരെക്കാലംകൊണ്ടു ലഭിച്ച ചഞ്ചലയായ രാജലക്ഷ്മി കൈതെററി വീണ്ടും ഓടിപ്പോകാതെയിരിക്കുവാൻ ദ്വാരംതോറും അവിടെ പ്രൗഢന്മാരായ ഭടന്മാർ കാട്ടുനിന്നിരുന്നു എന്നും, അതിനടുത്തു ധ്വജമുണ്ടായിരുന്നു എന്നും, അതിൽ വെളുത്ത കൊടിക്കൂറ പാറിയിരുന്നു എന്നും നാം കവിവാക്യത്തിൽനിന്നു ഗ്രഹിക്കുന്നു.

പിന്നീടു ദൂതൻ പെരിയാർ കടക്കണം.

"ദൂരാത്താവന്നയനപദവീം നൂനമാപത്സ്യതേ തേ
വീചീജാലാഹതിഭിരുഭയം കൂലയോഃ പാതയന്തീ,
ഗംഗേവാന്യാ ശിരസി സുചിരം ശങ്കരേണോഹ്യമാനാ,
ചൂർണ്ണീ, സിന്ധോഃ പ്രഥമദയിതാ, സോദരീ താമ്രവർണ്ണ്യാഃ.

കാളാംഭോദോജ്ജ്വലതരരുചിസ്സേവിതാ ദേവതാഭിർ-
ദ്ദിക്ഷു ഖ്യാതാ ദശസു ഭജതാം ഭൂതിദാനൈകദക്ഷാ
ഘോരാകാരാ ഗുരുതരരവാ ഭദ്രകാളീവ സാക്ഷാൽ
കുർവ്വാണോർവ്വീം വിഗതകലുഷാം യാ ഗിരീശാദ്ബഭൂവ.

ആസന്നായാമഹരവസിതാവന്തരാതങ്കഭാജാം
കൂലോദ്ദേശേ കളകളവതീം കൂജിതേന ദ്വിജാനാം
നൗകാദണ്ഡപ്രഹതിശകലീഭൂതഫേനാമഥൈനാം
തീർത്ത്വാ ദേശം പ്രവിശ ച ജയന്താഭിധം മംഗലാഖ്യം."

പെരിയാററിനെ കവി ആദ്യത്തെ ശ്ലോകത്തിൽ തിരമാലകളടിച്ചു് ഇരുകരകളേയും പതിപ്പിക്കുന്നതായും മറെറാരു ഗംഗയെന്നപോലെ ശങ്കരനാൽ വഹിക്കപ്പെടുന്നതായും (വിവാഹം കഴിക്കപ്പെടുക എന്നും) സമുദ്രത്തിന്റെ പ്രധാനപത്നിയായും താമ്രവർണ്ണിയുടെ സഹോദരിയായും വർണ്ണിക്കുന്നു. ശ്രീപരമേശ്വരന്റെ ക്ഷേത്രം ആലുവായിൽ നദീമദ്ധ്യത്തിലുള്ളതുകൊണ്ടാണു് 'ശങ്കരേണോഹ്യമാനാ' എന്ന വിശേഷണം കവി പ്രയോഗിക്കുവാൻ ഇടവന്നതു്. രണ്ടാമത്തെ ശ്ലോകം അത്യന്തം

Digitized By Kerala Sahitya Akademi

ഹൃദയംഗമമാകുന്നു. കാർമേഘത്തിനൊത്ത നിറത്തോടുകൂടിയതും, ദേവതകളാൽ സേവിക്കപ്പെടുന്നതും, പത്തുദിക്കുകളിലും ഖ്യാതിസമ്പാദിച്ചതും, തന്നെ ഭജിക്കുന്നവക്ക് ഐശ്വയ്യത്തെ പ്രദാനംചെയ്യുവാൻ സന്നദ്ധതയുള്ളതും, ഘോരമായ രൂപമുള്ളതും, വലിയ ശബ്ദത്തെ ഉണ്ടാക്കുന്നതും, ഭൂമിയെ മലമില്ലാതെയാക്കുന്നതുമായ ഈ പുഴ, സാക്ഷാൽ ഭദ്രകാളിയെന്നപോലെ ഗിരീശനിൽനിന്നു (സഹ്യപർവ്വതത്തിൽ നിന്നെന്നും ശ്രീപരമേശ്വരനിൽ നിന്നെന്നും അത്ഥം) ജനിച്ചതാണ്. ഈ ഉപമാനം കവി എത്ര ഔചിത്യത്തോടും ദീർഘദൃഷ്ടിയോടുംകൂടി ചെയ്തതാണെന്നുള്ളതു് അനന്തരകാലത്തിൽ (കൊല്ലം 965-ൽ) ക്രോധാവിഷ്ടനായ ടിപ്പുസുൽത്താൻ തന്റെ പീരങ്കികളേയും അശ്വങ്ങളേയും കൊണ്ട് ഇടവപ്പാതിയോടടുത്തുണ്ടായ ജലപ്രവാഹം നിമിത്തം കര കവിഞ്ഞൊഴുകിക്കൊണ്ടിരുന്ന ഈ നദിയെ തരണം ചെയ്യുന്നതു ദുസ്സാധമാണെന്നു കരുതി തിരിച്ചുപോയ—കേരളം ആകമാനം സാഭിമാനം, സരോമാഞ്ചം, സ്മരിക്കുന്ന—ആ ചരിത്രസംഭവത്തിൽനിന്നു വിശദമാകുന്നു. സായാഹ്നം സമീപിക്കുമ്പോൾ കരകളിൽ പക്ഷികൾ കൂജനം ചെയ്യുന്നതും കഴക്കോലുകളുടെ പ്രഹരമേററ നരകൾ ശകലിതങ്ങളാകുന്നതുമായ ആ നദി കടന്നു ചേന്നമംഗലത്തേക്കു പോകുവാൻ കവി ചാതകത്തെ ഉപദേശിക്കുന്നു.

"ആസ്തേ വഞ്ചിക്ഷിതിപതിവരാദാത്മനാ നന്യഭിന്നോ
യസ്മിൻ മാടക്ഷിതിഭൃദധുനാ ദേഹമാത്രേണ ഭിന്നഃ;
ഏതൽപ്രീതിപ്രസരവിഷയേ വീതനിശ്ശേഷദോഷേ
വിശ്വക്ഷോണീഭരണനിപുണേ മന്ത്രിണി ന്യസ്തഭാരഃ."

ചേന്നമംഗലത്തായിരുന്നു അക്കാലത്തു തിരുവിതാംകൂർ മഹാരാജാവിൽനിന്നു ദേഹംകൊണ്ടുമാത്രം ഭിന്നനും ആത്മാവുകൊണ്ട് അഭിന്നനുമായ കൊച്ചി മഹാരാജാവ് അവർ രണ്ടുപേക്കും പ്രീതിഭാജനവും, ഗുണശാലിയും, രാജ്യഭരണനിപുണനുമായ മന്ത്രി പാലിയത്തുകോമി അച്ഛനിൽ സകലഭാരത്തേയും നിക്ഷേപിച്ചുംവച്ചു താമസിച്ചിരുന്നതു്. ആ രാജാവു കൊല്ലം 951 മുതൽ 965 വരെ കൊച്ചിരാജ്യം ഭരിച്ച രാമവമ്മതമ്പുരാനായിരുന്നു.

അനന്തരം നദികടന്നു രാമസ്വാമിക്ഷേത്രം അതിലംഘിച്ചു ബ്രാഹ്മണരുടെ നഗരത്തേയും കടന്ന്, 'യഥാത്ഥാഭിധ'യായ പൂണ്ണത്രയീ (തൃപ്പൂണിത്തുറ) നഗരിയിൽ ചെന്നു ദൂതൻ ചരിതാത്ഥനാകണമെന്നു നമ്പൂതിരി പറയുന്നു.

Digitized By Kerala Sahitya Akademi

"ഉല്ലംഘ്യൈനാം തദനു സരിതഞ്ചാപി സന്തീര്യ്യ കാഞ്ചി-
സ്ത്രീപൂർവ്വന്തം പ്രഥിതമവനൌ രാമഭദ്രാലയഞ്ച
പശ്ചാൽകൃത്യ ദ്വിജവരപുരഞ്ചാപി ഭൂയോവതീർണ്ണഃ
പൂർണ്ണത്ര്യ്യയ്യാം പുരി ഭവ യഥാർത്ഥാഭിധായാം കൃതാത്ഥഃ.

"പ്രാകാരേണ പ്രതിനവതരേണാഭിതോവേഷ്ടിതായാ-
മത്യുത്തുംഗൈരപിച മഹിതൈർഗ്ഗോപുരൈശ്ശോഭിതായാം
ഭൂതിം ദാതും ഭുവി വിനമതാം ഭൂരികാരുണ്യഭാരാ-
ദാസ്തേ യസ്യാമഖിലജഗതാമാദികന്ദോ മുകുന്ദഃ.

നത്വാ ദേവം നളിനനയനം ഭോഗിഭോഗാസനസ്ഥം
ദൃഷ്ട്വാ ചൈതൽപുരപരിസരേ രാജിതാം രാജധാനീം
വിസ്തീർണ്ണാം തദ്വിപണിസരണിം വിത്തപൂർണ്ണാം പ്രയാതോ
മാർഗ്ഗശ്രാന്തിം വ്യപനയ മനാങ്മദ്ദശാന്തം വിചിന്ത്യ."

"തൃപ്പൂണിത്തുറ പുത്തനായ കോട്ടയാൽ ചൂഴപ്പെട്ടതും ഉന്നതങ്ങളായ ഗോപുരങ്ങളെക്കൊണ്ടു ശോഭിക്കുന്നതുമാണു്; അവിടെ ഭക്തന്മാക്കു് ഐശ്വര്യദാനത്തിനുവേണ്ടി പരമകാരുണികനും സകലജഗത്തുകളുടേയും മൂലകന്ദവുമായ ഭഗവാൻ ശ്രീനാരായണൻ സന്നിധാനം ചെയ്യുന്നു. അനന്തന്റെ ഫണങ്ങളിൽ ആസീനനായ മഹാവിഷ്ണുവിനെ നമസ്കരിക്കുകയും ആ പുരത്തിന്റെ പരിസരത്തിലുള്ള രാജധാനിയേയും വിശാലവും വിത്തപൂർണ്ണവുമായ അങ്ങാടിയേയും സന്ദർശിക്കുകയും ചെയ്തതിന്റെശേഷം കുറഞ്ഞോന്നു് എന്റെ അവസ്ഥയെക്കൂടി വിചാരിച്ചുകൊണ്ടു നീ വിശ്രമിക്കുക."

പിന്നീടു സന്ദേശഹരനോടു വൈക്കത്തു ചെല്ലുവാൻ കവി പ്രാത്ഥിക്കുന്നു.

"ലക്ഷീകുർവ്വൻ ദിശമഥ ദൃശോർദ്ദക്ഷിണാമേവ ഗച്ഛൻ
ദൃഷ്ട്വാ താംസ്താൻ പഥി സകുതുകം നേത്രരമ്യാൻ പ്രദേശാൻ
പ്രാഗ്ഭാഗേ തു പ്രതിനവശിലാസഞ്ചയേന പ്രക്ലൃപ്തം
വ്യാഘ്രാഗാരം വിശ പശുപതിർവ്വർത്തതേ യത്ര നിത്യം."

"ഏതൽപാദപ്രണതികിണബദ്ധാങ്കരാജൽപ്രതീകാ-
നിശ്ശേഷാഘപ്രശമനകരം നാമ തസ്യ ബ്രുവാണാഃ
വിശ്വേ ഹന്ത ! വ്യപഗതരുജോ യത്ര സംവർത്തമാനാ-
ദേഹേ ഗേഹേപ്യനിശമധികം ഭൂതിമന്തോ ജനൗഘാഃ.

Digitized By Kerala Sahitya Akademi

സാപത്ന്യാനാം സഹ ച ജരഠൈസ്സർവ്വതോദിഗ്വിഭാഗാ-
ദായാതാനാമനുദിനമസൗ ഭുക്തിമാത്രോത്സുകാനാം
അധ്യാസീനോ വദനജനുഷാമഗ്രമദ്യാപി ചിത്രം
ഗൃദ്ധ്രാകാരഃ കില കലയതേ യത്ര ഭുക്തിം കപാലീ."

"ഈ വ്യാഘ്രാലയത്തിലെ ശ്രീപരമേശ്വരനെ തൊഴുതു് അംഗത്തിൽ നമസ്കാരമുദ്രയോടുകൂടിയും, സകലപാപങ്ങളേയും ശമിപ്പിക്കുന്ന ആ ഭഗവാന്റെ നാമത്തെ ഉച്ചരിച്ചുകൊണ്ടും, രോഗങ്ങൾമാറി ജനങ്ങൾ ദേഹത്തിലും (ഭസ്മം) ഗേഹത്തിലും (ഐശ്വര്യം) ഭൂതിമാന്മാരായ് അവിടെ വസിക്കുന്നു. കഞ്ചുകങ്ങളോടും കിഴവന്മാരോടും എല്ലാ ദിഗ്വിഭാഗങ്ങളിൽനിന്നും ഭോജനം മാത്രം ആശിച്ചു് അവിടെ വന്നുചേരുന്ന ബ്രാഹ്മണരുടെ അഗ്രസ്ഥാനത്തിൽ സാക്ഷാൽ കപാലപാണിയായ ശ്രീപരമേശ്വരൻ ഗൃദ്ധ്രവേഷത്തിൽ ഭുക്തിചെയ്യുന്നുപോലും."

അതിനു് അപ്പുറം കവി ചുവടെ ഉദ്ധരിക്കുന്ന പദ്യങ്ങളിൽ വേമ്പനാട്ടു കായലിനെ വർണ്ണിക്കുന്നു.

"കൃത്വാ തസ്യ പ്രണതിമചിരാൽ പ്രസ്ഥിതസ്യാഗ്രതസ്തേ
ദ്രഷ്ടവ്യസ്സ്യാന്നനു ജലമയഃ കോപി ദേശോവിശാലഃ
നൗസംഘാനാമവിരതസമാസ്ഫാലനൈർജ്ജരോർമ്മി-
സ്ത്വൽസംബന്ധീ ചരമജലധിന്നായകോവാഹിനീനാം.

പക്ഷദ്വന്ദ്വേ ശ്രമവതി ന തല്ലംഘനായോദ്യതസ്സ്യാഃ;
സഹ്യത്യന്തക്ഷുഭിതമകരാദ്യുഗ്രയാദഃകദംബഃ
നാവഃ കസ്യാശ്ചന വിധിവശാല്ലബ്ധവാംശ്ചേദ്ധ്വജാഗ്രം
സന്താപാബ്ധേരപിച സുലഭാം വിദ്ധി.നഃ പാരഭൂമിം."

"വൈക്കത്തപ്പനെ തൊഴുതുകൊണ്ടു പുറപ്പെടുന്ന നീ മുൻപിൽ വിസ്തീർണവും ജലമയവുമായ ഒരു പ്രദേശം കാണും. വഞ്ചികളുടെ നിരന്തരമായുള്ള സമാസ്ഫാലനംകൊണ്ടു നുറുങ്ങുന്ന തിരകളോടുകൂടിയതാണു് അവിടത്തെ കായൽ. വാഹിനികളുടെ നായകനായ പശ്ചിമസമുദ്രം അതിന്റെ സംബന്ധിയാണു്. ചിറകുകൾക്കു് ആയാസം തോന്നുന്നുവെങ്കിൽ ആ കായൽ നീ പറന്നു കടക്കുവാൻ ഉദ്യമിക്കരുതു്. എന്തെന്നാൽ അതു് ഏററവും ക്ഷുഭിതങ്ങളായ മകരമത്സ്യം തുടങ്ങിയ ജലജന്തുക്കളോടുകൂടിയതാണു്. വല്ല വഞ്ചിയുടേയും പാമരത്തിന്റെ മുകളിൽ കയറുവാൻ തരം കിട്ടിയാൽ (അതിന്റെയും) എന്റെ സന്താപസമുദ്ര

Digitized By Kerala Sahitya Akademi

ത്തിൻേറയും മറുകര ലബ്ദ്ധമാകും.'' പിന്നീട്ട കവി ചേത്തല (കരപ്പുറം) യുടെ സ്ഥിതി താഴെ ഉദ്ധരിക്കുന്ന പദ്യങ്ങളിൽ കീത്തനം ചെയ്യുന്നു.

"പാരേ തസ്യ പ്രചുരകദളീപാളിഭിശ്ശോഭമാനോ
ഭൂതിസ്ഥാനം ഭുജഗലതികാനദ്ധകേരദ്രുമൌഘഃ
സ്നിഗ്ദ്ധജ്യോൽസ്നാധവളസികതാസഞ്ചയൈരഞ്ചിതസ്തേ
ഗച്ഛത്യദ്ധാ നയനവിഷയം ഗർഭഭാഗഃ പയോധേഃ.

കേചിൽ ഗീതിഷ്വധികനിപുണാഃ കേപി ശാസ്ത്രപ്രവീണാഃ
കേചിൽ കാര്യേഷ്വപിച കുശലാഃ കേപി സർവ്വം ദധാനാഃ;
സവ്വെപ്യുവ്വീശ്വരകരുണയാ ലബ്ദ്ധവന്തോ വിഭൂതിം
ഗുർവ്വീം കുവ്വന്ത്യയി സുകൃതിനഃ ക്ഷത്രിയാ യത്ര വാസം.

പേയം ഹന്ത! പ്രകൃതിമധുരം നാളികേരാംബു നൄണാ-
മാഹാരശ്ചാപ്യഭിമതതരസ്സൈകതേ സൈ്വരചാരഃ;
തത്രസ്ഥാനാം സുഖവിഹതയേ കിഞ്ചിദേവേതി മന്യേ
പാദദ്വന്ദ്വേ ഭവതി ഗണിതൈർദ്ദിനൈഃ ശ്ലീപദാങ്കഃ!''

ധാരാളം വാഴകളോടും വെററിലക്കൊടി ചുററിപ്പിണയുന്ന തെങ്ങുകളോടും പൂനിലാവുപോലെ വെളുത്ത മണൽപ്പരപ്പോടുംകൂടി ശോഭിക്കുന്ന ഐശ്വര്യാവാസമായ ആ സമുദ്രത്തിൻെറ ഗർഭഭാഗം (ചേത്തല) അങ്ങയുടെ ദൃഷ്ടിക്കു സ്പഷ്ടമായ് വിഷയീഭവിക്കും. അവിടെ കാത്തികതിരുനാൾ മഹാരാജാവിൻെറ കാരുണ്യത്താൽ ലഭിച്ച മഹത്തായ ഐശ്വര്യത്തോടുകൂടി സുകൃതികളായ പല ക്ഷത്രിയന്മാരും (തമ്പാൻ, തിരുമുൽപാട്ട് ഈ രണ്ടുവഗ്ഗങ്ങളിൽ പെട്ടവർ) താമസിക്കുന്നുണ്ട്. അവരിൽ ചിലർ ഗാനനിപുണന്മാരും മററു ചിലർ ശാസ്ത്രപണ്ഡിതന്മാരും വേറെ ചിലർ കാര്യകുശലന്മാരും ഇനിയും ചിലർ എല്ലാത്തിനും കൊള്ളാവുന്നവരുമാകുന്നു. ആ ചേത്തലയിൽ പ്രകൃതിമധുരമായ കരിക്കിൻവെള്ളം കുടിക്കാം; ആഹാരം ഇഷ്ടംപോലെ കിട്ടും; മണലത്തു യഥേഷ്ടം സഞ്ചരിക്കുകയും ചെയ്യാം. ഇത്രയും സുഖമനുഭവിക്കുന്ന ആ സ്ഥലത്തുകാക്കു ദുഃഖപ്രദമായ് ഒന്നുമാത്രമുണ്ട്; അതായതു പരിമിതങ്ങളായ ഏതാനും ദിനങ്ങൾകൊണ്ടു് അവരുടെ രണ്ടു കാലുകളിലും (ശ്ലീപദം) മന്തുണ്ടാകുന്നു എന്നുള്ളതുതന്നെ '' കരപ്പുറത്തു കാത്തികതിരുനാൾ മഹാരാജാവു തൻെറ സേവകന്മാരായ അനേകം തമ്പാന്മാരേയും തിരുമുൽപാടന്മാരേയും കുടി

Digitized By Kerala Sahitya Akademi

യിരുത്തി അവക്കു ധാരാളം വസ്തുവകകളും മററും ദാനംചെയ്തു എന്നുള്ളതു ചരിത്രപ്രസിദ്ധമാണല്ലോ.

ചണ്ഡികയെ തൊഴുതതിനുമേൽ അവിടെനിന്നു തെക്കോട്ടുപോയാൽ കരപ്പുറത്തുതന്നെ ഒരു പ്രസിദ്ധനായ വൈദ്യന്റെ ഭവനമുണ്ടെന്നു കവി പറയുന്നു. അതു മരുത്തോർവട്ടത്താണ്.

"ഗത്വാ തസ്മിൻ ഗതമലമയം ചണ്ഡികാധാമയുഗ്മം
നത്വാ ചൈതച്ചരണകമലം പ്രാപ്യ ചാസ്യാഃ പ്രസാദം
വിശ്വാതങ്കപ്രശമനകരം വിദ്രുതം യാഹി ഭൂയോ-
വൈദ്യാഗാരം; വസതി നനു ധന്വന്തരിര്യത്ര ദേവഃ.

പാത്രീഭൂതഃ ക്ഷിതിപതിമുദാം ദത്തയാ തേന ഭൂത്യാ
വിശേഷാമപ്യുപകൃതിവിധിം ഹന്ത! കുർവ്വൻ നിതാന്തം
സന്ന്യസ്താത്മാ ഭഗവതി ഹരൌ തൽപ്രസാദൈകകാംക്ഷീ
പ്രൌഢോ യസ്മിൻ വസതി ഭിഷജാം പുംഗവസ്തുംഗകീർത്തിഃ."

എന്ന് അദ്ദേഹം സ്തുതിക്കുന്ന ധന്വന്തരിദാസനും കാർത്തികതിരുനാൾ മഹാരാജാവിന്റെ പ്രത്യേകപ്രീതിക്കു പാത്രീഭൂതനും സമ്പന്നനും വിഷ്ണുഭക്തനുമായ വൈദ്യപുംഗവൻ ചീരട്ടമൺ മൂസ്സതാണ്. സന്ദേശകാലത്തിനു പിന്നീട്, അതായതു ൻവ്വെ-ൽ ആണ് ആ കുടുംബക്കാർ മരുത്തോർവട്ടം വിട്ടു കോട്ടയത്തു ഒളശ്ശയിൽ താമസം മാററിയതു്. മഹാരാജാവുതിരുമനസ്സിലെ ദാനതൽപരതയെ കവി പദേ പദേ പ്രശംസിക്കുന്നതു സാഭിപ്രായമാണെന്നു പറയേണ്ടതില്ലല്ലോ.

"പ്രോല്ലംഘ്യാന്യം പ്രഥമവദഥ പ്രോന്നതം ദീർഘദുർഗ്ഗം
കല്യക്രോഡാഹ്വയമപി മഹദ്ധാമ കാമാന്തകസ്യ
യായാ ഭൂയസ്ത്രിദശതടിനീമന്ദിരം യത്ര സാക്ഷാ-
ന്മേഘശ്യാമോ വസതി ഭഗവാൻ ബാലഗോപാലമൂർത്തിഃ.

സേവ്യോ ദേവസ്സകലജഗതാം നായകോ ദേവകീഭൂ-
ർവ്വാസാഗാരം സുവിമലമതിസ്വാദു ഭോജ്യം പയോന്നം
വിദ്യാവദ്ഭിർവ്വിമലമതിഭിർമ്മാനശൈഷയ്യാനവാരം
സൈരാലാപസ്സുകൃതിസുലഭം വിദ്ധി യസ്മിൻ നിവാസം.

കൃത്വാ മോദം ജഗതി വിദുഷാം വിത്തദാനൈന്നികാമം
രാജ്ഞാ യത്ര പ്രഥമമുഷിതം ദേവനാരായണേന;

Digitized By Kerala Sahitya Akademi

സ്വർഗ്ഗാദുർവ്യാം സുകൃതവിഗമേ നിസ്സഹായൈഃ പതദ്ഭി-
ർദ്ദേഹിവ്രാതൈരവശമധുനാ തുല്യഭാവം ഗതോ ന."

"ആദ്യം കടന്നതുപോലെ വീണ്ടും ഒരു നെടുങ്കോട്ട (ചെമ്പകശ്ശേരിവാട)യും കള്ളർകോട്ട ശിവക്ഷേത്രവും കടന്നു കാർവർണ്ണനായ ഭഗവാൻ ബാലഗോപാലമൂർത്തി വസിക്കുന്ന അമ്പലപ്പുഴയ്ക്കു പോകുക. അവിടെ സകലജഗത്തുകൾക്കും നാഥനായ ദേവകീനന്ദനനെ സേവചെയ്യാം; വിമലമായ ഗൃഹത്തിൽ താമസിക്കാം; അതിമധുരമായ പാൽപായസം ഭുജിക്കാം; വിദ്വാന്മാരും നിഷ്കല്മഷന്മാരുമായ ജനങ്ങളുമായ് നിത്യം സൈ്വരസല്ലാപം ചെയ്യാം; അവിടത്തെ വാസം എല്ലാംകൊണ്ടും സുകൃതിസുലഭംതന്നെ എന്നു നീ ധരിക്കുക. പണ്ടു ധാരാളമായുള്ള വിത്തദാനത്തെക്കൊണ്ടു വിദ്വാന്മാൎക്കു സന്തോഷം ജനിപ്പിച്ചിരുന്ന (ദേവനാരായണൻ) ചെമ്പകശ്ശേരി രാജാവു് ഇവിടെയത്രേ താമസിച്ചിരുന്നതു്. ഇപ്പോഴോ അദ്ദേഹം സുകൃതക്ഷയത്തിൽ സ്വർഗ്ഗംവിട്ടു ഭൂമിയിൽ അശരണരായി പതിക്കുന്ന ദേഹികൾക്കു തുല്യനായ്ത്തീർന്നിരിക്കുന്നു." അദ്ദേഹം സന്ദേശകാലത്തിലും അത്യന്തം ശോചനീയമായ നിലയിൽ ജീവിച്ചിരുന്നു എന്നു് ഈ കവിവാക്യത്തിൽനിന്നു വ്യക്തമാകുന്നു. അദ്ദേഹത്തിൻെറ ആശ്രിതന്മാരായിരുന്ന ചില പണ്ഡിതന്മാരുടെ കുടുംബങ്ങൾ അന്നും അവിടെ താമസിച്ചിരുന്നിരിക്കാം.

"പ്രത്യൂഷേഥ പ്രകടിതഗതിഃ പ്രേക്ഷിതസ്സുപ്രമോദം
സ്നാനാർദ്രാഭിഃ കരധൃതപയഃപാത്രികാഭിർവ്വധൂഭിഃ
സദ്യഃ പ്രാച്യക്ഷിതിപതിയശോഹേതുമുല്ലംഘ്യ സേതും
തസ്യാദൂരേ വിഹിതവസതിം സ്കന്ദമാവന്ദ്യ ഗച്ഛേഃ".

കളികഴിഞ്ഞു് ഈറൻമാറാതെ കൈയിൽ പാൽപാത്രവുമായ് കാലത്തു് അമ്പലപ്പുഴ ക്ഷേത്രത്തിൽ അന്നും സ്ത്രീകൾ ചെന്നിരുന്നു എന്നു് ഈ ശ്ലോകത്തിൽനിന്നു കാണാം. മുൻപുള്ള രാജാക്കന്മാരുടെ യശോഹേതുവായ സേതു തോട്ടപ്പള്ളിച്ചിറയും അതിനപ്പുറമുള്ള സ്കന്ദവസതി ഹരിപ്പാട്ടു ക്ഷേത്രവുമാണെന്നു പറയേണ്ടതില്ലല്ലോ.

അനന്തരം കവി കായംകുളത്തേയും കൃഷ്ണപുരത്തേയും വർണ്ണിക്കുന്നു.

"മദ്ധ്യേമാർഗ്ഗം തദനു മഹതീം പ്രാച്യ വാണിജ്യശാലാം
ലീലാലോലൈർമ്മുഹുരനഗതശ്ചോന്മുഖൈർബാലകൌഘൈഃ
ഗായന്തീനാം നരവരയശോ ഗേഹകൃത്യോദ്യതാനാം
പണ്യസ്ത്രീണാം പഥി പഥി സമാകർണ്യ ഗീതം പ്രയാഹി.

12

Digitized By Kerala Sahitya Akademi

രാജൽസൌധം പരമസുലഭാലോകമസ്മദ്വിധാനാം
രാജാവാസം തദനു പുരതഃ പശ്യ കൃഷ്ണാലയാഖ്യം
തദ്വൈചിത്ര്യൈരപഹൃതമനാ മാവിളംബസ്വ ഗന്തും;
സന്ത്യേവാന്യാന്യപി ച ശതശസ്തൽപരം താദൃശാനി."

"കായംകുളം ഒരു വാണിജ്യശാലയാകുന്നു; അവിടെ ലീലാലോലന്മാരായ ബാലന്മാർ ഉന്മുഖന്മാരായ് നിന്നെ അനുഗമിക്കും. ഗൃഹകൃത്യങ്ങളിൽ വ്യാപൃതകളായ പണ്യസ്ത്രീകൾ കാൎത്തികതിരുനാൾ മഹാരാജാവിന്റെ കീൎത്തി ഗാനം ചെയ്യുന്നതു വഴിനീളെ കേട്ടുകൊണ്ടു മുന്നോട്ടു പോകുക. ഞങ്ങളെപ്പോലെയുള്ളവൎക്ക ദുർല്ലഭമായ് മാത്രം ദൎശിക്കാവുന്ന മാളികയോടുകൂടിയ കൃഷ്ണപുരം കൊട്ടാരം അതിനപ്പുറത്തുണ്ട്. അവിടെയുള്ള വൈചിത്ര്യങ്ങളാൽ അപഹൃതഹൃത്തായിട്ടു് നീ യാത്രയ്ക്കു കാലവിളംബം വരുത്തണമെന്നില്ല. അതുപോലെ എത്രയോ രാജഗൃഹശതങ്ങൾ അങ്ങോട്ടു കടന്നാൽ പിന്നെയുമുണ്ട്."

പിന്നീടു കൊല്ലത്തു് എത്തണം.

"ദൃഷ്ട്വാ ദൃഷ്ട്വാ പുനരനുപദം താനി താന്യദ്ഭുതാനി
ക്ഷേത്രാണ്യാസേവ്യ ച മുഹുരതിക്രമ്യ മാൎഗ്ഗം സുദീൎഘം
ആലംബേഥാസ്തദനു വിവിധക്ഷൌമജന്മസ്ഥലം ത്വം
കോലംബാഖ്യം സപദി വിപദാം നാവകാശം പ്രദേശം.

പ്രഖ്യാതസ്യ പ്രഥമനൃപതേഃ പ്രത്യനീകം വിഹന്തും
പ്രോദ്യുക്തസ്യ സ്വയമപി ചിരം യോഭവജ്ജന്മഭൂമിഃ
പ്രാപ്തസ്യാപി ത്രിദശനിലയം വിക്രമശ്ശൈലമൂൎത്ത്യാ
യത്രാദ്യാപി പ്രതിവസതി തന്മന്ത്രിണോ രാമനാമ്നഃ.

ഭൂയോപ്യേതൽസമരപിശുനം തത്തദാലോക്യ വസ്തു
പ്രീത്യാ ഗന്തും പ്രിയസഖ, തതോമന്ദതാം മാഗതോഭൂഃ;
തത്താദൃഗ്ഭിഃ കപടചരിതാൻ വഞ്ചയിത്വാ ജനൌഘാ-
നാസ്തേ തസ്മിന്നതികുടിലധീഃ പാവകാനാമധീശഃ.

തഞ്ചോദ്ദേശം ദിനപരിണതൌ ലംഘയിത്വാ വിശാലാം
വേലാമാലോകയ ജലനിധേരാകുലാം വീചിജാലൈഃ
ആകൃഷ്ടാനാം മുഹുരിവ തതഃ പട്ടസൂത്രാഞ്ചലാനാം
മാഞ്ജിഷ്ഠാനാം മിളനത ഇവാസ്യാതിരമ്യൈഃ കരാണാം."

Digitized By Kerala Sahitya Akademi

"വഴിക്കു പാദം തോറും തത്താദൃശങ്ങളായ അത്ഭുതങ്ങളെ കണ്ടു കൊണ്ടു, ക്ഷേത്രങ്ങളിൽ തൊഴുതു, സുദീഘ്മായ മാഗ്ഗം അതിക്രമിച്ചു, വിവിധങ്ങളായ പട്ടാംബരങ്ങളുടെ ജന്മഭൂമിയും യാതൊരു വിപത്തിനും പ്രവേശിക്കുവാൻ പാടില്ലാത്തതുമായ കൊല്ലം പട്ടണത്തിൽ ചെല്ലുക. വിഖ്യാതനായ മാത്താണ്ഡവമ്മമഹാരാജാവിന്റെ ശത്രുസൈന്യത്തെ സംഹരിക്കുന്നതിന് ഉദ്യുക്തനായ അവിടത്തെ മന്ത്രി രാമയ്യൻ ദളവായ്ക്ക് ഈ പട്ടണമാണ് വളരെക്കാലം പോക്കളമായിരുന്നത്. അദ്ദേഹം സ്വഗ്ഗാതനായ് കഴിഞ്ഞിരിക്കുന്നു എങ്കിലും അദ്ദേഹത്തിന്റെ വിക്രമം ഇന്നും പവ്വതരൂപത്തിൽ ഇതിനു സമീപമായ് കാണപ്പെടുന്നു." ഈ വർണനം അവിടത്തെ കോട്ടയെപ്പററിയായിരിക്കാമെന്നു ഞാൻ ഉദ്ദേശിക്കുന്നു. "കൊല്ലത്ത് ഇന്നും അദ്ദേഹം ചെയ്ത യുദ്ധങ്ങളുടെ സൂചകങ്ങളായ പല വസ്തുക്കളുമുണ്ട്. അവയെ കണ്ടുകൊണ്ടു നീ വളരെ നേരം അവിടെ താമസിച്ചുപോകരുത്. പ്രത്യേകിച്ചും നീ ഒന്നറിയേണ്ടതുണ്ട്. പറഞ്ഞു ബോധ്യപ്പെടുത്തുവാൻ പാടില്ലാത്ത കളവുകൾ കൊണ്ടു ജനങ്ങളെ വഞ്ചിക്കുന്നവനും കുടിലബുദ്ധിയുമായ ഒരു ഭരിപ്പുകാരൻ (ആശ്രാമത്ത് ഊട്ടുപുരയിൽ) ഉണ്ട്. (അതുകൊണ്ട് നിനക്കു കൊല്ലത്ത് ഊണിനു വഴിയില്ലെന്നു താൽപര്യം.) അവിടംവിട്ടു സന്ധ്യാസമയത്തു കടൽപ്പുറം പോയ് കാണുക. സമുദ്രത്തിന്റെ തിരമാലകൾ, ആകൃഷ്ടങ്ങളായ മഞ്ഞപ്പട്ടുനൂൽത്തുമ്പുകളോ എന്നു തോന്നുമാറുള്ള ആദിത്യന്റെ കിരണങ്ങൾ തട്ടുമ്പോൾ, ഏററവും രമ്യങ്ങളായ് കാണപ്പെടുന്നു."

അനന്തരം വക്കലയുടെ വണ്ണനമായി.

"യാവദ്ദൃഷ്ടാ ഗഗനസരണിം ത്വത്സനാഥാം പതംഗഃ
സ്സർദ്ധാഭാരാദിവ സജലധൌ മജ്ജതി ക്ഷീണധാമാ
അശ്രാന്താഭ്യുൽപതനജനിതശ്രാന്തിഭാരോഥ താവൽ
സംസാരാധ്വശ്രമശമകരം വക്കലേശം ഭജേഥാഃ.

കർത്തും പൂവ്വം കലശജനുഷാ യത്ര രാമാഭിഷേകം
മന്ത്രൈഃ പൂതം മഹിതമുദകം വത്തതേ യൽ പരോക്ഷം
അദ്യാപ്യേതന്മഹിമപിശുനം പർവ്വണോംശേ തുരീയേ
പ്രത്യക്ഷം തൽ പ്രവഹതി നൃണാം ഭക്തിഭാജാം ഹിതായ.

Digitized By Kerala Sahitya Akademi

അഗ്രേ തത്ര ത്രിഭുവനപതേരഗ്രഹാരാൻ ദ്വിജാനാ-
മുദ്വീക്ഷ്യോച്ചൈരുദിതകുതുകം സർവ്വസമ്പത്സമഗ്രാൻ
വൃക്ഷേ കസ്മിന്നപി ച നിവസൻ യാമിനീം യാപയിത്വാ
കോകദ്വന്ദ്വേ മിളതി ച പുനർഗ്ഗന്തുമേവോദ്യതസ്സ്യാഃ."

"നിന്നാൽ സനാഥമായ ആകാശമാർഗ്ഗത്തെക്കണ്ടു സ്വർഭാനുകൊണ്ടെന്നപോലെ ക്ഷീണഭാസ്സായ ആദിത്യൻ സമുദ്രത്തിൽ മഗ്നനാകുന്ന അവസരത്തിൽ (അതായതു സായാഹ്നത്തിൽ) എപ്പോഴും ഉൽപതിക്കുന്നതുകൊണ്ടുള്ള ശ്രമത്തിനു വിധേയനായ നീ സംസാരാധ്വശ്രമത്തിനു ശാന്തിനൽകുന്ന വക്കല ജനാർദ്ദനസ്വാമിയെ ഭജിക്കണം. പണ്ടു് വസിഷ്ഠമഹർഷിയാൽ ശ്രീരാമൻെറ അഭിഷേകത്തിനുവേണ്ടി മന്ത്രങ്ങളെക്കൊണ്ടു ശുദ്ധീകരിക്കപ്പെട്ട ഒരു തീർത്ഥം അവിടെ അപ്രത്യക്ഷമായുണ്ടു്. അതു പർവ്വത്തിൻെറ നാലാമംശത്തിൽ ഭക്തന്മാരുടെ ഹിതത്തെ ഉദ്ദേശിച്ചു പ്രകടമായ് പ്രവഹിക്കുന്നു. അവിടെ ഭഗവാൻെറ സന്നിധിയിൽ ബ്രാഹ്മണരുടെ അഗ്രഹാരമുണ്ടു്. അവ സർവ്വസമ്പൽസമൃദ്ധങ്ങളാണു്; അവയെ നീ തലപൊന്തിച്ചുനോക്കണം. ഏതെങ്കിലും ഒരു മരത്തിൽ രാത്രി കഴിച്ചുകൂട്ടി നേരം പുലരുമ്പോൾ വീണ്ടും യാത്രയ്ക്കു് ഒരുങ്ങുകയും ചെയ്യണം." പാതാളഗംഗ വക്കലയിൽ ബ്രഹ്മാവിൻെറ യാഗശാലയിൽ പ്രവേശിച്ചു എന്നും ബ്രഹ്മാവു് അഗ്നിയെ നിയോഗിച്ചു് ആ ഗംഗയെ ശോഷിപ്പിച്ചു എന്നും

"തതശ്ചക്രാദാഗതേയം
ഗംഗാ പരമഭാസ്വരാ
സ്വർഗപ്രവാഹഖിന്നേവ
യദാഭൂൽ; താം വിലോക്യ ച
തയാ സമ്പ്രാർത്ഥിതോ ബ്രഹ്മാ
വരം ചാസ്യൈ ദദൌ തദാ;
സ്വല്പപ്രവാഹാനുദിനം
പർവ്വകാലേ ബഹൂദകാ
മദ്ദേവയജനോദ്ഭൂതാ
സാഗരം സംഗമിഷ്യസേ."

അതായതു ചക്രതീർത്ഥാഭിധയായ ആ ഗംഗയ്ക്കു പർവ്വകാലത്തിൽ ബഹൂദകയാകുവാനുള്ള അനുഗ്രഹം അദ്ദേഹം തന്നെ നല്കി എന്നും ആ തീർത്ഥത്തിൽ ശ്രീരാമൻെറ പട്ടാഭിഷേകസമയത്തിൽ ദേവന്മാർ വസി

Digitized By Kerala Sahitya Akademi

ഷ്ടന്റെ മന്ത്രപൂതമായ തീർത്ഥം കൊണ്ടുവന്ന് ഒഴിച്ച് അവിടെ നിന്നു വീണ്ടും പാത്രം നിറച്ചു കൊണ്ടുപോയെന്നും വക്കലക്ഷേത്രമാഹാത്മ്യത്തിൽ കാണുന്നു. അന്നു വക്കലയിൽ ബ്രാഹ്മണരുടെ ഗ്രാമം അത്യന്തം അഭിവൃദ്ധമായിരുന്നു. പ്രസിദ്ധരാജ്യതന്ത്രജ്ഞനും പ്രശസ്തസേനാനായകനുമായ്, കാർത്തികതിരുനാൾ മഹാരാജാവിനു കൊല്ലം 939-മുതൽ 944 വരെ ദളകർത്തവ്യം നടത്തി, ആലങ്ങാട്ട്, പറവൂർ ഈ രാജ്യങ്ങൾ തിരുവിതാംകൂറോടുചേർത്തു നേടുകോട്ടയുടെ പണി ആരംഭിച്ച മഹാദേവയ്യൻ സുബ്ബയ്യൻ ആ ത്രിഭുവനപതിയുടെ അഗ്രത്തിലുള്ള അഗ്രഹാരങ്ങളിൽ ഒന്നിൽപെട്ട മഹാനായിരുന്നു എന്നുള്ള വസ്തുത ഈ ഘട്ടത്തിൽ വിശിഷ്യ സ്മരണീയമാണ്

ഒടുവിൽ നമ്പൂതിരി

"പൂർണ്ണം പൂഗീപനസകദളീകേരജംബീരചൂതൈ-
രാതങ്കാനാമപദമമൃതം നേത്രലേഹ്യം നരാണാം
സമ്പൽപാത്രം തദനു പുരതോ ദൂരതഃപ്രാപ്യഭൂമിഃ
സ്യാനന്ദൂരം തവനയനയോർഗോചരം ഖേചര സ്യാൽ."

എന്നു സന്ദേശഹരന്റെ പ്രാപ്യസ്ഥാനമായ തിരുവനന്തപുരത്തെ ലക്ഷീകരിക്കുന്നു. തിരുവനന്തപുരം കവുങ്ങ്, പിലാവ്, തെങ്ങ്, നാരകം, മാവ് എന്നീ വൃക്ഷങ്ങളെക്കൊണ്ടു നിറഞ്ഞതും യാതൊരാതങ്കവുമില്ലാത്തതും, മനുഷ്യർക്കു നയനപേയമായ പീയൂഷവും ഐശ്വര്യത്തിനു നിധാനവുമാണെന്നത്രേ കവി ഈ ശ്ലോകത്തിൽ പ്രസ്താവിക്കുന്നതു്.

കാർത്തികതിരുനാൾ രാമവർമ്മമഹാരാജാവു തിരുമനസ്സിലെ വിദ്യാവിഷയകമായ മാഹാത്മ്യത്തേപ്പററി സ്വല്പമൊന്നുപന്യസിക്കുന്നതിന് ഇതാണ് അവസരം. ഭാരതീയരായ രാജാധിരാജന്മാർ പലരും പ്രാക്തനകാലങ്ങളിൽ കവിതകളുടെ കർത്താക്കന്മാരും കാരയിതാക്കന്മാരുമായ് സമുല്ലസിച്ചിരുന്നു. വിദ്വൽപ്രഭുശബ്ദം നൃപതികളിൽ പ്രായേണ ഷഷ്ഠീതൽപുരുഷസമാസമാണെന്നും അതു കർമ്മധാരയസമാസംകൂടി ആകുന്നതു് അപൂർവ്വം ചില അവസരങ്ങളിൽ മാത്രമാണെന്നും കൊടുങ്ങല്ലൂർ വിദ്വാൻ ഇളയതമ്പുരാൻ ഒരു സന്ദർഭത്തിൽ പ്രസ്താവിച്ചിട്ടുള്ളതു് അവാസ്തവമല്ലെങ്കിലും ആ ഉത്സർഗ്ഗവിധിക്കുള്ള അപവാദങ്ങൾ ഈ പുണ്യഭൂമിയിൽ ഇതരരാജ്യങ്ങളെ അപേക്ഷിച്ച് എത്രയോ അധികമാണെന്നുള്ളതു നാം അഭിമാനപൂർവ്വം സ്മരിക്കേണ്ടതാകുന്നു. ഹർഷദേവൻ, ഭോജരാജാവു, രവിവർമ്മചക്രവർത്തി, കൃഷ്ണദേവരായർ, രഘുനാഥനായ്ക്കൻ,

Digitized By Kerala Sahitya Akademi

മാനവേദരാജാവു, സ്വാതിതിരുനാൾ മഹാരാജാവു, മുതലായ മഹാനുഭാവന്മാർ രണ്ടുപ്രകാരത്തിലും സാഹിത്യത്തെ പ്രോത്സാഹിപ്പിച്ചിരുന്നു. ആ പുണ്യശ്ലോകന്മാരുടെ ഇടയിൽ കാർത്തികതിരുനാൾ മഹാരാജാവിന് അനശ്വരവും അത്യന്തം സ്പൃഹണീയവുമായ ഒരു സ്ഥാനമുണ്ട്.

ബാല്യത്തിൽതന്നെ അവിടുത്തേക്കു ശസ്ത്രങ്ങളിലും ശാസ്ത്രങ്ങളിലും ഒന്നുപോലെ അഭിനിവേശമുണ്ടായിരുന്നു എന്നുള്ളതിനു പല ലക്ഷ്യങ്ങളും ദേവരാജകവിയുടെ ബാലമാർത്താണ്ഡവിജയം നാടകത്തിൽ സ്പഷ്ടമായ് കാണുന്നുണ്ട്. മാർത്താണ്ഡവർമ്മമഹാരാജാവു വിദ്വാന്മാരോട് ആ നാടകം അഞ്ചാമങ്കത്തിൽ "എന്റെ വത്സൻ താൻ അഭ്യസിച്ച കലകളിൽ എന്തെങ്കിലും ജ്ഞാനം സമ്പാദിച്ചിട്ടുണ്ടോ?" എന്നു ചോദിക്കുകയും, അതിന് അവർ എല്ലാവരും സന്തോഷത്തോടുകൂടി

"കലാവാൻ രാമചന്ദ്രോയ—മകളങ്കാദ്ഭുതോദയഃ
ഗുണജ്യോത്സ്നാവിതാനേന ഹ്ലാദയത്യഖിലം ജഗൽ.
തത്തൽകലാസു മർമ്മാണി ധീമതാ രാമവർമ്മണാ
അനാക്രാന്താനി ലക്ഷ്യന്തേ നാസ്മാഭിസ്തമാസ്ഥിതൈഃ."

അതായത് "അകളങ്കനും അത്ഭുതോദയനുമായ ഈ കലാവാനായ രാമചന്ദ്രൻ തന്റെ ഗുണമാകുന്ന പൂനിലാവു പരത്തി ജഗത്തു മുഴുവൻ ആനന്ദിപ്പിക്കുന്നു; ബുദ്ധിമാനായ രാമവർമ്മാവ് മർമ്മങ്ങൾ ഗ്രഹിക്കാത്തതായ്, ഞങ്ങൾ എത്ര തന്നെ ചികഞ്ഞുനോക്കീട്ടും, യാതൊരു കലയും കാണുന്നില്ല." എന്നു മറുപടി പറകയും ചെയ്യുന്നു. നാലാമങ്കത്തിൽ ആ വത്സൻ തന്റെ പ്രേമൈകഭാജനവും രമണീയഗുണാകരവുമാണെന്നു മഹാരാജാവു പറയുന്നു; ആ ആശയത്തെത്തന്നെ ഒന്നുകൂടി വിസ്തരിച്ച് അഞ്ചാമങ്കത്തിൽ

"ആചാരൈകനിധിസ്സമസ്തജഗതാ-
മാനന്ദവാരാന്നിധിർ-
ഭ്രാതൄണാമപി ചാഗ്രണീർമ്മമ കുലാം-
ഭോധേരയം ചന്ദ്രമാഃ;
ഏനം സദ്ഗുണമാവിശന്തി വിദുഷാം
സമ്പർക്കജാസ്സദ്ഗുണാ-
മദ്വത്സം ഗിരിസംഭവാ ഇവ മഹാ-
പാഥോധിമംഭോഭരാഃ."

Digitized By Kerala Sahitya Akademi

"എൻെറ കലമാകുന്ന കടലിന്ന ചന്ദ്രനായ ഈ കുമാരൻ ആചാരങ്ങൾക്ക മുഖ്യമായ ഇരിപ്പിടമാണ്, എല്ലാ ലോകങ്ങൾക്കം ആനന്ദപ്രദനാണ്; ദാതാക്കന്മാരിൽ അഗ്രഗണ്യനാണ്; ഇയാളെ വിദ്വാന്മാരുമായുള്ള സംസർഗ്ഗത്തിൽനിന്ന ജനിക്കുന്ന സൽഗുണങ്ങൾ, പർവ്വതങ്ങളിൽ വീഴുന്ന ജലഭരങ്ങൾ എങ്ങനെ സാഗരത്തെ പ്രാപിക്കുമോ, അതുപോലെ പ്രാപിക്കും." എന്ന പ്രശംസിക്കുകയും ചെയ്യുന്നു. വത്സൻെറ വാക്കുകൾ ശ്ലോകരൂപത്തിൽ പുറപ്പെടുന്നു എന്ന് അതേ അങ്കത്തിൽ കാണുന്ന മഹാരാജവാക്യത്തിൽനിന്ന് ഇദ്ദേഹം യുവരാജാവായിരുന്ന കാലത്തുതന്നെ അവിടുന്ന കാവ്യരചനയിൽ വ്യാപൃതനായിരുന്നതായ് അനുമാനിക്കാവുന്നതാണ്. തൃപ്പടിദാനം കഴിഞ്ഞു വിദ്വാന്മാൎക്കും കവികൾക്കും മഹാരാജാവ് ഉചിതങ്ങളായ സമ്മാനങ്ങൾ നല്കിയതു് ആത്തരത്തിലുള്ള ദിവ്യനായ തൻെറ അനന്തരവൻ മുഖേന ആയിരുന്നു എന്നു കൂടി ഇവിടെ പ്രസ്താവിക്കേണ്ടതായുണ്ട്.

കാൎത്തികതിരുനാൾ മഹാരാജാവ് ആജീവനാന്തം ഒരു വിദ്യാൎത്ഥിയായിരുന്നു. പീഡ്റോ ഡിവേഗസ്സ് എന്നൊരു പോൎത്തുഗീസുകാരനാണ് അവിടുത്തെ പോൎത്തുഗീസുഭാഷയും ഇംഗ്ലീഷുഭാഷയും അഭ്യസിപ്പിച്ചതു്. വരാപ്പുഴയിൽ താമസിച്ചിരുന്ന സുപ്രസിദ്ധനായ പോളിനസ് പാതിരി അവിടുത്തെ കൊല്ലം 955-ൽ മുഖം കാണിച്ചപ്പോൾ താൻ അമരകോശം നിഷ്കൎഷിച്ചിട്ടു പഠിച്ചിട്ടുണ്ടെന്നറിയിക്കുകയും, അതുകേട്ട് അവിടുന്ന സന്തോഷിച്ച് ഇംഗ്ലീഷുഭാഷയിൽ വ്യാകരണസംബന്ധമായ് ചില സന്ദേഹങ്ങളുള്ളതു തീൎത്തുകൊടുക്കുവാൻ ആവശ്യപ്പെടുകയും, പാതിരി അങ്ങനെ ചെയ്തപ്പോൾ കൃതജ്ഞനായ് താൻ അദ്ദേഹത്തെ ഒരു ഗുരുവായ് സ്വീകരിച്ചിരിക്കുന്നു എന്ന കല്പിക്കുകയും ചെയ്തു. കൊല്ലം 959-ൽ പാതിരി ഇംഗ്ലീഷ്, പോൎത്തുഗീസ്, മലയാളം ഈ ഭാഷകൾ യോജിപ്പിച്ചു പഠിക്കുന്നതിന്ന തിരുമനസ്സിലെ ആവശ്യപ്രകാരം ഒരു വ്യാകരണമുണ്ടാക്കി പത്മനാഭപുരത്തുകൊണ്ടുചെന്ന് അടിയറവയ്ക്കുകയും, തിരുമനസ്സുകൊണ്ട് ആതു രാജപുരുഷന്മാരായ ആനമേൽ വിചാരിപ്പു പത്മനാഭപിള്ളയും പയ്യമ്പള്ളിക്കുറുപ്പും മനസ്സിരുത്തി പഠിക്കണമെന്ന നിഷ്കൎഷിക്കുകയും ചെയ്തു. ദിവാൻ രാജാകേശവദാസൻ പാതിരിയോട്ട് ഒരിക്കൽ ഹിന്ദുമതപ്രോക്തമായ കൎമ്മബന്ധത്തേപ്പററി വാഗ്വാദം നടത്തിയതായും മറെറാരിക്കൽ ഭാഷാസംബന്ധമായ് ചില ചോദ്യങ്ങൾ ചോദിച്ചതായും അദ്ദേഹം രേഖപ്പെടുത്തീട്ടുണ്ട്.

Digitized By Kerala Sahitya Akademi

തിരുമനസ്സിലെ പ്രധാനകൃതി 'ബാലരാമഭാരതം' എന്ന ഗദ്യനമായ നാട്യശാസ്ത്രഗ്രന്ഥമാകുന്നു. ആ ഗ്രന്ഥം ഇനിയും അച്ചടിപ്പിച്ചിട്ടില്ല.* അതിന്റെ ഉപോൽഘാതത്തിൽ അവിടത്തെപ്പററി താഴെ ഉദ്ധരിക്കുന്ന പ്രശംസാപദ്യങ്ങൾ കാണുന്നു:

"ശ്രീബാലരാമകുലശേഖരവഞ്ചിഭൂപ-
സ്സങ്ഗീതതാളഭരതാംബുധിപൂർണ്ണചന്ദ്രഃ
ആദക്ഷിണാബ്ധിഹിമഭൂധരമാത്തകീർത്തിർ-
വിദ്യാകലാവിനയഭൂഃ പരിരക്ഷതി ക്ഷ്മാം.

ചേരക്ഷിതീശകുലഭൂഷണദിവ്യരത്നം,
ശ്രീകേരളക്ഷിതിഭൃദദ്ഭുതമൗലിരത്നം,
വിദ്വദ്ഗണസ്യ മുഖപങ്കജമിത്രരത്നം,
ശ്രീബാലരാമകുലശേഖരരാജരത്നം.

ശ്രീരാമവർമ്മകുലശേഖരവഞ്ചിഭൂപോ
വിദ്വൽപ്രിയോ നിഖിലസൂരിഗണേഭ്യ ആഢ്യഃ
സ്വർണ്ണാന്നദാനമധികം പ്രദദാതി ഭൂമൗ
ശ്രീപത്മനാഭപദഭക്തിരസൈകപൂർണ്ണഃ

സകലനഗരഭാഷാഭാഷണേ ലേഖനേ ച
പ്രഗുണിതമതിരാത്മജ്ഞാനഭക്തിസ്വഭാവഃ
വിദിതസകലശാസ്ത്രോ യോഗവിദ്യാപ്രവീണോ
ഭണിതികുശലബുദ്ധിർഭാരതീപൂർണ്ണദേഹഃ.

അഖിലഗുണനിധീനാമാശ്രയോ ദേവരാജ-
പ്രമുഖസകലദിക്പാലോപഗീതസ്വകീർത്തിഃ
ബഹുകവിജനസമ്മാനാഭിനന്ദ്യാത്മമൂർത്തി-
സ്സ ജയതി ചിരജീവീ വഞ്ചിഭൂദേവരാജഃ".

ഈ ശ്ലോകങ്ങളിൽനിന്നു മഹാരാജാവിനുള്ള വിദ്യാഭിനിവേശവും, വിനയസമ്പത്തിയും, സംഗീതകുശലതയും, വിദ്വൽപ്രിയത്വവും, ദാനശൗണ്ഡതയും, ശ്രീപത്മനാഭഭക്തിയും, ശാസ്ത്രജ്ഞാനവും, യോഗാ

---

* പിന്നീട് തിരുവിതാംകൂർ ഗവർണ്മെന്റിലെ പൌരസ്ത്യഭാഷാഗ്രന്ഥപ്രകാശകൻ അച്ചടിപ്പിച്ചിരിക്കുന്നു. അതിന്റെ അവതാരികയിൽ ഞാൻ ഈ മഹാരാജാവിന്റെ സാഹിത്യവ്യവസായത്തെപ്പററി ഇംഗ്ലീഷിൽ ഒരു ഉപന്യാസം എഴുതിച്ചേർത്തിട്ടുണ്ട്.

Digitized By Kerala Sahitya Akademi

ഭ്യാസസക്തിയും, വേദാന്തവിശാരദതയും, കവികലാനന്ദദത്വം, സർവോപരി അനേകം ഭാഷകളിൽ സംസാരിക്കുന്നതിനും എഴുതുന്നതിനുമുള്ള പാടവവും വ്യഞ്ജിക്കുന്നു. ഒടുവിലത്തെ പദ്യത്തിൽ ദേവരാജപദം കൊണ്ടു മഹാരാജാവു് അക്കാലത്തും ജീവിച്ചിരുന്ന തൻെറ വയസ്യനായ ബാലമാർത്താണ്ഡവിജയകർത്താവിനെ സ്മരിക്കുകയത്രേ ചെയ്യുന്നതു്. തിരുവിതാംകൂറിനെപ്പററി അതേ ഉപോൽഘാതത്തിൽ

"കലിഭയചകിതാ യേ ദേശദേശപ്രസിദ്ധാ-
ന്നൃപഭയചകിതാ യേ സാധവസ്സാധുവൃത്താഃ
അശരണമിതി മത്വാ ദേശതോ ഗന്തുകാമാ-
ശ്ശരണമുപഗതാസ്തേ വഞ്ചിഭൂപാലദേശം."

എന്നും തിരുവനന്തപുരത്തെപ്പററി

"ഗഹനപദപദാർത്ഥജ്ഞാനവിജ്ഞാനദക്ഷൈ-
രമരഗുരുസമാനൈരർത്ഥശാസ്ത്രപ്രവീണൈഃ
സരസഗുണകവീന്ദ്രൈർവ്വാക്പ്രസംഗേ വിദഗ്ദ്ധൈഃ
പ്രതിദിനമതിരമ്യാ ശോഭതേ രാജധാനീ.

ശ്രുതിസുഖരസഗീതൈർവ്വേണുനാദൈർമ്മനോജ്ഞൈ-
ശ്ചിരപരിചയഹസ്താഭ്യസ്തവീണാനിനാദൈഃ
കളരവകളകണ്ഠശ്ലാഘ്യഗന്ധർവ്വഗീതൈഃ
പ്രതിദിനമതിരമ്യാ ശോഭതേ രാജധാനീ."

എന്നുമുള്ള വർണ്ണനകൾ കാണുന്നു. കലിയിൽനിന്നു ഭയമുള്ള വിദേശീയരായ പ്രസിദ്ധന്മാരും രാജാവിൽ നിന്നു (ടിപ്പുവിൽനിന്നും മററും) ഭയമുള്ള സദ്വൃത്തന്മാരും തിരുവിതാംകൂറിൽ വന്നു കാർത്തികതിരുനാൾ മഹാരാജാവിനെ ശരണം പ്രാപിക്കുന്നു എന്നും അനവധി ഉത്തമന്മാരായ പണ്ഡിതന്മാരേയും ഭാഗവതന്മാരേയും കൊണ്ടു തിരുവനന്തപുരം നഗരം ശോഭിക്കുന്നു എന്നുമാണു് മേൽ ഉദ്ധരിച്ച ശ്ലോകങ്ങളുടെ സാരം. മഹാരാജാവിൻെറ നാട്യമണ്ഡപം നൃത്യഗീതാദികുശലകളായ ദേവദാസികളാൽ അലംകൃതമായിരുന്നു.

"നിജകലധനധർമ്മശ്ലാഘ്യനൃത്യപ്രവീണൈഃ
പ്രതിദിനകൃതശിക്ഷാഭ്യാസതഃ പ്രാപ്തഭാവൈഃ
മദനരതിസമാനൈരദ്ഭുതാകാരപാത്രൈ-
സ്തകതകതകശബ്ദൈസ്താളമാർഗ്ഗാനുകാരൈഃ;



Digitized By Kerala Sahitya Akademi

നടനഗതിവിശേഷോല്ലാസചഞ്ചൽകടാക്ഷൈർ-
ല്ലയഗതിമനസൃത്യോദ്ഘട്ടിതാംഘ്രിപ്രചാരൈഃ
സരസകരവിലാസൈർഹാവഭാവപ്രകാശൈർ-
ജയതി നൃപസമാജോ രംഗലക്ഷ്മീനിവാസഃ".

എന്ന പദ്യങ്ങൾ നോക്കുക. ആ സമാജത്തിൽ വച്ച് ഒരു ഭരതശാസ്ത്രഗ്രന്ഥമുണ്ടാക്കണമെന്നു രസികജനങ്ങൾ മഹാരാജാവിനോട് അഭ്യർത്ഥിക്കുകയും അതിന്റെ ഫലമായ്, തന്റെ ആനന്ദത്തിനുവേണ്ടി, അവിടുന്നു ബാലരാമഭരതം നിർമ്മിക്കയും ചെയ്തു.

"ഭരതമിഹ വിധാതും പ്രാർത്ഥിതോ വഞ്ചിരാജഃ"

എന്നും

"ലാസ്യതന്ത്രമവലോക്യ വിശാലം
ശാസ്ത്രമാരചിതമാത്മസുഖായ
ബാലരാമഭരതം ബുധവര്യാഃ
പശ്യതാദ്ഭുതരസാധികചിത്രം."

എന്നും ഉള്ള പ്രസ്താവനകളിൽ നിന്ന് ഈ വസ്തുതകൾ ഗ്രഹിക്കുവാൻ കഴിയുന്നതാണ്. ബാലരാമഭരതം വായിച്ചാൽ മഹാരാജാവു കാശ്മീരകനും അഭിനവഭാരതി എന്ന മഹത്തായ നാട്യശാസ്ത്രഗ്രന്ഥത്തിന്റെ പ്രണേതാവുമായ അഭിനവഗുപ്തപാദാചാര്യന്റെ ഒരവതാരമാണോ എന്നു തോന്നിപ്പോകും.

തിരുമനസ്സിലെ ആശ്രിതന്മാരായും അവിടത്തെ വിദ്വൽസദസ്സിനെ അലങ്കരിച്ചിരുന്ന രഘുനാഥദീക്ഷിതർ, കുഞ്ചൻനമ്പിയാർ, ഇടവെട്ടിക്കാട്ടു നമ്പൂരിമാർ, പുതിയിക്കൽ തമ്പാൻ, മണ്ടവപ്പള്ളിൽ ഇട്ടിരാരിശ്ശമേനോൻ, സദാശിവദീക്ഷിതർ, കല്യാണസുബ്രഹ്മണ്യശാസ്ത്രികൾ, വെങ്കടസുബ്രഹ്മണ്യകവി, സുബ്രഹ്മണ്യകവി, മുതലായ കവികളേയോ ആ നക്ഷത്രമാലയ്ക്കു പൂർണ്ണചന്ദ്രനായ് സമുല്ലസിച്ചിരുന്ന അശ്വതിതിരുനാൾ ഇളയതമ്പുരാനെയോപററി എന്തെങ്കിലും ഈ ഉപന്യാസത്തിൽ പ്രസ്താവിച്ചു തോടയംകൊണ്ടു നേരം വെളുപ്പിക്കണമെന്നു ഞാൻ ഉദ്ദേശിക്കുന്നില്ല. അശ്വതിതിരുനാൾ തിരുമേനി അവിടത്തെ അപദാനങ്ങളെ പരാമർശിച്ചു രചിച്ചിട്ടുള്ള വഞ്ചീശസ്തവമെന്ന ഗദ്യപദ്യാത്മകമായ കാവ്യരത്നം ഞാൻ കേരളസൊസൈയെററി പേപ്പേഴ്സിൽ ചേർത്ത് ഇദം പ്രഥമമായ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. അവിടത്തെ വിദ്യാഭ്യാസത്തിൽ തിരുമനസ്സുകൊണ്ടു പ്രത്യേകമായ് ശ്രദ്ധിക്കുകയും, അവിടത്തെ അന്യാദൃശ

Digitized By Kerala Sahitya Akademi

മായ സാഹിത്യസംഗീതവാസനയെ ഉള്ളഴിഞ്ഞു് അഭിനന്ദിക്കുകയും, രാമേശ്വരത്തേക്ക് എഴുന്നള്ളിയപ്പോൾ അവിടുത്തെക്കൂടി കൊണ്ടുപോകയുംചെയ്തു. വഞ്ചീശസ്തവത്തിൽ അശ്വതിതിരുനാൾ തന്റെ പ്രിയമാതുലനെപ്പററി

"ക്ഷാത്രോ ധർമ്മോ വപുഷ്മാൻ കിമു ഭുവി വിഹരൻ
മൂർത്തിമാൻ കിം പ്രസാദഃ?
തേജസ്തോമസ്ത്വന്തുമാൻ കിമുത തനുഭൃതാം
പുണ്യനിർമ്മാണരാശിഃ?
തിഷ്ഠന്തം ഭദ്രപീഠേ നൃപതിലക! മുദാ
പ്രേക്ഷ്യ മദ്ധ്യേസഭം ത്വാ-
മിത്ഥം സന്ദേഹദോലാവിഹരണമധുനാ
കുർവ്വതേ സർവ്വലോകാഃ."

"അല്ലയോ മഹാരാജാവേ, സഭയുടെ മദ്ധ്യത്തിൽ ഭദ്രപീഠത്തിൽ ഉപവിഷ്ടനായ നിന്തിരുവടിയെ കാണുന്ന അവസരത്തിൽ അങ്ങു മൂർത്തിമാനായ ക്ഷാത്രധർമ്മമോ, ഭൂമിയിൽ വിഹരിക്കുന്ന പ്രസാദമോ, തേജസ്സോ, മനുഷ്യരുടെ പുണ്യസഞ്ചയമോ, എന്നിങ്ങനെ സർവ്വജനങ്ങളും പല സംശയങ്ങൾക്ക് അധീനന്മാരായ്ത്തീരുന്നു.'' എന്നു വർണ്ണിച്ചിട്ടുള്ളതു് ഒട്ടും അതിശയോക്തിയല്ല.

933-ാമാണ്ടു മിഥുനം 27-ാംനു- മാർത്താണ്ഡവർമ്മമഹാരാജാവു നാടുനീങ്ങി. 973 കുംഭം 6-ാംനു- കാർത്തികതിരുനാൾ മഹാരാജാവു കാലധർമ്മത്തെ പ്രാപിച്ചു. 967-ൽ ശ്രീരംഗപട്ടണത്തിലേ സന്ധി കഴിയുന്നതുവരെ അവിടുത്തേക്കു് ഒരു വശത്തു ടിപ്പുവിന്റെ വിക്രിയകളെക്കൊണ്ടുള്ള മനശ്ശല്യം തുടർച്ചയായ് നിലനിന്നുകൊണ്ടിരുന്നു. ആ കലാപത്തിനിടയിലാണ് ഈ കാവ്യാലാപം; ആ പ്രാണവേദനയ്ക്കിടയിലാണു് ഈ വീണവായന. ഇതു് അമാനുഷനും സാക്ഷാൽ ശ്രീപത്മനാഭദാസനുമായ അവിടുത്തേക്കല്ലാതെ മററാക്കുംതന്നെ സാദ്ധ്യമാകുമെന്നു് എനിക്കു് ഊഹിക്കുവാൻ തോന്നുന്നില്ല.

"രാരാജന്മധുരാധരാം പ്രവിലസ-
ച്ചോളാം കനൽകുന്തളാം
കാശ്മീരാംഗവിഭൂഷണാതിലളിതാം
കാഞ്ചീഗുണാലംകൃതാം

Digitized By Kerala Sahitya Akademi

ക്ഷോണീം ശ്രീചേലൂരാമവന്നിരുപമാം
രത്നാകരോരൂമ്മികാ-
ജാലാന്താമനരഞ്ജയത്പ്രവാദിനം
ശ്രീരാമവമ്മപ്രഭുഃ.''

എന്നു് അലങ്കാരകൗസ്തുഭകാരനായ കല്യാണസുബ്രഹ്മണ്യനും മററുംചെയ്ത ഹൃദയപൂർവ്വമായ പ്രാർത്ഥന പരിപൂർണ്ണമായ് ഫലിച്ചു. തിരുമനസ്സുകൊണ്ടു പല മന്ത്രിസത്തമന്മാരുടേയും, പ്രത്യേകിച്ചു മഹാനായ രാജാകേശവദാസൻെറയും, സാഹായ്യത്തോടുകൂടി സകലശത്രുക്കളേയും ജയിച്ചു, സകലസാധുക്കളെയും സംരക്ഷിച്ചു, ദീർഘായുഷ്മാനായ്, ദിഗന്തവിശ്രാന്തകീർത്തിയായ്, വിദിതവേദിതവ്യനായ്, അനുഷ്ഠിതാനുഷ്ഠേയനായ്, അനന്യസുലഭമായ ഈശപ്രസാദാനുഗ്രഹത്തിന് അത്യുചിതപാത്രമായ്, കേരളത്തിനു കെടാവിളക്കായ്, ഭാരതഭൂമിക്കു ഭാസുരജ്യോതിസ്സായ്, സമുല്ലസിച്ചു. ഈ ആയതമെങ്കിലും അത്യന്തം അപൂർണ്ണമായ പീഠികയോടുകൂടി ചാതകസന്ദേശത്തിൻെറ ഉത്തരഭാഗത്തിലേയ്ക്കു നമുക്കു പ്രവേശിക്കാം.

തിരുവനന്തപുരം പട്ടണത്തിൻെറ ഉജ്ജ്വലമായ ഒരു വർണ്ണനം കൊണ്ടാണ് ഉത്തരസന്ദേശം ആരംഭിക്കുന്നതു്.

“പൂർവ്വം താവൽ പ്രഥിതയശസാം മുക്തിഭാജാം മുരാരിഃ
പ്രാദുർഭൂതഃ കില പരമഹംസോത്തമാനാം ഹിതാർത്ഥം
ദത്വാ തേഭ്യസ്സ്വയമഥ നിജം ധാമ ദിവ്യം സദാരോ
യത്രൈവാസാവശരണ ഇവ പ്രത്യഹം വർത്തതേ ച.''

“പണ്ടു മഹാകീർത്തിശാലികളും പരമഹംസശ്രേഷ്ഠന്മാരുമായ മുക്തന്മാരുടെ ഹിതത്തിനായ് മഹാവിഷ്ണു പ്രത്യക്ഷീഭവിച്ചു് അവർക്കു തൻെറ വാസസ്ഥാനമായ വൈകുണ്ഠത്തെ പ്രദാനം ചെയ്തിട്ടു്, തനിക്കുപാർക്കാൻ ഗൃഹമില്ലാതെ ധർമ്മപത്നിയായ ലക്ഷ്മീദേവിയോടുകൂടി ഈ തിരുവനന്തപുരത്തുവന്നു് എന്നും താമസിക്കുന്നു.” ലക്ഷ്മീഭഗവതിയേക്കൂടി കവി സ്മരിച്ചതു് ഈ നഗരത്തിനു പവിത്രതയ്ക്കൊപ്പമുള്ള ഐശ്വര്യസമൃദ്ധിയെക്കൂടി വിശദീകരിക്കുന്നതിനാണെന്നു പറയേണ്ടതില്ലല്ലോ.

“സമ്പ്രാപ്തം യൽ പ്രഥമമടവീഭാവമാത്മാനുഭാവാ-
ത്തൽകാരുണ്യപ്രസരവിഷയോ വഞ്ചിമാർത്താണ്ഡഭൂപഃ
ശക്രപ്രസ്ഥം പുരമിവ പുരാ പൗരവോ ഭൈരവോഷ്മാ
ചക്രേ സദ്യഃ; കിമിവ ഭുവനേ ദുഷ്കരം തദ്വിധാനാം?”

Digitized By Kerala Sahitya Akademi

"ഈ തിരുവനന്തപുരം മാർത്താണ്ഡവർമ്മമഹാരാജാവു തിരുമനസ്സിലെ വാഴ്ചയ്ക്കുമുൻപു കേവലം കാടുപോലെയായ്ക്കഴിഞ്ഞിരുന്നു. എന്നാൽ ശ്രീപത്മനാഭൻെറ കാരുണ്യപൂരത്തിനു പാത്രമായ ആ തിരുമേനിയാകട്ടെ പ്രചണ്ഡപ്രതാപനായ യുധിഷ്ഠിരമഹാരാജാവു് എങ്ങനെ ഇന്ദ്രപ്രസ്ഥം നിർമ്മിച്ചുവോ അതുപോലെ ഈ നഗരത്തെ പല പരിഷ്കാരങ്ങളേയുംകൊണ്ടു് അതിവേഗത്തിൽ മനോഹരമാക്കിത്തീർത്തു. അവിടുത്തെപ്പോലെയുള്ളവർക്കു ലോകത്തിൽ എന്തുതന്നെയാകുന്നു ദുഷ്കരമായിട്ടുള്ളതു്?" നഗരവർണ്ണനത്തിൽനിന്നു മൂന്നുനാലു പദ്യങ്ങൾ കൂടി ഉദ്ധരിക്കാം.

"ഭാതി ശ്വേതോപലരചനയാ ലേപനാദ്വാ സുധായാ-
യസ്മിൻ നിത്യോത്സവനിലയനം ശ്വേതിമാനം ദധാനം
സേവാഹേതോരിവ ഭഗവതസ്ത്യക്തവൈകുണ്ഠവാസ-
സ്യാവിർഭൂതോ നിഭൃതമഭിതഃ ക്ഷേത്രമൂലൈച്ചഃ പയോബ്ധിഃ.

അത്യാതാമ്രൈരതിഘനതമോഭേദനേ വീതമാന്ദ്യൈ-
രച്ഛിഷ്ടത്വാൽ ത്രിഭുവനദൃശാമസ്ഥിരത്വം ദധാനൈഃ
അത്യുത്തുംഗൈർഭവനശിഖരൈസ്സ്വർണ്ണഹേമപ്രക്ലൃപ്തൈ-
സ്ത്വത്രാനേകം ദധദിവ വിയദ് ബാലമിത്രാൻ വിഭാതി.

പ്രീത്യൈ തസ്യ ത്രിഭുവനപതേർലാസ്യമാതന്വതീനാം
നിത്യം യത്ര ത്രിദശസുദൃശാം വാരനാരീച്ഛലേന
യാതായാതേഷ്വനിശമവലംബായ നിശ്രേണികേവ
വ്യോമോല്ലംഘിന്യപി വിജയതേ കാഞ്ചനീ കേതുയഷ്ടിഃ.

ഉർവീദേവാസ്സ്വഭവനസുഖം വിസ്മരന്തസ്സമേതാ-
യത്ര ദ്വിത്രാൻ നഖലു ദിവസാൻ ദൂരദേശ്യാസ്സദൈവ
രാജ്ഞാ കാമാദ്ഭ്യധികവിഭവൈസ്സൽകൃതാ ഹന്ത! വേശ്മ-
സ്വാമോദന്തേ സുകൃതിന ഇവ സ്വർഗതാ വാസവേന."

"വെള്ളക്കല്ലുകൊണ്ടു പണിയുകകൊണ്ടും വെള്ള പൂശുകകൊണ്ടും ധാവള്യം പൂണ്ട ഉത്സവമഠം കണ്ടാൽ വൈകുണ്ഠവാസം ത്യജിച്ചു തിരുവനന്തപുരത്തു പാർക്കുന്ന ശ്രീപത്മനാഭൻെറ ക്ഷേത്രത്തിനു സമീപം അവിടുത്തെ സേവയ്ക്കായ് പാഞ്ഞെത്തുന്ന പാൽകടലാണോ എന്നു തോന്നും. ചുവപ്പുനിറത്തോടു കൂടിയവയും അതിഘനമായ ഇരുട്ടിനെ ഭേദിക്കുന്നതിൽ ജാഗരൂകങ്ങളും ജ്യോതിസ്സുകൊണ്ടു തരളങ്ങളും ഉരുക്കിയ സ്വർണ്ണംകൊണ്ടു തീർത്തവയുമായ അതിലെ ഗൃഹശൃംഗങ്ങളെക്കൊണ്ടു് ആകാശം

Digitized By Kerala Sahitya Akademi

ആ ഭാഗത്തിൽ അനേകം ബാലസൂൎയ്യന്മാരെ ധരിക്കുന്നതുപോലെ തോന്നും. പത്മനാഭസ്വാമിയുടെ പ്രീതിക്കായ് ദേവദാസികളുടെ രൂപത്തിൽ അവിടെ നൎത്തനം ചെയ്യുന്ന അപ്സരസ്ത്രീകൾക്കു ദേവലോകത്തിൽനിന്നു താഴോട്ടിറങ്ങുമ്പോഴും അവിടെ എത്തുവാൻ മുകളിലോട്ടു പോകുമ്പോഴും അവലംബത്തിനുള്ള കോവണിപോലെ ആകാശത്തെ അതിക്രമിച്ചുകൊണ്ടു സ്വൎണ്ണധ്വജം സമുല്ലസിക്കുന്നു. അവിടെ ദൂരദേശക്കാരായ ബ്രാഹ്മണർ സ്വഗൃഹങ്ങളെ മറന്നു് എല്ലായ്പോഴും മഹാരാജാവിനാൽ, സ്വൎഗ്ഗലോകപ്രാപ്തരായ സുകൃതികൾ ദേവേന്ദ്രനാൽ എങ്ങനെയോ അതുപോലെ, അവർ ആശിക്കുന്നതിലധികമുള്ള വിഭവങ്ങളാൽ സൽകൃതരായ് ആനന്ദിക്കുന്നു."

അവിടെനിന്നു മകയിരം തിരുനാൾ ഇളയതമ്പുരാൻ താമസിക്കുന്ന വടക്കേക്കൊട്ടാരം സന്ദർശിച്ചുകൊണ്ടു് അതിനപ്പുറത്തുള്ള ശ്രീപാദത്തുകൊട്ടാരത്തിലേക്കു ചെല്ലണം എന്നു കവി ചാതകത്തോടു പറയുന്നു.

"ശ്രീപാദാലക്തകമിവ ദധദ്വിക്രമാംശുപ്ലുടാഭിഃ
ശ്രീപാദാഖ്യം ഗൃഹമപി പുരഃ പശ്യ വിശ്വൈകരമ്യം;
യസ്മിന്നാസ്തേ യശ ഇവ നിജം ബിഭ്രതീ പാണ്ഡു കൈശ്യം
ധന്യാ ദേവീ സ്വയമുപഗതോ യൽപ്രജാതം പ്രജേശഃ."

"പവിഴംപോലെ ചുവന്ന കിരണങ്ങൾകൊണ്ടു ലക്ഷ്മീഭഗവതിയുടെ തൃക്കാലിലെ ചെമ്പഞ്ഞിച്ചാറുപോലെ ശോഭിക്കുന്നതും ലോകാഭിരാമവുമായ ശ്രീപാദത്തുകൊട്ടാരവും നീ കാണണം; അവിടെ തന്റെ സദൃശസ്സുപോലെ ധവളമായ കൈശികത്തോടുകൂടിയ ആററിങ്ങൽ മൂത്തതമ്പുരാൻ തിരുമനസ്സുകൊണ്ടു്— കാൎത്തികതിരുനാൾ തിരുമേനിയുടെ പ്രിയമാതാവു്— ഇരുന്നരുളുന്നു."

ഈ ആററിങ്ങൽ മൂത്തതമ്പുരാൻ കൊല്ലം 883-ൽ ദത്തെടുക്കപ്പെട്ട കാൎത്തികതിരുനാൾ തമ്പുരാട്ടിയായിരുന്നു. അവിടുന്നു 957 ഇടവം 30-ാംനു- നാടുനീങ്ങി. അവിടുത്തെ നാമധേയം പാൎവ്വതി എന്നായിരുന്നു എന്നു സദാശിവദീക്ഷിതരുടെ രാമവൎമ്മയശോഭൂഷണം എന്ന അലങ്കാരഗ്രന്ഥത്തിലുള്ള

"പാൎവ്വത്യാസ്സുകൃതോദയേന ജഗതീ-
ക്ഷേമായ സദ്വൃദ്ധയേ
ദുഷ്ടാനാമിഹ ശിക്ഷണായ സപുനഃ
സ്കന്ദഃ സുരൈഃ പ്രാൎത്ഥിതഃ

Digitized By Kerala Sahitya Akademi

ഭ്രതാം വഞ്ചിധരാധിപഃ പ്രഥിതയാ
ശക്ത്യാ രിപൂൻ ശിക്ഷയൻ
സുബ്രഹ്മണ്യപദം വ്യനക്തി ഭുവനേ
ശ്രീരാമവർമ്മാ നൃപഃ."

"യോയം മുക്താമണിർജാതഃ—പാർവ്വതീഗർഭശുക്തിതഃ
സദ്വൃത്തോ ഗുണവാൻ സ്വച്ഛഃ—സ്നിഗ്ദ്ധസ്സോയം വിരാജതേ."

ഇത്യാദിപദ്യങ്ങളിൽനിന്നു മാത്രമല്ല ബാലമാർത്താണ്ഡവിജയം നാലാമങ്കത്തിൽനിന്നു താഴെ ഉദ്ധരിക്കുന്ന ഗദ്യത്തിൽനിന്നും വെളിവാകുന്നു.

"അത ഏവ ഹി ദേവസ്യ ശ്രീമതീ സോദരീ നിരന്തരവ്രതോപവാസനിയമതപസ്സമ്പദധിഷ്ഠാനഭൂതതയാ ഭൂയസാപി ദേദീപ്യമാനദേഹശ്രീഃ, മഹിമ്നാ നാമ്നാ ച മഹീധരേന്ദ്രനന്ദിനീമനുസ്മാരയന്തീ, കാംക്ഷിതദാനേന കല്പലതികാമതിവർത്തമാനാ, മൂർത്തിമതീ ശ്രീപദ്മനാഭാശ്രയഭക്തിരിവ സദാനന്ദമുദ്വേലയന്തീ, ശ്രീപാദനികേതനാരാമമധ്യമിദമധ്യാസ്തേ. ഇയം കില ശ്രീപദ്മനാഭഭക്തിലതാലവാലമാനസതയാ ഭഗവതസ്തസ്തല്ലീലാവതാരവിശേഷചരിതപ്രതിപാദകപുരാണജാലപഠനാകർണ്ണനസഫലീകൃതകർണ്ണയുഗളോപരിവിന്യസ്തമൃദുളതുളസീമഞ്ജരീസൗരഭ്യമാഘ്രാതുമിവ തദുപാന്തം നയനഭൃംഗീമുപനയന്തീ, കരകമലവലമാനതുളസീമണിമാലയാ ഭഗവന്നാമാവലിമന്ത്രമാവർത്തയന്തീ, പദ്മനാഭപാദാരവിന്ദഭജനായ ദിവോവതീർണ്ണാ കാചന സിദ്ധതപസ്വിനീവ വിരാജതേ. കിഞ്ച ദോഹളവിശേഷസമർപ്പണസന്തതകുസുമിതനാനാവിധലതാവലീപരിവേഷ്ടനസംശോഭമാനതരുവരമണ്ഡിതേ ദർശനീയതമേസ്മിന്നാരാമേ ഹൈമന്തികവാസന്തികഗ്രൈഷ്മികവാർഷികശാരദികാനി ശൈശിരാണി ച വിവിധാനി കുസുമാനി തുളസീപല്ലവജാലാനി ച മാലാരൂപതയാ സ്വകീയകരകമലാഭ്യാമേവ ഗ്രഥിതാനി അന്യാനി വിപ്രകീർണ്ണാനി നാനാവിധാനി പുഷ്പനികരജാലാനി ച ഭഗവച്ഛ്രീപദ്മനാഭസ്യ നൃസിംഹരാമഭദ്രശ്രീകൃഷ്ണപ്രമുഖാനാം തദ്വിഭൂതിഭൂതാനാഞ്ചാലങ്കരണാഭ്യർച്ചനാർത്ഥം പൃഥക്പൃഥക് പ്രതിദിനം പ്രദദാതി."

ഈ ഖണ്ഡികയിൽനിന്നു കൊല്ലം 925-നു മുൻപിൽതന്നെ ആ തിരുമേനിക്കു് (മാർത്താണ്ഡവർമ്മമഹാരാജാവിന്റെ സഹോദരിക്കു) ശ്രീപദ്മനാഭഭക്തി ദൃഢീഭവിച്ചിരുന്നു എന്നും, അവിടുന്നു വ്രതോപവാസാദിനിയമാനുഷ്ഠാനങ്ങളിൽ ബദ്ധശ്രദ്ധയായിരുന്നു എന്നും, ഭഗവന്നാമങ്ങളെ സർവദാ ഉച്ചരിച്ചുകൊണ്ടും ശ്രീപത്മനാഭനും, നരസിംഹസ്വാമി,

Digitized By Kerala Sahitya Akademi

ശ്രീരാമസ്വാമി, ശ്രീകൃഷ്ണസ്വാമി, മുതലായ ദേവതകൾക്കും അവിടുന്ന ശ്രീപാദംകൊട്ടാരത്തിൽ നട്ടുപിടിപ്പിച്ചിട്ടുള്ള പൂച്ചെടികളിൽനിന്ന പൂവിറുത്ത് തന്നെത്താൻ മാലകെട്ടി അലങ്കാരത്തിനും അച്ചനത്തിനും അയച്ചുകൊണ്ടും, ഒരു സിദ്ധതപസ്വിനിയെപ്പോലെ കാലയാപനം ചെയ്തു വന്നിരുന്ന എന്നും കാണാവുന്നതാണ്. ശ്രീപാദമെന്നപേർതന്നെ ശ്രീപാദതീർത്ഥം അവിടെച്ചെന്ന വീഴുന്നതുകൊണ്ടാണെന്ന ബാലമാത്താണ്ഡവിജയത്തിൽ പ്രസ്താവിച്ചുകാണുന്നു. അത്തരത്തിൽ ഗുണശാലിനിയായ മാതാവിന് അത്രമാത്രം പ്രഖ്യാതനായ പുത്രൻ ജനിച്ചതു് അശേഷം ആശ്ചയ്യമല്ല.

പിന്നീടു കവി ഒററക്കല്ലുമണ്ഡപത്തിൽ കയറിച്ചെന്ന ശ്രീപത്മനാഭനെ വന്ദിക്കുവാൻ ചാതകത്തോടു പറയുന്നു.

"അഭ്രച്ഛന്നം പുനരതിതരാം ശുഭ്രതാം ബിഭ്രദാരാ-
ദ്ദൃഷ്ട്പ്രാപാഗ്രം കഥമപി ദൃശാം ക്ഷിപ്രമുല്ലംഘ്യ വപ്രം
വിപ്രൈവ്വേദാധ്യയനപടുഭിശ്ചാരു വിഭ്രാജമാനം
പദ്മാജാനേഃ പരമഥ പദം പശ്യ നശ്യദ്വിഷാദം."

"കോയം കോയം ഖഗ ഇതി മുദാ വീക്ഷ്യമാണോ വധൂഭി-
സ്തത്രസ്ഥാഭിസ്തദനു ഗഗനാദാദരേണാവതീര്യ
വേഗാദേകോപലവിരചിതം മണ്ഡപം മണ്ഡയിത്വാ
പുണ്യം പുഞ്ജീകൃതമിവ നൃണാം പശ്യ പദ്മാസഹായം".

"മേഘങ്ങളെക്കൊണ്ടു മറഞ്ഞതും അത്യന്തം ധവളവും അഗ്രം കണ്ണുകൾക്കു കണ്ടുകൂടാത്തതും വേദാധ്യയനത്തിൽ സമത്ഥന്മാരായ ബ്രാഹ്മണരെക്കൊണ്ടു ശോഭിക്കുന്നതുമായ മതിൽക്കെട്ടു കടന്നു സന്തോഷത്തോടുകൂടി ശ്രീപത്മനാഭൻെറ ക്ഷേത്രം കാണുക. ഇതേതു പക്ഷിയെന്നു് അവിടെയുള്ള സ്ത്രീകൾ നിന്നെ ആനന്ദത്തോടുകൂടി നോക്കുമ്പോൾ ആകാശത്തിൽനിന്നു ഭക്തിപൂർവ്വം ഇറങ്ങി ഒററക്കല്ലാൽ നിമ്മിതമായ മണ്ഡപത്തിന്നലങ്കാരമായ്ത്തീൎന്നിട്ടു ജനങ്ങളുടെ പുണ്യപുഞ്ജംപോലെ ശോഭിക്കുന്ന ലക്ഷ്മീപതിയായ ശ്രീപത്മനാഭസ്വാമിയെ ദർശിക്കുക."

അടുത്തതു് ആ ഭഗവാൻെറ അത്യുജ്ജ്വലമായ ഒരു വർണ്ണനമാണു്.

"പ്രത്യഗ്രോദ്യദ്ദിനകരശതസ്പർദ്ധിമൂർദ്ധ്നാ കിരീടം
ബിഭ്രാണം തദ്ദ്യുതിശബളിതസ്ഥാസകശ്രീലലാടം

Digitized By Kerala Sahitya Akademi

ചില്ലീവല്ലീവിലസനപരാഭൃതകല്ലോലമാലം
മല്ലീഫുല്ലോല്ലസിതഹസിതാനന്ദിതാശേഷലോകം;

അർണ്ണോജാക്ഷം മണിമയലസൽകുണ്ഡലദ്വന്ദ്വദീവ്യദ്-
ഗണ്ഡാഭോഗം വദനവിജിതാഗണ്യപൂർണ്ണേന്ദുബിംബം
ശുംഭദ്ഗ്രീവം മരകതമണിസ്തംഭഡംഭാപഹാരി-
ശ്രീമദ്ദോരഞ്ചലമരിഗദാദ്യായുധൈസ്സേവ്യമാനം;

വിസ്തീർണ്ണോരഃസ്ഥലപരിലസച്ചാരുഹാരാഭിരാമം
ശ്രീവത്സാങ്കം ശ്രിതജനകൃപാപൂരപൂർണ്ണാന്തരംഗം
പീതക്ഷൌമം കനകരശനാലാഞ്ഛനം പ്രാഞ്ചിതോരു-
ദ്വന്ദ്വം വൃന്ദാരകപരിഷദാ വന്ദ്യമാനാങ്ഘ്രിപദ്മം;

സാന്ദ്രാനന്ദം സജലജലദശ്യാമളം കോമളാംഗം
ശ്രീഭൂമിഭ്യാം ശ്രിതമുഭയതശ്ശ്ലേഷഭോഗേശയാനം
ദൃഷ്ട്വാ ദൃഷ്ട്വാ മുഹുരപി വിധായാഞ്ജലിം പക്ഷതിഭ്യാം
നഷ്ടാശേഷാശുഭസമുദയസ്തുഷ്ടിമന്തർല്ലഭേഥാഃ".

പിന്നെ നരസിംഹസ്വാമി, ശ്രീരാമൻ, ലക്ഷ്മണൻ, ഹനുമാൻ, ശ്രീകൃഷ്ണസ്വാമി മുതലായ ദേവതകളെ വന്ദിച്ചു കിഴക്കേ നടയിൽക്കൂടി വെളിയിൽകടന്നു തെക്കേത്തെരുവിലെത്തി "ദ്വാരിദ്വാരി സ്വസുഖവിമുഖൈർദ്വാരപാലൈരശൂന്യം" അതായതു ദ്വാരംതോറും തങ്ങളുടെ സുഖത്തെ ഗണിക്കാതെ ഗാട്ടുനില്ക്കുന്ന ശിപായിമാരാൽ രക്ഷിക്കപ്പെടുന്നതും "അധോനിർജ്ജിതസ്വർഗ്ഗതുല്യ"വുമായ കാർത്തികതിരുനാൾ മഹാരാജാവിന്റെ കൊട്ടാരം സന്ദർശിക്കണം. അവിടെ തിരുമേനിയില്ലെങ്കിൽ പത്മനാഭപുരത്തേക്ക് എഴുന്നള്ളിയിരിക്കുമെന്നുള്ളതിനാൽ സന്ദേശഹരൻ അവിടെയും പോകണമെന്നു കവി അഭ്യർത്ഥിക്കുന്നു.

"അസ്തി പ്രാച്യാം ദിശി ഖലു തതഃ പദ്മനാഭാലയാഖ്യം
സഹ്യപ്രസ്ഥേ സകലവിഭവൈഃ പൂരിതം രാജവേശ്മ;
യസ്മിൻ വാസഃ കില സുമഹതീം പ്രീതിമസ്യ പ്രസൂതേ;
യൽപ്രാസാദപ്രവരവസതിഃ പ്രേക്ഷിതോഭ്രന്മയാ ച."

"കിഴക്കേദിക്കിൽ പത്മനാഭപുരമെന്നു പേരോടുകൂടി സഹ്യപർവ്വതത്തിന്റെ സാനുപ്രദേശത്തിൽ എല്ലാ ഐശ്വര്യങ്ങളേക്കൊണ്ടും പൂർണ്ണമായ ഒരു രാജധാനിയുണ്ട്; അവിടെ താമസിക്കുന്നതിനാണു് തി



Digitized By Kerala Sahitya Akademi

തിരുമനസ്സിലേക്ക് അധികം പ്രീതി; അവിടത്തെ മാളികയിൽവച്ചു തന്നെയാകുന്നു ഞാനും മുൻപ് ആ തിരുമേനിയെ കണ്ടത്.'' പോളിനസ് പാതിരിയും ഒരവസരത്തിൽ പത്മനാഭപുരത്തു ചെന്നാണ് തിരുമേനിയെ മുഖം കാണിച്ചത് എന്നുള്ളത് ഈ ഘട്ടത്തിൽ സ്മരണീയമാകുന്നു. അന്നു തിരുവനന്തപുരത്തു നാഴികമണികൾ ഉണ്ടായിരുന്നു എന്ന് അവയുടെയും മററും ശബ്ദം കേട്ട് ഉണർന്നു പിറേറന്നു കാലത്തു വേഴാമ്പൽ തൻെറ കിഴക്കോട്ടേക്കുള്ള യാത്രയാരംഭിക്കണമെന്നു കവി പറയുന്നതിൽനിന്നു വിശദമാകുന്നു. ഇതാണ് അവയെപ്പററിയുള്ള ശ്ലോകം.

''താം കസ്മിന്നപ്യവനതരൌ സംസ്ഥിതസ്ത്വം ത്രിയാമാം
നീത്വാ നീഡസ്ഥിതശുകശതൈസ്സാധു സംഭാവ്യമാനഃ
തേഷാം ഘോഷൈസ്സദന ഘടികായന്ത്രഘണ്ടാരവൈശ്ച
പ്രാതർഗീതിധ്വനിഭിരപിച ത്യക്തനിദ്രഃ പ്രയാഹി.''

താഴെക്കാണുന്നതു തിരുവനന്തപുരത്തിനടുത്തു കിഴക്കായുള്ള കരമന ബ്രാഹ്മണാഗ്രഹാരത്തിൻെറ വർണ്ണനമാകുന്നു.

''ഗ്രാമം കഞ്ചിന്നരവരഗുണഗ്രാമഗാനപ്രതാനാ-
മപ്യുത്രാന്തം ക്ഷിതിമഖഭുജാം കുർവതാം സാമഗാനം
നദ്യാസ്തീരേ നയനസുഭഗം വീക്ഷ്യ യായാഃ പ്രമോദാ-
ദാശാമൈന്ദ്രീമരുണകിരണൈരാശു പിവാകൃഷ്യമാണഃ''.

''കാർത്തികതിരുനാൾ തിരുമസ്സിലെ ഗുണസമൂഹങ്ങളെ പതിവായ് കീർത്തനം ചെയ്യുന്നവരും സാമഗന്മാരുമായ ബ്രാഹ്മണരുടെ നയനാഭിരാമമായ ഒരു ഗ്രാമം (കരമന) ആററിൻെറ കരയിലുണ്ട്. അതു സന്ദർശിച്ചിട്ടു സന്തോഷത്തോടുകൂടി സൂര്യകിരണങ്ങളാൽ ആകർഷിക്കപ്പെടുന്നവനെന്നപോലെ നീ കിഴക്കുദിക്കിലേക്കു പോകുക.'' ആ ഗ്രാമത്തിൽ മഹാരാജാവിൻെറ ആശ്രിതന്മാരായ് പല ബ്രാഹ്മണരുമുണ്ടായിരുന്നു. അവരിൽ ശസ്ത്രശാസ്ത്രങ്ങൾ രണ്ടിലും തിരുമനസ്സിലെ സതീർത്ഥ്യനായിരുന്ന ഭ്രതലംഗശാസ്ത്രികൾ കായംകുളം യുദ്ധത്തിൽ അവിടുത്തെ അനുഗമിക്കുകയും വിഷലിപ്തമായ ഒരു ബാണം തിരുമേനിയുടെ ദേഹത്തിൽ കൊണ്ടു മോഹാലസ്യമുണ്ടായപ്പോൾ അവിടുത്തെ തോളിൽ എടുത്തു ചുമക്കുകയും ചെയ്കയാൽ തൃക്കൈയിൽനിന്നു വളരെ സമ്മാനങ്ങൾ വാങ്ങുകയും ചെയ്തു എന്ന് ഐതിഹ്യമുണ്ട്. ഇന്നും അദ്ദേഹത്തിൻെറ കുടുംബക്കാർ കരമൊഴിവായ് അക്കാലത്തു കിട്ടിയ വസ്തുക്കൾ അനുഭവിച്ചു വരുന്നു.

Digitized By Kerala Sahitya Akademi

അടുത്ത ശ്ലോകം രസകരമാണ്.

"സന്ദേശാർത്ഥാൻ മനസി ശതശോ ധാരയന്തസ്തദാനീം
സന്ദ്രഷ്ടും തം ത്വരിതഗതയശ്ചാപി പത്രം വഹന്തഃ
ആഗച്ഛന്തോ വിഹഗ, ബഹവസ്തത്ര ദേശാന്തരേഭ്യഃ
കച്ചിന്യോഘാ ഭവദനുഗതിം സ്പർദ്ധയേവ സ്പശാനാം".

• "സന്ദേശാർത്ഥങ്ങളെ മനസ്സിൽ ധരിച്ചുകൊണ്ടും, പത്രം (എഴുത്തെന്നും, ചാതകപക്ഷത്തിൽ ചിറകെന്നും) വഹിച്ചുകൊണ്ടും ദേശാന്തരങ്ങളിൽനിന്ന് അനവധി ചാരന്മാരുടെ സംഘം നിന്നിൽ സ്പർദ്ധയോടുകൂടി എന്നപോലെ നിന്നെ ആ സമയം അനുഗമിക്കും."

അതു കഴിഞ്ഞു നെയ്യാററിൻകര കൃഷ്ണസ്വാമിയേയും പാറശ്ശാല മഹാദേവരേയും ഭജിച്ചു കുഴിത്തുറയ്ക്കു പോകണമെന്നു നമ്പൂരി താഴെ ഉദ്ധരിക്കുന്ന ശ്ലോകങ്ങളിൽ നിർദ്ദേശിക്കുന്നു:

"നത്വാ ദേവം നിഖിലജഗതീപാലകം ബാലകൃഷ്ണം
ബദ്ധാമോദഃ പഥി ഘൃതധുനീകൂലദേശേ വസന്തം
പ്രേക്ഷസ്വാരാൽ പ്രതിനവതരം ഭദ്ര! തത്രാപ്യുദാരം
വിപ്രാഗാരൈർവിപണിഭിരപി ഭ്രാജിതം രാജവേശ്മ.

ധൂമസ്തോമൈർദ്ധൃതപരിമളൈസ്തത്ര ധാത്രീസുരാണാം
ഹോമോദ്ഭൂതൈർന്നവരവികരസ്പർശനാദ്ദർശനീയൈഃ
ഉത്സർപ്പദ്ഭിർജ്ജലദനികരൈരിന്ദ്രചാപൈരിവ ത്വം
ദൂരാദേവ ക്ഷിതിപതിയശോഹേതുഭിഃ പാവിതസ്സ്യാഃ.

തസ്മോത്തീർണ്ണോ ഝടിതി മഹിതം മന്ദിരം ചന്ദ്രമൌലേ-
രുല്ലംഘ്യാസ്മാൽ പരമഥപുരീം നിമ്നവേദീം നദീം ച
പ്രാചീമേവ പ്രതിചല ദിശം യാപയന്നധ്വഖേദം
സ്ഥിത്വാ സ്ഥിത്വാ പഥി നിരവകാശേഷു താലദ്രുമേഷു".

"വഴിയിൽ സന്തോഷത്തോടുകൂടി സകലലോകപാലകനായ നെയ്യാററിൻകര ബാലകൃഷ്ണഭഗവാനെ നീ വന്ദിക്കണം; ചുററും ബ്രാഹ്മണഗൃഹങ്ങളെക്കൊണ്ടും അങ്ങാടികളെക്കൊണ്ടും ശോഭിക്കുന്ന പുതിയ കൊട്ടാരത്തേയും ദർശിക്കണം. അവിടെ ബ്രാഹ്മണരുടെ ഹോമകുണ്ഡങ്ങളിൽനിന്നു പ്രാതഃകാലത്തിൽ പരിമളത്തോടുകൂടി ഉയരുന്ന ധൂമകദംബങ്ങൾ ബാലസൂര്യന്റെ കിരണങ്ങൾ തട്ടി ദർശനീയങ്ങളായ് ഇന്ദ്രചാപ

Digitized By Kerala Sahitya Akademi

ങ്ങളണിഞ്ഞ മേഘനികരങ്ങളെന്നപോലെ ശോഭിക്കുന്നുണ്ടാകും; മഹാരാജാവിന്റെ യശസ്സിനു ഹേതുഭൂതങ്ങളായ അവയാൽ നീ പവിത്രീകൃതനാകുക. അതുകഴിഞ്ഞു (പാറശ്ശാല) മഹാദേവരുടെ പ്രസിദ്ധമായ ക്ഷേത്രത്തേയും കടന്നു കുഴിത്തുറ (കുഴിത്തറ=നിമ്നവേദി)യും കുഴിത്തുറയാറും അതിലംഘിച്ചു തിങ്ങിനില്ക്കുന്ന പനകളിൽ ഇരുന്നു മാർഗ്ഗശ്രമം തീർത്തു പിന്നെയും കിഴക്കോട്ടു നോക്കിപ്പോകുക.

അതിനപ്പുറം കുന്നു കേറുകയും സൂക്ഷിച്ചു പോകുകയും വേണമെന്നു കവി താഴെക്കാണുന്ന പദ്യത്തിൽ ഉപദേശിക്കുന്നു.

"ഗന്തവ്യം വൈ ഗഗനചര, തേ തൽപരം കിഞ്ചിദുച്ചൈഃ
പ്രീത്യാം സത്യാമപി നതിശതൈർദ്ദേവതാനാം നികാമം;
തസ്മിൻ ദേശേ തരസരസികാസ്സന്തി കേചിന്നൃശംസാ-
സ്തേഷാം മാമാ ജഠരദഹനസ്യാതിഥിത്വം ഗതോഭൂഃ."

"അതിനുമേൽ നീ അനേകം നമസ്കൃതികൾകൊണ്ടു ദേവതകളുടെ പ്രീതി ധാരാളമായ് സമ്പാദിക്കാമെങ്കിലും നിനക്കു കുറെ കേററം തന്നെ കേറേണ്ടതായുണ്ട്. അവിടെ (മുളകുമൂട്ടു മുതലായ സ്ഥലങ്ങളിൽ) മാംസരസികന്മാരായ ചില ഘാതകന്മാരുണ്ട്; അവരുടെ ജഠരാഗ്നിക്കു നീ ഒരിക്കലും ആഹാരമാകരുത്."

പിന്നീടു സഹ്യപർവ്വതത്തെ സന്ദർശിച്ച് അതിന്റെ പാദത്തിൽ ഗീതവാദ്യഘോഷങ്ങളെക്കൊണ്ടു ശിഞ്ജാനമായ മഞ്ജീരം പോലെ ശോഭിക്കുന്ന പത്മനാഭപുരത്തെത്തണം.

"അത്രാത്രേതി പ്രതിപദമഥ പ്രാപ്യ ദൂരാൽ പ്രതീതിം
ഗത്വാ തസ്മാൽ പുനരപി ജവേനൈവ ഗവ്യൂതിമാത്രം
പ്രാകാരഞ്ച പ്രസഭമതിലംഘ്യോന്നതം നന്ദിതാത്മാ
വന്ദസ്വാരാദധിഹിതവസതിം രാഘവം മേഘവർണ്ണം.

സ്ഥിത്വാ കഞ്ചിൽക്ഷണമഭിനവം വീക്ഷ്യ തദ്ധാമ രമ്യം
ത്യക്ത്വാ മാർഗ്ഗശ്രമമപി ശനൈസ്സേവിതസ്സഹ്യവാതൈഃ
ഉൽപത്യാസ്മാദുപരി നിതരാമുന്നതെസൌധശൃങ്ഗേ
തിഷ്ഠൻ ദൃഷ്ട്യോരനുഭവ ഫലം വീക്ഷ്യ ശോഭാം പുരസ്യ."

"ഇതാ ഇതാ എന്നു പദംതോറും തോന്നുമെങ്കിലും ഗവ്യൂതി (രണ്ടു നാഴിക) യോളം ദൂരത്തുചെന്നാൽ മാത്രമെ പത്മനാഭപുരത്തു കോട്ടയിൽ എത്തുവാൻ തരപ്പെടുകയുള്ളു. ഉന്നതമായ ആ പ്രാകാരം ഉല്ലംഘിച്ച്

Digitized By Kerala Sahitya Akademi

അകത്തുചെന്നു് മേഘവർണ്ണനായ ശ്രീരാമസ്വാമിയെ വന്ദിക്കണം.'' ഈ ക്ഷേത്രം മാർത്താണ്ഡവർമ്മമഹാരാജാവു് പ്രതിഷ്ഠിച്ചതാണു്. ''പുതിയതായ ആ ക്ഷേത്രം സന്ദർശിച്ചു് സഹ്യപർവതത്തിൽനിന്നു വരുന്ന കാറ്റേററു മാർഗ്ഗശ്രമം ശമിപ്പിച്ചു് ഉയർന്ന മാളികയുടെ മുകളിൽ പറന്നുകേറി ഇരുന്നുകൊണ്ടു പത്മനാഭപുരം പട്ടണത്തിന്റെ ശോഭകണ്ടു നയനങ്ങളെ സഫലീഭവിപ്പിക്കുക.''

ചുവടെ ഉദ്ധരിക്കുന്ന പദ്യങ്ങളിൽ കവി ആ പട്ടണത്തെ വർണ്ണിക്കുന്നു.

''വിപ്രാഗാരാണ്യലമവിരളാന്യേകതോന്യത്ര തദ്വദ്-
ഭൃത്യാഗാരാണ്യപി ച കഥചിന്മന്ത്രിണാം മന്ദിരാണി
ദേവാഗാരം ക്വചന തഥാ ചൈത്യമന്യത്രഭോഗേ
വേശ്യാവേശ്മാന്യപരത ഇതോ വൈശ്യശാലാശതാനി.

കോശാഗാരം ക്വചന പുനഃ കുത്രചിച്ഛസ്ത്രശാലാ;
മന്ത്രാഗാരം ക്വചന പരതോ മന്ദുരാണാം ബഹൂനി;
ഭൂഷാഗാരം ക്വചിദപരതോ ഭുക്തിശാലാ വിശാലാ-
സ്സൈന്ധവാസ്ഥംഗാഃ ക്വചിദപരതസ്സൈന്യശാലാശതാനി.

കാസാരാശ്ച ക്വചന വിമലൈരംബുഭിഃ പൂർണ്ണമാണാ-
ഫുല്ലാമോദിപ്രസവസുഭഗാഃ കുത്രചിന്നിഷ്കുടാശ്ച;
രംഭാകേരക്രമുകനികരാശ്ചാപി കുത്രാപി യസ്മിൻ;
വക്തും നായം പ്രഭവതി ജനോ ഭൂരിതാം ചാരുതായാഃ.

ദൃഷ്ട്വാ താംസ്താൻ മുഹുരിതരതഃ ക്വാപ്യദൃഷ്ടാൻ പദാർത്ഥാം-
സ്തത്രൈവ ത്വം കമപി സമയം തിഷ്ഠ ഹൃഷ്ടാന്തരാത്മാ;
വ്യായാമാർത്ഥം തദനു വിശിഖാചാരിണാം മാ ഹയാനാം
ഹേഷോദ്ഭൂതൈസ്തദപി പരുഷൈർഹേഷിതൈർഭീഷിതോ ഭൂഃ''.

''അവിടെ ഒരു ദിക്കിൽ ബ്രാഹ്മണരുടെ ഇടതിങ്ങിയുള്ള അഗ്രഹാരങ്ങളുണ്ടു്; മറെറാരുദിക്കിൽ ഭൃത്യഗൃഹങ്ങളുണ്ടു്; വേറിട്ടൊരു ദിക്കിൽ മന്ത്രിമാരുടെ ഭവനങ്ങളുണ്ടു്; ഇനിയൊരുദിക്കിൽ ക്ഷേത്രമുണ്ടു്; പിന്നീടൊരു ദിക്കിൽ അബ്രാഹ്മണരുടെ ദേവാലയമുണ്ടു്; വേശ്യാഗൃഹങ്ങളുണ്ടു്; ചെട്ടിത്തെരുവുകളുണ്ടു്; ഭണ്ഡാരമുണ്ടു്; ആയുധശാലയുണ്ടു്; മന്ത്രമണ്ഡപമുണ്ടു്; അനവധി ലായങ്ങളുണ്ടു്; കരുവേലപ്പുരകളുണ്ടു്; ഊട്ടുപുരകളു

Digitized By Kerala Sahitya Akademi

ണ്ടു്, ഉന്നതങ്ങളായ വെൺമാടങ്ങളുണ്ടു്, പാളയങ്ങളുണ്ടു്; ശുദ്ധജലത്താൽ പൂർണ്ണങ്ങളായ പൊയ്കകളുണ്ടു്; മണമുള്ള പൂക്കൾ വിരിയുന്ന പൂങ്കാവുകളുണ്ടു്; വാഴകളുണ്ടു്; തെങ്ങുകളുണ്ടു്; കവുങ്ങുകളുണ്ടു്:— കിംബഹുനാ? ആ നഗരത്തിന്റെ മനോഹരതയുടെ ആധിക്യത്തെപ്പററി പറവാൻ ഈയുള്ളവനെക്കൊണ്ടു കഴിയുന്നതല്ലതന്നെ. അവിടെ അന്യദിക്കുകളിൽ കാണാത്തതായ പല പദാൎത്ഥങ്ങളെ അങ്ങിങ്ങു കണ്ടുകൊണ്ടു സന്തുഷ്ടഹൃദയനായ് നീ കുറെ സമയം കഴിച്ചുകൂട്ടണം. വ്യായാമത്തിനായ് റോഡ്ഡിൽക്കൂടി സഞ്ചരിക്കുന്ന കുതിരകളുടെ സന്തോഷംകൊണ്ടുണ്ടാകുന്നവയെങ്കിലും കഠോരങ്ങളായ ഘോഷാരവങ്ങൾ കേട്ടു പേടിച്ചു പോകരുതു്." എത്ര മനോഹരമായ വർണ്ണനം! എത്ര പുളകോൽഗമകാരിയായ ചിത്രണം! ഈ പത്മനാഭപുരം ഇന്നു ശോച്യവും വാച്യവുമായ ഒരു ദശാവിശേഷത്താൽ വലയിതമായിരിക്കുന്നു. മലമ്പനിയുടെ വാസസ്ഥാനമായ്ത്തീൎന്നിരിക്കുന്ന ഇവിടം വിട്ടു വളരെക്കാലമായ് ജനങ്ങൾ അന്യദിക്കുകളെ ശരണംപ്രാപിക്കുന്നു. ഈ ചരിത്രപവിത്രമായ നഗരത്തിന്റെ മഹിമ അസ്തമിതപ്രായമായി; ഇതിന്റെ പൂൎവ്വപുണ്യം ക്ഷയിച്ചു. ഒട്ടുവളരെ അമൂല്യങ്ങളായ റിക്കാർട്ടുകളും ഒട്ടധികം ബഹുലസംഭവങ്ങളായ കെട്ടിടങ്ങളും കുറേക്കൊല്ലങ്ങൾക്കുമുൻപു ഭാവനാദേവിയുടെ അനുഗ്രഹം നേടുവാൻ ഭാഗ്യമില്ലാതെയിരുന്ന ചില അധികാരികൾ നിഷ്കാരണം—നിഷ്ഠുരണം നശിപ്പിക്കുകയുണ്ടായി എന്നുള്ള മൎമ്മഭേദകമായ വസ്തുതയും ഈ സന്ദൎഭത്തിൽ രേഖപ്പെടുത്തേണ്ടതു ചരിത്രകാരന്റെ സങ്കടകരമായ ധൎമ്മമാകുന്നു.

തദനന്തരം കവി കാൎത്തികതിരുനാൾ തിരുമേനിയെ താഴെ ഉദ്ധരിക്കുന്ന പദ്യങ്ങളിൽ വൎണ്ണിക്കുന്നു.

"കിഞ്ചിത്തസ്മാദഥ സമവരുഹ്യാശ്രിതസ്തദ്ഗവാക്ഷം
ജാലദ്വാരപ്രഹിതനയനോ ഭാസമാനം സകാശേ
തൃഷ്ണാഭ്രാമ്യൽസകലഹരിണീനേത്രമുഗ്രപ്രതാപം
പശ്യ ഗ്രൈഷ്മം ദിനമിവ മഹായാമമൎത്ത്യാംബരഞ്ച;

നാനാരത്നാഭരണകിരണൈൎദ്ദുൎന്നിരീക്ഷ്യം ക്ഷിതീന്ദ്രം
ദീനത്രാണേ നിയതഹൃദയം നീതിമാൎഗ്ഗേ ചരന്തം
ഭാസ്വദ്രത്നപ്രകരഖചിതേ ഭിത്തിഭാഗേ സ്ഫുരദ്ഭിർ-
ബിംബൈൎയ്യൈസ്സൈപരപി മതിമതാം ഭ്രാന്തിമുൽപാദയന്തം;

Digitized By Kerala Sahitya Akademi

സത്ത്വാസീനം ഗതമപി ഭുവം സംസ്ഥിതം കേരളേഷ്വ-
പ്യത്യാശസ്ഥൈർബഹുഭിരനിശം മാഗധൈഃ സ്തൂയമാനം
ധീരോദാത്തം തദപി ലളിതഞ്ചാപി ശാന്തം നിതാന്തം
ബദ്ധാമർഷേഷ്വരിസമുദയേഷൂദ്ധതഞ്ചാതിമാത്രം;

ശാസ്ത്രാലോകപ്രവണമതിഭിർവാച്യമാനേതിഹാസ-
വ്യാഖ്യാലേഖ്യാദിഭിരവിരതം പണ്ഡിതൈസ്സന്നിധാന്തം
കാരുണ്യാർദ്രം കരയുഗലസച്ഛൃംഖലാകങ്കണാദ്യൈ-
രസ്ഥാതങ്കൈരപി പരിജനൈസ്സേവ്യമാനം സമന്താൽ;

ദ്രഷ്ടും ദേശാന്തരവസതിഭിസ്സാനുഗൈസ്മാനനീയൈ-
രഭ്യായാതൈർന്നൃപതിഭിരശൂന്യീകൃതോപാന്തഭാഗം
ഭുക്തിപ്രീതൈരപി ച ബഹുഭിർഭൂസുരൈസ്സാരതാരം
സസ്ത്രീബാലൈർമ്മുഹുരപി ബഹിർഗ്ഗീയമാനാപദാനം".

"അവിടെ നിന്നിറങ്ങി ഒരു കിളിവാതലിൽ ഇരുന്നുകൊണ്ടു് വെളിയിലേക്കു നോക്കിയാൽ മഹാരാജാവു തിരുമനസ്സുകൊണ്ടു് എഴുന്നള്ളുന്നതു നിനക്കു കാണാം. അവിടുന്നു ഗ്രീഷ്മദിനം പോലെ എല്ലാ ഹരിണികൾക്കും (പേടമാനെന്നും ചിത്രിണി എന്ന ഇനത്തിൽ പെട്ട സുന്ദരിയെന്നും) തൃഷ്ണയെ (പിപാസയെന്നും കാമാവേശമെന്നും) ജനിപ്പിക്കുന്നവനും ഉഗ്രപ്രതാപനും മഹായാമനും (നീണ്ട യാമമുള്ളതെന്നും ആയതദേഹനെന്നും) അച്ഛാംബരനും (സ്വച്ഛമായ ആകാശത്തോടുകൂടിയതെന്നും വസ്ത്രത്തോടുകൂടിയവനെന്നും) ആണു് തിരുമേനി. പല മാതിരിയിലുള്ള രത്നാഭരണങ്ങളുടെ പ്രകാശം കൊണ്ടു ദുന്നിരീക്ഷ്യനാകുന്നു; ദീനന്മാരെ രക്ഷിക്കുന്നതിൽ അചഞ്ചലവ്രതനാകുന്നു; നീതിമാർഗ്ഗത്തിൽ ചരിക്കുന്നു; രത്നസമൂഹങ്ങൾ പതിച്ചിട്ടുള്ള ഭിത്തികളിൽ തന്റെ പ്രതികൃതി പ്രകടീഭവിക്കുക നിമിത്തം മതിമാന്മാർക്കുകൂടി ഭ്രാന്തിയെ ഉൽപാദിപ്പിക്കുന്നു; ഭൂമിയിൽ ജീവിക്കുന്നു എങ്കിലും സത്ത്വത്തിൽ (സത്യലോകത്തിലെന്നുമർത്ഥം) സ്ഥിതി ചെയ്യുന്നു; കേരളത്തിൽ നിവസിക്കുന്നു എങ്കിലും സമീപസ്ഥന്മാരായ അനേകം മാഗധന്മാരാൽ വന്ദിക്കപ്പെടുന്നു (മഗധദേശക്കാരെന്നുമർത്ഥം); അവിടുന്നു ധീരോദാത്തനാണു്; ധീരലളിതനാണു്; ധീരശാന്തനുമാണു്; ക്രുദ്ധന്മാരായ ശത്രുക്കളുടെ വിഷയത്തിൽ അത്യന്തം ധീരോദ്ധതൻ കൂടിയാണു്; ശാസ്ത്രനിഷ്ണാതന്മാരായ പണ്ഡിതന്മാർ അടുത്തിരുന്നു തങ്ങളുടെ ഇതിഹാസങ്ങൾ, വ്യാഖ്യാനങ്ങൾ, കൃതികൾ ഇവ അവിടുത്തെ വായിച്ചു

Digitized By Kerala Sahitya Akademi

കേൾപ്പിക്കുന്നു ആ തമ്പുരാൻ കാരുണ്യശാലിയാണു്; തിരുമേനിയുടെ പക്കൽനിന്നു പാരിതോഷികമായ് ലഭിച്ച വീരശൃംഖല, മുടുക, മുതലായ ആഭരണങ്ങൾ രണ്ടുകൈയിലും അണിഞ്ഞുകൊണ്ടു സന്തുഷ്ടചിത്തന്മാരായ പരിചാരകന്മാർ അവിടുത്തെ ചുററും നിൽക്കുന്നു; അന്യദേശങ്ങളിൽനിന്ന് അനുചരന്മാരോടുകൂടി മുഖം കാണിക്കുന്നതിനായ് വരുന്ന മാനനീയന്മാരായ രാജാക്കന്മാർ എല്ലായ്പോഴും സമീപത്തിലുണ്ടു്. ഭക്തികൊണ്ടു പ്രീതരായ ബ്രാഹ്മണർ സ്ത്രീകളോടും കുഞ്ഞുങ്ങളോടുംകൂടി അവിടുത്തെ അപദാനങ്ങളെ ഉച്ചൈസ്സ്വരം ഗാനംചെയ്യുന്നു."

അവിടത്തെ ശിവക്ഷേത്രം സന്ദർശിക്കുവാൻ അനന്തരം കവി ചാതകത്തെ പ്രേരിപ്പിക്കുന്നു.

"അസ്ത്യേതസ്മിൻ മഹദിവ മഹാകാളവേശ്മോജ്ജയിന്യാം
ശൈവം ദേവായതനമനഘം നീലകണ്ഠാലയാഖ്യം;
തത്രാസീനം സപദി സമുപേത്യാഥ ദേവഞ്ച ദേവീ-
മാസേവേഥാ ഹൃദി സമുദിതാനന്ദമാനന്ദവല്ലീം".

"ഈ പത്മനാഭപുരത്തിൽ ഉജ്ജയിനിയിൽ മഹാകാളക്ഷേത്രംപോലെ പാവനമായ് നീലകണ്ഠസ്വാമികോവിൽ എന്ന പേരോടുകൂടി ഒരു ശിവക്ഷേത്രമുണ്ടു്. ആ ക്ഷേത്രത്തിലെ ദേവനായ മഹാദേവനേയും ദേവിയായ ആനന്ദവല്ലിയേയും നീ സന്തോഷത്തോടുകൂടി സേവിക്കണം".

പത്മനാഭപുരത്തിനപ്പുറവും ചാതകത്തിനു ദേവതാഭജനത്തിനുവേണ്ടി പോകണമെങ്കിൽ പോകുന്നതിനു നമ്പൂരി അനുമതി നൽകുന്നു.

"നാഗക്ഷേത്രം പുനരഥ ശുചീന്ദ്രം കുമാരീപുരഞ്ച
ത്രീണീത്യസ്മാൽ പരമതിതരാമുത്തമാനി ബ്രുവന്തി;
താന്യപ്യാസേവിതുമഭിരുചിശ്ചേദ്ദ്രുതം പ്രയാഹി;
ക്ഷീണേ പാപ്മന്യപി ന വിഫലാ ദേവതാനാം പ്രസാദാഃ;"

"നാഗർകോവിൽ, ശുചീന്ദ്രം, കന്യാകുമാരി ഈ മൂന്നു ക്ഷേത്രങ്ങളും നീലകണ്ഠസ്വാമികോവിലിനപ്പുറത്തു് അത്യുത്തമങ്ങളാണെന്നു കേൾവിയുണ്ടു്. അതുകൊണ്ടു് അവിടങ്ങളിൽകൂടി ചെന്നു സ്വാമിദർശനം ചെയ്യണമെന്നു നിനക്കു് ആഗ്രഹമുണ്ടെങ്കിൽ വേഗത്തിൽ ചെല്ലുക. പാപം ക്ഷയിച്ചാലും ദേവതകളുടെ പ്രസാദങ്ങൾ നിഷ്ഫലങ്ങളാകുന്നതല്ലല്ലോ."

Digitized By Kerala Sahitya Akademi

പിന്നീട് തിരിച്ചു പത്മനാഭപുരത്തേക്കു വന്ന തിരുമേനിയെക്കണ്ടു ചാതകം ശ്രീപത്മനാഭനെ സ്തുതിച്ചുകൊണ്ടു സന്ദേശമാരംഭിക്കുവാൻ കവി ഉപദേശിക്കുന്നു.

"നീലം വർണ്ണേ നിഖിലജഗതാം മൂലമംസേ വിശാലം
നീലാബ്ജാഭം ദൃശി ച കൃപയാ ലോലമപ്യന്തരംഗേ
സ്യാനന്ദൂരേ സകലവിപദാം ഭഞ്ജനേ ഭാസമാനം
ഭൂയാത്തേജോ ഭുജഗശയനം ഭൂയസേ ശ്രേയസേ വഃ."

"നിറംകൊണ്ടു നീലമായും സകലജഗത്തുകൾക്കും മൂലമായും വിശാലമായ തോളോടും കരിംകുവളപ്പൂവോടിടഞ്ഞ കണ്ണോടും കൂടിയതായും ഹൃദയത്തിൽ കരുണാവിവശമായും എല്ലാ വിപത്തുകളേയും നശിപ്പിക്കുന്ന തിരുവനന്തപുരത്തു ഭാസിക്കുന്നതായുമുള്ള ആ സർപ്പതല്പമായ ജ്യോതിസ്സു നിന്തിരുവടിക്കു ഭൂരിശ്രേയസ്സു നല്കുമാറാകട്ടെ." അപ്പോൾ പക്ഷിയെ മഹാരാജാവു കരുണയോടുകൂടി നോക്കുമെന്നും ഉടൻ താനാരെന്നറിയിക്കണമെന്നും കവി പറയുന്നു.

"വിദ്വച്ചേതഃകുമുദവിസരാമോദമാതന്വതീയം
സദ്യോമീലദ്വിമതനൃപതിവ്രാതഹസ്താരവിന്ദാ
താപോത്താമ്യൽപ്രതിഭടവധൂചക്രവാകീ നികാമം
കീർത്തിജ്യോത്സ്നാ തവ വിജയതേ രാജരാകാശശാങ്ക.
മാം ജാനീഹി പ്രകൃതികൃപണം ജന്മിനാമന്ത്യമേതം
ജാതം ജാതൌ ബത! ബഹുതരൈഃ പാതകൈശ്ചാതകാനാം;
ക്ഷുത്തൃഷ്ണാഭ്യാം ഭൃശമവിരതം പീഡിതോപ്യാപ്രസാദാ-
ദംഭോദാനാം കഥമപി ശുചാ ജീവിതം യോ ബിഭർത്തി.
അംഗീകുർവന്നനുദിനമിമാമസ്മദീയാമവസ്ഥാ-
മാസ്തേ യസ്തേ നൃപവര, കൃപാപൂരകാംക്ഷീ ദ്വിജന്മാ
ആധിവ്യാധിപ്രഭൃതിഭിരതീവാക്ഷമേണ പ്രണേതും
തേനേദാനീം പ്രതിനിധിരഹം പ്രേഷിതസ്ത്വൽസകാശം."

"അല്ലയോ മഹാരാജാവാകുന്ന പൂർണ്ണചന്ദ്ര, വിദ്വാന്മാരുടെ ഹൃദയങ്ങളാകുന്ന ആമ്പലുകളെ വിടിർത്തുന്നതും, ശത്രുക്കളുടെ കരങ്ങളാകുന്ന താമരപ്പൂക്കളെ ഉടനടി മുകളീകരിക്കുന്നതും, അവരുടെ വധുക്കളാകുന്ന ചക്രവാകികളെ സന്താപംകൊണ്ടു ക്ഷീണിപ്പിക്കുന്നതുമായ അവിടുത്തെ കീർത്തിയാകുന്ന പൂനിലാവു സർവോൽകർഷേണ വർത്തിക്കുന്നു. നിന്തിരുവടി എന്നെ പ്രകൃത്യാ കൃപണവും പ്രാണികളിൽവച്ചു താണതും



Digitized By Kerala Sahitya Akademi

അനവധി പാതകങ്ങൾ ചെയ്യുക നിമിത്തം ചാതകങ്ങളുടെ ജാതിയിൽ ജനിച്ചതുമായ ഒരു ജന്തുവെന്നു് അറിഞ്ഞാലും. വിശപ്പിനാലും ദാഹത്താലും എല്ലായ്പോഴും അത്യന്തം പീഡിതനാണെങ്കിലും ഞാൻ ജലം വർഷിക്കുന്ന മേഘങ്ങൾ പ്രസാദിക്കുന്നതുവരെയും കഷ്ടപ്പെട്ടു വ്യസനത്തോടുകൂടി പ്രാണസന്ധാരണം ചെയ്യുന്നു. എന്റെ അവസ്ഥയെ എന്നും അംഗീകരിച്ചുകൊണ്ടു് അവിടുത്തെ കൃപാപൂരത്തെ കാംക്ഷിച്ച് ഒരു ബ്രാഹ്മണൻ ജീവിക്കുന്നുണ്ടു്. ആധി വ്യാധി മുതലായവകൊണ്ടു് നേരിട്ടു് ഇവിടത്തോളം വന്നു തിരുമേനിയെക്കണ്ടു യാചിക്കുവാൻ അശക്തനായ അദ്ദേഹം എന്നെ അവിടുത്തെ സമീപത്തിൽ പ്രതിനിധിയായ് അയച്ചിരിക്കുന്നു."

പിന്നീടു തന്റെ സന്ദേശം എന്തെന്നു് അറിയിക്കുവാൻ കവി പ്രാർത്ഥിക്കുന്നു.

"രാജേന്ദ്ര ത്വം ജയജയ ദയാവാരിധേ, രാമവർമ്മൻ,
രാജന്യാനാം മകുടമണിഭിർല്ലീഢപാദാബ്ജപീഠ;
ഉർവീമേനാമുദധിവലയാം പാലയന്നായുഗാന്തം
ഉർവീം രാജശ്രിയമനുഭവൻ ജീവ ദൈവപ്രസാദാൽ.

യസ്ത്വാമേത്യ പ്രഥമമമൃതസ്യന്ദിഭിസ്ത്വദ്വചോഭിഃ
സ്ഥാതും പാർശ്വേ കതിപയദിനാന്യാത്തമോദം നിയുക്തഃ
വക്തും വാഞ്ഛാശതമവസരം സോഽഹമപ്രാപ്യ ദൈവാദ്-
ഗ്രസ്തോരോഗൈർബഹുഭിരധുനാ ഗേഹമേവാഗതോഽസ്മി.

യത്തൈഃശൈലൈരപ്യസുലഭതയാ യദ്വസൂനാമിദാനീം
വൃത്തിം നിർവ്വർത്തയിതുമപിനോ ലക്ഷ്യതേ കോപ്യുപായഃ;
തസ്മാദസ്മാദനിതരഗതീൻ പ്രത്യമൂനാർത്തബന്ധോ,
പൃഥ്വീപാല, പ്രസരതു ഭവാൽ കാപി ദൃഷ്ടിർദയാർദ്രാ.

അപ്യപ്രാപ്താഃ പരിണയകഥാം സന്തി ഹന്ത! സ്വസാരസ്തിസ്രോ
ഭാഗേ മമ തു വയസോ മധ്യമേ വർത്തമാനാഃ;
വാർദ്ധക്യാർത്താ വിവശമനസഃ പഞ്ചഷാ മാതരശ്ച;
ഭ്രാതൃദ്വന്ദ്വം പിതുരുപരതസ്യാപി താപാഭിഭൂതം.

അത്യാതങ്കവ്യഥിതമനസസ്താശ്ച തൗ ച ത്വദീയാ-
യത്തസ്ത്യം തദ്ഭരണവിധയേ നാഹമീശോഭവാമി;
മാഞ്ചോഭഞ്ചദ്വ്യഥമശരണം മൽകുടുംബഞ്ച തസ്മാ-
ന്മതാത്മീയം മനസി കൃപയാ പാലയ ത്വം കൃപാലോ.

Digitized By Kerala Sahitya Akademi

ദത്വാ പൂർവൈഃ കഥമപി ചിരേണാർജ്ജിതം താവദർത്ഥം
ശാന്തിം നേതും ജഠരദഹനം ചിന്ത്യതേ കോപി പന്ഥാഃ;
താവദ്ഭൂതാ ഇവ പിതൃപതേർവ്വിത്തസത്താം വിശങ്ക്യ
ക്രൂദ്ധാഃ കേചിൽ കടുതരഗിരാ ഹന്ത! സന്ത്രാസയന്തി.

ചന്ദ്രം ഹിത്വാ ക ഇവ ശരണം സ്യാച്ചകോരാവലീനാം?
കാരുണ്യാബ്ധേ! ജലധരമൃതേ കാഗതിശ്ചാതകാനാം ?
മാസം പുഷ്പാകരമപി വിനാ കോവലംബഃ പികാനാം?
മന്യേ തദ്വന്മഹിതമഹിമൻ, നാന്യദാലംബനം നഃ.

ദാരിദ്ര്യാബ്ധൌ സുമഹതി മരൌ ശോകഭാരം വഹന്തോ
ധാവന്തശ്ച പ്രതിദിനമവിശ്രാന്തിമന്തോ നിതാന്തം
ഭൂഭൃന്മൌലേ, തവ ഭുജതരുച്ഛായയാ നഷ്ടതാപാ-
സ്സന്തിഷ്ഠന്തേ കതി ന കൃതിനസ്സന്തതം ത്വത്സകാശേ!

വാചാലോയം ദ്വിജ ഇതി മതിം മാകൃഥാ മയ്യനാഥേ;
സന്താപോയം മുഖരയതി മാം ഹന്ത! ദാരിദ്ര്യജന്മാ;
ഇത്യാദ്യേവ പ്രവദതി സ ഇത്യേതദാകർണ്ണ്യ ഭൂയ-
സ്സഞ്ചിന്ത്യാസൌ ഹൃദി യദുചിതം തൽ കരോതു ക്ഷിതീശഃ.”

“അല്ലയോ ദയാവാരിധിയായ രാമവർമ്മമഹാരാജാവേ, രാജാക്കന്മാരുടെ കിരീടരത്നങ്ങൾകൊണ്ടു തുടയ്ക്കപ്പെട്ട പാദാബ്ജപീഠത്തോടുകൂടിയ നിന്തിരുവടി ജയിച്ചാലും! ജയിച്ചാലും! സാഗരപരീതയായ ഈ ഭൂമിയെ പാലിച്ചുകൊണ്ടും മഹതിയായ രാജലക്ഷ്മിയെ അനുഭവിച്ചുകൊണ്ടും അവിടുന്ന് ഈശ്വരകാരുണ്യംകൊണ്ടു കല്പാന്തകാലംവരെ ജീവിച്ചാലും.” ഈ ശ്ലോകം കഴിഞ്ഞു കവി താൻ മുൻപു മഹാരാജാവിനെക്കണ്ടതും, കുറേക്കാലം എഴുന്നള്ളത്തോടുകൂടിത്താമസിക്കുവാൻ അവിടുന്നു കല്പിച്ചതും, ആഗ്രഹങ്ങൾ അറിയിക്കുവാൻ സാധിക്കാതെ രോഗഗ്രസ്തനായ് ഇല്ലത്തേക്കു തിരിച്ചു പോന്നതും, വളരെ പ്രയത്നിച്ചിട്ടും യാതൊരു വകയും ലഭിക്കാതെയും അഹർവൃത്തിപോലും കഴിച്ചുകൂട്ടുന്നതിനു ഉപായം കാണാതെയും കഷ്ടപ്പെടുന്നതും അറിയിക്കുന്നു. നമ്പൂരി വീണ്ടും ഇങ്ങനെ ഉണർത്തിക്കുന്നു: “വേളി കഴിച്ചുകൊടുക്കാത്തവരും മധ്യമവയസ്സായിട്ടുള്ളവരുമായ മൂന്നു സഹോദരിമാർ എന്നോടു കൂടിത്താമസിക്കുന്നു; വാർദ്ധക്യത്താൽ ആർത്തമാരായ് വിവശഹൃദയമാരായ് അഞ്ചാറു മാതാക്കന്മാരുമുണ്ട്; അച്ഛൻ മരിക്കുക നിമിത്തം ദുഃഖിച്ചിരിക്കുന്ന രണ്ടു സഹോദരന്മാരുമുണ്ട്. അത്യന്തം വ്യസനിച്ചിരിക്കുന്ന ഇവരെല്ലാ

Digitized By Kerala Sahitya Akademi

വരേയും ഭരിക്കുന്നതിനു ഞാൻ ശക്തനല്ലെന്നു വാസ്തവമായ് തിരുമനസ്സറിയിച്ചുകൊള്ളുന്നു. അതിനാൽ സന്തപ്തനായ എന്നേയും അശരണമായ എന്റെ കുടുംബത്തേയും അവിടുത്തെ വകയാണെന്നു കരുണയോടുകൂടി വിചാരിച്ച് അവിടുന്നു സംരക്ഷിക്കുമാറാകണം. പൂർവന്മാർ കഷ്ടപ്പെട്ടു സമ്പാദിച്ച സ്വല്പം ധനം ചെലവുചെയ്തു നിത്യവൃത്തി കഴിക്കാമെന്നുവച്ചാൽ അപ്പോൾ എന്റെ കൈയിൽ ധനമുള്ളതായ് ശങ്കിച്ചു ചിലർ യമദൂതന്മാരെപ്പോലെ ക്രുദ്ധന്മാരായ് വന്നു കണ്ണുകഠോരങ്ങളായ വാക്കുകൾകൊണ്ട് എന്നെ ഭയപ്പെടുത്തുന്നു. ചന്ദ്രനല്ലാതെ ചകോരങ്ങൾക്കും മേഘമല്ലാതെ ചാതകങ്ങൾക്കും വസന്തമല്ലാതെ കുയിലുകൾക്കും എന്താണ് അവലംബമായിട്ടുള്ളത്? അതുപോലെ അവിടുന്നല്ലാതെ ഞങ്ങൾക്കും ആശ്രയമില്ല. ദാരിദ്ര്യമാകുന്ന വലുതായ മരുഭൂമിയിൽ അത്യന്തം ദുഃഖത്തോടുകൂടി പലായനം ചെയ്യുന്നവരും ഒരു വിശ്രമവും കിട്ടാത്തവരുമായ എത്ര എത്ര ഭാഗ്യവന്മാരാണ് അല്ലയോ മഹാരാജാവേ (പർവതശ്രേഷ്ഠ എന്നും), അവിടുത്തെ ഭുജമാകുന്ന വൃക്ഷത്തിന്റെ ഛായയെ ആശ്രയിച്ചു നഷ്ടതാപന്മാരായ് (ദുഃഖം പോയവരെന്നും ചൂടു നീങ്ങിയവരെന്നും) തീരുന്നത്! അനാഥനായ എന്നെ തിരുമനസ്സുകൊണ്ട് ഒരു വിട്ടുവായനാണെന്നു കരുതിപ്പോകരുതേ! ദാരിദ്ര്യത്തിൽ നിന്നുണ്ടാകുന്ന സന്താപമാണ് എന്നെ വാചാലനാക്കുന്നത്. ഇത്തരത്തിൽ ആ സാധു തിരുമനസ്സറിയിക്കുന്നു" എന്നു നീ പറയുക. അതുകേട്ടു വീണ്ടുമാലോചിച്ചിട്ടു തന്റെ ഉള്ളിൽ എന്ത് ഉചിതമെന്നു തോന്നുന്നുവോ അതു മഹാരാജാവു തിരുമനസ്സുകൊണ്ടു ചെയ്യട്ടെ."

സന്ദേശത്തിലെ ഒടുവിലത്തെ ശ്ലോകമാണ് താഴെക്കാണുന്നത്.

"ആമന്ത്ര്യാഥ ദ്രുതതരമമും മൂർദ്ധ്നി കൃത്വാ തദാജ്ഞാം
വ്യാവർത്തസ്വ പ്രിയസഖ, തതഃ പ്രാഗിമാമേവ ഭൂമിം;
ദേശാനന്യാൻ പുനരഭിമതാൻ യാഹി; ജന്മാന്തരേ ത്വം
പക്ഷിത്വേ സത്യപി ച സുലഭാഹാര ഏവ ധ്രുവം സ്യാഃ."

"തിരുമേനിയോടു യാത്ര ചോദിച്ചുകൊണ്ട്, അവിടുത്തെ കല്പനയെ ശിരസാ വഹിച്ചു, (പിറെറന്നു) കാലത്തു തിരിയെ ഇങ്ങോട്ടേക്കു തന്നെ നീ പോരിക. പിന്നെ നിനക്ക് അഭിരുചിയുള്ള മററു ദേശങ്ങളിലേക്കു പോകാം. അടുത്ത ജന്മത്തിൽ നീ പക്ഷിയായ് ജനിക്കുന്നു എങ്കിലും നിനക്കു നിശ്ചയമായ് ധാരാളം ഭക്ഷണം ലഭിക്കുമാറാകട്ടെ."

കാർത്തികതിരുനാൾ മഹാരാജാവു മനോഹരമായ ഈ സന്ദേശം വായിച്ചിരിക്കുമെന്നും ഇതിന്റെ പ്രണേതാവിനു വാഞ്ഛിതാഭ്യധികമായ

Digitized By Kerala Sahitya Akademi

സമ്മാനം നല്കിയിരിക്കുമെന്നുമുള്ളതിനു യാതൊരു സന്ദേഹവുമില്ല. വിദ്വാന്മാരേയും കവികളേയും പ്രോത്സാഹിപ്പിക്കുന്നതിനെക്കാൾ പരിപാവനമായ ഒരു വ്രതം വല്ലതുമുണ്ടെങ്കിൽ അതു് അവിടുത്തേക്കു ശരണാഗതപാലനം മാത്രമായിരുന്നു. ബാലമാർത്താണ്ഡവിജയം നാലാമങ്കത്തിൽ മാർത്താണ്ഡവർമ്മമഹാരാജാവു തന്റെ അനന്തരവൻ തൃപ്പടിദാനാവസരത്തിൽ കവികൾക്കു സമ്മാനം നല്കുന്നതു കണ്ടിട്ടു്

"സുചിരപ്രാർത്ഥിതമിദം ദൈവാദദ്യ ലബ്ധം:
വത്സഃ കലാഭിസ്സമ്പൂർണ്ണഃ
കദായം കലയേൽ സുധീഃ
ലീലാവിതീർണ്ണസമ്മാനൈഃ
പ്രഹർഷവിവശാൻ കവീൻ?
ഇതിസുചിരാദുൽപന്നോ മാമകോമനോരഥോദ്യ സമ്പൂർണ്ണഃ."

എന്നു പറയുന്നുണ്ടു്. മഹാരാജാവു വളരെക്കാലമായ്, കലാസമ്പൂർണ്ണനും വിദ്വാനുമായ വത്സൻ എന്നാണു് സമ്മാനങ്ങൾ നല്കി കവികളെ സന്തോഷവിവശന്മാരാക്കുന്നതു് എന്നു പ്രതീക്ഷിച്ചുകൊണ്ടിരുന്നു എന്നും അന്നാണു് അവിടുത്തെ ആ മനോരഥം സഫലീഭവിച്ചതെന്നുമാകുന്നു ഈ വാക്യത്തിന്റെ അർത്ഥം. ഇളയരാജാവായിരുന്നപ്പോൾതന്നെ കവികൾക്കു് അത്തരത്തിൽ കല്പവൃക്ഷമായിരുന്ന കാർത്തികതിരുനാൾ മഹാരാജാവു സിംഹാസനാരൂഢനായതിൽ പിന്നെ അവരോടു് ഏതു വിധത്തിൽ പെരുമാറിയിരുന്നിരിക്കണമെന്നുള്ളതു് അനുക്തസിദ്ധമാണല്ലോ.

ഇന്നു തിരുവിതാംകൂർ ഭരിക്കുന്നതും ബാലരാമവർമ്മമഹാരാജാവാണു്. ഭക്തിപൂർണ്ണന്മാരായ പ്രജകൾ പാർവ്വതീനന്ദനനായ ഈ തിരുമേനിയെ കാർത്തികതിരുനാൾ മഹാരാജാവു തിരുമനസ്സിലെ ഒരവതാരമെന്നു വിശ്വസിക്കുന്നു. അവിടുത്തെപ്പോലെ ആയുരാരോഗ്യൈശ്വര്യങ്ങൾക്കു ഭാജനമായ്, ആശിക്കുന്നതെല്ലാം ഹസ്തഗതമാകത്തക്ക ഭാഗ്യത്തിനു നിധാനമായ്, വളരെക്കാലം ഭവഭൂതിയുടെ വാക്കിൽ "മാതാവിനാൽ ചിന്ത്യമാന"ങ്ങളായ ദിവസങ്ങളെ നയിച്ചുകൊണ്ടു് ഈ പൊന്നുതമ്പുരാൻ ഉത്തരോത്തരം വിജയിക്കുമാറാകട്ടെ എന്നുള്ള പ്രാർത്ഥനാകുസുമത്തെ ശ്രീപത്മനാഭന്റെ പാദാരവിന്ദങ്ങളിൽ സമർപ്പിച്ചുകൊണ്ടു് ഞാൻ പ്രസ്തുതോപന്യാസത്തെ ഉപസംഹരിച്ചുകൊള്ളുന്നു.

---

Digitized By Kerala Sahitya Akademi

# ശിവവിലാസം.

കൊല്ലവർഷം ആരംഭിക്കുന്നതിനു മുൻപു മുതൽ കായംകുളംരാജ്യം കൊല്ലം ൯൨൧-ൽ രാമയ്യൻദളവാ അതു തിരുവിതാംകൂറിൽ ലയിപ്പിക്കുന്നതുവരെ ചുരുങ്ങിയ പക്ഷം ഒരായിരം സംവത്സരത്തോളം കാലത്തേക്കു സമരത്തിനും വാണിജ്യത്തിനും ഒന്നുപോലെ കീർത്തിപ്പെട്ടിരുന്നു. വീരരാഘവചക്രവർത്തി "ചേരമാൻലോകമപ്പെരുഞ്ചെട്ടിയാന ഇരവിക്കൊർത്തനുക്കു" നല്കിയ മണിഗ്രാമപ്പട്ടത്തിൻെറ വിവരണമടങ്ങിയ ദാനപത്രത്തിൽ ആ ദാനം "വേണാട്ടുമോടനാട്ടുമറിയ" കൊടുത്തതായ് പ്രസ്താവിച്ചുകാണുന്നതിൽനിന്ന് അക്കാലത്തു വേണാട്ടിനു തുല്യമായ ഒരു പദവി ഓടനാട്ടിനും (കായംകുളത്തിനും) ഉണ്ടായിരുന്നതായ് ഊഹിക്കേണ്ടിയിരിക്കുന്നു. സുറിയാനിക്രിസ്ത്യാനികളുടെ വക കോട്ടയം ശാസനം എന്നു പ്രസിദ്ധമായ ഈ ദാനപത്രത്തിൻെറ ഉത്ഭവം ക്രി. പി. ൧൩൨൦-ൽ എന്നാണ് അഭിജ്ഞോത്തമനായ ഡോക്ടർ കീൽഹോർൺെറ അഭിപ്രായം. പുരാണലിപിചരിത്രവിദഗ്ദ്ധന്മാർ ആ അഭിപ്രായത്തെ പ്രായേണ അംഗീകരിക്കുന്നുമുണ്ട്. തിരുനെൽവേലി ജില്ലയിലെ ചില ശിലാശാസനങ്ങളിൽ കായംകുളം രാജാക്കന്മാരുടെ പേരുകൾ കാണുന്നു. ചെങ്കോട്ടത്താലൂക്കിൽപെട്ട ശാമ്പൂർവടകര (വിണ്ണെനല്ലൂർ) ദേശം അവരുടെ വകയായിരുന്നു. കായംകുളത്തിനു പുറമേ മററം, എരുവ, കൃഷ്ണപുരം മുതലായ സ്ഥലങ്ങളിലും അവർക്കു കോവിലകങ്ങളുണ്ടായിരുന്നതായ് അറിയുന്നു.

കായംകുളം രാജാക്കന്മാരുടെ പ്രധാനക്ഷേത്രം കണ്ടിയൂരായിരുന്നു. കണ്ടിയൂർ ശിവക്ഷേത്രം പ്രതിഷ്ഠിച്ചതു ക്രി. പി. ൮൨൩-ൽ ആണ്. ആ സംഭവത്തിൻെറ സ്മാരകമായ് ഒരു പ്രത്യേകാബ്ദം പോലും കേരളത്തിൽ വളരെക്കാലത്തേക്കു പ്രചുരപ്രചാരമായിരുന്നു. "തിരുക്കണ്ടിയൂർ മാതേവർക്കു ചെല്ലാനിൻറയാണ്ടു നൂററിരുപത്തിമൂൻറിൽ" അതായതു ക്രി. പി. ൯൪൩-ൽ കൊടികുളത്തിൽ ഇരവികുമരനും മററും ആ ക്ഷേത്രത്തിലേക്കു ഭൂമി ദാനംചെയ്തതിനു ശിലാരേഖയുണ്ട്. ക്രി. പി. ൧൨൧൮-ൽ അഥവാ കൊല്ലം ൩൯൩-ൽ, "യദുവരവൃഷഭ"നും "രാമജ"നുമായ

Digitized By Kerala Sahitya Akademi

കോതവമ്മൻ എന്ന കായംകുളംരാജാവു കണ്ടിയൂർ ക്ഷേത്രത്തിൻെറ നവീകരണം കഴിഞ്ഞുള്ള കുംഭാഭിഷേകം നിവ്വഹിച്ചതായ് കാണുന്നു. "രാമജൻ" എന്ന പദപ്രയോഗത്തിൽനിന്ന് ആ രാജാക്കന്മാർ മക്കത്തായികളായിരുന്നു എന്ന് അനുമാനിക്കേണ്ട ആവശ്യമില്ലെന്നു വഴിയേ ബോധ്യമാകും. "യദുവരവൃഷഭോ രാമജഃ കോതവർമ്മാ" എന്നാണ് സംസ്കൃതത്തിലുള്ള പ്രശസ്തി. "ഓടനാടു വാഴ്ന്തരുളിൻെറ ഉതൈചിരമങ്ങലത്തു ശ്രു (ശ്രീ ?) വീരപെരുമററത്തു ഇരാമൻ കോതവമ്മതിരുവടി" എന്ന് ആ സംസ്കൃതശാസനത്തോട് അനുബന്ധിച്ചുള്ള ഒരു തമിഴ്ശാസനത്തിലും ആ രാജാവിനെ വണ്ണിച്ചുകാണുന്നു. കണ്ടിയൂർ തേവടിശ്ശി കുറുങ്കടി ഉണ്ണിക്കളത്രം എന്ന സ്ത്രീ അക്കാലത്തു വേണാടു വാണിരുന്ന ഇരവി കേരളവമ്മൻ എന്ന രാജാവിനോടു പ്രസ്തുതക്ഷേത്രം ജീർണ്ണോദ്ധാരണം ചെയ്യിക്കേണ്ടതിൻെറ ആവശ്യകതയെപ്പററി നിവേദനം ചെയ്യുകയും ആ നിവേദനത്തിൻെറ ഫലമായ് ആ രാജാവു മേൽപടി തിരുപ്പണിയിൽ ഭാഗഭാക്കാകുകയും ചെയ്തതായ് തമിഴ്ശാസനത്തിൽനിന്ന് അനുമാനിക്കാവുന്നതാണ്. കണ്ടിയൂരിൻേറയും മററത്തിൻേറയും ഉജ്ജ്വലമായ വണ്ണനം ഉണ്ണുനീലിസന്ദേശത്തിലുണ്ട്.

"വിങ്ങിപ്പൊങ്ങിച്ചിതറിന മലർത്തെൻറൽ പീത്വാ മയങ്ങി-
ത്തങ്ങിത്തങ്ങിത്തരുണികരം മുലക്കച്ചിലുച്ചൈ്ചരുറങ്ങി
തിങ്ങിത്തിങ്ങിച്ചുഴലവരിവണ്ടിണ്ടയാം കണ്ടിയൂരിൽ-
പ്പങ്ങിപ്പങ്ങിപ്പരിമളമെഴം വായു വീയും തദാനീം."

എന്നു കണ്ടിയൂരിനേയും,

"കററക്കാർമൻകുഴലികളൊരോ രാഗഭേദംപുണർത്തീ-
ട്ടിററിറേറാലും മധുരസമയം ചിന്തുപാടുംദശായാം
മുററം തോറും കിളികളതിനെക്കേട്ടിരുന്നക്കണക്കേ
മററും പാടിൻറിടമയി, സഖേ, മററമക്ഷേത്തു പിന്നെ."

എന്നു മററത്തേയും കവി സ്മരിക്കുന്നതു നോക്കുക. കണ്ടിയൂർക്കാരികളായ ചെറുകര കുട്ടത്തി, ചെറുകര ഉണ്ണിയാടി, മുത്തുററ് ഇളയച്ചി, ഈ മൂന്നു സ്ത്രീകളേപ്പററിയുള്ള പ്രസ്താവനയും ആ സന്ദർഭത്തിൽ കാണുന്നു. ഉണ്ണുനീലിസന്ദേശത്തിൻെറ നിർമ്മാണകാലത്തിൽ—അതായതു ക്രി. പി. ൧൩൭൦-ൽ (ക്രി. പി. ൧൩൧൯-ൽ എന്നു ചിലർ ഊഹിക്കുന്നതു ശരിയല്ല) ഓടനാടു ഭരിച്ചിരുന്നതു "രവിവർമ്മാവു" എന്ന വൃദ്ധനായ ഒരു രാജാവായിരുന്നു. പിന്നെയും ആ രാജകുടുംബത്തോടു

Digitized By Kerala Sahitya Akademi

ബന്ധമുണ്ടായിരുന്ന എന്നൂഹിക്കേണ്ട കുറുങ്ങാട്ടുണ്ണുനീലി, ആ വീട്ടിലെ മററൊരു ഉണ്ണുനീലി, ഉണ്ണിച്ചക്കി, ചിരുതേവി ഈ സ്ത്രീകളുടെ കഥയും സന്ദേശകാരൻ വിസ്മരിക്കുന്നില്ല.

കായംകുളം രാജാക്കന്മാരുടെ വകയായിരുന്ന ഒരു മാണിക്യരത്നം ഇരിഞ്ഞാലക്കുട ക്ഷേത്രത്തിലെ ദേവന്റെ ബിംബത്തിൽ കൊല്ലം ൯൧൫-ലോ മറേറാ ലയിച്ചു എന്നും അന്നുമുതല്ക്കാണ് ആ ദേവനു കൂടൽമാണിക്യമെന്നു പേർ സിദ്ധിച്ചതെന്നും അക്കാലത്തു കായംകുളംരാജാക്കന്മാക്കു ലഭിച്ച അധികാരമാണ് തിരുവിതാംകൂറിലേക്കു രാമയ്യൻ ദളവായുടെ വിജയത്തിനുശേഷം അടങ്ങിയതെന്നും ആ അധികാരത്തെത്തുടന്നാണ് ഇന്നും തച്ചുടയകൈമ്മളുടെ അവരോധവും ഭരണവും നടക്കുന്നതെന്നുമുള്ള വസ്തുതകൾ പ്രസക്താനുപ്രസക്തമായി ഇവിടെ വക്തവ്യങ്ങളാണ്".

കായംകുളം രാജാക്കന്മാരുടെ അപദാനങ്ങളേയും കണ്ടിയൂർക്ഷേത്രത്തിന്റെ മാഹാത്മ്യത്തേയും വർണ്ണിക്കുന്ന ഒരു വിശിഷ്ടകാവ്യമാകുന്നു എന്റെ ഈ ഉപന്യാസത്തിനു വിഷയീഭവിക്കുന്ന "ശിവവിലാസം". ഈ കാവ്യത്തിൽ എട്ടു സർഗ്ഗങ്ങളുണ്ട്. ഇതിന്റെ നിർമ്മാതാവു ശങ്കരനാരായണമൂർത്തിയുടെ ഉപാസകനായ ദാമോദരച്ചാക്കിയാരാണെന്നു ഗ്രന്ഥത്തിന്റെ അവസാനത്തിലുള്ള താഴെ ഉദ്ധരിക്കുന്ന ശ്ലോകത്തിൽനിന്നു വിശദമാകുന്നു.

"ഇതി മഹിതപദാബ്ജേ രുദ്രനാരായണീയേ
മധുലിഹ ഇവ വൃത്തിം ബിഭ്രതാ ചാതകസ്യ
അലഘു ശിവവിലാസം നാമ കാവ്യം ബബന്ധേ
സുരഭി ഭരതഗോത്രീയേണ ദാമോദരേണ."

കണ്ടിയൂർ ശിവനെപ്പററിയുള്ള സ്തുതി ധാരാളമടങ്ങീട്ടുള്ള ഈ കാവ്യം ശിവപരമായുള്ള മങ്ഗലപദ്യം കൊണ്ടുതന്നെയാണ് ആരംഭിക്കുന്നതു്. അതു താഴെ ചേൎത്തുകൊള്ളുന്നു.

"സലിലശിഖിനഭസ്വൽസമ്പദോ യാ നഭശ്ശ്രീ-
രിവ രചയതി ലോകേ സൌഖ്യദുഃഖപ്രമോഹാൻ;
സ്വയമവികൃതിരേകൈകവേന്ദുരേഖാതരംഗൈ-
രിവതനുഭിരനേകാ സാവതാദ്ദേവതാ നഃ."

"യാതൊന്നു് ആകാശലക്ഷ്മി വെള്ളം, അഗ്നി, വായു, ഇവയെപ്പോലെ, സൌഖ്യം, ദുഃഖം, മോഹം ഇവയെ ജനിപ്പിക്കുന്നുവോ,

Digitized By Kerala Sahitya Akademi

യാതൊന്നു തനിക്കു വികാരമൊന്നുമില്ലെങ്കിലും ചന്ദ്രരേഖ എങ്ങനെ തിരകളെക്കൊണ്ടോ അതുപോലെ സലിലശിഖിനഭസാദാദികളായ മൂർത്തികളെക്കൊണ്ട് അനേകയായ് തോന്നുന്നുവോ, ആ ദേവത ഞങ്ങളെ രക്ഷിക്കട്ടെ." അനന്തരം കവി നിർമ്മത്സരന്മാരായ വിദ്വാന്മാരെ നമസ്കരിക്കുകയും, രഘുവംശാദികാവ്യങ്ങൾ പോലെ സിംഹത്തിനുപോലും പൊട്ടിക്കുവാൻ പാടില്ലാത്ത നായാട്ടുവലകൾ കിടക്കുമ്പോൾ താൻ വെറും ഒരു ലൂതാതന്തു (ചിലന്തിവല)വാണ് രചിക്കുന്നതെന്നു വിനയം പ്രകടിപ്പിക്കുകയും ചെയ്യുന്നു.

ദാമോദരച്ചാക്കിയാരുടെ ജന്മഭൂമി ഏതെന്നു കാവ്യത്തിൽ പ്രസ്താവിച്ചു കാണുന്നില്ല. എന്നാൽ ൧൧൧൨-ാമാണ്ടു ചിങ്ങമാസം ൩൦-ാം-യിലെ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ പണ്ഡിതർ ഈ. വി. രാമൻനമ്പൂരി പ്രസിദ്ധീകരിച്ചിട്ടുള്ള ഒരു ഉപന്യാസത്തിൽനിന്ന് അദ്ദേഹം മാങ്ങാനത്തെ ചാക്കിയാർ കുടുംബത്തിലെ ഒരു അംഗമായിരുന്നു എന്നും നാവായിക്കുളത്തു ശങ്കരനാരായണമൂർത്തി ആ കുടുംബത്തിന്റെ പരദേവതയാണെന്നും ആ കുടുംബത്തിന് അരിപ്പാട്ടിനും കണ്ടിയൂരിനും സമീപത്ത് ഒരു ഗൃഹമുണ്ടായിരുന്നുവെന്നും പ്രസ്താവിച്ചിരിക്കുന്നു. രാമൻനമ്പൂരി അവർകളുടെ ഉപന്യാസത്തിനു വിഷയീഭവിച്ച ഗ്രന്ഥം ഒരു പഴയ മണിപ്രവാളചമ്പുവാണ്. അതിൽ ഏഴ് ഓലകൾ മാത്രമേ കണ്ടെടുത്തിട്ടുള്ളു; അതുതന്നെയും ഗവേഷണകുശലനായ വിദ്യാഭൂഷണൻ തിരുവനന്തപുരം വെങ്കടരാമശർമ്മാവിന്റെ അഭിനന്ദനീയമായ പ്രയത്നത്തിന്റെ ഫലമാണ്. ഈ ഓലകൾ ഞാനും വരുത്തിനോക്കി. കണ്ടുകിട്ടിയ ഭാഗത്തിൽനിന്നു ഗ്രന്ഥത്തിലെ വിഷയം കായംകുളത്തു കേരളവർമ്മരാജാവു കുട്ടത്തിയെന്ന വനിതാരത്നത്തെ വിവാഹം ചെയ്യുന്നതാണെന്നു വിശദമാകുന്നു. "അത്രത്യോയം നിഖിലവിദ്യാപാരദൃശ്വാ ദാമോദരാഭിധാനോ ഭരതാചാര്യ ഇതി വിജ്ഞായ" എന്നൊരു പ്രസ്താവന അതിൽ കാണുന്നതിൽനിന്ന് പ്രസ്തുതചമ്പുവും ദാമോദരച്ചാക്കിയാരുടെ കൃതിതന്നെയാണെന്നു തെളിയുന്നുണ്ട്.

മംഗലാചരണവും മററും കഴിഞ്ഞു കണ്ടിയൂർനഗരത്തിന്റെ വർണ്ണന ആരംഭിക്കുന്നു.

"യത്രത്യേന ജഗൽകൃതാ യദുവൃഷാ-
സ്സംഘോഷയന്ത്യാത്മന-
സ്സാനാഥ്യം സമരാപരാങ്മുഖതമാ-
സ്തേ സമ്മതാഃ കാഥകൈഃ



Digitized By Kerala Sahitya Akademi

ക്ഷ്ണോയൽസ്തുതിഹേതുരസ്തി; വിദിത-
ന്തൽ കേരളേഷ്വാതതം
ശൈവം ധാമ സുധാമ ശൈവലപുരം
നാമാശ്രയശ്ശ്രേയസാം.

x x x x

പാദാദ്യൈഃ പരിതസ്സുധാതിധവളൈ-
ര്യത്തുംഗദേവാലയൈഃ
പ്രാസാദസ്ഫടികാചലഃ പരശിവാ-
വാസസ്സമാപീയതേ;
കേതോർമ്മൂർദ്ധ്നി സൌരഭേയവൃഷഭോ
യസ്മിൻ ദരീദൃശ്യതേ
ധർമ്മോ വിഗ്രഹവാൻ യഥാ കലിബലാ-
ദേകാംഘ്രിരീശം ഭജൻ.

നക്തം കോവിദനർത്തകീവിരചിതം
നാട്യം രസൈകാഗ്ര്യതോ
ദൃഷ്ട്വാ നിർന്നിമിഷാഃ പ്രസന്നവദനാ-
നിഷ്പന്ദതാമാഗതാഃ
തത്സംസ്കാരബലാൽകൃതാ ഇവ ദിവാ-
പ്യാഭാന്തി ഭിത്ത്യാദികേ
യത്രാലേഖ്യഗതാശ്ച ദൈവതഗണാ-
ന്നൃത്താലയേ നിത്യശഃ.''

ഈ പദ്യങ്ങളിൽ സമരവിജയികളായ കായംകുളം രാജാക്കന്മാർ ജഗൽകർത്താവായ ശ്രീപരമേശ്വരനാൽ തങ്ങൾ സനാഥന്മാരെന്നു കാണിച്ചു കാഹളമൂതുന്നു എന്നും, കൈലാസം പോലെയുള്ള (ശൈവലപുരം) കണ്ടിയൂരിനു ചുററും പർവ്വതപർവ്വതങ്ങൾപോലെ അനേകം ദേവാലയങ്ങൾ ശോഭിക്കുന്നുണ്ടെന്നും, ആ ക്ഷേത്രത്തിലെ കൊടിമരത്തിൻെറ ഉപരിഭാഗത്തുള്ള ദിവ്യവൃഷഭവിഗ്രഹം വിഗ്രഹത്തോടുകൂടിയ ധർമ്മം കലിയുഗത്തിൽ ഒററക്കാലിൽനിന്നു (കലിയുഗത്തിൽ ചതുഷ്പാത്തായ ധർമ്മത്തിനു് ഒരു കാലേയുള്ളു എന്നു ശാസ്ത്രം) തപസ്സുചെയ്യുന്നതുപോലെ കാണപ്പെടുന്നു എന്നും, ആ ക്ഷേത്രത്തിൽ ദേവദാസികൾ ചെയ്യുന്ന നൃത്തം കണ്ടു വശീകൃതരായ ദേവന്മാർ ചിത്രരൂപത്തിൽ അതിൻെറ ഭിത്തികളിൽ നിശ്ചലന്മാരായ് എന്നും സ്ഥിതി ചെയ്കയാണോ എന്നു

Digitized By Kerala Sahitya Akademi

തോന്നിപ്പോകുമെന്നും മററും കവി വണ്ണിക്കുന്നു. കണ്ടിയൂരുത്സവത്തിൽ എഴുന്നള്ളിപ്പിൻേറയും ആനകളുടേയും മററും വണ്ണനവും ഈ ഘട്ടത്തിലുണ്ട്. അവിടത്തെ വേശ്യാസ്ത്രീകളുടെ ഒരു ചിത്രണമാണ് താഴെക്കാണുന്ന ശ്ലോകം.

"വ്യാലോലൈരളകൈവ്വിശാലചപലൈ-
    ന്നേത്രൈവ്വികീർണ്ണാമൃതൈ-
രാലാപൈവ്വിതതോന്നതൈഃ സ്തനതടൈ-
    വ്വിഭ്രുന്നിരൈമ്മദ്ധ്യമൈഃ
വിസ്തീണ്ണൈജ്ജഘനൈവ്വിശേഷവിപുലൈ-
    വ്വൃത്തോജ്ജ്വലൈരൂരുഭി-
വ്വ്യാപ്ത്യാ പാദരുചാഞ്ച വേശവനിതാ-
    ബദ്ധ്നന്തി യസ്മിൻ വിടാൻ."

കുറുങ്കടി ഉണ്ണിക്കളത്രും എന്ന ഒരു വേശ്യയേപ്പററി ഞാൻ മുൻപുതന്നെ പ്രസ്താവിച്ചുവല്ലോ. കേരളത്തിലെ അനേകം ക്ഷേത്രങ്ങളിൽ പണ്ടത്തെ കാലങ്ങളിൽ നൃത്തഗീതാദ്യുപചാരങ്ങൾക്കു ദേവദാസികളെ നിയമിച്ചിരുന്നതായ് ശിലാശാസനങ്ങളിൽനിന്നു വിശദമാകുന്നുണ്ട്. ഈ ശ്ലോകം ശുകസന്ദേശത്തിലെ ശബ്ദസുന്ദരമായ

"തത്സേവാർത്ഥം തരുണസഹിതാസ്താമ്രപാദാരവിന്ദാ-
സ്താമ്യന്മദ്ധ്യാസ്തനഭരനതാസ്താരഹാരാവലീകാഃ
താരേശാസ്യാസ്തരളനയനാസ്തജ്ജിതാംഭോദകേശ്യ-
സ്തത്രാഢ്യാസ്സ്യുസ്തബകിതകരാസ്താലവൃന്തൈസ്തരുണ്യഃ."

എന്ന പദ്യത്തിൻെറ ഒരനുകരണം പോലെ തോന്നുന്നു.

അനന്തരം അക്കാലത്തു കായംകുളം ഭരിച്ചിരുന്ന വീരകേരളവമ്മരാജാവിനെ കവി വണ്ണിക്കുന്നു.

"തസ്മിന്നാസീൽ പ്രശസ്തേ ത്രിജഗതി മതിമാൻ
    ശേഖരഃ കേരളാനാം
ദിക്ചക്രേ വിക്രമാവിഷ്കൃതജയപടഹഃ
    കേരളോ നാമ രാജാ
യസ്യാസ്ത്രൈഭ്ഗ്നശേഷാ രണഭുവി വി-
    മുഖാശ്ശത്രവോ മുക്തശസ്ത്രാ-
ശ്ചക്രുഃ കാന്താരകന്ദോൽഖനനസഹകരം
    ശസ്ത്രമേവാത്മഹസ്തേ."

Digitized By Kerala Sahitya Akademi

"ആ കണ്ടിയൂരിൽ കേരളത്തിന്ന ശിരോലങ്കാരവും സകലദിക്കുകളിലും ജയഭേരി മുഴക്കുന്നവനുമായ കേരളനെന്ന രാജാവുണ്ടായി. അദ്ദേഹത്തോടു പോക്കളത്തിൽ തോറേറാടിയ ശത്രുക്കാക്ക് അവരുടെ ആയുധങ്ങാ കാട്ടിൽ കിഴങ്ങുകറ മാന്തുന്നതിന്ന മാത്രം ഉപയോഗപ്പെട്ടു". വേറെയും ഒട്ടുവളരെ പദ്യങ്ങാ ആ രാജാവിൻെറ പ്രതാപത്തേയും കീത്തിയേയും പ്രപഞ്ചനം ചെയ്യുന്നവയായ് ഗ്രന്ഥത്തിലുണ്ട്. വിസ്തരഭയത്താൽ ഞാൻ അവയിൽ ഒന്നും തന്നെ ഇവിടെ ഉദ്ധരിക്കുന്നില്ല. അദ്ദേഹം ഗുരുശുക്രന്മാരെപ്പോലെ നീതിശാസ്ത്രവിശാരദനും സദസ്സിൽ വാചസ്പതിക്കുപോലും യുക്തിമാർഗ്ഗങ്ങാ ഉപദേശിക്കുവാൻ സമത്ഥനും വിശിഷ്യ ഒരു വലിയ സാഹിത്യരസികനുമായിരുന്നു എന്നും കവി പ്രസ്താവിക്കുന്നു. കാത്തവീര്യാജ്ജുനനെപ്പോലെ പ്രകൃതിരഞ്ജകനായിരുന്ന ആ മഹാത്മാവിന്ന "വൈരം ന കാപി വിപ്രൈരുദിതമിതി മഹാനസ്യ തസ്മിൻ വിശേഷഃ" ബ്രാഹ്മണരോടു് ഒരിടത്തും വിരോധമുണ്ടായില്ലെന്നു് ഒരു വലിയ വ്യത്യാസമുണ്ടായിരുന്നു.

"ഇതി വിവിധഗുണാളീവിഭ്രമാരാമഭൂമൌ
വിരജസി പുരഭാജാമുത്സവേ സവ്വദൈവ
യദുജനപദനാഥേ പാലയത്യാത്മരാജ്യം
സമഹസി സകലേയം ഭൂസ്തദൈകാദികാഭൂൽ."

"ഇങ്ങനെ അനേകഗുണങ്ങാക്കു വിലാസോദ്യാനവും സത്വഗുണശാലിയും പ്രജകാക്ക് എല്ലായ്പോഴും ആനന്ദപ്രദനും പ്രതാപശാലിയുമായ ആ യദുവംശരാജാവു (വീരകേരളൻ) കായംകുളം രാജ്യം പരിപാലിക്കുന്ന കാലത്തു ഭൂമി ഒരൊററബ്ഭത്താവിന് അധീനയായ് ഭവിച്ചു. കൃഷ്ണവീരൻ എന്ന പേരോടുകൂടിയ ഒരു ബ്രാഹ്മണനാണ് അദ്ദേഹത്തിൻെറ മന്ത്രിസ്ഥാനത്തെ അലങ്കരിച്ചതു്. വടക്കുംകൂർരാജ്യക്കാരനായിരുന്നു ആ മന്ത്രി.

"ഭൂതിഃ സ്ഥിരാ യത്ര നയസ്യ, നാമ്നാ
ധീരഃ ശ്രുതോ യോ ഭുവി കൃഷ്ണവീരഃ
സോഥ ദ്വിജന്മാ നിജരാജ്യതന്ത്ര-
സാരഥ്യകൃത്യേ വരയാഞ്ചകാര."

ഞാൻ മുൻപു സൂചിപ്പിച്ച മണിപ്രവാളചമ്പുവിൽ "പൂതികൊട്ടെന്നു ഭൂതലേ ഗീതകീത്തിവിലാസോ നീതിശാസ്ത്രനിഷ്ണാതഃ കൃഷ്ണാ

Digitized By Kerala Sahitya Akademi

ഭിധാനോ ഭാതി മന്ത്രിമുഖ്യഃ'' എന്നു് ഒരു പ്രസ്താവന കാണുന്നു. ഈ കൃ ഷ്ണൻ കട്ടത്തുനാട്ടിയിൽ പൂതികോട്ട് എന്ന ഭവനത്തിലെ ഇളയതന്മാരിൽ ഒരാളായിരുന്നു എന്നു ശ്രീമാൻ നമ്പൂരി പറയുന്നതു ശരിയാണു്.

പിന്നീടു തൻെറ സ്വസൃതനയൻ (അനന്തരവൻ) ആയ യുവരാജാവിൽ രാജ്യഭാരത്തെ അവരോപണം ചെയ്തിട്ടു വീരകേരളൻ തൃതീയ പുരുഷാർത്ഥത്തെ സേവിച്ചു. ഇതോടുകൂടി പ്രഥമസർഗ്ഗം അവസാനിക്കുന്നു.

രണ്ടാമത്തെ സർഗ്ഗം

"അജനി ഗിരിശഗേഹാത്തസ്യ പാശ്ചാത്യഭാഗേ
ത്രിജഗദുരുസമജ്ഞേ സംജ്ഞയാ വത്സതീരേ
ധരണികമിതുരിഷ്ടാ നർത്തകീനാം വരിഷ്ഠാ
കടിലദൃഗഥ ഉണ്ണുനീലി നാമ്നാ പ്രസിദ്ധാ.''

എന്ന ശ്ലോകംകൊണ്ടു് ആരംഭിക്കുന്നു. കണ്ടിയൂർ ക്ഷേത്രത്തിൻെറ പടിഞ്ഞാറുഭാഗത്തായ് സകലദേശങ്ങളിലും കീർത്തി പരത്തിക്കൊണ്ടു വത്സതീരം (ചെറുകര) എന്ന വീട്ടിൽ രാജാവിൻെറ പ്രണയിനിയായ് നൃത്തകുശലയായ ഉണ്ണുനീലി എന്ന മഹിളാരത്നം ജീവിച്ചിരുന്നു. ഉണ്ണുനീലി എന്ന പദം കുട്ടത്തി എന്ന മലയാളപദം സംസ്കൃതീകരിച്ചതാണെന്നു തോന്നുന്നു. ഉണ്ണുനീലിസന്ദേശകാലത്തു ജീവിച്ചിരുന്ന ചെറുകരക്കുട്ടത്തിയുടെ പേർ ഞാൻ മുൻപു പ്രസ്താവിച്ചുവല്ലോ. ആ പ്രസ്താവനയുള്ള ശ്ലോകം അച്ചടിച്ച ഗ്രന്ഥത്തിൽ അബദ്ധമായിട്ടാണു് കാണുന്നതു്. സുബദ്ധമായുള്ള പാഠം താഴെ ഉദ്ധരിക്കുന്നു.

"മാറേററും നൽക്കനകകലശം വെൻെറ ചോർകൊങ്ക താങ്ങി-
ക്കാറേറാടാട്ടം നടുവു കുലയഃപ്പാന്നു നിൻമുൻപിൽ വന്നു്
കോറേറൻവെല്ലുംമൊഴി ചെറുകരെച്ചേർന്ന കുട്ടത്തി നിന്നെ
പ്പോററീ, വൈകിച്ചരുളുകിലെനിക്കൊട്ടു വല്ലായ്മയുണ്ടു്.''

ആ നായികയുമൊന്നിച്ചു പന്ത്രണ്ടുവർഷം രാജാവു നിമിഷം പോലെ കാലയാപനം ചെയ്തു എങ്കിലും

''തദപി സദൃശകന്യോൽപത്യഭാവാത്തദുച്ചൈ-
രജനി മിഥുനമാധിധ്യാനമുദ്രാനുബദ്ധം.''

തങ്ങൾക്കു് അനുരൂപയായ ഒരു പുത്രി ജനിക്കാത്തതുനിമിത്തം ആ ദമ്പതിമാർ അത്യന്തം ദുഃഖിതരായിരുന്നു. ആ വിവരം

Digitized By Kerala Sahitya Akademi

"അബ്ധ്യന്തരീപപുരതസ്സുചിരാന്നിവൃത്തഃ
ശുശ്രാവ തൽ പ്രകൃതിസംസദി കൃഷ്ണവീരഃ."

കടുത്തുരുത്തിയിൽ പോയ് വളരെ കാലം കഴിഞ്ഞു തിരിച്ചുവന്ന മന്ത്രിസത്തമനായ കൃഷ്ണവീരൻ പ്രജാസദസ്സിൽവച്ചു കേട്ടു ഉടൻ വത്സതീരത്തിൽ പോയ് രാജാവിനെക്കണ്ടു് അദ്ദേഹത്തിന്റെ കുലദേവതയായ കണ്ടിയൂർ ശ്രീപരമേശ്വരനെ നാലുമാസകാലത്തേക്കു കന്യാലാഭത്തെ പുരസ്കരിച്ചു ഭജിക്കുവാൻ ഉപദേശിക്കുകയും അതിനുള്ള ചടങ്ങുകൾ ഗ്രഹിപ്പിക്കുകയും ചെയ്തു. ഈ ഭാഗത്തിൽ വേദാന്തപ്രതിപാദകങ്ങളായ അനേകം പദ്യങ്ങൾ കാണുന്നു.

"ഐശ്വര്യമന്യദമിതാംഗനമസ്തസംഖ്യ-
മാതംഗതുംഗതുരഗാദ്യപി ഭംഗുരം സ്യാൽ;
വേതണ്ഡചർമ്മകപിലാക്ഷികപാലസർപ്പ-
വാമാർദ്ധഭസ്മശബളാകൃതി ശാശ്വതഞ്ച.
സൗന്ദര്യസമ്പദഭിജന്മബലപ്രതാപ-
സൗഭാഗ്യവിക്രമമതിശ്രുതശൗര്യവീര്യൈഃ
യസ്യാവലേപമഹിമാ ബഹുമാനപാത്രം
നിശ്ചേയമേവ ശിവപാദരജോസ്യ ശീർഷേ."

"അനവധി സ്ത്രീകൾ, ആന, കുതിര, ഇത്യാദിവസ്തുക്കളോടുകൂടിയ മററു വിധത്തിലുള്ള ഐശ്വര്യങ്ങളെല്ലാം നശിച്ചുപോകുന്നതാണു്; ആനത്തോൽ, തീകൊണ്ടു കപിലവർണ്ണമായ മൂന്നാം തൃക്കണ്ണു്, തലയോടു്, വാസുകി, പാർവ്വതിയാകുന്ന വാമഭാഗം, ചാമ്പൽ ഇവയെല്ലാം ചേർന്ന മൂർത്തി, അതായതു സാക്ഷാൽ പരമശിവൻ, ഒന്നു മാത്രമേ ശാശ്വതമായുള്ളൂ. സൌന്ദര്യം, ഐശ്വര്യം, ഉൽകൃഷ്ടകുലം, ബലം, പ്രതാപം ഇത്യാദി സിദ്ധികളുടെ തള്ളിച്ചകൊണ്ടു് ആരെങ്കിലും ലോകത്തിൽ ബഹുമതനായ് ജീവിക്കുന്നുണ്ടെങ്കിൽ അവന്റെ ശിരസ്സിൽ ആ ഭഗവാന്റെ പാദധൂളി കിടക്കുന്നുണ്ടെന്നു് (അതായതു് അയാൾ ശിവനെ ഭജിച്ചിട്ടുണ്ടെന്നു്) നിശ്ചയിച്ചുകൊള്ളണം."

"തം യാഹി വീര! ശരണം ജഗതാം ശരണ്യം;
സമ്പൂജയസ്വ ച യഥാവിധി ഗന്ധമുഖ്യൈഃ;
കന്യാം തതസ്തവ കരേ ഭഗവാൻ ദയാർദ്ര-
സ്സന്ന്യാസവൽ പ്രവിതരിഷ്യതി തൂർണമേവ."

Digitized By Kerala Sahitya Akademi

"ലോകശരണ്യനായ ആ ശ്രീപരമേശ്വരനെ ശരണം പ്രാപിച്ചു തന്തിരുവടിയെ ചന്ദനാദിവസ്തുക്കൾകൊണ്ടു യഥാവിധി പൂജിക്കുക; അപ്പോൾ അവിടുന്നു ദയാർദ്രനായ് കന്യകയെ ഒരു വിശിഷ്ടമായ ന്യാസദ്രവ്യംപോലെ അങ്ങേയ്ക്കു വേഗത്തിൽ തരും." ഇത്തരത്തിലുള്ള ഉപദേശങ്ങൾ കേട്ടു ശിവഭജനത്തിനായ് രാജാവു പുറപ്പെടുന്നതോടുകൂടി രണ്ടാം സർഗ്ഗം സമാപ്തമാകുന്നു.

മൂന്നാം സർഗ്ഗത്തിൽ രാജാവിന്റെ ശിവഭജനമാണ് കവി വർണ്ണിക്കുന്നതു്. സംസാരത്തിന്റെ നിസ്സാരതയെപ്പററി പൂർണ്ണബോധം വന്ന് അദ്ദേഹം ശിവനെ താഴെക്കാണുന്ന വിധത്തിൽ സ്തുതിക്കുന്നു.

"ഇത്യേവം വിലപിത്വോച്ചൈർഭക്ത്യുന്മത്തമനാസ്തദാ
ശൈവാലപുരനാഥന്തം തുഷ്ടസ്തുഷ്ടാവ ഭൂപതിഃ:
ജയ ശംഭോ, ജയോദഗ്രത്തജാഹ്നവീഭംഗശേഖര;
ജയ മുണ്ഡാവലീക്ലൃപ്തമുക്താഹാര മഹേശ്വര;
ജയ സർവ്വാംഗലഗ്നോരുദന്ദശൂകേശശൂൽകൃതേ;
ജയ കശ്മീരജപ്രേഷ്ഠചിതാഭസ്മവിലേപന;
ജയ കാഷ്ഠാകരിവ്യാഘ്രത്വക്പുഷ്ടാംശുകവേഷ്ടന;
ജയ നീലഗളായുഗ്ദൃഗസാധാരണലക്ഷണ;
ജയ സിന്ധുരവോഗ്രാട്ടഹാസൈകാത്താരിസിന്ധുര;
ജയ ചന്ദ്രകരാർദ്രാക്ഷിജ്വാലാധൂമാത്തചന്ദ്രക;
ജയ താമരസാക്ഷേന്ദ്രപാല്യതാപാത്രിതാമര;
ജയ ചാപലതാദഗ്ദ്ധത്രിപുരീദർപ്പചാപല;
ജയ ഗൌരവപുർദ്ധാമധ്വസ്തതാമസഗൌരവ;
ജയ സാരസദൃപ്താത്മസരസ്സത്മാംഘ്രിസാരസ."

ഈ ശ്ലോകങ്ങളുടെ ശബ്ദമാധുര്യം ഏററവും പ്രശംസനീയമായിരിക്കുന്നു. അടിയിൽ ഉദ്ധരിക്കുന്നതു് ആ സ്തുതിയിലെ മറെറാരു ഭാഗമാകുന്നു.

"നമസ്ത്വൽപാദപത്മായ പാതാളത്വമുപേയുഷേ;
നമോസ്തു ബ്രഹ്മലോകായ ത്വന്മൂർദ്ധ്നേ മുക്തിഹേതവേ;
നമസ്ത്വദംഘ്രിദണ്ഡാഭ്യാം ധരണ്യൈ സാഗരായ ച;
നമസ്താവകബാഹുഭ്യാമനലായാനിലായ ച;
നമസ്ത്വൽകക്ഷയേ നിത്യം നഭസേ വൈഭവസ്പൃശേ;

Digitized By Kerala Sahitya Akademi

നമസ്തുഭ്യം പദനാബ്ജായ വേദശാസ്ത്രാഢ്യയായ ച;
നമസ്തുഭ്യം നയനത്രയൈ ജ്ഞാനസൂര്യേന്ദുവർഷ്മണേ;
നമസ്തുഭ്യം ദന്തസന്തത്യൈ നക്ഷത്രാവലയേ മുഹുഃ;
നമസ്തുഭ്യം അസ്ഥിവ്രാതായ കുലശൈലകലാത്മനേ;
നമോ നാഡീതതിഭ്യസ്തേ നദീഭ്യശ്ചാപ്യനാരതം;
നമസ്തുഭ്യം മന്ദഹാസായ വിദ്യുത്ത്വപരിണാമിനേ;
നമസ്തുഭ്യമട്ടഹാസായ മേഘസ്തനിതമൂർത്തയേ;
നമസ്തുഭ്യമാത്മനേ നാഥ, സർവ്വമന്ത്രഗണാത്മനേ;
നമസ്തുഭ്യം ദേഹായ സർവ്വദൈവതരാശയേ''

വിരാഡ്രൂപനായ ഭഗവാന്റെ കാലടി പാതാളം; മൂർദ്ധാവു ബ്രഹ്മലോകം; കാലുകൾ ഭൂമിയും സമുദ്രവും; കൈകൾ അഗ്നിയും വായുവും; കുക്ഷി ആകാശം; മുഖം വേദശാസ്ത്രങ്ങൾ; മൂന്നു കണ്ണുകൾ ജ്ഞാനവും സൂര്യചന്ദ്രന്മാരും; പല്ലുകൾ നക്ഷത്രങ്ങൾ; അസ്ഥികൾ കുലശൈലങ്ങൾ; നാഡികൾ നദികൾ; പുഞ്ചിരി മിന്നൽ; അട്ടഹാസം ഇടി; ആത്മാവു മന്ത്രഗണം; ദേഹം ദേവസമൂഹം.

ഇത്തരത്തിൽ പല വിധത്തിലുള്ള സ്തോത്രങ്ങൾ കേട്ടു ഭക്തവത്സലനായ ശ്രീപരമേശ്വരൻ പ്രസന്നനായ് പ്രത്യക്ഷീഭവിക്കുന്നു.

"അഥപ്രാസാദഭൂഗർഭഗൃഹോദരമഹാമുഖാൽ
ഘനാഘനമഹാമേഘഹുങ്കാരാഢ്യാനസന്നിഭഃ;
കമ്പയന്നിവ സർവ്വോർവ്വീം ഭിന്ദാന ഇവ സാഗരാൻ
ഉത്സാരയന്നിവാകാശമാശാഃ പ്രസ്ഫോടയന്നിവ;
ആധൂനയന്നിവ ചേതാംസി സർവ്വേന്ദ്രിയവിമോഹനഃ
ശുശ്രുവേ സുമഹാൻ നാദോ ദിഗ്ഗജോന്മാദമർദ്ദനഃ;
കമ്പോദപൃത്താബ്ധികല്ലോലകലഹാക്രന്ദമേദുരഃ
ശബ്ദസ്സ്യബാധവാഗ്നേരപ്യാസീദീഷദ്ബിഭീഷികാ."

അനന്തരം ഗർഭഗൃഹത്തിൽനിന്നു ഭയങ്കരമായ ഇടിനാദംപോലെ ഒരു ശബ്ദം കേൾക്കപ്പെട്ടു. അതു ഭൂമിക്കു മുഴുവൻ ഇളക്കം തട്ടിക്കുന്നതും സാഗരങ്ങളെ ഭേദിക്കുന്നതും ആകാശത്തെ പറപറപ്പിക്കുന്നതും ദിക്കുകളെ പിളക്കുന്നതും ഹൃദയങ്ങളെ വിറപ്പിക്കുന്നതുമാണോ എന്നു തോന്നി; ആ ശബ്ദം ബാഡവാഗ്നിക്കുപോലും അല്പം ഭീതി നല്കുന്നതിനു പര്യാപ്തമായിരുന്നു. അതുകഴിഞ്ഞു "ഗംഭീരമധുരവും" "ഭേരീനാദാ

Digitized By Kerala Sahitya Akademi

ന്നകാരി''യുമായ ഒരു ശബ്ദം വീണ്ടും കേട്ടു. അതു ഭഗവാന്റെ അരുളപ്പാടായിരുന്നു.

"വത്സ, ദകരള്ലഭ്രപീഠകേതോ, ഹേ വീരകേരള,
ഭദ്ര, ജാഗ്രഹി ഭദ്രായ ചിരായേഹ പരത്ര ച.
x x x x
കന്യാ സുദർല്ലഭാ വത്സ, മൽപ്രസാദം വിനാ തവ;
താം പ്രയച്ഛാമ്യഹം തുഭ്യം; വന്ധ്യാ യാച്ഞാ ന മജ്ജുഷഃ;
മമാംശഃ കേരളാവന്യാമസ്തി കശ്ചന മാനവഃ;
പുരൈവ വിപ്രകാര്യാൎത്ഥമവതീൎണ്ണസ്സ പുണ്യധീഃ;
മൽകാമിനീ തഥാ ഗൌരീ തൽകന്യാത്വമുപേയുഷീ
അചിരേണൈവ വീരസ്യ തസ്യ ഭാൎയ്യാ ഭവിഷ്യതി."

"അല്ലയോ വത്സ, കേരളഭ്രപീഠത്തിന്ന കൊടിമരംപോലെ ഉൽകൃഷ്ടനായ് ശോഭിക്കുന്ന വീരകേരള, നീ ഐഹികവും ആമുഷ്മികവുമായ ഭദ്രത്തെ കാത്തിരിക്കുക. എന്റെ പ്രസാദം കൂടാതെ നിനക്കു പുത്രീലാഭം ഏററവും പ്രയാസമാണ്. ഞാൻ നിനക്ക് ഒരു പുത്രിയെ ദാനം ചെയ്യുന്നു. എന്റെ ഭക്തന്മാരുടെ പ്രാൎത്ഥന ഒരിക്കലും വ്യർത്ഥമാകുന്നതല്ല. എന്റെ അംശാവതാരമായ് കേരളത്തിൽ ഒരു മനുഷ്യൻ ഇപ്പോഠം ജനിച്ചിട്ടുണ്ട്. എന്റെ പ്രേയസിയായ പാൎവ്വതീദേവി നിന്റെ പുത്രിയായ് ജനിച്ച് അചിരേണ അവന്റെ ഭാൎയ്യയായ് ഭവിക്കും" എന്നരുളിച്ചെയ്തു ശ്രീപരമേശ്വരൻ അന്തർദ്ധാനം ചെയ്കയും അതോടുകൂടി രാജാവു സന്തുഷ്ടനാകുകയും ചെയ്തു. ഇതാകുന്നു മൂന്നാം സൎഗ്ഗത്തിലെ കഥ.

സൎവ്വാങ്ഗസുന്ദരിയായ കന്യകയുടെ ജനനമാകുന്നു നാലാം സൎഗ്ഗത്തിലെ പ്രതിപാദ്യവിഷയം. ഗൎഭസ്ത്രീയുടെ ദൌഹൃദവൎണ്ണനംകൊണ്ട് ആ സർഗ്ഗമാരംഭിക്കുന്നു. 'ഉണ്ണിയാടി'യെന്ന കുലക്രമാഗതമായ നാമധേയം ദമ്പതിമാർ ശിശുവിന്നു നല്കുന്നു.

"സദ്യോകാർഷീൽ ഭൃശമഭിവൃതാമ്മംഗലൈരാഖ്യയാ താം
കല്പാപായേപ്യതനുയശസം കന്യകാമുണ്ണിയാടീം."

ഉണ്ണിയാടി വേഗത്തിൽ സങ്ഗീതസാഹിത്യങ്ങളിലും വിവിധശാസ്ത്രങ്ങളിലും വിദഗ്ദ്ധയായിത്തീരുന്നതു കവി താഴെക്കാണുന്ന പദ്യങ്ങളിലും മററും വൎണ്ണിക്കുന്നു.



Digitized By Kerala Sahitya Akademi

"പഞ്ചാബ്ദാന്താൽ സപദി പുരതഃ ക്ഌപ്തചൌളക്രിയാഥോ
വർണ്ണേ പദ്യേ പദസമുദയേ പ്രാപ വാക്യേപി ശിക്ഷാം;
നാസൌ നാനാഭരണനിവഹൈർമ്മണ്ഡിതാ കണ്ഠലേനാ-
പ്യാസീൽ; ഭൂയോധ്യഗമദഖിലാശ്ചാപി ഗാന്ധർവവിദ്യാഃ;

ശബ്ദേ ശിക്ഷാതിശയബലതശ്ശബ്ദമീമാംസകാനാം,
വാക്യാർത്ഥേതിപ്രസരഗതിഭിഃ പൂർവമീമാംസകാനാം,
അദ്വൈതാർത്ഥേ പടുമതിതയാ തത്ര ചാപ്യുത്തരേഷാം
വിസ്മേരത്വം വ്യധിത സതതം സാ വിശേഷേക്ഷകാണാം."

വിദ്യകൊണ്ടുതന്നെയാണ് ആ കുമാരി അലംകൃതയായിത്തീൎന്നു്; ആഭരണങ്ങളെക്കൊണ്ടല്ല. ഗാന്ധർവവിദ്യകളിലും (നൃത്തഗീതാദികളം) ശബ്ദശാസ്ത്രത്തിലും പൂർവോത്തരമീമാംസകളിലും കന്യക ആൎജ്ജിച്ച പാടവം അസാമാന്യമായിരുന്നു.

"അഥാസരതി യൌവനേ മദവിഭാവസോരിന്ധനേ
ഗുണാമനിമിഷേക്ഷണത്രിദശസന്തതേൎന്നന്ദനേ
സ്വബന്ധുഹരിചന്ദനേ തരുണധൈര്യവിഷ്യന്ദനേ
മഹീശതനയാ ബഭൌ മദനസൽഭടസ്യന്ദനേ."

എന്നു് ഉണ്ണിയാടിയുടെ യൌവനാരംഭസൂചനയോടുകൂടി ആ സൎഗ്ഗം കഴിയുന്നു.

അഞ്ചാം സൎഗ്ഗം രാജകുമാരിയുടെ സമഗ്രമായ സൌന്ദൎയ്യവൎണ്ണനത്തോടുകൂടിത്തുടങ്ങുന്നു.

"ന കേരളാഃ കേവലമന്യഭൂഭൃതോ-
പ്യമൂമുപശ്രുത്യ ഗുണൈസ്തഥാവിധാം
ജനാധിപം തം ജനകം മൃഗീദൃശോ
വ്യലോഭയൽ പ്രാഭൃതരത്നകോടിഭിഃ."

അത്തരത്തിൽ സകലഗുണഗണങ്ങൾക്കും സങ്കേതഭൂമിയായിത്തീൎന്ന ആ കന്യകയെ പരിഗ്രഹിക്കുന്നതിനുള്ള ആശയോടുകൂടി കേരളത്തിൽ മാത്രമല്ല അന്യദേശങ്ങളിലുള്ള രാജാക്കന്മാരും അനവധി ധനം കൊണ്ടു രാജാവിനെ പ്രലോഭനംചെയ്തു. ചിലർ യാച്ഞാപത്രങ്ങളയച്ചു; മററുചിലർ ഉപഹാരങ്ങളയച്ചു; വേറെ ചിലർ കണ്ടിയൂരിലേക്കു തന്നെ പുറപ്പെട്ടു ചെന്നു; രാജാവിൻെറ സൽകാരം സ്വീകരിച്ചു ഭഗ്നമനോരഥരായ് തിരിയെ പോകുകയും ചെയ്തു. ദേവന്മാർ സാക്ഷാൽ

Digitized By Kerala Sahitya Akademi

പാൎവ്വതീരൂപത്തിൽ കുമാരിയെക്കാണുകനിമിത്തം ദമയന്തിയിൽ അനാദരം ഉളവാക്കാൻ തക്ക വൈഭവത്തോടു കൂടിയവളാണെങ്കിലും ആ സ്ത്രീരത്നത്തെ നമസ്കരിക്കുക മാത്രമേ ചെയ്തുള്ളു.

പന്ത്രണ്ടാമത്തെ വയസ്സിൽ തന്നെ യൌവനാശ്ലിഷ്ടയായ പുത്രിയെ ആരെക്കൊണ്ടു വിവാഹം ചെയ്യിക്കണമെന്നുള്ളതിനെപ്പററി വലുതായ ഉൽകണ്ഠ പിതാവിനെ ബാധിക്കുന്നു.

"സുതാ മമ ദ്വാദശവത്സരാ; പരം
തദപ്യസൌ ഭാതി സമഗ്രയൌവനാ;
മനോരഥാനാം സകലസ്യ ലക്ഷ്യതാം
ഗതാ ച തൈസ്തൈഃ പ്രഥിതൈർമ്മഹാഗുണൈഃ.

പതിസ്സ കോ നാമ ഭവേദ്ഗുണോചിതഃ
പ്രഭുസ്തദസ്യാ വയസാ ച സാമ്യഭാക്?
ന കേവലം ഭൂവലയേ ജഗത്ത്രയേ
ഗുണൈസ്സമഗ്രഃ പുരുഷോ ന വിദ്യതേ.

തദല്പദോഷേ പുരുഷേ ഗുണാധികേ
സമൎപ്പ്യതേ ചേദിയമാത്മജാ കുചചിൽ
സ ച പ്രമാദോ ഭവിതാ; തഥാവിധം
മഹത്ത്വമസ്യാ ഹി ജഗത്സു സമ്മതം."

ഇപ്രകാരത്തിലായിരുന്നു അദ്ദേഹത്തിൻെറ ചിന്താഗതി. "മൂന്നു ലോകത്തിലും സമഗ്രഗുണനെന്നു പറയത്തക്ക ഒരു പുരുഷനെ കണ്ടുകിട്ടുവാൻ നിവൃത്തിയില്ല. ഗുണാധികനും അല്പദോഷനുമായിട്ടുള്ള ഒരു പുരുഷനോടു് ഈ കന്യകയെ യോജിപ്പിക്കുന്നതു പ്രമാദവുമാണു്. സാക്ഷാൽ പാൎവ്വതീദേവിയുടെ അവതാരമാണു് എൻെറ പുത്രിയെന്നു ശ്രീപരമേശ്വരൻ അരുളിച്ചെയ്തിട്ടുണ്ടു്. അവിടുന്നും അംശാവതരണംകൊണ്ടു ഭൂമിയെ ധന്യയാക്കീട്ടുള്ളതായു് കല്പിച്ചുവല്ലോ."

"സ കോ ഹി നാമ ക്വനു ചേതി നൈവ തു
പ്രതീയതേ സംവൃതലക്ഷണത്വതഃ
ഗുണൈസ്തതാസ്സന്തി നരാസ്തതസ്തതോ
ദ്വിജാതിരാജാദിമഹാകുലോദ്ഭവാഃ."

"എന്നാൽ ഭഗവദംശഭൂതനായ ആ മഹാനുഭാവൻെറ പേരെന്തെന്നോ അദ്ദേഹത്തിൻെറ ദേശമെന്തെന്നോ ഭഗവല്ലക്ഷണം ഗൂഢമാ

Digitized By Kerala Sahitya Akademi

കയാൽ അറിവാൻ കഴിയുന്നില്ല. ഉണോത്തരന്മാരായ പുരുഷന്മാർ ബ്രാഹ്മണവംശത്തിലും ക്ഷത്രിയവംശത്തിലും ജനിച്ചവരായ് അവിടവിടെയുണ്ട്. ഏതായാലും ഒരു സ്വയംവരത്തിൽ കന്യക തനിക്കു ബോധിച്ച വരനെ വരിച്ചുകൊള്ളട്ടെ എന്നു നിശ്ചയിക്കുന്നതാണു് ഉത്തമം."

"അലോകസാമാന്യഗുണാന്നരാധിപാ-
നിഹോപനേഷ്യാമ്യനഘൈസ്സഹാഗ്രജൈഃ
സഭാഗതേഷേ്വഷു സഭാജിതേഷ്വസൌ
മനസ്വിനീ വക്ഷ്യതി മേ മഹാഭരം."

"ലോകോത്തരഗുണശാലികളായ രാജാക്കന്മാരേയും ബ്രാഹ്മണരേയും ഞാൻ ഇവിടെ ആളയച്ചു വരുത്താം. അവരെ സഭയിൽ ഇരുത്തി ഞാൻ പൂജിച്ചുകഴിഞ്ഞാൽ എന്റെ വലിയ ഭാരത്തെ (വരനാരെന്നു നിശ്ചയിക്കുക എന്നുള്ളതു്) പുത്രിതന്നെ പറയുന്നതാണ്."

അങ്ങനെ തീച്ച്പ്പെടുത്തി, രണ്ടുമാസം കഴിഞ്ഞാൽ കുമാരിയുടെ സ്വയംവരം നടക്കുവാൻ പോകുന്നതായ് വീരകേരളവമ്മരാജാവു വിളംബരം പ്രസിദ്ധപ്പെടുത്തി. വൻകിടയിൽ ആ മഹാമഹത്തിനുവേണ്ട വട്ടങ്ങളെല്ലാം കൂട്ടി. ഇതോടുകൂടി അഞ്ചാം സർഗ്ഗം പൂർണ്ണമാകുന്നു.

സ്വയംവരാഘോഷത്തിനുള്ള സജ്ജീകരണംകൊണ്ടു് ആറാം സർഗ്ഗം ആരംഭിക്കുന്നു. കായംകുളത്തെ ഭടന്മാരെ കവി ഹൃദയങ്ഗമമായ രീതിയിൽ പ്രസ്തുതസന്ദർഭത്തിൽ വർണ്ണിക്കുന്നുണ്ടു്. ആ ഘട്ടത്തിലുള്ള ഒരു ശ്ലോകം താഴെ ചേർക്കാം.

"ഉത്തുംഗദീപ്തധനുഷശ്ശരധീർനിബധ്യ
ഹേമാഭിരാമകവചാഃ കതിചിൽ സുയോധാഃ
ആയൻ യയുശ്ച മുദിതാശ്ശുതശഃ പ്രതോല്യാ-
മേധസ്സമേധിതശിഖാ ഇവ ഹവ്യവാഹാഃ."

"മിന്നിത്തിളങ്ങുന്ന വില്ലു ധരിച്ചു് ആവനാഴി കെട്ടിത്തൂക്കി സ്വർണ്ണക്കിന്നരിവച്ച ഉടുപ്പുകളണിഞ്ഞു് അനവധി ഭടന്മാർ നിരത്തിൽക്കൂടി പോകുകയും വരികയും ചെയ്തുകൊണ്ടിരുന്നു; അവരെക്കണ്ടാൽ കത്തുന്ന വിറകുകൊണ്ടു വർദ്ധിച്ച ജ്വാലയോടുകൂടിയ അഗ്നികളാണോ എന്നുതോന്നും." കണ്ടിയൂരമ്പലത്തിലെ ഭേരി മുഴങ്ങി. രാജാക്കന്മാരും ബ്രാഹ്മണരും വിവാഹരങ്ഗത്തിൽ പ്രവേശിക്കുന്നതു കവി താഴെക്കാണുന്ന പ്രകാരത്തിൽ വർണ്ണിക്കുന്നു.

Digitized By Kerala Sahitya Akademi

"രംഗം നൃപാഃ പ്രവിവിശുസ്സ്വരിതാസ്തരംഗൈ-
രംഗീകൃതാംബുദരവൈഃ പ്രവരൈരരൈശ്ച
ദന്താവളൈശ്ച ബഹളാത്തമദൈരുപേത്യ
സിംഹാ യഥാ ത്രിദശശൈലഗുഹാം വിശാലാം.

വിപ്രേശ്വരാശ്ച മുദിതാഃ പ്രഥിതാഃ പൃഥിവ്യാം
വിദ്യാതപോഭിജനവീര്യധനാഭിമാനൈഃ
അഭ്യേത്യ വിസ്തൃതതമേത്ര യഥാവകാശം
ദീപ്താഗ്നിതുല്യമഹസോ ന്യവിശന്ത സന്തഃ."

"കുതിരകളിലും ആനകളിലുമായ്" അനേകം രാജാക്കന്മാർ ആ രങ്ഗത്തിൽ സിംഹങ്ങൾ എങ്ങനെ മഹാമേരുപവ്വതത്തിലെ വിശാല ഗുഹയിൽ പ്രവേശിക്കുമോ അതുപോലെ പ്രവേശിച്ചു. പലപ്രകാരത്തിൽ യോഗ്യന്മാരായ ബ്രാഹ്മണരും അവിടെ വന്നു യഥാവകാശം അവരവക്കുള്ള ആസനങ്ങളിൽ ഉപവിഷ്ടന്മാരായി. ജ്വലിക്കുന്ന അഗ്നിക്കു തുല്യമായ തേജസ്സോടുകൂടിയവരായിരുന്നു അവർ. കന്യക മങ്ഗലസ്നാനം കഴിഞ്ഞു സ്വയംവരത്തിനു സന്നദ്ധയായ് അന്തഃപുരത്തിലിരുന്നതു കവി താഴെക്കാണുന്ന വിധത്തിൽ വർണ്ണിക്കുന്നു.

"സാ ചാപി കേരളനൃപാലസുതാ വധൂഭിഃ
സ്നാതാ മഹാർഹവസനാഭരണാനുലേപാ
ശുദ്ധാന്തധാമ്നി ശുശുഭേ യദുരാജവീര-
ലക്ഷ്മീരിവാക്ഷിപഥഗാ നൃപതേഃ പ്രസന്നാ."

"സ്നാതയായ് വിശിഷ്ടങ്ങളായ വസ്ത്രാഭരണങ്ങളാലും ലേപനദ്രവ്യങ്ങളാലും അലംകൃതയായ ആ രാജകുമാരി, പ്രസന്നയായ് പ്രത്യക്ഷീഭവിച്ച കായംകുളം രാജാവിൻെറ ലക്ഷ്മിപോലെ ശോഭിച്ചു." അത്യന്തം മനോഹരമായ ഒരു പ്രസാധനവർണ്ണനം കവി അവിടെ ചെയ്യുന്നുണ്ടു്. അനന്തരം

"മാത്രാദരാദ്വിഹിതമംഗലസംവിധാനാ
മാന്യാഭിരപ്യപരപൌരനിതംബിനീഭിഃ
സൌധാത്തതോ നൃപസുതാ ധനതർപ്പിതാനാ-
മാശീശ്ശതൈർമ്മുഹുരവാരുഹദർച്ച്യമാനാ."

"മാതാവിനാലും മററു മാന്യകളായ പൌരസ്ത്രീകളാലും ചെയ്യപ്പെട്ട മങ്ഗലവിധാനത്തോടുകൂടിയ കന്യക ധനസമർപ്പണംകൊണ്ടു സന്തു

Digitized By Kerala Sahitya Akademi

ഷ്ടരായ ജനങ്ങളാൽ നിരവധി ആശിസ്സുകളെക്കൊണ്ടു് അച്ചിക്കപ്പെട്ടുന്ന വളായ് മാളികയിൽനിന്നിറങ്ങി മണ്ഡപത്തിലേക്കു പുറപ്പെട്ടു."

"അശ്വാനനന്ദഗതരീൻ ശിബികാം കരേണൂ-
രന്ദോളികാശ്ച ശുഭഘാടകരത്നചിത്രാഃ
ഹൃഷ്ടാസ്സമാരുരുഹുരാശു തതസ്സമന്താ-
ദസ്യാഃ പ്രസിദ്ധകുലജാ ഭുവി പൌരനാര്യഃ."

"മന്ദമായ് യാനം ചെയ്യുന്ന കുതിരകൾ, പല്ലക്കുകൾ, കുട്ടിയാനകൾ, അന്ദോളങ്ങൾ ഇവയിൽ കയറി പ്രസിദ്ധവംശങ്ങളിൽ ജനിച്ച അനേകം പൌരസ്ത്രീകൾ ഹൃഷ്ടകളായ് നായികയെ ചുഴന്നു പുറപ്പെട്ടു."

"കല്യാണി, കാമകലികേ, കവികാമധേനോ,
ഗാന്ധർവ്വകൌശലനിധേ, വസതേ കലാനാം,
സർവേശ്വരീത്യപി ച വന്ദിജനൈരഘവക്ത്രാ-
ദശ്രൂയതാശുഭുവി വാക്."

മേൽ കാണിച്ച വിധത്തിൽ വന്ദികൾ കുമാരിയെ പുകഴ്ത്തി.

"അഥാവരുഹ്യ യാദവീ പദൈവ പാദുകാവതീ
ജഗാമ രംഗസമ്മുഖം ഗുണാധികൈർവധൂഗണൈഃ;
അബാധിതേന വർത്മനാ മഹാജനേന ബിഭ്യതാ
ഘനാഭരക്ഷിഹുങ്കൃതിപ്രതോദവേത്രയഷ്ടിതഃ."

"ഒടുവിൽ കാൽനടയായ് ആ യാദവി (യദുരാജാവിന്റെ പുത്രി) കാലിൽ പാദുകയോടുകൂടി വീഥിവഴി വിവാഹമണ്ഡപത്തിലേക്കു പോയി. രക്ഷിജനങ്ങൾ ഹുങ്കാരം കൊണ്ടും കുതിരച്ചാട്ടകൊണ്ടും ചൂരൽവടി കൊണ്ടും ആ വീഥിയിൽ സന്ദർശകന്മാരുടെ പ്രവാഹത്തെ നിയന്ത്രണം ചെയ്തുകൊണ്ടിരുന്നു." നായികയുടെ രംഗപ്രവേശത്തോടുകൂടി ആറാം സർഗ്ഗം സമാപിക്കുന്നു.

സ്വയംവരവർണ്ണനമാണു് ഏഴാം സർഗ്ഗം. രാജകുമാരിയുടെ ഒരു ധാത്രി രാജലക്ഷ്മിക്കു കീർത്തിയെന്നപോലെ പരിസരത്തെ പ്രാപിച്ചു പല ബ്രാഹ്മണരുടേയും രാജാക്കന്മാരുടേയും അപദാനങ്ങളെ കീർത്തനം ചെയ്യുന്നു.

"വീര്യം തപോ ദേശമപി ദ്വിജാനാം
രാജ്ഞാഞ്ച വിദ്യാഭിജനാദികഞ്ച
ബാലാ പൃഥക് തദ്വദനാന്നിശമ്യ
വ്യാവർത്തിതാസ്യാ വിചചാര രംഗേ."

Digitized By Kerala Sahitya Akademi

"ബ്രാഹ്മണരുടെ വീര്യം, തപസ്സ്, ദേശം, രാജാക്കന്മാരുടെ വിദ്യ, കുലം മുതലായ ഗുണങ്ങൾ, ഇവയെല്ലാം ധാത്രിയുടെ മുഖത്തിൽനിന്നു കേട്ട് അവരിൽ അഭിനിവേശം ജനിക്കായ്കയാൽ കുമാരി രങ്ഗത്തിൽ പിന്നെയും മുന്നോട്ടു നടന്നു."

"പര്യുൽസുകാ യാ ഗഗനസ്രവന്ത്യാ-
ദീപ്രേണ മാണിക്യസരോരുഹേണ
സാ രാജഹംസീ കിമുപൈതി തൃപ്തിം
സാമാന്യസൌഗന്ധികകൈരവാദ്യൈഃ?"

"ഭാഗീരഥിയിലെ ഉജ്ജ്വലമായ മാണിക്യപത്മത്തിൽ അഭിനിവേശത്തോടുകൂടിയ രാജഹംസി സാധാരണങ്ങളായ സൌഗന്ധികം, ആമ്പൽ മുതലായ പുഷ്പങ്ങളെക്കൊണ്ടു തൃപ്തിപ്പെടുന്നതല്ലല്ലോ." പിന്നീട് ഉൽകൃഷ്ടന്മാരായ പല രംഗസ്ഥന്മാരേയും ചൂണ്ടിക്കാണിച്ച് അവരുടെ ഗുണഗണങ്ങളെ ധാത്രി വിജ്ഞാപനം ചെയ്തു. ആ വാക്യങ്ങളൊന്നും രുചിക്കാത്ത കന്യക പിന്നെയും മുന്നോട്ടു നടന്ന് ഒരു മഹനീയനായ രാജാവിൻെറ പുരോഭാഗത്തിലെത്തി അതാരെന്നു ചോദിച്ചു.

"തേഷാം ഗുണാൻ കോശബലാദികം വാ
ധാത്രീം നൃപാണാം വിനിവേദയന്തീം
കോസൌ മഹാസ്വീതി ശനൈഃപ്രസന്നാ
പപ്രച്ഛ കന്യാന്യതമം നരേന്ദ്രം.

x x x x

സ്തംഭസ്യ ഹൈമസ്യ തടിൽപ്രഭസ്യ
മൂലേ മൃഗേന്ദ്രാസനസന്നിവിഷ്ടം
തം രാജഹംസം യദുരാജപുത്ര്യൈ
ധാത്രീ തതസ്സാദരമാചചക്ഷേ.

x x x x

ആകർണയോച്ചൈഃ പ്രവിവൃത്യ കർണൌ
ഭൂപം ഭുവോ മണ്ഡനഭൂതമേനം;
ആദിത്യധാമ്നോപഘ്നസ്യ ലീനാ-
വിശേഷ ഗുണാ നൈവ ദൃശൈവ ദൃശ്യാഃ.

അധ്യാസ്തേ കേരളഭൂഭൃതോ യാം;
യസ്യാ യഥാർത്ഥൈവ മഹോദയാഖ്യാ;

Digitized By Kerala Sahitya Akademi

രാമാവൎമ്മേതി മുഖ്യതമാ പുരീ യാ;
താമാവസത്യേഷ ദിവം വൃഷേവ.

മന്യേ സ രാമോപ്യയമേവ രാമ-
വൎമ്മാഹ്വയഃ ക്ഷത്രമഹോനിധാനം;
ആജ്ഞാകൃതാമപ്യമിതത്വിഷോസ്യ
ഭ്രൂക്ഷേപവശ്യൈവ പുരന്ദരശ്രീഃ

നിസ്സീമമാഹോദയസത്മനോസ്യ
ദക്ഷോത്തരോദ്ദേശവിസാരി തേജഃ;
നാന്യോത്ര ഹേതുസ്തത ഏതദീയഃ
ഖ്യാതോ ബഹുവ്യാപ്തിതയാനപായഃ.

ശസ്ത്രാസ്ത്രശാസ്ത്രാതിശയാദശേഷ-
ക്ഷത്രശ്രിയഃ ക്ഷേത്രവദീക്ഷിതസ്യ
യസ്യോചിതൈസ്സൃഷ്ടിമുഖൈസ്ത്രപേരൻ
വ്യസ്തക്രിയാ ബ്രഹ്മമുഖാ ജനേഷു.

ഉത്സാഹതശ്ശൗൎയ്യദസ്തശത്രോ-
സ്ത്യാഗാധികത്വാച്ച സമസ്തപാത്രേ
വിശേഷാത്തരം യം കഥയന്തി വീരോ-
ദാരാഖ്യയാരാധ്യമതിം കവീന്ദ്രാഃ.

നൃക്ഷേണ സംലക്ഷിതലക്ഷണൌഘ-
ലക്ഷ്യഃ ക്ഷമീ രക്ഷിതസംശ്രിതശ്രീഃ
ലക്ഷ്മ്യാസ്സുതഃ പശ്യ സ രാമവൎമ്മാ
ലക്ഷ്മീവതോമുഷ്യ തു ഭാഗിനേയഃ."

മിന്നൽപോലെ തിളങ്ങുന്ന സ്വൎണ്ണസ്തംഭത്തിന്റെ സമീപത്തിൽ ഒരു സിംഹാസനത്തിൽ നിഷണ്ണനായ ആ രാജഹംസനെപ്പററിയുള്ള വിവരങ്ങൾ ധാത്രി രാജകുമാരിയെ അറിയിച്ചു. "വത്സേ, ഭൂമിക്ക് അലങ്കാരമായ ഈ രാജാവിന്റെ ഗുണങ്ങൾ ഭവതി ചെവി വിട്ടത്തിത്തന്നെ കേൾക്കേണ്ടതാണ്. മേഘച്ഛന്നനല്ലാത്ത ആദിത്യന്റെ തേജസ്സിൽ ലയിച്ചിരിക്കുന്ന ഗുണങ്ങളെല്ലാം കണ്ണുകൊണ്ടു മാത്രം കാണ്മാൻ പാടുള്ളതല്ലല്ലോ. കേരളരാജാക്കന്മാർ യാതൊരു പുരിയെ തങ്ങളുടെ രാജധാനിയാക്കിയിരിക്കുന്നുവോ, യാതൊന്നിനു മഹോദയം എന്ന

Digitized By Kerala Sahitya Akademi

നാമധേയം അനൎത്ഥമായിരിക്കുന്നുവോ, ഈ പരശുരാമക്ഷേത്രത്തിൽ യാതൊന്ന് അതിപ്രധാനമായ നഗരമായിരിക്കുന്നുവോ, ആ കൊടുങ്ങല്ലൂരിൽ ഈ രാജാവു സ്വൎഗ്ഗലോകത്തിൽ ഇന്ദ്രനെന്നപോലെ വസിക്കുന്നു. ക്ഷാത്രതേജസ്സിന്റെ ഇരിപ്പിടമായിരിക്കുന്ന ഇദ്ദേഹം സാക്ഷാൽ ശ്രീപരശുരാമംതന്നെ തന്നെയാണ് ഞാൻ വിചാരിക്കുന്നതു്. ഏററവും പ്രകാശത്തോടുകൂടിയ ഇദ്ദേഹത്തിന്റെ പുരികക്കൊടിയുടെ ചലനംകൊണ്ട് ഏതു രാജാക്കന്മാൎക്കും ദേവേന്ദ്രപദവി ലഭ്യമാകുന്നു. നിസ്തുലമായ മഹോദയപുരത്തെ അധിവസിക്കുന്ന ഈ രാജാവിന്റെ തേജസ്സ് തെക്കും വടക്കും ഉള്ള ദേശങ്ങളിൽ പ്രസരിക്കുന്നു; അതുകൊണ്ടു തന്നെയാണ് ഇദ്ദേഹത്തിന്റെ വംശത്തിനു "ബഹുവ്യാപ്തി" (പെരുമ്പടപ്പ്) എന്ന പേർ വന്നതു്. ശസ്ത്രാസ്ത്രങ്ങളിലും ശാസ്ത്രങ്ങളിലുമുള്ള ഉൽകൃഷ്ടതകൊണ്ടു സകലക്ഷത്രിയലക്ഷ്മിയുടേയും വിളനിലംപോലെ കാണപ്പെടുന്ന ഇദ്ദേഹത്തിന്റെ ഉചിതങ്ങളായ സൃഷ്ടികൾ കണ്ടു ബ്രഹ്മാദികൾപോലും ലജ്ജിച്ചുപോകും. ഈ രാജാവിന്റെ ഉത്സാഹവും ത്യാഗവും കൊണ്ട് കവികൾ ഇദ്ദേഹത്തെ വീരോദാരനെന്നു പ്രശംസിക്കുന്നു. സൎവ്വലക്ഷണയുക്തനായും ക്ഷമാവാനായും ആശ്രിതരക്ഷകനായുമുള്ള ലക്ഷ്മീരാജ്ഞിയുടെ പുത്രനായ രാമവൎമ്മാവ് ഇദ്ദേഹത്തിന്റെ ഭാഗിനേയനാകുന്നു." ഒന്നാമത്തെ രാമവൎമ്മാവ് അന്നത്തെ കേരള (കൊച്ചി) രാജാവായ രാമവൎമ്മാവും രണ്ടാമത്തെ രാമവൎമ്മാവു കന്യകയ്ക്കു വരനാകുവാൻ പോകുന്ന യുവാവുമാണെന്നു പറയേണ്ടതില്ലല്ലോ. പിന്നീടു വരന്റെ ഗുണഗണങ്ങളെ ധാത്രി പ്രശംസിക്കുന്നു.

"ആധാവതാനേന ധൃതാസിചൎമ്മ-
ഭീമോരുബാഹായുഗളാൎഗളേന
ശൂരാ നികൃത്താ ഭുവി ശത്രുവീരാ-
നാശേഷ്യശേഷാ ദിഗുണീഭവന്തി.

X X X X

ശക്തിഃ ക്ഷമാ ശൌൎയ്യവതീ നിസൎഗ്ഗാ;
ജ്ഞാനഞ്ച വാഗ്മിതപദയാനുവിദ്ധം;
അശ്ലാഘിതാസ്തിക്യയുതഞ്ച ദാനം;
ത്രൈഗുണ്യമേകൈകകഗുണേ തതോസ്യ.

X X X X

അജ്ഞാനവൃക്ഷാശനിസന്നിപാതഃ;
പ്രഖ്യാതിവല്ലീമണികല്പശാഖീ;



Digitized By Kerala Sahitya Akademi

കസ്യൈഷ പശ്യാദരഭൃന്ന ലോകേ
ശസ്ത്രോപജീവിവ്രജചക്രവത്തീ?

x x x x

യാദൃക് സ്ത്രീയോ രൂപമിദം തവാസ്യ
താദൃക് ച പശ്യാമി നൃപസ്യ പുംസഃ;
ജ്യോൽസ്നീ യദി ത്വം വിധുരേഷ നൂനം;
ഭാസ്വാനഥോ ചേദ്ഭവതീ ദിനശ്രീഃ.

നായമ്മഹാത്മാ കൃതവാൻ വിവാഹ-
മാലോഹിതാക്ഷസ്സമുഖസ്സവക്ഷാഃ;
ത്വം കന്യകാ സർവഗുണപ്രകാശാ;
ശ്രീമാനസൌ പഞ്ചകപഞ്ചകായുഃ.

ആയുഷ്മതോപ്യസ്യ തവാപി വത്സേ,
ദൂരസ്ഥിതിന്നാഭിമതാ മമേയം;
ഹൈമസ്യ വാ ചാരുവിഭൂഷണസ്യ
മാണിക്യമുഖ്യസ്യ ച കസ്സമോന്യഃ?"

"വാളും പരിചയും ധരിച്ചു യുദ്ധരംഗത്തിൽ പായുന്ന ഇദ്ദേഹത്താൽ വധിക്കപ്പെടുന്ന ശത്രുക്കൾ ദ്വിഗുണീഭവിക്കുന്നു (അവരുടെ ദേഹങ്ങളെ ഇദ്ദേഹം രണ്ടായ് ഖണ്ഡിക്കുന്നു എന്നു താൽപര്യം). ഇദ്ദേഹത്തിൻെറ സ്വാതന്ത്ര്യസിദ്ധമായ ശക്തി ക്ഷമയോടും ശൌര്യത്തോടും യോജിച്ചിരിക്കുന്നു; ജ്ഞാനം വാശ്മിത്വത്തോടും ദയയോടും ചേന്നിരിക്കുന്നു; ദാനം ആത്മശ്ലാഘയുടെ അഭാവത്തോടും ആസ്തിക്യത്തോടും കൂടിയതാണ്; ഇങ്ങനെ ഇദ്ദേഹത്തിൻെറ ഓരോ ഗുണവും മുമ്മൂന്നുഗുണങ്ങളായ് ഭാസിക്കുന്നു. അജ്ഞാനമാകുന്ന വൃക്ഷത്തിന് ഇടിത്തീയും കീത്തിയാകുന്ന വല്ലിക്കു വിശിഷ്ടമായ കല്പവൃക്ഷവും ആയ ഈ രാജശിഖാമണി ആക്കുതന്നെ ആദരത്തിനു സ്ഥാനമായ് ഭവിക്കുന്നില്ല? വത്സേ, ഭവതിയുടെ സ്ത്രീരൂപം എത്ര ലോകോത്തരമോ അത്ര ലോകോത്തരമാകുന്നു ഇദ്ദേഹത്തിൻെറ പുരുഷരൂപം. ഭവതി നിലാവുള്ള രാത്രിയാണെങ്കിൽ ഇദ്ദേഹം ചന്ദ്രനാണ്; ഇദ്ദേഹം ആദിത്യനാണെങ്കിൽ ഭവതി ദിനലക്ഷ്മിയുമാണ്. ഈ മഹാത്മാവു വിവാഹം ചെയ്തിട്ടില്ല. ഭവതി കന്യകയാണ്; ഇദ്ദേഹം ഇരുപത്തഞ്ചുവയസ്സായ യുവാവുമാണ്. നിങ്ങൾ രണ്ടുപേരും ദൂരസ്ഥരായ് (തമ്മിൽ വിവാഹബന്ധത്തിൽ ഏപ്പെടാതെ) ഇരിക്കുന്നതു് എനിക്ക് അഭിമതമല്ല. സ്വർണ്ണാഭരണത്തിൽ മാണിക്യരത്നം പതി

Digitized By Kerala Sahitya Akademi

ച്ചാൽ അതിനു സമമായ് മറെറന്താണ് ലോകത്തിലുള്ളത്?" ആ യുവരാജാവിനെ രസിച്ചില്ലെങ്കിൽ പിന്നെയും മുന്നോട്ടു നടക്കാമെന്നു ധാത്രി ചിരിച്ചുകൊണ്ടു പറഞ്ഞപ്പോൾ കുമാരി അനുരാഗപാരവശ്യത്താൽ ലജ്ജാനമ്രമുഖിയായിത്തീൎന്നു. രാാവമ്മാവ് ഉണ്ണിയാടിയെ പരിഗ്രഹിച്ചു. സ്പൎദ്ധകൊണ്ടു പോരിനു നേരിട്ട രാജാക്കന്മാർ തോറേറാടി. അങ്ങനെ ഏഴാം സൎഗ്ഗവും സമ്പൂൎണ്ണമാകുന്നു.

നവദമ്പതികളുടെ സംഭോഗവൎണ്ണനത്തോടുകൂടി എട്ടാം സൎഗ്ഗം തുടങ്ങുന്നു. അഞ്ചാറുമാസങ്ങൾ കണ്ടിയൂരിൽത്തന്നെ അവർ കഴിച്ചുകൂട്ടി. പിന്നീടു വൎഷകാലമായി. സംഭോഗവൎണ്ണനം കവി പിന്നെയും തുടൎന്നുകൊണ്ടുപോകുന്നു.

"ചലദളകമുദഞ്ചൽസ്വേദമുല്ലോലചില്ലി
പ്രചിതരുചിരകമ്പോത്തുംഗപീനസ്തനാന്തം
ചപലനയനമാവിശ്ചാതുരീമാധുരീകം
നൃപതിഹൃദയമസ്യാ നൎമ്മ തന്നിൎമ്മമന്ഥ."

എന്നും മററും അനേകം മനോഹരങ്ങളായ പദ്യങ്ങൾ ഈ സൎഗ്ഗത്തിലുണ്ട്.

"അഥ ശരദുപനത്യാം സാധു ശൈവാലപുൎയ്യാ-
സ്സപദി നൃപതിപുത്രീ പിത്രനുജ്ഞാവശേന
അഗമദമലമന്യൽ ക്ഷേത്രമീശസ്യ ഭൎത്ത്രാ
കമിതുരുദയപുൎയ്യാം ഖ്യാതിമദ്ഭാസഭ്രതം."

"അനന്തരം ശരൽകാലമായപ്പോൾ അച്ഛന്റെ അനുമതിയോടുകൂടി രാജപുത്രി ഭൎത്താവിന്റെ ജനനസ്ഥലമായ കൊടുങ്ങല്ലൂരിലേക്കു പോയി. അവിടെ കീൎത്തിമാന്മാർ വസിക്കുന്ന ഒരു ശിവക്ഷേത്രത്തിൽ (തിരുവഞ്ചിക്കുളത്താകണം) ഭൎത്താവിനോടൊപ്പം ചെന്നുചേൎന്നു.

"തസ്മിൻ വിസ്മാപനശ്രീശ്ശ്രുതനിധിരവധി-
ശ്ശ്രേയസാമൂൎജിതാനാം
വിശ്വാധീശേന പത്യാ കില ഭവജലധി-
ശ്രാന്തധീൎവിശ്രമായ
പ്രസ്തോത്യദ്ധ്യാത്മവിദ്യാപരിചയമധുനാ
നിത്യമുക്താ സതീ സാ;
കൃത്യാകൃത്യേ നിയന്താ ക ഇവ ബലജുഷാ-
മീശ്വരേച്ഛാഗതീനാം?"

Digitized By Kerala Sahitya Akademi

"ആ ക്ഷേത്രത്തിൽ നിത്യമുക്തയായ ആ ദേവി ഇപ്പോൾ തന്റെ പ്രാണനാഥനോടുകൂടി അധ്യാത്മവിദ്യ പരിചയിക്കുവാൻ തുടങ്ങിയിരിക്കുന്നു. കൃത്യാകൃത്യങ്ങളിൽ ഈശ്വരേച്ഛയുടെ ബലവത്തുകളായ ഗതികളെ ആർക്കു നിയന്ത്രിക്കുവാൻ കഴിയും?" ഈ പ്രസ്താവനയോടുകൂടി എട്ടാം സർഗ്ഗവും ഗ്രന്ഥവും പരിണതിയെ പ്രാപിക്കുന്നു.

ഞാൻ ഉദ്ധരിച്ച ശ്ലോകങ്ങളിൽനിന്നു ദാമോദരച്ചാക്കിയാർ ഒരു വിശിഷ്ടനായ കവിയാണെന്നു സഹൃദയന്മാർക്കു കാണാവുന്നതാണ്. അദ്ദേഹത്തിന്റെ മണിപ്രവാളചമ്പുവും വളരെ മധുരമാകുന്നു. അദ്ദേഹം കായംകുളത്തു വീരകേരളവർമ്മാവിന്റേയും ഉണ്ണിയാടിയെന്ന നായികയുടേയും സമകാലീനനായിരുന്നു എന്നും "തസ്മിൻ വിസ്മാപനശ്രീഃ" ഇത്യാദി പദ്യത്തിൽനിന്നു വെളിവാകുന്നുണ്ട്. രഘുവംശത്തിൽ ഇന്ദുമതിയുടേയും നൈഷധീയചരിതത്തിൽ ദമയന്തിയുടേയും മററും സ്വയംവരവർണ്ണനങ്ങളുമായേ നമുക്കു പരിചയമുള്ളു. ഭാഷയിൽ രാമായണചമ്പുവിലെ സീതാസ്വയംവരം, ഭാരതചമ്പുവിലെ ദ്രൌപദീസ്വയംവരം, നൈഷധചമ്പുവിലെ ദമയന്തീസ്വയംവരം, ഇവയും നാം വായിച്ചിട്ടുണ്ട്. എന്നാൽ കേരളത്തിലെ ഒരു രാജപുത്രിയുടെ സ്വയംവരത്തെ വിഷയമാക്കി ഒരു കേരളീയകവി തന്നെ രചിച്ചിട്ടുള്ള ഒരു ഉൽകൃഷ്ടസംസ്കൃതകാവ്യം ഉണ്ടെന്നു പോലും കേരളീയർക്ക് ഇന്നുവരെ ധരിക്കുവാൻ ഇടവന്നിട്ടില്ല. അവരെ പ്രസ്തുതകാവ്യവുമായ് പരിചയപ്പെടുത്തി ഏതാനും ചില പൂർവ്വകാലസ്മരണകളെ ഉദ്ദീപിക്കുന്നതിനാണ് ഞാൻ ഈ ഉപന്യാസദ്വാരാ ഉദ്ദേശിച്ചിട്ടുള്ളതു്. എന്റെ ഉദ്ദേശം സഫലമാകുമെന്നു ഞാൻ വിശ്വസിക്കുന്നു.

ഗ്രന്ഥകാരന്റെ കാലത്തെപ്പററിക്കൂടി രണ്ടു വാക്കു പറഞ്ഞുകൊള്ളട്ടെ. ശിവവിലാസത്തിന്റെ നിർമ്മാണകാലത്തു കൊച്ചി രാജാക്കന്മാരുടെ രാജധാനി (മഹോദയം) കൊടുങ്ങല്ലൂരാണെന്നു കാണാവുന്നതാണല്ലോ. അന്ന് ആ രാജ്യത്തിനു പെരുമ്പടപ്പ് എന്നു പേരുണ്ടായിരുന്നു; എങ്കിലും കൊച്ചി എന്നു പേരുണ്ടായിരുന്നതായ് തോന്നുന്നില്ല. പുതുവൈപ്പ് അബ്ദം തുടങ്ങുന്ന ക്രി. പി. ൧൩൪൧-നു മുൻപു പെരുമ്പടപ്പു രാജാക്കന്മാർക്കു കൊച്ചിയിൽ പ്രത്യേകം രാജധാനിയുണ്ടായിരുന്നുവോ എന്നു സംശയമാണ്. ൧൩൨൦-ൽ സുറിയാനി ക്രിസ്ത്യാനികൾക്കു താമ്രശാസനം നല്കിയ വീരരാഘവചക്രവർത്തി പെരുമ്പടപ്പു രാജാവാണെങ്കിലും അദ്ദേഹത്തിന്റെ രാജധാനി കൊടുങ്ങല്ലൂരായിരുന്നു എന്ന് ഊഹിക്കുവാൻ ന്യായമുണ്ട്. കൊച്ചിയെ പെരുമ്പടപ്പു രാജാക്കന്മാരുടെ

Digitized By Kerala Sahitya Akademi

രാജധാനി എന്ന നിലയിൽ ഇദംപ്രഥമമായ് വൎണ്ണിക്കുന്ന വിദേശീയ സഞ്ചാരി മാഹ്യുവാൻ എന്ന ചീനത്തുകാരനായ മഹമ്മദീയനാകുന്നു. അദ്ദേഹത്തിന്റെ സഞ്ചാരചരിത്രം ക്രി. പി. ൧൪൧൯-ൽ ആണ് രചിക്കപ്പെട്ടിട്ടുള്ളതു്.

ഉണ്ണുനീലിസന്ദേശത്തിന്റെ നിൎമ്മിതി ക്രി. പി. ൧൩൭൪-ാമാണ്ടിടയ്ക്കാണെന്നു ഞാൻ വിജ്ഞാനദീപിക ഒന്നാംഭാഗത്തിൽ സ്ഥാപിച്ചിട്ടുണ്ട്. ആ സന്ദേശത്തിൽ ചെറുകര കുട്ടത്തിയെ മാത്രമല്ല ഒരു ഉണ്ണിയാടിയേയും സ്മരിക്കുന്നുണ്ട്.

"ആട്ടം വല്ലം പരിചുമിയലും തോററമാളാം മണക്കീഴ്
പാട്ടും കോലാഹലമഴകെഴും കോലവും കിംപ്രലാപൈഃ ?
നാട്ടിൽച്ചൊല്ലേറിന ചെറുകരെത്തങ്ങിനൊരുണ്ണിയാടീം
വീട്ടിൽച്ചെല്ലായ്കിലുമയി സഖേ, കണ്ടുകിട്ടിൻതുണ്ട്."

അക്കാലത്തു കായംകുളം ഭരിച്ചിരുന്നതു രവിവൎമ്മരാജവാണെന്നുള്ളതിനും അതിൽ തന്നെ രേഖയുണ്ട്. പക്ഷേ ഈ രവിവൎമ്മാവു വളരെ വൃദ്ധനായിരുന്നു എന്നും "പല്ലില്ലാഞ്ഞങ്ങഴകു പൊഴിയും പ്രേമവേഗം മുഴപ്പാൻ കൊള്ളിൻറുതാനരുണമണിവാതമ്പലം വല്ലഭായാഃ" എന്ന് അവസാനിക്കുന്ന പദ്യത്തിൽ കവിതന്നെ പ്രസ്താവിച്ചിരിക്കുന്നു. അന്നു വീരകേരളൻ ഇളയരാജാവാണെന്നും രവിവൎമ്മാവിന്റെ മരണാനന്തരം രാജ്യാഭിഷിക്തനായെന്നും സങ്കല്പിക്കാം. അദ്ദേഹത്തിന്റെ ഭാൎയ്യതന്നെയാണ് ചെറുകരക്കുട്ടത്തി എന്നുള്ള രാമൻ നമ്പൂരി അവർകളുടെ അഭിപ്രായത്തോടു ഞാൻ പൂർണ്ണമായ് യോജിക്കുന്നു. അവരുടെ വിവാഹമാണ് ദാമോദരച്ചാക്കിയാരുടെ മണിപ്രവാളചമ്പുവിലെ പ്രതിപാദ്യവിഷയം എന്നു മുൻപു പറഞ്ഞുവല്ലോ പിന്നെയും അനേകം വൎഷങ്ങൾ കഴിഞ്ഞാണ് ഉണ്ണിയാടിയുടെ ജനനം. അതുകൊണ്ട് ഉണ്ണുനീലിസന്ദേശത്തിൽ സ്മൃതയായ ഉണ്ണിയാടി ശിവവിലാസത്തിലെ ഉണ്ണിയാടിയിൽനിന്നു ഭിന്നയാണെന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു. രണ്ടുപേരും ഒരേ വീട്ടുകാർതന്നെ. ആകെക്കൂടി ക്രി. പി. ൧൪൦൦-ന് ഇടയ്ക്കായിരിക്കും ശിവവിലാസത്തിന്റെ നിൎമ്മിതി എന്നു തീർച്ചപ്പെടുത്തിയാൽ അതിൽ വലിയ അപാകമുണ്ടാകുമെന്നു തോന്നുന്നില്ല. ഇത്തരത്തിൽ മഹനീയവും ദേശചരിത്രഗന്ധിയുമായ ഒരു കാവ്യം രചിച്ച ദാമോദരച്ചാക്കിയാർ നമ്മുടെ ആദരപൂൎവമായ സ്മരണത്തിന് എല്ലാവിധത്തിലും അൎഹനാണെന്നുള്ളതിൽ യാതൊരു പക്ഷാന്തരത്തിനും അവകാശമില്ല.

---

Digitized By Kerala Sahitya Akademi

# സാമൂതിരികോവിലകവും സാഹിത്യവും.

സമസ്തകേരളസാഹിത്യപരിഷത്തിൻെറ സപ്തമവാൎഷികസമ്മേളനം നടക്കുന്ന ഈ കോഴിക്കോട്ടുനഗരത്തിൻെറ പുരാതനമഹിമയേയും ഈ നഗരത്തെ രാജധാനിയാക്കിയ സാമൂതിരിമഹാരാജാക്കന്മാർ പൂൎവ്വകാലംമുതൽക്കുതന്നെ സാഹിത്യവിഷയത്തിൽ ചെയ്തുപോന്നിട്ടുള്ള പുഷ്കലപോഷണത്തേയും പററി ഒരു പ്രസംഗം ഈ സന്ദൎഭത്തിൽ ചെയ്യുന്നതു് ഒരുവിധത്തിലും ഉചിതമല്ലെന്നു വരുന്നതല്ല. വാസ്തവത്തിൽ പരശുരാമമഹൎഷിയുടെ ബാഹുബലത്തിനു പ്രത്യക്ഷലക്ഷ്യമായു് നാം കാണുന്ന ഈ കേളികേട്ട കേരളഭൂമി, ചരിത്രംകൊണ്ടും, ഭാഷകൊണ്ടും, ചൎയ്യകൊണ്ടും, സംസ്കാരംകൊണ്ടും 'ഏകമേവാദ്വിതീയം' ആകുന്നു. ഈ ഭൂമിയെ മലബാർ, കൊച്ചി, തിരുവിതാംകൂർ എന്നിങ്ങനെ മൂന്നു മൂൎത്തികളായു് ദൎശിക്കുന്നതു് കേവലം മായാവിഭ്രമമല്ലാതെ മറെറാന്നുമല്ല. തിരുവിതാംകൂറിൻെറ ദക്ഷിണകോണമായ വേണാട്ടിനു കൊല്ലം ഒൻപതാം ശതകത്തിൽ മുകിലൻ എന്ന ഒരു മഹമ്മദീയൻെറ ആക്രമണത്തിൽനിന്നു സങ്കടം നേരിട്ടപ്പോൾ അതു പരിഹരിച്ചു് ആ രാജ്യത്തെ പാലിച്ചതു് മലബാറിൻെറ ഉത്തരാംശങ്ങളിൽ ഒന്നായ കോട്ടയത്തെ യുവരാജാവായ കേരളവൎമ്മതമ്പുരാനായിരുന്നു. അതുപോലെ കൊല്ലം പത്താം ശതകത്തിൽ മലബാറിനും, കൊച്ചിക്കും, മൈസൂർ വ്യാഘ്രം എന്ന ഭയങ്കരബിരുദത്താൽ വിശ്രവിശ്രുതനായിത്തീൎന്ന ടിപ്പുസുൽത്താൻെറ അവസ്കന്ദത്തിൽനിന്നു ദുഃഖമുണ്ടായപ്പോൾ അതു തീൎത്തു് അവരെ പരിത്രാണം ചെയ്തതു് 'ധൎമ്മരാജാവു്' എന്ന പാവനനാമധേയത്താൽ ലോകം ഇന്നും പുകഴ്ത്തുന്ന തിരുവിതാംകൂറിലെ കാൎത്തികതിരുനാൾ ബാലരാമവൎമ്മമഹാരാജാവായിരുന്നു. രഘുവംശം ൧൩-ാം സൎഗ്ഗത്തിൽ കാളിദാസമഹാകവി ഇത്തരത്തിലുള്ള മാഹാരാജാക്കന്മാരുടെ നിലയെ

'പക്ഷച്ഛിദാ ഗോത്രഭിദാത്തഗന്ധാ-
ശ്ശരണ്യമേനം ശതശോ മഹീധ്രാഃ
നൃപാ ഇവോപപ്ലവിനഃ പരേഭ്യോ
ധൎമ്മോത്തരം മധ്യമമാശ്രയന്തേ."

*സാഹിത്യപരിഷത്തിൻെറ സപ്തമസാമ്മേളനത്തിൽ കോഴിക്കോട്ടുവെച്ചു ചെയ്ത വാചാപ്രസംഗം പിന്നീടുള്ള ഗവേഷണഫലങ്ങൾ കൂടി ചേൎത്തു പ്രസിദ്ധപ്പെടുത്തുന്നതു്.

Digitized By Kerala Sahitya Akademi

എന്ന പദ്യത്തിൽ സമഞ്ജസമായ് സ്മരിക്കുന്നുണ്ട്. ശത്രുക്കളിൽനിന്ന് ഉപദ്രവം നേരിടുന്ന രാജാക്കന്മാർ ധർമ്മോത്തരനായ് രണ്ടു കക്ഷികളിലും ചേരാതെയിരിക്കുന്ന മൂന്നാമനായ ഒരു രാജാവിനെ ശരണം പ്രാപിക്കുകയെന്നുള്ളതു രാജ്യമീമാംസയിലെ സാമാന്യനിയമങ്ങളിൽ ഒന്നാകുന്നു.

"ത്വത്തഃഷ്ഠോ നിഷ്ക്രാമത്തുരഗഖുരകുദ്ദാലദലിത-
ക്ഷമാധൂളീപാളീചുളുകിതചതുസ്സിന്ധുസലിലഃ
ഹഠാക്രുഷ്ടത്രുട്യൽപ്രതിഭടവധൂടീപരിവൃതഃ
പ്രതസ്ഥേ കാർത്താന്തീം കകുഭമിതി വാർത്താ സമജനി."

എന്നും

"ജിത്വാ ഹല്ലോഹലേശം, യവനവരയുതഃ
കോലഭൂപാലമൗലിം,
ഹൃത്വാത്ഥാനേതദീയാനപി പുരളിപതിം
ശൈലപാഥോധിനാഥം,
ധിക്കുർവ്വൻ മാടഭൂപം, സദസി നിജഭടൈ-
സ്സാകമാസ്തേ ത്വത്തഃഷ്ഠഃ
കാർത്താന്തീം ഗന്തുകാമോ ദിശമഖിലജനാൻ
പാഹി വഞ്ചിക്ഷിതീശ."

എന്നും മുറയിട്ടുകൊണ്ടു തെക്കോട്ടേയ്ക്കു് കൂട്ടം കൂട്ടമായ് പലായനംചെയ്ത മലബാറിലും കൊച്ചിയിലുമുള്ള ജനങ്ങളെ— ആരാജം, ആരജകം—കാർത്തികതിരുനാൾ മഹാരാജാവു്, പ്രബലനും നൃശംസനുമായ ഒരു ശത്രുവിൽനിന്നു തനിക്കു തന്നിമിത്തം സംഭവിക്കാവുന്ന അനത്ഥത്തെപ്പററി ലേശവും ചിന്തിക്കാതെ, പരിപാലിച്ചു.

"യം പാലയസി ധർമ്മം ത്വം
പ്രീത്യാ ച നിയമേന ച
സ വൈ രാഘവശാർദ്ദൂല,
ധർമ്മസ്ത്വാമഭിരക്ഷതു."

എന്ന വാല്മീകിരാമായണത്തിലെ രോമാഞ്ചപ്രദമായ കൌസല്യാവാക്യം അവിടുത്തേക്കു ഹൃദിസ്ഥമായിരുന്നിരിക്കണം. "ധർമ്മത്തെ രക്ഷിച്ചെങ്കിൽ ധർമ്മവും രക്ഷിച്ചീടും" എന്ന ആപ്തവാക്യം രാജാക്കന്മാരുടെ വിഷയത്തിൽ പ്രത്യേകം അത്ഥവത്താകുന്നു. അതാണു് പ്രതിജ്ഞായൌഗന്ധരായണം നാടകത്തിൽ യൌഗന്ധരായണൻ ഹംസകനോടു്

Digitized By Kerala Sahitya Akademi

"പരചക്രൈരനാക്രാന്താ
ധർമ്മസങ്കരവർജിതാ
ഭൂമിർത്ത്വാരമാപന്നം
രക്ഷിതാ പരിരക്ഷതി."

എന്നു പറയുന്നതിൻെറ സൂക്ഷ്മാത്ഥവും. ധമ്മരാജാവു് സാധുക്കളായ കാന്ദിശീകന്മാരെ വൃഥോപദ്രവകാരിയായ ഒരു ശത്രുവിൽനിന്നു രക്ഷിച്ചു; അദ്ദേഹത്തിൻെറ പതിവ്രതയായ വഞ്ചിഭൂപതി അദ്ദേഹത്തേയും ആപൽകാലത്തിൽ പെരിയാററിലെ വെള്ളപ്പൊക്കം എന്ന വ്യാജേന സവ്ഘസ്മരനായ ആ ശത്രുവിനെ തടുത്തു നിറുത്തി രക്ഷിച്ചു. ഇതു അനുസന്ധാനമണീയങ്ങളായ ചരിത്രസംഭവങ്ങൾ നമ്മുടെ സാഭിമാനമായ സ്മരണത്തിനു് അനവരതം വിഷയീഭവിക്കേണ്ടതാണു്.

കോഴിക്കോടിൻെറ അന്യാദൃശമായ ചരിത്രത്തിലെ ചില അംശങ്ങളും നാം സശ്രദ്ധം സ്മരിക്കേണ്ടതുണ്ടു്. കാടഞ്ചേരിനമ്പൂതിരി കൊല്ലം വൃന്ദൻ-ാമാണ്ടു് രചിച്ച "കേരളോൽപത്തിയും മാമാങ്കവും" കിളിപ്പാട്ടിൽ

"ചേരമാനാകിയ കേരളാധീശ്വരൻ
പാരാതെ വിക്രമഭൂവരേശന്നഥ
പള്ളിവാളും പള്ളിമാറാടിയും പുന-
രുള്ളഴിഞ്ഞുള്ള വിശിഷ്ടവാദ്യങ്ങളും
കൊററക്കുടകൾ തഴകൾ ചമരികൾ
കററമൊഴിഞ്ഞാലവട്ടങ്ങളാദികൾ
മററും തനിക്കുള്ള രാജചിഹ്നങ്ങൾതാൻ
മുററുമുദകപൂർവം കൊടുത്തീടിനാൻ.
തൃക്കൈവെളയും കൊടുത്തു ദയാപര-
നുൾക്കനിവുററരുൾചെയ്തു: "നിനക്കു ഞാൻ
തന്നിതെനിയ്ക്കു മുന്നം മനുജാധിപൻ
തന്നിരിക്കും നൃപചിഹ്നങ്ങളൊക്കവേ;
ഇന്നിതെല്ലാം ഗ്രഹിച്ചാശു നീ കേരളം
തന്നിൽവിളങ്ങും പശുദ്വിജാദിപ്രജാ-
വൃന്ദത്തെയും പരിപാലിച്ചു സന്തതം
നന്നായിരിക്ക ഞാനെന്നവണ്ണം സഖേ.

Digitized By Kerala Sahitya Akademi

കന്നേററിതൊട്ടു പുതുപ്പട്ടണത്തോള-
മെന്നുമചലാബ്ധിനാഥനായ് വാഴ്ക നീ.

x x x x

ചൊല്ലെഴും മക്കത്തു കപ്പലോടിക്കയും
കല്യാണമുൾക്കൊണ്ടു മാമാങ്കമാകിയ
നല്ല മഹോത്സവം ഘോഷിച്ചുകൊൾകയും;
അല്ലലൊഴിഞ്ഞു ചെയ്യാലും നിരന്തരം.''

എന്നു് ഒടുവിലത്തെ ചേരമാൻപെരുമാൾ സാമൂതിരിരാജവംശത്തിലെ കൂടസ്ഥപുരുഷനായ മാനവിക്രമനേറാടിയോടു ചെയ്യുന്നതായ് വർണ്ണിക്കുന്ന ആമന്ത്രണവാക്യം ഏററവും മർമ്മസ്പൃക്കാകുന്നു. സത്യത്തെക്കാൾ വലുതായ് ലോകത്തിൽ ധർമ്മമില്ലെന്നു് ആദിമകാലങ്ങളിലെ സാമൂതിരിപ്പാടന്മാർ അഭേദ്യമായ് വിശ്വസിച്ചിരുന്നു എന്നു് അംബരേശൻചെട്ടിയെ സംബന്ധിച്ചുള്ള ഐതിഹ്യം നമ്മെ ഗ്രഹിപ്പിക്കുന്നു. ക്രി. പി. പതിന്നാലാംശതകത്തിൻെറ ആരംഭം മുതൽ പതിനേഴാംശതകത്തിൻെറ മദ്ധ്യംവരെ നെടുവിരിപ്പു സ്വരൂപത്തിലെ വിജയപതാക വിശേഷോത്തരമായ രീതിയിൽ പാറിപ്പറന്നുകൊണ്ടിരുന്നു. ക്രി. പി. ൧൪൦൩-ൽ ഈ നഗരം സന്ദർശിച്ച മാഹ്വവാൻ എന്ന വിദേശീയൻ ഇവിടത്തെ തുണിച്ചരക്കുകളുടെ മേന്മയെ മുക്തകണ്ഠം ശ്ലാഘിച്ചിരിക്കുന്നു. ക്രി. പി. ൧൪൯൮-ൽ ഇദംപ്രഥമമായ് ആഫ്രിക്കാ ഭൂഖണ്ഡം ചുററി കപ്പലോടിച്ച വാസ്കോഡ ഗാമാ ഇൻഡ്യയിൽ കാലുകുത്തിയതു് ഇതിനടുത്തുള്ള (പന്തലായിനി) കൊല്ലം തുറമുഖത്തായിരുന്നു എന്ന വസ്തുത ഏതു കേരളീയനെയാണു് രോമാഞ്ചമണിയിക്കുവാൻ പര്യാപ്തമല്ലാത്തതു്? അന്നത്തെ കേരളത്തിൻെറ അപദാനങ്ങളെ അത്യുജ്ജ്വലമായ് കീർത്തനംചെയ്യുന്ന 'കമോയൻസ്'' (Camoens) എന്ന മഹാകവിയുടെ 'ലൂസിയഡ്'' എന്ന പോർത്തുഗീസ്മഹാകാവ്യം 'മിക്കിൾ' (Mickle) എന്ന ഇംഗ്ലീഷുകവി ആംഗലേയഭാഷയിൽ തർജ്ജിമചെയ്തിട്ടുണ്ടു്. ആ അനവദ്യമായ സാഹിത്യാമൃതം മലയാളത്തിൽ ഇനിയും ആക്കും പകൎന്നുതരുവാൻ സാധിച്ചിട്ടില്ലല്ലോ എന്നു ഞാൻ പലപ്പോഴും ഖേദിക്കാറുണ്ടു്. ചീനചക്രവൎത്തിയിൽനിന്നു സമ്മാനമായ് സ്വർണ്ണമയമായ ഒരു അരപ്പട്ട നേടുന്നതിനും ഇവിടത്തെ രാജകുടുംബത്തിനു യോഗമുണ്ടായിട്ടുണ്ടു്. ക്രി. പി ൧൬൦൭-ൽ ഇവിടെ എത്തിയ പൈറാർഡ് ഡി ലവാൽ (Pyrard de Laval), ഈ പട്ടണംപോലെ സന്തുഷ്ടിക്കു് ഇരിപ്പിടമായ ഒരു സ്ഥലം ലോകത്തിലെങ്ങുമില്ലെന്നും



Digitized By Kerala Sahitya Akademi

ഇൻഡ്യയിൽ ഇത്രമാത്രം സമൃദ്ധമായ് വാണിജ്യത്തിന പ്രചാരമുള്ള ഒരു തുറമുഖം താൻ കണ്ടിട്ടില്ലെന്നും മതാനുവൎത്തനവിഷയത്തിൽ രാജാവു ജനങ്ങൾക്കു പരിപൂൎണ്ണമായ സ്വാതന്ത്ര്യമനുവദിച്ചിരിക്കുന്നു എന്നും പ്രസ്താവിച്ചുകാണുന്നു. കപ്പൽക്കച്ചവടത്തിനെന്നപോലെ മാമാങ്കാഘോഷത്തിനും ഈ രാജാക്കന്മാർ കീൎത്തിപ്പെട്ടിരുന്നു. ഒടുവിലത്തെ മാമാങ്കം കൊല്ലം ൯൧൬-ൽ ആണ് നടന്നതു്. ചുരുക്കത്തിൽ പറഞ്ഞാൽ

"ആരും നേരിട്ടുനില്ലാരരിയ നെടുവിരി-
പ്പോടെടോ, വാണ്മെലല്ലോ
നീരേകീ പണ്ടൊട്ടുക്കത്തഖിലഗുണനിധേ,
ചേരമാൻ രാമവൎമ്മാ."

എന്നു കൊച്ചിത്തമ്പുരാനെ ഒരു പ്രാചീനകവി ഉൽബോധനം ചെയ്തതു് ഏതാനും ശതവൎഷകാലത്തേക്ക് എത്രയും പരമാൎത്ഥമായിരുന്നു. എന്നൊരിക്കൽ രാജ്യതൃഷ്ണാദുർഭൃതം നെടുവിരിപ്പിനെ ഗ്രസിച്ച് അതിൻെറ ദൃഷ്ടി തെക്കോട്ടേയ്ക്കു തിരിച്ചുവിട്ടു; പിന്നെ അധികം താമസം വേണ്ടിവന്നില്ല, ആ ദിക്കിൻെറ പാലകനായ യമധൎമ്മരാജാവിന് അതിൻെറ യശഃപ്രതാപങ്ങളുടെ നേൎക്കു കണ്ണയയ്ക്കുവാൻ, എന്നല്ലേ പറയേണ്ടതുള്ളു? നെടുവിരിപ്പും പെരുമ്പടപ്പും രാജസ്വരൂപങ്ങൾ തമ്മിൽ നെടുനാളത്തേയ്ക്കു നീണ്ടുനിന്ന ഭ്രാതൃഹത്യാനിർവിശേഷമായ ആ ശണ്ഠയുടെ അഭാവത്തിൽ കേരളത്തിൻെറ നില എന്തായിരുന്നിരിക്കുമെന്നുള്ളതു് ദക്ഷിണഭാരതചരിത്രത്തിലെ പ്രധാനങ്ങളായ 'യദി' പ്രശ്നങ്ങളിൽ ഒന്നാകുന്നു. ഏതായാലും ആ കാലംകഴിഞ്ഞു; പന്നിയൂർക്കൂറും ചൊവ്വരക്കൂറും തമ്മിലുള്ള മത്സരത്തിന കാലം പൂൎണ്ണവിരാമമിട്ടു; ദക്ഷിണഭോജരാജനെന്ന ബിരുദനാമത്താൽ സുവിദിതനായ മാനവിക്രമ ഏട്ടൻതമ്പുരാൻ കൊച്ചി മഹാരാജാവിൻെറ അതിഥിയായ് തൃപ്പൂണിത്തുറയ്ക്കു പോയതോടുകൂടി ആ മത്സരത്തിൻെറ ത്രസരേണുപോലും അസ്തമിച്ചു; ഇന്നിതാ കൊച്ചിമഹാരാജകുടുംബത്തിലെ ഒരു മഹനീയാങ്ഗമായ നമ്മുടെ സഭാനാഥൻ തിരുമേനി ഇപ്പോഴത്തെ സാമൂതിരിപ്പാടു തമ്പുരാൻ തിരുമനസ്സിലെ അതിഥിയായ് ഈ നഗരത്തെ ആത്മസാന്നിദ്ധ്യത്താൽ സംഭാവനംചെയ്യുന്നു.

സാമൂതിരികോവിലകവും സാഹിത്യവുമായുള്ള സംബന്ധം അത്യന്തം ഗാഢവും ചിരസ്ഥായിയുമാണെന്ന് ആ കോവിലകത്തെ ഇന്നത്തെ അങ്ഗങ്ങളും അവരുടെ രാജധാനിയിൽ ഈ സാഹിതീദേവ്യതാലയ

Digitized By Kerala Sahitya Akademi

ത്തിൽ ആരാധനത്തിനായ് കേരളത്തിൻെറ നാനാഭാഗങ്ങളിൽനിന്ന് എത്തിക്കൂടീട്ടുള്ള നാമും ധരിച്ചിരിക്കേണ്ടതാകുന്നു.

ബില്ഹണമഹാകവി വിക്രമാങ്കദേവചരിതത്തിൻെറ അവസാനത്തിൽ രാജാക്കന്മാൎക്ക് കവികളെ പ്രോത്സാഹിപ്പിക്കുന്ന വിഷയത്തിലുള്ള കടമയെപ്പററി താഴെക്കാണുന്ന വിധത്തിൽ ഗാനം ചെയ്തിരിക്കുന്നു.

"സ്വേച്ഛാഭങ്ഗുരഭാഗ്യമേഘതടിതഃ
   ശക്യാ ന രോദ്ധും ശ്രിയഃ;
പ്രാണാനാം സതതപ്രയാണപടഹ-
   ശ്രദ്ധാ ന വിശ്രാമ്യതി;
ത്രാണം യത്ര യശോമയേ വപുഷി വഃ
   കുർവന്തി കാവ്യാമൃതൈ-
സ്താനാരാധ്യ ഗുരൂൻ വിധത്ത സുകവീൻ
   നിർഗർവമുർവീശ്വരാഃ.

ഹേ രാജാനസ്ത്യജത സുകവിപ്രേമബന്ധേ വിരോധം;
ശുദ്ധാ കീർത്തിഃ സ്ഫുരതി ഭവതാം നൂനമേതൽപ്രസാദാൽ;
തുഷ്ടൈർബദ്ധം യദലഘു രഘുസ്വാമിനസ്സച്ചരിത്രം;
ക്രുദ്ധൈർന്നീതസ്ത്രിഭുവനജയീ ഹാസ്യമാർഗം ദശാസ്യഃ."

ഈ ശ്ലോകങ്ങളിൽ അന്തർഭവിച്ചിരിക്കുന്ന തത്വം കേരളത്തിലെ ഇതര രാജാക്കന്മാൎക്കൊപ്പം സാമൂതിരിമഹാരാജാക്കന്മാരും ധരിച്ചിരുന്നു. തന്നിമിത്തം അവരിൽ പലരും ഉത്തമനിബന്ധങ്ങളുടെ കർത്താക്കന്മാരും കാരയിതാക്കന്മാരുമായ്ത്തീരുവാനും തദ്വാരാ ശാശ്വതമായ സദ്യശസ്സ സമ്പാദിക്കുവാനും സാധിച്ചു. അവരിൽ ചിലരുടെ അപദാനങ്ങളെക്കുറിച്ചു് ചിലതെല്ലാം പ്രസ്താവിക്കുന്നതിനുവേണ്ടി മാത്രമാകുന്നു ഞാൻ ഈ സന്ദർഭത്തെ വിനിയോഗിച്ചുകൊള്ളുന്നതു്.

കൊല്ലം ഏഴാം ശതവൎഷത്തിൻെറ ആരംഭത്തിൽ ജീവിച്ചിരുന്ന 'മാനവിക്രമൻ' എന്ന സാമൂതിരിപ്പാടു് പതിനെട്ടരക്കവികളെ പരിപാലിച്ചിരുന്നുവെന്നുള്ള ഐതിഹ്യം സുപ്രസിദ്ധമാണല്ലോ. കോഴിക്കോട്ടു തളിക്ഷേത്രത്തിലെ പട്ടത്താനം കേരളത്തിൽ ശാസ്ത്രപണ്ഡിതന്മാരെ സജീവമായ് പ്രോത്സാഹിപ്പിക്കുന്നതിനു വളരെ ശതവൎഷകാലത്തേക്കു പ്രയോജകീഭവിച്ചിരുന്നു. തുലാമാസത്തിൽ രേവതിയിൽ തുടങ്ങി തിരുവാ

Digitized By Kerala Sahitya Akademi

തിരയിലാണ് ആദ്യകാലം മുതൽക്കുതന്നെ ആ താനം അവസാനിച്ചിരുന്നത്. വിദ്വൽസദസ്സിൽ നടക്കുന്ന വാദപരീക്ഷയിൽ വിജയികളാകുന്നവൎക്ക് ൧൦൦ പണത്തിന്റെ ഓരോ കിഴി സമ്മാനമായ് നല്കപ്പെട്ടിരുന്നു. പ്രാഭാകരമീമാംസയ്ക്കും ഭാട്ടമീമാംസയ്ക്കും ൧൨ വീതവും വ്യാകരണത്തിന് ൯-ം വേദാന്തത്തിനു ൧൩-ം അങ്ങനെ ആകെക്കൂടി ൪൬ കിഴികൾ ഉണ്ടായിരുന്നതായ് അറിയുന്നു. കൊല്ലം ൮൯൪-ൽ ൪൩ കിഴികൾ സമ്മാനിച്ചതിനു രേഖ കാണുന്നുണ്ട്. തളിയമ്പലത്തിന്റെ തെക്കേ വാതിൽമാടത്തിന്റെ തെക്കെ അററത്തു പ്രാഭാകരമീമാംസയിലും വടക്കേ വാതിൽമാടത്തിന്റെ തെക്കേ അററത്ത് വ്യാകരണത്തിലും പരീക്ഷകൾ നടന്നിരുന്നു.

മാനവിക്രമമഹാരാജാവിന്റെ പതിനെട്ടരക്കവികൾ, പയ്യൂർ പട്ടേരിമാർ അച്ഛനും അപ്ഫന്മാരും മഹന്മാരുൾപ്പെടെ ഒൻപതു പേർ, തിരുവേഗപ്പുറക്കാരായ നമ്പൂരിമാർ അഞ്ചുപേർ, മുല്ലപ്പള്ളിനമ്പൂരി, ഉദ്ദണ്ഡശാസ്ത്രികൾ, കാക്കശ്ശേരി ഭട്ടതിരി, ചേന്നാസ്സു നമ്പൂതിരിപ്പാട്, ഇങ്ങനെ പതിനെട്ടു പേരും, ഭാഷാകാവ്യങ്ങൾ മാത്രം നിൎമ്മിക്കുക നിമിത്തം അരക്കവിയായിത്തീൎന്ന പുനം നമ്പൂരിയുമാണെന്നാണ് സാധാരണമായ് പറഞ്ഞുവരാറുള്ളത്. അവരിൽ ചിലരെപ്പററി എനിക്ക് അറിയാവുന്നതിൽ ചില വിവരങ്ങൾ മാത്രം പ്രസ്താവിക്കാം.

മേൽപ്പറഞ്ഞ വിദ്വൽസദസ്സിലെ അഗ്രാസനം അലങ്കരിച്ചിരുന്നതു് അക്കാലത്തെ കേരളീയപണ്ഡിതന്മാരിൽ പ്രഥമഗണനീയനായ പയ്യൂർ അച്ഛൻ ഭട്ടതിരിപ്പാടായിരുന്നു. ഗുരുവായൂരിനു സമീപമുള്ള കൊച്ചി കുന്നംകുളം താലൂക്കിലാകുന്നു പയ്യൂരില്ലം. 'മഹൎഷി' എന്ന ബിരുദപ്പേരാൽ ലോകം ഇന്നും അദ്ദേഹത്തെ സബഹുമാനം സ്മരിക്കുന്നുണ്ട്. ഉദ്ദണ്ഡശാസ്ത്രികൾ അദ്ദേഹത്തെപ്പററി കോകിലസന്ദേശത്തിൽ

"കിഞ്ചിൽപൂർവാരണഖളഭുവി ശ്രീമദധ്യക്ഷയേഥാ-
സ്തന്മീമാംസാദ്വയകുലഗുരോസ്സത്മ പുണ്യം മഹൎഷേഃ;
വിദ്വദ്വൃന്ദേ വിവദിതുമനസ്യാഗതേ യത്ര ശശ്വ-
ദ്വ്യാഖ്യാശാലാവളഭിനിലയസ്തിഷ്ഠതേ കീരസംഘഃ.

ശാസ്ത്രവ്യാഖ്യാ ഹരിഹരകഥാ സൽകഥാഭ്യാഗതാനാ-
മാലാപോ വാ യദി സഹ ബുധൈരാക്ഷിപേദസ്യ ചേതഃ

Digitized By Kerala Sahitya Akademi

തദ്വിസ്രബ്ധം ദ്വിജപരിവൃതേ നിഷ്കുടാഗ്രൗ നിഷണ്ണഃ
കോക്രൂയേഥാഃ; സ ഖലു മധുരാം സൂക്തിമാകർണ്യ തുഷ്യേൽ.

ശ്ലാഘ്യച്ഛന്ദസ്ഥിതിമയി മയാ ശോഭനേർത്ഥേ നിയുക്തം
ശ്രാവ്യം ശബ്ദൈഃ സരസസുമനോഭാജ്യഭ്രാന്തവൃത്തിം
ദൂരപ്രാപ്യം പ്രശിഥിലമിവ ത്വാം സഖേ, കാവ്യകല്പം
ധീമാൻ പശ്യേൽ സ യദി നനു തേ ശുദ്ധ ഏവ പ്രചാരഃ.”

ഈ പദ്യങ്ങളിലും, അന്യത്ര

“പയ്യൂരാഢ്യ, മഹർഷേ,
കവിതാമാർഗ്ഗേചകാളിദാസം ത്വാം
ദാനേചകല്പവൃക്ഷം
സർവ്വജ്ഞതേച ചന്ദ്രഖണ്ഡധരം.”

എന്ന ശ്ലോകത്തിലും ചെയ്തിട്ടുള്ള അനന്യസാധാരണമായ പ്രശസ്തിക്ക് ആ മഹാനുഭാവൻ വിഷയീഭവിക്കണമെങ്കിൽ അവിടുത്തെ മീമാംസാദിശാസ്ത്രപാണ്ഡിത്യം, കാവ്യനിർമ്മാണകൗശലം, വിമർശനകലാവൈദഗ്ദ്ധ്യം, വിദ്വജ്ജനപക്ഷപാതം, ദാനശൗണ്ഡത, ഷൾക്കർമ്മനിരതത്വം മുതലായ ഗുണങ്ങൾ എത്രമാത്രം അതിമാനുഷങ്ങളായിരുന്നിരിക്കണം എന്നു നമുക്ക് ഏറെക്കുറെ ഊഹിക്കാവുന്നതാണ്.

കാക്കശ്ശേരിഭട്ടതിരിയും വസുമതീമാനവിക്രമം നാടകത്തിൽ അദ്ദേഹത്തെ

“യസ്മിൻ പ്രീണാതി വാണീകരതലവിലസ-
ദ്വല്ലകീതൌല്യഭാജാം
സോതാ വാതാലയാധീശ്വരവിശദശിരഃ-
കമ്പസംഭാവിതാനാം
വാചാം മോചാമധൂളീപരിമളസുഹൃദാം
സർവ്വദാ നൈഗമാധ്വ-
ശ്രദ്ധാലുഃ കേരളക്ഷ്മാതലതിലകമൃഷി-
സ്സാഹിതീപാരദൃശ്വാ.”

എന്ന പദ്യത്തിൽ മുക്തകണ്ഠമായ് പുകഴ്ത്തിയിരിക്കുന്നു.

പയ്യൂർ മഹർഭട്ടതിരിയുടെ പേർ പരമേശ്വരൻ എന്നായിരുന്നു. ഉദ്ദണ്ഡശാസ്ത്രികൾ മല്ലികാമാരുതത്തിൽ ഈ പരമേശ്വരഭട്ടതിരിക്കു നല്കിയ

Digitized By Kerala Sahitya Akademi

"വേദേ സാദരബുദ്ധി,രുദ്ധതതരേ
തർക്കേ പരം കർക്കശഃ
ശാസ്ത്രേ ശാന്തമതിഃ കലാസു കുശലഃ
കാവ്യേഷു ഭവ്യോദയഃ
ശ്ലാഘ്യഃ സൽകവിതാസു ഷട്സ്വപി പടു-
ർഭാഷാസു, സ ത്വം ക്ഷിതൗ
സർവോദ്ദണ്ഡകവിപ്രകാണ്ഡ, ഭദസേ
കസ്മൈ ന വിസ്മേരതാം?"

എന്ന ശ്ലോകരൂപമായ പ്രശംസാപത്രം "കഥിതമപ്യേതന്മീമാംസകചക്രവർത്തിനാ മഹർഷിപുത്രേണ പരമേശ്വരേണ" എന്ന പീഠികയോടുകൂടി ഉദ്ധരിച്ചിട്ടുണ്ടു്. 'മീമാംസകചക്രവർത്തി' എന്നു ശാസ്ത്രികൾ വർണിക്കുന്ന പരമേശ്വരനും അദ്ദേഹത്തിന്റെ അച്ഛൻ മഹർഷിയും മാത്രമല്ല പ്രസ്തുതവംശത്തിൽ ആ പേരുകളോടുകൂടി ജീവിച്ചിരുന്നതു്. മൂന്നു് ഋഷിമാരുടേയും മൂന്നു പരമേശ്വരന്മാരുടേയും നാമധേയങ്ങൾ ഇപ്പോൾ വെളിപ്പെട്ടിട്ടുണ്ടു്. ഒന്നാമത്തെ ഋഷിയുടേയും ഗൌര്യംബയുടെയും പുത്രനായിരുന്നു ഒന്നാമത്തെ പരമേശ്വരൻ. ഈ പരമേശ്വരൻ വാചസ്പതിമിശ്രന്റെ ന്യായകണികയ്ക്കു് ജുഷധ്വംകരണി എന്നും സ്വദിതംകരണി എന്നും രണ്ടു വ്യാഖ്യാനഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ടു്. പരമേശ്വരനു്, എനിക്കു് അറിവുള്ളിടത്തോളം, അഞ്ചു പുത്രന്മാരുണ്ടായിരുന്നു. രണ്ടാമത്തെ ഋഷി, ഭവദാസൻ, വാസുദേവൻ, സുബ്രഹ്മണ്യൻ, ശങ്കരൻ, ഇവരാണു് അവരുടെ പേരുകൾ. രണ്ടാമത്തെ ഋഷിയുടേയും ഗോപാലികാംബയുടേയും പുത്രനാണു് രണ്ടാമത്തെ പരമേശ്വരൻ. അദ്ദേഹം മണ്ഡനമിശ്രന്റെ സ്ഫോടസിദ്ധി, വിഭ്രവിവേകം ഈ കൃതികൾക്കും വാചസ്പതിമിശ്രന്റെ തത്ത്വബിന്ദുവിനും ചിദാനന്ദന്റെ നീതിതത്ത്വാവിർഭാവനത്തിനും വ്യാഖ്യാനഗ്രന്ഥങ്ങൾ നിർമ്മിച്ചിട്ടുണ്ടു്. അദ്ദേഹത്തിന്റെ സഹോദരൻ വാസുദേവന്റെ കൃതികളായുള്ള ചില യമകകാവ്യങ്ങളെപ്പററി 'ഭ്രമരസന്ദേശവും വാസുദേവഭട്ടതിരിയും' എന്ന ഉപന്യാസത്തിൽ ഞാൻ പ്രസ്താവിച്ചിട്ടുണ്ടല്ലോ. മൂന്നാമത്തെ പരമേശ്വരന്റെ ജൈമിനീയമീമാംസാസൂത്രങ്ങൾക്കുള്ള "സൂത്രാർത്ഥസംഗ്രഹം" എന്ന വിപുലമായ വ്യാഖ്യാനം ഞാൻ വായിച്ചിട്ടുണ്ടു്. ഗ്രന്ഥം അച്ചടിപ്പിച്ചിട്ടില്ല. "ഇതി മഹാമഹോപാധ്യായശ്രീമദൃഷിപുത്രപരമേശ്വരവിരചിതേ സൂത്രാർത്ഥസംഗ്രഹേ" എന്നു് അതിൽ പല ഭാഗങ്ങളിലും രേഖപ്പെടുത്തിക്കാണുന്നു. തത്ത്വബിന്ദുവിന്റെ വ്യാഖ്യാനമായ തത്ത്വവിഭാവന മൂലത്തോടു

Digitized By Kerala Sahitya Akademi

കൂടി മീമാംസാപണ്ഡിതൻ വി. എ. രാമസ്വാമി ശാസ്ത്രികൾ എം. എ. അണ്ണാമല സർവ്വകലാശാലയുടെ ആഭിമുഖ്യത്തിൽ പ്രസിദ്ധപ്പെടുത്തീട്ടുണ്ട്. ദ്വിതീയപരമേശ്വരന്റെ പുത്രൻ മൂന്നാമത്തെ ഋഷിയും അദ്ദേഹത്തിന്റെ പുത്രൻ മൂന്നാമത്തെ പരമേശ്വരനുമാണ്. ഈ ഋഷിക്കു വാസുദേവൻ എന്നൊരു സഹോദരനുമുണ്ടായിരുന്നു. ഇവരിൽ ഏതു് ഋഷിയും പരമേശ്വരനുമാണ് ശാസ്ത്രികളുടെ സമകാലികന്മാർ എന്നു വെളിപ്പെടുന്നില്ല; രണ്ടാമതായ് നിർദ്ദേശിച്ചവരാണെന്നത്രേ ഞാൻ തൽകാലമായ് സങ്കല്പിക്കുന്നതു്. ദ്വിതീയപരമേശ്വരൻ ആദ്യമായ് വിഭ്രമവിവേകത്തിനും, പിന്നീടു തത്വബിന്ദു, നീതിതത്വാവിർഭാവനം, സ്ഫോടസിദ്ധി ഇവയ്ക്കും വ്യാഖ്യാനങ്ങൾ രചിച്ചു. സ്ഫോടസിദ്ധിവ്യാഖ്യയ്ക്കു 'ഗോപാലിക' എന്നാണു് പേർ. അദ്ദേഹത്തിന്റെ ഗുരു പിതൃവ്യനായ ഭവദാസനായിരുന്നു. നീതിതത്വാവിർഭാവനത്തിലെ കാര്യവാദം മറെറാരു പിതൃവ്യനായ സുബ്രഹ്മണ്യന്റെ നിദേശമനുസരിച്ചും സ്വതഃപ്രമാണവാദം ഇനിയൊരു പിതൃവ്യനായ വാസുദേവൻ ഉപദേശിച്ച മാതിരിയിലും ആണു് അദ്ദേഹം വ്യാഖ്യാനിച്ചതു്.

"ഇഷ്ടാനിഷ്ടപ്രാപ്തിഹാന്യോ— ർജ്ജാഗരൂകാ ഭവന്തു നഃ
ഋഷയഃ പിതരോ ദേവാ—സ്സർവ്വദാര്യാശ്ച മാതരഃ"

എന്ന മംഗലാചരണപദ്യത്തിൽ കാണുന്ന സൂചനയിൽനിന്നു് മൂന്നാമത്തെ ഋഷിയുടെ സഹധർമ്മിണിയുടെ നാമധേയം ആര്യ എന്നായിരുന്നു എന്നു ഗ്രഹിക്കാവുന്നതാണു്.

"ജൈമിനിശബരകുമാരില-
സുചരിതപരിതോഷപാർത്ഥസാരഥയഃ
ഉംബേകവിജയകാരൗ
മണ്ഡനവാചസ്പതീ ച വിജയന്താം."

എന്ന പദ്യത്തിൽ ഗ്രന്ഥകാരൻ പല പൂർവ്വന്മാരായ മീമാംസാഗ്രന്ഥകാരന്മാരേയും സ്മരിക്കുന്നു.

"പ്രണമാ-
മ്യാചാര്യാൻ വാസുദേവനാമാര്യാൻ"

എന്നവസാനിക്കുന്ന മറെറാരു പദ്യത്തിൽനിന്നു് പരമേശ്വരഭട്ടതിരിയുടെ ഗുരു ഒരു 'വാസുദേവൻ' ആണെന്നു കാണാം. അദ്ദേഹത്തിന്റെ പിതൃവ്യൻ തന്നെയായിരിക്കാൻ ഇടയുണ്ടു്. കൊല്ലം ൮൭൪–ലെ പട്ടത്താ

Digitized By Kerala Sahitya Akademi

നത്തിനും പ്രധാനദീപത്തിന്റെ അടുത്തിരുന്നു സദസ്സു നയിച്ചതു് അന്നത്തെ പശ്ചാരാധ്യനാണെന്നു കാണുന്നു.

ഉദ്ദണ്ഡശാസ്ത്രികളുടെ ജന്മഭൂമി തൊണ്ടമണ്ഡലത്തിൽ പാലാററിന്റെ കരയിലുള്ള ലാടപുരംഗ്രാമമായിരുന്നു. ഇതും തന്റെ ജീവചരിത്രം സംബന്ധിച്ചുള്ള മററുചില സങ്ഗതികളും ആ മഹാകവി 'മല്ലികാമാരുതം' പ്രകരണത്തിന്റെ പ്രസ്താവനയിൽ വർണ്ണിച്ചിട്ടുള്ളതു കേരളീയർ ധരിച്ചിരിക്കേണ്ടതാണു്. ആ ഭാഗം താഴെ ഉദ്ധരിക്കാം.

"അസ്തി ദക്ഷിണാപഥോദയമാനഃ കാമാക്ഷീകടാക്ഷതാണ്ഡവിതകവിശിഖണ്ഡിമണ്ഡലേഷു തുണ്ഡീരേഷു ക്ഷീരനദീതരങ്ഗിതോപശല്യോ ലാടപുരനാമാ മഹാനഗ്രഹാരഃ; തത്ര ച

തപശ്ചരണചുഞ്ചവസ്സകലശാസ്ത്രമുഷ്ടിന്ധയാഃ
സപാനുഷ്ഠിതമഹാധ്വരാഃ ശ്രുതിപരായണാശ്ശ്രോത്രിയാഃ
മഹാഭിജനശാലിനോ വദനവർത്തിവാഗ്ദേവതാ-
വസന്ത്യതിഥിസൽകൃതിക്ഷപിതവാസരാ ഭൂസുരാഃ.

തത്ര ച, ആമുഷ്യായണസ്യ ആപസ്തംബശാഖാദ്ധ്യായിനോ വാധൂലകുലതരുപല്ലവസ്യ, കവിതാവല്ലഭസ്യ, വിപഞ്ചീപഞ്ചമോദഞ്ചിതകീർത്തേരുപാദ്ധ്യായഗോകുലനാഥസ്യ, ശ്രീകൃഷ്ണസൂനോരുത്തരങ്ഗനാഥസ്യ പ്രിയനന്ദന ഇരുങ്ഗുപനാഥാപരപര്യ്യായ ഉദ്ദണ്ഡകവിർനാമ; സ കില വിധിവദുപാസിതാൽ തീർത്ഥാദധിഗതസകലവിദ്യോ ദിദൃക്ഷുർദ്ദിഗന്തരാണി ആന്ധ്രകർണ്ണാടകകലിങ്ഗചോളകേരളാനവതീർണ്ണഃ, മജ്ജൻ മഹാനദീഷു, പശ്യൻ ദേവതാസ്ഥാനാനി, സേവമാനസ്സജ്ജനാൻ, അഭിനന്ദന്നന്താവ്ണീൻ, ഇദമേവ താമ്രചൂഡക്രോഡനഗരമാധൗകത; ആധൈൗക്യ ച

ആസ്ഥാനമധ്യഗതമുദ്ധതസൗവിദല്ല-
ഭ്രൂക്ഷേപചോദിതനമച്ചതുരന്തവീരം
ശ്രീവിക്രമം ചതുരവാരവധൂകരാബ്ജ-
വ്യാധൂതചാമരമലോകത ലോകനാഥം.

അസ്തോഷ്ട ച:—

പ്രത്യർത്ഥിഭൂമിപാല-
പ്രതാപഫലമ്മോത്ഥപുഷ്കലാവർത്ത,
വിശ്വംഭരാകുടുംബിൻ,
വിക്രമ, വിദൈശകവീര, വിജയസ്വ.

Digitized By Kerala Sahitya Akademi

ദേവോപി പരിസരവത്തികോവിദകവിവദനാകൃഷ്ടേന വിഘട മാനകമലദളശീതളേന കടാക്ഷേണ സംഭാവയൻ സാദരമേവമാദിക്ഷൽ:

"ശ്രീമനുദ്ദണ്ഡ, വിദ്വൻ, നിശമയ വചനം മാമകം; കാമദോഗ്ധ്രീ
വാണീ നാണീയസീ തേ; നനു വരകവിതാ ഭൂഷിതാ വാഗ്വിലാസൈഃ;
തസ്മാദഹായ സമ്യക്പ്രകരണമതുലം മല്ലികാമാരുതാഖ്യം
കിഞ്ചിദ്വ്യഞ്ജദ്രസാർദ്രം വിരചയ വിധിനാ സൽകവേ, സൽക്രിയാം മേ."

"മല്ലികാമാരുതം നാമ—മനസ്സംവനനം നവം
പ്രയുഞ്ജ്മഹേ പ്രകരണം—പ്രമോദന്താം സഭാസദഃ."

ഗ്രന്ഥാവസാനത്തിൽ,

"ഉദ്ദണ്ഡം രങ്ഗനാഥസ്സതമലഭത യം രങ്ഗദേവീ തഥാംബാ;
ത്രൈവിദ്യേശോ മഹർഷിന്നിരവധിമഹിമാ യദ്ഗുരോ ജാഗരൂകഃ;
തസ്യ ശ്രീവിക്രമാജ്ഞാബഹുമതിരചിതേ മല്ലികാമാരുതേസ്മിൻ
സദ്യഃ പ്രാഗാദ്ദശാനാം പ്രകരണതിലകേ നിഷ്കളങ്കോയമങ്കഃ."

എന്ന പദ്യവും കാണുന്നുണ്ട്. ഇവയിൽനിന്നു മേൽപ്രസ്താവിച്ച ലാടപുരം ഗ്രാമത്തിൽ ശ്രീകൃഷ്ണന്റെ പുത്രനായ്, ഗോകുലനാഥന്റെ ശിഷ്യനായ്, മഹാകവിയായ്, രങ്ഗനാഥൻ എന്ന ആപസ്തംബസൂത്രത്തിലും വാധൂലഗോത്രത്തിലുംപെട്ട ഒരു മഹാബ്രാഹ്മണൻ ഉണ്ടായിരുന്നു എന്നും, അദ്ദേഹത്തിനു രങ്ഗദേവി എന്ന ധമ്മപത്നിയിൽ ജനിച്ച പുത്രനാണ് ഉദ്ദണ്ഡശാസ്ത്രികൾ എന്നും, ശാസ്ത്രികൾക്ക് ഇരുഗുപനാഥൻ എന്നുകൂടി പേരുണ്ടായിരുന്നു എന്നും, അദ്ദേഹം ഒരു ആന്ധ്രബ്രാഹ്മണനായിരുന്നിരിക്കണമെന്നും, ഗുരുമുഖത്തിൽനിന്നു ബാല്യത്തിൽ തന്നെ സകലവിദ്യകളും അഭ്യസിച്ച് ആന്ധ്രം, കർണ്ണാടകം, കലിങ്ഗം, ചോളം, കേരളം, ഇങ്ങനെ പല രാജ്യങ്ങൾ ചുററിസ്സഞ്ചരിച്ച് ഒടുവിൽ കോഴിക്കോട്ടുവന്ന് മാനവിക്രമമഹാരാജാവിനെക്കണ്ടു് അദ്ദേഹത്തിന്റെ ആജ്ഞയനുസരിച്ച് മല്ലികാമാരുതം എന്ന പ്രകരണം നിമ്മിച്ചു എന്നും വെളിവാകുന്നു. മല്ലികാമാരുതം മാലതീമാധവംപോലെ വിശിഷ്ടമായ ഒരു പ്രകരണമാകുന്നു. ഭവഭൂതിക്ക് ഓജസ്സു കൂടുമെങ്കിൽ ശാസ്ത്രികൾക്കു മാധുര്യമേറും. തന്നിമിത്തം വിപ്രലംഭശൃങ്ഗാരത്തിന്റെ പ്രപഞ്ചനത്തിൽ ശാസ്ത്രികൾ ആ മഹാകവിമൂർദ്ധന്യനെക്കൂടി ചില അംശങ്ങളിൽ അധഃകരിക്കുന്നു എന്നാണ് ഭാവുകന്മാരുടെ മതം. കൊടിയവിരഹം, രാജരത്നാവലീയം മുതലായ ചമ്പൂപ്രബന്ധങ്ങളുടെ നിമ്മാതാക്കൾ ഈ പ്രകരണത്തെ ധാരാളമായ് ഉപജീവിച്ചിട്ടുണ്ട്. മാതൃക കാണിക്കുവാൻ ചില ശ്ലോകങ്ങൾ ഉദ്ധരിക്കാം.



Digitized By Kerala Sahitya Akademi

1. മാരുതൻ സഖാവായ കളകണ്ഠനെപ്പററി:—

"നോലിപ്താ യശസാ ദിശോ; ന ഗുരവശ്ശുശ്രൂഷയാ തോഷിതാ;-
നപ്രാപ്തശ്ച ഗുണത്രയാപഹതയേ പുണ്യോ ഗൃഹസ്ഥാശ്രമഃ;
നോവാ പൂരിതമർത്ഥിനാമഭിമതം; ന സ്ത്രീകഥാപി ശ്രുതാ;
ഹാ! ഹാ! നിഷ്ഠുരണേന ദഗ്ദ്ധവിധിനാ നീതോസ്യകാണ്ഡേ സഖേ."

2. നായികയുടെ കടാക്ഷം: —

"പ്രണയചപലാഃ പ്രേമസ്ഫാരാഃ പ്രസൂതമനോഭവാഃ
ക്ഷപിതധൃതയശ്ചേതശ്ചോരാശ്ചലാചലതാരകാഃ
ശിവശിവ! മയി പ്രേംഖന്ത്യസ്യാസ്തരംഗിതഘൂർണ്ണിത-
സ്തിമിതമധുരസ്നിഗ്ദ്ധാ മുഗ്ദ്ധാ വിലോചനവിഭ്രമാഃ."

3. ദേവിയുടെ മഹിഷമർദ്ദനം:—

"കേളീരാവോ വ്യരംസീന്ന കില വിജയയാ സാർദ്ധമാബദ്ധ്യമാനോ;
നാകൃഷ്ടാ ദൃഷ്ടിപാതാഃ കില നടനജുഷശ്ചന്ദ്രചൂഡസ്യ വക്ത്രാൽ;
ഉൽക്ഷിപ്തേ പാദപദ്മേ കില മണികടകോ നോച്ചകൈർവാ ശി
[ശിഞ്ജേ;
മാതശ്ശൈലേന്ദ്രകന്യേ, മഹിഷവിമഥനം നാമ കോയം വിലാസഃ?"

4. വർഷകാലം: —

"അമീ കിമപി വാസരാഃ പ്രസുവതേ മുദം ദേഹിനാം
വിജൃംഭിനവകന്ദളീദലനിലീനപുഷ്പന്ധയാഃ
പയോദമലിനീഭവദ്ഗഗനദർശനപ്രോല്ലസൽ-
കൃഷീവലവിലാസിനീനയനകാന്തിതാപിഞ്ഛിതാഃ."

ഉദ്ദണ്ഡശാസ്ത്രികളുടെ കൃതിയായ് മല്ലികാമാരുതത്തിനു പുറമേ കോകിലസന്ദേശവും ചില ഒററ ശ്ലോകങ്ങളുമല്ലാതെ നമുക്കൊന്നും ലഭിച്ചിട്ടില്ല. ഒരു നാടകശാസ്ത്രഗ്രന്ഥമുണ്ടെന്നു കേട്ടിട്ടുണ്ട്. ചാക്യാന്മാരുടെ കൂടിയാട്ടത്തിലെ ചില വളച്ചുകെട്ടുകളെ അപഹസിക്കുന്ന നാടാങ്കുശം ആയിരിക്കാം അതു് എന്നു ഞാൻ ഊഹിക്കുന്നു. കോകിലസന്ദേശത്തിൽ ശാസ്ത്രികൾ കോഴിക്കോടിനെപ്പററി

"കുയ്യാൽ പ്രീതിം തവ നയനയോഃ കുക്കുടക്രോഡനാമ
പ്രാസാദാഗ്രോല്ലിഖിതഗഗനം പത്തനം തൽ പ്രതീതം
യദ്ദോർവീര്യദ്രഢിമകരദീഭൃതരാജന്യവീരാ-
ശ്ശൂരാഗ്രണ്യശ്ശിഖരിജലധിസ്വാമിനഃ പാലയന്തി.

Digitized By Kerala Sahitya Akademi

ഗേഹേ ഗേഹേ നവനവസുധാക്ഷാളിതം യത്ര സൗധം;
സൗധേ സൗധേ സുരഭികുസുമൈഃ കല്പിതം കേളിതല്പം;
തല്പേ തല്പേ രസപരവശം കാമിനീകാന്തയുഗ്മം;
യുഗ്മേ യുഗ്മേ സ ഖലു വിഹരൻ വിശ്വവീരോ മനോഭൂഃ.

വ്യർത്ഥം കർണ്ണേ നവകുവലയം വിഭ്രമാണേ കടാക്ഷേ;
ഭാരോ ഹാരഃ സ്തനകലശയോർഭാസുരേ മന്ദഹാസേ;
യത്ര സ്ത്രീണാമപി കചഭരേഷ്വേണശാബേക്ഷണാനാം
മാദ്യൽഭൃംഗേ സതി പരിമളേ മംഗളായ പ്രസൂനം.

യത്ര ജ്ഞാത്വാ കൃതനിലയനാമിന്ദിരാമാത്മകന്യാം
മന്യേ സ്നേഹാകലിതഹൃദയോ വാഹിനീനാം വിവോഢാ
തത്തദ്ദ്വീപാന്തരശതസമാനീതരത്നൗഘപൂർണ്ണം
നൗകാജാലം മുഹുരുപഹരൻ വീചിഭിഃ ശ്ലിഷ്യതീവ."

എന്ന പദ്യങ്ങളിൽ ചെയ്തിട്ടുള്ള ഉജ്ജ്വലമായ വർണ്ണനം ആ നഗരത്തിന്റെ അന്നത്തെ സമ്പൽസമൃദ്ധിക്കു യോജിച്ചതുതന്നെ. കോകിലസന്ദേശത്തിൽനിന്നു ശാസ്ത്രികൾക്കു് ചേന്നമംഗലത്തു മാരക്കര എന്ന നായർഗൃഹത്തിൽ സംബന്ധമുണ്ടായിരുന്നു എന്നൂഹിക്കാം. ശാസ്ത്രികളെ സാമൂതിരിപ്പാട്ടമായ് ആദ്യം പരിചയപ്പെടുത്തിയതു ചേന്നാസ്സ നമ്പൂതിരിപ്പാടായിരുന്നു എന്നും, ആ അവസരത്തിൽ നമ്പൂതിരിപ്പാട്ടു ചൊല്ലിയതു ശാസ്ത്രികൾ മുൻകൂട്ടി ഉണ്ടാക്കിക്കൊടുത്തിരുന്ന

"പ്രക്രീഡൽകാന്തവീര്യോജ്ജ്വലനഭുജവിധൂതോന്മുക്തസോമോദ്ഭവാംഭ-
സ്സംഭാരാഭോഗധൗംഭപ്രശമനപടുവാഗ്ഗുംഭഗംഭീരിമശ്രീഃ
തുണ്ഡീരക്ഷോണിഭാഗാത്തവ ഖലു വിഷയേ ഹിണ്ഡിതോദ്ദണ്ഡസൂരി-
സ്സോയം തേ വിക്രമക്ഷ്മാനൃപ, ന കിമു ഗതശ്ശ്രോത്രിയശ്ശ്രോത്ര
[ദേശം?"

എന്ന പദ്യമായിരുന്നു എന്നും, അതിനെത്തുടന്നു ശാസ്ത്രികൾ,

"ഉദ്ദണ്ഡഃ പരദണ്ഡധൈരവ, ഭവദ്യാത്രാസു ജൈത്രശ്രിയോ-
ഹേതുഃ കേതുരതീത്യ സൂര്യസരണിം ഗച്ഛൻ നിവാര്യസ്ത്വയാ;
നോ ചേത്തൽപടസമ്പുടോദരലസച്ഛാർദ്ദൂലമുദ്രാദ്രവൽ-
സാരംഗം ശശിബിംബമേഷ്യതി തുലാം തൽപ്രേയസീനാം മു
[ഖൈഃ."

Digitized By Kerala Sahitya Akademi

എന്ന പദ്യം അടിയറവെച്ചു എന്നും ഉള്ള ഐതിഹ്യം വാസ്തവമായിരിക്കാം. അദ്ദേഹത്തിനു പക്ഷേ ഉദ്ദണ്ഡനെന്ന ബിരുദപ്പേർ സാമൂതിരിപ്പാട്ടിൽനിന്നു ലഭിച്ചതും മേലുദ്ധരിച്ച ശാർദ്ദൂലവിക്രീഡിതപദ്യം നിമിത്തമായിരിക്കാം.

തന്നെ മാനിക്കാത്തവർ എത്ര ഉയന്ന നിലയിലുള്ളവരായാലും അവരെ മാനിക്കുന്ന പതിവു ശാസ്ത്രികൾക്കു ഉണ്ടായിരുന്നില്ല. കോഴിക്കോട്ടേക്കു പോരുന്നതിനു മുൻപു കർണ്ണാടക (വിജയനഗരം) രാജ്യത്തിൽ അദ്ദേഹം പോകുകയും അവിടത്തെ മഹാരാജാവിന് ഏതാനും പദ്യങ്ങൾ അടിയറവയ്ക്കുകയും ചെയ്തു. അതിനു യാതൊരു പാരിതോഷികവും നല്കുവാൻ സന്നദ്ധത പ്രദർശിപ്പിക്കാത്ത അദ്ദേഹത്തോടു് ഒടുവിൽ നമ്മുടെ കവി

"മാഗാഃ പ്രത്യുപകാരകാതരതയാ
വൈവർണ്ണ്യമാകർണ്ണയ
ശ്രീകർണ്ണാടവസുന്ധരാധിപ, സുധാ-
സിക്താനി സൂക്താനി നഃ;
സ്തൂയന്തേ കവിഭിഃ പയോനിധിസരിൽ-
സന്ധ്യാഭ്രവിന്ധ്യാടവീ-
ഝംഝാമാരുതനിർഝരപ്രഭൃതയ-
സ്തേഭ്യഃ കിമാപ്തം ഫലം?"

എന്നു ചോദിച്ചുകൊണ്ടു ധീരനായ് അവിടം പരിത്യജിച്ചതായ് ഐതിഹ്യം ഘോഷിക്കുന്നു. മേലുദ്ധരിച്ച ശ്ലോകത്തിന്റെ അർത്ഥം താഴെ കുറിക്കുന്നതാണ്.

"അല്ലയോ കർണ്ണാടമഹാരാജാവേ, പ്രത്യുപകാരം ചെയ്യണമല്ലോ എന്നുള്ള പരുങ്ങൽകൊണ്ടു് അങ്ങു വിവർണ്ണനാകേണ്ടതില്ല; നമ്മുടെ മധുരമായ വചനം കേട്ടുകൊള്ളുക. എന്നെപ്പോലെയുള്ള കവികൾ സമുദ്രം, പുഴ, സന്ധ്യാകാലത്തെ മേഘം, വിന്ധ്യപർവ്വതത്തിലെ കാട്ട്, കൊടുങ്കാററു്, വെള്ളച്ചാട്ടം, തുടങ്ങിയ പലതിനേയും വർണ്ണിക്കുന്നവരാണു്; ഈ വർണ്ണനംകൊണ്ടെല്ലാം ഞങ്ങൾക്കു് എന്തു ഫലമാണു് ഉണ്ടായിട്ടുള്ളതു്?" അതുപോലെ രാജാവിനെപ്പററി പ്രതിഫലേച്ഛകൂടാതെ കവിയും വർണ്ണിച്ചു എന്നു സാരം.

Digitized By Kerala Sahitya Akademi

ശാസ്ത്രികളെ ചിലർ ഉദ്ധതനായിരുന്നു എന്നു പറയാറുണ്ട്. തൻെറ അസ്സാദൃശമായ പാണ്ഡിത്യത്തേയും കവിതാത്തേയും പററി അദ്ദേഹത്തിന് അസ്ഥാനസ്ഥമല്ലാത്ത അഭിമാനമുണ്ടായിരുന്നു എന്നുള്ളതിന്നു സംശയമില്ല.

"അനാരാദ്ധ്യ കാളീമനാസാദ്യ വീടീ-
മൂതേ മന്ത്രശക്തിം വിനാ ഗ്രന്ഥചൌര്യം
പ്രപഞ്ചപ്രസിദ്ധം പ്രബന്ധം പ്രബന്ധും
വിരിഞ്ചപ്രപഞ്ചേ മദന്യഃ കവിഃ കഃ?"

എന്ന് അദ്ദേഹം തന്നെ ആത്മസംഭാവനം ചെയ്തതായ് ഐതിഹ്യമുണ്ട്. ഈ പദ്യത്തിൻെറ കർത്തൃത്വം അന്യത്ര ആരോപിച്ചും കാണുന്നു. അഹങ്കാരികളായ പ്രതിയോഗികളുടേയും അനഭിജ്ഞന്മാരായ കവിമ്മന്യന്മാരുടേയും വിഷയത്തിൽ അദ്ദേഹം ദാക്ഷിണ്യരഹിതനായിരുന്നു. തൃക്കണ്ടിയൂർ നാണപ്പപ്പിഷാരടിയെപ്പററി ശാസ്ത്രികൾ രചിച്ച

"ധന്യാധന്യാധനീനാഃ ഫണിവരഭണിതാംഭോധികംഭീകമാരാ-
ധന്യാഃ കേചിൽ പ്രഥന്തേ പരഗുണകണികാശ്ലാഘിനസ്സാൻ നമാമഃ;
പ്രത്യാഹാരഗ്രഹേപി ഭ്രമിതമതിരസൗ കോപി സാഹിത്യവിദ്യാ-
കാണോ നാണപ്പനാമാ വ്യവഹരതു ജരംസ്ഥാവതാ മേ ന ഹാനിഃ."

എന്ന പദ്യവും മററും വാദമദ്ധ്യത്തിൽ ആവിർഭവിച്ചതാണെന്നു സമാധാനപ്പെടാവുന്നതാണല്ലോ. യഥാർത്ഥപണ്ഡിതന്മാരേയും സാക്ഷാൽ സൽകവികളേയും പററി അദ്ദേഹത്തിന് എത്രമാത്രം ബഹുമാനം ഉണ്ടായിരുന്നു എന്നുള്ളതിന്ന് പയ്യൂർ അച്ഛൻ ഭട്ടതിരിയേയും മഹൻ ഭട്ടതിരിയേയും പററി അദ്ദേഹം ചെയ്തിട്ടുള്ള വിനയമസൃണമായ പ്രശംസയും, ശ്രീകൃഷ്ണവിജയകർത്താവായ ശങ്കരകവിയെപ്പററി കോകിലസന്ദേശത്തിൽ

"കോലാനേലാവനസുരഭിലാൻ യാഹി; യത്ര പ്രഥന്തേ
വേലാതീതപ്രഥിതയശസശ്ശങ്കരാദ്യാഃ കവീന്ദ്രാഃ"

എന്നു കാണുന്ന നിർദ്ദേശവും മതിയായ ദൃഷ്ടാന്തങ്ങളാണ്. മുക്കോല ഭഗവതി ക്ഷേത്രത്തിൽ ശാസ്ത്രികൾ ഒരിക്കൽ തൊഴാൻ പോയപ്പോൾ

"സംഭരിതഭൂരികൃപമംബ, ശുഭമങ്ഗം
ശുംഭതു ചിരന്തനമിദം തവ മദന്തഃ"

Digitized By Kerala Sahitya Akademi

എന്നു് ഒരു വന്ദനശ്ലോകത്തിന്റെ പൂർവ്വാർദ്ധം ആ മഹാകവി പെട്ടെന്നുണ്ടാക്കി സന്നിധിയിൽ ചൊല്ലുകയും അതു് അടുത്തുനിന്നു കേട്ടുകൊണ്ടിരുന്ന ആ സ്ഥലത്തുകാരനായ കരുണാകരമാരാർ

"ജംഭരിപുകുംഭിവരകുംഭയുഗഡംഭ–
സ്തംഭികുചകുംഭപരിരംഭപരശുംഭ."

എന്നു് ആ ശ്ലോകം അശേഷം ക്ലേശംകൂടാതെ പൂർവ്വാർദ്ധത്തേക്കാൾ പ്രാസഭൂയിഷ്ഠമായ് പൂരിപ്പിച്ചതു ശ്രവിച്ച മാത്രയിൽ ആനന്ദഭരിതനായ് ആ കവിയുടെ പരിചയം സമ്പാദിച്ചു് "അയം ദേവ്യാഃ കരുണാകരഃ" എന്നു് അദ്ദേഹത്തെ അനുഗ്രഹിക്കുകയും ചെയ്തതായ്ക്കേട്ടിട്ടുള്ള ഐതിഹ്യവും ഈ ഘട്ടത്തിൽ സ്മരണീയമാണു്. ഈ കരുണാകരമാരാർ അക്കാലത്തെ ഒരു പ്രസിദ്ധസംസ്കൃതപണ്ഡിതനും, വൃത്തരത്നാകരത്തിനു 'കവിചിന്താമണി' എന്ന ഒരു വ്യാഖ്യാനം രചിച്ച നിബന്ധകവര്യനും, വിദ്ധസാലഭഞ്ജികാവ്യാഖ്യാതാവായ വാസുദേവകവിയുടെ ഗുരുവുമായിരുന്നു. ശാസ്ത്രികളുടെ അപഹാസത്തിനു പാത്രീഭവിച്ച ഭാഷാകവികൾ "പ്രായേണ വൃത്തഹീനന്മാരും" "സൂര്യാലോകേ നിരസ്തഗോപ്രസരന്മാരും" ആയ ഒരുതരം കൊള്ളരുതാത്തവർ മാത്രമായിരുന്നു. ഭാഷാകവിസാർവ്വഭൗമനായ പുനത്തിനെ "പുളകോൽഗമകാരിവചഃപ്രസരൻ" എന്നു പുകഴ്ത്തി അദ്ദേഹത്തിന്റെ "താരിത്തന്വീകടാക്ഷാഞ്ചല........" ഇത്യാദി സുപ്രസിദ്ധമായ മാനവിക്രമസ്തുതിപദ്യത്തിലെ 'ഹന്ത' എന്ന ധ്വനിസമ്പൂർണ്ണമായ പദത്തിന് 'അന്ത ഹന്തയ്ക്കിന്തപ്പട്ട്' എന്നു പറഞ്ഞുകൊണ്ടു തന്റെ ഉത്തരീയപ്പട്ടു സമ്മാനിച്ചതും മററാരുമല്ലായിരുന്നുവല്ലോ. മലയാളബ്രാഹ്മണരെപ്പററി പൊതുവിൽ അദ്ദേഹത്തിനു തോന്നിയിരുന്ന ആദരം അപരിമിതമായിരുന്നു.

"സർവ്വോൽകൃഷ്ടാ ജഗതി വിദിതാഃ കേരളേഷു ദ്വിജേന്ദ്രാ–
വല്ലീകൗണ്യോസ്തദപി മഹിമാ കാപി മദ്ധ്യാശ്രിതാനാം;
തത്രാപ്യസ്യാ*സ്സലിലപവനാ യത്ര യത്ര പ്രഥന്തേ
തേഷാം തേഷാമതിശയജുഷശ്ശീലവിദ്യാനുഭാവാഃ."

എന്നു കോകിലസന്ദേശത്തിൽ അദ്ദേഹം തന്നെ ഈ വിഷയത്തിൽ തനിക്കുള്ള ആശയം വിശദീകരിച്ചിട്ടുണ്ടു്. ഞാറേരിമനയ്ക്കൽവെച്ചു് അദ്ദേഹം നമ്പൂതിരിമാരുടെ ജീവിതചര്യയെ പ്രശംസിച്ചു ചൊല്ലിയ

---

* ഭാരതപ്പുഴയുടെ.

Digitized By Kerala Sahitya Akademi

"സ്വസ്മിൻ വേശ്മനി പൂർണ്ണവിശ്വവിഭവേ പൂജ്യാൻ സമാരാധയൻ
പ്രേയസ്യാ ഗുണപൂർണ്ണയാ ഗുണവതാ പുത്രേണ മിത്രേണ ച
സാർദ്ധം പ്രാവൃഷി കേരളേഷ്വധിപസൻ ഭക്ത്യാ സമാകർണ്ണയൻ
ലീലാം രാഘവകൃഷ്ണയോഃ ക്ഷപയതേ കാലം സ ധന്യോ ജനഃ."

എന്ന പദ്യം പുനത്തിന്റെ ഭാഷാരാമായണചമ്പുവിൽ ഉദ്ധരിച്ചു ചേത്തിട്ടുണ്ട്. ചേന്നാസ്സു നമ്പൂതിരിപ്പാട്ടിലെ തന്ത്രസമുച്ചയം പത്താംപടലത്തിൽ ആറാട്ടിനെഴുന്നള്ളിക്കുമ്പോഠം സ്ത്രീകഠം വിളക്കെടുത്തു ദേവനെ അനുഗമനം ചെയ്യേണ്ട സങ്ഗതിയെപ്പററിയും മററും വിവരിക്കുന്ന

"ശംഖപ്രേംഖച്ചട്ടുലപടഹോത്താളതാളോരുഭേരീ-
രംഗച്ഛൃംഗോഡ്ഡമരഡമരുദ്ദീപ്രവീണാപ്രവീണാഃ
ഢക്കാഢക്കാവിരളമുരളീകമ്മഠാശ്ചാഭിയാന്തു
സ്ഥായദ്ദീപാസ്തമിഹ മഹിതോദ്ദാമഹേളാ മഹേളാഃ."

എന്ന പദ്യം ശാസ്ത്രികളുടേതാണെന്നുള്ള ഐതിഹ്യവും വിശ്വസനീയമാകുന്നു. പുരൂരവസ്സ് ഉവ്ശിയുടെ സൃഷ്ടിയെപ്പററി "അസ്യാസ്സൃഷ്ടിവിധൗ...." ഇത്യാദി പദ്യത്തിൽ ചെയ്യുന്ന ഉല്ലേഖനം ഭാവനാസുഭഗമാണ്. ശാസ്ത്രജ്ഞർജ്ജരനായ ചേന്നാസ്സിനു ശബ്ദസുന്ദരമായ മേലുദ്ധരിച്ച ശ്ലോകം രചിക്കുവാൻ സാധിക്കുകയില്ലെന്നുള്ളതിനു സമുച്ചയത്തിലെ ഇതര ശ്ലോകങ്ങഠം ഓരോന്നും ഉദാഹരണങ്ങളാകുന്നു. ശാസ്ത്രികഠം കേരളത്തിലെ കഞ്ഞിയെപ്പററി

"അങ്ഗജതാപനിഹന്ത്രീ
സമുചിതലാവണ്യസമ്പദാ മധുരാ
അധരാമൃതോപദംശാ
ശ്രാണാ ശോണാധരീവ രമണീയാ."

എന്നും ഓണത്തെപ്പററി

"ചോക്രൂയന്തേ പൃഥുകതതയശ്ചാപതാഡിന്യ ഉച്ചൈ-
സ്സ്വാ നാര്യ്യഃ പതിഭിരനിശം ലംഭയന്ത്യർത്ഥകാമാൻ;
ബംഭ്രമ്യന്തേ സകലപുരുഷൈർവല്ലഭാഭ്യഃ പ്രദാതും
ചിത്രം വസ്ത്രം ശ്രവണകുതുകം വർത്തതേ കേരളേഷു."

എന്നും അതു കൂടാതെ പൈങ്ങയെപ്പററും മററും രചിച്ചിട്ടുള്ള പദ്യങ്ങഠം പ്രസിദ്ധങ്ങളാണല്ലൊ. സമകാലികന്മാരായ കേരളീയകവികഠക്ക് വശ്യവചസ്സായ ശാസ്ത്രികളെപ്പററിയുള്ള ബഹുമാനം എത്രമാത്രമായി

Digitized By Kerala Sahitya Akademi

രുന്നു എന്നുള്ളതിന് അപ്രകാശിതമായ ഗൃധ്രസന്ദേശത്തിൽ ചേന്നമങ്ഗല ത്തിൻെറ പ്രസംഗം വരുന്ന അവസരത്തിൽ കവി അദ്ദേഹത്തെപ്പററി

"ഉദ്ദണ്ഡാഖ്യസ്സുരഭികവിതാസാഗരേന്ദുഃ കവീന്ദ്ര-
സ്തുണ്ഡീരക്ഷ്മാവലയതിലകസ്തത്ര ചേൽ സന്നിധത്തേ
ശ്രാവ്യാമുഷ്യ ത്രിദശതടിനീവേഗവൈലക്ഷ്യദോഗ്ധ്രീ
വാഗ്ധാടീ സാ വിജിതദരസംഫുല്ലമല്ലീമധൂളീ."

എന്ന പദ്യത്തിൽ ചെയ്തിട്ടുള്ള പ്രശംസ പര്യാപ്തമായ നിദർശനമാകുന്നു. ആദ്യം അദ്ദേഹം ഞാറെരിമനയ്ക്കൽ ചെന്നപ്പോൾ ശാസ്ത്രികൾ പദമഞ്ജരി പഠിച്ചിട്ടുണ്ടോ എന്ന് അവിടത്തെ വൈയാകരണമൂർദ്ധന്യനായ നമ്പൂരിപ്പാട്ട ചോദിക്കുകയും ഓലയും നാരായവും കൊണ്ടുവന്നാൽ പറഞ്ഞുകൊടുക്കാമെന്ന് ആ പണ്ഡിതകേസരി പറയുകയും അത്തരലത്തിലുള്ള പരീക്ഷയിൽ ജയിച്ചു നമ്പൂരിപ്പാട്ടിലെക്കൊണ്ടു ക്ഷമായാചനം ചെയ്യിക്കുകയും ചെയ്തതായ് ഐതിഹ്യം ഘോഷിക്കുന്നു. ഉദ്ദണ്ഡന്റെ വിദ്വാനായ ഒരനുജൻ സഹചാരിയായുണ്ടായിരുന്നു എന്നും അദ്ദേഹത്തിൻെറ മരണാനന്തരം പല അപൂർവ്വഗ്രന്ഥങ്ങളും ആ അനുജൻെറ പക്കൽ നിന്നു പയ്യൂർ മനയ്ക്കലേയ്ക്കു വിലയ്ക്കു വാങ്ങി എന്നും അവയിൽ ചിലതു് ഇപ്പോഴും ചില ഗ്രന്ഥപ്പുരകളിലുണ്ടെന്നും കേൾക്കുന്നു. പയ്യൂർ മനയ്ക്കലെ ഗ്രന്ഥങ്ങളിൽ പലതും ഇപ്പോൾ മദിരാശി ഓറിയെൻറൽ മാനുസ്ക്രിപ്ററ്സ് ലൈബ്രെറിയെ അഭയം പ്രാപിച്ചിരിക്കുകയാണ്. കാലം പോയ പോക്ക്!

ഉദ്ദണ്ഡശാസ്ത്രികൾക്കു ശരിക്കു പററിയ ഒരു പ്രതിദ്വന്ദിയായിരുന്നു കാക്കശ്ശേരി ഭട്ടതിരി. ഉദ്ദണ്ഡൻ കേരളത്തിൽ വന്ന് തളിയിൽ പട്ടത്താനത്തിൽ സാമൂതിരിപ്പാട്ട നല്കിവന്നിരുന്ന കിഴി മുഴവൻ സകല വിദ്വാന്മാരേയും വാദത്തിൽ തോല്പിച്ചു കരസ്ഥമാക്കിയതിനു മേൽ അദ്ദേഹത്തെ പരാജിതനാക്കുവാൻ ഒരന്തർജനത്തിനു നെയ് ജപിച്ചു കൊടുത്തു് ആ മന്ത്രപ്രഭാവംകൊണ്ടു ജനിച്ച മഹാനുഭാവനാണ് കാക്കശ്ശേരി എന്നും അദ്ദേഹം അതിബാല്യത്തിൽതന്നെ ഉദ്ദണ്ഡനെ ജയിച്ചു എന്നും ഉള്ള ഐതിഹ്യം അപ്പടി വിശ്വസിക്കത്തക്കതല്ല. ഉദ്ദണ്ഡനുമായ് നേക്കുമ്പോൾ കാക്കശ്ശേരി ആരബ്ധയൌവനൻ മാത്രമായിരുന്നു എന്നു പറഞ്ഞാൽ ഒന്നുകൂടി ശരിയായിരിക്കും. കാക്കശ്ശേരി തൻെറ ജീവചരിത്രത്തെപ്പററി ചില സങ്ഗതികൾ 'വസുമതീമാനവിക്രമം' എന്ന നാടകത്തിൽ പ്രസ്താവിച്ചിരിക്കുന്നതു കേരളീയക്കു പ്രത്യേകം ശ്രദ്ധേയമാണു്.

Digitized By Kerala Sahitya Akademi

"അദ്യ ഖലു മഹാമാദിഷ്ഠോസ്മി നിഖിലനരപതിനികരവികടമകുടതടഘടിതമാണിക്യമണികിരണപല്ലവിതപദപാരിജാതസ്യ, വിജയലക്ഷ്മീവിഹാരരംഗായമാണവക്ഷഃസ്ഥലസ്യ, വിമതനരപതിവനിതാനിബിഡതരകുചകുംഭസംഭൃതകസ്തൂരികാപത്രപടലികാപരിക്ഷേപപാരീണദോഃകാണ്ഡസ്യ, ഖണ്ഡപരശുനിടിലതടഘടിതദഹനവിസ്മരജ്വാലാമാലാകോലാഹലാസഹിഷ്ണുപ്രതാപാനലാർച്ചിസ്സന്തതിനിരന്തരനീരാജിതബ്രഹ്മാണ്ഡമണ്ഡലസ്യ, പ്രചണ്ഡതരമന്ദരഗിരിഭ്രമണഘൂർണ്ണമാനദുഗ്ദ്ധാംഭോനിധിതരങ്ഗരിങ്ഗണകലാനുഷങ്ഗശൃങ്ഗാരിയശഃപടീനിചോളിതദിഗ്വധൂസഞ്ചയസ്യ, സരസിരുഹാസനവാമലോചനാനീരന്ധ്രബന്ധുരധമ്മില്ലമല്ലികാബഹളപരിമളധുരീപരീവാഹസാഹായ്യകദായികവിതാചാതുരീസമ്മോഹിതാഖിലവിദഗ്ദ്ധജനസ്യ, സജ്ജനസംസ്തൂയമാനഗുണഗണവിസ്മൃതപൂർവ്വനരപതികഥാസന്താനസ്യ, കമലാവിലോലനയനാഞ്ചലസഞ്ചാരഹേലാസങ്കേതമന്ദിരായമാണവദനസ്യ, സന്താനചിന്താമണിസുരഭിവൈകർത്തനമുഖവദാന്യനിവഹമഹിമനിഗമപഠനാനധ്യായപൎണ്ണഃ, ശർവ്വരീസാർവ്വഭൗമരുചിഗർവ്വസർവ്വങ്കഷസർവ്വതോമുഖസ്മിതചന്ദ്രികാനിഷ്യന്ദാനന്ദിതപരിഷദഃ, പരപരാക്രമപ്രക്രമഘോരാരാശനികല്പാന്തവലാഹകസ്യ, വിശിഷ്ടതമധർമ്മമന്ദരധാരണകലാകൂർമ്മകമഠസ്യ, നിരുപമസൌന്ദര്യ്യലക്ഷ്മീകലാപിനീവിലാസകേതുയഷ്ടേഃ, അഷ്ടാദശദ്വീപസമാഗതസകലരത്നപരമ്പരാപരിപൂരിതനിജനഗരബാഹ്യാളിന്ദനിഗളിതലക്ഷ്മീകരേണുകസ്യ, രേണുകാതനയചരിതസാധർമ്മ്യശാലിസാഹസോപക്രമനിർജ്ജിതപരിപന്ഥിസഞ്ചയബാഷ്പപൂരാജ്യാഹുതിജാജ്വല്യമാനതേജഃപാവകസ്യ, പർവ്വതപാരാവാരപാകശാസനസ്യ, ശ്രീവിക്രമക്ഷമാനായകസ്യ, ആസ്ഥാനീകൃതപരിഹിണ്ഡിതേന പണ്ഡിതമണ്ഡലേന:—

ബാണാസാരപ്രസപ്തുരഗഖരഖുരോദ്ധൂതധൂളീപയോദ-<br>
വ്യാരുദ്ധാദിത്യരോചിഃപ്രചയപരിണമദ്ദുർദ്ദിനാഭോഗഭീമാം<br>
ഖേ ഖേലത്തുംഗതുംഗധ്വജപടപടലീസൌദാമിനീകാവലീകാം<br>
സംഗ്രാമപ്രാവൃഷം യസ്സൃജതി നിജയശസ്സസ്യസമ്പൽസമൃദ്ധ്യൈ.

തസ്യ, ചന്ദ്രചൂഡചരണസരസിജരുചിരരുചിമധുരമധുകബളനലോലുപലോലംബായമാനമാനസസ്യ, സംഗ്രാമാംഗണരിംഖണവശംവദതുരഗഖരതരഖുരപുടവിപാടനദലിതധരണീതലോച്ചലിതവർദ്ധിഷ്ണുധൂളീപാളീകലുഷിതവിയത്സിന്ധുസലിലസ്യ, അസ്മൽസ്വാമിനഃ ശ്രീമാനവിക്രമസ്യ ചരിതാനുബന്ധി ദാമോദരകവിനിബദ്ധം കിമപി രൂപകോത്തമം."

21

Digitized By Kerala Sahitya Akademi

മാനവിക്രമരാജാവിനെക്കുറിച്ചുള്ള ഈ ശ്രോത്രമനോഭിരാമമായ ദീർഘവർണ്ണനം അശേഷം അനുചിതമല്ലെന്നുള്ളത് ക്രി. പി. പതിനഞ്ചാം ശതകത്തിൽ അവക്കുണ്ടായിരുന്ന ഉൽക്കർഷത്തെപ്പററി ഞാൻ മുമ്പ് പ്രസ്താവിച്ചിട്ടുള്ളതിൽനിന്നു വെളിവാകുന്നതാണല്ലോ. ഈ വർണ്ണനം കഴിഞ്ഞു കവി തന്നെപ്പററി കുറഞ്ഞൊന്നു താഴെക്കാണുന്ന വിധത്തിൽ ഉപന്യസിക്കുന്നു.

"അസ്തി ദക്ഷിണാപഥേ ഭൃഗുസംഭവചണ്ഡദോർദ്ദണ്ഡപാണ്ഡിത്യസാരേഷ്വിവ മൂർത്തിമത്സ്വേഷു കേരളേഷു, സതതതന്തന്യമാനസപ്ത തന്തുധൂമധൂസരിതസത്യലോകൈഃ, കലികാലകാലുഷ്യകന്ദളദളനദർശിതമഹിമഭിർമഹീസുരൈരധ്യാസിതേ, മുഗ്ദ്ധകീരകുലതുണ്ഡഖണ്ഡിതമാതുളുംഗഫലശകലകിസലയിതമഹീതലേ, മദമന്ഥരബന്ധുരാക്ഷീകുടിലഭ്രൂലതാവശംവദയുവകദംബകസേവ്യമാനോപവനേ, മന്ദമാരുതാധൂതപൂഗപാളീരേണുസിന്ദൂരിതാശാമൂലേ, നിളാസഹചരീകൂലേ, ദോഷാകരഖണ്ഡമണ്ഡിതശിഖണ്ഡഃ ഖണ്ഡിമശാലിനിശിതനിജശൂലനിർഭിന്നദന്താവളാസുരചർമ്മപരികർമ്മിതകടീതടഃ, ശൈലാധിരാജതനയാദൃഢകഠോരകുചകുട്മളീപീഡിതോരഃസ്ഥലഃ, പ്രളയസമയസമുദിതഹുതവഹബഹളകീലമാലാലോഹിതജടാഭാരഭരിതസുരതരങ്ഗിണീപാതപോതപോഷിതഭുഷാഭുജംഗഃ, പത്രരഥപരിവൃഢപരികല്പിതസപര്യാവിശേഷഃ, സാക്ഷാദശോകപുരേശ്വരോ നാമ ജഗദവനജാഗരൂകോ ഭഗവാൻ പിനാകപാണിഃ.

അസ്ത്യദ്രികന്യാപതിപാദവീ-
വിഃചഷ്ടമാനാശയപുണ്ഡരീകഃ
നാരായണാചാര്യ ഇതി പ്രരൂഢിം
പ്രാപ്തഃ പരാം പ്രാജ്ഞധിയാം പുരോഗഃ.

തസ്യ ചരണാരവിന്ദയുഗളീഗളിതരേണുപരമാണുപാതപൂതചേതനാസാരഃ, സാരസ്വതനിധിനാ സാക്ഷാദദ്രിസമുദ്രനായകേനൈവാനേന ബാല്യാദേവാരഭ്യ വൈപശ്ചിതീം വൃത്തിമധികൃത്യ പരാം കാഷ്ഠാമാരോപിതഃ, സതതസാഹിതീചരിചിതിവർദ്ധമാനവാണീവിലാസസുരഭിലവദനേന്ദുരിന്ദുശേഖരകുടുംബിനീകരുണാകടാക്ഷപാതവിജൃംഭമാണവൈഭവോയം കവിരസാധാരണമഹിമൈവ."

ഇത്രയുംകൊണ്ടു കാക്കശ്ശേരി ഭാഃമാദരഭട്ടതിരിയുടെ ഗുരുവായ നാരായണാചാര്യരുടെ ജനനദേശം (അശോകപുരം) തിരുവേഗപ്പുറയായി

Digitized By Kerala Sahitya Akademi

രുന്നു എന്നും 'സാരസ്വതനിധിയായ' മാനവിക്രമമഹാരാജാവു തന്നെ യാണ് നമ്മുടെ കവിയെ പണ്ഡിതപദവിയിൽ ബാല്യം മുതൽക്കുതന്നെ കയററുന്നതിന് ഉററു പരിശ്രമിച്ചതെന്നും ആ ശ്രമം ഫലപൂർണ്ണമായെന്നും കാണാം. കവിയുടെ ജന്മഭൂമി പട്ടാമ്പിയിൽനിന്നു ഗുരുവായൂർക്കു പോകുന്ന റോഡിനു സമീപമായ് ചാലിശ്ശേരി അങ്ങാടിക്കടുത്തുള്ള മുല്ലെപ്പുറത്തു കാവിൽനിന്നു മുക്കാൽ മയിൽ അകലെയുള്ള കാക്കശ്ശേരി എന്ന പ്രദേശമാകുന്നു എന്നും, കാക്കശ്ശേരിക്കുടുംബം അന്യം നിന്നപ്പോൾ വസ്തുക്കൾ ഞാറേരിക്ക് അടങ്ങി എന്നും പഴമക്കാർ പറയുന്നു. "വസുമതീമാനവിക്രമം" അഥവാ 'വസുമതീവിക്രമം' ആറങ്കത്തിലുള്ള ഒരു നാടകമാകുന്നു. അതിൽ മാനവിക്രമന്റെ അപദാനങ്ങളെത്തന്നെയാണ് വർണ്ണിച്ചിരിക്കുന്നതെങ്കിലും ഭാരതീയകവികൾക്കു യഥാർത്ഥസംഭവങ്ങൾ രേഖപ്പെടുത്തുന്നതിലുള്ള അനാദരവും അതിരുകവിഞ്ഞ അതിശയോക്തിയിലുള്ള ആസക്തിയും നിമിത്തം ബാലമാർത്താണ്ഡവിജയം, വസുലക്ഷ്മീകല്യാണം, ലക്ഷ്മീമാനവേദം മുതലായ് ഇതേരീതിയിലുള്ള ഇതര നാടകങ്ങളിലെന്നപോലെ ഇതിലും ചരിത്രാംശം അത്യന്തം വിരളമാകുന്നു. ഗ്രന്ഥമദ്ധ്യത്തിലും കവി തന്റെ പുരസ്കർത്താവിനെപ്പററി "ജയ ജയ ജഗതീകമലകർണ്ണികായമാന, മാനാതീതപ്രതാപോഷ്മഗ്ലപിതവിമതരാജന്യയശഃകുമുദിനീനികര, ശിഖരിപാരാവാരപരിവൃഢ, ദൃഢനയക്രമ, വിക്രമക്ഷ്മാനായക, സുഖായ മാധ്യന്ദിനീ ഭവതു സന്ധ്യാ ദേവസ്യ" എന്നു പുകഴ്ത്തിക്കാണുന്നു. തങ്ങളുടെ നാടകങ്ങൾ പുത്തനെന്നു വെച്ചു സഹൃദയന്മാർ അവയെ നിന്ദിക്കരുതെന്നു പ്രസ്താവനയിൽ കാക്കശ്ശേരിയും ഉദ്ദണ്ഡനും ഉപന്യസിച്ചിരിക്കുന്നു. കാക്കശ്ശേരിയുടെ ശ്ലോകം താഴെക്കാണുന്നതാണ്.

"യേഷാം ദോഷൈകനിഷ്ഠസ്തമസ ഇവ ഭരോ വീക്ഷ്യതേ ചിത്തസാര-
സ്തേ ചേന്നിന്ദന്തി മന്ദം, ഗുണലവമപിതൈർഗണ്യതേ തന്ന സദ്ഭിഃ;
കിന്തു പ്രാച്യം നവീനം പുനരിതി രസികാ നോവിചാരം വിദധ്യുഃ,
സ്യാച്ചേദ്വൈച്ചിരമുഷ്മിൻ നവരസമധുരഃ കോപി വാചാം പ്രചാരഃ."

ഉദ്ദണ്ഡന്റെ ശ്ലോകമാകുന്നു താഴെ ഉദ്ധരിക്കുന്നത്.

"പ്രാദുഷ്യാൽ പണ്ഡിതാനാം കവിവചസി കഥം പ്രത്നതാനൂതനതാ-
[ചിന്താ-
വിദ്വേരൻ യദ്യവദ്യാന്യപിജഹതി തഥാ ഗൃഹ്ണതേ സ്യുർഗ്ഗുണശ്ചേൽ?
അന്യസ്ത്വന്യപ്രമാണഃ പരമവമനുതേ; ഛിദ്യതേ താവതാ കിം?
നായം രത്നസ്യ ദോഷോ ദൃഷദിതി യദിദം ക്ഷിപ്തമന്ധാഃ ക്ഷിപന്തി."

Digitized By Kerala Sahitya Akademi

വസുമതീമാനവിക്രമത്തിന്റെ പ്രസ്താവനയിൽ കാണുന്നതും താഴെ ഉദ്ധരിക്കുന്നതുമായ രണ്ടു ശ്ലോകങ്ങളും സഹൃദയന്മാർ അഭിനന്ദിക്കുന്നതാണ്.

"ഭോ ഭോ സൽകവയഃ ഖലാദ്രിപവയഃ ശൃണ്വന്തു സർവേ വചോ
മൽകം; യൽ കവിതാപഥേ മിതവചാസ്സോയം പ്രവൃത്തോ ജനഃ;
തൽ സർവം കവിതാകൃതുഫലവശാന്നത്വാർഭടീവൈഭവാ-
ദിത്യേവം മനസാ വിചിന്ത്യ കരുണാമദ്ധാ കുരുദ്ധ്വം മയി."

"നേതാ സർവ്വഗുണോത്തരഃ പുനരസൗ ശൈലാംബുരാശീശ്വരഃ;
പ്രൗഢോയം ച കവിഃ പ്രശസ്തവചനസ്തോമാ സ ദാമോദരഃ;
ചിത്രം ചൈവ കഥാ സുധാലഹരികാസബ്രഹ്മചാരിണ്യഹോ!
രമ്യൈഷാച സഭാ സ്വഭാവമധുരാ തത്തദ്രസജ്ഞായിനീ."

കാക്കശ്ശേരിയുടെ കവിതാരീതി കാണിക്കുവാൻ രണ്ടു ശ്ലോകങ്ങൾ കൂടി ഉദ്ധരിക്കാം. കാമികളുടെ സങ്കല്പം:—

"ഭ്രൂവല്ലീ ചലിതേതി, പക്ഷ്മയുഗളീ സ്തബ്ധേതി, നേത്രാഞ്ചലം
പ്രാപ്താ ഹന്ത കനീനികേതി, കിമപി സ്വിന്നൗ കപോലാവിതി,
അന്തഃകമ്പവിജൃംഭിതം കുചയുഗം ചേതി ക്ഷണേ കാമിനാം
ജായന്തേ ഖലു കേപികേപ്യഭിനവാസ്സങ്കല്പകല്പദ്രുമാഃ."

നക്ഷത്രങ്ങൾ:—

"സ്ഫുരന്തി ഗഗനാംഗണേ നടനചണ്ഡചണ്ഡീപതി-
ഭ്രമദ്ഭ്രമിതജാഹ്നവീസലിലബിന്ദുസന്ദേഹദാഃ
സ്മരോത്സവവശംവദത്രിദശവാരവാമേക്ഷണാ-
കുചത്രുടിതമൗക്തികഭ്രമദവിഭ്രമാസ്താരകാഃ."

കാക്കശ്ശേരിയും ഉദ്ദണ്ഡനും തമ്മിലുള്ള ശ്ലോകരൂപമായ വാഗ്വാദത്തെപ്പററി വിസ്തരിച്ചെഴുതുന്നതിനു സമയമില്ല. 'ന ഛത്രം നതുരംഗമോ' ഇത്യാദി കാക്കശ്ശേരിയുടെ പദ്യം സുപ്രസിദ്ധമാണല്ലോ.

"വേദം ബ്രാഹ്മ്യചമധ്യഗീഷി, കവിതാമപ്യാദ്രഷി, വ്യാപ്രഷി
ന്യായേ, വ്യാകരണം വ്യജൈഷി, വിഷമേ വൈശേഷികേക്ലേശിഷി,
മീമാംസാമപിപഷ്യചൈഷമുദയീം, വ്യാഖ്യഞ്ച സാംഖ്യം, സ്മൃതീ-,
രഭ്യാസ്ഥം, ശ്രുദ്ധോം പുരാണപദവീം, യോഗേ ച പര്യശ്രമം."

Digitized By Kerala Sahitya Akademi

"ശബ്ദവ്യാകൃതിനമ്മ്കമ്മണി പടീയസ്ത്വാ തവ സ്യാദ്യദി
ത്വം കസ്യാപി പദസ്യ ഭദ്രയ ദൃഢാം ദ്രാക് പ്രക്രിയോപക്രിയാം;
മീമാംസാരസമാംസളാ യദി ഗിരോ ന്യായോപി കോപീയ്യതാം;
തക്കേ വാ യദി കക്കശോസ്യനമിതിം കാമപ്യനല്പീകുരു."

"കുവേ ഗവോദ്ധതസ്യ പ്രതിവദിതുരഹം ഭാരതീമപ്യസാധ്വീം
സാധ്വീം, സാധ്വീമസാധ്വീം ബുധവരസമിതൗ ലക്ഷണേന ക്ഷണേന;
മാനാഭാസം പ്രമാണം പ്രകൃതിഗതിവശാദപ്രമാണം പ്രമാണം
സച്ഛാസത്തത്തഥാസന്നിശമയത ബുധാ, മച്ചരിത്രം വിചിത്രം."

ഈ പദ്യങ്ങൾ കാക്കശ്ശേരിയും

"ഉക്തിപ്രത്യുക്തിമാഗ്ഗ്ക്രമപരിചയവാനസ്തി കശ്ചിദപിപശ്ചി-
ദ്വിദ്യസ്മിൻ സ്വസ്തി തസ്മൈ ബുധവരസമിതൗ, ബിഭ്യദഭ്യാഗതോഭ്രഃ;
ഭാങ്കർവൻ ഭേകകക്ഷിംഭരിഷു ഭയഭരോദ്ഭ്രാന്തഭോഗീന്ദ്രസുഭ്രൂ-
ഭ്രൂണഭ്രംശീ കിമംഭഃഫണിഷു പതഗരാഡ് സംഭ്രമീ ബംഭ്രമീതി."

ഇത്യാദി പദ്യങ്ങൾ ഉദ്ദണ്ഡനും ആ അവസരത്തിൽ ചൊല്ലിയതെന്നാണ് കേട്ടിട്ടുള്ളത്. കാക്കശ്ശേരി ഒടുവിൽ അതിവണ്ണാശ്രമിയായിത്തീൎന്ന എന്നും ഒരു ദിവസം താൻ ഊൺകഴിക്കുവാൻ താമസിച്ചത് വേറെ ചില നമ്പൂതിരിമാർ കണ്ടു പരിഹസിച്ചപ്പോൾ,

"ഹൃദാകാശേ ചിദാദിത്യ-സ്സദാ ഭാതി നിരന്തരം;
ഉദയാസ്തമയൗ ന സ്തഃ-കഥം സന്ധ്യാമുപാസ്മഹേ?"

എന്ന ശ്ലോകം ചൊല്ലിയെന്നും പഴമക്കാർ പറയുന്നു. ഈ ഐതിഹ്യം ശരിയായിരിക്കാം. എന്നാൽ 'ഹൃദാകാശേ' ഇത്യാദിപദ്യം ഉപനിഷദന്തൎഗ്ഗതമാണെന്നും കാക്കശേരിയുടെ സ്വന്തമല്ലെന്നും അറിഞ്ഞിരിക്കേണ്ടതുണ്ട്.

തന്ത്രസമുച്ചയം എന്ന മഹനീയമായ കേരളീയതന്ത്രശാസ്ത്രഗ്രന്ഥത്തിന്റെ പ്രണേതാവായ ചേന്നാസ്സ നാരായണൻ നമ്പൂരിപ്പാട്ടിലെപ്പററി ഇവിടെ അധികമൊന്നും പ്രസ്താവിക്കണമെന്നുദ്ദേശിക്കുന്നില്ല. മലയാളത്തിലെ ക്ഷേത്രവിധികൾക്ക് ഒരു പ്രമാണമായ് നിലനിന്നു പോരുന്നത് പ്രസ്തുതഗ്രന്ഥത്തിന്റെ ആവിർഭാവം മുതൽ അത്രേ തന്നെയാണ്. വിഷ്ണുസംഹിത മുതലായ പൂവ്വസൂരികളുടെ നിബന്ധാർണ്ണവങ്ങൾ മുഴവൻ മഥിച്ച് അവയിലെ സാരാമൃതമാണ് ലോകത്തിനു വൈദികശിരോ

Digitized By Kerala Sahitya Akademi

മണിയും പണ്ഡിതകണ്ഠാലങ്കാരവുമായ ആ മഹാനുഭാവൻ പ്രദാനം ചെയ്തിരിക്കുന്നതു്.

തിരുവേഗപ്പുറക്കാരായ നമ്പൂതിരിമാരിൽ ഒരാൾ സുഭദ്രാഹരണം മഹാകാവ്യവും മറെറാരാൾ ലക്ഷ്മീമാനവേദം നാടകവും രചിച്ചു എന്നു് രസികരഞ്ജിനിയിൽ "സാമൂതിരിപ്പാടും പതിനെട്ടരക്കവികളും" എന്ന വിഷയത്തെ അധികരിച്ചു പ്രസിദ്ധപ്പെടുത്തീട്ടുള്ള ഉപന്യാസത്തിൽ പ്രസ്താവിച്ചുകാണുന്നതു ശരിയല്ല. ഭട്ടികാവ്യത്തിൻെറ രീതിപിടിച്ചു പാണിനീയസൂത്രങ്ങൾക്കു് ഉദാഹരണങ്ങൾ കാണിക്കുന്നതും, ഇരുപതു സർഗ്ഗങ്ങളുള്ളതുമായ സുഭദ്രാഹരണം കാവ്യത്തിൻെറ പ്രണേതാവു വ്യാകരണപാണ്ഡിത്യത്തിനു കേളികേട്ട കൂടല്ലൂർ മനയ്ക്കലെ ബ്രഹ്മദത്തപുത്രനായ നാരായണൻ നമ്പൂരിപ്പാടാണെന്നുള്ളതിനു തെളിവുണ്ടു്. അദ്ദേഹവും മാനവിക്രമൻെറ സമകാലികനും സദസ്യനുമായിരുന്നിരിക്കാം. ആ കവി തന്നെപ്പററി ഗ്രന്ഥാന്തത്തിൽ താഴെക്കാണുന്നവിധം പ്രസ്താവിച്ചിരിക്കുന്നു.

"വിശ്വാമിത്രസ്യ ഗോത്രേ ദ്വിജമണിരഭവദ് ബ്രഹ്മദത്താഭിധാനോ
ശ്രൗതസ്വാധ്യായപൂതഃ സകലഗുണനിധിഃ ശാസ്ത്രവിത് കാവ്യശൗണ്ഡഃ
അന്തേവാസീ വിപശ്ചിദ്ദ്വിപഹരിണഭൃതോർജാതവേദോഷ്ടമൂർത്ത്യോ-
സ്തൽസൂനുഃ കാവ്യമേതദ്വ്യധിത ബുധമുദേ ഖ്യാതനാരായണാഖ്യഃ."

ഗ്രന്ഥത്തിൻെറ ഉപക്രമത്തിൽ,

"നിളോപകണ്ഠാഭരണാദഭിനീതാ —ദ്ബ്രോ ബ്രഹ്മദത്താദജനി ദ്വിജേന്ദ്രാൽ
രാമോദയാചാര്യപിതൃവ്യചഞ്ചുർ—ന്നാരായണോസൗ കവിരസ്യ കർത്താ."

എന്ന പദ്യവും കാണുന്നു. വിശ്വാമിത്രഗോത്രക്കാരാണു് കൂടല്ലൂർമനക്കാരായ ആഢ്യന്മാർ എന്നു പറയേണ്ടതില്ലല്ലോ. നാരായണൻെറ ഗുരുക്കന്മാർ ജാതവേദൻ, അഷ്ടമൂർത്തി എന്നീ നമ്പൂരിമാരായിരുന്നു. ലക്ഷ്മീമാനവേദം നാടകത്തിൻെറ നിർമ്മാതാവു് ഉദ്ദണ്ഡനെപ്പോലെ വിദേശത്തുനിന്നു വന്ന ദിവാകരകവിയാകുന്നു. അദ്ദേഹത്തെപ്പററി മേൽ പ്രസ്താവിക്കാം. മല്ലപ്പള്ളി ഭട്ടതിരിയെപ്പററി അധികമൊന്നും അറിയുന്നില്ല.

വടക്കൻമലയാളത്തുകാരനും ശങ്കരകവിയുടെ പ്രിയസുഹൃത്തും മണിപ്രവാളകവിവേധസ്സുമായ പുനം നമ്പൂരിയെപ്പററിയാണു് ഇനി പ്രസ്താവിക്കുവാനുള്ളതു്. അദ്ദേഹത്തിൻെറ നാമധേയം എന്തെന്നുപോലും അറിവാൻ ഇനിയും മാർഗ്ഗം തെളിഞ്ഞു കിട്ടിക്കഴിഞ്ഞിട്ടില്ല. കൃഷ്ണഗാഥയുടെ രചയിതാവു് ഒരു പുനംനമ്പൂരിയായിരുന്നു എന്നു് ഉത്തര

Digitized By Kerala Sahitya Akademi

കേരളത്തിൽ രൂഢമൂലമായ് ഒരൈതിഹ്യമുണ്ട്. ഏതായാലും ഭാഷാരാമായണചമ്പുവിൻെറ പ്രണേതാവ് അദ്ദേഹം തന്നെയെന്നു നമുക്ക് അനുമാനിക്കാം. മറേറതെല്ലാം ഭാഷാചമ്പുക്കളാണ് അദ്ദേഹത്തിൻെറ കൃതികളെന്നുള്ളസംഗതി ഈ സന്ദർഭത്തിൽ പരിശോധിക്കുവാൻ ഞാൻ ഒരുങ്ങുന്നില്ല. പുനത്തിൻെറ "മധുരമധുരഭാഷാസംസ്കൃതാന്യോന്യസമ്മേളനസുരഭില"ങ്ങളായ മണിപ്രവാളപദ്യങ്ങളുടെ ആസ്വാദ്യത അന്യാദൃശമാണ്. അദ്ദേഹത്തിന് ശാസ്ത്രനിഷ്ണാതത എത്രമാത്രമുണ്ടായിരുന്നു എന്നറിയുവാൻ വേണ്ട ലക്ഷ്യങ്ങളില്ലെങ്കിലും സംസ്കൃതത്തിലും പ്രാകൃതത്തിലും അന്നത്തെ ഏതു മഹാകവിയോടും കിടനില്ക്കത്തക്കവിധത്തിൽ പര്യാപ്തമായ സാഹിത്യാഭ്യാസവും കവനം ചെയ്യുന്നതിനു സരസ്വതീപ്രസാദവും അദ്ദേഹം സമ്പാദിച്ചിരുന്നു എന്നുള്ളതിനെപ്പററി സംശയിക്കുവാനില്ല. അത്തരത്തിലുള്ള ഒരു മഹാനുഭാവന് അഭൗമപരിമളങ്ങളായ മണിപ്രവാളകൃതിമാല്യങ്ങളാൽ കൈരളിയെ ആരാധിക്കണമെന്നു തോന്നിയതു് നമ്മുടെ ഭാഗ്യമാകുന്നു. അദ്ദേഹത്തിൻെറ കവിതകളിൽ നിന്ന് ചില പദ്യങ്ങൾ ഉദ്ധരിച്ചുകൊണ്ടു പുരോഗമനം ചെയ്യുവാനേ തൽക്കാലം തരമുള്ളൂ.

൧. മഹാവിഷ്ണു:—

"മേളം താവുന്ന തൂവെൺമുറുവൽ തുണയുമായ് ബാലവെഞ്ചാമരാളീ-
മോലക്കംപൂണ്ടുവീയിച്ചുഴലെ നിറമെഴും വിഷ്ണുലോകാങ്ഗനാനാം
കോലപ്പൊൽക്കങ്കണാനാം നിനദമണികരാഗ്രേണ ഭങ്ഗ്യാ വിലക്കി-
ത്രൈലോക്യാധീശനഭ്യുൽസ്മിതമധുരമുഖോ ധാതൃമുഖ്യാൻ ബഭാഷേ."

൨. ശ്രീരാമൻെറ വിരഹതാപം:—

"മയ്യേക്കൊണ്ടൽച്ചാർത്തു കാണാമുപരി; പരിലസൽകന്ദളാ ഭൂതധാത്രീ;
ദിക്കെങ്ങും പാടിയാടും കുയിൽനിരകൾ, തണുത്തോരു തൈത്തെന്നൽ താനും;
ഉത്കണ്ഠാവേശശാലീ വിരഹവിപദി ഞാനേതു ദിക്കിങ്കലയ്യോ!
വയ്യേ, ഹന്ത മൽക്കണ്ണുകൾ? ജനകസുതേ, ദേവി! ഹാഹാ! ഹതോഹം."

൩. ശ്രീരാമൻെറ ദാമ്പത്യം:—

"താവും മന്ദാക്ഷരാഗോദയസുമധുരയാ രാജപുത്ര്യാ തയാ ചേ-
ന്നാവിർമോദം പ്രമോദാമൃതജലധിതരങ്ഗേഷു സംക്രീഡമാനം
ലാവണ്യോദ്രേകഹല്ലൂണ്ണുത്തരുണിമരമണീയാകൃതിം മെല്ലെ മെല്ലെ-
സ്സേവിച്ചു രാമചന്ദ്രം തെളിവിലവസരം പാർത്തു രാജാ രസാനാം."

Digitized By Kerala Sahitya Akademi

൪. ശ്രീരാമന്റെ കടാക്ഷം:—

"സന്ധ്യാമേഘാൻ നഖം കൊണ്ടിടയിൽ നനനനക്കീറി നീളത്തിൽ മേളം-
ചിന്നും കേളീവലാകാവലയമിടകലന്നോരു കോടീരഭാരം
വന്ധ്യം തുനെററിയെന്നും വിമലമണിയരങ്ങത്തിരുന്നിത്രിലോകീ-
സന്ത്രാണക്കൂത്തു നിത്യം നടതി പുരികമാം നർത്തകീ രാഘവന്ദോഃ."

താഴെക്കാണുന്ന ശ്ലോകങ്ങളും അദ്ദേഹം രചിച്ചതെന്നാണ് എനിക്കു തോന്നുന്നതു്.

൫—൬. വടക്കുംനാഥൻ:—

"അങ്ഗാരാക്ഷായ സാക്ഷാലിനിയ നിയമിനാം ചിത്തതാരിൽക്കളിക്കും
ഭൃങ്ഗായാദ്രീന്ദ്രകന്യാഹൃദയകുമുദിനീശീതധാമ്നേ നിതാന്തം
തുങ്ഗേ കോടീരഭാരേ വിലസിന ശശിഖണ്ഡായ നിത്യം നമസ്തേ
ഗങ്ഗാകല്ലോലസംക്ഷാളിതലളിതശശാങ്കായ തെക്കൈലനാഥ."

"മങ്ഗല്യാവാസ, ദേവാസുരമകുടമണീചാവലീഭൃങ്ഗമാലാ-
ഝങ്കാരംകൊണ്ടു ശൃങ്ഗാരിതപദകമലം ചന്ദ്രലേഖാകലാപം
നിൻകോലം കാലദർപ്പോദയദലനപരം കണ്ടു ഞാൻ കൈതൊഴിന്റേ-
നങ്ഗാലങ്കാരപങ്കേരുഹശരസുകൃതാങ്കുര, തെക്കൈലനാഥ."

൭. ചാട്:—

"നിർമ്മാതുർന്നിരവദ്യരത്നരചനാസീമയ്ക്കു, നന്മന്മഥ-
ബ്രഹ്മാനന്ദസുധാതരങ്ഗിണിതനിക്കല്ലാനലീലാനിധേഃ,
കല്മാഷംതുടാരത വെണ്മതികലയ്ക്കേഴാഴിനീർച്ചൂഴമീ-
മണ്ണേൽമാതർമണിക്കു, മാരവിരുതിന്നുള്ളോന്റു മന്മാനസം."

൮. ചാട്:—

"കിഞ്ചിൽലജ്ജാവനമ്രാൻ പ്രണയനവലതാപല്ലവാൻ മെല്ലവേ കീ-
ഴഞ്ചത്തുമന്ദഹാസദ്യുതിതുലിതവലാകാവലീബാലമേഘാൻ
അഞ്ചമ്പന്നസ്ത്രഭൃതാനവിരതതരളാൻ പേർത്തു നിൻ നേത്രലക്ഷ്മീ-
സഞ്ചാരാനിട്ടിയച്ചീ, പുളകപുതുമലർത്തോപ്പണഞ്ഞേല്പനോ ഞാൻ?"

൯. ചന്ദ്രോദയം:—

"ചൊല്ലേറും കാമുകീകാമുകകലഹകലാപാടനാശ്ചര്യവിദ്യാ-
കല്യം ത്രൈലോക്യലക്ഷ്മീമണിമുകുരമനങ്ഗാഗമാദ്വൈതസാരം

Digitized By Kerala Sahitya Akademi

സ്വർലോകപ്പ്രാന്തരാശം, ത്രിപുരഹരജടാരത്ന,മാഖണ്ഡലാശാ-
കല്യാണം, കാൺക കൗണോത്തരമലർവനിതേ, സുന്ദരം ചന്ദ്രബിംബം."

൧൦. ചാട്:—

ആമോദാൽക്കാണ്മനോ ഞാനവിരളമിളകീടിൻറ ലജ്ജാഭിരാമാ-
നാമുഗ്ദ്ധസ്യന്ദിഹാസാങ്കുരമിടപെരുകീടിൻറ കഭ്രാന്തപാതാൻ
ആമന്ദം മാരുതാന്ദോളിതകമലപലാശാവലീലോലലോലാൻ
പ്രേമാർദ്രാനിട്ടിയച്ചീ, നവലളിതകലാകങ്കടാൻ നിങ്കടാക്ഷാൻ?"

൧൧. ചാട്:—

ഭങ്ഗ്യാ മേൽപ്പോട്ടു കെട്ടീടിന ചികുരഭരം കാമുകാലോകലീലാ-
രങ്ഗേ നീലാംശുകത്തിന്നിടയിൽ നിഴലെടുക്കിൻറ കാഞ്ചീനികേതം
തിങ്ങും താംബൂലഗർഭം കവിളിൽ, മതിതെളിഞ്ഞെണ്ണയും തേച്ചുനില്ക്കും
നിൻകോലം കാണ്കിലപ്പോളുടനെരിപൊരിയാം മാരനും മാരലേ
[ഖേ."

൧൨. വടക്കുംനാഥൻ:—

"ചൂടില്ലാതോരു ഫാലം, ചുടലയിൽ നടമാടാത ശീലം, മതിത്തെൽ
ചൂടീടാത്തോരു ചൂഡം, പരമൊരു പുഴക്കൂടാത കോടീരഭാരം,
ഓട്ടും മാൻപേട തേടാതൊരു കരകമലം, ചാരു തെകൈലയിൽപ്പോയ്
വീടാന്നീടാത നാഥം, തരുണിയൊടയുതം, ദൈവതം നൈവ ജാനേ."

൧൩. ശ്രീപത്മനാഭൻ:—

"ധാത്രീമങ്ഗല്യചൂഡാഭരണമയമഹാനീലമേ, നീലമേഘ-
ച്ഛാത്തിന്മേൽ മിന്നൽപോലേ തിരുവുരസി രമാം ചേർത്ത സൗഭാഗ്യരാശേ,
ചീർത്തീടും മോഹവാരാകരതരണതരീയന്ത്രമേ, കാന്തിസിന്ധോ,
പാർത്തീടാതെത്തെ കബന്ധോ, ജയ ജയ ജഗതീസത്തമമേ, പത്മനാഭ."

൧൪. ചെറുമന്നത്തുതേവർ:—

"ആമ്നായാദ്ധ്യേ മണിക്കോട്ടയിലുപനിഷദാം പാളിയാം മാളികായാ-
മാമാറോങ്കാരതല്പോപരി തഴവണയും ചാരി നാദസ്വരൂപം
കാമ്യം മായാവിലാസം മുഴവനിതു സമാലോക്യ മേവും ഭവന്തം
കാണ്മാനാനന്ദമൂർത്തേ, വരമരുൾ ചെറുമന്നെത്തെഴും തമ്പിരാനേ."

൧൫. ചാട്:—

"തേമ്പാത രാഗരുചി കമ്മിണിയിട്ടിയെന്നും
കാമ്യാങ്ഗി, നിൻവദനമൊന്നു മുകമ്മനോ ഞാൻ



Digitized By Kerala Sahitya Akademi

തേമ്പെയ്യ പെയ്യ മണമാന്ന നിറന്ന പുത്തൻ-
മാമ്പൂനറുംതളിരിളംകയിലെന്നപോലെ?"

മാനവിക്രമമഹാരാജാവിന്റെ മരണാനന്തരം സൽക്കവികൾക്കു സാമൂതിരികോവിലകത്ത് അവർ അർഹിക്കുന്ന സ്ഥാനം ലഭിച്ചിരുന്നില്ല എന്നു, പൂനം

"ചൊല്ലാളും വിക്രമക്ഷ്മാപതി ഗിരിജലധിസ്വാമി സാഹിത്യലക്ഷ്മീ-
മുഖ്യസ്ഥാനം കവിതാമൃതനിധി പരലോകം മുദാ വാൻറമൂലം
ഇക്ഷോണീമണ്ഡലേ സംസ്കൃതകവിത പലക്കുണ്ടു ; കണ്ടെച്ചിലെല്ലാം
നക്കും നായ്ക്കൂം തൊടുക്കിൻറിതു ശിവശിവ ! ഭാഷാകവിതാഭിമാനം."

എന്ന പദ്യത്തിൽ ഖേദിക്കുന്നു. അവിടുത്തെ പിൻവാഴ്ചക്കാരനായ മാനവേദമഹാരാജാവിന്റെ ആശ്രിതനായും പൂനം കുറെക്കാലം കഴിഞ്ഞുകൂടിയിരുന്നു എന്നുള്ളതിന് അദ്ദേഹത്തിന്റെ

"ജംഭപ്രദ്വേഷിമുമ്പിൽ സുരവരസദസി താൽഗ്ഗുണൌഘങ്ങൾ വീണാ-
ശ്രുംഭൽപാണൗ മുനൗ ഗായതി സുരസുദൃശാം വിഭ്രമം ചൊല്ലുവല്ലേൻ;
കമ്പിട്ടാളുർവ്വശിപ്പെണ്ണകകമലമലിഞ്ഞു; മടിക്കുത്തഴിഞ്ഞു
രംഭയ്ക്കൂഞ്ചാരുവട്ടം; കബരി തിരുകിനാൾ മേനകാ മാനവേദ."

എന്ന പ്രസിദ്ധശ്ലോകത്തിൽനിന്നു നാം ധരിക്കുന്നു. പൂനത്തിന്റെ വകയായ്

"വീരാണാം വീര, പോരും പൊരുതതു; പുരുഹൂതാലയേ പോയ്നിറഞ്ഞൂ-
ള്ളോരോ വൈരാകരാണാം പെരുമയിലുരുഭാരേണ ധൈര്യാംബുരാശേ,
നേരേ വേരററു മേരുത്തടിയനുമടി പാരം പൊളിഞ്ഞിങ്ങുതന്നേ
പോരും മൂന്നാളകം ശക്രനുമമരകളും വിക്രമക്ഷോണിബന്ധോ."

എന്നു മാനവിക്രമമഹാരാജാവിന്റെ യുദ്ധവൈദഗ്ദ്ധ്യത്തെ കീത്തനംചെയ്യുന്ന ഒരു ശ്ലോകവും കേട്ടിട്ടുണ്ട്.

മുക്കോലയ്ക്കൽ കരുണാകരമാരാരെപ്പററി മുൻപു പറഞ്ഞുവല്ലോ. അദ്ദേഹത്തിന്റെ ശിഷ്യനും വിദ്ധസാലഭഞ്ജികാവ്യാഖ്യാതാവുമായ വാസുദേവൻ നമ്പൂതിരി അനർഘരാഘവം നാടകത്തിനു വിക്രമീയം എന്നൊരു വ്യാഖ്യാനം രചിച്ചിട്ടുണ്ട്. വാസുദേവൻ, സാഹിത്യമല്ലൻ എന്ന ബിരുദനാമം ധരിച്ചിരുന്നു. "കോയം സാഹിത്യമല്ലഃ?" എന്ന് ഉദ്ദണ്ഡശാസ്ത്രികൾ അദ്ദേഹത്തിന്റെ കവനകലാവൈഭവം കണ്ടു സന്തുഷ്ടനായ്

Digitized By Kerala Sahitya Akademi

ചോദിക്കുക നിമിത്തം അദ്ദേഹത്തിന്ന് ആ പേർ ലഭിച്ചതായ് ചിലർ പറഞ്ഞുകേട്ടിട്ടുണ്ട്.

"കർക്കടക്രോഡഗാ ലക്ഷ്മീരക്ഷ്യതേഹ്യക്ഷയാ യയാ
വലയാരണ്യവാസിന്യൈ തസ്യൈ ദേവ്യൈ നമോനമഃ."
"പദവാക്യപ്രമാണേഷു പ്രവീണൈർബ്രാഹ്മണോത്തമൈഃ
പ്രത്യബ്ദം സേവ്യമാനം തം സ്ഥലീശ്വരമുപാസ്മഹേ."

ഇങ്ങനെയാണ് ആ വ്യാഖ്യാനം ആരംഭിക്കുന്നത്. രണ്ടാമത്തെ ശ്ലോകം തളിയിലെ പട്ടത്താനത്തെയാണ് സൂചിപ്പിക്കുന്നതെന്നു പറയേണ്ടതില്ലല്ലോ. ഇദ്ദേഹവും പക്ഷേ പതിനെട്ടരക്കവികളുടെ കൂട്ടത്തിൽ പെട്ടിരിക്കാവുന്നതാണ്.

"മാനവേദൻ" എന്ന പേരിൽ രണ്ടു കവികളുടെ പേർ കാണുന്നു. അവരിൽ ഒന്നു പൂർവഭാരതചമ്പുവിൻേറയും കൃഷ്ണനാട്ടത്തിൻേറയും പ്രണേതാവായ മാനവേദരാജാവുതന്നെ. അദ്ദേഹം കൊല്ലം ൮൨൮-ൽ പൂർവഭാരതചമ്പുവും ൮൩൮-ൽ കൃഷ്ണനാട്ടവും രചിച്ചു. പൂർവഭാരത ചമ്പു മാനവേദചമ്പു എന്ന പേരിലാണ് പരക്കെ അറിയപ്പെടുന്നത്. വൈയാകരണശിഖാമണിയും മഹാകവിമൂർദ്ധന്യനുമായിരുന്ന അദ്ദേഹത്തിൻെറ കാവ്യങ്ങളെപ്പററി സ്വല്പമായെങ്കിലും ഒന്നു വിമർശിക്കുന്നതിന് ഇവിടെ സൌകര്യമില്ലാതെയിരിക്കുന്നു. അതിനു പ്രത്യേകം ഒരു ഉപന്യാസംതന്നെ വേണ്ടിവരുന്നതാണ്.

"ലക്ഷ്മീമക്ഷീണരൂപാമനിശമനുഭവൻ ഭൂമിജാം, ഭൂരിമോദം
തന്വന്നാസ്ഥാം സുമന്ത്രേ, ഭുവി ച തിലകയന്നന്വയം ചിത്രഭാനോഃ
വിശ്വാമിത്രാധികാനന്ദനവിപുലഭുജാവിക്രമോ വിക്രമാഖ്യോ
രാജാ രാമാഭിരാമോ ജഗദവനകലാലാലസീ ലാലസീതി."

എന്ന ചമ്പൂപദ്യത്തിൽ നിന്ന് ആ ഗ്രന്ഥം രചിച്ച കാലത്തു രാജ്യം ഭരിച്ചിരുന്നത് ഒരു മാനവിക്രമനാണെന്നു വെളിവാകുന്നു. രണ്ടു ഗ്രന്ഥങ്ങളിലും ഈ മഹാകവി തൻെറ ഗുരുവായ ആനായത്തു കൃഷ്ണപ്പിഷാരടിയെ "കൃഷ്ണോ ഗുരുർമേ പരമതമപദോദ്ഭാസകോ ബോഭവീതു" എന്നും മററും വർണ്ണിക്കുന്നുണ്ട്. മാനവേദചമ്പുവിന് ചമ്പൂസംക്ഷേപം അഥവാ കൃഷ്ണീയമെന്ന പേരിൽ കൃഷ്ണകവിയാൽ നിർമ്മിതമായ ഒരു സംഗ്രഹമുണ്ട്.

"ശബ്ദാഗമാംഭോനിധിപാരദൃശ്വാശ്രീമാനവേദാഭിധഭൂമിപേന
ഗ്രന്ഥഃ കൃതോ ഭാരതചമ്പൂസംജ്ഞസ്തസ്യാദ്യ സംക്ഷേപമുദാഹരാമി".

Digitized By Kerala Sahitya Akademi

എന്ന പദ്യം ആ ഗ്രന്ഥത്തിന്റെ ആരംഭത്തിൽ കാണുന്നു. മാനമേയോദയത്തിന്റെ മേയഭാഗം രചിച്ച നാരായണൻനമ്പൂതിരി ഈ മാനവേദന്റെ ആശ്രിതനായിരുന്നു. മേയത്തിന്റെ ആരംഭത്തിൽ അദ്ദേഹത്തിന്റെ അച്ഛൻ നീലകണ്ഠനും അമ്മ കാളിയും സഹോദരൻ ശ്രീകുമാരനുമായിരുന്നു എന്നു പ്രസ്താവിച്ചിട്ടുണ്ട്.

"യൽകീർത്തിർന്നഹി മാതി ഹന്ത മഹതി ബ്രഹ്മാണ്ഡഭാണ്ഡോദരേ;
യസ്യാജ്ഞാം പ്രണതൈഃ ശിരോഭിരനിശം ധത്തേ നൃപാണാം ഗണഃ;
സോയം നാടകതർക്കകാവ്യനിപുണഃ പ്രജ്ഞാതപാതഞ്ജലോ
ഭക്തശ്ചക്രിണി മാനവേദനൃപതിർജ്ജാഗർത്തി ധാത്രീതലേ."

എന്നും അവസാനത്തിൽ

*"വേലാലംഘിപയഃപയോധിവിസരൽകല്ലോലതുല്യോദയൈ-
രാലാപാവിഷയൈര്യശോഭിരഖിലം ലോകം പരിഷ്കുർവ്വതേ,
ലീലാനിർജ്ജിതശാത്രവായ, ഹി വയം തുഭ്യം കിമാശാസ്മഹേ?
ശൈലാബ്ധീശ്വര, മാനവേദനൃപതേ, ജീയാസ്സഹസ്രം സമാഃ."

എന്നുമുള്ള പദ്യങ്ങൾ കാണുന്നു. "ഭക്തശ്ചക്രിണി" എന്ന വിശേഷണം കൃഷ്ണനാട്ടത്തിന്റെ പ്രണേതാവിനാണല്ലോ നല്ലപോലെ യോജിക്കുന്നതു്. ഈ മാനവേദരാജാവു് യോഗപദ്ധതിയിൽ നിഷ്ണാതനായിരുന്നതിനാൽ "പ്രജ്ഞാതപാതഞ്ജലഃ" എന്ന വിശേഷണവും സമുചിതമായിരിക്കുന്നു. മാനവേദന്റെ ആജ്ഞാനുസാരമാണു് താൻ ആ ഗ്രന്ഥം പൂരിപ്പിക്കുന്നതെന്നു കവി "പൃഥ്വീഭൃത്പ്രഭുജിതാ നിതാന്തമഹിതേനൈതേന സഞ്ചോദിതൈരസ്മാഭിഃ" ഇത്യാദി പദ്യത്തിൽ പ്രത്യേകം പ്രസ്താവിക്കുന്നുണ്ടു്. സുബ്രഹ്മണ്യപൂജ്യപാദനും രാമാചാര്യനും കൃഷ്ണനുമായിരുന്നു അദ്ദേഹത്തിന്റെ ഗുരുക്കന്മാർ. കൃഷ്ണനെ

"കൃഷ്ണോ വിബുധാധിപതിർന്നിഷ്ണാതോ വിതരണേഷു വിദ്യായാഃ
മുഷ്ണാതു ഹൃദയതിമിരം പുഷ്ണാതു ച മങ്ഗലാനി സകലാനി."

എന്ന പദ്യത്തിലാണു് വർണ്ണിക്കുന്നതു്. ഈ കൃഷ്ണൻ ആനായത്തു കൃഷ്ണപ്പിഷാരടിയാണെങ്കിൽ രാജാവിനും കവിക്കും സൗഹാർദ്ദത്തിനു പുറമേ സാതീർത്ഥ്യവുമുണ്ടായിരുന്നു എന്നു് അനുമാനിക്കാം. നാരായണന്റെ ഇതരകൃതികളായു് ശ്രീമാസോത്സവചമ്പു, ആശ്ലേഷശതകം, ഭാഗവതപ്രബന്ധം, നൃസിംഹചമ്പു, വൈദേഹീനവസങ്ഗമചമ്പു, കുമാരസംഭവത്തി

---

*ഇതു് അച്ചടിച്ച പുസ്തകത്തിലില്ല.

Digitized By Kerala Sahitya Akademi

ന്ന വിവരണമെന്നും രഘുവംശത്തിന്ന പദാൎത്ഥദീപിക എന്നും ഓരോ വ്യാഖ്യാനം, ഇങ്ങനെ പലതും കാണുന്നുണ്ട്.

രണ്ടാമത്തെ മാനവേദൻ ശുകസന്ദേശത്തിന്ന വിലാസിനി എന്ന മനോഹരമായ വ്യാഖ്യാനം രചിച്ച പുണ്യശ്ലോകനാകുന്നു. ആ വ്യാഖ്യാനത്തിന്റെ ആരംഭത്തിൽ താഴെ ഉദ്ധരിക്കുന്ന പദ്യങ്ങൾ കാണുന്നു.

"ശൃങ്ഗാരശക്കരാക്ഷോദസംഗാതിമധുരാകൃതി
ജയതി പ്രഥിതം കാവ്യം ശുകസന്ദേശസംജ്ഞിതം.

യസ്യാതിമോഹനഗഭീരതരാൎത്ഥജാതസമ്പൂരിതോരുരസമുദ്ഗസഹോദര [സ്യ
ദ്വാരാപിധാനശകലോദ്ധരണപ്രവീണാം ശ്രീമാനവേദനൃപതിർവ്വിവൃതിം [കരോതി

ലക്ഷ്മീദാസകവീശ്വരേണ ഭണിതസ്സന്ദേശകാവ്യാചലോ-
ദ്ഗ്രഢാൎത്ഥൌഘച്ഛ്രയദുൎഗ്ഗമോദ്യ ധിഷണാശക്ത്യാ മയാഽരുഹ്യതേ;
ശ്രാന്തശ്ചേൽ പതിതോന്തരാ ഗുരുകൃപായഷ്ടിം ഗരിഷ്ഠാം തദാ
വിഷ്ടഭ്യാധികകൃച്ഛ്രതഃ സ്ഥവിരവൽ ഗന്താസ്മി ചാധിത്യകാം.

ലക്ഷ്മീദാസകവേരുദാരവചനസ്സന്ദേശകാവ്യാങ്ഗജോ
ബഹ്വൎത്ഥശ്രുതിവൃത്തിമണ്ഡനഗുണഃ ശ്രീമാനവേദാന്നൃപാൽ
ജാതാമദ്യ വിലാസിനീം സഹൃദയോ ഗൃഹ്ണൻ ബുധേഭ്യോധികം
മതാൎത്ഥാൻ ദൃഢരക്ഷിതാൻ ജനയതാദാനന്ദമസ്യാം സദാ."

ഈ ശ്ലോകങ്ങളിൽനിന്നു ശുകസന്ദേശത്തിന്റെ വാചാമഗോചരമായ മാഹാത്മ്യം ഏറക്കുറെ വെളിപ്പെടുന്നുണ്ട്. ഗ്രന്ഥാന്തത്തിൽ

"ശ്രീരങ്ഗനാഥകരുണാമസൃണാവലോകലീലാസമുല്ലസദുരുശ്രുതകാവ്യ [സാരഃ
വ്യാഖ്യാമിമാം രചിതവാൻ ബത മാനവേദഃ; കിം ദുഷ്കരം ഗുരുകൃപാ [പരദേവതാനാം?"

എന്നും

"ക്ഷ്മാഭൃൽപാഥോധിനാഥാന്വയമഹിതകുലപ്രാപ്തജന്മാ സരുദ്രഃ
സാതീൎത്ഥ്യം യസ്യ ലേഭേ ശ്രുതസരണിവിദാം ശേഖരശ്ശേഖരശ്ച
സോയം സന്ദേശസിന്ധും കഥമപി സരസം സാധു നിൎമ്മഥ്യ താഭ്യാ-
മൎത്ഥസ്വാൎദ്ദ്രം ചിരേണാപ്യലഭത വിബുധാഗ്രേസരോ മാനവേദഃ."

Digitized By Kerala Sahitya Akademi

എന്നുമുള്ള പദ്യങ്ങളിൽനിന്നു മാനവേദൻെറ ഗുരു രങ്ഗനാഥനെന്നൊരു പണ്ഡിതനായിരുന്നു എന്നും അവിടുത്തേക്കു രുദ്രനെന്നും ശേഖരനെന്നും രണ്ടു സതീർത്ഥ്യന്മാരുണ്ടായിരുന്നു എന്നും അവരുമായ് ശുകസന്ദേശത്തിനു നിപുണമായ അത്ഥവിചാരം ചെയ്തതിനു മേലാണ് വിലാസിനി രചിച്ചതെന്നും സ്പഷ്ടമാകുന്നു. പ്രസ്തുതകവി ഭോജചമ്പുവിനും ഒരു വ്യാഖ്യാനം നിമ്മിച്ചിട്ടുണ്ട്.

"ക്ഷ്മാഭൃദ്ഭാരിനിധീശപരാച്ചിതകലോദ്ഭൃതഃ കണാദാക്ഷപാൽ-
പാണിന്യാദിഗവീവിവേകനിപുണോ രുദ്രസ്തഥാ ശേഖരഃ
മിത്രേ യസ്യ; സ മാനവേദനൃപതിർഭോജോദിതം സാമ്പ്രതം
ചമ്പൂം വ്യാകുരുതേ യഥാമതി; ബുധാഃ സന്ത്വത്ര നിമ്മത്സരാഃ."

എന്ന പദ്യം നോക്കുക. ഈ മാനവേദൻെറ സദസ്യനാണെന്നു തോന്നുന്നു ലക്ഷ്മീമാനവേദം നാടകത്തിൻെറ കത്താവായ ചിദംബരകവി. നിശ്ചയമില്ല. ചിദംബരകവിയുടെ കവിതയും ഉദ്ദണ്ഡൻേറതുപോലെ ഉത്തമമാകുന്നു. താഴെക്കാണുന്നതു നാടകത്തിലെ നാന്ദീശ്ലോകമാണ്.

"കപചിൽ പദനമന്മഹി; കപചന മന്ദപാദക്രമം;
കപചിജ്ജയിജടാഭ്രമി; കപചന കമ്പമാനാളകം;
കപചിൽ സഫണിഫൂൽകൃതി; കപചന കങ്കണകപാണവൽ;
കരോതു ശിവയോസ്സുഖം നടനകമ്മ തത്താദൃശം."

കവി തൻെറ സപാമിയെപ്പററിച്ചെയ്യുന്ന നിരതിശയമായ പ്രശംസ താഴെ ഉദ്ധരിക്കുന്ന ഗദ്യപദ്യങ്ങളിൽനിന്നു വെളിവാകും.

"അദിഷ്ഠോസ്മി സകലരാജന്യകോടീരമാണിക്യമയൂഖമഞ്ജരീനീരാജിതചരണയുഗളസ്യ, അദഭ്രനിജഭുജാപദാനഗ്രീഷ്മോഷ്മാതിരേകശോഷിതവിമതനരപതികുലമഹാനദീസഹസ്രകൂലങ്കഷാവലേപപ്രവാഹസ്യ, അശേഷദിഗ്ദന്തികടതടാസ്ഫാലനപ്രതിസ്ഖലനോജ്ജൃംഭമാണോദ്വേലവിമലയശഃക്ഷീരപാരാവാരപൂരലഹരീപരമ്പരാപൂരിതബ്രഹ്മാണ്ഡോദരകുഹരസ്യ, ജലധരജലനിധിമിഹിരസുതസുരഭിസുരതരുചിന്താമണിപ്രമുഖവിതരണധൌരേയപ്രഭാവപരിഭാവപണ്ഡിതപാണിപങ്കേരുഹസ്യ, ഷോഡശമഹാദാനസവനദീക്ഷാദീക്ഷിതസ്യ, അപരിമേയഗാംഭീര്യാവധൂതപാഥഃപരിവൃഢസ്യ, അമന്ദതരധൈര്യാടോപാധരിതമഹാമേരോഃ, വിശേഷാത്തീർണ്ണപരാക്രമപ്രക്രിയാപരാചീനസവ്യസാചിദോർവൈഭവസ്യ, ദാശരഥികമ്മകഥനനിഖിലഭുവനവിഖ്യാതധീരോ

Digitized By Kerala Sahitya Akademi

മാത്തഗുണഗണചമൽകൃതനികൃതികൃതവൈമുഖ്യസ്യ, ചണ്ഡകരതേജഃപ്രാചണ്ഡ്യഖണ്ഡനവൈഭവസ്യ, സുധാകരകാന്തികന്ദളപരിണതിപാടച്ചരവദനസൗഭാഗ്യസ്യ, ആജ്ഞാവജ്ഞാതസുഗ്രീവസ്യ, പ്രതിജ്ഞാനുകൃതപരശുരാമസ്യ, നിരന്തരവിഹരമാണകമലാകരകമലകിഞ്ജല്കപുഞ്ജരഞ്ജിതമോരന്തരസ്യ, മന്ദമാന്ധാതൃരഘുനന്ദനനളനഹുഷനാഭാഗഭരതഭഗീരഥദിലീപദശരഥശിബിജീമൂതവാഹനഹരിശ്ചന്ദ്രപ്രമുഖപൂർവ്വതനരാജന്യമണ്ഡലപ്രവർത്തിതാധ്വാധ്വനീനസ്യ, വീതിഹോത്രഗോത്രവാരാകരപാരിജാതസ്യ, ഹനുമദഭിമുദ്രിതകേതോഃ, ആത്മശരാസനാങ്കിതശങ്കരശരാസനസ്യ, ശൈലാർണ്ണവചക്രവർത്തിനശ്ചരണായുധക്രോഡപുരീപുരന്ദരസ്യ, കേരളേശ്വരസ്യ, മഹാരാജസ്യ, മാനവേദസ്യ ചരണസരോരുഹോപജീവിനാ മന്ത്രിമണ്ഡലേന; യഥാ—

> വാതാപൂരിതകഞ്ജരോദരഗുഹാഭാങ്കാരഭേരീരവേ,
> ഗൃദ്ധ്രക്രേംകൃതിഗീതിശാലിനി, ശിവാവക്ത്രോല്കയാ ദീപിതേ,
> യദ്യുദ്ധക്ഷിതിരങ്ഗമണ്ഡപതലേ നൃത്തം കബന്ധൈഃ കൃതം
> പശ്യന്ത്യുദ്ഭടഹർഷമഗ്നമനസോ വേതാളസാമാജികാഃ.

തസ്യാസ്യ, ദിഗ്വിജയധാടീദുർല്ലളിതതുരഗഖുരപുടനടനദലിതധരണിതലോച്ചലിതധൂളീപാളീപുരസ്സരധൂമോദ്ഗമപിശുനിതപ്രതാപാനലജ്വാലാജാലോജ്ജൃംഭണജനിതഭയാവനതസമസ്തപരിപന്ഥിസാമന്തമണ്ഡലസ്യ, സ്വാമിനോ, മഹാരാജാധിരാജപരമേശ്വരസ്യ ചരിതാനുബന്ധി കിമപി രൂപകം, അനേനൈവ സവിശേഷദർശിതയാ കേത്ര്യാ അപരമിവ കൈലാസമായതനമാരചിതവതാ അവിരതമാരാദ്ധ്യമാനസ്യ താമ്രചൂഡക്രോഡനഗരീനികേതനസ്യ, സകലസുരാസുരമൗലിമന്ദാരമഞ്ജരീമകരന്ദവിന്ദുസന്ദോഹനിർണ്ണിക്തചരണാരവിന്ദസ്യ, സ്ഥലീശ്വരാഭിധാനസ്യ ഭഗവതശ്ചന്ദ്രശേഖരസ്യ സന്നിധൌ x x ”

കവി തന്നെപ്പററി ചെയ്തിരിക്കുന്ന പ്രസ്താവനയാണ് താഴെ ചേർത്തിരിക്കുന്നത്.

“അസ്തി ഖലു മന്ദമാരുതാന്ദോളിതപൂഗപാളീമധൂളീബഹളപരിമളഭ്രാന്തഭ്രമരകുലഝങ്കാരവാചാലിതദിക്ചക്രവാളേഷു, ചോളേഷു, രാജ്ഞാ ശ്രീവല്ലഭേന സ്ഥാപിതോ മഹാനഗ്രഹാരഃ; തത്ര വസതാം സോമപാം പക്ഷിലശങ്കരശബരപതഞ്ജലിരചിതഭാഷ്യൈദംപര്യ്യപര്യ്യാലോചനാവിശിഷ്ടശേമുഷീവിശേഷാണാം, ബ്രാഹ്മണാനാമതിശയേന പ്രശസ്യ

Digitized By Kerala Sahitya Akademi

സ്യ ഉദ്ബാഹുസുന്ദരസ്യാംഗഭൃത ആമുഷ്യായണോ വിശ്വവിഖ്യാതകീ ർത്തിർമഹാവ്രതമുഖഭാവിതസകലസുമനസ്സോമഃ സുഗൃഹീതനാമാ വിജയ തേ ദിവാകരോ നാമ. തേനച ധീരോദാത്തസ്യ മാനവേദസ്യ മഹീപതേ ശ്ചരിതമുപാദായ

"അചുംബിതമവദ്യതോ ഗുണവിഭാസി വക്രോക്തിമത്
കരംബിതരസോദരം കലിതചാരുഭൂഷാശതം
കളത്രമിവ മോഹനം രസികചേതസാം രീതിഭിഃ
കൃതം കിമപി നാടകം ഭരതഭാഗ്യനാഡിന്ധമം."

ഇതിൽനിന്നു ചിദംബരകവിയുടെ ജനനസ്ഥലം ചോളദേശത്തിലുള്ള ശ്രീവല്ലഭപുരം ആയിരുന്നു എന്നും അദ്ദേഹത്തിൻെറ അച്ഛൻ ഉൽബാഹു സുന്ദരൻ എന്നൊരു ബ്രാഹ്മണോത്തമനായിരുന്നു എന്നും കാണാവുന്നതാണ്. സമുദ്രരാജാവിൻെറ പുത്രിയായ രാജ്യലക്ഷ്മിയെ മാനവേദമഹാരാജാവിനെക്കൊണ്ടു ഭാർഗ്ഗവരാമൻ പുരോഹിതനായ് പാണിഗ്രഹണം ചെയ്യിക്കുന്നതാണ് നാടകത്തിലെ ഇതിവൃത്തം. വിവാഹമണ്ഡപത്തിൽ സമുദ്രരാജാവും നിളാനദീദേവി (ഭാരതപ്പുഴ)യും പ്രവേശിക്കുന്നുണ്ട്. താഴെക്കാണുന്ന ശ്ലോകം പരശുരാമൻെറ വർണ്ണനമാണ്.

"ഷഷ്ഠോവതാരഃ പരമസ്യ പുംസഃ സബ്രഹ്മചാരീ ശശിമൗലിസൂനോഃ
വിഹാരശൈലസ്തനുതേ മുദം നോ മുനിസ്തപോവിക്രമവൈഭവാനാം."

രണ്ടു ശ്ലോകങ്ങൾ കൂടി ഉദ്ധരിക്കാം.

1. കാവ്യവും ഘടനയും:—

"വിപഞ്ചീം പ്രക്വാണഃ; കുസുമകലികാം സൗരഭഗുണോ;
മധുശ്രീരുദ്യാനം; മദസമുദയോ യൗവനദശാം;
വധൂം വ്രീളാമുദ്രാ; ഹിമകരകലാം കാന്തിലഹരീ;
പ്രഭാ രത്നം; ശ്രദ്ധാ തിലകയതി കാവ്യഞ്ച ഘടനാ."

2. നായാട്ട്:—

"ഉദ്ദാമപോത്രിഗണമുന്മദഹസ്തിവൃന്ദമുദ്രിക്തഖഡ്ഗിചയമുല്ലളദേണയൂഥം
ഉഡ്ഡീനബർഹികുലമുൽപതദൃക്ഷസംഘമാലോകയേമമഭിരാമമരണ്യ-
മധ്യം."

ശുകസന്ദേശവ്യാഖ്യാതാവിൻെറ ആശ്രിതനായിരുന്ന മാനവേദ സട്ടകത്തിൻെറ കർത്താവായ ഉഴുത്തിരവാരിയർ എന്നുള്ളതിന് എതാ

Digitized By Kerala Sahitya Akademi

യാലും സംശയമില്ല. സട്ടകം എന്നതു പതിനെട്ടുമാതിരിയിലുള്ള ഉപ രൂപകങ്ങളിലൊന്നും പ്രാകൃതഭാഷയിൽ നിബന്ധിക്കേണ്ടതും നാലു യവ നികാന്തരങ്ങളോടുകൂടിയിരിക്കേണ്ടതുമാകുന്നു. വാരിയർ ഒരു സട്ടകം നിർമ്മിച്ചു എന്നു സൂത്രധാരൻ പ്രസ്താവിക്കുമ്പോൾ പാരിപാർശ്വികൻ അതു വാസ്തവമായ് ഗണിക്കുന്നില്ല. പരിപാർശ്വികൻ പറയുകയാണ്*:

'വായസവദനാൽ പഞ്ചമരാഗ ഉദഞ്ചതി; നിംബവിടപാന്മോച ഉൽപദ്യതേ; കാരസ്കരഫലാൽ പീയൂഷരസഃ പ്രസരതി; യദ്ദേവമന്ദിരബാഹ്യാളിന്ദസമ്മാർജ്ജനാദിവ്യാപാരമാത്രപരായണാൽ പാരശവപശോഃ സന്ധ്യാസമയസംഫുല്ലമല്ലികാമധുരനിഷ്യന്ദഗർഭഃ സന്ദർഭഃ പ്രവഹതി." ആ മതത്തെ സൂത്രധാരൻ താഴെക്കാണുന്ന വിധത്തിൽ പ്രത്യാഖ്യാനം ചെയ്യുന്നു.

*"മൈവം, ന ഖലു നിന്ദനീയാസ്തത്ര ഭവന്തഃ പാരശവാഃ; യതഃ
യേഷാം ബ്രാഹ്മണലോകപാദയുഗളീശുശ്രൂഷണം ഭൂഷണം;
യേഷാം നിർമലകാവ്യചർവ്വണകഥാസംശീലനം ക്രീഡനം;
യദ്വംശേ സുവിശുദ്ധവൃത്തസുഭഗഃ സദ്രുദ്രമുക്താമണിർ-
ജാതസ്തത്സ്തവനേഷു കസ്യ ഭുവനേ ജിഹ്വാ നിരീഹാ ഭവേത്?"

പാരിപാർശ്വികൻ:—"തസ്യ രുദ്രസ്യ ശ്രീകണ്ഠസ്യ ച ശിഷ്യോ രുദ്രദാസാഭിധേയഃ കില തസ്യ കവിഃ."

സൂത്രധാരൻ:—"തദുൽപദ്യതേ. തരണികിരണജാലനിരസ്തതന്ദ്രാദേവാരവിന്ദാന്മധുകരാനന്ദകന്ദഃ പ്രസരതി മകരന്ദനിഷ്യന്ദഃ."

പാരിപാർശ്വികൻ:—"കിം താദൃശസ്തയോഃ ശിക്ഷാവിശേഷഃ?"

സൂത്രധാരൻ:—"കിം ഭണ്യതേ?

വടതലഗതോ പി രുദ്രോ വ്യാഖ്യാനം യയോശ്ശ്രുത്വാ സശിരഃകമ്പം
മന്ദാന്ദോളിതചന്ദ്രം സ്പന്ദമാനഫണീന്ദ്രകുണ്ഡലം ദധാതി."

പാരിപാർശ്വികൻ:—"നമോ മഹദ്ഭ്യാം."

ഇങ്ങനെ തന്റെ ഗുരുക്കന്മാരായ രുദ്രനേയും ശ്രീകണ്ഠനേയും വന്ദിച്ചതിനു മേൽ കവി മാനവേദമഹാരാജാവിനെ താഴെ വരുംപ്രകാരം വർണ്ണിക്കുന്നു.

---

* ഛായയാണ് ഉദ്ധരിക്കുന്നത്.



Digitized By Kerala Sahitya Akademi

"തസ്യൈവ നിരന്തരാവനമച്ഛ്രീമൽസാമന്തകുലമുകുടാന്തനിപതന്മാണിക്യമണിസമൂഹമയൂഖലേഖാപല്ലവിതപാദപീഠസ്യ, ഖണ്ഡപരശുശിഖണ്ഡശശിഖണ്ഡപാണ്ഡരസർവതഃപ്രസരന്മഹിതയശഃപൂരകർപ്പൂരനികരപർവതായമാനഭുവനാന്തരാളസ്യ, അതിധവളഹൃദയസ്ഫടികപ്രതിഫലിതപരമേശ്വരപദപല്ലവസ്യ, സമരമുഖബലാൽകാരഗൃഹീതജയലക്ഷ്മീധമ്മില്ലപര്യസ്തമല്ലികാമാല്യബഹളപരിമളാസങ്ഗഭൃംഗശ്രേണീസംശയിതലോലോദ്ദണ്ഡമണ്ഡലാഗ്രമണ്ഡിതപ്രചണ്ഡഭുജദണ്ഡസ്യ, രിപുബലശലഭലേഹിചടുലജ്വാലാജാലജാജ്വല്യമാനപ്രതാപപാവകപ്രാകാരപരിരക്ഷിതസകലഭുവനതലസ്യ, അച്ഛിന്നദത്തസുവർണ്ണരത്നസമൃദ്ധിസമൃദ്ധമണിമന്ദിരവളഭീജാലാക്രീഡൽസകലദരിദ്രലോകസ്യ, സർവഭൂതാനുകമ്പിനസ്സാമ്പ്രതം കൃതകരണീയതയാ യൗവനസുഖമനുഭവതോ രാജാധിരാജപരമേശ്വരസ്യ, ശ്രീമാനവേദസ്യ........"

അങ്ങേശ്വരപുത്രിയായ ചന്ദ്രലേഖയെ മാനവേദമഹാരാജാവു പരിഗ്രഹിക്കുന്നതാണ് ഈ നാടകത്തിലെ പ്രതിപാദ്യവസ്തു; അതുകൊണ്ടു് ഇതിനു ചന്ദ്രലേഖാനാടകമെന്നും പേരുണ്ട്.

മാഘത്തിനു ദേശമങ്ഗലത്തു ശ്രീകണ്ഠവാരിയരുടെ 'ബാലബോധിക' എന്നൊരു വ്യാഖ്യാനമുണ്ട്. അതിൽ ആ വാരിയത്തിലെ ഒരു രുദ്രവാരിയരെപ്പററി

"പാരേദക്ഷിണഗങ്ഗമസ്തി മഹിതസ്സ്വസ്തിപ്രദോ ദേഹിനാം
ദേശഃ കോപി ശശാങ്കചൂഡരമണീസാന്നിധ്യനിത്യോത്സവഃ
വൈതാനാഗ്നിവിലോലധൂമപടലീസൗഗന്ധ്യനൈരന്തരീ-
മങ്ഗല്യോ ജയസിംഹമങ്ഗല ഇതി ക്ഷോണീസുരൈരാശ്രിതഃ.

വിദ്യതേ തത്ര സാഹിത്യവിദ്യാഭ്യാസഖലൂരികാ
വിശ്വപാരശവേന്ദ്രസ്യ വിശ്രുതം ഭവനോത്തമം.

പാരമ്പര്യേണ ജായന്തേ യേ തത്ര സുകൃതോദയാൽ,
ആചാര്യാ ഏവ തേ സർവേ കേരളക്ഷ്മാഭുജാം നൃണാം.

രുദ്രാഭിധാനാ തത്രാസീൽ ഭാരത്യാഃ പുരുഷാകൃതിഃ
പരക്രോഡസ്ഥലാക്രീഡരുദ്രതാദാത്മ്യമുദ്രിതാ.

Digitized By Kerala Sahitya Akademi

ആപഞ്ചാശൽസമാസ്സോയം ശ്രീപഞ്ചാക്ഷരജീവനം
ചകാരാസേവ്യ സാഹിത്യവിദ്യാം സ്വകുലവത്തിനീം.

പൗരസ്ത്യരോപമൗ ശാന്തൗ തദ്വംശേ സാർവലൗകികൗ
ശ്രീകണ്ഠാഖ്യാവുഭൗ ജാതൗ സാഹിത്യൈകപരായണൗ.

അഥാത്മനാ സുസംവൃദ്ധം ദേവശ്ചന്ദ്രാർദ്ധശേഖരഃ
ശ്രീപരക്രോഡവാസ്തവ്യസ്തൽകുലം വീക്ഷ്യ ഹൃഷ്ടവാൻ.

സ തത്ര ജന്മലാഭായ കതുകീ പരമേശ്വരഃ
ശ്രീകണ്ഠാൽ പിതൃതുല്യാങ്ഗോ ദ്വിതീയാദുദഭൂൽ സ്വയം.

സ ബാല്യാൽ പ്രഭൃതി ശ്രീമാൻ സാഹിത്യസുരപാദപഃ
അതിഗംഭീരവാഗ്ഗുംഫസുഭഗംഭാവുകോ ബഭൗ.

x x x x x

അങ്ഗസ്യാങ്ഗസ്യ തസ്യാസ്യ സ്മാരം സ്മാരം കതൂഹലീ
കിന്നു വക്ഷ്യേ തതോ ജാതസ്തന്നാമാഹം സതാം മതഃ.

ഗുരോരനന്തരം സോഹം കാരുണ്യേനാഥ ഭൂയസാ
ബാലകോപി പ്രയത്നേന കുലവിദ്യാമുപേയിവാൻ.

x x x x

സോഹം മാഘകവേഃ കാവ്യപാരാവാരതിതീർഷയാ
വിതനോമി സുവിസ്തീർണ്ണാം വ്യാഖ്യാനൗകാം വിചക്ഷണഃ."

ഇതിൽപറയുന്ന ശ്രീകണ്ഠന്മാരിൽ ആരാണ് സട്ടകകാരൻെറ ഗുരുവെന്നു വെളിവാകുന്നില്ല. ഇവരിൽ ഒരു ശ്രീകണ്ഠൻ ഹോരയ്ക്കു 'വിവരണം' എന്നൊരു വ്യാഖ്യാനം രചിച്ചിട്ടുണ്ട്. ആ ശ്രീകണ്ഠൻെറ സമകാലികനാണ് രുദ്രനെന്നു വരുമ്പോൾ ബാലബോധികാവ്യാഖ്യാതാവു സ്മരിക്കുന്ന രുദ്രനല്ല മാനവേദനാൽ സ്മൃതനായ രുദ്രനെന്നും അവഗതമാകുന്നു. മേൽപ്പുത്തൂർ ഭട്ടതിരിയുടെ നാരായണീയത്തിനു ഭക്തപ്രിയ എന്ന വ്യാഖ്യാനം രചിച്ച ദേശമങ്ഗലത്തു് ഉഴത്തിരവാരിയർ തന്നെയാണോ അദ്ദേഹമെന്നും തിട്ടമില്ല. ഇതെല്ലാം സാഹിത്യചരിത്രഗവേഷകന്മാരുടെ ചിന്തയ്ക്കു വിഷയീഭവിക്കേണ്ടതാണ്. ചിദംബരകവി ഈ മാനവേദൻ തളിയിൽ ക്ഷേത്രം പുത്തനായ് പണികഴിപ്പിച്ചു എന്നു പ്രസ്താവിക്കുന്നുണ്ടല്ലോ. അതിനെ സംബന്ധിച്ചു് വല്ല രേഖയുമുണ്ടോ എന്നും അന്വേ

Digitized By Kerala Sahitya Akademi

ഷിക്കേണ്ടതാണ്. "തിലകയന്നനപായം ചിത്രഭാനോഃ" എന്നു പൂർവ്വഭാരതചമ്പൂകർത്താവും "വീതിഹോത്രഗോത്രവാരാകരപാരിജാതസ്യ" എന്നു ചിദംബരകവിയും വർണ്ണിക്കുന്നതിൽനിന്ന് സാമൂതിരിപ്പാടന്മാർ അഗ്നികുലക്ഷത്രിയന്മാരാണെന്നു വന്നുകൂടുന്നു.

അടുത്തതായ് രണ്ടു വാക്കു പറയേണ്ടതു് കേരളീയസ്ത്രീകളുടെ അഭിമാനക്ഷേത്രത്തിനു ഹൈമസ്തംഭപതാകയായ മനോരമത്തമ്പുരാട്ടിയെപ്പററിയാണ്. മലയാളം സ്ത്രീവിദ്യാഭ്യാസത്തിനു പണ്ടുപണ്ടേ പ്രസിദ്ധി നേടിയ ഒരു ഭൂവിഭാഗമാണെങ്കിലും മനോരമത്തമ്പുരാട്ടിയോളം വൈദുഷ്യം സമ്പാദിച്ച ഒരു മഹിളാരത്നം ഏതാവൽപര്യന്തം ഇവിടെയും ജനിച്ചിട്ടില്ലെന്നുള്ളതു് അപ്രതിഷേധ്യമായ ഒരു പരമാർത്ഥമാകുന്നു. മനോരമത്തമ്പുരാട്ടി കൊല്ലം ൯൨൫ മകരമാസത്തിൽ കിഴക്കേകോവിലകത്തു ജനിച്ചു. ൧൨ വയസ്സിനു മുമ്പിൽ ഭട്ടോജിദീക്ഷിതരുടെ പ്രൗഢമനോരമ ഹൃദിസ്ഥമാകത്തക്കവണ്ണം അത്ര ബാല്യത്തിൽതന്നെ അവിടേയ്ക്കു സംസ്കൃതഭാഷ സ്വാധീനമായ്ത്തീർന്നു. മാനവിക്രമീയം എന്ന കാവ്യത്തിൽ അവിടുത്തെപ്പററി

"തദീയവംശേ ജാതാസീൽ കാപി കന്യാ മനോഹരാ
വിദ്യാദിഗുണസമ്പന്നാ ഹൃദ്യാസ്യജിതചന്ദ്രമാഃ."

"മനോരമായാമതിമാത്രനൈപുണാ—ന്മനോരമതാന്നു നിജസ്യ [വക്ഷ്മണഃ
മനോജലീലാരസലോലമാനസാ മനോരമേതി പ്രഥിതാ ബഭൂവ സാ."

എന്നു വർണ്ണിച്ചു കാണുന്നു. കൊല്ലം ൯൬൪-ൽ ടിപ്പുവിന്റെ കലാപകാലത്തു് അവിടുന്നു തിരുവിതാംകൂറിലേക്കു പോകുകയും അവിടെ വിദ്വജ്ജനപക്ഷപാതിയായ കാർത്തികതിരുനാൾ മഹാരാജാവിന്റെ പ്രത്യേകമായ കാരുണ്യത്തിനു പാത്രീഭവിച്ച് എണ്ണയ്ക്കാട്ട് എന്ന സ്ഥലത്തു താമസിക്കുകയും ചെയ്തു. ൯൭൦-ൽ തിരിയെ നാട്ടിലേക്കു മടങ്ങി, ൧൦൦൨ ഇടവത്തിൽ യശശ്ശരീരയായി. ആത്തൂർഅടിതിരിപ്പാട്ട് അവിടത്തോടാണ് വ്യാകരണമഭ്യസിച്ചതെന്നും, അടിതിരിപ്പാട്ടിലെ ശിഷ്യനായിരുന്നു കൊടുങ്ങല്ലൂർ വിദ്വാൻ ഇളയതമ്പുരാനെന്നും, ഇളയതമ്പുരാന്റെ ശിഷ്യൻ വൈയ്ക്കത്തു പാച്ചുമൂത്തതു് കേരളവർമ്മവലിയകോയിത്തമ്പുരാന്റെ ഗുരുവായിരുന്നു എന്നും നാം ഈ സന്ദർഭത്തിൽ സ്മരിക്കേണ്ടതാണ്. തമ്പുരാട്ടിയുടെ പല ഒററശ്ലോകങ്ങളും കേട്ടിട്ടുണ്ട്. കാർത്തികതിരുനാൾ മഹാരാജാവും അവിടുന്നും തമ്മിൽ പത്ര്യരൂപേണ കത്തിടപാടു ചെയ്തിരു

Digitized By Kerala Sahitya Akademi

ന്നതായുമറിയാം. "ഹേമാംഭോജിനി, രാജഹംസനിവഹൈരാസ്വാദ്യ മാനാസവേ," എന്ന പ്രസിദ്ധശ്ലോകം മഹാരാജാവിൻേറതും അതിനു മറുപടിയായ "സർവ്വം ത്വയാ വിദിതമേവ സദഗ്രയായിൻ," എന്ന ശ്ലോകം തമ്പുരാട്ടിയുടേതുമാണ്.

"ഗരുഡദ്ധ്യായാമായ സ്വയമത ഇതോ യാസ്യതി യദാ,
തദാ ഹംസഃ സൈ്വരീ; തവ ച വശഗേയം കമലിനീ;
സരസ്തീരാരാമേ സരസതരക്രജദ്ദ്വിജകലേ
സഖേ, കഞ്ചിൽ കാലം വിരമ മൂഢ ഗായൻ ഭ്രമര ഭോഃ."

എന്ന ശ്ലോകവും തമ്പുരാട്ടി മഹാരാജാവിന്ന് അയച്ചതാണ്. തമ്പുരാട്ടിയുടെ അനിതരവനിതാസാധാരണമായ ശാസ്ത്രപാണ്ഡിത്യത്തെപ്പററി നല്ലതുപോലെ ധരിച്ചിരുന്ന കാത്തികതിരുനാൾ മഹാരാജാവിനു, നിഷ്കരുണനായ ടിപ്പുവിൽനിന്നു ഭീതയായ് പലായനം ചെയ്യേണ്ടിവന്ന അവിടുത്തെ ആത്തനാദം, ദുശ്ശാസനത്രസ്തയായ ദ്രൗപദിയുടേതു ശ്രീകൃഷ്ണനെന്നപോലെ, എത്രമാത്രം കാരുണികത്വത്തിനു കാരണമായ്പ്പരിണമിച്ചിരിക്കണമെന്നു സഹൃദയന്മാക്ക് ഊഹ്യമാണല്ലോ.

"ഹൃദ്യാ മനോരമ നരേശചരിതൻേറ സൂക്തി-
രദ്യാപി കോവിദമനസ്സു കവന്നിടുന്നു."

എന്നു കേരളവമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു പ്രസ്താവിച്ചിട്ടുള്ളതു മേൽക്കാണിച്ച മാതിരിയിലുള്ള ഒററ ശ്ലോകങ്ങളെ സ്മരിച്ചാകുന്നു. തമ്പുരാട്ടി പഠിച്ചുകൊണ്ടിരുന്ന കാലത്ത് ഒരിക്കൽ വശ്യവാക്കായ ചേലപ്പറമ്പു നമ്പൂതിരി കിഴക്കേക്കോവിലകത്തു ചെന്നു എന്നും പിറേറന്നു നേരം വെളുത്തപ്പോൾ കണ്ണാടിനോക്കി വൃദ്ധനായിരുന്ന അദ്ദേഹം

"പലിതാനി ശശാങ്കരോചിഷാം
ശകലാനീതി വിതക്ക്യാമഹേ"

എന്നു തൻേറ ശൃംഗാരഗന്ധിയായ ശൈലി വിടാതെ ഒരു ശ്ലോകത്തിൻേറ പൂവ്വാർദ്ധമുണ്ടാക്കി രസിക്കവേ, അതുകേട്ടുകൊണ്ടു നിന്ന തമ്പുരാട്ടി

"അത ഏവ നിമീലതേതരാം
വനിതാലോചനവാരിജം പുരഃ."

എന്ന് അതിൻേറ ഉത്തരാർദ്ധം ചൊല്ലി നമ്പൂതിരിക്ക് അശ്രുതപൂർവമായ ലജ്ജയേയും വിസ്മയത്തേയും ഉൽപാദിപ്പിച്ചുഎന്നും ഐതിഹ്യമു

Digitized By Kerala Sahitya Akademi

ണ്ട്. തകരപ്പുറത്തുകാരനായ ചീരക്കുഴി ഭവദാസൻ നമ്പൂതിരി തന്റെ ഭാഗവതം ഏകാദശസ്കന്ധത്തിനു വിസ്തരിച്ച് ഒരു വ്യാഖ്യാനമെഴുതിയതു് ഒരു മാനവിക്രമരാജാവിന്റെ സഹോദരിയും ഉത്രാടം നക്ഷത്രത്തിൽ ജാതയുമായ ലക്ഷ്മീരാജ്ഞിയുടെ നിദേശമനുസരിച്ചാണെന്ന് അദ്ദേഹം തന്നെ പ്രസ്താവിച്ചിട്ടുണ്ട്. താഴെക്കാണുന്ന ശ്ലോകങ്ങൾ ആ വ്യാഖ്യാനത്തിന്റെ ആരംഭത്തിലുള്ളതാണ്.

"ചന്ദ്രാർദ്ധാഭരണസ്യ സാഗരപുരക്ഷേത്രേശിതുസ്സന്നിധൗ
ജാതം വാസ്തുകനിമ്നധാമ്നി ഭവദാസാഖ്യം ദ്വിജന്മാലയേ
ആനീതം സ്വഗുണൈർവിക്രുഷ്യ ഗിരിസിന്ധുക്ഷ്മാപതേസ്സോദരീ
ചച്ച്വാം ഭാഗവതസ്യ കർത്തുമശിഷദ്രാജ്ഞീ കദാചിദ്ദ്വിജം.

ശ്രീമാനവിക്രമസഹോദരയാ മുകുന്ദ— ലീലാമരന്ദരസലോലഹൃദാ
[ച രാജ്ഞ്യാ
ആജ്ഞാപിതോ മഹിതഭാഗവതാർത്ഥരത്നമാലാവിലേഖനകൃതേ
[പ്രയതാമഹേദ്യ.

സമ്പ്രത്യേകാദശസ്കന്ധവ്യാഖ്യാനമഥ ലിഖ്യതേ
അസ്മാഭിരാജ്ഞയാ രാജ്ഞ്യാ വിജ്ഞാനവിശദാത്മനഃ."

"ശ്രീവാസുദേവകഥാതീർത്ഥാവഗാഹപവിത്രകീർത്തേഃ ശ്രീവീരരായസംജ്ഞ ശ്രീമാനവിക്രമസഹോദരായാഃ പൂർവാലയകമലലക്ഷ്മ്യാ ശ്രീമദുത്തരാഷാഢാജാതായാ രാജ്ഞ്യാ ആജ്ഞയാ" എന്നും അദ്ദേഹം പ്രസ്താവിക്കുന്നതിൽനിന്നു് ഈ തമ്പുരാട്ടി കിഴക്കേ കോവിലകത്തിലെ ഒരംഗമായിരുന്നു എന്നു വെളിവാകുന്നു. അതു വാസ്തവത്തിൽ മനോരമത്തമ്പുരാട്ടിയായിരുന്നു എന്നും ഉപനിഷൽസാരഭൂതമായ ഏകാദശസ്കന്ധത്തിന് ഉചിതമായ ഒരു വ്യാഖ്യാനം നിർമ്മിക്കുവാൻ തനിക്കു ജന്മനാ (സ്ത്രീയായതുകൊണ്ടു്) അർഹതയില്ലാത്തതുനിമിത്തം താൻ അതു രചിച്ചു ചീരക്കുഴി നമ്പൂരിയുടെ പേർ ചേർത്തതാണെന്നും ഒരൈതിഹ്യമുണ്ടു്. പക്ഷേ, മനോരമത്തമ്പുരാട്ടിയുടെ ജന്മനക്ഷത്രം ചോതിയാണെന്നു പറയുന്നു. അങ്ങനെയാണെങ്കിൽ ചീരക്കുഴിയുടെ പുരസ്കർത്രിയായ ലക്ഷ്മീരാജ്ഞി മറെറാരു മഹിളാരത്നമാകാനേ തരമുള്ളൂ. ഏതായാലും ഈ സംഗതി കുറെക്കൂടി ഗവേഷണം ചെയ്തു് തീർച്ചപ്പെടുത്തേണ്ടിയിരിക്കുന്നു.

ഇനിയും തിമ്മകവിയുടെ സുജനമനോമോദചന്ദ്രിക, ഭാസ്കരകവി (മുത്തുകറിശ്ശിഉണ്ണി)യുടെ ശൃംഗാരലീലാതിലകഭാണം മുതലായ് സാമൂതിരി കോവിലകവുമായ് ബന്ധപ്പെട്ടു കിടക്കുന്നവയും അപ്രകാശിതങ്ങളുമായ്

Digitized By Kerala Sahitya Akademi

അനേകം ഗ്രന്ഥങ്ങളുണ്ട്.* "മാനവിക്രമീയം" മനോരമത്തമ്പുരാട്ടിയെപ്പററി സ്മരിക്കുന്നതിനാൽ അധുനാതനമായ ഒരു കാവ്യമെന്ന് അനുമാനിക്കാം.

"ആസീദസംഖ്യൈർവിബുധൈരമർത്ത്യനാഥാലയശ്രീമപി മന്ദയന്തീ
വാസായ ശൈലാബ്ധിമഹീഭൃതാം പൂരാസന്നദേശേ ഭുവി പശ്ചിമാബ്ധേഃ."

ഇത്യാദി നഗരവർണ്ണനയോടുകൂടിയാണ് ആ കാവ്യം ആരംഭിക്കുന്നത്. രചന വിശേഷമെന്നു പറവാനില്ല. കവിയാരെന്നുമറിയുന്നില്ല. ഒരു ശ്ലോകംകൂടി ഉദ്ധരിക്കാം.

"സ്ഥല്യാം കല്യോ നൃപാലസ്സദനമണിഗൃഹൈരംബരാചുംബിസൗധൈ-
രുല്ലാസം വർദ്ധയന്തീം ഭുവനതലജുഷാം മന്ദയന്തീം ദിവശ്ശ്രീം
ഉല്ലാസ്യുദ്യാനവീഥ്യാദിഭിരപിച സരഃകൂപവാപ്യാദിഭേദൈഃ
കല്യാണീം രാജധാനീമകൃത; സ വപുഷാ ഭൂഷയത്താം ച ഭൂയഃ."

ദക്ഷിണഭോജരാജനെന്ന നാമാന്തരത്താൽ പ്രഖ്യാതനും, സംസ്കൃതം മലയാളം ഈ ഭാഷകളുടെ പരിപോഷണത്തിൽ പ്രത്യേകം ജാഗരൂകനും, വിവിധപ്രബന്ധഗണനിർമ്മാതാവുമായിരുന്ന് സമീപകാലത്തിൽ സചര്യാതനായ വിദ്വാൻ മാനവിക്രമ ഏട്ടൻതമ്പുരാൻ സാമൂതിരിപ്പാട്ടിലെ നാമഗ്രഹണത്തിനു മാത്രമേ ഈ സന്ദർഭത്തിൽ സമയമുള്ളു. ഇന്നും ഭാഗവതചമ്പു എന്ന മഹനീയമായ സംസ്കൃതകാവ്യം നിബന്ധനംചെയ്ത ഒരു തമ്പുരാട്ടി സാമൂതിരിക്കോവിലകത്തെ അലങ്കരിക്കുന്നതു് ആലോചിച്ചാൽ കേരളസാഹിത്യവുമായ് ഈ കോവിലകത്തിനുള്ള ബന്ധം പാരമ്പര്യമനുസരിച്ചു നിലനിന്നുപോരുന്നുണ്ട് എന്നുവേണം വിചാരിക്കുവാൻ.

ഞാൻ ഈ പ്രസംഗം ഇവിടെച്ചെയ്യുന്നതിന് ഒരു പ്രത്യേകോദ്ദേശ്യമില്ലെന്നില്ല. അതു് വിശ്വവിശ്രുതമായ സാമൂതിരി മഹാരാജകുടുംബത്തിലെ അംഗങ്ങളിൽ ഓരോരുത്തരേയും അവക്കു സാഹിത്യപോഷണവിഷയത്തിലുള്ള കർത്തവ്യതയെ അനുസ്മരിപ്പിക്കുക എന്നുള്ളതാകുന്നു. കേരളഭാഷയ്ക്കു് ഇനിയും രാജകുടുംബങ്ങളെ വിട്ടുപിരിഞ്ഞു സ്വതന്ത്രയായ് പുരോഗമനം ചെയ്യത്തക്ക ദേഹപുഷ്ടിയുണ്ടായിട്ടില്ല. പത്തമ്പതുകൊല്ലങ്ങൾ കൂടിക്കഴിഞ്ഞാൽ അതു താനേ ഉണ്ടായിക്കൊള്ളും. അതുവരയ്ക്കും കാരണവന്മാർ പ്രദർശിപ്പിച്ച ഔദാര്യം ഈ അബലയായ ബാലികയുടെ

*ഭാണം പിന്നീടു പ്രൊഫെസ്സർ രാമപ്പിഷാരടി പ്രസിദ്ധപ്പെടുത്തീട്ടുണ്ട്.

Digitized By Kerala Sahitya Akademi

നേക്ക് അവരും പ്രദർശിപ്പിക്കാതെ ഗത്യന്തരമില്ല. പണ്ട് ഒരു സാമൂതിരിപ്പാട് കൊച്ചിരാജ്യം ആക്രമിച്ചപ്പോൾ തൃശ്ശൂർ ബ്രഹ്മസ്വം മഠത്തിലെ ഒരു ഉണ്ണിനമ്പൂതിരി,

"മാടക്ഷമാരമണബാഹുബലാഭിഗുപ്താ
സേയം സഭാ പരവശേതി ന ശങ്കനീയാ,
ഏകാകിനീ നിശിചരാലയമധ്യഗാപി
കിം രാമഭദ്രദയിതാ ദശകണ്ഠമാപ ?"

എന്നൊരു ശ്ലോകം എഴുതിക്കൊടുത്തയച്ചതായും, അതു സമൂതിരിപ്പാട്ട വാങ്ങി വായിച്ചു രസിച്ചതായും ഐതിഹ്യം ഘോഷിക്കുന്നു.

"മാപ്രാണം ത്യജ മാ പ്രാണം മാപ്രാണസമവല്ലഭ,
മാനവിക്രമതേജോഭിർമ്മാനവിക്രമഭൂപതേ."

എന്ന ശ്ലോകവും കൊച്ചിയിൽനിന്നു കടലായി നമ്പൂതിരി മറെറാരു സാമൂതിരിക്ക് അയച്ചുകൊടുത്തതാണ്. അങ്ങനെ പാളയത്തിലും പദ്യം; സമരാങ്കണത്തിലും സാഹിത്യം; അത്തരത്തിൽ പുലന്നതാണ് ഈ കേരളം. ആ ഓർമ്മ നമുക്കെല്ലാപേക്കും ഉണ്ടായിരിക്കണം. ഭാഷയ്ക്കു ജാതിയില്ല; മതമില്ല; കാലമില്ല; ദേശമില്ല; ആ ദേവി കേരളീയരായ ഏവക്കും എല്ലാപ്പോഴും ആരാദ്ധ്യയാണ്; ആ വസ്തുത നാം ഒരിക്കലും മറക്കരുത്. അതാകുന്നു നമ്മുടെ ഏകയോഗക്ഷേമത്തിനുള്ള ഏകോപായം; അതാകുന്നു നമ്മുടെ ആനന്ദാവാപ്തിക്കുള്ള അജിഹ്മമായ രാജപദ്ധതി.

Digitized By Kerala Sahitya Akademi

# ഭാഷാനൈഷധചമ്പു.

ഭാഷാനൈഷധചമ്പു മഴമംഗലം നമ്പൂരിയുടെ കൃതിയാണെന്നുള്ള ഐതിഹ്യം പ്രസിദ്ധവും വിശ്വസനീയവുമാകുന്നു.

"അമ്പത്തൊന്നക്ഷരാളീകലിതതനുലതേ, വേദമാകുന്നശാഖി-
ക്കൊമ്പത്തമ്പോട്ടു പൂക്കും കുസുമതതിയിലേന്തുന്ന പൂന്തേൻകുഴമ്പേ,
ചെമ്പൊൽത്താർബാണഡംഭപ്രശമനസുകൃതോപാത്തസൌഭാഗ്യലക്ഷ്മീ-
സമ്പത്തേ, കുമ്പിടുന്നേൻ കഴലിണ വലയാധീശ്വരീ, വിശ്വനാഥേ."

എന്ന വന്ദനശ്ലോകത്തിലെ 'വലയാധീശ്വരീ' പദംകൊണ്ടു് കവി തൃശ്ശിവപേരൂരിന് എട്ടു നാഴിക തെക്കു സ്ഥിതിചെയ്യുന്ന ഊരകത്തെ അമ്മതിരുവടിയെയാണു് സ്മരിക്കുന്നതു് എന്നുള്ളതിനെപ്പററി ആക്കും പക്ഷാന്തരമില്ല. വലയത്തു ഭട്ടതിരി പ്രതിഷ്ഠിച്ച ദേവതയായതുകൊണ്ടു് ഊരകത്തെ ദേവിക്കു വലയാധീശ്വരി എന്ന പേർ വന്നതായ് ചിലർ പറയുന്നു. സാമൂതിരിരാജവംശത്തിന്റെ പരദേവതയായ തിരുവലയങ്കാട്ടു് അഥവാ തിരുവളങ്ങാട്ടു ദേവിയെ 'വലയാരണ്യവാസിനി' എന്നു് കവികൾ വന്ദിക്കാറുണ്ടു്.

മൂകാംബിദേവിയുടെ തൃക്കൈയിൽനിന്നു് ഊരിവീണ ഒരു വളയാണു് തിരുവളങ്ങാട്ടു ക്ഷേത്രത്തിൽ പൂജിക്കുന്നതെന്നാകുന്നു ഐതിഹ്യം. ഊരകത്തെ സംബന്ധിച്ചിടത്തോളം ഭട്ടതിരിയിൽനിന്നു ദേവിക്കോ ദേവിയിൽനിന്നു ഭട്ടതിരിക്കോ 'വലയ' പദം സംക്രമിച്ചതെന്നു നിർണ്ണയിക്കുവാൻ പ്രയാസമുണ്ടു്. ഏതായാലും ചമ്പുവിൽ കവി വന്ദിക്കുന്ന വലയാധീശ്വരി ഊരകത്തമ്മ തിരുവടിയാണെന്നുള്ള വസ്തുത മാത്രമേ പ്രകൃതത്തിൽ ധരിക്കേണ്ടതായുള്ളു. മഴമംഗലത്തിന്റെ ഒരില്ലം തൃശ്ശിവപേരൂരിൽ ഇപ്പോഴത്തെ ആസ്പത്രി ഇരിക്കുന്ന സ്ഥലത്തു് സ്ഥിതിചെയ്തിരുന്നു. ആ ഇല്ലം അന്യം നിന്നപ്പോൾ ഊരകത്തുദേശത്തുള്ള 'അങ്ങില്ലം' ആയ തരണനല്ലൂർ ഇല്ലത്തേക്കു് ഒതുങ്ങി. തരണനല്ലൂരില്ലത്തേക്കും ഊരകത്തമ്മതിരുവടി പരദേവതയാണു്.

മഴമംഗലഭാണം എന്ന പ്രസിദ്ധമായ ഒരു ഭാണമുണ്ടല്ലോ. അമ്മാളാചാര്യരുടെ വസന്തതിലകം, രാമഭദ്രദീക്ഷിതരുടെ ശൃംഗാരതില



Digitized By Kerala Sahitya Akademi

കം, നല്ലാദീക്ഷിതരുടെ ശൃംഗാരഭൂഷണം, അശ്വതിതിരുനാൾതമ്പുരാന്റെ ശൃംഗാരസുധാകരം, കൊടുങ്ങല്ലൂർ വിദ്വാൻ ഇളയതമ്പുരാന്റെ രസസദനം ഇത്യാദി ഭാണങ്ങൾക്കെല്ലാം അവയുടെ നിർമ്മാതാക്കന്മാർ ഓരോ പേർ നല്കീട്ടുണ്ട്. മഴമംഗലഭാണത്തിന് അത്തരത്തിലൊരു പേരില്ല. ആ ഭാണം രാജരാജനായ കൊച്ചി മഹാരാജാവിന്റെ നിദേശമനുസരിച്ച് 'കല്പിതവലയാലയവിഹാര'യായ ശ്രീകാമാക്ഷീദേവിയുടെ കാരുണ്യപൂരത്താൽ കവിത്വം സിദ്ധിച്ച ഒരാളുടെ കൃതിയാണെന്നു താഴെ ചേർക്കുന്ന ഗദ്യത്തിൽനിന്നു വെളിവാകുന്നു.

"അദ്യാഹമുദ്ദണ്ഡഭുജദണ്ഡവനഹിണ്ഡമാനമണ്ഡലാഗ്രസന്ദർശനസമയസഞ്ജായമാനസന്ത്രാസഭരസന്നതവിപക്ഷരാജന്യമകുടതടഘടിതമണിനികരതാരകാജാലപരിലസിതനഖചന്ദ്രബിംബസ്യ, സകലവിലാസിനീജനമനോമുകുരബിംബിതസുഭഗതരരൂപാമൃതസ്യ, നിഖിലനീതിശാസ്ത്രശാണദൃഷദുല്ലേഖശാതതരമതിസ്ഫുരിതകൃത്യാകൃത്യസ്യ, സുഭഗസാരസ്വതകുചകുംഭയുഗളസംഭൃതരസാസ്വാദമുദിതഹൃദയസ്യ, സുജാതവസുജാതസമ്പ്രദാനസമ്പ്രദാനീകൃതകവിജനകാമധേനുവദനവിനിസ്സൃതവിസ്തൃതയശോമയപയഃപൂരപൂരിതഭുവനകടാഹസ്യ, മാടമഹാരാജസ്യ, രാജരാജസ്യ നിദേശാന്നിജചരണാരവിന്ദസന്തതസമാരാധനതൽപരജനകല്പലതായമാനായാഃ, കല്പിതവലയാലയവിഹാരായാ, വലയാങ്കവാമാങ്ഗമംഗലാലംക്രിയായാശ്ശിവകാമസുന്ദര്യ്യാഃ ശ്രീകാമാക്ഷ്യാഃ കടാക്ഷനാളവിഗളദവിരളദയാമൃതസദാസേകപ്രഫുൽതകവിത്വപാദപേന കേനാപി കവിനാ നിബദ്ധം കമപി ഭാണം."

കാഞ്ചീപുരത്തു ശ്രീപാർവതിയെയാണ് കാമാക്ഷി എന്ന് പറയുന്നത്. മൂകമഹാകവിയുടെ സുപ്രസിദ്ധമായ പഞ്ചശതി കാമാക്ഷീദേവിയുടെ സ്തുതിരൂപമായ ഒരു കൃതിയാകുന്നു. കാഞ്ചീപുരത്തുചെന്ന് ആ ദേവിയെ ഭജിച്ചു പ്രത്യക്ഷമാക്കി വലയത്തു ഭട്ടതിരി ഉൗരകത്തു കൊണ്ടുവന്നു പ്രതിഷ്ഠിച്ചു എന്നത്രേ പുരാവൃത്തം. അതിനാൽ ഉൗരകത്തമ്മ തിരുവടിയെ കവി കാമാക്ഷീപദംകൊണ്ടു സ്മരിക്കുന്നത് സമുചിതംതന്നെ. ഈ ഭാണത്തിന് ഭാഷയിൽ വിസ്തൃതമായ ഒരു വ്യാഖ്യാനമെഴുതീട്ടുള്ള മഹാവിദ്വാൻ കൈക്കുളങ്ങര രാമവാരിയർ അതിന്റെ ഉപോൽഘാതത്തിൽ

"അസ്തി പൂരുവനം നാമ ഗ്രാമസ്തത്ര പുരാഭവൽ
ദ്വിജന്മാ ഗീഷ്പതേരംശ ഇതി ലോകേത്ര വിശ്രുതഃ."

Digitized By Kerala Sahitya Akademi

എന്നുമാത്രം കവിയെപ്പററി പ്രസ്താവിക്കുന്നു. മഴമങ്ഗലത്തില്ലം പെരുവനം ഗ്രാമത്തിൽപെട്ടതാണല്ലോ. ഗ്രന്ഥാവസാനത്തിൽ

> "രാജൽകീർത്തിവിഭൂഷിതത്രിഭുവനഃ ശ്രീരാജരാജാഹ്വയോ
> രാജേന്ദ്രഃ *ക്ഷിതിമായുഗാന്തസമയം പായാദപേതാപദം;
> വാമാർദ്ധാർജിതപുണ്യപൂരലഹരീ സോമാർദ്ധചൂഡാമണേഃ
> കാമാക്ഷീ കുലദേവതാ മമ ച സാ കാമപ്രസൂഃ കല്പതാം."

എന്നും പ്രസ്താവിച്ചുകാണുന്നു.

മഴമങ്ഗലത്തില്ലത്തിൽ ജനിച്ച മൂന്നു പണ്ഡിതന്മാരെപ്പററി എനിക്കറിവുണ്ട്. ശങ്കരൻനമ്പൂരി എന്നും, നാരായണനമ്പൂരി എന്നും, പരമേശ്വരൻനമ്പൂരി എന്നും ആണ് അവരുടെ പേരുകൾ. ശങ്കരൻനമ്പൂരിയാണ് ചെങ്ങന്നൂർ വാഴമാവേലി പരമേശ്വരൻ പോററിയുടെ ശിഷ്യനായ പ്രസിദ്ധജ്യോതിഷികൻ. ശങ്കരൻനമ്പൂരിയുടെ ജ്യോതിഷഗ്രന്ഥങ്ങളിൽ എല്ലാം പ്രായേണ "എന്റെ വാഴമാവേലിക്കു നമസ്കാരം" എന്നൊരു കുറിപ്പും,

> "തുമ്പതിങ്കളൊടു കെങ്കതന്നെയും ചൂടുമപ്പനുടെയോമലുണ്ണികൾ
> ബാലകായ........ഭാഷയായ് ‡ ച്ചൊല്ലുവാനിഹ തുണയ്പുതാകമേ"

എന്നൊരു മങ്ഗലാചരണവും കാണ്മാനുണ്ട്.

ഇവയിൽ മുഖ്യഗ്രന്ഥങ്ങൾക്ക് 'ബാലശങ്കരം' എന്നൊരു പൊതുപ്പേരു് അദ്ദേഹംതന്നെ നല്കീട്ടുണ്ടു്. കാലദീപകംബാലശങ്കരത്തിന്റെ ഒടുവിൽ ശങ്കരൻനമ്പൂരി വാഴമാവേലിയെ

> "അസ്തി ശോണാചലഗ്രാമവാസ്തവ്യോ ദ്വിജപുങ്ഗവഃ
> ദയാലുസ്സർവ്വഭൂതേഷു ദേവാരാധനതൽപരഃ
> ദൈവജ്ഞസ്തൽപദാംഭോജമകരന്ദനിഷേവണാൽ
> ഭ്രാന്തചിത്തേന കേനാപി രചിതം തദ്ദ്വിജന്മനാ
> ദീപകം വിലസത്വേതച്ചിരായ ധരണീതലേ;
> നിർമ്മത്സരേഭ്യസ്സാധുഭ്യോ ഭൂയോ ഭൂയോ നമോ നമഃ."

---

*'രാജാ നഃ' എന്നു പാഠാന്തരം.

‡ 'പൊഴരതൊട്ടുഭാഷയായ്' എന്നു മുഹൂർത്തപദവീവ്യാഖ്യയിലും കാലദീപകവ്യാഖ്യയിലും 'ഗണിതങ്ങൾ ഭാഷയായ്' എന്നു ലഘുഭാസ്കരീയം, പഞ്ചബോധഗണിതസാരം ഇവയുടെ വ്യാഖ്യാനങ്ങളിലും കാണുന്നു.

Digitized By Kerala Sahitya Akademi

എന്ന ഭാഗത്തിൽ ഭക്തിപൂർവ്വം നമസ്കരിക്കുന്നു. മുഹൂർത്തപദവീബാലശങ്കരത്തിന്റെ ആരംഭത്തിലും

"വാണിമാതിനെ വന്ദിച്ചു ഗുരും ച പരമേശ്വരം
മുഹൂർത്തപദവീമിന്നു ഭാഷയായ് വ്യാകരോമ്യഹം."

എന്ന് അദ്ദേഹം പ്രസ്താവിക്കുന്നു. മുഹൂർത്തപദവീബാലശങ്കരവും കാലദീപകംബാലശങ്കരവും തിരുവിതാംകൂർ ഗവർൺമെന്റു വക ശ്രീവഞ്ചിസേതുലക്ഷ്മീഭായി ഗ്രന്ഥാവലിയിൽ ചേർത്തു പ്രസിദ്ധീകരിച്ചിട്ടുണ്ട്. മേൽ പ്രസ്താവിച്ച രണ്ടു ഗ്രന്ഥങ്ങളും കൂടാതെ·ലഘുഭാസ്കരീയം, ഗണിതസാരം, ചന്ദ്രഗണിതക്രമം, പ്രശ്നസാരം, പഞ്ചബോധാർത്ഥദർപ്പണം, പഞ്ചബോധം എന്നീ ആറു ജ്യോതിഷഗ്രന്ഥങ്ങളുംകൂടി ശങ്കരൻ നമ്പൂരിയുടെ കൃതികളായ് എനിക്കറിവുണ്ട്.

൧. ലഘുഭാസ്കരീയം ഭാഷ.

"എന്റെ വാഴമാവേലിക്കു നമസ്കാരം.

തുമ്പതിങ്കളൊട്ടു കെങ്കതന്നെയും ചൂടുമപ്പനുടെയോമലുണ്ണികൾ
ബാലകായ ഗണിതങ്ങൾ ഭാഷയായ്ച്ചൊല്ലുവാനിഹ തുണയ്പുതാക
ബാലാനാം ഭാസ്കരീയാർത്ഥം തെളിയുമ്മാറു ചൊല്ലുവാൻ [മേ.
വാണിമാതെങ്ങൾനാവിന്മേൽ വിളയാടുക സാമ്പ്രതം
ഭാസ്കരാദീൻ വണങ്ങീട്ടു ഗുരും ച പരമേശ്വരം
ചെറുതൊട്ടെഴുതുന്നുണ്ടു ഭാസ്കരീയത്തിലെപ്പൊരുൾ.

അവിടെ നടേ ഗണിതത്തിനു ഭാസ്കരീയമാകുന്ന തന്ത്രത്തെച്ചമപ്പാൻ തുടങ്ങുന്ന ഭാസ്കരാചാര്യൻ അതിന്റെ അവിഘ്നപരിസമാപ്ത്യാദിപ്രയോജനസിദ്ധ്യർത്ഥമായിട്ടിഷ്ടദേവതാനമസ്കാരത്തെച്ചെയ്യുന്നു." കാലദീപകവ്യാഖ്യയിലും മുഹൂർത്തപദവീവ്യാഖ്യയിലുമെന്നപോലെ ഇതിലും "ഇതി പരമേശ്വരപ്രിയശിഷ്യേണ ശങ്കരേണ വിരചിതേ ലഘുഭാസ്കരീയവ്യാഖ്യാനേ ബാലശങ്കരനാമ്നി" എന്ന് ഓരോ അധ്യായത്തിന്റെ ഒടുവിലും ഒരു രേഖ കാണുന്നുണ്ട്.

൨. ഗണിതസാരം ഭാഷ.

ഇതിലും 'തുമ്പതിങ്കളൊട്ടു' ഇത്യാദി വന്ദനശ്ലോകമുണ്ട്.

"മേഷാദൌ പകലേറുന്നു; രാവന്നത്ര കുറഞ്ഞുപോം;
തുലാദൌ രാത്രിയേറുന്നു; പകലന്നു കുറഞ്ഞുപോം."

എന്ന പ്രസിദ്ധപദ്യം ഈ ഗ്രന്ഥത്തിലുള്ളതാണ്.

Digitized By Kerala Sahitya Akademi

൩. ചന്ദ്രഗണിതക്രമം ഭാഷ.

ഈ ഗ്രന്ഥത്തിൽ

"ഗജാനനം തഥാ വാണീം ഗുരും ച പരമേശ്വരം
ഭക്ത്യാ സംവന്ദ്യ സൂര്യാദീൻ ചന്ദ്രസ്യ ഗണിതക്രമം
ഭാഷയായിട്ടു വക്ഷ്യാമി ബാലാനാമറിവാനഹം."

എന്നൊരു വന്ദനമുണ്ട്.

൪. പ്രശ്നസാരം ഭാഷ.

ഇതിൽ 'ശങ്കരവിരചിതേ പ്രശ്നസാരേ' എന്നൊരു കുറിപ്പുമാത്രം കാണുന്നു.

൫. പഞ്ചബോധാത്ഥദപ്പണം ഭാഷ.

"ശ്രീസൂര്യാദീൻ നമസ്കൃത്യ ഗുരും ച പരമേശ്വരം
ബാലായാസ്മൈ വിധാസ്യാമി പഞ്ചബോധാത്ഥദപ്പണം.
സവ്വേഷാം ജ്യോതിഷാമാദ്യം നമസ്കൃത്യ ദിവാകരം
ലഘൂകൃത്യ വിധാസ്യാമി വ്യതീപാതാദിശോധനം."

ഈ മംഗലാചരണം മേല്പടി ഗ്രന്ഥത്തിലുള്ളതാണ്.

൬. പഞ്ചബോധം ഭാഷ

ഇതിലും 'തുമ്പതിങ്കളൊട്ട' എന്ന വന്ദനശ്ലോകമുണ്ട്.

"ബാലാനാം പഞ്ചബോധാർത്ഥം തെളിയുംമാറു ചൊല്ലുവാൻ
വാണിമാതെങ്ങൾനാവിന്മേൽ വിളയാടുക സവ്വഥാ.
ഭാസ്കരാദീൻ വണങ്ങീട്ടു ഗുരും ച പരമേശ്വരം
ചെറുതൊട്ടെഴുതുന്നുണ്ടു പഞ്ചബോധത്തിലെപ്പൊരുൾ."

ഗണിതത്തിന് പഞ്ചബോധമാകുന്ന കരണത്തെച്ചമപ്പാൻ തുടങ്ങുന്ന ഗ്രന്ഥകാരൻ അതിന്റെ അവിഘ്നപരിസമാപ്ത്യാദിപ്രയോജനസിദ്ധ്യർത്ഥമായിട്ടു ചികീഷിതപ്രതിജ്ഞ ചെയ്യുന്നു." ഈ പദ്യഗദ്യങ്ങൾ മേല്പടി ഗ്രന്ഥത്തിൽനിന്ന് ഉദ്ധരിക്കുന്നവയാണ്.

ഈ എട്ടു ഗ്രന്ഥങ്ങൾ കൂടാതെ വേറേയും മഴമംഗലത്ത് ശങ്കരൻ നമ്പൂരിയുടെ ജ്യോതിഷകൃതികൾ ഉണ്ടായിരിക്കാം. അദ്ദേഹം തന്റെ ഗുരുവായ വാഴമാവേലിയെപ്പററിച്ചെയ്യുന്ന പ്രശംസ ഒട്ടും അസ്ഥാനത്തിലല്ലെന്ന്

Digitized By Kerala Sahitya Akademi

"മാദവലി വാക്കാടഥ പള്ളിമിററം മേച്ചേരി കോയില്ലൂരയും വിശേഷാൽ
അനുഗ്രഹിക്കേണമെനിക്കുമിങ്ങു വരപ്പുറം വേദവിദങ്ങെനിക്ക്."

എന്ന് ഇഞ്ചക്കഴ്വാ മാധവക്കണിയാരും അദ്ദേഹത്തിന്റെ പ്രശ്നസാരം ഭാഷയിൽ ആ ജ്യോതിഷികശിഖാമണിയെ വന്ദിച്ചിരിക്കുന്നതിൽ നിന്ന് അനുമാനിക്കാം. ജ്യോതിശ്ശാസ്ത്രത്തിൽ ശങ്കരൻനമ്പൂരിക്കുണ്ടായിരുന്ന സർവ്വതോമുഖമായ വൈദുഷ്യത്തെപ്പററി ചിന്തിച്ചാൽ 'ബാണോച്ഛിഷ്ടം ജഗൽസർവം' എന്നതുപോലെ "ശങ്കരോച്ഛിഷ്ടമേവൈതച്ഛാസ്ത്രം സർവം" എന്ന് പറവാൻ തോന്നിപ്പോകും. ചിലർ അദ്ദേഹത്തെ ബാലശങ്കരൻനമ്പൂരി എന്നു പറയുന്നത് അപ്രമാണമാണ്. 'ശങ്കരേണ' എന്നാണല്ലോ അദ്ദേഹം തന്നെപ്പററി അധ്യായാന്തങ്ങളിൽ കുറിക്കുന്നത്. 'ബാലകായ മേ' എന്നു മങ്ഗലാചരണത്തിൽ പ്രസ്താവിക്കുന്നത് ഔദ്ധത്യപരിഹാരത്തിനു വേണ്ടി മാത്രമാകുന്നു. 'ബാലശങ്കരം' എന്ന് പ്രധാനഗ്രന്ഥങ്ങൾക്കു നാമകരണം ചെയ്തിരിക്കുന്നതും ആ ഉദ്ദേശത്തെ മുൻനിറുത്തിയായിരിക്കണം. "ബാലന്മാക്ക് മങ്ഗലത്തെച്ചെയ്യുന്നത്; അതായത് ബാലന്മാക്കു സുകരമായ് അത്ഥബോധം നല്കുന്നത്" എന്ന അത്ഥവും ഈ പദത്തിനുള്ളതു സ്മത്തവ്യമാകുന്നു. ഏതോ ഒരു ബാലനെ ഉദ്ദേശിച്ചത്രേ പഞ്ചബോധാത്ഥദപ്പണം രചിച്ചിരിക്കുന്നത്. ഇവകൂടാതെ വിസ്തൃതമായ ഒരു സംസ്കൃതവ്യാകരണഗ്രന്ഥവും അദ്ദേഹത്തിന്റെ വകയായ് ഇപ്പോൾ കണ്ടുകിട്ടിയിരിക്കുന്നു.

ശങ്കരന്റെ പുത്രനാണ് നാരായണൻനമ്പൂരി. ഈ വസ്തുത അദ്ദേഹത്തിന്റെ സ്മാത്തപ്രായശ്ചിത്തവിമശിനിയിലുള്ള താഴെ കാണുന്ന പദ്യത്തിൽനിന്നു വിശദമാകുന്നു.

"വിശ്വാമിത്രജദേവരാതമുനിസംഭൃതോദലസ്യാന്വയേ
ഗ്രാമേ തത്ര മഹാവനേ മഹിഷപൂർവ്വേ മങ്ഗലാഖ്യേ ഗൃഹേ
ജാതശ്ശങ്കരനന്ദനോ ,ഗണിതവിന്നാരായണാഖ്യോ ദ്വിജഃ
പ്രായശ്ചിത്തവിമശിനീമരചയൽ സ്മാത്താപരാധേഷ്വിമാം."

ദേവരാതനും ഉദലനും പ്രവരഷികളായ വിശ്വാമിത്രഗോത്രത്തിൽ ജനിച്ചവനും പെരുവനം (മഹാവനേ) ഗ്രാമത്തിൽ മഹിഷമങ്ഗലത്തില്ലത്തിൽ ശങ്കരന്റെ പുത്രനും ജ്യോതിശ്ശാസ്ത്രജ്ഞനുമായ നാരായണൻനമ്പൂരിയാണ് സ്മാത്തപ്രായശ്ചിത്തവിമശിനി രചിച്ചത് എന്ന് ഈ പദ്യത്തിൽ വ്യക്തമായ് പ്രസ്താവിച്ചിരിക്കുന്നു. ഈ നാരായണനാണ്

Digitized By Kerala Sahitya Akademi

ഭാണത്തിന്റെയും ചമ്പുവിന്റെയും മററും നിർമ്മാതാവെന്നു മേൽ ഉപപാദിക്കുന്നതാകയാൽ അദ്ദേഹത്തിന്റെ ഇതരകൃതികൾ ഏതെല്ലാമെന്നു് ഇവിടെ പ്രസ്താവിക്കുന്നില്ല.

'ആശൌചദീപകം' എന്ന ഗ്രന്ഥമാണു് പരമേശ്വരൻനമ്പൂരിയുടെ കൃതി.

"ഇത്ഥം തൽ പരമേശ്വരേണ നിഖിലം ഹ്യാശൌചദീപാഖ്യകം
ശ്രീമന്മദ്ഗുരുമാധവാദികഗുരൂൻ നത്വാ വിലിഖ്യാധുനാ
ജാലാങ്ഗേധനസേവ്യനൽകലിദിനേഥാഭ്രൽ സമാപ്തം ക്രമാ-
ന്നാന്ദീതീരസമീപഗേന പുരുദാവഗ്രാമജേനാഞ്ജസാ."

എന്ന ആ ഗ്രന്ഥത്തിലെ പദ്യത്തിൽനിന്നു് ഈ വസ്തുത വെളിവാകും. അദ്ദേഹം (പുരുദാവം) പെരുവനം ഗ്രാമക്കാരനെന്നും നാന്ദീനദി (ഇതു പുതുക്കാടിനു സമീപത്തുക്കൂടി ഒഴുകുന്ന ഒരു പുഴയാണെന്നു പറയുന്നു) യുടെ സമീപത്തുള്ളവനെന്നും മാത്രമേ ഇതിൽനിന്നു് ഗ്രഹിക്കുവാൻ സാധിക്കുന്നുള്ളൂ; മററു വിവരമൊന്നും സ്പഷ്ടമായറിവാൻ മാർഗ്ഗം കാണുന്നില്ല.

ഇനി ശങ്കരൻനമ്പൂരിയുടെ കാലമേതെന്നു ചിന്തിക്കാം. വാഴമാവേലിയെ വന്ദിക്കുന്ന മാധവക്കണിയാർ അദ്ദേഹത്തിന്റെ പ്രശ്നസാരം ഭാഷ കൊല്ലവർഷം ൬൭൫-ാമാണ്ടിടയ്ക്കാണു് രചിച്ചതെന്നുള്ളതിനു ആ ഗ്രന്ഥത്തിലെ

"എഴുന്നൂറെറാരുപത്തെട്ടാമതുകൊല്ലമതായനാൾ
വരുന്ന വിഷുവൽഭാവതത്വം കല്യബ്ദമായത."

എന്ന പദ്യം പര്യാപ്തമായ സാക്ഷ്യം വഹിക്കുന്നു. ദൃഗ്ഗണിതതന്ത്രത്തിന്റെ ഉപജ്ഞാതാവായ് കരുതപ്പെടുന്ന വടശ്ശേരി പരമേശ്വരൻനമ്പൂരി ജീവിച്ചിരുന്നതു കൊല്ലവർഷം ൬൦൦ നു ഇടയ്ക്കാണു്. മുഹൂർത്തപദവിയുടെ പ്രണേതാവായ മാത്തൂർനമ്പൂരി പരമേശ്വരൻനമ്പൂരിയുടെ അനന്തരകാലീനനായിരുന്നു. അദ്ദേഹത്തിന്റെ ജീവിതകാലം കൊല്ലവർഷം ൬൪൦-നും ൭൦൦-നും ഇടയ്ക്കെന്നു് അഭിജ്ഞന്മാർ ഊഹിക്കുന്നു. ആ ഗ്രന്ഥത്തിന്റെ വ്യാഖ്യാനമാണല്ലോ ശങ്കരൻനമ്പൂരിയുടെ മുഹൂർത്തപദവീബാലശങ്കരം. ഭാഗ്യവശാൽ ശങ്കരൻതന്നെ തന്റെ മുഹൂർത്തപദവീവ്യാഖ്യയിലും കാലദീപകവ്യാഖ്യയിലും അവയുടെ നിർമ്മാണകാലത്തെപ്പററി അസന്ദിഗ്ദ്ധമായ് പ്രസ്താവിച്ചിട്ടുണ്ടു്. ഇവയിൽ ആദ്യത്തെ ഗ്രന്ഥത്തിൽ

Digitized By Kerala Sahitya Akademi

"ദേവോ പിനദ്ധഃകപടീഹരോസൌ പ്രഭാവനാസ്തിക്യദിനാരിയുക്തഃ
കോളംബകാലാദിഗണയ്യ സിംഹാന്മധ്യാധിമാസഃ പുനരേവമേവ.

കൊല്ലവൎഷം എഴുനൂററിരുപത്തൊൻപതാമാണ്ടു കൎക്കടകമാസത്തിൽ മധ്യാധിമാസം "ദേവോ പിനദ്ധഃകപടീഹരോസൌ" എന്നിവററെക്കൊണ്ടു ചൊല്ലിയതു്. "ദേവോ പിനദ്ധഃകപടീ" എന്നു് വിലിയാദിയായ് ആദിത്യമധ്യമം. എഴുനൂററിരുപത്തൊൻപതാമാണ്ടു ചിങ്ങഞായററിൽ തുടങ്ങീട്ടു പതിനൊന്നു മാസം കഴിഞ്ഞതെന്നു ചൊല്ലിയ പതിനൊന്നു രാശി കഴിഞ്ഞശേഷം കൊണ്ടു കൎക്കടകമാസത്തിലധിമാസമെന്നറിഞ്ഞുകൊൾക" എന്നു പറഞ്ഞിരിക്കുന്നു. രണ്ടാമത്തെ ഗ്രന്ഥത്തിൽ

"ഝടിത്യഭ്രദ്വാരജനസ്യ ഭൂതിഭാക്പ്രഭാവനാസ്തീകജനാരിസംയുതഃ
വിലിപ്തികാദ്യോയമിനസ്യ മധ്യമോ യദ്രാശിഗസ്തത്രഗതോധിമാസികഃ

..............നാലായിരത്തറുനൂററിനാല്പത്തൊന്നു കല്യബ്ദം തികഞ്ഞിട്ടു പിന്നെ മേടഞായർ. തുടങ്ങി എട്ടു തിങ്ങളും കഴിഞ്ഞിട്ടുള്ള ധനുഞായററിൽ അന്നത്തെ അധിമാസമെന്നു കല്പിക്കണം." എന്നും പറഞ്ഞുകാണുന്നു. കലിവൎഷം ൪൬൪൧-നു തുല്യമായ കൊല്ലവൎഷം ൭൫൭ ആണു്. ഇതിൽ നിന്നു ശങ്കരൻനമ്പൂരി അദ്ദേഹത്തിൻെറ മുഖ്യഗ്രന്ഥമായ കാലദീപകവ്യാഖ്യ കൊല്ലവൎഷം ൭൫൭ ഇടയ്ക്കും മുഹൂൎത്തപദവീവ്യാഖ്യ ൭൨൯ ഇടയ്ക്കും രചിച്ചു എന്നു് അനുമാനിക്കുന്നതിൽ അസാംഗത്യമില്ല. ശങ്കരൻനമ്പൂരിക്കു പെരുവനം മുതൽ ചെങ്ങന്നൂർ വരെയുള്ള പ്രദേശങ്ങളെപ്പററി നല്ല അറിവുണ്ടായിരുന്നു എന്നുള്ളതു് അവിടെയുള്ള ബ്രാഹ്മണരുടെ ആചാരക്രമങ്ങളെപ്പററി വ്യക്തമായും അതിനു് വടക്കും തെക്കുമുള്ളവയെപ്പററി ഉപരിപ്ലവമായും അദ്ദേഹം കാലദീപകവ്യാഖ്യയിൽ പ്രസ്താവിക്കുന്നതിൽനിന്നു് ഊഹിക്കാം. "പ്രജ ജീവനോട്ടക്രൂടിപ്പിറന്നേ ഗൎഭത്തിൽ പൂൎണ്ണത വരൂ. എന്നിട്ടു പ്രജ ജീവനോട്ടക്രൂടിപ്പിറന്നപ്പോളേക്കു് എല്ലാ ഗൎഭങ്ങൾക്കും സീമന്തം ചെയ്യുമാറത്രേ പെരുവനത്തു് ആചാരം". "ഇങ്ങനെയത്രേ പെരുവനത്തും മററും പലേടത്തുമാചാരം കാണുന്നു. ഇരിങ്ങാലക്കുടെ കടിഞ്ഞൂൽപിറന്ന പ്രജ ജീവനോട്ടക്രൂടാതെയത്രേ പിറന്നു എങ്കിൽ കടിഞ്ഞൂല്ക്കുതന്നെ സീമന്തം ചെയ്യുമാറുള്ളു." "ഇങ്ങനെ ത്രയോദശിനാളത്തെ പ്രദോഷത്തെ അംഗീകരിക്കുന്നേടത്തു രണ്ടുപക്ഷമുണ്ടു്. അതിലേതു കൊള്ളേണ്ടുവതെന്നു ദേശാചാരമറിഞ്ഞുകണ്ടുകൊൾക. ഇവിടെ പെരുവനത്തു പണ്ടെല്ലാം ഉദയത്തിനു കണ്ടാൽ അരപോകയെന്നുണ്ടല്ലോ രണ്ടാമതൊരുപക്ഷം ചൊല്ലി. അങ്ങനെയത്രേ ആചാരം എന്നു കരുങ്ക

Digitized By Kerala Sahitya Akademi

ളുങ്ങര ഉഴുത്രവാരിയരും നാറുനീർക്കുളങ്ങിര കീഴേടത്തു ഭട്ടതിരിയും പറഞ്ഞു കേട്ടിരിക്കുന്നു ഞാൻ. ഇന്നെല്ലാമിങ്ങനെയല്ല പാറയ്ക്കാട്ടു ചൊല്ലുന്നു". "മൂവാണ്ടു ഊണും മുൻപേ കാതു കുത്തുമാറില്ല പെരുവനത്തു". "ചെങ്ങന്നൂർദിക്കിൽ ചൊവ്വാഴ്ച കഷ്ടപക്ഷമായിട്ടുകൊണ്ടു കാൺമുണ്ടു; എന്നാൽ പെരുവനത്തു ചൊവ്വാഴ്ച ഒഴിച്ചുള്ള ആറാഴ്ചകളും (ചാമത്തിന്നു) കൊള്ളാം." ഇത്യാദി ഭാഗങ്ങൾ നോക്കുക. ജാലാങ്ഗേധനസേവ്യനൽകലിദിനേ' എന്ന ഭാഗത്തിൽനിന്നു പരമേശ്വരൻനമ്പൂരി ആശൌചദീപകരചന സമാപിപ്പിച്ചതു് കൊല്ലവഷം ൭൭൩ മകരമാസത്തിൽ ആണെന്നു സിദ്ധിക്കുന്നു. ആശൌചദീപകത്തിനു 'ചന്ദ്രിക' എന്നൊരു സംസ്കൃതവ്യാഖ്യാനവും അദ്ദേഹം രചിച്ചതായ് കാണുന്നു. ചുരുക്കത്തിൽ പറയുകയാണെങ്കിൽ ശങ്കരൻനമ്പൂരിയുടെ കാലം കൊല്ലവഷം ൬൨൦ മുതൽ ൭൦൦ വരെയെന്നും അദ്ദേഹത്തിന്റെ പുത്രൻ നാരായണൻനമ്പൂരിയുടെ കാലം കൊല്ലവഷം ൭൦൦ മുതൽ ൭൭൦ വരെയെന്നും പരമേശ്വരൻനമ്പൂരി മഴമങ്ഗലത്തില്ലത്തിൽപ്പെട്ടയാളാണെങ്കിൽ അദ്ദേഹം നാരായണൻനമ്പൂരിയുടെ കനിഷ്ഠസഹോദരനായിരിക്കണമെന്നും അദ്ദേഹത്തിന്റെ കാലവും ഏകദേശം ജ്യേഷ്ഠന്റേതിനോടടുപ്പിച്ചു തന്നെയായ് വരണമെന്നും ആകെക്കൂടി സ്ഥൂലമായ് ഒന്നനുമാനിക്കാവുന്നതാണ്. ഈ അനുമാനം ശരിയോ എന്ന് ഇനി ദേശചരിത്രദ്വാരാ പരിശോധിക്കാം.

അതിനുമുൻപുതന്നെ എനിക്കൊന്നു പറവാനുള്ളതു് ശങ്കരൻനമ്പൂരി ഒരതിമാനുഷനായ ജ്യോതിഷികനും വൈയാകരണനും ആയിരുന്നു എങ്കിലും സാഹിത്യരസികത്വവും കവിത്വവും അദ്ദേഹത്തിന്ന് അതിനൊപ്പംതന്നെയുണ്ടായിരുന്നുവോ എന്നുള്ള അംശം സംശയാസ്പദമാണെന്നുള്ളതാകുന്നു. മഴമങ്ഗലത്തെപ്പററി പല ഐതിഹ്യങ്ങളും നാം കേട്ടിട്ടുണ്ടു്. മഴമങ്ഗലം ഓത്തില്ലാത്ത നമ്പൂരിയായിരുന്നു എന്നും ഒരിക്കൽ ഒരു യാഗശാലയിൽ യാഗം കാണ്മാൻ കടന്നുചെന്നപ്പോൾ നമ്പൂരിമാർ അദ്ദേഹത്തെ ബഹിഷ്കരിച്ചു എന്നും ബാല്യത്തിൽ ധൂത്തനായ് നടന്നിരുന്ന അദ്ദേഹം ആ സംഭവത്തിനു ശേഷം ചോളദേശത്തു പോയ് ഇരുപത്തിനാലു സംവത്സരം താമസിച്ചു മൂന്നു വേദങ്ങളിലും സകലശാസ്ത്രങ്ങളിലും നിഷ്ണാതനായ് തിരിയെ വന്നു എന്നും പിന്നീടു് ഒരു യാഗശാലയിൽ ചെന്ന് തന്റെ പൂർവമീമാംസാപാണ്ഡിത്യം വെളിപ്പെടുത്തിയെന്നും തദനന്തരം അദ്ദേഹത്തെ കൂടാതെ കേരളത്തിൽ യാഗം കഴിക്കുവാൻ പാടില്ലെന്നു് വൈദികന്മാർ നിശ്ചയിച്ചു എന്നും ഇപ്പോഴും എവിടെയെങ്കിലും യാഗ



Digitized By Kerala Sahitya Akademi

മോ അഗ്ന്യാധാനമോ ഉണ്ടെങ്കിൽ മാന്യസ്ഥാനത്തു് ഒന്നാമതായ് മഴമങ്ഗലത്തിനെന്നു സങ്കല്പിച്ചു മഴമങ്ഗലപീഠമെന്നു പറയുന്ന ഒരു പലക വെയ്ക്കുന്ന പതിവുണ്ടെന്നുമുള്ളതാണു് ആ ഐതിഹ്യങ്ങളിൽ ഒന്നു്. മറെറാരൈതിഹ്യം ചിററൂർ നമ്പൂരിയേയും കൊച്ചിമഹാരാജാവിനേയും മഴമങ്ഗലത്തേയും തമ്മിൽ ഘടിപ്പിക്കുന്നതാകുന്നു. ചിററൂർ നമ്പൂരി ഒരു വലിയ തപസ്വിയായിരുന്നു. അദ്ദേഹത്തിൻെറ അന്തർജ്ജനം ഒരിക്കൽ രാത്രിസമയത്തു് കളപ്പുരയിൽ ജപിച്ചുകൊണ്ടിരുന്ന തൻെറ ഭത്താവിനേയും സമീപത്തിൽ സാലങ്കാരയായ ഒരു കിരാതസുന്ദരിയേയും കണ്ടു് അദ്ദേഹത്തിനു നീചസ്ത്രീസംസർഗ്ഗമുണ്ടെന്നു് ഒരു ദുഷ്പ്രവാദം പറഞ്ഞുപരത്തുകയും കൊച്ചിമഹാരാജാവു് തത്വനിർണ്ണയത്തിനായ് അദ്ദേഹം അഗ്നിപ്രവേശം ചെയ്യണമെന്നു വിധിക്കുകയുംചെയ്തു. ആ സമയത്തിൽ രാമേശ്വരത്തേക്കു പോയിരുന്ന മഴമങ്ഗലം ഓടിവന്നു് ചിററൂർ നമ്പൂരിയെ ആ പ്രവൃത്തിയിൽനിന്നു വിരമിപ്പിച്ചു് മഹാരാജാവിനോടു തന്നെത്തൊട്ടുകൊണ്ടു നമ്പൂരിയെ നോക്കാൻ പറകയും അപ്പോൾ മഹാരാജാവു സപരിവാരയായ 'ത്വരിതാ'ദേവിയെ കാണുകയും രണ്ടു നമ്പൂരിമാരുടേയും ദിവ്യത്വം മനസ്സിലാക്കി തൻെറ അപരാധത്തിനു മാപ്പു ചോദിക്കുകയും ചെയ്തു അത്രേ. ഇതാണു് ആ ഐതിഹ്യം. മൂന്നാമതൊരൈതിഹ്യം മഴമങ്ഗലം സൌന്ദര്യലഹരി ചൊല്ലി പെരുവനത്തു് ആൽത്തറയിലിരുന്നു മുറുക്കിത്തുപ്പിയതു് ഊരകത്തമ്മതിരുവടിയുടെ തിരുവുടയാടയിൽ കാണപ്പെട്ടു എന്നുള്ളതാണു്. ഒരിക്കൽ ചെങ്ങന്നൂർ ഇടമനപ്പണ്ടാരത്തിലെ മഠത്തിൽ ഒരു ചോറൂണടിയന്തിരമുണ്ടായിരുന്നു. മഴമങ്ഗലം പെരുവനത്തുനിന്നു വാഴമാവേലിയെ കാണ്മാൻ ചെന്നപ്പോൾ അദ്ദേഹം ഇടമനമഠത്തിൽ ആ അന്നപ്രാശനം സംബന്ധിച്ചു ബദ്ധപ്പെട്ടുകൊണ്ടിരിക്കയായിരുന്നു എന്നറിഞ്ഞു. ചില ചോററിമാർ അങ്ങോട്ടു ക്ഷണിച്ചപ്പോൾ അന്നു് അന്നപ്രാശനമുണ്ടാവില്ലെന്നു മഴമങ്ഗലം തട്ടിമൂളിക്കുകയും വാസ്തവത്തിൽ മുഹൂത്തമടുത്തപ്പോൾ കളിപ്പിച്ചുകൊണ്ടുവന്ന കുട്ടി കൈതെററി നടുമുററത്തിലുള്ള കൽത്തളത്തിൽ വീണു തൽക്ഷണംതന്നെ സിദ്ധി കൂടുകയാൽ അടിയന്തിരം മുടങ്ങുകയുംചെയ്തു. അനന്തരം വാഴമാവേലി മഴമങ്ഗലത്തെ വിളിച്ചു് ഇടമനമഠത്തിൽ കൊണ്ടുപോകുകയും വ്യസനിച്ചുകൊണ്ടിരുന്ന പണ്ടാരത്തിലെക്കു മഴമങ്ഗലം അടുത്ത കൊല്ലത്തിൽ അദ്ദേഹത്തിനു് ഒരു ഉണ്ണി ഉണ്ടാകുമെന്നു പറഞ്ഞു സമാധാനപ്പെടുത്തുകയും ആ ഉണ്ണിയുടെ ജാതകം അപ്പോൾതന്നെ ഗണിച്ചെഴുതിക്കൊടുക്കുകയും ഭാവി അതനുസരിച്ചു തന്നെ കാണപ്പെടുക

Digitized By Kerala Sahitya Akademi

യുംചെയ്തു. ഇതാണ് നാലാമത്തെ ഐതിഹ്യം. ഇനിയും മങ്ഗല മെന്ന ഇല്ലപ്പേരിനെ മുഴാമങ്ഗലവും മുഴമങ്ഗലവുമാക്കിയും അതിൽ നിന്നു മഴമങ്ഗലത്തെ അവതരിപ്പിച്ചും മററും വേറെയും പല ഐതി ഹ്യങ്ങൾ കേരളത്തിൽ പ്രചരിക്കുന്നുണ്ട്. അവയേയെല്ലാം ശങ്കരൻന മ്പൂരിയുമായാണ് കഥാകോവിദന്മാരായ ഗ്രാമവൃദ്ധന്മാർ സംബന്ധിപ്പി ക്കാറുള്ളതു്. 'മഹിഷമങ്ഗലം' എന്ന ഇല്ലപ്പേർ പ്രകടമായ് സ്മാർത്ത പ്രായശ്ചിത്തവിമർശിനിയിൽ കാണുന്ന സ്ഥിതിക്കു മങ്ഗലമോ മുഴമ ങ്ഗലമോ മുഴാമങ്ഗലമോ ആണ് മഴമങ്ഗലമായതെന്നൂഹിക്കുവാൻ ന്യായമില്ല. ശങ്കരൻനമ്പൂരിയുടെ ജ്യോതിശ്ശാസ്ത്രജ്ഞാനത്തിൻെറ അ പരിമേയതയുടെ സ്ഥിതിക്ക് ഇടമനമഠം സംബന്ധിച്ചുള്ള ഐതിഹ്യം അടിസ്ഥാനമില്ലാത്തതെന്നു വാദിക്കാവുന്നതല്ല. അദ്ദേഹമോ മകൻ നാ രായണൻനമ്പൂരിയോ യജ്ഞകർമ്മകുശലൻ എന്നു നിശ്ചയമില്ല. വിമ ർശിനീകാരനായ മകനാണ് ആ പദവി ഒന്നുകൂടി യോജിക്കുന്നതു്. അ ച്ഛനും മകനും ദേവ്യുപാസകന്മാരായിരുന്നിരിക്കാം. ശങ്കരൻനമ്പൂരിയു ടെ ഇതുവരെ അറിയപ്പെട്ടിടത്തോളമുള്ള ഗ്രന്ഥങ്ങൾ സാഹിത്യവിഷയ ത്തിൽ നമ്മുടെ ശ്ലാഘയെ അത്ര അധികമൊന്നും ആകർഷിക്കുന്നില്ല. 'കെങ്കതിങ്കളൊട്ട്' ഇത്യാദി ശുഷ്കഭാഷാപദ്യംകൊണ്ടു മങ്ഗലാചരണം ചെയ്യുന്ന ഒരു കവിയാണ് 'അമ്പത്തൊന്നക്ഷരാളീ' 'പാലംഭോരാശിമ ധ്യേ' ഇത്യാദി രസികരസായനങ്ങളായ വന്ദനശ്ലോകങ്ങൾ നിർമ്മിച്ചതു് എന്നു സങ്കല്പിക്കുവാൻ തോന്നുന്നില്ല. അഥവാ ശാസ്ത്രഗ്രന്ഥങ്ങളിലെ പദ്യങ്ങളിൽ ഒരു ശൈലിയും സാഹിത്യഗ്രന്ഥങ്ങളിലെ പദ്യങ്ങളിൽ മ റെറാരു ശൈലിയും ശങ്കരൻനമ്പൂരി സ്വീകരിച്ചു എന്നൂഹിക്കണം; അതു് അത്ര സ്വാഭാവികമായ ഒരൂഹമായിരിക്കുകയുമില്ല. എൻെറ ഈ പ ക്ഷത്തിൻെറ സ്ഥാപനത്തിന് ഉപോൽബലകങ്ങളായുള്ള ചില സംഗ തികൾ മേലും പ്രസ്താവിക്കുന്നതാണ്.

ഭാണത്തിൽ 'രാജരാജ'നെന്ന ഒരു കൊച്ചി മഹാരാജാവിനേയും രാജരത്നാവലീയം ഭാഷാചംപുവിൽ രാമവർമ്മാവെന്ന മറെറാരു കൊച്ചി മഹാരാജാവിനേയും ഗോദവർമ്മാവെന്ന അവിടുത്തെ അനുജനേയും പററി പ്രസ്താവിക്കുന്നുണ്ടല്ലോ. രാജരത്നാവലീയം നൈഷധചംപൂകർത്താവി ൻെറ കൃതിയെന്നു ഞാൻ നിർണ്ണയിക്കുന്നതിനാൽ ഈ രാജാക്കന്മാർ ഏതു കാലത്തു ജീവിച്ചിരുന്നു എന്നു തീർച്ചപ്പെടുത്തിയാൽ അതുവഴി കവിയുടെ കാലവും വെളിവാകും. ക്രി. പി. ൧൫൩൭-ൽ (കൊല്ലവർഷം ൭൧൨-ൽ) കൊച്ചിയിൽ ഒരു രാമവർമ്മമഹാരാജാവു ൩൭ വർഷം രാജ്യഭാരം ചെയ്തു

Digitized By Kerala Sahitya Akademi

തിനുമേൽ തീപ്പെട്ടതായും ൧൭൩൧ മുതൽ ൧൭൯൧ വരെ വീരകേരള വമ്മതമ്പുരാൻ നാടുവാണതായും അദ്ദേഹത്തിന്റെ അനന്തരഗാമിയായ ഗോദവമ്മാവിന്റെയും പിന്നീടുള്ള വാഴ്ചക്കാരുടേയും ചരിത്രം നിശ്ചയമില്ലാത്തതായും ൧൬൨൭ മുതൽ ൧൬൩൭ വരെ മറെറാരു വീരകേരളവമ്മ തമ്പുരാൻ രാജ്യം ഭരിച്ചതായും കൊച്ചി സ്റ്റേററുമാന്വലിൽ പ്രസ്താവിച്ചു കാണുന്നു. ശ്രീമാൻ കെ. പി. പത്മനാഭമേനോൻ അദ്ദേഹത്തിന്റെ കൊച്ചിരാജ്യചരിത്രത്തിൽ രാമവമ്മാവിന്റേയും വീരകേരളവമ്മാവിന്റേയും കാലഗണനവിഷയത്തിൽ സ്റ്റേററുമാന്വലിനോടു യോജിക്കുകയും, വീരകേരളവമ്മാവിനെത്തുടന്നു രാജ്യഭാരം ചെയ്തതു രാമവമ്മ ഉണ്ണിഗ്ഗോദവമ്മാവാണെന്നും അദ്ദേഹം കൊല്ലവഷം ൭൯൦ (ക്രി. പി. ൧൬൧൫) മകരം ൧൫-ാംനു- രണ്ടു ചെറിയ തമ്പുരാക്കന്മാരോടുകൂടി കൊച്ചിയിലെ യുദ്ധത്തിൽ തീപ്പെട്ടുവെന്നും, ആ മകരം ൨൯-ാംനു-തന്നെ അടുത്ത വലിയ തമ്പുരാനും യുദ്ധത്തിൽ വെട്ടിത്തീപ്പെട്ടു എന്നും, അദ്ദേഹത്തിന്റെ അനന്തരഗാമിയുടെ പേർ അറിവില്ലെന്നും അദ്ദേഹത്തെ കാശിയിലേക്കെഴുന്നള്ളിയ തമ്പുരാൻ എന്നാണ് സാധാരണമായി പറഞ്ഞുവരുന്നതെന്നും, ആ തമ്പുരാൻ കൊല്ലവഷം ൮൦൧ (ക്രി. പി. ൧൬൨൬) മേടം ൨൬-ാംനു- തീപ്പെട്ടു എന്നും, അവിടത്തെ പിൻവാഴ്ചക്കാരനായ വീരകേരളവമ്മതമ്പുരാൻ കൊല്ലവഷം ൮൦൨ (ക്രി. പി. ൧൬൨൭) മീനമാസത്തിൽ യശശ്ശരീരനായി എന്നും, തന്റെ നിരതിശയമായ സൂക്ഷ്മദൃഷ്ടിയോടുകൂടി രേഖപ്പെടുത്തുകയും ചെയ്യുന്നു. ചെല്ലൂർനാഥോദയം, നാരായണീയം, തെങ്കൈലനാഥോദയം ഈ ഭാഷാചമ്പൂക്കളുടെ പ്രണേതാവായ നീലകണ്ഠൻനമ്പൂരി അദ്ദേഹത്തിന്റെ തെങ്കൈലനാഥോദയത്തിന്റെ ഉപോൽഘാതത്തെ താഴെ കാണുന്ന വിസ്തൃതമായ ചരിത്രപ്രസ്താവന കൊണ്ട് അലങ്കരിക്കുന്നു.

"കല്യാണശ്രീ തഴയ്ക്കും ഭുജബലദമിതപ്രൌഢവൈരാകരാണാ-
മുല്ലോലഭ്രൂനടീനാടിതധരണിപരിത്രാണനൃത്താന്തരാണാം
ചൊല്ലേറും കീർത്തിപാളീകബളിതജഗതാംകൊച്ചിയെന്നുണ്ടു ഭൂമൌ
വെല്ലുന്നു കാപി മേളം പെരിയ കുലപുരീ മാടധാത്രീപതീനാം.

അസ്തി ഖലു സമസ്തഭുവനവിസ്താരനിസ്തുലപ്രശസ്തിമഹിമാസ്പദേ, ഭൂതകലാകല്പകല്പിതേ, കേരളക്ഷോണിഭാഗേ, നിരന്തരോദിതപരകീർത്തിമൌക്തികച്ഛടാവിതാനിതനിഖിലജഗദണ്ഡമണ്ഡലാനാം, പ്രചണ്ഡഭുജശൌണ്ഡീര്യ്യവർജ്ജിതകർണകിരീടികാകൽസ്ഥകാർത്തവീര്യ്യാദിവീരപുരുഷഗർവ്വസർവ്വസ്വാനാം, നിരതിശയജാജ്വല്യമാനപ്രതാപപാവകജ്വാലാളിരവ

Digitized By Kerala Sahitya Akademi

ലീഢരിപുബലശലഭാനാം, വിപുലപ്രഥനവിതന്യമാനവരദാനസമ്പാദിതവരസുഖലാഭസംഫുല്ലമനസ്കാരസുമനസ്സ്രൈണനിത്യോദീയ്യമാണഫ്ലാശീവ്വിശേഷാണാം, മനുകുലമണിപ്രദീപാനാം, മാടധാത്രീഭൃതാം, വിശ്വവിസ്മാപകാഭോഗാ കൊച്ചീതി നാമ കുലരാജധാനീ.

സുരാലയസ്യോജ്ജയനീ വിഭൂത്യാ പരൈരയോധ്യാ മധുരാ വിശാലാ
വിരാജതേ ഭോഗവതീ സ്വയം യാ കൃതേവ സംഭ്രയ മഹാപുരീഭിഃ.

മനുകുലമണിദീപൌ തത്ര പുയ്യാമഭൂതാം
മഹിതഗുണനിധാനൌ രാമവമ്മാഭിധാനൌ
പ്രതിഭടമദകുംഭിപ്രൌഢസംഹാരസിംഹൌ
സലിലനിധിഗഭീരൌ ദ്വൌ മഹീപാലവീരൌ.

തദനു വിപുലവൈദുഷീനിധാനം മനുജവരോജനി തത്ര ഗോദവമ്മാ
അഗണിതഗുണശേവധിശ്ച മധ്യേ രവിസദൃശോ രവിവമ്മനാമധേയഃ.

ആവിർബഭൂവ തദനന്തരമാവിഭഗ്ന-
ഭ്രൂവല്ലിവിഭ്രമവശംവദവിശ്വലോകഃ
സാവിത്രവംശതിലകസ്ത്രിദശേന്ദ്രധാമാ
ശ്രീവീരകേരള ഇതി ക്ഷിതിപാലചന്ദ്രഃ.

തതസ്സരോജാരിചൂഡാഭരണചരണകമലപരിചരണനിസ്തുഷസംസ്കാരമനസ്കാരസമുദിതാരബോധസാരനിർദ്ധാരിതനിഖിലകൃത്യാകൃത്യവിശേഷഃ, ചതുരുദധിമേഖലാദാമബന്ധുരാം വസുന്ധരാം വിക്രമോച്ചണ്ഡേന ഭുജദണ്ഡേന ബിഭ്രാണഃ, ജഗദ്ഭ്രമണഹേതിമഹേളാരബ്ധവൈരിവീരകണ്ഠഗ്രഹസമയസമുദിതാരയശോരൂപാദ്ഭുതകമാരവിക്രമാക്രാന്തചതുർദ്ദശഭുവനാന്തരാളഃ, ശക്തിത്രയീസമുദ്ധേന, പുണ്യഷാഡ്ഗുണ്യചതുരുപായചതുരേണ, രാജ്ഞാമുത്തംസായമാനേന, ബലവദാജ്ഞാബലേനൈവ സപ്താങ്ഗരാജ്യം യഥാവിധി പരിപാലയൻ, പുരുഹൂത ഇവാമരാവതീം പുരാണനഗരീം താം ചിരായ സുഖമധ്യുവാസ.

തൽകാലേ ചതുരന്തഭൂമിവലയപ്രാകാശ്യഹേതോന്തൃണാ-
മദ്രികൈതെസ്സുകൃതൈസ്സരോരുഹഭുവാ സങ്കല്പിതസ്സാദരം
പ്രൌഢശ്രീരുദിയായ പുണ്യദിവസേ കശ്ചിൽ കുമാരാത്മനാ
മാടക്ഷ്മാപതിവംശഹർമ്മ്യശിഖരേ മാണിക്യദീപാങ്കുരഃ.

Digitized By Kerala Sahitya Akademi

കാന്തിം കാഞ്ചന മൂൎത്തിധാരിമദനപ്രഖ്യാം പ്രവീരശ്രിയം
പ്രേന്ധാനാമപി ചിത്തവൃത്തിമതിഗംഭീരപ്രിയംഭാവുകാം
ക്ഷാന്തിം നിസ്തുഷവൈദുഷീഞ്ച നിതരാം ബിഭ്രന്നരേന്ദ്രാർക-
സ്സാന്ദ്രാവിഷ്കൃതദിവ്യലക്ഷണപരീതാത്മാഭ്യുവാതസീദസൌ.

സാമ്രാജ്യാധികൃതോ വയസ്യഭിനവേ ശ്രീരാമവൎമ്മാഭിധോ
രാജേന്ദ്രസ്സഹ ഗോദവൎമ്മസഹജേനാക്രമ്യ വൎഗ്ഗം ദ്വിഷാം
കൃത്വാ ദാനവരം തുല്യാദ്യപുരുഷം വാരാണസീസന്നിധൌ
സമ്പ്രാപ്തശ്ശിവലോകമനുഗന്തജോപ്യാഗമ്യ രാമേശ്വരാൽ.

അനന്തരമനന്തരായരമണീയനാനാഗുണ-
പ്രഭാവജിതരാഘവോ വിഹിതലാഘവോ വൈരിണാം
ശശാസ വിധിവന്മഹീം ഗുണമഹീയസീം പൂരയൻ
യശോ ജഗതി വീരകേരള ഇതി പ്രതീതോ നൃപഃ.

നീത്വാ ദ്വീപാന്തരേഭ്യഃ പ്രവഹണപുരുഷൈരാഹൃതൈസ്തപ്പയന്നേ-
വാത്ഥൈരുത്സായ്യ ദൂരം ക്ഷിതിസുരവരദൌൎഗ്ഗത്യമുഗ്രാപിശാചീം
യോദ്ധും നവ്യാധികാരാരരിഭിരധികനിവ്വൃഢസവാഭിസാരൈ-
സ്സാർദ്ധം സവത്ര യുദ്ധോത്സവമഹഹ ചിരാദന്വഭൂദുന്നതാത്മാ.

സോയം നിശ്ശേഷവിദ്യാനിപുണമതിരുപാലിംഗിതോ വീരലക്ഷ്മ്യാ
മായംക്രൂടാതമാനാംബുധി വിബുധഭടൈസ്ത്യൂലബാധാഭിയോഗൈഃ
ആവിവൈരം പടയ്ക്കായ് വൃഷപുരിയിലെഴുന്നള്ളുമക്കാലമുച്ചൈ-
രാബദ്ധാഡംബരംമേന്മയൊടൊരു ശിവരാത്ര്യുത്സവം പ്രാദുരാസീൽ.

വീരാംണാമണി വീരകേരളനൃപൻ ദിവ്യോത്സവേ ചെന്നസൌ
നേരേ ശ്ശൂരഭടാവലീകളകളവ്യാലോളിതാശാന്തരം
ഗൌരീനേത്രചകോരപാവ്വണശരച്ചന്ദ്രം പ്രണമ്യ പ്രഭും
വാരാളും വൃഷഭാലയേ സഹൃദയൈരുകാച്ചേന്നിരുന്നീടിനാൻ.

വാർമെത്തീടുന്ന വിദ്വജ്ജനനിഗദിതകൈലാസനാഥപ്രഭാവ-
ശ്രീമാഹാത്മ്യങ്ങൾ കേട്ടും പ്രകടിതരുചി കണ്ടും പ്രസന്നാന്തരാത്മാ
ധീമാനല്പസ്മിതം ചെയ്തഖിലസദസി ചെല്ലൂരപൂൎണ്ണത്രയീശ-
ശ്രീമൽകാരുണ്യപാത്രം കവിമഴകിനൊടാദിഷ്ടവാൻ പ്രൌഢവാചാ.

Digitized By Kerala Sahitya Akademi

വിദ്യാവല്ലഭ, നീലകണ്ഠ, സുകവേ, ചെല്ലൂരനാഥോദയം
ചിത്രം പണ്ടു കൃതം പുനശ്ച രചിതം നാരായണീയം ത്വയാ
അദ്യൈവാരഭതാം ഗിരാ മമ ഭവാൻ തെക്കെലനാഥോദയ-
പ്രത്യഗ്രാഖ്യകലന്ന ബന്ധുരഗുണം ബന്ധം പ്രബന്ധോത്തമം.

ഇത്ഥം നിയുക്തഃ കരുഭൂമിഭർത്രാ ഭദ്രാചലക്ഷേത്രമഹത്വമാന്യം
ഹൃദ്യം കളോദാരമണിപ്രവാളൈശ്ചിത്രസ്ഫുടാർത്ഥം വിദധേ പ്ര-
ബന്ധം.''

മേലുദ്ധരിച്ച പദ്യഗദ്യങ്ങളിൽനിന്നു നീലകണ്ഠകവി രണ്ടു രാമവമ്മമഹാരാജാക്കന്മാരെപ്പററി പ്രസ്താവിക്കുന്നു എന്നു കാണാം. അതിൽ രണ്ടാമത്തെ രാമവമ്മാവു് കൊല്ലവർഷം ൬൨൨ വരെയാണു് രാജ്യഭാരം ചെയ്തതു്. അനന്തരം വിദ്വാനായ ഒരു ഗോദവമ്മാവും ഗുണവാനായ ഒരു രവിവമ്മാവും നാടുവാണിരിക്കണം; പക്ഷെ അവർ അത്ര പ്രസിദ്ധന്മാരല്ലാതിരുന്നതിനാൽ തൃപ്പൂണിത്തുറ ഗ്രന്ഥവരിയിലും മററും അവരുടെ പേരുകൾ ഉൾപ്പെട്ടുത്തിക്കാണുന്നില്ല. അതുകഴിഞ്ഞു് കൊല്ലവഷം ൬൭൦ വരെയാണു് പ്രശസ്തനായ വീരകേരളവമ്മാവിൻെറ വാഴ്ച. പിന്നീടു നാടുവാണ ഗോദവമ്മാവിനേയും മററൊരു രാജാവിനേയും നീലകണ്ഠ കവി സ്മരിക്കുന്നില്ല. അതു് അവർ തീരെ അപ്രസിദ്ധന്മാരാകയാലായിരിക്കണമെന്നു ഞാൻ ഉദ്ദേശിക്കുന്നു. ഏതായാലും കൊല്ലവർഷം ൬൭൦-ൽ രാജ്യഭാരം കൈയേററ രാമവമ്മാവു് മഹനീയനായ ഒരു രാജാവായിരുന്നു എന്നും, അദ്ദേഹം ക്ഷമയ്ക്കും വൈദുഷ്യത്തിനും കീർത്തിപ്പെട്ടിരുന്നു എന്നും, അദ്ദേഹത്തിൻെറ അനുജനായ് ഗോദവമ്മാവു് എന്നൊരു രാജാവുണ്ടായിരുന്നു എന്നും, രാമവമ്മാവു തുലാപുരുഷദാനം കഴിച്ചു എന്നും കാശിയിൽ വച്ചു തീപ്പെട്ടു എന്നും, ഗോദവമ്മാവും രാമേശ്വരത്തുനിന്നു് തിരിയെ വന്ന ഉടൻ യശശ്ശരീരനായി എന്നും നീലകണ്ഠകവി നമ്മെ വ്യക്തമായ് ധരിപ്പിക്കുന്നു. രാമവമ്മാവിൻെറ ക്ഷമാശീലത്തെപ്പററി പിന്നീടു പ്രസ്താവിക്കാം. കൊല്ലവർഷം ൬൭൭ കന്നി ൨൦-നു അവിടുന്നു തുലാഭാരം നടത്തിയതായ് തൃപ്പൂണിത്തുറ ഗ്രന്ഥവരിയിൽ കാണുന്നു. രാജരത്നാവലീയം ഭാഷാചമ്പുവിലെ നായകൻ ഈ മഹാരാജാവാണു്. അവിടുത്തെപ്പററി രാജരത്നാവലീയത്തിലും തെക്കെലനാഥോദയത്തിലും കാണുന്ന വന്ദനം ഏകദേശം ഒന്നുപോലെതന്നെയാണു്.

''ധീരാത്മാ തദനന്തരം മനുകലാലങ്കാരമാണിക്യമായ്
വീരശ്രീകുചകുംഭഗാഢപരിരംഭാസ്വാദകൌതൂഹലീ

Digitized By Kerala Sahitya Akademi

പാരീരേഴിൽ നിറഞ്ഞ കീൎത്തിമഹിമാ ഭ്രമണ്ഡലം പാലയൻ
വീരാണാം മണി വീരകേരളമഹീപാലശ്ചകാശേതരാം.

മേലേ മേലേ മികും വിക്രമവിപുലതയാ വൈരിയെന്നുള്ള ശബ്ദം
പോലും നിൎമ്മൂല്യ, കൎമ്മസ്ഥിതിയുമവികലം ചെയ്തു സൽകീൎത്തിശാലീ
ഭൂലീലാഭങ്ഗികൊണ്ടേ പുതുമയൊടയമേകാതപത്രാം തുലോംനാറു
നാലാഴിക്കെട്ടുചൂഴും ധരണിയെ മുഴവൻ വാണുകൊണ്ടങ്ങിരുന്നു.

അക്കാലം ദേഹഭാജാം മിഴികളിലമൃതസ്യന്ദവും കോരിയൂത്തു-
ത്തഗ്രേ നിൎദ്ധൂയ വൈരാകരതിമിരകുലം പൂൎണ്ണയോഗാഞ്ചിതാത്മാ
ഭിക്കെപ്പേരും വെളുപ്പിച്ചഭിനവമഹസാ മാടഭ്രപാനായാഖ്യേ
മുഖ്യേ പൂൎവ്വാദ്രിമൌലൌ തെളിവിലൊരു കുമാരേന്ദുപോന്നാവി-
രാസീൽ.

x x x x x

ക്ഷോണീമങ്ഗല്യഭൂഷാമണി തദനു സഖേ! കൌതുകംപൂണ്ടു ദാന-
ശ്രേണീമാപൂൎയ്യാവിശേഷാത്തരമഹിമതകം ജന്മമോത്തും വിശേഷാൽ
നാനാലോകാഭിരാമം തിരുവുടൽമധുരം കണ്ടുമയ്യാ കുമാര-
ന്നാനന്ദീ രാമനെന്നത്ഭുതഗുണമഹിതം നാമധേയം വ്യതാനീൽ.

x x x x x

ഓരോരോ ശസ്ത്രശാസ്ത്രപ്രഥനവുമപദാനങ്ങളും മാനവായ്പും
വീരശ്രീയും പ്രഭാവപ്പെരുമയുമധികാനന്ദവും ദേഹഭാജാം
ആരോമല്ക്കീൎത്തിയും വിണ്ടലനരപതികൾക്കിണ്ടലും പാട്ടപാടേ
വാരംവാരം തദാനീം പുതുമയൊടു കുമാരേണ സാകം വളൎന്നു.

സാമൎത്ഥ്യോദയമാൎന്ന നാളിലതിവേലം വേദശാസ്ത്രാന്തര-
ശ്രീമല്ലക്ഷണകാവ്യനാടകകലാവിജ്ഞാനപാരീണധീഃ
ഓമൽപ്പൂമകൾതൻ വിലോചനകലാമാലാമണിഞ്ഞൂഴിതൻ
ക്ഷേമത്തിന്നുദയൽപ്രഭാവമഹിമാ ശ്രീരാമവൎമ്മാ ബഭൌ.

x x x x x x

വിശേഷാത്തരാൻ വിജയവിക്രമകീൎത്തിവിദ്യാ-
വിജ്ഞാനരീതിവിഭവാനിതരൈൎദ്ദുരാപാൻ
ഉച്ചൈരുദീക്ഷ്യ ഭുവി കേവലമൎത്ത്യനല്ലെ-
ന്നാച്ചോ വിശങ്ക പുനരങ്കുരിതാ ജനാനാം,

Digitized By Kerala Sahitya Akademi

അക്കാലം പരിപാല്യ സാധു വസുധാചക്രം ത്തുലോംനാഠം മണം
തിക്കീടും വഴി വീരകേരളനൃപാലേ നാകലോകം ഗതേ
അക്ഷീണോദയമാനവിക്രമനിധേഃ ശ്രീരാമവർമ്മന്ന തേ
വിഖ്യാതാസ്സചിവോത്തമാ വിദധിരേ രാജ്യാഭിഷേകം മുദാ.

കൃതാഭിഷേകസ്സതു രാമവർമ്മാ ക്ഷിതിം ചതുസ്സാഗരരത്നകാഞ്ചീം
യഥാവദാവിഷ്കൃതധർമ്മഭ്രമാ തതോശിഷദാസവതുല്യധാമാ."

ഇത്യാദി രാജരത്നാവലീയപദ്യങ്ങഠം നോക്കുക.

"ഇക്ഷോണീം കാത്തു കൊച്ചീനഗരിയിലനജന്മാദ്ഭതോ വാണിരുന്നു."

എന്നും

"അത്യന്താശ്ചര്യ്യദോശ്ചണ്ഡിമജലനിധി തസ്യാനുജന്മാ നരേന്ദ്രൻ
പ്രത്യർത്ഥിസ്ത്രൈണനേത്രങ്ങളിലവിരതമുൽപാദയൻ ബാഷ്പധാരാം
ശക്ത്യാ ജാഗർത്തി തൈസ്ഥൈരതുലഗുണഗണൈരഗ്രജസ്യാനുകാരീ
മുഗ്ദ്ധശ്രീരാമചന്ദ്രന്നരപെരുകിന സൌമിത്രി പണ്ടെന്നപോലെ."

എന്നും "മനകലമനോജ്ഞേ ത്നദീപേ സകലവിദ്യാവിലാസരത്നാകരേ ഗോദവർമ്മനാമപ്രസിദ്ധേ നിജസഹോദരേ" എന്നുമുള്ള ഭാഗങ്ങളിൽ നിന്ന് രാമവർമ്മാവിന്ന ശസ്ത്രശാസ്ത്രനിപുണനായ് ഒരനുജനുണ്ടായിരുന്നു എന്നും അദ്ദേഹത്തിന്റെ നാമധേയം ഗോദവർമ്മാവെന്നായിരുന്നു എന്നും വെളിവാകുന്നുണ്ട്. ക്ഷേത്രങ്ങളിൽ പോയ് തൊഴുന്നതിന്ന രാമവർമ്മമഹാരാജാവിന് പ്രത്യേകമാസക്തിയുണ്ടായിരുന്നു എന്നുള്ളതിന്ന രാജരത്നാവലീയത്തിലെ

"വാർമെത്തും ക്ഷേത്രതീർത്ഥങ്ങളിലതിലതില-
 ത്യന്തമുഖ്യേഷു ഗത്വാ
നേരെത്താതോരു സേവാം കലിതരുചി വള-
 ർത്തേഷ നിഷ്കല്മഷാത്മാ
പൂരിച്ചെല്ലാടവും കാഞ്ചനമയമഴപെ-
 യ്താശു ഭൂലോകഭാജാം
ദാരിദ്ര്യച്ചൂടൊഴിച്ചാൻ നിഖിലമവനതും
 പാർവതീശപ്രസാദം"

എന്ന പദ്യവും "പേർത്തും കൌതുകമാന്നു വളത്തൊരു തീർത്ഥക്ഷേത്രനിഷേവകഠം കൊണ്ടും" എന്ന ഗദ്യഖണ്ഡവും സാക്ഷ്യം വഹിക്കുന്നു. അതു

26

Digitized By Kerala Sahitya Akademi

തമ്പുരാൻ അഞ്ചുവർഷകാലം ഒരു ഭിക്ഷുവിന്റെ വേഷത്തിൽ ഇൻഡ്യയിലെ പ്രധാനക്ഷേത്രങ്ങൾ സന്ദർശിച്ചതായ് പോർത്തുഗീസ്സ് ചരിത്രകാരന്മാരും പ്രസ്താവിക്കുന്നുണ്ട്. അവിടുന്നു കാശിക്ക് എഴുന്നള്ളിയതിന്റെ ഉദ്ദേശവും അതുതന്നെയായിരുന്നു. അവിടുത്തെ ഒരു ശിലാശാസനം ചിദംബരത്തു നടരാജക്ഷേത്രത്തിൽ കാണ്മാനുണ്ട്.

രാമവർമ്മമഹാരാജാവ് അനേകം വിദ്വാന്മാരേയും കവികളേയും പ്രോത്സാഹിപ്പിച്ചിരുന്നു. അവിടുന്നു തിരുവള്ളുവരുടെ തിരുക്കുറൾ മലയാളത്തിൽ ഗദ്യരൂപേണ തർജിമചെയ്യിക്കുകയും രാസക്രീഡ എന്ന മണിപ്രവാളകാവ്യം രചിക്കുകയും ചെയ്തതായ് കാണുന്നു. മൂക്കോലക്കാരനായ നീലകണ്ഠൻനമ്പൂരി രാജരാജൻ മഹാരാജാവും രാമവർമ്മാവ് ഇളയരാജാവുമായിരുന്ന കാലത്തു വാസുഭട്ടതിരിയുടെ ത്രിപുരദഹനത്തിന് അർത്ഥപ്രകാശിക എന്ന വ്യാഖ്യാനവും രാമവർമ്മാവ് മഹാരാജാവും ഗോദവർമ്മാവ് ഇളയരാജാവുമായിരുന്ന കാലത്ത് ആ കവിയുടെ ശൌരികഥയ്ക്ക് തത്വപ്രകാശിക എന്ന വ്യാഖ്യാനവും നിർമ്മിച്ചതായ് ഞാൻ എന്റെ 'ഭ്രമരസന്ദേശവും വാസുഭട്ടതിരിയും' എന്ന ഉപന്യാസത്തിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. രാജരാജനെന്നതു നാടുവാഴുന്ന കൊച്ചി മഹാരാജാക്കന്മാരുടെ പൊതുപ്പേരാകുന്നു. പ്രസ്തുതരാജരാജൻ രാമവർമ്മാവിന്റെ പൂർവഗാമിയായ വീരകേരളവർമ്മാവെന്നത്രേ ഞാൻ അധ്യാഹരിക്കുന്നത്. മഴമങ്ഗലത്തു നാരായണൻനമ്പൂരി തന്റെ ഭാണം രാജരാജനെന്ന പദത്താൽ താൻ ആ ഗ്രന്ഥത്തിൽ സ്മരിക്കുന്ന വീരകേരളവർമ്മാവിന്റേയും രാജരത്നാവലീയം രാമവർമ്മവിന്റേയും വാഴ്ചക്കാലത്തു നിർമ്മിച്ചിരിക്കണമെന്ന് അനുമാനിക്കുന്നതിൽ അനുപപത്തിയുണ്ടെന്നു തോന്നുന്നില്ല.

രാമവർമ്മാവിന്റെ സദസ്യരുടെ കൂട്ടത്തിൽ ചോളദേശത്തിലെ തൊണ്ഡമണ്ഡലത്തിൽപ്പെട്ട മൂലാണ്ഡം ഗ്രാമത്തിലെ ബാലകവിയും ഉണ്ടായിരുന്നു. ശക്തൻസാമൂതിരിത്തമ്പുരാന് ഉദ്ദണ്ഡശാസ്ത്രിപോലെ രാമവർമ്മാവിനു പ്രീതിഭാജനമായ അദ്ദേഹം രത്നകേതൂദയമെന്നും രാമവർമ്മവിലാസമെന്നും രണ്ടു നാടകങ്ങൾ നിർമ്മിച്ചിട്ടുണ്ട്. രത്നകേതൂദയം പ്രകാശിതമാണ്. രാമവർമ്മവിലാസത്തിന്റെ ജീർണ്ണമായ ഒരു താളിയോലപ്രതി മദിരാശി ഓറിയെൻറൽ മാനുസ്ക്രിപ്റ്റ്സ് ലൈബ്രറിയിലുണ്ട്. കൊച്ചി ഈട്ടുവയ്പു ഗ്രന്ഥപ്പുരയിൽ അതിന്റെ പകപ്പില്ലെങ്കിൽ ഉടനെ ഒന്നു സമ്പാദിക്കേണ്ടതു് അത്യാവശ്യകമാണെന്നു്

Digitized By Kerala Sahitya Akademi

ഞാൻ അധികൃതന്മാരെ ഉൽബോധിപ്പിച്ചുകൊള്ളുന്നു. രത്നകേതൂദയം തൃശ്ശിവപേരൂർ വടക്കുന്നാഥക്ഷേത്രത്തിലെ ഉത്സവത്തിന് അഭിനയിക്കു വാനുണ്ടാക്കിയതാണെന്ന് "ആദിഷ്ടോസ്മി സുധാസൂതിശകലചൂഡാമണേഃ, കരുണാകടാക്ഷവിക്ഷേപകൃതാർത്ഥീകൃതകേരളവിഷയസ്യ, ഭഗവതസ്ത്രിഭുവനഗുരോർവൃഷപുരാധീശ്വരസ്യ യാത്രായാം നാനാദിഗന്തരസമാഗതൈഃ സാമാജികൈഃ." എന്ന വാക്യത്തിൽനിന്നു വെളിപ്പെടുന്നു. കാളഹസ്തി പണ്ഡിതന്റെ പുത്രനായ തന്റെ കവിതാചാതുരി ഒരു വിക്രമമനീഷിയുടെ ശ്ലാഘയെ സമാർജ്ജിച്ചിരുന്നതായും കവി പറയുന്നുണ്ട്. കാളഹസ്തിയുടെ പിതാവ് മല്ലികാർജ്ജുനനും മല്ലികാർജ്ജുനന്റെ പിതാവ് യൌവനഭാരതിയും യൌവനഭാരതിയുടെ പിതാവ് സോമനാഥനുമായിരുന്നു.

"ഏനമുപശ്ലോകിതവാൻ കേരളഗുരുജിതാശേഷശേമുഷീവിശേഷോ വിക്രമമനീഷീ.

യോഭൂദ്യൌവനഭാരതീകവിവരാച് ഛ്രീസോമനാഥാത്മജാ-
ച്ഛന്ദോഗസ്സ ഹി മല്ലികാർജ്ജുനകവിർധന്യഃ പിതാ യൽപിതുഃ
സോയം ബാലകവിസ്സുധാർദ്രകവിതാഭാക്കാലഹസ്ത്യാത്മജഃ
പ്രഖ്യാതോ ഭുവി കസ്യ ന ശ്രുതിപഥം ശ്രേയോനിധിർഗ്ഗാഹതേ?"

താഴെ ഉദ്ധരിക്കുന്നതും രാമവർമ്മമഹാരാജാവിന്റെ പ്രശസ്തിയെ പ്രപഞ്ചനം ചെയ്യുന്നതുമായ ഭാഗവും ആ നാടകത്തിന്റെ പ്രസ്താവനയിലുള്ളതാണ്.

സൂത്രധാരഃ:—"കേരളദേശാധിപതിരുച്ചാവചചീനപട്ടാംബരൈരുച്ചീകൃതാം കൊച്ചീപുരീമമരാവതീമിവ സൌഭാഗ്യവതീമാവാസയൻ ഭൂവാസവോ വൈദുഷ്യനിധിർബ്ബുധജനമാന്യോതിവദാന്യഃ പാലിതനിഖിലധർമ്മാ രാമവർമ്മാ സ്വയമേവ വസ്തുപി രത്നകേതൂദയം നാമാപി പരികല്പ്യ തേന കവികുലോത്തംസേന നാടകമിദമാരചയ്യ തദ്ദിശിദിശി പ്രഖ്യാതമാതതാന."

•പാരിപാർശ്വികഃ (സഹർഷവിസ്മയം):—"അപി കൃതം സ്വയമേവ മഹാരാജേന വസ്തുപി രത്നകേതൂദയനാമാപ്യഭിജാതം നാടകസ്യ?"

സൂത്ര:—"അഥ കിം? പ്രാജ്ഞഃ ഖലു സൌ."

പാരി:—"സ്വർണ്ണകുസുമ ഇവ സൌരഭ്യമനങ്ഗേക്ഷുചാപ ഇവ ഫലോൽപത്തിരാലേഖ്യമൂർത്ത്യാമിവ സത്വയോഗോ മണിദാമ്നീവ മാർദ്ദവമദ്ഭുതം രാജ്ഞി വൈദുഷ്യം."

Digitized By Kerala Sahitya Akademi

സൂത്ര:—കിമിദമാശ്ചര്യം?

"സരസിജനയനേ ലക്ഷ്മ്യാസ്തസ്മിംശ്ചതുരാനനേ സരസ്വത്യാഃ
സാമാനാധികരണ്യം സമുചിതമന്യത്ര വൈയധികരണ്യം."

പാരി (സബഹുമാനം):—"യദ്യേവമനേന നാടകേന രസോത്തരേണ ഭവിതവ്യം"

സൂത്ര (സ്മൃതിമഭിനീയ):—"രസോത്തരശബ്ദേനാനസ്മാരിതോസ്മി; യദാരഭമാണസ്സ കവിഃ പ്രയോക്ഷ്യമാണം രസമുപശ്ലോകിതവാൻ.

യത്രാസത്തിമനന്യജോപി ഭഗവാനേത്യ സ്വയം രാജതേ;
സേവന്തേ യമനാരതഞ്ച സുദൃശസ്സന്ത്യക്തകാര്യാന്തരാഃ;
യം ബ്രഹ്മാനുഭവപ്രമോദലഹരീസധ്ര്യഞ്ചമാചക്ഷതേ;
സോയം സർവ്വരസാധിഭൂർവ്വിജയതേ ശൃംഗാര ഏകോ രസഃ."

ഈ ഭാഗത്തിൽനിന്നു ബാലകവിക്ക് നാടകത്തിന്റെ കഥാവസ്തു പ്രദാനം ചെയ്തതും അതിന് രത്നകേതൂദയം എന്നു പേർ നല്കിയതും അത് ആ കവിയെക്കൊണ്ട് രചിപ്പിച്ചതും അതിനു ദേശംതോറും പ്രസിദ്ധി വരുത്തിയതും രാമവർമ്മമഹാരാജാവാണെന്നു സിദ്ധിക്കുന്നു. നീലകണ്ഠദീക്ഷിതർ നളചരിത്രനാടകത്തിന്റെ പ്രസ്താവനയിൽ അപ്പയ്യദീക്ഷിതർ അമലാനന്ദന്റെ കല്പതരുവിനു പരിമളമെന്ന വ്യാഖ്യാനം രചിച്ച അവസരത്തിൽ അതു വായിച്ചുനോക്കി സരസകവിയായ ബാലകവി

"അപ്പദീക്ഷിത കിമിത്യതിസ്തുതിം വർണ്ണയാമി ഭവതോ വദാന്യതാം;
സോപി കല്പതരുരത്ഥലിപ്സയാ ത്വദ്ഗിരാമവസരം പ്രതീക്ഷതേ."

എന്നു ശ്ലാഘിച്ചു എന്നു പ്രസ്താവിച്ചിരിക്കുന്നത് ഈ ബാലകവിയെ ഉദ്ദേശിച്ചായിരിക്കാം.

രത്നകേതൂദയത്തിനു പിന്നീട് ബാലകവി രചിച്ചതാണ് രാമവർമ്മവിലാസം. രണ്ടും അഞ്ചങ്കത്തിലുള്ള നാടകങ്ങൾതന്നെ. തൃശ്ശിവപേരൂർ വടക്കുന്നാഥക്ഷേത്രത്തിലെ ശിവരാത്രിമഹോത്സവത്തിന് അഭിനയിക്കുവാൻ വേണ്ടിയത്രേ രാമവർമ്മവിലാസം നിർമ്മിച്ചത്. "ഭഗവതസ്ത്രിഭുവനഗുരോഃ കരുണാകടാക്ഷവിക്ഷേപകൃതാർത്ഥീകൃതകേരളവിഷയസ്യ വൃഷപുരാധീശ്വരസ്യ" എന്ന് ആ നാടകത്തിന്റെ പ്രസ്താവനയിലും കവി വടക്കുന്നാഥനെ ഉപശ്ലോകനം ചെയ്യുന്നു. സഹൃദയന്മാരുടെ സ്വഭാവത്തെ

Digitized By Kerala Sahitya Akademi

"സ്വഭാവസ്സോയം വഃ സദയഹൃദയാനാം ജഗതി യ-
ച്ഛിരഃ ശ്ലാഘാകമ്പ്രം പരഗുണകണേനാപി ഭവതി;
പരേഷാന്താചൂഡം ദൃഢഘടിതമാത്മസ്യവിസര-
ച്ഛലാനാം കീലാനാം സകൃദപി ന മൌലിർവിചലതി."

എന്ന പദ്യത്തിൽ വർണ്ണിച്ചതിനുമേൽ നടിയുടെ "അനുഗ്രഹഃ ഖലേ ഷ ആദേശഃ. കിന്തു പുരൂരവപൂരുപ്രമുഖാനാം പുരാണരാജന്യാനാം ചരിതാന്യതിക്രമ്യ വൎത്തമാനസ്യ രാജ്ഞോ രാമവൎമ്മവിലാസമഭിലഷന്ത്യാൎയ്യമിശ്രാഃ?" അതായതു് "പുരൂരവസ്സ്, പൂരു മുതലായ പുരാതനരാജാക്കന്മാരുടെ ചരിത്രങ്ങളെത്തള്ളി ഇന്നു നാടുവാഴുന്ന രാമവൎമ്മാവിന്റെ ചരിത്രത്തെ ആൎയ്യമിശ്രന്മാർ ആഗ്രഹിക്കുന്നതെന്തുകൊണ്ടാണു് ?" എന്ന ചോദ്യത്തിനു് സൂത്രധാരൻ 'ശ്രൂയതാമസ്യാപി സൌശീല്യം' എന്നുപക്രമിച്ചുകൊണ്ടു് "ധൎമ്മസ്ഥിതിരതിതരാം തീർത്ഥസേവാസു രാഗഃ........ക ഇഹ ഭുവനേ ഭൂപതിഃ പുണ്യശീലഃ?" എന്നും മററും രാമവൎമ്മാവിന്റെ ഗുണഗണങ്ങളെ വാഴ്ത്തി അദ്ദേഹം രാജർഷിയാണെന്നു സ്ഥാപിക്കുകയും ചെയ്യുന്നു. തന്നെപ്പററിയുള്ള "യോഭ്രുഭ്യൈൗവനഭാരതീ" ഇത്യാദി പ്രശംസാപദ്യം കേരളമണ്ഡലാലങ്കാരവും സദ്ഗുണപോഷിയുമായ ഒരു കൃഷ്ണമനീഷിയുടെയാണെന്നു് ഈ നാടകത്തിൽ കവി പറയുന്നു. ഇതിൽനിന്നു് രത്നകേതൂദയത്തിലെ വിക്രമമനീഷിയും രാമവൎമ്മവിലാസത്തിലെ കൃഷ്ണമനീഷിയും ഒരാളെന്നു കാണാവുന്നതാണു്. വിക്രമൻ എന്നതു പക്ഷേ ബിരുദപ്പേരായിരിക്കാം. രാമവൎമ്മവിലാസത്തിലെ നായകൻ രാമവൎമ്മാവുതന്നെ. സൂത്രധാരൻ തുടന്നു്

"ദിനകരകലജന്മാ നായകോ രാമവൎമ്മാ
കവിരയമഭിജാതഃ കാവ്യമേതച്ച ഭവ്യം
വയമഭിനയവിദ്യാവൈഭവേ നിസ്സപത്നാഃ
പരിഷദപി........തദയം കോപി യോഗഃ."

എന്നു പ്രസ്താവിക്കുന്നതു നോക്കുക.

"ഭാസ്വദ്വംശവതംസമൌക്തികമണിർവീരസ്സ വാരാൻ ബഹൂ-
നാരബ്ധേഷു മഹാഹവേഷ്വരിപശൂനാലഭ്യ ദോർലീലയാ
നവ്യൈശ്ശോണിതപങ്കകുങ്കമരസൈരന്നപൂനാലിപ്ത പ്രിയാ
മൂർവ്വീ................മുപചിതക്രോധോ യഥാ ഭാൎഗ്ഗവഃ."

എന്നും മററും രാമവൎമ്മാവിന്റെ അപദാനവർണ്ണനങ്ങൾ വേറേയും ആ ഗ്രന്ഥത്തിലുണ്ടു്. ഒടുവിൽ

Digitized By Kerala Sahitya Akademi

"രത്നാകരാന്തപ്രവേശാത്താമ്രവർണ്ണീപ്രിയഃ കണ്ഠഃ
ഹാരായതേ നാടകേസ്മിൻ തഥാ സ്യാദഭാഗഭരാ മമ."

എന്നു കവിക്ക് നായകനോടുള്ള ഭക്തിയെ കവി ഒന്നുകൂടി പ്രകടിപ്പിക്കുകയും ചെയ്യുന്നു. രാമവൎമ്മാവിന്റെ സിംഹാസനസന്ന്യാസത്തിനു മേലുള്ള കഥയാണ് രാമവർമ്മവിലാസത്തിൽ വൎണ്ണിക്കപ്പെട്ടിരിക്കുന്നതെന്നു ശ്രീമാൻ കെ. രാമപ്പിഷാരടി എം. ഏ. മദിരാശി ഓറിയെൻറൽ റിസർച്ച് ജെർണ്ണലിൽ "Gilmpses of Cochin History" എന്ന ഉപന്യാസത്തിൽ പ്രസ്താവിച്ചിരിക്കുന്നു. അതു ശരിയാണോ എന്നു രാമവൎമ്മവിലാസം മുഴുവൻ നിഷ്കർഷിച്ചു വായിച്ചിട്ടില്ലാത്ത എനിക്കു പറവാൻ നിവൃത്തിയില്ല. ഏതായാലും ബാലകവിയും ആ മഹാരാജാവിനെ അതിമാനുഷനും അത്യന്തം ആസ്തികനും തീർത്ഥാടനത്തിൽ പര്യുൽസുകനുമായാണ് വൎണ്ണിച്ചിരിക്കുന്നത് എന്നു തൽക്കാലം ഓൎമ്മിച്ചുകൊണ്ടാൽ മതി. നീലകണ്ഠകവി സ്മരിക്കുന്ന കൊച്ചിരാജാക്കന്മാർ ക്രി. പി. പതിന്നാലും പതിനഞ്ചും ശതകങ്ങളിൽ ജീവിച്ചിരുന്നവരാണെന്നുള്ള എന്റെ സ്നേഹിതന്റെ അഭിപ്രായത്തോട് എനിക്കു യോജിക്കുവാൻ യാതൊരു നിവൃത്തിയും കാണുന്നില്ല. പുനം നമ്പൂരി രാജരത്നാവലീയത്തിന്റെ കൎത്താവാകത്തക്ക നിലയിലാണ് അദ്ദേഹത്തിന്റെ കാലഗണന. നീലകണ്ഠന്റെ വീരകേരളൻ ക്രി. പി. ൧൪൩൦-നു മുൻപ് ജീവിച്ചിരുന്നിരിക്കണമെന്ന് അദ്ദേഹം പറയുന്നു. ഇതിനെല്ലാമുള്ള അടിസ്ഥാനം ശിഥിലമാണ്. രാമവർമ്മാവു് ഗോദവർമ്മാവോടൊന്നിച്ചു കാശിക്കു പോയതാണ് നീലകണ്ഠന്റെ പ്രസ്താവന എന്നു പറയുന്നതിനും "സാമ്രാജ്യാധികൃതേ വയസ്യഭിനവേ" എന്ന പദ്യം പഴുതു നല്കുന്നില്ല. "സമ്പ്രാപ്പച്ഛിവലോകമനഭഗനജോപ്യാഗമ്യ രാമേശഭരാൽ" എന്നു മാത്രമല്ലേ അദ്ദേഹം പ്രസ്താവിക്കുന്നുള്ളു? രാമേശഭരത്തിൽ നിന്നു തിരിയെ വന്ന് അനുജനും രാമവൎമ്മാവിനു് (അനഭക്) പിന്നീട് തീപ്പെട്ടു എന്നാണ് ആ വാക്യത്തിന് അൎത്ഥം. ഗോദവൎമ്മാവു് രാമേശഭരത്തിനു പോയതുതന്നെ രാമവൎമ്മാവിന്റെ പരലോകഗതിയെ ഉദ്ദേശിച്ചു പിതൃകൎമ്മങ്ങൾ ചെയ്യാനായിരിക്കാം. കൊച്ചിയെ 'പുരാണനഗരീ' എന്നു വൎണ്ണിക്കുന്നതിനും ക്രി. പി. പതിനഞ്ചാംശതകത്തിൽ ജീവിച്ചിരുന്ന ഒരു കവിയേക്കാൾ പതിനാറാംശതകത്തിൽ ജീവിച്ചിരുന്ന ഒരു കവിക്കാണ് അധികം അൎഹത. കൊച്ചിയഴിയുടെ ഉത്ഭവംതന്നെ ക്രി. പി. ൧൩൪൧-ൽ മാത്രമാണല്ലോ. സാമൂതിരിമഹാരാജാവിന്റെ ആശ്രിതനായ ഒരു കവി

Digitized By Kerala Sahitya Akademi

നാരായണീയവും തെക്കെലനാഥോദയവും രചിക്കുക എന്നതും യുക്തിക്കു ചേരുന്നില്ല.

രാജരത്നാവലീയം രചിച്ച കാലത്തു രാമവമ്മമഹാരാജാവിൻെറ മാതാവു ജീവിച്ചിരുന്നു.

"പ്രച്ഛന്നവേഷമഴകോടധിരുഹ്യ കേളീ-
മച്ഛിന്നകത്തുഴറിനോക്കിന ദ്ധനരമേഷാ
വിശേഷാത്തമാങ്ഗലതികാം കമലാമിവാന്യാ-
മച്ഛോ ദദൾ ജനനീമവനീവലാരേഃ.

മുക്താഹാരങ്ങൾ ചൂഴം തടവി വടിവെഴം പട്ടുമേലാപ്പുതൻ കീഴ്-
പ്പൂത്തൻമാണിക്യതല്പേ മണമിളകിന പട്ടോപധാനാഭിരാമേ
ബദ്ധാഭോഗം നിഷണ്ണാമഭിമതപരിവാരാനപിതാം ദീപ്തിപൂരോ-
ന്നത്യാ രണ്ടാമതും വെച്ചൊരു കനകവിളക്കെന്നപോലേ ലസന്തീം.'

ഇത്യാദി പദ്യങ്ങളും

"കല്യാണീമണി ജനനീ നിതരാമാത്മജമങ്ഗല്യാർത്ഥമജസ്രം മുഹുരപി ചെയ്യും ചില സൽകമ്മശ്രേണികൾകൊണ്ടും" എന്ന ഗദ്യഖണ്ഡവും കാൺക. ഗ്രന്ഥകാരൻെറ പേർ നിശ്ചയമില്ലാത്ത അക്കാലത്തെ മറെറാരു ഭാണവും ഞാൻ വായിച്ചിട്ടുണ്ടു്. അതിലെ നാന്ദീശ്ലോകവും ഭരതവാക്യവും താഴെ ഉദ്ധരിച്ചുകൊള്ളുന്നു.

"ജയതി സുകൃതൈഃ പ്രാണൈശ്ചെർവൃത്തേ മിഥഃ കലഹോത്സവേ
ഝടിതി ദയിതേ ഗാഢോൽകമ്പപ്രണാമവിധായിനി
വിചലിതകുചസ്സാരങ്ഗാക്ഷ്യാ വിലോളിതകുന്തള-
ശ്ശിരസി നിഹിതഃ പാദാഘാതസ്സന്തുപുരനിസ്വനഃ."

"യാവൽഖണ്ഡേന്ദുമൌലിം ശ്രയതി ഗിരിസുതാ; യാവദാസ്തേ മുരാരേ-
വ്വക്ഷസ്യക്ഷീണഹാരദ്യുതിശബളതനുർദ്ദേവതാ മങ്ഗലാനാം;
യാവദ്വക്ത്രേഷു മൈത്രീമുപനയതി ഗിരാമീശ്വരീ പദ്മയോനേ-
സ്താവല്ലക്ഷ്മീപ്രസൂതിശ്ചിരമവതു ഭുവം രാമവമ്മാ നരേന്ദ്രഃ."

രാമവമ്മമഹാരാജാവിൻെറ മാതാവിൻെറ നാമധേയം 'ലക്ഷ്മി' എന്നായിരിക്കാം.

മേൽ പ്രസ്താവിച്ച വിവരങ്ങളിൽനിന്നു മഴമംഗലത്തു നാരായണൻ നമ്പൂരി ൭൬൧-ൽ തീപ്പെട്ട വീരകേരളവമ്മ (രാജരാജ) മഹാരാജാ

Digitized By Kerala Sahitya Akademi

വിൻെറ കാലത്തു ഭാണവും ൯൪൦ മുതൽ ൯൭൦ വരെ നാടുവാണ രാമവ ൎമ്മമഹാരാജാവിൻെറ കാലത്തു് രാജരത്നാവലീയവും നിൎമ്മിച്ചു എന്നു് ഊഹിക്കാവുന്നതാണു്.

ഇനി നാരായണൻനമ്പൂരിയുടെ കൃതികളേതെല്ലാമെന്നു നിൎണ്ണ യിക്കാം. സാഹിത്യവിഷയകമായ് സംസ്കൃതത്തിൽ മഴമംഗലഭാണവും രാ സക്രീഡാകാവ്യവും, ഭാഷയിൽ നൈഷധചമ്പു, രാജരത്നാവലീയം, കൊ ടിയ വിരഹം, ബാണയുദ്ധം ഈ നാലു ചമ്പുക്കളും, ദാരികവധം ബ്രാഹ്മ ണിപ്പാട്ടും ഇദ്ദേഹത്തിൻെറ നിബന്ധങ്ങളെന്നു മേൽ സ്ഥാപിക്കുവാൻ ശ്രമിക്കാം. പാൎവ്വതീപാണിഗ്രഹണം ആറുവൃത്തത്തെപ്പററിയും ഇവിടെ സ്മരിക്കേണ്ടതുണ്ടു്. ശാസ്ത്രവിഷയകമായ സ്മാൎത്തപ്രായശ്ചിത്തവിമൎശിനി ഇദ്ദേഹത്തിൻെറ കൃതിതന്നെയെന്നുള്ളതിനു് "ജാതശ്ശങ്കരനന്ദനോ ഗണി തവിന്നാരായണാഖ്യോ ദ്വിജഃ" എന്ന പാദമടങ്ങിയ അതിലെ പദ്യം തെളിവായ് ഞാൻ ഇതിനുമുൻപുതന്നെ ഉദ്ധരിച്ചിട്ടുണ്ടല്ലൊ. അഷ്ട മംഗലപ്രശ്നം എന്ന ജ്യോതിഷഗ്രന്ഥവും ഈ 'ഗണിതവി'ത്തിൻേറതാവാ നിടയുണ്ടു്. അതു വിമൎശിനിപോലെ ഒരു സംസ്കൃതഗ്രന്ഥമാണു്.

ഭാണം അത്യന്തം മധുരമായ ഒരു കൃതിയാകുന്നു. "നഹി ഗുളഗു ളികായാഃ കാപി മാധുൎയ്യഭേദഃ" എന്ന പദ്യഖണ്ഡം മാത്രമല്ലാതെ കേ രളീയൎക്കു പരക്കെ അതിലെ പദ്യങ്ങൾ വല്ലതും തോന്നുമോ എന്നു ഞാൻ സംശയിക്കുന്നു. കവിയൂർ രാമൻനമ്പിയാരുടെ വകയായ് ആ ഗ്രന്ഥത്തി നു് ഒരു മലയാളതൎജ്ജിമയുണ്ടെന്നുള്ള വസ്തുതപോലും വിസ്മൃതകോടി യിൽ പെട്ടുപോയിരിക്കുന്നു. ചില ശ്ലോകങ്ങൾ ഉദ്ധരിക്കട്ടെ.

൧. ഒരു സുന്ദരീവൎണ്ണനം.

"ഉപചിതമിവ ഭാഗധേയമക്ഷ്ണോരരസിജഭാരമുദാരമുദ്വഹന്തീ
മദതരളമരാളരാജകാന്താമധുരഗതാ മമ സമ്മദം വിധത്തേ."

൨. നായികയുടെ വിരഹാവസ്ഥ.

"ആളീനാം വചനേ സ്ഥിതിം ന കുരുതേ; കേളീശുകം നേക്ഷതേ;
വ്യാളീതി സ്തനമണ്ഡലേ ന സഹതേ ദത്താം മൃണാളീലതാം;
വ്രീളാവിഹ്വലചിത്തവൃത്തി വിഗളദ്ബാഷ്പാംബു സാ കേവലം
ബാലാ ബാലശിരീഷകോമളതനുശ്ശയ്യാതലം സേവതേ."

Digitized By Kerala Sahitya Akademi

൩. ഒരു സുന്ദരിയുടെ കേശപാശം.

"കുടിലമസിതമേഘച്ഛായമാഭോഗഭാജം
ചികുരമധികദീർഘം ലംബമാനം വഹന്തീ
പരിലഘയതി പശ്ചാദ്ഭാഗകാന്ത്യാപി ധൈര്യ്യം;
നഹി ഗുളഗുളികായാഃ കാപി മാധുര്യ്യഭേദഃ."

൪. ഒരു വികൃതവേഷം.

"തുന്ദീ ലോമശപീനവാമനതനുഃ പൃഥ്വീരജോധൂസരം
വാസഃ കിഞ്ചന വിശ്ലഥം പരിദധദ്ദ്വന്ധം വഹൻ പാണിനാ
ഖാട്വാടശ്ശ്രവണാന്തസംയതശിഖസ്സംരംഭരജ്യന്മുഖഃ
കോയം ത്വരകോള്യപൈതി പുരതോ ബീഭത്സഹാസ്യാസ്പദം?

൫. തേച്ചുകുളിക്കാൻ പോകുന്ന ഒരു യുവതി.

"അർദ്ധാലക്ഷ്യമനോഹരോരുയുഗളം നാത്യായതം ബിഭ്രതീ
വാസഃ പ്രോഷിതഭൂഷണൈരവയവൈഃ കാന്തിം കിരന്തീ പരാം
തൈലാഭ്യക്തതനുന്നിബദ്ധചികുരാ താംബൂലഗർഭാനനാ
വാപീം സ്നാതുമിതോ നിജാന്നിലയനാന്നിര്യ്യാതി ശാതോദരീ."

൬. മദ്ധ്യാഹ്നം.

"പ്രാലേയാംബുവിമിശ്രചന്ദനരസവ്യാലിപ്തഗാത്രാസ്സമം
കാന്താഭിന്നവകാവ്യനാടകസുധാസംസിക്തകർണ്ണാന്തരാഃ
ധന്യാഃ കേപി വസന്തി നൂതനസുധാശൃങ്ഗാരിതേ മന്ദിരേ
മന്ദാന്ദോളിതതാലവൃന്തപവനവ്യാധൂതതാപോദയാഃ."

൭. മറെറാരു വികൃതവേഷം.

"പാണ്ഡുഃ പാണിപദാധരേഷു പലിതവ്യാലീഢകേശാഞ്ചലഃ
കാണഃ സോപാചിതയാ കയാപി സഹിതസ്സല്ലാപലീലാപരഃ
താംബൂലീദലഭസ്ത്രികാങ്കിതഗളോ ഹാഹന്ത കശ്ചിൽ പുമാൻ
പ്രച്ഛായേ വടശാഖിനഃ പ്രകടയന്നാസ്തേ നിജം സൌഭഗം."

൮. ഒരു ഗർഭിണിയുടെ വിചാരം.

"സന്താനലാഭം സഞ്ചിന്ത്യ പ്രസാദമയതേ മനഃ;
ദൂയതേ ച പുനന്ന്വ്യയൌവനാപായശങ്കയാ."



Digitized By Kerala Sahitya Akademi

ൻ. സായന്തനസൂൎയ്യൻ.

"പശ്ചാദചിലംബമാനം പാടലമേതദ്ബിഭൎത്തി രവിബിംബം
പല്ലവവതംസലക്ഷ്മീം പാശധരാശാനിതംബിന്യാഃ."

ഈ ശ്ലോകങ്ങൾ വായിക്കുന്ന ഏതൊരു സഹൃദയനും മഴമങ്ഗലത്തിന്റെ ലോകോത്തരചമൽകാരകാരിയായ വചോവിലാസത്തെ സശിരഃകമ്പം ശ്ലാഘിക്കുകതന്നെ ചെയ്യും. ഭാണത്തിലെ

"ആമോദേന മദാന്ധഭൃങ്ഗതരുണീസംഘാനയാതേന തേ
രൂപേണാതിമനോഹരേണ മധുരേണാനേന ഗാനേന ച
സന്തുഷ്ടാ കരണത്രയീ തരുണി, നഃ ഖിന്നാം തദന്യദ്വയീം
സമ്പ്രാപ്തേവസരേ ഗിരാ കിമഥവാ രംഭോരു, സംഭാവയ."

എന്ന പദ്യത്തിലെ ആശയം രാജരത്നാവലീയത്തിൽ

"ധന്യേ പൂൎവ്വാനുഭൂതേ ചെവികൾ മധുരഗീതാമൃതേ ചെന്നുറച്ചു;
തന്നേ തന്നേ തഴീഠയ നെറിതടവിന രൂപാമൃതേ കണ്ണു രണ്ടും;
ഇന്നന്യേ മൂവരും കുന്തളപരിമളവും ബന്ധുരസ്പൎശവും വാർ-
മിന്നും ബിംബാധരാസ്വാദവുമഴകൊടു സങ്കല്പ്യ തസ്യാം നിലീനാഃ."

എന്ന പദ്യത്തിൽ പരാവൃത്തപ്രായമായ് കാണുന്നു. 'മദതരളമരാളരാജകാന്താമധുരഗതാ' എന്ന ഭാണപ്രയോഗം 'മദതരളമരാളാങ്ഗനാചാരുയാനാ' എന്നു നൈഷധചമ്പുവിൽ രൂപാന്തരപ്പെടുന്നു. 'ഹരതു നയനഭാജാം മാനസം മാനവാനാം' എന്ന ഭാണത്തിലുള്ള ഒരു പദ്യത്തിലെ തൃതീയപാദത്തിനു സദൃശമായ് നൈഷധചമ്പുവിലും 'നളിനമിഴി കവൎന്നാൾ മാനസം മാനവാനാം' എന്നൊരു പദ്യത്തിലെ തൃതീയപാദമുണ്ട്.

രാസക്രീഡ മനോഹരമായ ഒരു സംസ്കൃതഖണ്ഡകാവ്യമാണ്. ആ കാവ്യത്തിലും വലയാധീശ്വരിയുടെ വന്ദനമുണ്ട്. നാരായണകൃതമായ് മൂന്നു സൎഗ്ഗത്തിൽ ഒരു രാസവിലാസകാവ്യവും കാണുന്നുണ്ട്. അതു മഴമങ്ഗലത്തിന്റെയോ മേല്പുത്തൂരിന്റെയോ ആണെന്നു തോന്നുന്നില്ല.

രാസക്രീഡ; മങ്ഗലാചരണം.

൧. "ആതുങ്ഗമസ്തകമനസ്തമിതാനഭാവ-
മാതങ്കഭാരഹരമങ്ഘ്രിസരോജഭാജാം
മോദങ്കരോതുശിവയോസ്സുകൃതൈകമത്യം
മാതങ്ഗമാനുഷവപുൎമ്മഹിതം മഹോ നഃ.

Digitized By Kerala Sahitya Akademi

൨. പ്രാലേയശംഖകുമുദസ്ഫുടികാവദാതാം
ബാലേന്ദുമണ്ഡിതമനോജ്ഞകിരീടഭാരാം
ആലോകയാമി മനസാ വചസാം സവിത്രീം
നാളീകയോനിവദനാംബുജകേളിഹംസീം.

൩. പാരപ്രയാണസുഹൃദസ്സകലാഗമാനാം
പാപാംബുരാശിപരിശോഷവിധൌ ധുരീണാഃ
പായാസുരാധിഹരണേ ഭജതാം പ്രവീണാഃ
പാദാരവിന്ദതലപാംസുകണാ ഗുരൂണാം.

൪. ഹസ്താരവിന്ദയുഗളീധൃതചാപബാണം
വൃത്രാരിരത്നശകലദ്യുതിമേചകാംഗം
ധന്യം മഹഃ കിമപി ശങ്കരശംഖപാണി-
പുണ്യാതിരേകപരിപാകമയം പ്രപദ്യേ.

൫. വന്ദാരുദേവകുലമൌലിവിരാജമാന-
മന്ദാരമാല്യമധുവാസിതപാദപീഠം
വന്ദാമഹേ വലയമന്ദിരവാസലോലം
ചന്ദ്രാവതംസവപുരർദ്ധതപോവിലാസം.

൬. ശോണാധരാപ്പിതമനോഹരവേണു പീന-
ശ്രോണീനിബദ്ധമൃദുലോജ്ജ്വലപീതചേലം
വേണീഭരാകലിതകോമളകേളിപിഞ്ഛം
ത്രാണായ മേ ഭവതു വസ്തു തമാലനീലം.

x x x x

൧. ശബ്ദാഗമേഷു സുലഭോ ന പരിശ്രമോസ്തി ;
വിദ്വൽപ്രമോദജനകോ ന ഗിരാം വിലാസഃ;
ഉദ്വേലമന്തരുദിതാ സരസീരുഹാക്ഷ-
ഭക്തിഃ പരം ജനമിമം മുഖരീകരോതി.

ശരത്ത്.

൨. ആപാദചൂഡമുദിതാന്യസമഗ്ഗദാനാ-
മാപാണ്ഡുരാണി കുസുമാനി പരം വിരേജുഃ

Digitized By Kerala Sahitya Akademi

പുഞ്ജീകൃതാനി ഭുവനോദരപഞ്ജരാന്തഃ
പഞ്ചായുധസ്യ വിശദാനി യഥാ യശാംസി.

x x x x

൯. ഉദ്യോഗവത്യുഡുഗണാധിപതാവുദേത്തു-
മുദേചലകൌതുകധരാസ്തരസാ ചകോരാഃ
ആതേനിരേ ഗളഗുഹാഗളിതൈരമന്ദൈഃ
കോലാഹലൈഃ കുമുദിനീമപനീതനിദ്രാം.

**ശ്രീകൃഷ്ണന്റെ ശരീരമണ്ഡനം.**

൧൦. ആലക്ഷ്യചാരുതരചന്ദ്രകസാന്ദ്രശോഭാം
മൌലൌ ബബന്ധ സുഭഗേ ശിഖിപിഞ്ഛമാലാം,
ശൃങ്ഗാരവിഭ്രമമയം സുരസുന്ദരീണാം
ശങ്കേ പ്രദശ്യിതുമദ്ഭുതമിന്ദ്രജാലം.

൧൧. ബാലേന്ദുസുന്ദരരുചൌ രചിതം ലലാടേ
ഗോരോചനാതിലകമുജ്ജ്വലമാബഭാസേ,
നാരീജനാന്തരുദിതസ്യ മനോഭവസ്യ
നീരാജനായ നിഹിതാ മണിദീപികേവ.

x x x x

൧൨. ആഭോഗശാലിനി ധൃതം ജഘനേ ചകാശേ
പീതാംബരം മൃദുതരം മധുകൈടഭാരേഃ,
ബാലാതപദ്യുതിരിവാപതിതാ വിശാലേ
നീലാശ്മഭാസി പുളിനേ തപനാത്മജായാഃ.

൧൩. മന്ദോന്മിഷൽകുസുമവിഭ്രമമഞ്ജുഹാസാ
ചന്ദ്രാതപപ്രസരചന്ദനചച്ചിതാങ്ഗീ
വൃന്ദാവനസ്യ സുഭഗാ വിതതാന ലക്ഷ്മീ-
ന്നന്ദാത്മജസ്യ ഹൃദയേ പരമം പ്രമോദം.

**ഗ്രന്ഥാവസാനം.**

൧൪. ആഭീരസുന്ദരദൃശാമതിപുണ്യഭാജാ-
മാപൂരയന്നഭിമതാന്യരവിന്ദനേത്രഃ
ഉന്നിദ്രചന്ദ്രസുഷമാസുഖമേവമേവ
നിന്യേ ക്ഷണാന്നിഖിലമേഷ ശരന്നിശാന്തം.

Digitized By Kerala Sahitya Akademi

൧൭. വിക്രീഡിതം വ്രജവധൂനിവഹൈരിദം യ-
ശ്ചക്രായുധസ്യ കഥയത്യനുമോദതേ വാ
ഭക്തസ്യ തസ്യ ഭഗവൽപദപങ്കജാന്തേ
മുക്തിഃ കരേ; നനു കിമത്ര വിചാരണീയം?''

ഭാഷാചമ്പൂപ്രബന്ധങ്ങളുടെ കാലനിർണ്ണയവിഷയത്തിൽ പ്രധാനമായ് നേരിടുന്ന പ്രതിബന്ധം ആ ഗ്രന്ഥങ്ങളുടെ പ്രണേതാക്കൾ ചിലപ്പോൾ പൂർവ്വകവികളുടെ പദ്യങ്ങളെ അതേനിലയിൽ യാതൊരു രൂപഭേദവും വരുത്താതെ സ്വായത്തമാക്കുന്നു എന്നുള്ളതാണ്. സകലനിബന്ധനഹത്ത്വതം ഒരു ദോഷമായ് ചമ്പൂകാരന്മാർ കരുതിയിരുന്നില്ല; അവർക്ക് തങ്ങളുടെ കൃതികൾ രസോത്തരങ്ങളാകണമെന്നും 'പാഠക'ക്കാർക്കും മററും അത്യന്തം പ്രയോജകീഭവിക്കണമെന്നുമല്ലാതെ വേറേ ഒരു വിചാരവുമുണ്ടായിരുന്നതായ് തോന്നുന്നില്ല. ഗ്രന്ഥകാരന്മാർ അങ്ങനെ ചെയ്യാത്ത അവസരങ്ങളിലും അനന്തരകാലികന്മാരായ സഹൃദയന്മാർ രസപൌഷ്കല്യത്തെ പുരസ്കരിച്ചു പലവഴിക്കും പരസ്വാദാനത്തിന് ഒരുമ്പെടുന്നുണ്ട്. പൂർവ്വന്മാരുടെ ആശയം ചിലപ്പോൾ ഏററക്കുറച്ചിൽ കൂടാതേയും മററുചിലപ്പോൾ അല്പാല്പം ഭേദഗതി വരുത്തിയും പുതിയ പദ്യങ്ങളിൽ സംക്രമിപ്പിക്കാത്ത ചമ്പൂനിർമ്മാതാക്കൾ ഇല്ലെന്നു തന്നെ പറയാം.

"പാദാഹതം യദുത്ഥായ മൂർദ്ധാനമധിരോഹതി
സ്വസ്ഥാദേവാവമാനേപി ദേഹിനസ്തദ്വരം രജഃ."

എന്ന സുപ്രസിദ്ധമായ മാഘപദ്യം നീലകണ്ഠകവി നാരയണീയത്തിൽ

"ഘോരാവമാനമിയലുംപൊഴുതുള്ളിലേതും
പാരുഷ്യരീതി തുടരാത നരാധമീരാൽ
നേരേ ചവിട്ടുമളവത്തലയിൽക്കരേറും
ഭൂരേണു നൂനമൊരു മാനപദം ത്രിലോക്യാം."

എന്നു പരാവൎത്തനം ചെയ്യുന്നു.

"മധുകൈടഭദാനവേന്ദ്രമേദഃപ്ലവവിസ്രാ വിഷമൈവ മേദിനീയം
അധിവാസ്യ യദി സ്വകൈർയ്യശോഭിശ്ചിരമേനാമുപഭുഞ്ജതേ നരേന്ദ്രാഃ."

എന്ന അനർഘരാഘവപദ്യം ഭാഷാരാമായണചമ്പു പട്ടാഭിഷേകഘട്ടത്തിൽ ഉദ്ധരിച്ചിട്ടുള്ളതിനു പുറമേ അതിന്റെ തർജ്ജിമയായ്

Digitized By Kerala Sahitya Akademi

"ഒന്നുണ്ടോർത്തിരിക്കേണ്ടതു സദസി ഭവാൻ ദാനവന്മാരെ മുന്നം
കൊന്നന്നപ്പുണ്യപുംസാം പുനരപി രചിതാ മേദസാ മേദിനീയം;
അന്നാന്നാത്മീയകീർത്ത്യാ പരിമളമിടകൂട്ടീടിലേ നാം തുലോംനാറും
നന്നെന്നും ചൊല്ലി നന്നായ് നിയതമനുഭവിക്കാസ്സുരക്ഷത്രിയാണാം."

എന്ന് ഒരു പദ്യംകൂടിച്ചേർത്തുകാണുന്നു. ഇവിടെ കവി മുരാരിയുടെ മേലുദ്ധരിച്ച പദ്യം തർജ്ജിമ ചെയ്തു തൻെറ ഗ്രന്ഥത്തിൽച്ചേർക്കുകയും അനന്തരകാലികനായ ഒരു വിദ്വാൻ മൂലശ്ലോകംകൂടിപ്പകർത്തുകയും ചെയ്തു എന്ന് ഊഹിക്കുന്നതു് സമഞ്ജസമായിരിക്കും.

രാമായണചമ്പുവിൽ "തദനു ജനകദുഹിതൃകരുണവചനനിശമനജനിതകുപിതവിവശഹൃദയപുണ്ഡരീകഃ" എന്നു തുടങ്ങി "മഹീധ്രസധ്രൃഗ്ഗൃദ്ധ്രരാജോ രാവണസ്യാധ്വാനമദ്ധ്വാ രുരോധ" എന്നവസാനിക്കുന്ന ഒരു ദീർഘമായ സംസ്കൃതഗദ്യംകൊണ്ടു ജടായു രാവണൻെറ മാർഗ്ഗത്തെ നിരോധിക്കുന്ന കഥ പറഞ്ഞിട്ടു പിന്നെയും

"തത്രാന്തരേ ത്രിദശചക്രവിമൃച്യമാന-
ദൃഗ്ഗോചരസ്യ രജനീചരഭർത്തുരഗ്രേ
മാർഗം നിരുധ്യ കൃതവാൻ ഗഗനാവഗാഹ-
മാമൂലവിസ്തൃതപതത്രപുടോ ജടായുഃ."

എന്ന ശ്ലോകം കൂട്ടിച്ചേർത്തുകാണുന്നതിൽനിന്നു് ഇവയിൽ ഏതെങ്കിലും ഒന്നു കവി രചിച്ചതും മറെറാന്നു് പിൻകാലത്തു് ഉദ്ധരിച്ചതുമായിരിക്കണമെന്നു ന്യായമായ് അനുമാനിക്കാവുന്നതാണു്.

പ്രസിദ്ധന്മാരായ സംസ്കൃതകവികളുടെ ശ്ലോകങ്ങൾ ഉദ്ധരിക്കുകയോ തർജ്ജിമ ചെയ്യുകയോ ചെയ്യുന്നതുകൊണ്ടുള്ള വൈഷമ്യം അത്ര സാരമില്ല. എന്നാൽ ഒരേ ഭാഷാപദ്യമോ ഭാഷാഗദ്യമോ ഒന്നിലധികം ചമ്പൂക്കളിൽ കാണുമ്പോൾ ആ രണ്ടു ചമ്പൂക്കളും ഒരാളുടെ കൃതിയോ ഒരു ചമ്പുവിൻെറ പ്രണേതാവു് അവയിൽ ഒന്നു മറെറാന്നിൽനിന്നു പകർത്തിയതോ എന്നു നിർണ്ണയിക്കുവാൻ വളരെ പ്രയാസമുണ്ടു്. ഇതിനു് ഉദാഹരണങ്ങൾ ചമ്പൂക്കളിൽ സുലഭങ്ങളാണു്. ഭാഷാരാമായണചമ്പു പുനത്തിൻേറതെന്നാണല്ലോ വച്ചിട്ടുള്ളതു്. ആ വയ്പിനുള്ള അടിസ്ഥാനം തന്നെ കേവലം അഭ്യൂഹത്തെ ആസ്പദമാക്കിയുള്ളതാണെന്നു കേരളീയർ ഓർമ്മിക്കേണ്ടിയിരിക്കുന്നു. ചന്ദ്രോത്സവത്തിലെ "മത്തമത മണമോലും ഗദ്യപദ്യൈരനേകൈർമ്മദയതി പുനമിന്നും ഭൂരിഭൂചക്രവാളം" എന്ന പദ്യഖണ്ഡത്തിലെ 'ഗദ്യപദ്യൈഃ' എന്ന വാക്കിൽനിന്നു പുനം ഗദ്യപദ്യാത്മക

Digitized By Kerala Sahitya Akademi

ങ്ങളായ ചമ്പുക്കൾ രചിച്ചിരിക്കണമെന്നും, സാമൂതിരിപ്പാട്ടിലെ സദസ്സിൽ പുനം ഭാഷാകവിയാകുക നിമിത്തം അരക്കവിയായ് മാത്രം പരിഗണിക്കപ്പെട്ടിരുന്നതിനാൽ ആ ചമ്പുക്കൾ ഭാഷാചമ്പുക്കളായിരിക്കണമെന്നും, ഭാഷാചമ്പുക്കളിൽ പ്രഥമസ്ഥാനം രാമായണചമ്പുവിനു നല്കേണ്ടതാകയാൽ 'പുളകോൽഗമകാരിവചഃപ്രസര'നെന്ന് ഉദ്ദണ്ഡശാസ്ത്രികൾ പ്രശംസിച്ചിട്ടുള്ള പുനമായിരിക്കണം ആ ചമ്പുവിന്റെ നിർമ്മാതാവെന്നു മല്ലാതെ രാമായണചമ്പുവിനെ പുനവുമായി ഘടിപ്പിക്കുന്നതിനു വേറെ ലക്ഷ്യങ്ങളൊന്നുമില്ല. പാഠകക്കാരും മററും ധ്യാനശ്ലോകമായ് ഉപയോഗിക്കുന്ന "ലോകാനാമേകനാഥം പദതളിരിൽ വണങ്ങും ജനാനാമശേഷാമാകാംക്ഷാം പൂരയന്തം" ഇത്യാദി പദ്യം രാമായണചമ്പുവിലുള്ളതാണെന്നും 'താരിത്തനചീകടാക്ഷാഞ്ചലമധുപകലാരാമരാമാജനാനാം നീരിത്താർബാണ" ഇത്യാദിയായുള്ള പുനത്തിന്റെ സാമൂതിരിമഹാരാജ പ്രശസ്തിപരമായ സുപ്രസിദ്ധഭാഷാപദ്യം

"ത്രൈലോക്യസ്തുതകീർത്തിമാസ്തികജനാലംബം ഭവന്തം പുരോ
ദശ്ംദശ്മയം ജനോ മുദിതധീരേതാവദഭ്യർത്ഥയേ
ധാത്രീ കല്പജലാഭിഷേകവിധിനാ ക്ലിന്നേ ക്ഷണേ കുത്രചി–
ന്നോ ജഹ്യാത്തിലകം ഭവന്മയമിയം സപ്താബ്ധിചിത്രാംബരാ."

എന്ന സംസ്കൃതരൂപത്തിൽ രാമായണചമ്പുവിൽ പ്രവേശിച്ചിരിക്കുന്നു എന്നും കൂടി വേണമെങ്കിൽ ഈ സന്ദർഭത്തിൽ പ്രസ്താവിക്കാം. ഇതു കൊണ്ടൊന്നും മുൻപറഞ്ഞ ഊഹത്തെ സിദ്ധാന്തപദവിയിലെത്തിക്കുവാൻ സാധിക്കുന്നതല്ലല്ലോ. ബാക്കി ഒരു വഴി കിടപ്പുള്ളതു ഭാഷാരീതിയാണ്. ആ വീക്ഷണകോണത്തിൽ നിന്നു നോക്കിയാൽ രാമായണചമ്പുവിനു പുനംനമ്പൂരി ജീവിച്ചിരുന്ന കൊല്ലം ഏഴാം ശതകത്തിന്റെ പ്രഥമപാദം ഉത്ഭവകാലമായ് ഗണിക്കുന്നതു സമീചീനമാണെന്നു സമാധാനമുണ്ട്.

"വൃത്രാരിപുത്രമിഹ കൊന്നതു ഞാനതിൽക്കൂ-
ട്ടസ്ത്രങ്ങളിന്നുമുള നീതി വിടായ്ക നല്ല"
"നല്ലാർ വേണ്ടുംതരത്തിൽത്തവ പലരുളർ"
"ലങ്കായാമുളനങ്ങുകോപി ദശകണ്ഠാഖ്യോ"
"നാലർമൂവരുളർ ഞങ്ങളിങ്ങനെ"

ഇത്യാദി പദ്യഖണ്ഡങ്ങളിൽ കാണുന്ന 'ഉള' ഒരു പ്രാചീനപ്രയോഗമാണ്. 'പാരിച്ചോ ചില പാറക്കോലും' 'കരഞ്ഞോ പിള്ളകളും'

Digitized By Kerala Sahitya Akademi

മുതലായ ഭാഗങ്ങളിൽ കാണുന്ന വിജാതീയമായ വിനയെച്ചപ്രയോഗവും അതുപോലെതന്നെ പ്രാചീനമാകുന്നു. 'മേവാരിൽപ്പക്ഷപാതം തവ പെരികെ മുഴത്തോന്നു'' എന്ന വരിയിൽ ശത്രുക്കൾ എന്ന അർത്ഥത്തിൽ പ്രയോഗിച്ചിരിക്കുന്ന 'മേവാർ' എന്ന പദം കൊല്ലം എട്ടാംശതകത്തിൽ പോലും പ്രചാരലുപ്തമായ്ത്തീർന്നുപോയി. ഇത്തരത്തിലുള്ള പ്രയോഗങ്ങളും പദങ്ങളുംകൊണ്ടു് രാമായണചമ്പുവിനെ ക്രി. പി. പതിനഞ്ചാം ശതകത്തിൻെറ പൂവ്വാർദ്ധത്തിൽ ജീവിച്ചിരുന്ന പുനവുമായ് ഘടിപ്പിക്കുന്നതിൽ അനുപപത്തിയില്ലെന്നു വന്നുകൂടുന്നു.

"ഗൌരീസൌഭാഗ്യരാശേ, ജയ ജയ തൊഴുതേനമ്പിലെൻതമ്പിരാനേ,
നേരേ വന്നിങ്ങു തൃക്കാലിണയിലടിമപുക്കീട്ടുമസ്മാനനാഥാൻ
കാരുണ്യത്തോണിതന്മേലഴകൊടു കരേറ്റി പ്രഭോ, കാംക്ഷിതാത്ഥ-
പ്പേരാം വാരാകരത്തിന്മറുകരയൊടണയ്ക്കേണമെൻതമ്പിരാനേ.

സ്വഗ്ഗംഗാബാലചന്ദ്രാങ്കിതപിരിചിടയും തീപ്പൊരിഞ്ഞൊരു മൂന്നാം
തൃക്കണ്ണും ഭോഗിവാർകുണ്ഡലവുമരിയ കാകോളവും കണ്ടനാളേ
അഗ്രേ തൃക്കൈകൾ നാലും കമലഭവശിരോമാലയും മാറിലയ്യാ
മുഖ്യാഭോഗം പുലിത്തോലുടയുമിഹ പുലമ്പേണമെൻതമ്പിരാനേ."

ഇത്യാദി രാവണൻെറ ശിവസ്തുതിപദ്യങ്ങൾ നീലകണ്ഠകവിയുടെ ചെല്ലൂർനാഥോദയത്തിൽ ശ്രുതസോമൻെറ തപോവർണ്ണനഘട്ടത്തിലും സ്ഥലം പിടിച്ചിരിക്കുന്നു. സീതാസ്വയംവരഘട്ടത്തിലെ

"കടകകൾ തഴകളോരോന്നൊക്കെ നീളെപ്പിടിപ്പി-
ച്ചിടയിലിടയിൽ വീയിപ്പിച്ചു വെൺചാമരൌഘം
ഉടനുടനുപയാതാസ്താം പുരീം രാജസിംഹാഃ
പടുപടഹനിനാദൈഃ പൂരയന്തോ ദിഗന്താൻ."

എന്ന പദ്യം നാം നൈഷധചംപുവിൽ ദമയന്തീസ്വയംവരഘട്ടത്തിലും കണ്ടുമുട്ടുന്നു. സീതാസ്വയംവരഘട്ടത്തിൽത്തന്നെയുള്ള

"എന്നേ വൈചിത്ര്യമയ്യാ ധരണിയിലൊരു സൌദാമനീ നീലമേഘം
തന്നോടാഹന്ത വേർപെട്ടിത വിഹരതി ഭംഗ്യാ ചിരം ഭാസമാനാ;
എന്നേ കാണപ്പെടുന്നൂ ലളിതതരവിലാസങ്ങളെല്ലാമതല്ലേ
മിന്നുന്നൂ മേല്ക്കുമേലേ ചില മധുരപദാത്ഥങ്ങളാത്താനുബന്ധം.

Digitized By Kerala Sahitya Akademi

പൊന്നിൻചെന്താമരയ്ക്കുങ്ങുപരി കനകത്തൂണീയുഗം ബാലരംഭാ-
ഭംഗം തേത്തേട്ടൂട്ടുണ്ടതിന്നു മുകളിലാകാശമെന്നേ വിനോദം;
മിന്നുന്നു രണ്ടു പൂവല്ലികൾ മലകളഹോ ശംഖവും ചന്ദ്രബിംബം
ബന്ധൂകാദർശമല്ലീ കുവലയലളിതം ഭാതി മേലേ പയോദഃ."

ഈ രണ്ടു പദ്യങ്ങളും, ആദ്യത്തെ പദ്യത്തിൻെറ നാലാംപാദത്തിൽ "മിന്നുന്നു ഹന്ത നാദാമൃതമിടയിൽ വിപഞ്ചീനദംകൊഞ്ചൽപോലേ" എന്ന ഭേദത്തോടുകൂടി രാജരത്നാവലീയത്തിൽ കയറിവരുന്നു. അതേ ഘട്ടത്തിലെ

"സീമാ സരോരുഹഭവഃ കരകൌശലാനാ-
മാകർഷണാദ് ഭുതമഹൌഷധിരിന്ദ്രിയാണാം
സാമ്രാജ്യസമ്പദധിദൈവതമങ്ഗയോനേ-
രാലക്ഷ്യതേ യുവതിരത്നമപൂർവ്വമേതൽ."

എന്ന പദ്യം അതേമാതിരിതന്നെ കൊടിയവിരഹത്തിൽ പ്രവേശിക്കുന്നു. രാമാശ്വമേധഘട്ടത്തിലെ

"കുപ്പായങ്ങളുമെന്നിവ പൂണ്ടു പടയ്ക്കു മിടുക്കൻ നായന്മാരും
മേന്മനടിച്ചമ്മാനേൽമിഴിമാർ മനമലിയിക്കും ഭങ്ഗി വളക്കും
ചേവകരും പോന്നഴകിൽ നിറഞ്ഞു: 'കൃവാ നല്ല വിശേഷം കേൾ നീ
നമ്മുടെ തമ്പ്രാനെന്തൊരു പാക്യം? തിരുമെയ്കണ്ടാൽ പൊന്നിൻകുട
കാണിമുയിപ്പില്ലാത്ത കരുത്തൻ. ചങ്ങാതീ കേൾ നായിമ്മയ്ക്കി— [മുന്നവനെന്നുണ്ടോ പാക്യം? നന്നൊരു കണവതിഹോമം ചെയ്യുന്നിതുപോൽ
തവശികൾ നല്ലതരത്തിലനേകം; വന്നിട്ടുണ്ടേ പോക വിരഞ്ഞും.
പ്രാമ്മർ ചെവിക്കയുമോതുകയും ചിലർ പൂശിക്കയുമക്കോപ്പുകൾ കാണാം.
പൊന്നും പണവും പ്രാമ്മക്കത്രേ; ചോറു നമുക്കും കിട്ടും ചെന്നാൽ.
നല്ല പുളിച്ചതുകൂട്ടിയുരുട്ടിമിഴുങ്ങിത്തെരുതെരേ വയറു നിറയ്ക്കാ-
മത്രേ വേണ്ടൂ നമ്മൾക്കെല്ലാം."

എന്ന ഫലിതസുഭഗമായ ഗദ്യഖണ്ഡം സ്വല്പം വിച്ഛിന്നാഭിഷേകത്തിലും അതില്പമധികമായ് ഏകദേശം അതേരൂപത്തിൽത്തന്നെ നാരായണീയത്തിലും സംക്രമിക്കുന്നു. കവനോദയക്കാർ പ്രസിദ്ധപ്പെടുത്തിയ ഭാരതചമ്പുവിലേയും ശ്രീമാൻ കൊളത്തേരി ശങ്കരമേനോൻ പ്രസിദ്ധപ്പെടുത്തിയ നാരായണീയത്തിലേയും വന്ദനശ്ലോകം



Digitized By Kerala Sahitya Akademi

"പാലാഴിത്തയ്യലാൾതൻ തിരുനയനകലാലോലലോലംബമാലാ-
ലീലാങ്കരംഗം ഭുജഗേശ്വരമണിശയനേ തോയരാശൌ ശയാനം
മേലേ മേലേ തൊഴുന്നേൻ ജഗദുദയപരിത്രാണസംഹാരദീക്ഷാ-
ലോലാത്മാനം പദാന്തപ്രണതസകലദേവാസുരം വാസുദേവം."

എന്ന പദ്യംതന്നെയാണ്. എന്നാൽ കൊച്ചി ഈടുവയ്പു ഗ്രന്ഥപ്പുരയിൽ ഉള്ള ഭാരതചമ്പുവിന്റെ ആദ്യഭാഗമാകുന്ന ദ്രൌപദീസ്വയംവരത്തിൽ കാണുന്ന വന്ദനശ്ലോകം ഇതല്ലെന്നും

"ലക്ഷ്മീമാതിൻ നറുങ്കുങ്കുമസുരഭിലമാം കൊങ്കതൻ പുണ്യപാളീ-
മുഖ്യാഭോഗം ജഗൽപാലനനിപുണത കൈക്കൊണ്ട തൃക്കൺവിലാസം
ഉൾക്കാമ്പിൽക്കണ്ടുപാസേ സജലജലധരാശ്രേണി നാണിന്റ കാന്തി-
പ്രക്ഷോഭം നിത്യമാദ്യം കമലഭവമഹേന്ദ്രാദിവന്ദ്യം മുകുന്ദം."

എന്ന പദ്യമാണെന്നുംകൂടി പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ഈ പദ്യം, അച്ചടിച്ചിട്ടുള്ള പാരിജാതഹരണം പ്രബന്ധത്തിലെ വന്ദനശ്ലോകവുമാണ്. ഒരു കവിയുടെ വന്ദനശ്ലോകം മറ്റൊരുകവി ഉദ്ധരിക്കുന്നതു് സാധാരണമല്ലെന്നു വിചാരിക്കുന്നപക്ഷം ഒന്നുകിൽ ഭാരതചമ്പുവിന്റേയും നാരായണീയത്തിന്റേയുമോ അല്ലെങ്കിൽ ഭാരതചമ്പുവിന്റേയും രാജരത്നാവലീയത്തിന്റേയുമോ കർത്തൃത്വം ഏകകവിയിൽ ആരോപിക്കേണ്ടിവരും. ഈടുവയ്പു ഗ്രന്ഥപ്പുരയിലെ ദ്രൌപദീസ്വയംവരത്തെക്കാൾ വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ട് അയച്ചുകൊടുത്തു കവനോദയക്കാർ പ്രസിദ്ധപ്പെടുത്തിയ ഭാരതചമ്പു ഒന്നാംഭാഗ (പാഞ്ചാലീസ്വയംവരം) ത്തിൽ പദ്യഗദ്യങ്ങൾ ഏറും. ഇപ്പോൾ പ്രസിദ്ധപ്പെടുത്തീട്ടുള്ള രാമായണചമ്പുവിൽ ഇല്ലാത്ത ചില പദ്യങ്ങൾ ഞാൻ ചില താളിയോലഗ്രന്ഥങ്ങളിൽ കണ്ടിട്ടുണ്ട്. ഉദാഹരണത്തിനു വേണമെങ്കിൽ അഗ്നിപ്രവേശഘട്ടത്തിൽനിന്നു ഞാൻ പദ്യമഞ്ജരിയിൽ ഉദ്ധരിച്ചിട്ടുള്ള വിഭീഷണോപദേശത്തിലെ

"വാനോർമന്ദിരസുന്ദരീമണികളെച്ചെന്നങ്ങു നിശ്ശങ്കിതം
വേണീസീമ്നി പിടിച്ചിഴയ്ക്കുതിനൊരിക്കാലും മതിന്നീടൊലാ;
ചേണാർനന്ദനമാം നവോപവിപിനേ നില്ക്കുന്ന കല്പദ്രുമ-
ശ്രേണീപേലവപല്ലവങ്ങളെ നിരുദ്ധാശം തൊടായ്കാരുമേ."

എന്ന പദ്യംതന്നെ നോക്കുക; ഇതിനു പ്രകാശിതമായ അഗ്നിപ്രവേശത്തിൽ പ്രവേശം ലഭിച്ചിട്ടില്ല. അതുകൊണ്ടു ഭാഷാചമ്പുക്കൾക്കു പ്രാ

Digitized By Kerala Sahitya Akademi

യേണ ഒന്നിലധികം പാഠങ്ങളുമുണ്ടെന്നനുമാനിക്കേണ്ടിയിരിക്കുന്നു. ഇ നിയും രാമായണചമ്പുവിൽ സീതാസ്വയംവരഘട്ടത്തിലെ

"ത്തുമച്ചിൽപ്പൂക്കു ശയ്യാനടുവിലിവളൊടുംചേൎന്നു പേമാരികൊണ്ടേ
ഹേമക്കുന്നിന്നുമേലേനിലയിൽ നിലവഴക്കുന്ന ജീമൂതകാലേ
ഓമൽപ്പൂമെയ്പുണൎന്നും പലവുരുപിശകിച്ചോരിവായ്ത്തേൻ നുകൎന്നും
കാമക്രീഡാം വളൎത്താവിതു പിലരെ വിധേ ഞാനെനിക്കൊത്തവണ്ണം."

എന്ന പദ്യം കംസവധത്തിൽ 'ഇവനൊടുംചേൎന്നു' എന്നു പ്രഥമപാദത്തിൽ സ്വല്പമൊരു മാററത്തോടുകൂടി ഗോപസ്ത്രീകളുടെ വാക്യമായ് പരിണമിക്കുന്നു. ഭാരതചമ്പു എട്ടാംഭാഗത്തിൽ കൌരവപാണ്ഡവയുദ്ധം വൎണ്ണിക്കുന്ന ഗദ്യത്തിലെ ഒട്ടുമുക്കാൽഭാഗവും അതേരീതിക്കുതന്നെ രാജരത്നാവലീയത്തിൽ രാമവൎമ്മമഹാരാജാവിന്റെ യുദ്ധം വൎണ്ണിക്കുന്ന ഗദ്യമായ് കടന്നുകൂടിയിരിക്കുന്നു.

"ചെറുമാ നില്ലങ്ങറിവനിതേറപ്പെരുമാറേണ്ടാ മൻപിലശങ്കം;
നിൻതല കൊയ്യാൻ ഞാനേ പോരും; പണ്ടേ പരിഭവമനവധി ചെ
നിന്നെ ബലാലിക്കണ്ണിൽക്കിട്ടിയതെന്നേ ഭാഗ്യം. [യ്യും
പൊയ്ക്കൂടാ തവ ജീവനമായിനി നായ്ക്കൂട്ടത്തിനു തീനാമത്രേ".
"മതി മതി ഭീഷിക; ചെറുതാമെങ്കിൽ പ്രകടയ ശൌൎയ്യം നിഖിലമി
[ദാനീം;
കരവാൾകൊണ്ടു മുറിച്ചു ഗളം തേ ഇരുവാണാ യുധി ഗണപതിവയ്യൻ."

ഇത്യാദി വാഗ്വാദങ്ങൾപോലും അതേനിലയിൽ പകൎത്തിയിരിക്കുമ്പോൾ മററുള്ള വരികളുടെ കാൎയ്യം ചോദിക്കുവാനില്ലല്ലോ. "ഭാരതരാമായണ സമരോത്സവസമതകലൎന്നൊരു യുദ്ധം" എന്നുമാത്രം രാജരത്നാവലീയത്തിൽ കൂടീട്ടുണ്ട്. രാമായണചമ്പൂകാരൻ രാമാവതാരഘട്ടത്തിൽ ഋശ്യശൃംഗമഹൎഷിയെ വശീകരിക്കുവാൻ പുറപ്പെടുന്ന വേശ്യാസ്ത്രീകളെ വൎണ്ണിക്കുന്ന ഗദ്യംകൊണ്ടുതന്നെയാണ് ഭാരതചമ്പൂകാരൻ അൎജ്ജുനനെ വശീകരിക്കുവാൻ പുറപ്പെടുന്ന അപ്സരസ്ത്രീകളേയും വൎണ്ണിക്കുന്നത്. ഈ ഭാഗം കവനോദയക്കാരുടെ ഭാരതചമ്പുവിലില്ലെങ്കിലും കൊച്ചിയിലെ ഈടുവയ്പു ഗ്രന്ഥപ്പുരയിലുള്ള താളിയോലഗ്രന്ഥം പരിശോധിച്ച ഭാരതവിലാസക്കാർ പ്രസിദ്ധപ്പെടുത്തിയ കിരാതം പ്രബന്ധം ഒന്നാമത്തെ സ്തബകത്തിലുണ്ട്. "അഥ ലളിതാങ്ഗം വാരവധൂജനമൊക്കത്തക്കത്തൊഴുതുപുറപ്പെട്ടു" ഇത്യാദി രാമായണചമ്പുവിലും "അഥ ലളിതാങ്ഗീരംഭാതൽക്ഷണമംഭോജാക്ഷീ തൊഴുതുപുറപ്പെട്ടു" ഇത്യാദി കിരാതം പ്രബന്ധ

Digitized By Kerala Sahitya Akademi

ത്തിലും കാണുന്നു. ഇത്തരത്തിൽ ഒന്നിലധികം ചമ്പുക്കളിൽ കാണുന്ന ഗദ്യപദ്യങ്ങളുടെ ഒരു സമഗ്രമായ പട്ടിക സമയമുള്ള ഭാഷാഭിമാനികൾ ആരെങ്കിലും പരിശോധിച്ചു പ്രസിദ്ധപ്പെടുത്തുകയാണെങ്കിൽ അതുതന്നെ സാഹിത്യത്തിന് അമൂല്യമായ ഒരു സമ്പാദ്യമായ് പരിണമിക്കുന്നതാണ്. അത്തരത്തിലുള്ള വ്യവസായങ്ങൾ തമിഴ്നാട്ടിൽ അസുലഭങ്ങളല്ല.

ഈ മുഴത്ത മൂടൽമഞ്ഞിൽ നാം മഴമങ്ഗലത്തിന്റെ ചമ്പുക്കൾ എങ്ങനെ കണ്ടുപിടിക്കും എന്നു ചോദിച്ചാൽ സമാധാനം പറയാം. ഏതാനും പദ്യങ്ങൾ മാത്രം ഒന്നിലധികം കൃതികളിൽ കണ്ടാൽ അവയെല്ലാം ഒരാളുടെ വകയാണെന്നു സങ്കല്പിക്കുന്നതു പക്ഷേ സാഹസമായിരിക്കാം; എന്നാൽ ഒട്ടുവളരെ പദ്യങ്ങൾ ഒരു കൃതിയിൽനിന്നു മറെറാന്നിൽ പകൎന്നുകണ്ടാൽ അവ രണ്ടും ഒരു കവിയുടെ നിബന്ധങ്ങളാണെന്നു കരുതുന്നതിൽ വലിയ യുക്തിഭങ്ഗത്തിന് അവകാശമുണ്ടെന്നു തോന്നുന്നില്ല. ആ ഒരു ന്യായത്തെ മുഖ്യമായും ഭാഷാരീതിയെ ഗൌണമായും ആസ്പദമാക്കിയാകുന്നു ഞാൻ നൈഷധം, രാജരത്നാവലീയം, കൊടിയ വിരഹം, ബാണയുദ്ധം ഈ നാലു ചമ്പുക്കളുടേയും കൎത്തൃത്വം മഴമങ്ഗലം നാരായണൻനമ്പൂരിയിൽ ആരോപിക്കുന്നത്. 'മങ്ഗലം ശാർങ്ഗധന്വാ' എന്ന പ്രയോഗം എങ്ങനെ കുഞ്ചൻനമ്പിയാരുടെ എല്ലാ ആട്ടക്കഥകളിലും വിഷ്ണുവിലാസം മുതലായ ചില സംസ്കൃതകൃതികളിലും കാണുന്നുവോ അതുപോലെ മഴമങ്ഗലത്തിന്റെ ചമ്പുക്കളിലും 'പ്രത്യക്ഷസ്വൎഗ്ഗസൌഖ്യം' എന്നൊരു പൊതുപ്രയോഗം കാണുന്നുണ്ട്. "പ്രത്യക്ഷസ്വൎഗ്ഗസൌഖ്യം ചിരമനുബുഭുജേ നൈഷധോ നീതിശാലീ" എന്നു നൈഷധത്തിലും "പ്രത്യക്ഷസ്വൎഗ്ഗസൌഖ്യശ്രിയമനുബുഭുജേ ഭൂഷണം ഭൂപതീനാം" എന്നു രാജരത്നാവലീയത്തിലും "പ്രത്യക്ഷസ്വൎഗ്ഗസൌഖ്യശ്രിയമനുബുഭുജേ തത്ര സങ്ഗീതകേതുഃ" എന്നു കൊടിയവിരഹത്തിലും ഉള്ള പദ്യഖണ്ഡങ്ങൾ നോക്കുക. ബാണയുദ്ധത്തിൽ അത്തരത്തിലൊരു വൎണ്ണനമില്ലാത്തതു ശ്രീകൃഷ്ണന്റെ വിജയത്തോടുകൂടി ഗ്രന്ഥമവസാനിക്കുന്നതുകൊണ്ടായിരിക്കാം. താഴെ കാണുന്ന പദ്യങ്ങൾ രാജരത്നാവലീയം, കൊടിയ വിരഹം, ബാണയുദ്ധം ഇവയിൽ എങ്ങനെ പകൎന്നുകൂടിയിരിക്കുന്നു എന്നു പരിശോധിക്കുന്നതു രസാവഹമാണ്.

| | പദ്യം | രാജ. | കൊടിയ. | | ബാണ. |
|---|---|---|---|---|---|
| 1. | മുരരിപുരപി സംക്ഷോൽ | 49 | 1 | 36 | |
| 2. | ആമോദം കൈവളൎക്കുന്നിതു | 51 | ,, | 39 | |
| 3. | ത്രൈലോക്യസുന്ദരമമും | 53 | | 40 | |
| 4. | കൈത്താർകൊണ്ടിന്ദുബിംബം | 81 | ,, | 51 | |

Digitized By Kerala Sahitya Akademi

| | പദ്യം. | രജ. | കൊടിയ. | ബാണ. |
|---|---|---|---|---|
| 5. | ചേതോരമ്യാങ്ഗലേഖാ | 84 | 55 | |
| 6 | ഭദ്രേനിൻകോപ്പിതെന്തെന്ത് | 102 | 76 | 30 |
| 7. | ധന്യേ പുരാ ഗിരിസുതാ | 103 | 77 | 31 |
| 8. | എല്ലാനാളും വിശേഷാൽ | 105 | 78 | 32 |
| 9: | ബാലേ ത്വാം പ്രിയസഖി | 104 | 79 | 33 |
| 10. | മൽപ്രാണനാലംബഭൃതേ | 108 | ,, 81 | 36 |
| 11. | ഇന്നാളദ്രിസുതാനികേത | 109 | ,, 82 | |
| 12. | സാരസ്യകേളിനിലയം | 110 | 1, 83 | |
| 13. | ധന്യാ തദ്രൂപശോഭാ കരുതുകിൽ | 111 | 84 | 38 |
| 14. | കൈയേറും പ്രണയേന | 119 | 85 | 44 |
| 15. | ഫലം കിം വാഗ്ഗുംഫൈഃ? | 112 | 86 | 39 |
| 16. | ഗാഢം ഗാഢം പുണർന്നങ്ങിരുവരും | 206 | 104 | |
| 17. | മാരോന്മാദം പൊറാഞ്ഞങ്ങിടയിടെ | 207 | 105 | |
| 18. | അതിർകെട്ടമനരംഗ | 208 | 106 | |
| 19. | തൺപെട്ടെനെത്രയെല്ലാം | 209 | 109 | |
| 20. | ചാലച്ചിന്നുന്ന | 210 | 110 | |
| 21. | തന്നെത്താനേ മറക്കും | 212 | 111 | |
| 22. | രത്യന്തേ വല്ലഭാന്താം | 214 | 114 | |
| 23. | മിന്നീടും ബാലപൂവല്ലിയും | 215 | ,, 115 | |
| 24. | മാരാഗ്നിജ്വാലദഗ്ധേ | 88 | 2, 50 | |
| 25. | സദ്യോമന്ദാറിൽവീണ് | 89 | 2, 51 | |
| 26. | യൂനാം വിലോചന | | 1, 6 | 12 |
| 27. | മിന്നീടും ഫുല്ലലേഖം | | ,, 3 | 18 |
| 28. | മലർമണമെഴുമുദ്യാനാങ്കണേ | | ,, 4 | 21 |
| 29. | കമലമുഖി സഖീഭിഃ | | ,, 5 | 22 |
| 30. | തൻകാമാതങ്കമദ്ധ്യോ | 100 | | 26 |
| 31. | തസ്യാം വൃത്താന്തവും ഭാവവും | 101 | | 34 |
| 32. | ഇത്ഥം തദാ സഖി പറഞ്ഞളവ് | 106 | | 34 |
| 33. | പ്രിയസഖി പരിഖിന്നാ | 107 | | 35 |
| 34. | പൊന്നിൻകിരീടവും | 115 | | 40 |
| 35. | ഓമൽക്കഴുത്തും | 116 | | 41 |
| 36. | സുസ്നിഗ്ദ്ധപീന | 117 | | 42 |
| 37. | വല്ലാതൊന്നേത്രയും | 112 | | 43 |
| 38. | ഘനാഘനനിഭശ്രീയഃ | 23 | | 50 |
| 39. | ഉപാത്തഘനഹേഷിതാഃ | 24 | | 51 |
| 40. | ഭമൽകനകനേമി | 25 | | 52 |
| 41. | കരാത്തവിവിധായുധൈഃ | 26 | | 53 |
| 42. | മമ്മാ കണ്ണായിതപ്പോൾ | 27 | | 54 |
| 43. | നാനാവാദിത്രഘോഷങ്ങളും | 28 | | 55 |
| 44. | പോരാതേ കാൺ ചമഞ്ഞു | 36 | | 63 |


Digitized By Kerala Sahitya Akademi

എട്ടു ശ്ലോകങ്ങൾ മൂന്നു ചമ്പുക്കളിലും ബാക്കി നന്ന ശ്ലോകങ്ങൾ അവയിൽ ഏതെങ്കിലും രണ്ടെണ്ണത്തിലും കാണുന്നത് ആകസ്മികമാകുവാൻ നിവൃത്തിയില്ല; ഒരു കവി മറ്റൊരു കവിയുടെ കൃതിയിൽനിന്ന് അത്രവളരെ ശ്ലോകങ്ങൾ ഉദ്ധരിക്കുക എന്നുള്ളതും യുക്തിക്കു യോജിക്കുന്നില്ല. പോരാത്തതിന്

"മനോരഥൈർയ്യദഭ്യസ്തം ഹൃദയേന യദർത്ഥിതം
മന്മഥേന യഥാദിഷ്ടം തദഭൂൽ സുരതം തയോഃ."

എന്ന കൊടിയവിരഹത്തിലെ പദ്യം രാജരത്നാവലീയത്തിൽ

"കല്പിച്ചിട്ടുള്ളതും പണ്ടുരപെരിയ വിയോഗേ മനോരാജ്യഭേദൈ-
രപ്പോൾത്തന്നേ മനക്കാമ്പിടയിലഗതി കാമിച്ചതും പ്രേമലോലം
പൊൽപ്പൂബാണക്ഷമാനായകനഴകിൽ നിയോഗിച്ചതും കേളതെ
മുൽപന്നാനന്ദമദ്ധ്യാ രതിരസമിരുവൎക്കും തയോരാവിരാസീൽ." (ഹ്ലാ-

എന്നു പരിഭാഷപ്പെടുത്തിക്കാണുന്നു. ഇതുതന്നെ മേല്പുത്തൂർ നാരായണഭട്ടതിരിയുടെ കോടിവിരഹമെന്ന സംസ്കൃതകാവ്യത്തിൽ

"അനുദിവസമയോഗേ ചേതസാ കാംക്ഷിതം യ-
ദ്യദപി മദനനാമ്നാ ദേശികേനോപദിഷ്ടം
സ്ഫുരിതമഭവദന്തര്യത്തദാതേ ച യൂനോഃ
സുരതമനനഭൂതം സംബഭൂവാഭിരാമം."

എന്നു രൂപഭേദം ധരിച്ചു പരിലസിക്കുന്നു. ബാണയുദ്ധത്തിലെ "നിഖിലയുവതിവംശമുക്താമണിക്കിത്രിലോകീമഹേള്ളാലലാടാന്തരേ കാന്തിചിന്തുന്ന പുത്തൻനറുംചിത്രകത്തിന്നു പൊൽത്താർശരക്ഷോണിപാലേന്ദ്രദോർഗർവസർവസ്വപാവയിന്ന്" ഇത്യാദി ഉഷാവർണ്ണനരൂപമായ ദീർഘഗദ്യം കൊടിയവിരഹത്തിൽ "നിഖിലയുവതിജാലമുക്താമണിക്ക്" എന്ന ഒററവാക്കിൽ സങ്കുചിതമായ് കാണുന്നു എങ്കിലും ഗ്രന്ഥകാരൻെറ ഉദ്ദേശം ആ ഗദ്യം മുഴുവൻ അവിടെ പാഠകക്കാരും മററും പകർത്തി രംഗത്തിൽ പ്രയോഗിച്ചുകൊള്ളണമെന്നായിരിക്കുമെന്നുള്ളതിനു സംശയമില്ല. അതിനു മുൻപുള്ള

"യൂനാം വിലോകനനവീനമഹോത്സവേന ശൃങ്ഗാരബാലതരുപല്ലവതല്ലജേന
കന്ദർപ്പദർപ്പശശിനശ്ശരദാഗമേന തസ്യാശ്ശുഭം വപുരഭൂഷി വയോഗുണേന."

Digitized By Kerala Sahitya Akademi

എന്നുമുള്ള പദ്യംകൊണ്ടുമാത്രം കൊടിയവിരഹകാരൻ നായികയുടെ യൌവനാവസ്ഥ വർണ്ണിച്ചു എന്നു് ഒരിക്കലും വരുന്നതല്ല. അത്തരത്തിലൊരു മിതഭാഷിയല്ലല്ലോ അദ്ദേഹം. "യൂനാം വിലോകന" ഇത്യാദി പദ്യത്തിനും നൈഷധചമ്പൂവിലെ

"ശാകംഭരീരമണമൌലിനികേതനേന ശാതോദരീവദനപങ്കജബാന്ധ [വേന
ശ്യാമാവധൂഹൃദയപല്ലവതല്ലജേന ശീതാംശുനാഥ ശതമന്യുദിശാ ചകാ [ശേ."

എന്ന ചന്ദ്രോദയവർണ്ണനരൂപമായ പദ്യത്തിനും തമ്മിൽ ശബ്ദവിഷയത്തിലുള്ള സാദൃശ്യം പ്രകൃതത്തിൽ സ്മരണീയമാണു്. "തികതില പിടിപെട്ടു ധരാനാഥമൌലേഃ" എന്നു നൈഷധത്തിലും "തസ്യാ മാരാസ്ത്രതാപം തികതില പിടിപെട്ടാശുമോഹാകുലായാഃ" എന്നും "തികതില പിടിപെട്ടേ മുഹൂരിളകുന്നു" എന്നു രാജരത്നാവലീയത്തിലും "തികതില പിടിപെട്ടെന്തുദിങ്മോഹമയ്യോ' എന്നു കൊടിയവിരഹത്തിലും കാണുന്ന 'തികതില'പ്രയോഗത്തിന്റെ ഐകരൂപ്യവും ത്യാജ്യകോടിയിൽ തള്ളത്തക്കതല്ല. നൈഷധത്തിൽ ദമയന്തി നളനേയും കൊടിയവിരഹത്തിൽ സങ്ഗീതകേതു ശൃങ്ഗാരചന്ദ്രികയേയും വിരഹാർത്തി പൊറുക്കാതെ ഉന്മത്തസദൃശമായ് അന്വേഷണം ചെയ്യുന്നതിൽ കാണുന്ന സാമ്യവും മറക്കത്തക്കതല്ല. ഇവയ്ക്കു് ആദർശം രാമായണചമ്പുവിൽ സുഗ്രീവസഖ്യഘട്ടത്തിൽ കാണുന്ന ശ്രീരാമവിലാപംതന്നെ. "പ്രാണാ മേ ശ്രവണാതിഥീകൃതഗുണാഃ" എന്നു നൈഷധത്തിലും "മൽപ്രാണാഃ കുശലിനഃ കിന്നു?" എന്നു കൊടിയവിരഹത്തിലുമുണ്ടു്. 'ഏഷ കാമീ' എന്ന പ്രയോഗവും രണ്ടു ചമ്പുക്കളിലും കാണാം.

പ്രഥമദൃഷ്ടിയിൽ നൈഷധചമ്പുവിനും, നാരായണൻനമ്പൂരിയുടേതെന്നു ഞാൻ പറയുന്ന മററു മൂന്നു ചമ്പുക്കൾക്കും തമ്മിൽ കാണുന്ന ഒരു പ്രകടവ്യത്യാസം നൈഷധത്തിൽ ഇതരചമ്പുക്കളെ അപേക്ഷിച്ചു സംസ്കൃതാംശം കൂടുമെന്നും തന്നിമിത്തം അതിൽ അവയേപ്പോലെ പഴയ ഭാഷാപദങ്ങളും ഭാഷാശൈലികളും ഇല്ലെന്നുമുള്ളതാണു്. നാലു ചമ്പുക്കളിലും വെച്ചു നൈഷധം നാരായണന്റെ ആദ്യത്തെ കൃതിയും അതു് അദ്ദേഹം അച്ഛനോടുകൂടി ചെങ്ങന്നൂരിൽ താമസിച്ചിരുന്ന കാലത്തു രചിച്ചതെന്നുമാണു് ഞാൻ അനുമാനിക്കുന്നതു. "അയ്യായിരത്തിന്നുപോരും

Digitized By Kerala Sahitya Akademi

കടക്കാരരെന്നിത്തരം" എന്ന ഗദ്യഖണ്ഡത്തിലെ 'കടക്കാരർ' എന്ന പദം തെക്കനാണെന്നു ശ്രീമാൻ പാട്ടത്തിൽ പത്മനാഭമേനോൻ ചൂണ്ടിക്കാണിക്കുന്നു. "പാലംഭോരാശിമദ്ധ്യേ ശശധരധവളേ ശേഷഭോഗേ ശയാനം" ഇത്യാദി മങ്ഗലാചരണപദ്യത്തിലെ ശ്രീപത്മനാഭവന്ദനവും ഈ ഊഹത്തിന് ഉപോൽബലകമായ് വിചാരിക്കാം. ചെങ്ങന്നൂർ അന്നു തിരുവിതാംകൂറിൻെറ അധീനതയിലല്ലായിരുന്നു എങ്കിലും ആ ഗ്രാമത്തിലെ പ്രമാണിയായ മാമ്പള്ളിപ്പണ്ടാരത്തിലേക്കു തിരുവിതാംകൂറിലെ രാജകുടുംബവുമായ് ഗാഢമായ ബന്ധമുണ്ടായിരുന്നു. അതിനെ പുരസ്കരിച്ചു വാഴമാവേലിപ്പോററിയും മഴമങ്ഗലം നമ്പൂരിമാരും ശ്രീപത്മനാഭസ്വാമിയെ ആരാധിച്ചിരുന്നു എന്നൂഹിക്കാം.

"കണ്ടാലും പാപദോഷം വിശദമതി നളന്നെന്തു ഖേദം വിയോഗം
കൊണ്ടെന്നാൽ കാമിനീകാമുകകുലരിപു വേധാവു പണ്ടും വിചാരേ."

എന്ന കൊടിയവിരഹത്തിലെ പദ്യഖണ്ഡത്തിൽ നൈഷധത്തെ കവി സ്മരിക്കുന്നു. ചെങ്ങന്നൂർനിന്നു ജ്യോതിശ്ശാസ്ത്രാഭ്യാസവും മററും കഴിഞ്ഞു തിരിയെ കൊച്ചിക്കു പോയ് തൃശ്ശിവപേരൂരിൽ ഒരു ബ്രാഹ്മണിക്കു ബാന്ധവമായ് ആ ദിക്കിൽ താമസമുറപ്പിച്ച കാലത്തായിരിക്കണം അവിടെ യുദ്ധത്തിനായും ക്ഷേത്രഭജനത്തിനായും പലപ്പോഴും എഴുന്നള്ളാറുണ്ടായിരുന്ന രാമവൎമ്മമഹാരാജാവിൻെറ പ്രീതി സമ്പാദിക്കുകയും രാജരത്നാവലീയം നിൎമ്മിക്കുകയും ചെയ്തതു്. പക്ഷേ അക്കാലത്തുതന്നെ നീലകണ്ഠകവിയുടെ ഭാഷാചമ്പൂരചനയും ആരംഭിച്ചിരുന്നിരിക്കാം. നീലകണ്ഠൻ താൻ ചെല്ലൂർനാഥോദയത്തിൻേറയും നാരായണീയത്തിൻേറയും തെങ്കൈലനാഥോദയത്തിൻെറയും നിൎമ്മാതാവാണെന്നേ പരസ്യമായ് പ്രസ്താവിക്കുന്നുള്ളു എങ്കിലും പെരിഞ്ചെല്ലൂർ, തൃപ്പൂണിത്തുറ, തൃശ്ശിവപേരൂർ ഈ മൂന്നു ക്ഷേത്രങ്ങളിലേയും ബിംബപ്രതിഷ്ഠകളെ മാത്രം ഇതിവൃത്തമാക്കിയല്ലാതെ അദ്ദേഹം ചമ്പുക്കൾ നിൎമ്മിച്ചില്ലെന്നു് ഊഹിക്കുന്നതു ശരിയാവില്ല. ആ ചമ്പുക്കളുടെ കാൎയ്യം അപ്രകൃതമാകയാൽ തെങ്കൈലനാഥോദയത്തിൻെറ പ്രാരംഭത്തിൽ അവയെപ്പററി പ്രസ്താവിച്ചില്ലെന്നു വിചാരിക്കുന്നതായിരിക്കും ഒന്നുകൂടി സ്വാഭാവികം. അങ്ങനെയാണെങ്കിൽ നീലകണ്ഠൻെറ ചമ്പുക്കളും പൂൎവ്വസൂരികളുടെ അത്തരത്തിലുള്ള നിബന്ധങ്ങളും വായിക്കുക നിമിത്തം മഴമങ്ഗലത്തിൻെറ പിന്നീടുള്ള പ്രബന്ധങ്ങളിൽ ഭാഷാംശം അധികമായി എന്നാലോചിക്കാം. ആ വിഷയം എങ്ങനെയായാലും നൈഷധത്തിൽ പ്രാചീനപദങ്ങളും പ്രാചീന

Digitized By Kerala Sahitya Akademi

ടൈലികളും തീരെയില്ലെന്ന് ആക്കും വാദിക്കാവുന്നതല്ല. ആ ഗ്രന്ഥത്തിലെ (൧) 'മകളരിൽ മുകളേറം പക്ഷപാതാതിരേകം' (മകളർ (മകളിർ എന്നു പൂർവ്വരൂപം)=പെൺമക്കൾ) (൨) 'നാളൊന്നിളകിന' (൩) 'വാഴ്ത്തവല്ലേൻ' (വാഴ്ത്തുന്നതിനു ഞാൻ സമർത്ഥനല്ല. വാഴ്ത്ത എന്നതു നടുവിനയെച്ചം) (൪) 'തിരുമിഴിമുനയെന്നും മാലികാം' (തിരുമിഴിമുനയെന്നുള്ള) (൫) 'വിയോഗപ്പൊരികനലിലെരിച്ചേ പൊറുപ്പൂ നമുക്ക്' (൬) 'നിരച്ചു ചൂതുകൾ' (നിരത്തി) (൭) 'ഉണത്തായെന്നാകിൽ' (നീ ധരിപ്പിക്കുന്നില്ലെങ്കിൽ) (൮) 'മാമകനിലയേ ചെററു പൊറാമേ' (എനിക്കു സഹിക്കുകയില്ല) (൯) 'നടക്കിൽ പോകാമേ' (എനിക്കു കഴിയുകയില്ല) (൧൦) 'കാണായിന്തു' (കാണായുന്നു=കാണാതെയിരിക്കുന്നു. കാണുന്നു എന്ന വത്തമാനക്രിയയുടെ നിഷേധരൂപം) ഇവയെല്ലാം ആ കൂട്ടത്തിൽ പെടുന്നതാണ്.

നൈഷധചമ്പുവിനെപ്പററി പ്രസ്താവിക്കുന്നതിനു മുൻപു മററു മൂന്നു ചമ്പുക്കളേയുംപററി സ്വല്പമുപന്യസിക്കാം. രാജരത്നാവലീയത്തിൽ രാമവമ്മാമഹാരാജാവിൻെറ കിരീടധാരണവും യുദ്ധോദ്യോഗവും മററും വണ്ണിച്ചതിൻെറശേഷം അവിടുത്തേക്കു 'മന്ദാരമാല' എന്ന വിദ്യാധരസുന്ദരിയുമായുണ്ടായ സങ്ഗമത്തെ കവി ഉജ്ജ്വലമായി ചിത്രണം ചെയ്യുന്നു. ആ വിദ്യാധരിയുടെ ഭത്താവായ ചന്ദ്രസേനൻ ശ്രീപരമേശ്വരനെ ഭജിക്കുവാൻ ഒരവസരത്തിൽ കൈലാസപർവ്വതത്തിൽ സമയം അതിക്രമിച്ചു ചെല്ലുകയാൽ അവിടുന്നു കുപിതനായ് ആ അപരാധിക്കു മനുഷ്യത്വവും മന്ദാരമാലയ്ക്കു ദിവ്യത്വബോധനാശവും വിധിച്ചു. വിദ്യാധരൻ ഭഗവാനെ സ്തുതിച്ചു.

"ഇപ്പോളുണ്ടൂഴിമേൽ കാചന നൃപതനയാ കേരളാധീശ്വരാണാ-
മുൽപന്നാ ഹന്ത വംശേ ഝടിതി മനുഭവാം മാടധാത്രീപതീനാം
എപ്പോഴും ദേവവിപ്രാച്ചനനിയമപരാ വീരപുത്രാപ്തികാമാ
മൽഭക്താ ശൈലകന്യാമനുദിവസമിമാം സേവതേ സാവധാനം.

തസ്യാമിന്നീപിറന്നാ വൃഷപുരിയിലെഴും മാം ഭജൻ ഭക്തശാലീ
ജിത്വാ ഭൂചക്രവാളം നിഖിലമനുഭവന്നേവ ഭോഗാനഭീഷ്ടാൻ
സത്തീത്ഥക്ഷേത്രസേവാപരിഹൃതദുരിതോ മാസ്തുരന്തേ നിവാപൈ-
ട്ടത്വാ മുഖ്യാം ഗതിം വത്സരശതവിഗമേ ഗാത്രമേതൽ ഭജേഥാഃ."

എന്നു പരമശിവൻെറ അനുഗ്രഹം സമ്പാദിച്ചാണ് കൊച്ചി രാജകുടുംബത്തിൽ രാമവമ്മാവായ് അവതരിക്കുന്നതു്. ശ്രീപാവ്വതിയുടെ അഭ്യത്ഥ



Digitized By Kerala Sahitya Akademi

ന നിമിത്തം വിദ്യാധരിക്ക ചന്ദ്രസേനൻ മനുഷ്യനായ് ജീവിക്കുമ്പോളും സൽഭൂമലാഭം വരുമാറു ശിവൻ പ്രസാദിച്ചു. രാമവമ്മാവ് ക്രമത്തിൽ വ ളൻ്റ ശത്രുക്കളെ ജയിച്ചു യൌവനയുക്തനായ് പരിലസിക്കുന്ന കാല ത്തു് ഒരിക്കൽ തൃശ്ശിവപേരൂർ ശിവരാത്രിമഹോത്സവം കാണ്മാൻ പോക കയും 'ഇളങ്കേസരകനകമണിവേദിക'യിൽനിന്ന് ആഘോഷങ്ങൾ കാ ണുകയും ചെയ്തുകൊണ്ടിരിക്കവേ പതിവുപോലെ ഭജനത്തിന് അവിടെ വന്നുചേന്ന മന്ദാരമാല അദ്ദേഹത്തിൽ അനുരക്തയായ്ത്തീന്ന് അനുല്ലാ ത്തയായ് തൻെറ സഖി മരതകവല്ലിയോടുകൂടി അവിടംവിട്ടുപോകുന്നു. പിന്നെയൊരിക്കൽ രാത്രിയിൽ നൎത്തനം ചെയ്യുന്നതിന് ആ ക്ഷേത്ര ത്തിൽ വന്നുചേന്ന മന്ദാരമാലയെക്കണ്ടു് മഹാരാജാവും കാമാതുരനാകു ന്നു. നായകൻ നായികയെ സമീക്ഷിക്കുന്ന ഭാഗത്തിലും മററും സ്ഫുരി ക്കുന്ന കവിയുടെ വർണ്ണനാചാതുൎയ്യം വിശേഷാത്തരമെന്നേ പറഞ്ഞുകൂട്ടൂ. ആ ഘട്ടത്തിലെ "ഏഷാഖലു ദരശിഥിലിതബന്ധവിസ്രംസമാനസീമന്ത" ഇത്യാദി സംസ്കൃതഗദ്യം നൈഷധത്തിലെ "അഥ സാ ലളിതതനുകാന്തി സമ്പദാ സുരസുന്ദരീരപി ജയന്തീ" എന്ന ദമയന്തീവൎണ്ണനരൂപമായ ഗദ്യ ത്തെക്കാൾ ഒന്നുകൂടി നന്നായിട്ടുണ്ടെന്നാണ് എൻെറ അഭിപ്രായം. വി പ്രലംഭശൃംഗാരം കവി പൊടിപൊടിച്ചു വർണ്ണിച്ചിട്ടുണ്ട്. "ആലാലം മമ മദകളപരഭൃതനിലവിളി ചെവികളിലരുളിടുന്നു; മാലേകുന്നു മധുകര നിനദവുമരുതരുതെരിപൊരി പെരികീടുന്നു; ആലേപങ്ങളുമൊരു കറി തൊടുകിലിതുടൽ മമ ശിവ ശിവ പൊള്ളുകിടുന്നു; ആലാപൈരലമകമ ലർപരവശമശരണമിതു ബത മറുകിടുന്നു." ഇത്യാദി ഗദ്യത്തിൻെറ മാധു ൎയ്യം അസാധാരണം തന്നെ. യോഗപ്രഭ എന്നൊരു യോഗിനി നായിക യേയും നായകനേയും അവരുടെ പൂൎവ്വവൃത്താന്തം ഗ്രഹിപ്പിച്ചു ഘടിപ്പി ക്കുന്നു എന്നുള്ളതാണ് കഥാവസ്തു.

"വിരിയുമിളയ മല്ലപ്പൂവിലേന്തും നറുന്തേൻ-
പരിമളമിടതൂകിക്കാമഭൂപാലമന്ത്രീ
സരസമൃദുലഗാമീ രാത്രിവാർതെന്നലേററം
പരമസുഖമെഴുംമാറേഷ വീയിത്തുടങ്ങി."

ഇത്യാദി പദ്യങ്ങളുടെ രാമണീയകം അനുഭവൈകവേദ്യമാണ്. ഈ രാ മവൎമ്മമഹാരാജാവിനെപ്പററി അനേകം പ്രശസ്തിപദ്യങ്ങൾ ഞാൻ വേ റേയും കണ്ടിട്ടുണ്ട്. അവയിൽ ചിലതു താഴെ ഉദ്ധരിക്കാം.

Digitized By Kerala Sahitya Akademi

൧. "ദുഗ്ധാംഭോരാശിയോ രാജതഗിരിവരനോ പന്നഗാധീശനോ ത്തു-
മുക്താജാലങ്ങളോ ശങ്കരർതിരുവുടലോ ശംഖമോ തിങ്കൾതാനോ
വിദ്യാരാശേ വെളുപ്പേറുവതിലിതിലെതേതേതു വല്ലേൻ തിരിപ്പാൻ
പൃത്ഥ്വീചക്രേ പരന്നീടിന വിമലയശോധാമമേ രാമവർമ്മാ."

൨. "വീരാൻ ഭൂലോകപാലാൻ പലരെയുമരികെക്കണ്ടുകണ്ടൂഴിനീളെ-
പ്പാരാതെങ്ങും നടന്നേനവരവർ തടവും പ്രാഭവം പ്രാർത്ഥനീയം;
ധീരാത്മാവിന്നു മാടക്ഷിതിസുകൃതനിധേരാമവർമ്മന്നു സാമ്യം
വാരാ പാർക്കുമ്പൊഴക്കാനയമണി രഘുനാഥം വിനാ രാമചന്ദ്രം."

൩. "വീരശ്രീതൻ വിലോലേക്ഷണമധുപസരോജന്മമേ നിർമ്മലത്വം
പൂരിക്കും നിൻപുകഴ്ച്ചന്ദ്രിക ഭുവനതലം മൂടിമേവും ദശായാം
പാരിൽപ്പാലാഴിനീരേതപരസലിലമേതെന്നസൌ നിന്നുമേന്മേൽ-
ക്കോരിക്കൊണ്ടാസ്വദിക്കുന്നതു ബത കമലാകാമുകോ രാമവർമ്മാ."

൪. "പാലംഭോരാശിമേളം തടവുമണിപുകഴ്ച്ചേലകൊണ്ടംഘ്രിപത്മ-
ത്തോളം മൂടി പ്രതാപോദയഘുസൃണപരാഗാങ്ഗരാഗാഭിരാമാ
ചാലേ ചേർന്നാശ്രു നീയാം പ്രിയതമനൊടസൌ മേദുരശ്രീവിലാസം
മേളിച്ചീടുന്നു മാടക്ഷിതിരമണി രമാരങ്ഗമേ രാമവർമ്മാ."

൫. "വിമതാവനിപാലകാലനാം നിൻ രമണീയാവനരീതികണ്ടിദാനീം
രമയാ സഹ മാധവൻ പയോധൌ രമതേ രാമസമാന രാമവർമ്മാ."

സ്വമതത്തിൽ സാമാന്യാധികമായ വിശ്വാസവും ആസ്ഥയുമുണ്ടായിരുന്ന ഈ രാജർഷിയെയാണ് ഉദയംപേരൂരിലെ സൂനഹോദ് (Synod) മൂലവും മററും പ്രസിദ്ധനായ മെനെസസ് (Menezes) ആർച്ച് ബിഷപ്പ് ക്രിസ്തുമതത്തിലേക്കു പരിവർത്തനം ചെയ്യിക്കുവാൻ ഉത്സാഹിച്ചതു്. തൻെറ ഉപദേശങ്ങൾ മുഴുവൻ കേട്ടിട്ടും അവയുടെ സാരം ഗ്രഹിക്കാത്ത തമ്പുരാൻ ഒടുവിലത്തെ വിധിദിവസം ദൈവശിക്ഷയ്ക്കു പാത്രീഭവിക്കുമെന്ന് മെനെസസ് അട്ടഹസിച്ചപ്പോൾ അവിടുന്ന് "ആട്ടെ; ആ സംഗതിയെപ്പററി നമുക്ക് അന്ന് അവിടെ വെച്ച് സംസാരിക്കാം." എന്ന് മറുപടി പറഞ്ഞതേയുള്ളൂ. ഈ സംവാദവും മററും മുഴുവൻ ഗ്രഹിക്കണമെന്നുള്ളവർ ശ്രീമാൻ കെ. പി. പത്മനാഭമേനോൻെറ കൊച്ചിരാജ്യചരിത്രം ഒന്നാം ഭാഗം ഇരുപതാമദ്ധ്യായം വായിക്കേണ്ടതാണ്. റെവറണ്ട് ഹൌ അദ്ദേഹത്തിൻെറ History of Christianity എന്ന പുസ്തകത്തിൽ അവിടുത്തെ (Forbearance) ക്ഷമയെപ്പററി പ്രത്യേ

Digitized By Kerala Sahitya Akademi

കം ശ്ലാഘിച്ചിരിക്കുന്നതു് "ക്ഷാന്തിം നിസ്തുഷവൈദുഷീം ച നിതരാം ബിഭ്രദ്" എന്ന നീലകണ്ഠകവിയുടെ വർണ്ണനയോടു് അത്യന്തം യോജിക്കുന്നു. അവിടത്തെ അനന്തരഗാമിയായ വീരകേരളവമ്മമഹാരാജാവിനെപ്പററിയും പല പ്രശംസാപദ്യങ്ങൾ കാണുന്നുണ്ടു്.

"വാരിരാശി ചുഴലുന്ന ഭൂമിയിൽ നിറഞ്ഞുതിങ്ങിന യശോനിലാ-
വാശു തൂകിനൊരു താരകേശ, പലനാൾ വിളങ്ങുക മഹാമതേ,
ഘോരരാമരിയവൈരിവാരണമുഖേഷു മേവിന മൃഗേന്ദ്ര നീ
ധീരവീരവര മാടഭൂതിലക വീരകേരളമഹീപതേ."

എന്ന പദ്യം അവയിൽപ്പെട്ടതാണു്. മേല്പുത്തൂർ നാരായണഭട്ടതിരിയുടെ സുപ്രസിദ്ധമായ 'മാടമഹാരാജപ്രശസ്തി' ഈ വീരകേരളവമ്മാവിനെ അധികരിച്ചുള്ളതാണെന്നു പറയേണ്ടതില്ലല്ലോ.

രാജരത്നാവലീയത്തിനു പിന്നീടു നിമ്മിച്ച കൃതിയാണു് ബാണയുദ്ധം. ബാണയുദ്ധത്തിൽ യോഗപ്രഭയുടെ സ്ഥാനം ഉഷയുടെ സഖിയായ ചിത്രലേഖ വഹിക്കുന്നു. "വീര്യോദയമിളകിന ബാണാസുരന്നൊരു മൊഴ്വാ" എന്നവസാനിക്കുന്ന പദ്യവും മററും "കുഞ്ജത്താർബാണവൈരീവരമരുളിന ലങ്കേശ്വരന്നൊരുമൊഴ്വാ" എന്നവസാനിക്കുന്ന രാമായണചമ്പുവിലെ പദ്യത്തെ അനുസ്മരിപ്പിക്കുന്നു. "നിഖിലയുവതിവംശമുക്താമണിക്കു്" ഇത്യാദി ഉഷാസൌന്ദയ്യവർണ്ണനാത്മകമായ ഭാഷാഗദ്യം അത്യന്തം ഹൃദ്യമാകുന്നു. ശ്രീകൃഷ്ണനും ശ്രീപരമേശ്വരനും തമ്മിലുള്ള യുദ്ധം

"തൽക്കാലേ കോപശാലീ പുരരിപുഭഗവാൻ പോരിനായ്ക്കൊണ്ടുണ-
ർന്നുക്കണ്ണൊക്കച്ചുവന്നക്കരഭുവി കലയന്നാതതജ്യം പിനാകം [ഞ്ഞു
അഗ്രേ വേതാളഭൂതങ്ങളുമപി ച ഭയപ്രദ്രുതം ബാണസൈന്യം
പ്രക്ഷോഭം പൂണ്ടു ചാടീ നിലവിളി തടവിക്കൂട്ടമിട്ടാത്തഗവ്വം."

ഇത്യാദി പദ്യങ്ങളിൽ ഏററവും ഭങ്ഗിയിൽ വർണ്ണിച്ചിരിക്കുന്നു.

"ലക്ഷ്മീമാതിൻ കടാക്ഷഭ്രമരവിഹരണാരാമമേ ഞാനറിഞ്ഞേ-
നിക്ഷോണീഭാരശാന്ത്യൈ വിരചിതയദുവംശാവതാരം ഭവന്തം,
സഖ്യം വിസ്മൃത്യ നമ്മാൽകൃതമിതു കലഹം പ്രീതയേ തേ വിചാരേ
മുഖ്യാത്മൻ, ന്യൂനമല്ലാതടവു മഹിതഭക്താനുകമ്പയ്ക്കു പോരാ."

എന്നു ശ്രീപരമേശ്വരനും

Digitized By Kerala Sahitya Akademi

"ഗൗരീവക്ഷോജപുണ്യോദയപരിമളമേ, ഭക്തലോകക്ക് വേണ്ടി
സൈ്വരം ദാസ്യക്രിയയ്ക്കും പരമൊരു മടിയില്ലാത്ത കാരുണ്യരാശേ,
നേരെത്താതോരു നിന്നെത്തെളിവിനൊടിഹ കാണ്മാനകപ്പെട്ടതോ
നേരം മത്ഭാഗ്യമത്രേ; കരുതുമളവു നാമാശ്രവാസ്ഥാവകീനാഃ." [ക്കം-

എന്നു ശ്രീകൃഷ്ണനും സമാധാനപ്പെട്ടുപറയുന്ന അനുനയോക്തി എത്ര സമഞ്ജസമായിരിക്കുന്നു! ഇതൊക്കെയായാലും രാജരത്നാവലീയത്തിന്റേയും കൊടിയ വിരഹത്തിന്റേയും മേന്മ ബാണയുദ്ധത്തിനില്ലെന്നാണ് എന്റെ വിനീതമായ അഭിപ്രായം.

മലയാളഭാഷയിലെ ശൃങ്ഗാരകാവ്യങ്ങളിൽ കനിഷ്ഠികാധിഷ്ഠിതമെന്നു പറയേണ്ടതു് കൊടിയ വിരഹത്തെയാകുന്നു. സംഭോഗശൃങ്ഗാരവും സർവ്വോപരി വിപ്രലംഭശൃങ്ഗാരവും ഇത്ര ചമൽകാരത്തോടുകൂടി വർണ്ണിക്കുന്ന കൃതികൾ ഇതരഭാഷകളിൽപ്പോലും അപൂർവ്വമാണ്. ഈ കാവ്യത്തിന്റെ ഒരു ദോഷം അന്യകൃതികളിൽ നിന്നു കൈയും കണക്കുമില്ലാതെ വാരിക്കോരിപ്പകർത്തീട്ടുള്ള പദ്യങ്ങളുടെ നിലയാണ്. ശൃങ്ഗാരത്തിനും ചില ഘട്ടങ്ങളിൽ സഭ്യമല്ലാത്ത തരത്തിലുള്ള നഗ്നത വന്നുപോയിട്ടുണ്ട്. കൊടിയ വിരഹവും നൈഷധംപോലെ രണ്ടു ഭാഗങ്ങളുള്ള ഒരു ചമ്പുവാണ്. പൂർവ്വഭാഗത്തിൽ സംഭോഗവും ഉത്തരഭാഗത്തിൽ വിപ്രലംഭവും വർണ്ണിക്കപ്പെടുന്നു. രണ്ടു ഭാഗങ്ങളിലുംകൂടി ൩൨൨ പദ്യങ്ങളുണ്ടെന്നുവരികിലും അവയിൽ നാലിലൊന്നോളം പരസ്വമാണ്. രണ്ടാംഭാഗത്തിൽ "തതോ നാനാനോകഹനിവഹനിഭൃതേതര" ഇത്യാദി ഗദ്യം ഭോജചമ്പുവിൽനിന്നും 'ഭഗവൻ കുസുമായുധ' ഇത്യാദി ഗദ്യം ശാകുന്തളത്തിൽനിന്നും ഉദ്ധരിക്കപ്പെട്ടിരിക്കുന്നു.

"കലഹഃ കമലാക്ഷി കാമിനീനാമിതമുള്ളോന്നതു ചാല വെല്ലമാകിൽ;
പെരുകീടിലതും പ്രമാദമത്രേ കറിയിൽക്കിഞ്ചന കൂട്ടമുപ്പുപോലേ."

എന്ന പദ്യം ക്രി. പി. പത്താംശതകത്തോടടുത്തുള്ള വൈശികതന്ത്രത്തിൽനിന്നു പകർത്തീട്ടുള്ളതാകുന്നു. ഇതിലെ പരസ്വാപഹരണത്തിന് കവി എത്രമാത്രം ഉത്തരവാദിയെന്നും അനന്തരകാലികന്മാർക്ക് ആ വിഷയത്തിലുള്ള ബാധ്യതയെത്രയെന്നും സീമാവിനിർണ്ണയം ചെയ്യുന്നതു കേവലം അസാധ്യം തന്നെ.

ആദ്യമായ് 'കൊടിയ വിരഹം' എന്ന പദത്തിന്റെ ആഗമത്തെപ്പററി ചിന്തിക്കാം. ചിലർ കൊടിയ വിരഹമെന്ന പേർതന്നെ അതു

Digitized By Kerala Sahitya Akademi

പ്രസിദ്ധീകരിച്ച ഡാക്ടർ ശങ്കരമേനോൻ 'എഴുതിച്ചേർത്ത'താണെന്നും സംസ്കൃതചമ്പൂവിന് നല്കിയിരിക്കുന്ന 'കോടിവിരഹം' എന്ന പേരാണ് ശരിയായിട്ടുള്ളതെന്നും പ്രസ്താവിക്കുന്നു. കാവ്യമാലക്കാർ കോടിവിരഹത്തിനു പുതിയ വിരഹമെന്നുമൊരർത്ഥം കല്പിക്കുന്നു. ഹ്രസ്വമായ ഒകാരത്തിനു സംസ്കൃതത്തിൽ സ്ഥാനമേയില്ലാത്തതിനാൽ കൊടിയവിരഹമെന്നല്ല സംസ്കൃതചമ്പൂവിൻെറ നാമധേയമെന്നുള്ളതു സിദ്ധംതന്നെ. എന്നാൽ 'കൊടിയ വിരഹം' എന്നുതന്നെയാണ് ഭാഷാചമ്പൂവിൻെറ പേർ എന്നുള്ളതും നിർവിവാദമാണെന്നു താഴെ കാണുന്ന വിവരങ്ങളിൽനിന്നു സഹൃദയന്മാർക്കു കാണാം. പ്രതിജ്ഞായൌഗന്ധരായണം മൂന്നാമങ്കത്തെയാണ് ചാക്യാന്മാർ ക്രൂത്തിനു ധാരാളമായ് ഉപയോഗിക്കുന്ന മന്ത്രാങ്കം എന്നു പറഞ്ഞുവരുന്നത്. അതിൽ ഡിണ്ഡികവേഷനായ വിദൂഷകനും ഉന്മത്തകനും തമ്മിൽ സംഭാഷണം ചെയ്യുമ്പോൾ അണിയറയിൽനിന്ന് "മാ ബിഭീഹി മാ ബിഭീഹി ബ്രാഹ്മണോപാസക മാ ബിഭീഹി" എന്നൊരു വാക്യം കേൾക്കുന്നുണ്ടല്ലോ. ആ ഘട്ടത്തിൽ ഡിണ്ഡികൻ കൂത്തിൽ താഴെ കാണുന്ന ഭാഷാശ്ലോകം അഭിനയിക്കണമെന്നു മന്ത്രാങ്കം ആട്ടപ്രകാരത്തിൽ കാണുന്നു.

"ദാഹേ തണ്ണീർ, കൊടിയ വിരഹേ കാന്തയോടുള്ള സംഗം
താപോദ്രേകേ തണലപി തമസ്സങ്കടേ ച പ്രദീപഃ
പേവെള്ളത്തിൽപ്പതിതസമയേ തോണിയെന്റേവമാദീ-
ന്യാപൽക്കാലത്തഭിമതസുഹൃൽപ്രാപ്തിയോടൊൻറുമൊവ്വാ."

ആ ശ്ലോകത്തിലെ ഓരോ വിഷയവും ഡിണ്ഡികൻ പ്രത്യേകം പ്രത്യേകം പ്രപഞ്ചനം ചെയ്യണമെന്നുമുണ്ട്.

ദാഹേ തണ്ണീർ ഇത്യസ്യ.

"കൺക്രുടാവഴി പാടമേ കൊട്ടവെയിൽക്കാലത്തു ചാലത്തള-
ന്നോടിച്ചെൻെറാരുവണ്ണമങ്ങൊരുവഴിപ്പന്തല്ക്കലുൽക്കണ്ടയാ
തണ്ണീർ തുണ്ണമെടുത്തു കൈതനിൽ മുഖം മുന്നാ നനച്ചുൽഗള-
ദ്ധാരാശീതളമാഗളം കബളയത്യാഹന്ത ധന്യോ ജനഃ."

വേറെ ശ്ലോകങ്ങളുമുണ്ട്.

കൊടിയവിരഹേ ഇത്യസ്യ.

"ആശ്ലേഷേ ഭുജലതയോഃ ക്ഷണശ്ലഥത്വം
ശയ്യായാം സുരതപരിശ്രമേ സുഷുപ്തിഃ

Digitized By Kerala Sahitya Akademi

ആലാപേ വിരമണമീക്ഷണേ നിമേഷഃ
കാന്താനാമിതി വിരഹോ; മൃതിസ്തു ശേഷഃ.

അഥ കദാചിദഭ്യുദിതേ ഭഗവതി സവിതരി കാത്യായനീസദന മാസാദയൽ.

തസ്മിൻക്ഷണേ കമപി മന്മഥകാർമ്മുകജ്യാ-
ക്രേങ്കാരതാരമഭിനന്ദനമിന്ദ്രിയാണാം
കാഞ്ചീകലാപകളരധ്വനരണാനകീർണ്ണ-
മാകർണ്ണയൽ ധ്വണദ്ധ്വണം മണിനൂപുരാണാം.

നായകാവസ്ഥ.

ചിത്രം ചിത്രം ക്ഷിതിതലഗതാ സ്ഥായിനീ കാപി വിദ്യു-
ത്തസ്യാശ്ചാഗ്രേ തിമിരഭരഭൃൽപാർവണശ്ചന്ദ്രബിംബം
തസ്മിൻ ബിംബേ കുവലയയുഗം വിദ്രുമസ്ഥൽസമീപേ
തസ്യാധസ്താൽ കനകകലശൌ കിഞ്ച ഖേലം പ്രയാതി.'' ഇത്യാദി.

അനന്തരം നായികാവസ്ഥ.

"പാദാവേതൌ പ്രതിനവലസൽപദ്മരാഗപ്രകാശാ-
വാകാരശ്രീസ്തിരയതിതരാമിന്ദ്രനീലസ്യ ലക്ഷ്മീം
വക്ഷോദേശേ കിമപി ലളിതഃലിപ്തകാശ്മീരഗൌരം;
കോയം ദിവ്യഃ പുരുഷ ഇതി സാ തൎക്കയാമാസ തന്വീ.

ദൃഷ്ടേ ദൃഷ്ടേ നയനസുഭഗേ നന്ദനേ യൂനി തസ്മിൻ
ഗാഢാരൂഢപ്രണയവിവശാ കാതരാക്ഷീ തദാനീം
മന്ദമ്മന്ദം മദനവിശിഖൈരന്തരന്തഃ പ്രവിഷ്ടൈർ-
ഭൂയോഭൂയഃ ക്ഷുഭിതഹൃദയാ ഭാവഭേദം പ്രപേദേ."

പിന്നീട് സഖാവു സന്താപകാരണം ചോദിക്കുകയും നായകൻ മറുപടി പറയുകയും ചെയ്യുന്നു. നായകൻെറ മറുപടിയിൽനിന്നു മൂന്നു ശ്ലോകം ഉദ്ധരിക്കാം.

"ദൂരാദേവ കരാവലംബിതസഖീ ഭ്രൂസംജ്ഞയാ ദൎശിതേ
മയ്യുദ്ദാമവിലാസവിസ്മയവതീം വ്യാപാരയന്തീ ദൃശം
സാ മദ്ധ്യേ സ്തിമിതാലസേവ കിമപി പ്രാപ്താ കുരങ്ഗേക്ഷണാ
മന്ദമ്മന്ദമമന്ദവിഭ്രമവതീ കാത്യായനീസന്നിധിം."

Digitized By Kerala Sahitya Akademi

"ആരക്തകോകിലകളസ്വനഭങ്ഗിഭാജാ
വാചാ നമോ ഭഗവതീതി സമാലപന്തീ
സാ മന്മുഖാദനപകൃഷ്ടകടാക്ഷമേവ
മൂർദ്ധ്നാ മിളന്മധുകരേണ ശനൈരനംസീൽ."

x x x x x

"കേശാഃ പാശാസ്തരുണമനസാം ബന്ധനേ നേത്രമേതൽ
പാത്രം പ്രീതേഃ പരിണതശരച്ചന്ദ്രമിത്രഞ്ച വക്ത്രം;
വക്ഷോജൌ തൌ യുവഹൃദയവിക്ഷോഭണൌ മാരപുണ്യ-
ശ്രേണീ ശ്രോണീ ശിവശിവ സുധാസ്യന്ദവേണീ ച വാണീ"

"ചിത്രം ചിത്രം" "കേശാഃ പാശാഃ" ഇത്യാദി രണ്ടു പദ്യങ്ങളും "ആദർശനാൽ പ്രവിഷ്ടാ സാ മേ നരലോകസുന്ദരീ ഹൃദയം" ഇത്യാദി മറെറാരു പദ്യവും കൊടിയ വിരഹത്തിൽ ഉദ്ധരിച്ചിട്ടുണ്ടെന്നുകൂടി ഇവിടെ ഓർമ്മിക്കേണ്ടതാണ്. നായിക ഗൃഹത്തിൽ തിരിച്ചെത്തിയതിനു ശേഷമുള്ള അവസ്ഥയേയും അവളോട് സഖിയുടെ പ്രശ്നത്തേയും പററി ആട്ടപ്രകാരത്തിൽ ഇങ്ങനെ കാണുന്നു.

"നിഭൃതമഭിമതം തൽപ്രാണനാഥം സ്മരന്തീ
നിജമനസിജപീഡാചാപലം ഗോപയന്തീ
നിഗദിതുമസമർത്ഥാ സ്വാമവസ്ഥാം സ്വയം സാ
നിധുവനമണിഗേഹം പ്രാപ്യ ബാലാ രുരോദ.
ആദായാങ്കേ പരിമൃദു പരിഷ്വജ്യ ഭൂയോ നഖാഗ്രൈ-
ർമ്മുക്താകാരാൻ മുഖവിഗളിതാനസ്രബിന്ദൂൻ ക്ഷിപന്തീ
ബാലാം ബാലാതപപരിചയമ്ലാനനീലോൽപലാക്ഷീം
ദക്ഷാ വാക്യേ രഹസി മധുരം താം വയസ്യാ ബഭാഷേ."

'മാഭൂന്നാമ പ്രിയസഖി സഖീവഞ്ചനാത്മാ കളങ്കഃ.'

എന്നും സഖി നായികയെ ഉൽബോധിപ്പിക്കുന്നു. തദനന്തരം നായകനു നായികയുമായ് സങ്ഗമവും പിന്നീടു വിരഹവുമുണ്ടാകുന്നു. ആ ഘട്ടത്തിൽ ഉള്ള ഭാഷാപദ്യങ്ങളിൽ ചിലതെല്ലാം ലീലാതിലകത്തിൽ ഉദ്ധരിച്ചുകാണുന്നു.

"ഇനി ഞാൻ വിടകൊൾവനിന്ദുവക്ത്രേ കനിവില്ലാമ കറച്ചറിഞ്ഞു
[താനാൽ;
ഭവതീമധികൃത്യ ചെയ്ത ജാല്യം വിധിനാ സമ്പ്രതി വിഷ്ണുപൂജയാക."

Digitized By Kerala Sahitya Akademi

"വേരും തണ്ടും നിറവുമിലയും കണ്ടു ചേമ്പെൻറു മത്വാ
വാരിക്കോരിപ്പെരികെ വളമിട്ടാനുഭാവം കെടാതെ
വേനൽക്കാലേ ജലമപി കൊടുത്തങ്ങനേ ഞാൻ വളത്തേൻ
താനും ദൈവാൽ തദനു വെളിയായ് ഞാനുമൊൻറല്ലലാന്നേൻ."

"ഒരു പരവനിതാ ച ഞാനുമെമ്മിൽ
പ്രണയവിരോധമിയങ്ങിനോരുനേരം
ചെലുചെലന മുറിഞ്ഞുവീണ ചെമ്പൊൽ-
ക്കനവള ചൊല്ലിനടപ്പതെങ്ങൾ ചേതഃ."

ഇത്യാദി പദ്യങ്ങൾ അത്തരത്തിൽ പെട്ടവയാണ്. 'വേരും തണ്ടും' ഇത്യാദി പദ്യം ലീലാതിലകകാരൻ വൃത്തഭങ്ഗമെന്ന കാവ്യദോഷത്തിന് ഉദാഹരണമാക്കി "ആപൽക്കാലത്തതുമൊരുവെളിയായ് ഞാനുമൊൻറല്ലയായി" എന്ന് അതിൻെറ നാലാംപാദം പകത്തിയിരിക്കുന്നു. ആട്ടപ്രകാരഗ്രന്ഥത്തിൽ അതല്ല പാഠമെന്നു വായനക്കാർ ഇപ്പോൾ ധരിച്ചുവല്ലോ. "ഒരു പരവനിതാ" എന്ന പദ്യം ലീലാതിലകത്തിൽ "നണ്ണിനടങ്ങിയെങ്ങൾ ചേതഃ" എന്നാണ് അവസാനിക്കുന്നതു്. രാമായണചമ്പൂകാരനാണ് ഭാഷാചമ്പുക്കളിൽ കാണുന്ന ഗദ്യസരണികളുടെ ഉപജ്ഞാതാവു് എന്നു കരുതുന്നതു ശരിയല്ല. അതിനു മുൻപുള്ള ചില ഭാഷാചമ്പുക്കളുടെ ഏട്ടുകൾ അതിജീർണ്ണാവസ്ഥയിൽ ഞാൻ കണ്ടിട്ടുണ്ടു്. ആട്ടപ്രകാരത്തിൽ തന്നെയുള്ള വാസവദത്താവർണ്ണനം താഴെ ഉദ്ധരിക്കാം.

"ചെങ്ങിന തളിരൊളി ചേന്നു വിളങ്ങിച്ചെവ്വരി ചിതറിന ചേവടിയുഗളാ
പങ്ങിവിളങ്ങിന ചാരുപളുങ്ങിൻ പങ്ക്തിയൊടൊത്ത നഖാളീലളിതാ
വിവിധമണിപ്രഭ തമ്മിലൊരോൻെറ വിരവിൽ വിളങ്ങിന നാനാഭരണാ
ചെലുചെലനെൻറു ചിലമ്പൊലിപൊലിയും ചേതോഹരരുചി പുറവടിമധുരാ
പരിചിതകാന്തി കണക്കാലിലിട്ടും പാടകഹാടകപാടലശോഭാ
മുറുകിയൊതുങ്ങി നിറംപെരട്ടററം മുഴ പുണരാത മുഴങ്ങാൽബദ്ധാ
തുടവിയ മാരനികേതമണിന്തുണ്ടുടമ തുടന്ന തുടദ്വയസുഭഗാ
പുതുമപൊലിഞ്ഞു വിരഞ്ഞു വിരാജൽപൂന്തുകിലേന്തിന ജഘനാഭോഗാ
അരയിലുടൻപെട്ടമുടഞാൺപുണർചൂണ്ടരുണിതനിരുപമനീവിനിവേശാ
നദുമൂലാവിന നീർച്ചുഴിപോലേ നയനമനോഹരനാഭിഗഭീരാ
തിരളൊളിരോമാവലിചേന്നേറത്തിറമെഴമഴകിയൊരുദരവരാഢ്യാ
മുത്തണിമാലകൾ മാവിൽ മുഴക്കുമ്മുകൾമുല മൂടിന മുദ്ഗലമനോജ്ഞാ



Digitized By Kerala Sahitya Akademi

മണിഗണകാന്തിമലിഞ്ഞുനിറഞ്ഞുമാറ്റിൽ വിളങ്ങിന മഹിതാഭരണാ
താരാനിരയിലരുന്ധതിപോലേ തന്നേ മിന്നിന താലിമനോജ്ഞാ
ചെമ്പകമാലാലളിതകരത്തിൽ ചെലുചെലെ വിലസിന വലയകലാങ്കാ
ചെങ്ങഴനീർമലരകവിതളംപോലേ പങ്ങിന മൃദുലനഖാളീലളിതാ
പരിമളമീടിന പാതിരിനറുമലർ പഴിപെറുമധരമണിദ്യുതിസുഭഗാ
മാരമണിധ്വജദണ്ഡു കണക്കേ മസൃണമനോഹരനാസാനാളാ
കാമവിലാസകയത്തിലിണങ്ങും കയലൊളികോലിന കാതരനയനാ
താരുണ്യാമൃതവീചി കണക്കേ തരളതരാഞ്ചലചില്ലീലതികാ
നെഞ്ചെഴ വിലസിന നെററിത്തടഭുവി നെറിയേറും നവമങ്ഗലതിലകാ
കുടിലത തടവിന കുരുളനിരയിലെഴും കുസുമപരാഗപരീതലലാടാ
മാരരസാമൃതമാരി പൊഴിപ്പാൻ മഴമുകിലായ മലക്കുഴൽമധുരാ''.

ഈ ഗ്രന്ഥത്തിലെ പല ഭാഗങ്ങളും ക്രി. പി. പത്താംശതകത്തിൽ നിർമ്മിച്ചതെന്നാണ് എൻെറ പക്ഷം; ഏതായാലും ക്രി. പി. പതിന്നാലാം ശതകത്തിലെ കൃതിയായ ലീലാതിലകത്തെ അപേക്ഷിച്ച് അവ പ്രാക്തനങ്ങളാണെന്നു പറയേണ്ടതില്ലല്ലോ. ആട്ടപ്രകാരത്തിലും കാത്യായനീക്ഷേത്രത്തിൽ വെച്ചാകുന്നു നായികയ്ക്കും നായകനും പരസ്പരം അനുരാഗം ജനിക്കുന്നതു്. ആ കഥാവസ്തുവിനെത്തന്നെ മഴമങ്ഗലം രാജരത്നാവലീയത്തിലും കൊടിയവിരഹത്തിലും സംക്രമിപ്പിച്ചിരിക്കുന്നു. ''കൊടിയ വിരഹേ കാന്തയോടുള്ള സങ്ഗം'' എന്ന വാക്യം സൂത്രമായ് ഗ്രഹിച്ചുകൊണ്ടു് അതിനു വിസ്തൃതമായ ഒരു ഭാഷ്യം കാവ്യരൂപേണ നിർമ്മിക്കുവാനാകുന്നു 'കൊടിയ വിരഹ'ത്തിൽ നമ്മുടെ മഹാകവി ഒരുമ്പെടുന്നതു്. കൊടിയ വിരഹത്തിൽനിന്നു കോടിവിരഹത്തിൽ ഇതിവൃത്തത്തിനു സ്വല്പമേ വ്യത്യാസം വരുത്തിട്ടുള്ളു.

''മങ്ഗല്യരങ്ഗഭൂമിർമ്മദനമഹാരാജ്യഭാഗ്യപരിപാടീ
ശൃങ്ഗാരചന്ദ്രികാഖ്യാ കാചന കളഹംസഗാമിനീ ജാതാ.''

എന്നു നായികാപരമായ ഒരു ഗീതിപദ്യത്തിൽ കൊടിയവിരഹം ആരംഭിക്കുന്നുവെങ്കിൽ

''ഭങ്ഗ്യാ നിജാങ്ഗകാന്ത്യാ മങ്ഗജമപി മാനഹീനമാകലയൻ
സങ്ഗീതകേതുനാമാ ധീമാനാസീദ്ദ്വിജോത്തംസഃ.''

എന്നു നായകപരമായ ഒരു ആര്യാപദ്യത്തിൽ കോടിവിരഹം തുടങ്ങുന്നു. രണ്ടു കാവ്യങ്ങളിലും സങ്ഗീതകേതുതന്നെയാണു് നായകൻ. കോടി

Digitized By Kerala Sahitya Akademi

വിരഹത്തിൽ ശൃങ്ഗാരചന്ദ്രികയ്ക്കു പകരം നായികയുടെ പേർ ശൃങ്ഗാരലീല എന്നു മാററിയിരിക്കുന്നു. മഴമങ്ഗലത്തിൻെറ നായകൻ രാജാവും മേല്പുത്തൂരിൻെറ നായകൻ നമ്പൂരിയുമാണു്.

"കാന്ത്യാ നിർജ്ജിതമന്മഥഃ കമലജാലീലാവിനോദാസ്പദം
കാംക്ഷാപൂരണകാമധേനുരതിഥിപ്രാതസ്യ കാമീ യുവാ
കാന്താകാർമ്മണശീലരഞ്ജിതജനഃ കാരുണ്യശീലഃ കവിഃ
ക്ഷ്മാപാലശ്ച സ കാവ്യനാടകപരഃ കാസാം ഗിരാം ഗോചരഃ?"

എന്ന കൊടിയവിരഹപദ്യം നോക്കുക. മഴമങ്ഗലത്തിൻെറ നായികയ്ക്കും നായകനും ദമയന്തീനളന്മാർക്കെന്നപോലെ രൂപാമൃതത്തിൻെറ ശ്രോത്രാഞ്ജലിപാനം കൊണ്ടുതന്നെ അനുരാഗമുണ്ടാകുന്നു. അപ്പോൾ "മദ്ധ്യേ ഗൌരീനികേതേ പുതുമയൊടൊരു പൂരോത്സവം പ്രാദുരാസീൽ" എന്നു കൊടിയവിരഹത്തിലും

"അഭവദഭ്യുദയായ മഹോ മഹാനനതിദൂരഗതേ ഗിരിജാലയേ"

എന്നു കോടിവിരഹത്തിലും കാണുന്നു. രണ്ടും പാർവതീക്ഷേത്രംതന്നെ. അവിടെ രാജരത്നാവലീയത്തിൽ രാമവർമ്മമഹാരാജാവു് എന്നപോലെ നായിക ഒരു കേസരവേദിയിൽ കയറിനില്ക്കുകയും നായകൻ ആ സുന്ദരിയെക്കണ്ടു കാമാർത്തനാകുകയും നായകനും ഒരശോകത്തറമേൽ നില്ക്കുകയും അദ്ദേഹത്തിൽ നായിക അനുരക്തയാകുകയും ചെയ്യുന്നതായു് മഴമങ്ഗലം വർണ്ണിക്കുന്നു. നായകൻ ഒരു രത്നവേദിയിലും നായിക മറെറാരു തറയിലും കയറിനിന്നു എന്നും രണ്ടുപേരുടെ ഹൃദയവും അന്യോന്യം ആകൃഷ്ടമായെന്നും മേല്പുത്തൂർ ഗാനം ചെയ്യുന്നു. നായികയുടെ സ്വഗൃഹത്തിലേക്കുള്ള യാത്ര

"സാഭിപ്രായം പ്രണയമധുരം പ്രൌഢമാരൂഢരാഗം
പശ്യന്തീ തം വികചകമലശ്രീമുഷാ ലോചനേന
സഖ്യാഃ കർണ്ണേ കിമപി കിമപി വ്യാഹരന്തീ സഹാസം
മന്ദംമന്ദം മദനലളിതം മന്ദിരായ പ്രയാതാ."

എന്ന പദ്യത്തിൽ കൊടിയ വിരഹത്തിലും

"കിമപി കിമപി സഖ്യാഃ ശ്രോത്രമൂലേ വദന്തീ
വലിതവദനമേവം വീക്ഷമാണാ യുവാനം
കപടകൃതവിലംബാ കാമിനീ സാ കഥഞ്ചി-
ന്നിജനിലയമയാസീന്നിഹ്നുതാനങ്ഗപീഡാ."

Digitized By Kerala Sahitya Akademi

എന്ന പദ്യത്തിൽ കൊടിയ വിരഹത്തിലും വൎണ്ണിക്കപ്പെടുന്ന കൊടിയ വിരഹത്തിലെ "മനോരഥൈർയ്യദഭ്യസ്തം" എന്ന പദ്യത്തിനും കോടി വിരഹത്തിലെ 'അനുദിവസമയോഗേ' എന്ന പദ്യത്തിനുമുള്ള ആശയ സാമ്യത്തെപ്പററി മുൻപുതന്നെ പ്രസ്താവിച്ചുകഴിഞ്ഞു. ഏഷണിക്കാരുടെ വാക്കു കേട്ട് നായിക നായകനെ കൊടിയ വിരഹത്തിൽ ബഹിഷ്കരിക്കുന്നു; സ്വപ്നത്തിൽ നായകൻെറ അന്യസ്ത്രീസംഭോഗം കണ്ട് അതു സത്യമെന്നു വിശ്വസിച്ചു കുപിതയായ് കൊടിയ വിരഹത്തിലെ നായിക നായകനുമായ് വേർപെടുന്നു. ഇതൊന്നേ കഥാവസ്തുവിഷയത്തിൽ രണ്ടു ഗ്രന്ഥങ്ങൾക്കും തമ്മിൽ പറയത്തക്ക വ്യത്യാസമായുള്ളു. നായകൻെറ അനുനയനവാക്യം കൂടി "മദനബാണഹതോഽസ്മി പുനഃപുനഃ" എന്നു കൊടിയ വിരഹത്തിലും "പഞ്ചസായകഹതം ജനമേനം" എന്നു കോടി വിരഹത്തിലും ഏകദേശം ഒന്നുപോലെ കാണുന്നു. ധൃഷ്ടയായ തൻെറ മാതാവിൻെറ

"യാതു യാതു കിമനേന തിഷ്ഠതാ മുഞ്ച മുഞ്ച ഹൃദി മാദരം കൃഥാഃ
നിർദ്ദയം ശഠമമും കളങ്കിനം നാലമസ്മി നയനേന വീക്ഷിതും."

എന്ന വാക്കു കേട്ടു നായകനെ തിരസ്കരിച്ചതു് നായികയ്ക്കൊരു ദോഷമാണെന്നു തോന്നി മേല്പുത്തൂർ

"ദുർവാരം ഖലു ദൈവദുർവിലസിതം സ്വപ്നേ സ്വയം സാ വിലോ-
ക്യാന്യാസങ്ഗിനമാത്മവല്ലഭമതിക്രുദ്ധാ വിബുദ്ധാഭവൽ."

"നിദ്രാവിരാമസമയേപി രുഷാ സ്ഫുരന്ത്യാ
മുദ്രാദരിദ്രതരയാ പരിവൃത്തചേതാഃ
സ്വപ്നാനുഭൂതമപി വസ്തു തദസ്തധൈര്യാ
തന്വീ ചിരായ പരമാർത്ഥതയൈവ മേനേ."

എന്ന പദ്യങ്ങളിൽ ഇതിവൃത്തത്തിനു വരുത്തിയ മാററം അത്യന്തം അസ്വാഭാവികമാണെന്നു പറയാതെ തരമില്ല. അങ്ങനെ പിരിഞ്ഞ നായികയ്ക്കും നായകനും പിന്നീടുണ്ടാകുന്ന വിരഹതാപം രണ്ടു മഹാകവികളും അവരുടെ സർവസിദ്ധികളും പ്രയോഗിച്ചു വൎണ്ണിച്ചിട്ടുണ്ടെങ്കിൽ അതിൽ മെച്ചം കൊണ്ടുപോയിരിക്കുന്നതു മഴമങ്ഗലമെന്നുതന്നെയാണ് എൻെറ അഭിപ്രായം. കൊടിയ വിരഹം ചമ്പുവിൻെറ സാരസ്യം അനുഭവിക്കണമെങ്കിൽ അതു് ആദ്യന്തം വായിക്കണം; അല്ലാതെ അങ്ങുമിങ്ങുമുള്ള ചില ശ്ലോകങ്ങൾ ഉദ്ധരിച്ച് അതിൻെറ വിശ്വാതിശായിയായ സൌന്ദര്യത്തെ പ്രദർശിപ്പിക്കുവാൻ പുറപ്പെടുന്നതു് ആ കാവ്യരത്നത്തോടു ചെയ്യുന്ന ഒരു വലിയ അപരാധമെന്നാണ് എനിക്കു തോന്നീട്ടുള്ളതു്.

Digitized By Kerala Sahitya Akademi

"ആകാശേ കാളമേഘദ്വിരദവരഘടാബന്ധുരേ ചന്തമേറും
നാകാധീശായുധംകൊണ്ടിനിയ കൊടിമരം നാട്ടി വർഷോത്സവാത്ഥീ
ക്രകം കേകാമണിക്കൊമ്പുകൾ നിവിരെ വിളിപ്പിച്ചു വിശ്വം മുഴക്കി-
ച്ചാകമ്രം തൂകിനാൻ വന്ദ്യഫവിരക്സൗ ഹന്ത പർജ്ജന്യദേവൻ."

ഇത്യാദി മനോഹരപദ്യങ്ങൾ ഈ വിശിഷ്ടഗ്രന്ഥത്തിലുള്ളതാണെന്നു പറയുവാൻ മാത്രമേ ഇവിടെ തരമുള്ളു.

ഇനി നൈഷധചമ്പുവിലേക്കു കടക്കാം. നൈഷധത്തിന്റെ പൂർവഭാഗത്തിൽ ൧൫൯-ം ഉത്തരഭാഗത്തിൽ ൧൩൪-ം പദ്യങ്ങളുണ്ട്. രണ്ടു ഭാഗങ്ങളിലും ചില ഗദ്യങ്ങളുമുണ്ട്. രണ്ടു ഭാഗങ്ങളും അമൃതമധുരങ്ങളാണെങ്കിലും പൂർവഭാഗത്തിന് ആസ്വാദ്യത കൂട്ടുമെന്നാണ് എനിക്കു സ്വാനുഭവംകൊണ്ടു പറയുവാൻ തോന്നുന്നത്. ഉത്തരഭാഗത്തിലെ വിപ്രലംഭവർണ്ണനം വിവൃതമായിട്ടില്ല. ദമയന്തിയുടെ നളാന്വേഷണഘട്ടം പ്രത്യേകം സരസമായിട്ടുണ്ട് എന്നുള്ള വസ്തുത ഞാൻ വിസ്മരിക്കുന്നില്ല; എങ്കിലും ഗ്രന്ഥകാരൻ വിസ്തരഭീരുവായ് കഥ മാത്രം പറഞ്ഞുകൊണ്ടു പോകുന്ന ശ്ലോകങ്ങളുമിടയ്ക്കിടയ്ക്കുണ്ടെന്നു സഹൃദയന്മാർക്ക് കാണാവുന്നതാണ്.

"കാതര്യം ചേർത്തു കോകങ്ങളിലഖിലചകോരാവലീപ്രാണരക്ഷാ-
ചാതുര്യം കൈവളർത്തിസ്സകലകുമുദിനീകാമിനീപുണ്യഭൂമാ
വൈധുര്യാവേഗദായീ വിരഹിഷു സുഷമാപൂരപീയൂഷധാരാ-
മാധുര്യം പോഷയൻ ദേഹിഷു പുനരുദിയായൈഷ പീയൂഷധാമാ."

"പ്രത്യബ്ജം പ്രതിഷൾപദം പ്രതിലതം പ്രത്യുഗ്രപഞ്ചാനനം
പ്രത്യദ്രിം പ്രതിസിന്ധുരം പ്രതിസരഃ പ്രത്യാപഗം പ്രത്യഗം
പ്രത്യേണം പ്രതികോകിലം പ്രതിശിലം ബാലാ വിയോഗാകുലാ
പ്രത്യേകം പ്രതിവസ്തു ഭീമതനയാ പപ്രച്ഛ കാന്തം നളം."

ഇത്യാദി പദ്യങ്ങളും "അസ്തഗിരീശ്വരമസ്തകസീമനി ഭാസ്കരഭഗവാൻ മറയുന്നേരം" "കാട്ടിൽനടുവേ കൂട്ടത്തോടേ" ഇത്യാദി ഗദ്യങ്ങളും നാം വായിക്കുമ്പോൾ ഉത്തരഭാഗം ആപാദചൂഡം വേണമെങ്കിൽ കവിക്ക് ഇക്കണക്കിൽതന്നെ രചിക്കാമായിരുന്നു എന്നു തോന്നിപ്പോകുന്നു. എന്നാൽ ഈ താരതമ്യവിവേചനത്തിനു പ്രസക്തി നൈഷധത്തിന്റെ പൂർവഭാഗം ഉത്തരഭാഗവുമായി തുലനം ചെയ്യുമ്പോൾ മാത്രമാണെന്നു ഞാൻ ആവർത്തിച്ചുപറഞ്ഞുകൊള്ളട്ടെ. പൂർവഭാഗം ഉത്തരഭാഗത്തെ ജയിക്കുന്നു

Digitized By Kerala Sahitya Akademi

എന്നു പ്രസ്താവിച്ചതുകൊണ്ടു് ഉത്തരഭാഗം മററു ചമ്പുക്കളോടു കിട നില്ക്കുന്നില്ലെന്നു് അത്ഥമില്ല. പൂവ്വഭാഗം ആദ്യന്തം അത്യന്തം വിശിഷ്ട മാകുന്നു. നളൻേറയും ദമയന്തിയുടേയും പ്രണയലേഖനങ്ങൾക്കു സമങ്ങ ളായ പദ്യങ്ങൾ ഇതരചമ്പുക്കളിലില്ല.

"സങ്കല്പസങ്ഗമസുഖാനുഭവസ്യ നാഹം
ഭങ്ഗം കരോമി സമയേ സമയേ സമേത്യ
സഞ്ചിന്ത്യ നൂനമിതി തൌ സദയം വിഹായ
നിദ്രാ ജഗാമ നിപുണേവ സഖീ സകാശാൽ."

എന്ന ആ ശരൽപൌണ്ണമാസീചന്ദ്രബിംബത്തിനു തുല്യമായ ഒരു പദ്യം ലോകത്തിലെ ഏതു കവിയുടേയും ലോകോത്തരമായ ഏതു പദ്യത്തോടും കിടനില്ക്കുവാൻ പയ്യാപ്തമായിട്ടുള്ളതും അതൊഴിച്ചു മറെറാന്നുംതന്നെ മ ഴമങ്ഗലം രചിച്ചില്ലെങ്കിലും അദ്ദേഹത്തെ മഹാകവിസിംഹാസന ത്തിൽ ആരൂഢനാക്കുവാൻ ശക്തിമത്തുമാകുന്നു. "മഹിതമിതി തദാനീം വിദഭരാജാത്മജാ" ഇത്യാദി ഗദ്യത്തിലും

"പുടവ വടിവു പോരാഞ്ഞിട്ടു കോപിച്ചു കാചിൽ
ഝടിതി രമണവക്ത്രേ കൊണ്ടുപോകെന്നറിഞ്ഞാൾ
തടിയനതുമെടുത്തുംകൊണ്ടു താനേ നിരൂപി-
ച്ചവിടെ നിലയൊടിക്കും കോപ്പു കണ്ടാൽ വിനോദം."

എന്ന പദ്യത്തിലും മററും നമ്പൂരിയിൽനിന്നു പൊട്ടിപ്പുറപ്പെടുന്ന ഫലി തരസവും അദ്വൈതമാണു്. രണ്ടാംഭാഗത്തിലെ

"അന്നേരം കോപി വൃദ്ധശ്ശബരപരിവൃഢോ ഹന്ത താൻ ജാതനായീ-
ട്ടന്നാളേ ജാതരോമോൽഗമചികരമുഖശ്മശ്രുലോ ധൂസരാത്മാ
പിന്നാലേ മാംസഗന്ധാഹൃതവിപുലമഹാമക്ഷികാക്രാന്തവക്ത്രോ
ഖിന്നാമേനാം വധൂടീമകടതടമണിം കാമയാമാസ കാമീ."

എന്ന പദ്യത്തിലും ഈ രസം സ്ഫുരിക്കുന്നുണ്ടു്. "താം ശ്രോത്രാഞ്ജലി നാ നിപീയ" "വിദ്വാൻ വിപ്രതിഷേധേ" മുതലായ പദ്യങ്ങളിൽ കവി തൻെറ വിവിധശാസ്ത്രജ്ഞാനത്തെ പ്രകടിപ്പിക്കുന്നു. കിം ബഹുനാ, നൈഷധം കവിയുടെ മററു ചമ്പുക്കളെക്കാൾ സംസ്കൃതപ്രധാനമാണെ ങ്കിലും ആകെക്കൂടി നോക്കുമ്പോൾ അവയെ അതിശയിക്കുന്ന സവ്വാങ്ഗ സുന്ദരമായ ഒരു കാവ്യതല്ലജമായ് പരിലസിക്കുന്നു എന്നുള്ളതിനു യാതൊ രു സന്ദേഹവുമില്ല.

Digitized By Kerala Sahitya Akademi

നൈഷധത്തിൽ പ്രത്യേകമൊരാവശ്യം കൂടാതെ രാമായണ ചമ്പുവിൽനിന്ന് സംക്രമിച്ചിരിക്കുന്ന 'കുടകരം തഴകരം' ഇത്യാദി പദ്യമ ല്ലാതെ ബാക്കിയെല്ലാം കവിയുടെ സ്വന്തമാകുന്നു. ഈ കൃതിയിലെ കഥാ വസ്തു ഈശ്വരാധിഷ്ഠിതമല്ലാത്തതിനാൽ പാഠകക്കാൎക്കു കൈകാൎയ്യത്തി ന് ഇടവന്നിട്ടുള്ളതായിരിക്കുകയില്ല; തന്നിമിത്തം ഇതിൽ അനന്തരകാ ലികന്മാർ ഇതരകൃതികളിൽനിന്നു ശ്ലോകങ്ങൾ ഊട്ടുവലിക്കുന്നതിനു സം ഗതിയുണ്ടായുമിരിക്കയില്ല. എങ്കിലും പ്രാചീനമാതൃകകളെ മഴമങ്ഗലം പല ഘട്ടങ്ങളിലും അനുകരിച്ചിരിക്കുന്നു എന്നുള്ളതിനു തെളിവുണ്ട്. ആദ്യത്തെ ഗദ്യത്തിൽ കാണുന്ന

"മിത്രാപായേ ഹിതാ കുമുദം ചിത്താനന്ദം വന്നീലാൎക്കും;
ദോഷാഗമനേ ശശധരനെന്യേ തോഷം കണ്ടീലാൎക്കുമൊരുന്നാൾ."

ഇത്യാദി പരിസംഖ്യാലങ്കാരപ്രയോഗം ചമ്പൂകാരന്മാൎക്കു സർവസാധാര ണമായുള്ള ഒരു സാഹിത്യവിനോദമാകുന്നു. ബാണയുദ്ധത്തിൽ

"ചിത്രച്ഛായാസു വൎണ്ണവ്യതികരമണിഗീതങ്ങളിൽ പ്രൌഢരാഗ-
പ്രസ്താവം മിത്രവൈരം കുമുദതതിഷു വൃത്തക്ഷയം ബാലചന്ദ്രേ
മുഗ്ദ്ധാക്ഷീകേശപാശേ കുടിലത പിതൃകാൎയ്യേ വൃഷോത്സൎഗ്ഗമയ്യാ
ചിത്രം കേരം കൈവളർന്നു ധരണിഭരണസംക്രീഡിതേ പങ്കജാക്ഷേ."

എന്നൊരു പദ്യം ഇതേ ഛായയിൽ കാണുന്നുണ്ട്. അതിൽത്തന്നെ നൈഷധീയചരിതകാരനായ ശ്രീഹൎഷന്റെ ആശയത്തെ ഉപജീവിച്ച് "ദാരിദ്ര്യത്തിന്നകപ്പെട്ടിതു ശിവ ശിവ ദാരിദ്ര്യമെന്നേ വിനോദം" എ ന്നൊരു പദ്യപാദവും കാണാം. ഇതെല്ലാം രാമായണചമ്പുവിൽ രാമാ വതാരഘട്ടത്തിൽ ദശരഥന്റെ രാജ്യഭാരത്തിലുള്ള "ചന്ദ്രമസി ദോഷാകര താ; തുഷാരേ കമലാപായകാരിതാ; കാമിനീകുന്തളഭരേ കുടിലതാ" ഇത്യാ ദി അത്യുജ്ജ്വലമായ ഗദ്യത്തിലെ ആശയാവലിയുടെ ഏകദേശപരാവ ൎത്തനം മാത്രമാണ്. നാരായണീയത്തിൽ നീലകണ്ഠകവിയും

"ദാരിദ്ര്യത്തിന്നെത്തീ ശിവ ശിവ ദാരിദ്ര്യാദയമെത്ര വിചിത്രം."

എന്നു തുടങ്ങിയ ഭാഗത്തിൽ മഴമങ്ഗലത്തിന്റെ ആശയത്തെ ഒന്നു പരി ഷ്കരിക്കുന്നു. വീണ്ടും നൈഷധം ഒന്നാമത്തെ ഗദ്യത്തിലുള്ള

"പയ്യാകലധൃതി പരിചൊടു മെയ്യും കയ്യും ചേൎത്തു പുണൎന്നാവൂ ഞാൻ"

x x x x

എന്ന ഭാഗം നാരായണീയത്തിൽ

Digitized By Kerala Sahitya Akademi

"ഉല്ലാസമാർന്നിവനെ മാറിലണച്ചു ഗൃദ്ധം
മല്ലീശരപ്പടയിലൊന്നു പുണന്നുതാവൂ;
മെല്ലെ കപോലഭുവി പാണിയുഗേന താങ്ങി-
ക്കല്യാണവക്ത്രമലരൊന്നു മുകന്നുതാവൂ."

എന്നു രൂപാന്തരപ്പെടുന്നു. നൈഷധത്തിലെ

"പുത്തൻപരാഗനികരങ്ങളെ വാരി മേന്മേ-
ലൂതീടിനാരുടനുടൻ പവമാനപോതാഃ
ചിത്രം തദീയഹൃദയേ മദനാഗ്നിമേറെ-
ക്കത്തിപ്പതിന്നൊരു പയിൻപൊടിയെന്നപോലെ".

ഇത്യാദി വസന്തതിലകപദ്യങ്ങളിൽ കാണുന്ന വർണ്ണനശൈലിക്കു പഴയ മാതൃകയുണ്ട്. രാമായണചമ്പുവിൽ പട്ടാഭിഷേകഘട്ടത്തിലെ

"ശ്രീരാമചന്ദ്രനു നിറത്തൊടലംകൃതം വാർ
ചേരും മനോഹരമഹാമകുടം ചകാശേ
ആരൂഢമോദമഭിഷേകനിഷേവണത്തി-
ന്നാരാദുപേത്യ മരുവും കനകാദ്രിപോലെ".

ഇത്യാദി പദ്യങ്ങൾ പരിശോധിക്കുക. ശുകസന്ദേശത്തിലെ "ശുക്ലൈഃ പക്ഷൈർവിഹസിതഹസന്മല്ലികാ മല്ലികാക്ഷാഃ" എന്ന വരിക്കു നൈഷധത്തിലെ "പക്ഷകാന്ത്യാ പരിഹസിതഹസന്മല്ലികാൻ മല്ലികാക്ഷാൻ" എന്ന വരിക്കും ജനകജന്യഭാവമുണ്ടെന്നു വേണം ഊഹിക്കുവാൻ. "മഹിതമിതി തദാനീം വിദർഭരാജാത്മജാ" ഇത്യാദി ഗദ്യം "കപചിദപിപ്ര വൃന്ദം പൊട്ടുന്നെന്നു തമ്മിൽ" ഇത്യാദി സീതാസ്വയംവരഗദ്യത്തിന്റെ പ്രപഞ്ചനമാണു്. ഇത്തരത്തിലുള്ള ഋണബന്ധമെല്ലാം തട്ടിക്കഴിച്ചു നോക്കിയാലും നൈഷധത്തിനു മണിപ്രവാളകാവ്യങ്ങളുടെ ഇടയിൽ മഹനീയമായ ഒരു സ്ഥാനത്തിന് അപ്രതിഷേധ്യമായ് അവകാശമുണ്ടു്. കവിക്കു് അപഹരണപിപാസ തീക്കണമെന്നു മോഹമുണ്ടെങ്കിൽ ശ്രീഹർഷന്റെ നൈഷധീയചരിതമാകുന്ന പിയൂഷപാരാവാരം മുന്നിൽത്തന്നെ പരന്നുകിടക്കുന്നുണ്ടായിരുന്നു; എന്നിട്ടും അതിനോടു് ഒട്ടും ഒരാധമർണ്യത്തിനു സന്നദ്ധനായില്ല എന്നുള്ളതു് അദ്ദേഹത്തിന്റെ സ്വതന്ത്രബുദ്ധിക്കു പര്യാപ്തമായ നിദർശനമാകുന്നു. നൈഷധചമ്പുവിൽ കവി കൈകാര്യം ചെയ്യുവാൻ തിരഞ്ഞെടുത്ത "കാസി ബാലേ പേശലാങ്ഗി" മുതലായ പദ്യങ്ങളിലെ ചില അപൂർവ്വവൃത്തങ്ങൾക്കു് അദ്ദേഹത്തിന്റെ ഇതരചമ്പുക്കളിൽ പ്രവേശം കാണുന്നില്ല.

Digitized By Kerala Sahitya Akademi

കേരളത്തിൽ സഞ്ജാതമായ ഒരു സംസ്കൃതനൈഷധചമ്പു ഞാൻ വായിച്ചിട്ടുണ്ട്. കവിത മോശവും കവി ഉണ്ണായിവാരിയരുടെ അനന്തരകാലികനെന്നു സംശയം തോന്നിക്കത്തക്കതുമാണ്.

"ശ്രീമാൻ പുരാ നിഷധനീവൃതി പുണ്യകീർത്തിഃ
കാമോപമഃ കമലവൈരികുലാവതംസഃ
സാമാദിവിൽ സമമതിഃ ശ്രിതകാമദായീ
രാജാ ബഭൂവ വിമലോ നളനാമധേയഃ."

x x x x

"ദരിദ്രോയം ഭാവീത്യജലിഖിതമർത്ഥിഷ്വനൃതമഥോ
ലലാടസ്ഥം വ്യർത്ഥം ന ഖലു കലയൻ സാർവ്വഭൗമസമഃ
ദരിദ്രത്വം നീത്വാ സ്വയമിഹ തു ദാരിദ്ര്യവിഭവേ
വിജേതാ ദാതൄണാം ത്രിജഗതി പിനാകീവ സ ബഭൗ."

ഈ രണ്ടു പദ്യങ്ങളിൽനിന്നും സഹൃദയന്മാക്ക് പ്രസ്തുതഗ്രന്ഥകാരൻെറ ബാലിശത്വം മനസ്സിലാക്കാം. ഉണ്ണായിയുടെ നളചരിതം കഥകളിയിലെന്നതുപോലെ ഈ ചമ്പുവിലും നാരദൻെറ വരവുണ്ട്.

"കദാചിദംഭോജഭവാങ്ഗസംഭവോ മുനിസ്സമേത്യാഹ്ണശേഷമാദരാൽ
നളം നരേന്ദ്രം നിജഗാദ സത്യവാക് സമസ്തലോകാധികപൂജിതം വചഃ."

എന്ന പദ്യം നോക്കുക. കഷ്ടം! ശ്രീഹർഷനും മഴമങ്ഗലവും ഉണ്ണായിയും തങ്ങളുടെ സൂക്തികളെക്കൊണ്ട് ആരാധിച്ച ഒരു പുണ്യപുരുഷൻെറ കഥ കേരളത്തിലെ ഒരു കവി തൻെറ ചാപലംകൊണ്ട് ഇത്രമാത്രം അലങ്കോലപ്പെടുത്തിയല്ലോ. ദുഷ്കവിതാപിശാചിയുടെ ദുർല്ലളിതാവേശം! വ്യാഹാരദേവതയുടെ കാരാഗൃഹപ്രവേശം !!

'ഗച്ഛതഃ സ്ഖലനം ന ദോഷായ' എന്നുണ്ട്. നടക്കുന്നവനല്ലാതെ കാലിടറുകയില്ല. നൈഷധചമ്പുവിൻെറ ഈ പതിപ്പിനു പഴയ പതിപ്പല്ലാതെ ഒരു താളിയോലഗ്രന്ഥംപോലും ആദർശമായ് ലഭിച്ചിട്ടില്ല; എൻെറ അറിവിൽ പെട്ടിടത്തോളവും അത്തരത്തിലൊരു ഗ്രന്ഥമുള്ളതായ് തോന്നുന്നില്ല. അതുകൊണ്ടു പഴയ പതിപ്പിൽ പൊടിവായ് കുത്തിട്ടുതള്ളിയിരിക്കുന്ന ഭാഗങ്ങൾ ഈ പതിപ്പിലും ആ നിലയിൽത്തന്നെ ഇരിക്കുന്നതേയുള്ളു. നൈഷധചമ്പുവിൻെറ ഒരൊററ ഏടെങ്കിലും കണ്ടുകിട്ടുവാൻ ഭാഷാഭിമാനികൾ തീവ്രമായി പരിശ്രമിക്കേണ്ടതാകുന്നു.



Digitized By Kerala Sahitya Akademi

തിരുവനന്തപുരം വലിയകൊട്ടാരം ഗ്രന്ഥപ്പുരയിൽ ഇന്നു നില വിലിരിക്കുന്ന പാഠത്തിന്റെ ആദർശമാണെന്നു് ഊഹിക്കേണ്ട ഗ്രന്ഥത്തിന്റെ ഉത്തരഭാഗം മാത്രം എനിക്കു നിപുണമായ ഗവേഷണത്തിന്റെ ഫലമായു് കണ്ടുകിട്ടുവാൻ ഇടവന്നു. അതിൽ താഴെക്കാണുന്ന പാഠഭേദങ്ങൾ സ്മരണീയങ്ങളാണു്. അവയ്ക്കു് അച്ചടിയിൽ കാണുന്ന പാഠങ്ങൾ പകർത്തിയതിൽ പററിപ്പോയ പിശകുകളാണെന്നു തോന്നുന്നു.

| പദ്യമോ, ഗദ്യമോ | സംഖ്യ | മുദ്രിതപാഠം | ഗ്രന്ഥപാഠം |
|---|---|---|---|
| പദ്യം | 6 | രത്നമാകുന്ന | രത്നമാകിന്ന |
| ഗദ്യം | 1 | കാഞ്ചീഘടി | കാഞ്ചീഘട |
| പദ്യം | 24 | വാണ | വാണ്ണു |
| ,, | 25 | ചൂതുപോരാം | ചൂതുപേരാം |
| ,, | 27 | യാസ്യന്ത്യാം...ദമയന്ത്യാം | യാസ്യന്ത്യാ...ദമയന്ത്യാം |
| | 34 | മുതിന്നീടുന്നു | പുകഴ്ത്തീടുന്നു |
| ,, | 35 | യതിക്കേണ്ടതുള്ളു | കൊതിക്കേണ്ടതുള്ളു |
| ,, | 39 | നടക്കിൽപോകാമേ | നടക്കുപ്പാകാമേ |
| ഗദ്യം | 2 | ഉറങ്ങിനവങ്ങിനട്ടങ്ങി | ഉറങ്ങിനവങ്ങുനട്ടങ്ങി |
| പദ്യം | 46 | താന്താനഞ്ഞുറ | ആന്ധ്യാലഞ്ഞുറ |
| ഗദ്യം | 3 | വിറയ്ക്കുന്നുള്ളം | വിറയ്ക്കുന്നു മേ |
| ,, | ,, | ഊററാങ്കോലും‡ | ഊററം കോലും |
| പദ്യം | 58 | സഞ്ചചാരാഞ്ചിതാങ്ഗി | സഞ്ചചാരാകുലാങ്ഗി |
| ,, | 63 | ധൈര്യമുലയുന്നു | ധൈര്യമുടയുന്നു |
| പദ്യം | 64 | വരടാസുമൈരംഘമേ | വരടാസുഖൌഘമേ |
| ,, | ,, | ഖഗകുലാവതംസമേ | ഖഗഘടാവതംസമേ |
| ഗദ്യം | 5 | ഇത്തിമിരകരീശചരർ | അത്തിമിരകരീശചരർ |
| പദ്യം | 75 | പൂണ്ടീടുന്നോരു | തണ്ടീടുന്നോരു |
| ,, | | രാത്രിയെല്ലാം | രാത്രിമുട്ട |
| ,, | ,, | കാപിനാഗാങ്ഗനാ | കാപിനാകാങ്ഗനാ |
| ,, | 83 | ആക്രോശാതം | ആക്രോശാതം |
| ,, | 96 | ഭയദവിപിനഭാഗേ | കൊടിയ വിപിനഭാഗേ |
| ,, | 121 | വിചിചിന്ത ചേതസാം | വിചചാര ചേതസാം |
| ഗദ്യം | 10 | വീണതു | വീണ്ണതു |
| പദ്യം | 131 | സംസ്കാരം ചേന്ന തന്വീം | സംസ്കാരം ചേന്ന തന്വീ |
| ഒടുവിലത്തെ ഗദ്യം | | ചെന്താർശരൻ | ചെന്താർചരൻ |
| ,, | | മലർവിശിഖ | അലർവിശിഖ |

നൈഷധത്തെപ്പററി ഇനിയും അനേകം വിഷയങ്ങൾ പ്രസ്താവിക്കുവാനുണ്ടെങ്കിലും വിസ്തരഭയത്താൽ വിരമിക്കുന്നു. ദാരികവധം ബ്രാഹ്മണിപ്പാട്ടു മഴമങ്ഗലം നാരായണൻനമ്പൂരിയുടെ കവിതതന്നെയെന്നു

‡ ഊററാങ്കോലെന്ന കീറാമുട്ടി ഇതുകൊണ്ടു മാറാലപോലെ മാറിക്കൊള്ളുന്ന തുതന്നെ ഒരു വലിയ ലാഭമാണല്ലോ.

Digitized By Kerala Sahitya Akademi

ള്ളതിന്ന് സംശയമില്ല; അതു പരിഷത്ത്രൈമാസികത്തിൽ പ്രസിദ്ധപ്പെടുത്തീട്ടുണ്ട്. അതേ ത്രൈമാസികത്തിൽ പ്രസിദ്ധപ്പെടുത്തീട്ടുള്ള ദേവീസ്തുതി ബ്രാഹ്മണിപ്പാട്ടിനും ആ മഹാകവിയുടെ ദുഹിതൃസ്ഥാനത്തിന്ന് അവകാശം കാണുന്നു.

"നീലവലാഹകജാലമെന്നറിക്കും ബാലശിലീമുഖമാലതന്നിക്കും
മാലകതാരിൽ വളൎത്തുവിളഞ്ഞൊരു മേളമുലാവിന നീലിമകൊണ്ടേ
നിഖിലദിഗന്തം മുഴുകിച്ചീടും കചഭരലോലേ കരധൃതശൂലേ."

ഇത്യാദി ഭാഗങ്ങൾ നോക്കുക. പാൎവ്വതീപാണിഗ്രഹണം ആറു വൃത്തം ശ്രീമൂലം മലയാളഭാഷാഗ്രന്ഥാവലിയിൽ ൧൩-ാം അങ്കമായ് പ്രസിദ്ധപ്പെടുത്തീട്ടുണ്ട്. * അതിലേയും ഭാഷാചംപുക്കളിലേയും ഭാഷയൊന്നുതന്നെ. പാൎവ്വതിയുടെ തപസ്സു വൎണ്ണിക്കുന്ന ചതുൎത്ഥവൃത്തം വിശിഷ്യ മനോഹരമാകുന്നു.

"ചുരുണ്ടുനീണ്ടിരുണ്ടലർമാലാമണം പെരുകും പൂങ്കുഴൽ പിരിച്ചുടൻ
പരിചിൽത്തീൎത്തൊരു ജടകൊണ്ടീശപരിചെ പെരികെശ്ശോഭിച്ചാളരശംഭോ.
തിരളും കോമപ്പട്ടുകലെ വീഴ്ത്തുടൻ തിരുവരതന്നിലഴകോടേ
പരുഷം വല്ക്കലമെടുത്തുചാൎത്തീട്ടു പെരികെശ്ശോഭിച്ചാളരശംഭോ."

മുതലായ ഭാഗങ്ങൾ കവിയുടെ കൃതഹസ്തതയ്ക്കു സാക്ഷ്യം വഹിക്കുന്നു. എന്നാലും കുമാരസംഭവത്തിലെ ആശയങ്ങൾ ഒട്ടധികം പരാവൎത്തനം ചെയ്തിരിക്കുന്ന ഈ കൃതി മഴമങ്ഗലത്തിന്റേതെന്നു സമ്മതിക്കുവാൻ തോന്നുന്നില്ല.

'സ്മാൎത്തപ്രായശ്ചിത്തവിമൎശിനി' കേരളത്തിലെ വൈദികക്രിയകളെസ്സംബന്ധിച്ചുള്ള ഒരുത്കൃഷ്ടമായ പ്രമാണഗ്രന്ഥമാകുന്നു.

"ബോധായനഞ്ച മന്വാദീനാശ്വലായനമേവ ച
പ്രണമ്യ ക്രിയതേ സ്മാൎത്തപ്രായശ്ചിത്തവിമൎശിനീ."

എന്ന മങ്ഗലാചരണത്തോടുകൂടി ആരംഭിക്കുന്ന ആ ഗ്രന്ഥം അഞ്ചു പടലങ്ങൾ കൊണ്ടവസാനിക്കുന്നു. അതിനു കുഴിക്കാട്ടു ഭട്ടതിരിയുടെ ഒരു ഭാഷാവ്യാഖ്യാനവും കണ്ടിട്ടുണ്ട്. വിമൎശിനിയുടെ മാഹാത്മ്യം സൎവ്വവിദിതമാകയാൽ അതിനെപ്പററി ഇവിടെ ഒന്നും പ്രസ്താവിക്കേണ്ട ആവശ്യമില്ല. അഷ്ടമങ്ഗലപ്രശ്നം മഴമങ്ഗലം നാരായണൻനമ്പൂരിയുടെ ജ്യോതിഷകൃതികളിൽ ഒന്നാണെന്നു ചിലർ പറയുന്നു.

---

* ഈ ഗ്രന്ഥത്തിന്റെ ആദ്യഭാഗങ്ങൾ കാവ്യമഞ്ജരിയിൽ ആദ്യമായ് അച്ചടിപ്പിച്ചത് ഈ ഉപന്യാസകാരനാണ്.

Digitized By Kerala Sahitya Akademi

"ജയതി ഭഗവാൻ ഗജാസ്യോ യൽകർണ്ണവ്യജനമാരുതാ ഭജതാം
യാന്തോ വ്യസനാനി ഹരന്ത്യായാന്തശ്ചാപ്പ്യയന്ത്യഭീഷ്ടാനി.

സത്യജ്ഞാനപരബ്രഹ്മജ്യോതിരാനന്ദരൂപിണീം
നൌമി സർവ്വോത്തരോദാത്തപ്രശ്നമാലാം സരസ്വതീം.
സത്യജ്ഞാനപ്രദായേഷ്ടദേശകാലപ്രബോധിനേ
നമഃ ശ്രീഗുരവേ സാക്ഷാൽ പരമേശ്വരമൂർത്തയേ."

ഈ പദ്യങ്ങൾ ആ കൃതിയുടെ ആരംഭത്തിലുള്ളവയാണ്. എന്റെ ഊഹം ശരിയാണെങ്കിൽ നാരായണനും വാഴമാവേലിയുടെ ശിഷ്യത്വം ലഭിച്ചിരിക്കണമെന്ന് ഒടുവിലത്തെ പദ്യത്തിൽനിന്നു സിദ്ധിക്കുന്നു. താഴെ കാണുന്ന പദ്യങ്ങളും ആ ഗ്രന്ഥത്തിലുള്ളവ തന്നെ.

"യേഷാമാത്മനി ഗർഭസംസ്കൃതിമുഖൈർമ്മൌഞ്ജീനിബന്ധാഗമൈഃ
പൂതൈഃ കർമ്മഭിരത്ര ഭാതി വിധിവദ് ബ്രഹ്മ പ്രതിഷ്ഠാപിതം
ശ്രൌതസ്മാർത്തസമസ്തകർമ്മസതതാനുഷ്ഠാനനിഷ്ഠാത്മന-
സ്താനേതാൻ പ്രണമാമി ഭൂമിവിബുധാനിഷ്ടാർത്ഥകല്പദ്രുമാൻ.

വിധാത്രാ ലിഖിതാ യാസൌ ലലാടേക്ഷരമാലികാ
ദൈവജ്ഞസ്താം പഠേദ്വ്യക്തം ഹോരാനിർമ്മലചക്ഷുഷാ.
ആദേശവിധാനമിദം പാരമ്പര്യക്രമാഗതം ജ്ഞാനം
അപ്യൃഷ്ടമങ്ഗലാഖ്യം വിലിഖ്യതേ ഗുരുകൃപാവലംബേന".

നാരായണകൃതമായ ഉപരാഗക്രിയാക്രമം എന്ന മറെറാരു ജ്യോതിഷഗ്രന്ഥവും കാണുന്നുണ്ട്.

"ഗുരുപാദാംബുജധ്യാനശുദ്ധാന്തഃകരണേന വൈ
നാരായണേന രചിത ഉപരാഗക്രിയാക്രമഃ."

എന്നാണ് അതിന്റെ അവസാനശ്ലോകം. മഴമങ്ഗലം രണ്ടാം പാദത്തിൽ പാദപൂരണത്തിനുവേണ്ടി 'വൈ' എന്നു ചേർക്കുന്നതല്ലാത്തതിനാൽ ആ ഗ്രന്ഥം അദ്ദേഹത്തിന്റേതല്ലെന്നു സങ്കല്പിക്കേണ്ടിയിരിക്കുന്നു.

ഏതായാലും കേരളത്തിലെ ഒരു വൈദികവിധികർത്താവ് എന്നും മഹാകവി എന്നും ഉള്ള നിലയിൽ മഴമങ്ഗലം നാരായണൻനമ്പൂരിക്കു സിദ്ധിച്ചിട്ടുള്ള പ്രശസ്തി മഹനീയമാകുന്നു. കൊല്ലം ൭൦൦ മുതൽ ൭൭൦ വരെ ജീവിച്ചിരുന്നതായ് വിചാരിക്കേണ്ട ആ മഹാനുഭാവൻ കൊല്ലം ൭൩൫-ൽ ജനിച്ച മേല്പത്തൂർ നാരായണഭട്ടതിരിക്ക് ഒരാരാധ്യനായ

Digitized By Kerala Sahitya Akademi

മാഗ്ഗദശിയായിത്തീന്നതിൽ അത്ഭുതപ്പെടുവാനില്ല. 'കോടിവിരഹം' മേല്പുത്തൂരിൻെറ കൃതിതന്നെയെന്നും അതു് അതിനു മുൻപുതന്നെയുള്ള 'കൊടിയ വിരഹം' പരിഷ്കരിച്ചെഴുതിയതാണെന്നുമുള്ള ഐതിഹ്യം ഞാൻ ഏകദേശം ൪൫ വഷങ്ങൾക്കു് മുൻപു് എൻെറ ഗുരുനാഥൻ ലക്ഷ്മീപുരത്തു രവിവമ്മമഹാകവിയുടെ മുഖത്തിൽനിന്നു ധരിച്ചിട്ടുള്ളതാണു്. രണ്ടും ഒരു കവിയുടേതാണെന്നുള്ള അഭിപ്രായം ആദരണീയമായിത്തോന്നുന്നില്ല. ഒരു പഴയ 'കോടിവിരഹം' ഗ്രന്ഥത്തിൻെറ അവസാനത്തിൽ

"മൃദ്വീകാസരസൈഃ പരം സുമനസാം ദത്തപ്രമോദൈഃ പദൈഃ
പദ്യാന്യദ്രിസുതാപദാംബുജയുഗം ചിത്തേന നിധ്യായതാ
കേനാപി ഗ്രഥിതാന്യമൂനി വിദുഷോ ഭൂചക്രവാചസ്പതേ-
ശ്ചാചാ സോമസുതോ വിഭീതകവിഹാരാഖ്യസ്യ മുഖ്യാത്മനഃ."

എന്നൊരു പദ്യം ഞാൻ വായിച്ചിട്ടുണ്ടു്. വിഭീതകവിഹാരം (താന്നിപ്പള്ളി) എന്ന ഇല്ലത്തിലെ വിദ്വാനായ ചോമാതിരിയുടെ അപേക്ഷയനുസരിച്ചു രചിച്ച ഒരു കൃതിയാണു് കോടിവിരഹം എന്നു ഈ പദ്യത്തിൽനിന്നു വ്യക്തമാകുന്നു. ഉൗരകത്തുഭഗവതിയുടെ ഭക്തനാണു് മഴമംഗലം; മൂക്കോല ഭഗവതിയുടെ ഭക്തനാണു് മേല്പുത്തൂർ. തന്നിമിത്തം "അദ്രിസുതാപദാംബുജയുഗം ചിത്തേന നിധ്യായതാ" എന്ന വിശേഷണത്തിൽനിന്നു പ്രത്യേകമായു് യാതൊരനുമാനത്തിനുമവകാശമില്ല. 'കൊടിയ വിരഹം' സംസ്കൃതീകരിച്ചതാണു് 'കോടിവിരഹം' എന്നു ഞാൻ മുൻപുതന്നെ പ്രസ്താവിച്ചിട്ടുണ്ടല്ലോ. 'കോടി' എന്നു് അക്കാലത്തു സ്ത്രീകൾക്കു പേരുണ്ടായിരുന്നതായു് മന്ത്രാങ്കം ആട്ടപ്രകാരത്തിൽനിന്നും മററും വെളിവാകുന്നുണ്ടു്. പക്ഷെ ഇവിടെ 'കോടീ' സ്ത്രീനാമധേയമാണെങ്കിൽ ഗ്രന്ഥത്തിൻെറ പേർ 'കോടീവിരഹം' എന്നു വരുന്നതാണു് സ്വാഭാവികം. ഇവിടെ നായികയുടെ നാമധേയം അതല്ലെന്നു പ്രത്യക്ഷവുമാണല്ലോ.

നൈഷധചമ്പുവിലെ

"സാ കാന്തിർവ്വചസാഞ്ച സാ മധുരിമാ ഗാത്രേഷു തന്മാർദ്ദവം
സാ ബിംബാധരമാധുരീ സ സുരഭിർഗ്ഗന്ധോ ഘനേ കൈശികേ
ഇത്ഥം തൌ കഥകേന സന്തതമുഭൌ സഞ്ചിന്തയന്തൌ ഗുണാ-
നന്യോന്യസ്യ ഹൃദി സ്ഥിതാവഭവതാമന്യൂനരാഗോദയൌ." എന്നും

Digitized By Kerala Sahitya Akademi

"ത്വാം ശ്രോത്രാഞ്ജലിനാ നിപീയ മനസാ ധ്യായൻ പുരഃ കല്പയൻ
നിദ്രാച്ഛേദനിതാന്തരക്തനയനസ്സഞ്ജാതകാര്ശ്യോനഘം
നിന്ദാമിന്ദുമരന്ദചന്ദനസരോമന്ദാനിലാദൌ വഹ-
ന്നുന്മാദേ പതിതോസ്മി സാമ്പ്രതമനേനാനേഹസാല്പീയസാ."

എന്നുമുള്ള പദ്യങ്ങൾ മേല്പുത്തൂരിന്റെ ഭാരതചമ്പുവിൽ സത്യവതീസ്വയംവരഘട്ടത്തിൽ

"തദ്വക്ത്രം തരളേക്ഷണാഞ്ചലമിളന്മന്ദാക്ഷഗ്ദ്ധസ്മരം
തദ്വക്ഷോജയുഗം തദാത്വവികസത്താരുണ്യധന്യോദയം
സാ കാന്തിർദ്ദലിതേന്ദ്രനീലസുഭഗാ സാ സൌരഭീ ദുർല്ലഭാ
സാ സാ സേത്യഭവത്തദീയഹൃദയം കൈവർത്തകന്യാമയം". എന്നും

"സങ്കല്പൈസ്സരസീരുഹായതദൃശം പശ്യൻ പുരഃ പ്രേയസീം
നിദ്രാച്ഛേദനിതാന്തരക്തനയനഃ കാര്ശ്യം പ്രപന്നോനഘം
നിന്ദാമിന്ദുമരന്ദചന്ദനസരോമന്ദാനിലാദൌ വഹൻ
ഖിന്നാനോ നൃപതിർദ്ദിനൈസ്ത്രിചതുരൈരന്യാദൃശോഭൂദസൌ."

എന്നും യഥാക്രമം അടുത്തടുത്തുതന്നെ രൂപഭേദത്തോടുകൂടി ഉദ്ധൃതങ്ങളായ്ക്കാണുന്നു. മേല്പുത്തൂരിനുപോലും ഇത്തരത്തിൽ ഉപജീവ്യമായ് തോന്നിയ നൈഷധചമ്പുവിന്റെ ഗുണപൌഷ്കല്യത്തെപററി കേവലം കൃശമതികളായ അസ്മാദൃശന്മാർ എന്താണ് ഉപന്യസിക്കുവാനുള്ളതു്! കേരളവും കൈരളിയും ഉള്ള കാലത്തോളം ആ കാവ്യരത്നത്തിന്റെ അനഘതയ്ക്കു യാതൊരു കുറവും വരുന്നതല്ല.

രാമായണം, നൈഷധം മുതലായ ഭാഷാചമ്പുക്കൾ വാസ്തവത്തിൽ കൈരളീദേവിയുടെ കണ്ഠാലങ്കാരമായ വാടാമലർമാലയിലെ ചമ്പകപ്പൂക്കളാകുന്നു. അവയുടെ പരിമളം ആഘ്രാണിക്കുവാൻ ആധുനികന്മാരിൽ ചിലക്കു ശക്തിയില്ലെങ്കിൽ അതു അവയ്ക്കു് ഒരു ദൂഷണമാകുകയില്ല. അധികാരിഭാവം സമ്പാദിച്ചവർ അവയെ സമീപിച്ചു ലോകോത്തരമായ ആനന്ദം അനുഭവിച്ചുകൊള്ളും; അതുതന്നെയാണ് അവ ആശിക്കുന്ന ചാരിതാർത്ഥ്യവും.

---

Digitized By Kerala Sahitya Akademi

# ശ്രീപത്മനാഭചരിതം.

---

കൊല്ലവഷം ൯൦൪ മുതൽ ൯൩൩ വരെ വഞ്ചിരാജ്യം പരിപാലിച്ച്, അതിന്ന ഇന്നു കാണുന്ന വിസ്തൃതിയും വിശ്രുതിയും വരുത്തിയ വീരമാത്താണ്ഡവമ്മമഹാരാജാവു്, ശത്രുക്കൾക്ക കല്പവഹ്നി എങ്കിലും കവികൾക്ക കല്പവൃക്ഷമായിരുന്നുവെന്നു ഞാൻ അനേകം ഉപന്യാസങ്ങളിൽ സമർത്ഥിച്ചിട്ടുണ്ട്. ദേവരാജകവിയുടെ ബാലമാത്താണ്ഡവിജയം നാടകത്തിൽ ആ പുണ്യപുരുഷൻെറ അപദാനങ്ങൾ അനേകധാ പ്രകീത്തിതങ്ങളായ്ക്കാണുന്നു. രാമപുരത്തു ശങ്കരവാരിയർ കുചേലവൃത്തം വഞ്ചിപ്പാട്ടിലും ഭാഷാഷ്ടപദിയിലും അവിടുത്തെപ്പററി ചെയ്തിട്ടുള്ള പ്രശംസകൾ ഭാഷാഭിമാനികൾക്ക് അവിദിതങ്ങളല്ല. കുഞ്ചൻനമ്പിയാർ അവിടുത്തെ ആശ്രയിച്ചു തിരുവനന്തപുരത്തു ജീവിച്ചിരുന്നകാലത്ത് അനേകം തുള്ളൽക്കഥകൾ രചിച്ചിട്ടുണ്ട്. രാമപാണിവാദൻെറ സീതാരാഘവം നാടകം കൊല്ലവഷം ൯൩൬-ൽ ആ തിരുമേനി നടത്തിയ മുറജപമഹോത്സവത്തിന് ആഗതന്മാരായ മഹാബ്രാഹ്മണരെ ആനന്ദിപ്പിക്കുന്നതിനു വേണ്ടി നിമ്മിച്ചതാണ്. *

ശ്രീപത്മനാഭചരിതം അപ്രകാശിതമായ ഒരു ചമ്പൂകാവ്യമാകുന്നു. അതിൽ ആദ്യത്തെ അഞ്ചു സ്തബകങ്ങളും ആറാമത്തെ സ്തബകത്തിൽ അല്പഭാഗവും മാത്രമേ എനിക്ക കാണ്മാനിടവന്നിട്ടുള്ളൂ. ബാക്കിയുള്ള ഭാഗങ്ങളും നിമ്മിതങ്ങളാണെന്നുതന്നെയാണ് എൻെറ വിശ്വാസം. ഈ ഗ്രന്ഥത്തിൻെറ പ്രണേതാവ് 'കൃഷ്ണൻ' എന്നു പേരുള്ള ഒരു കവിയാണ്. "ഭഗവദാഗമനോത്സവകഥാസുധാഭിരാമം അനന്തരസഗം സന്ദഭം കൃഷ്ണനാമാ നിമ്മാതുമാരഭത" എന്നും "ശ്രീകൃഷ്ണവിരചിതേ ശ്രീപദ്മനാഭചരിതേ ചമ്പൂകാവ്യേ" എന്നും ഗ്രന്ഥത്തിൽ കാണുന്ന രേഖകളിൽനിന്ന് ഈ വസ്തുത വെളിപ്പെടുന്നു. അനന്തശയനസംസ്കൃതഗ്രന്ഥാവലിയിൽ എൺപത്താറാമങ്കമായ് 'ഭരതചരിതം' എന്നൊരു കാവ്യം

---

*കുഞ്ചൻനമ്പിയാരും രാമപാണിവാദനും ഒരാളായിരുന്നു എന്നുള്ളതിനു ചില പുതിയ തെളിവുകൾ 1936 ഫെബ്രുവരി 24-ാംനു-യിലെ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ പ്രസിദ്ധപ്പെടുത്തിക്കാണുന്നുണ്ട്. കിള്ളിക്കുറിശ്ശിമംഗലത്തു കുഞ്ചൻനമ്പിയാരുടെ ഗൃഹത്തിൽനിന്നു തന്നെ ലഭിച്ചിട്ടുള്ള ഈ തെളിവുകൾ അത്യന്തം വിശ്വാസയോഗ്യങ്ങളാകുന്നു. ഉപരിഗവേഷണം ഇനിയും ചെയ്യേണ്ടതായിട്ടുണ്ട്.

Digitized By Kerala Sahitya Akademi

പ്രസിദ്ധപ്പെടുത്തീട്ടുണ്ട്. ആ കാവ്യത്തിന്റെ നിർമ്മാതാവും ഒരു കൃഷ്ണനാണ്. 'കൃഷ്ണാചാര്യ'നെന്നും 'കൃഷ്ണകവി'യെന്നും അദ്ദേഹത്തിന്റെ പേർ താളിയോലഗ്രന്ഥങ്ങളിൽ എഴുതിക്കാണുന്നു. ദുഷ്ഷന്തപുത്രനായ ഭരതചക്രവർത്തിയുടെ ചരിത്രമാണ് പ്രസ്തുതകാവ്യത്തിലെ പ്രതിപാദ്യം. കവി ദ്രാവിഡനോ കേരളീയനോ എന്നു നിർണ്ണയിക്കുവാൻ നിവൃത്തിയില്ലെങ്കിലും, കേരളീയനാണെന്ന് ഊഹിക്കുന്നതിനു ചില സൂചനകൾ ഗ്രന്ഥത്തിലുണ്ട്. ഭരതൻ തന്റെ ദക്ഷിണദിഗ്വിജയത്തിൽ ചോളരാജാവിനോടു കപ്പം വാങ്ങുകയും പാണ്ഡ്യരാജാവിനെ ഒരു ചെറിയ യുദ്ധത്തിൽ തോല്പിക്കുകയും 'കനകമൗക്തികരത്നചയാഞ്ചിത'മായ ഒരാനയെ ഉപഹാരമായ് സ്വീകരിക്കുകയും ചെയ്യുന്നു. എന്നാൽ കേരളരാജാവു നയജ്ഞനായിരുന്നതിനാൽ ആത്മസമർപ്പണംകൊണ്ട് അദ്ദേഹത്തെ തന്റെ ബന്ധുവാക്കുകയാണ് ചെയ്യുന്നത്.

> "അഥ ഗിരേരിവ പക്ഷപരമ്പരാം ജലനിധേരുപരി പ്രവിസാരിതാം
> പരശുരാമമഹാസ്ത്രവിനിർമ്മിതാമവതതാര മഹീം സ മഹാരഥഃ.
> കലിതനീതിരസൗ കില കേരളക്ഷിതിപതിഃ പുനരാത്മസമർപ്പണാൽ
> അനുവിവേശ ശശീവ ദിവാകരം രുചിരയാ കലയാ ഭരതം വിഭും."

"സമുദ്രത്തിന്റെ മുകളിൽ പരത്തപ്പെട്ടിരിക്കുന്ന പർവ്വതത്തിന്റെ പക്ഷപരമ്പരയോ എന്നു തോന്നുന്നതും പരശുരാമന്റെ വെണ്മഴു നേടിയതുമായ കേരളദേശത്തിലേക്കു സഹ്യപർവ്വതത്തിൽനിന്നു ഭരതചക്രവർത്തി അവതരണം ചെയ്തു. നീതിശാലിയായ കേരളരാജാവു രമ്യമായ കലയോടുകൂടിയ ചന്ദ്രൻ സൂര്യനെ എന്നപോലെ ആത്മസമർപ്പണം കൊണ്ട് ആ ചക്രവർത്തിയെ അനുപ്രവേശനം ചെയ്തു" എന്നാണ് ഈ വർണ്ണനത്തിന്റെ താൽപര്യം. ഇതു കേരളേശ്വരനു കവി നല്കിയ മേന്മയായിട്ടാണ് ഞാൻ കണക്കാക്കുന്നത്.

ഈ കൃഷ്ണകവി തന്നെയാണ് ശ്രീപത്മനാഭചരിതത്തിന്റെയും പ്രണേതാവ് എന്നു ഞാൻ ഊഹിക്കുന്നു. ഏതായാലും ശ്രീപത്മനാഭചരിതം നിർമ്മിച്ച കാലത്തു കൃഷ്ണകവി വീരമാർത്താണ്ഡവർമ്മമഹാരാജാവിന്റെ ആശ്രിതനായ് തിരുവനന്തപുരത്തു താമസിച്ചിരുന്നു എന്നുള്ളതു നിസ്സംശയമാണ്. 'ഭാരതവംശം' എന്ന കാവ്യത്തിന്റെ കർത്താവായും ഒരു കൃഷ്ണകവിയുണ്ട്. ആ കൃഷ്ണൻ ആരെന്നറിയുന്നില്ല. സ്വാതിതിരുനാൾ മഹാരാജാവിന്റെ സുപ്രസിദ്ധമായ 'സ്യാനന്ദൂരപുരവർണ്ണനപ്രബന്ധം' പത്തു സ്തബകങ്ങളടങ്ങിയ ഒരു ചമ്പുവാകുന്നു. അതിലെയും

Digitized By Kerala Sahitya Akademi

ശ്രീപത്മനാഭചരിതത്തിലേയും കഥാവസ്തു ഒന്നുതന്നെയാണ്. മഹാരാജാവു ശ്രീപത്മനാഭചരിതം വായിച്ചതിനു മേലാണ് സ്യാനന്ദൂരപുരവർണ്ണനം രചിച്ചതെന്നു രണ്ടു ഗ്രന്ഥങ്ങളും വായിച്ചു നോക്കുമ്പോൾ തെളിയുന്നുണ്ട്. 'അനന്തശയനക്ഷേത്രമാഹാത്മ്യം' പുരാണശൈലിയിൽ വളരെ മുൻപു തന്നെ വിരചിതമായിരുന്നു എങ്കിലും ആ സന്ദർഭത്തെ ഇദംപ്രഥമമായ് ഒരു കാവ്യത്തിനു വിഷയീഭവിച്ചിപ്പിച്ചതു കൃഷ്ണകവിയാകുന്നു.

ആദ്യത്തെ ശ്ലോകത്തിൽ കവി താഴെക്കാണുന്ന വിധത്തിൽ വിഘ്നേശ്വരനെ വന്ദിക്കുന്നു

"അങ്കാധിരൂഢരമണീകചശാതകുംഭകുംഭാതിവേലപരിരംഭരസം
[ഗജാസ്യം
ഗംഗാധരപ്രണയിനീതപസാം വിപാകം തേജശ്ചിരായ ഭവതാം
[മുദമാതനോതു."

അനന്തരം പ്രകൃതത്തെ അനുസ്മരിച്ചു പത്മനാഭപരമായ് ഒരു സ്തോത്രപദ്യം നിർമ്മിക്കുന്നു.

"സ്വർല്ലോകപാലമകുടീനവരത്നജാലൈ-
രുല്ലാസിതാംഗുലിദലാഞ്ചിതപാദപീഠഃ
ഉല്ലോലചാരുതുളസീദലസൌരഭോ വഃ
കല്യാണമാവഹതു സമ്പ്രതി പദ്മനാഭഃ."

പിന്നീടു വീരമാർത്താണ്ഡവർമ്മമഹാരാജാവിന്റെ പ്രശസ്തിയായി.

"അസ്തി പ്രഭാവാർജ്ജിതരാജ്യലക്ഷ്മീശ്ശാസ്താ സമസ്താവനിവല്ലഭാനാം
ധാത്രീപരിത്രാണപവിത്രകീർത്തിർമ്മാർത്താണ്ഡവർമ്മാ നരപാലവീരഃ.

പ്രസന്നസാരസ്വതചാരുമാധുരീധുരീണവാണീമകരന്ദസുന്ദരം [കാഃ.
ഭജന്തി യം സന്തതമേവ സാധവോ വസന്തചൂതം മധുപാ ഇവോത്സു-

ലക്ഷ്മീകാന്തപദൈകവാസപടുധീസ്സ്വദ്യോഗദാന്തോ ഭൃശം
നിത്യം ബാധതമസ്സ്വപത്രനിവഹം നിസ്സാരയൻ സർവ്വതഃ
നേത്രാനന്ദകരശ്ച സാരസഹിതസ്സന്മാർഗ്ഗസംഭേദപി-
ന്റാഗ്ലാ യസ്യ ന കേവലം വിജയതേ മാർത്താണ്ഡതാ ഭൂപതേഃ.

യസ്യാഭിരാമവികളങ്കശശാങ്കഗൌരൈ-
ർഭൂമണ്ഡലേ ധവളിതേ വിപുലൈര്യശോഭിഃ
സുസ്ഥിരദുഗ്ദ്ധമയവാരിധിശങ്കയേവ
ശേതേ സദൈവ ഭഗവാനിഹ പദ്മനാഭഃ.



Digitized By Kerala Sahitya Akademi

യന്നിർജ്ജിതാശ്ശാത്രവരാജവീരാ വനേ വസന്തോ നിശിതൈഃ ഖനിത്രൈഃ
ഭൂമിം തദീയാമിവ സാഭ്യസൂയാ ഭിന്ദന്തി കന്ദാഹരണച്ഛലേന.

ഭല്ലീഭയോദ്വേല്ലിതഗാത്രവല്ലീ വല്ലീഗണോല്ലോചകതല്ലജാസു
പല്ലീഷു നിർല്ലജ്ജമഹോപചുല്ലി നിർല്ലീയതേ യദ്രിപുവല്ലഭാളീ."

"തന്റെ പ്രാഭവംകൊണ്ടു് ആർജ്ജിച്ച രാജ്യലക്ഷ്മിയോടുകൂടിയവനായും എല്ലാ രാജാക്കന്മാരുടേയും ശാസിതാവായും ഭൂമിയുടെ പരിത്രാണംകൊണ്ടു സിദ്ധിച്ച പാവനമായ കീർത്തിയുള്ളവനായും 'മാർത്താണ്ഡവർമ്മാ' എന്നൊരു രാജവീരൻ വർത്തിക്കുന്നു. സത്തുക്കൾ അത്യന്തം മഹനീയമായ വാഗ്വൈഭവത്തോടുകൂടിയ ആ രാജാവിനെ വണ്ടുകൾ വസന്തകാലത്തിൽ തേന്മാവിനെയെന്നപോലെ, ആശ്രയിക്കുന്നു. അദ്ദേഹം പേരുകൊണ്ടു മാത്രമല്ല, ചര്യകൊണ്ടും മാർത്താണ്ഡനായ് വിജയിക്കുന്നു" (ലക്ഷ്മീകാന്തപദം=വിഷ്ണുവിന്റെ പാദം എന്നു രാജപക്ഷത്തിലും, വിഷ്ണുപദം അഥവാ ആകാശം എന്നു സൂര്യപക്ഷത്തിലും. സത്തുക്കൾ വിദ്വാന്മാരെന്നും നക്ഷത്രങ്ങളെന്നും. ദാന്തൻ ദാതാവെന്നും, ദമനശീലനെന്നും. ബാഢതമസ്സപതന്മാർ തീരെ ബോധഹീനരായ ശത്രുക്കളെന്നും നിറഞ്ഞ കൂരിരുട്ടുകളാകുന്ന ശത്രുക്കളെന്നും. സാരസഹിതൻ സാരത്തോടു കൂടിയവനെന്നും സാരസങ്ങൾക്കു ഹിതനെന്നും. സന്മാർഗ്ഗം നല്ലവരുടെ മാർഗ്ഗമെന്നും, ആകാശമെന്നും. രുചി ഇഷ്ടമെന്നും, പ്രഭയെന്നും.) "ഈ രാജാവിന്റെ, കളങ്കമില്ലാത്ത ചന്ദ്രനെപ്പോലെയുള്ള വെളുത്ത യശസ്സുകൊണ്ടു ഭൂമണ്ഡലം ധവളിതമായിരിക്കെ ശ്രീപത്മനാഭസ്വാമി തന്റെ ശയനസ്ഥാനമായ പാൽക്കടൽ തിരുവനന്തപുരമാണെന്നു ശങ്കിച്ചു് അവിടെ വന്നു യോഗനിദ്രയെ അനുഭവിക്കുന്നു. ഈ രാജാവിനാൽ ജയിക്കപ്പെട്ട ശത്രുക്കൾ കാട്ടിൽ താമസിച്ചു കൂർത്ത കുന്താലികൾകൊണ്ടു ഭക്ഷണത്തിനാവശ്യമുള്ള കിഴങ്ങുകൾ മാന്തിയെടുക്കുന്നു. അതിനായിട്ടു് അവർ ഇദ്ദേഹത്തിന്റെ ഭൂമി കുത്തിമറിക്കുന്നതു് അസൂയനിമിത്തമാണോ എന്നു തോന്നും. ബാണങ്ങളെ ഭയപ്പെടുകനിമിത്തം വിറയ്ക്കുന്ന ശരീരത്തോടുകൂടി ഇവിടത്തെ ശത്രുരാജാക്കന്മാരുടെ ഭാര്യമാർ വള്ളികളാകുന്ന വിതാനങ്ങളോടുകൂടിയ ചെററപ്പുരകളിൽ അടുക്കളയ്ക്കുസമീപത്തു നാണമില്ലാതെ ഒളിക്കുന്നു."

മാർത്താണ്ഡവർമ്മമഹാരാജാവിന്റെ മരുമകനായ കാർത്തികതിരുനാൾ ധർമ്മരാജാവിന്റെ ആജ്ഞാനുസാരമാണു് കവി ഈ ഗ്രന്ഥം നിർമ്മിച്ചതു് എന്നുള്ള വസ്തുത അടുത്ത രണ്ടു ശ്ലോകങ്ങളിൽനിന്നു നാമറിയുന്നു.

Digitized By Kerala Sahitya Akademi

"യന്മാതുലഃ ക്ഷ്മാതലവജ്രപാണിർഗ്ഗുണൈകപാത്രീ ഭുവി യജ്ജനിത്രീ
യസ്യാഭിരാമാംഗലതാസ്സ്വസാരഃ സ്വസാരശൌര്യാർജ്ജിതകീർത്തിഭൂമ്നഃ;
തച്ഛാസനാൽ പുണ്യവിപാകദാത്രീം ശ്രീപത്മനാഭസ്യ കഥാമുദാരാം
വക്ഷ്യേ കടാക്ഷാമൃതപൂരസിക്തൈർവ്വചഃപ്രപഞ്ചൈരധുനാ ഗുരൂണാം."

"യാതൊരു രാജാവിൻെറ അമ്മാവൻ നാടുവാഴുന്ന മഹാരാജാവോ, യാതൊരു രാജാവിൻെറ മാതാവു സൽഗ്ഗുണങ്ങൾക്ക് ഇരിപ്പിടമോ, യാതൊരു രാജാവിൻെറ സഹോദരിമാർ സുന്ദരിമാരോ, തൻെറ ബലവും ശൌര്യവുംകൊണ്ടു സമാർജ്ജിതമായ കീർത്തിപൂരത്തോടുകൂടിയ അവിടത്തെ ശാസനം ഹേതുവായിട്ട് എൻെറ ഗുരുവിൻെറ അനുകമ്പാപൂർവ്വമായ അരുളപ്പാടനുസരിച്ചു പുണ്യവിപാകത്തെ പ്രദാനം ചെയ്യുന്ന ശ്രീപത്മനാഭൻെറ വിശിഷ്ടമായ കഥ ഞാൻ പറയാൻ തുടങ്ങുന്നു."

"വിദ്വജ്ജനേ ലസതി സൽകവിതാഭിരാമേ
സാരസ്വതം വയമപീഹ സമാശ്രയാമഃ;
ചന്ദ്രേ സമുദ്യതി മനോഹരകാന്തിപൂരേ
താരാണി കിം വിയതി നോ മുദമാവഹന്തി?

പദ്യാന്യഹൃദ്യാന്യപി ഹൃദ്യഭാവം പ്രയാന്തി വിദ്വന്മുഖനിർഗ്ഗതാനി
അനാദൃതാനീവ നവാംബുവാഹപ്രപീതമുക്താനി സമുദ്രവാരി"

ഇത്യാദി ചില ശ്ലോകങ്ങൾ ഔദ്ധത്യപരിഹാരത്തിനായ് രചിച്ചതിനുമേൽ കവി തിരുവനന്തപുരം പട്ടണത്തെ താഴെ ഉദ്ധരിക്കുന്ന പദ്യങ്ങളിൽ വർണ്ണിക്കുന്നു.

"അസ്തി പ്രശസ്തമുപദക്ഷിണവാരിരാശി
ക്ഷേത്രം മനോഹരമനന്തപുരാഭിധാനം;
യസ്മിൻ പുരാണപുരുഷസ്സഹ ലോകമാത്രാ
നിദ്രായതേ ഭുജഗപുംഗവതല്പശായീ.

പുരാ സുരാഹംകൃതിലംഘനായ ത്രിവിഷ്ടപം സൃഷ്ടവതാ വിശിഷ്ടം
വാക്യേന ധാതുർഭുവി കൌശികേന പ്രമുക്തമേതത്തദിദം ഹി നൂനം.
യത്രാഗതാനാം പുരുപുണ്യഭാജാമനേകതീർത്ഥാംബുനിമജ്ജനേന
പാപോപശാന്ത്യൈ ഗുരുപാപഹന്ത്രീ ഭാഗീരഥീ വാഞ്ഛതി പാദപാം
[സൂൻ.

Digitized By Kerala Sahitya Akademi

ധർമ്മഃ സ്വയം കലിയുഗേ കില പാപഭീതൌ
കേതൌ സമസ്തസുകൃതദ്രുമപല്ലവാനാം
ആസ്തേ സുഖേന ചിരകാലമധർമ്മഭീത്യാ
യസ്മിൻ നിഗ്രൂഢമിതി കാപി പുരാണവാണീ.

ഉത്തുംഗഗോപുരനിവിഷ്ടവലാഹകേഷു
ദന്തീന്ദ്രകർണ്ണപവമാനപലായിതേഷു
യസ്മിന്നിവാശ്രയവിഹീനതയാ പ്രപന്നാ-
വിദ്യുല്ലതാ ധൃതവിലാസവതീസ്വരൂപാഃ.

ചിത്രാർപ്പിതാനാം മൃഗലോചനാനാം ഗാത്രാണി ചിത്രാണി ഘടാ വിടാനാം
ആലോക്യ മോഹാന്നയനാഭിരാമേ യസ്മിന്നവസ്ഥാം ഭജതേ തദീയാം.

ക്ഷീരാംബുരാശൌ കില പദ്മനാഭശ്ശേതേ മൃഷാ കിന്നു കഥേതി ലോകേ
ഭിന്ദന്തി സന്ദേഹമമന്ദവേഗാ—യസ്മിൻ ക്ഷരൽക്ഷീരസരിൽപ്രവാഹാഃ.

യൽകാമിനീനാം വദനാരവിന്ദം വിലോക്യ ചന്ദ്രസ്സമനോഭിരാമം
നിജോദയേƒപ്യാത്തവികാസഭാവസന്ദേഹമാത്മന്യപി ഗാഹതേ സ്മ.

യദ്ഗോപുരാഘട്ടനശങ്കയോച്ചൈർദ്ദൂരേ പരം ദക്ഷിണമാർഗ്ഗയാത്രാം
കരോതി നൂനം ഭഗവാൻ പതംഗസ്തഥാ ഹി തസ്യാമൃദുരശ്മിപാതഃ.

യത്രാഭിരാമനഗരീശിഖരാഗ്രകോടിവ്യാഘട്ടനാദ്ദരസിജാതകിണപ്രരോഹം
ഇന്ദോസ്സമന്ദമതയശ്ശശമാഹുരേകേ ഛായാം ഭുവസ്തദപരേƒപി കരംഗമ
[ന്യേ."

"ദക്ഷിണസമുദ്രത്തിൻെറ തീരത്തിൽ (തിരു) അനന്തപുരം എന്ന പേരോടുകൂടിയ പ്രശസ്തവും മനോഹരവുമായ ഒരു ക്ഷേത്രമുണ്ട്. അവിടെ പുരാണപുരുഷനായ ഭഗവാൻ ശ്രീനാരായണൻ ലക്ഷ്മീദേവിയോടുകൂടി അനന്തപര്യ്യങ്കശയനനായ് നിദ്ര ചെയ്യുന്നു. പണ്ടു ദേവന്മാരുടെ അഹങ്കാരം ശമിപ്പിക്കുവാൻ വിശ്വാമിത്രമഹർഷി ഒരു പുതിയ സ്വർഗ്ഗം നിർമ്മിക്കുകയുണ്ടായല്ലൊ. ആ സൃഷ്ടി അരുതെന്നു ബ്രഹ്മാവു വിലക്കിയപ്പോൾ മഹർഷി തൻെറ നൂതനലോകം താഴത്തേയ്ക്കിട്ടു. അതുതന്നെയാണ് തിരുവനന്തപുരമെന്നുള്ളതിനു സംശയമില്ല. ഇവിടെ വന്നുചേർന്ന് അനേകം തീർത്ഥങ്ങളിൽ സ്നാനംചെയ്തു പുണ്യം ആർജ്ജിക്കുന്നവരുടെ പാദപാംസുക്കളെ, മഹാപാതകങ്ങൾപോലും ഹനിക്കുന്ന ഗംഗാഭഗവതി തൻെറ പാപശാന്തിക്കുവേണ്ടി, കാംക്ഷിക്കുന്നു. പാപങ്ങൾക്കു കാരണവും എല്ലാ

Digitized By Kerala Sahitya Akademi

പുണ്യവൃക്ഷങ്ങളുടെ തളിരുകൾക്കും ധൂമകേതുവുമായ കലിയുഗത്തിൽ അ ധർമ്മത്തെ ഭയപ്പെട്ടുകൊണ്ടു ധർമ്മം വളരെക്കാലമായ് ഈ തിരുവനന്തപു രത്തു് ഒളിച്ചുതാമസിക്കുന്നുവെന്നത്രെ പുരാണങ്ങൾ ഘോഷിക്കുന്നതു്. ക്ഷേത്രത്തിന്റെ ഉന്നതങ്ങളായ ഗോപുരങ്ങളിൽ തിങ്ങിനില്ക്കുന്ന മേ ഘങ്ങളെ ആനത്തലവന്മാരുടെ കർണ്ണചലനത്തിൽനിന്നുണ്ടാകുന്ന കാററ് ഓടിക്കവേ, നിരാശ്രയകളായ്ത്തീരുന്ന മിന്നൽക്കൊടികൾ താഴത്തു സു ന്ദരിമാരുടെ രൂപം ധരിച്ചു വന്നു പരിലസിക്കുന്നു. അനവധി വിടർ ഇവിടെ ചിത്രവിലസിതകളായ സുന്ദരിമാരുടെ ആശ്ചര്യജനകങ്ങളായ രൂപങ്ങൾ കാണുമ്പോൾ സ്വയം ചിത്രലിഖിതന്മാരായതുപോലെ സ്തംഭി ച്ചു നിന്നുപോകുന്നു. പാലാഴിയിൽ ശ്രീപത്മനാഭൻ ശയിക്കുന്നു എന്നു ള്ള കഥ വാസ്തവമോ അല്ലയോ എന്നു് ആർക്കെങ്കിലും സംശയമുണ്ടെങ്കിൽ അതു് ഈ ക്ഷേത്രത്തിൽ അതിവേഗമായ് ഒഴുകുന്ന പാൽപ്പുഴ കാണു മ്പോൾ ശമിക്കുന്നു. (ധാരാളം പാൽ അമ്പലത്തിൽ നിവേദ്യത്തിനായ് ഉപയോഗിക്കുന്നു എന്നു താൽപര്യം. ഈ ക്ഷേത്രത്തിൽ പാല്പായസ നിവേദ്യം നിയമേന ഉണ്ടു്.) ഇവിടെ വന്നുചേരുന്ന സ്ത്രീരത്നങ്ങളുടെ മനോഹരമായ മുഖം കാണുമ്പോൾ താൻ ഉദിച്ചുകഴിഞ്ഞു എങ്കിലും ഉദി ച്ചില്ലല്ലോ എന്നൊരു ശങ്ക ചന്ദ്രനെ ബാധിക്കുന്നു. ഈ ക്ഷേത്രത്തിലെ ഗോപുരത്തോടു തനിക്കു് ഉരസേണ്ടിവരുമെന്നു ശങ്കിച്ചു സൂര്യൻ ദൂരെ തെ ക്കോട്ടു മാറീട്ടാണു് ആകാശത്തിൽ സഞ്ചരിക്കുന്നതു്. അതുകൊണ്ടാണു് അദ്ദേഹത്തിന്റെ രശ്മിപാതം എങ്ങും മൃദുവായിരിക്കുന്നതു്. തിരുവ നന്തപുരത്തിലെ പ്രാകാരശൃംഗങ്ങളുടെ അഗ്രഭാഗങ്ങളുമായ് ക്രൂട്ടിമുട്ടുക നിമിത്തം മാറിടത്തിൽ ചന്ദ്രനു പരുക്കേററുണ്ടായ തഴമ്പിനെയാണു് ചി ല മന്ദബുദ്ധികൾ മുയലെന്നും മററു ചിലർ ഭൂമിയുടെ ഛായയെന്നും വേ റെ ചിലർ മാനെന്നും വ്യവഹരിക്കുന്നതു്."

കവി വീണ്ടും ക്ഷേത്രവർണ്ണനം തുടരുന്നു:—

അനന്തശയ്യാമധിഗത്യ നിദ്രാമുപേയുഷോ യത്ര ബുധാസ്ത്രിധാമ്നഃ
ലോകസ്യ കാലത്രയപാപഹാരി ദ്വാരത്രയാലോകനമാമനന്തി.

മുഖൈശ്ചതുർഭിഃ കഥയൻ പ്രമോദീ യദീയമാഹാത്മ്യകഥാ യഥാവൽ
പുരാ പുരാരാതികരാപനീതം സ്വകം മുഖം ശോചതി പദ്മജന്മാ.

അനേകജന്മാർജ്ജിതപാപതൂലപ്രഭഞ്ജനോ രഞ്ജിതമഞ്ജുഗീതഃ
യത്രാതിമാത്രം ഭുവനം പുനീതേ നിത്യാചിതശ്രീബലിവാദ്യഘോഷഃ.

Digitized By Kerala Sahitya Akademi

മാണിക്യവണ്ണാ മണികങ്കണോദ്യദ്ഗാണിക്യപാണിസ്ഥിതദീപപങ്ക്തിഃ
വിഭാതി യത്രോത്സവപുണ്യകാലേ സേവാഗതാ താരകമാലികേവ.

അയനദ്വയസംക്രമേഷു യസ്മിൻ ജയതി ശ്രീബലിമംഗലപ്രഘോഷഃ
അനഗച്ഛദദൃശ്യദേവലോകപ്രിയസങ്കീൎത്തനപുണ്യവൎണ്ണനീയഃ.

യത്ര പ്രാസാദതസ്സാക്ഷാജ്ജാതഃ കാലേഷു കേഷുചിൽ
ക്ഷീരാസൃക്‌സ്യന്ദസന്ദോഹഃ സമ്പദാപത്തിസൂചകഃ.

നിൎമ്മാല്യകുസുമാമോദിധമ്മില്ലസരളാഃ സ്ത്രിയഃ
കൎമ്മാണി യത്ര കുൎവ്വന്തി ജന്മാന്തരതപോബലാൽ.

ചന്ദ്രാംശുസമ്പൎക്കവശാന്നിശായാം നിഷ്യന്ദമാനാംബുഗണൈരധസ്ഥാൽ
യത്രാൎത്തനിദ്രാൻ വളഭൌ കപോതാൻ നയന്തി ബോധം നവചന്ദ്ര
[കാന്താഃ.

വൎണ്ണനീയഹരിപുണ്യവാസരേ ദക്ഷിണാപഥസുഖാപ്തികാരണേ
യത്ര സാധു സമുപോഷിതാൻ ജനാനിന്ദ്രഏവ നനു വന്ദതേ മുദാ."

"ശേഷശയ്യയിൽ പള്ളികൊള്ളുന്ന ഭഗവാൻ ശ്രീപത്മനാഭന്റെ ഗൎഭ്ഗൃഹത്തിലെ മൂന്നു നടകളും കണ്ടാൽ ഭൂതം, വൎത്തമാനം, ഭാവി, ഈ മൂന്നു കാലങ്ങളിലെ പാപങ്ങളും നശിക്കുമെന്നാകുന്നു ജനങ്ങളുടെ വിശ്വാസം. ശ്രീപത്മനാഭന്റെ മാഹാത്മ്യകഥകൾ ആനന്ദത്തോടുകൂടി യഥാശക്തി നാലുമുഖങ്ങൾകൊണ്ടും കഥനംചെയ്യുന്ന ബ്രഹ്മാവു പണ്ടു ശ്രീപരമേശ്വരൻ നുള്ളിക്കളയുകനിമിത്തം പൊയ്പോയ തന്റെ അഞ്ചാമത്തെ മുഖത്തെയോൎത്തു വ്യസനിക്കുന്നു. (ആ മുഖംകൂടി ഉണ്ടെങ്കിൽ കുറേക്കൂടി നന്നായ് ആ കഥകൾ വൎണ്ണിക്കാമല്ലോ എന്നു സാരം; ബ്രഹ്മാവിന്റെ നാലു മുഖങ്ങൾകൊണ്ടു പരിപൂൎണ്ണവൎണ്ണനം സാദ്ധ്യമല്ലെന്നു ധ്വനി.) ഈ ക്ഷേത്രത്തിൽ എന്നും നടക്കുന്ന മനോഹരമായ ഗീതത്തോടുകൂടിയ ശ്രീബലി വാദ്യഘോഷം അനേകജന്മങ്ങളിൽ ആൎജിച്ച പാപമാകുന്ന പഞ്ഞിയെ പറപ്പിക്കുന്ന കാററായ് ലോകത്തെ അത്യന്തം പവിത്രമാക്കുന്നു. ഗണികകളുടെ രത്നകങ്കണങ്ങളണിഞ്ഞ കൈകളിൽ വിലസുന്ന മാണിക്യവൎണ്ണമായ ദീപപങ്ക്തി ഉത്സവകാലത്തിൽ തൊഴാനായ് വന്നുചേൎന്ന നക്ഷത്രമാലപോലെ ശോഭിക്കുന്നു. രണ്ടു് അയനസംക്രമകാലങ്ങളിലും ഇവിടെനടക്കുന്ന ശ്രീബലിയുടെ മംഗലഘോഷം അദൃശ്യരായ് ബിംബത്തിനു പുറകെ പോകുന്ന ദേവന്മാരാൽ വൎണ്ണിക്കപ്പെടത്തക്കതാണു്. ഈ ക്ഷേത്രത്തിലെ പ്രാസാദത്തിൽനിന്നു ചില അവസരങ്ങളിൽ ശുഭസൂ

Digitized By Kerala Sahitya Akademi

ചകമായ് ക്ഷീരവും അശ്രുഭസൂചകമായ് രക്തവും സ്രവിക്കാറുണ്ട്.* നിൎമ്മാല്യപുഷ്പങ്ങൾ ചൂടുകകൊണ്ടു സുഗന്ധിയായ കേശപാശത്താൽ കോമളമാരായ സ്ത്രീകൾ ഈ ക്ഷേത്രത്തിൽ അവരവൎക്കു വിധിച്ചിട്ടുള്ള കൎമ്മങ്ങൾ പൂൎവ്വജന്മങ്ങളിലെ തപോബലംകൊണ്ടു ചെയ്യുന്നു. (ആ തപോബലമില്ലെങ്കിൽ പത്മനാഭകൈങ്കൎയ്യത്തിന് അവൎക്കു സംഗതി വരുന്നതല്ലെന്നു താൽപൎയ്യം.) രാത്രിയിൽ ചന്ദ്രകിരണങ്ങൾ തട്ടി ചന്ദ്രകാന്തക്കല്ലുകൾ അലിഞ്ഞു് അവയിൽനിന്നിററുവീഴുന്ന വെള്ളത്തുള്ളികൾ വളഭികളിൽ ഉറങ്ങുന്ന മാടപ്രാക്കളെ ഉണൎത്തുന്നു. ഈ ക്ഷേത്രത്തിൽ ദക്ഷിണായനസുഖപ്രാപകമായ ഹരിവാസരം നോററു് ഉപവസിക്കുന്ന ജനങ്ങളെ ഇന്ദ്രൻ തന്നെ സസന്തോഷം വന്ദിക്കുന്നു."

ഇത്രയുംകൊണ്ടു ക്ഷേത്രവൎണ്ണനം അവസാനിക്കുന്നില്ല. ഒരു മനോഹരമായ ഗദ്യമാണ് ഈ പദ്യങ്ങൾക്കപ്പുറം കാണുന്നതു്.

തത്ര തു വിചിത്രതരപുത്രികാചിത്രവിശേഷൈരതിമാത്രം നേത്രാപഹാരിണി, ശ്രോത്രാഭിരാമവാദിത്രഘോഷപ്രവൃത്തനൃത്തലീലാകുതൂഹലകേകിവൃന്ദകേകാകലാപകോലാഹലേ, സപ്താധിരാജതല്പാധിശായിപദ്മനാഭവക്ഷഃസ്ഥലീവിലാസലോലലക്ഷ്മീകടാക്ഷവീക്ഷണാമൃതോക്ഷണേന പ്രതിക്ഷണം സുരക്ഷ്യമാണസ്വധൎമ്മവൃക്ഷസ്യ, സമുല്ലസദാചാരഫുല്ലപല്ലവസ്യ, സൌഖ്യാഭിധാനമുഖ്യപക്വഫലഷണ്ഡമണ്ഡിതസ്യ, മഞ്ജുഗുണമഞ്ജരീപുഞ്ജസഞ്ജാതയശോഭരസൌരഭാക്രാന്തദിഗന്തരാളസ്യ ..................നിഷ്യന്ദമാനസുകൃതകദളീമകരന്ദവിന്ദുസന്ദോഹാശയാ സന്തതാഭ്യാഗതസാധുജനമധുകരാരാവമുഖരിതാശാവകാശേ, ഭക്തജനമസ്തകസുവൃത്തവിന്യസ്തനിൎമ്മാല്യമാല്യപതിതസംഫുല്ലമല്ലികാസുബന്ധുരബന്ധുജീവനിരന്തരീകൃതദിഗന്തരേ, ഭഗവദ്ധ്യാനബദ്ധാനന്ദകൎമ്മന്ദിവൃന്ദേ, കാനീനമുനിമണ്ഡപമണ്ഡനായിതനിബിഡബാഡവസംഘമുഖവിടങ്കവിശൃംഖലവിസൃതസ്വരസുസ്വരസുവൎണ്ണസുഷ്ഠുപദനിഷ്ഠാവിശിഷ്ടവേദപാഠസമാകൎണ്ണനവിലജ്ജമാനാബ്ജയോനിപ്രവൃത്തപദ്മനാഭനാഭികമലകോടരകുടീരഗഹ്വരപ്രദേശേ,.......ഭഗവദാഗമോത്സവകഥാസുധാഭിരാമമനന്തരസഗൎഭം സന്ദൎഭം കൃഷ്ണശൎമ്മാ നിൎമ്മാതുമാരഭത."

ദൈൎഘ്യത്തെ ഭയപ്പെട്ടാണ് ഈ ഗദ്യം മുഴുവൻ ഉദ്ധരിക്കാത്തതു്. ഈ ക്ഷേത്രത്തിൽ നയനാനന്ദപ്രദങ്ങളായ പാവകളും ചിത്രങ്ങളും

* ഇതു വാസ്തവമാണെന്നു ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിലെ ഗ്രന്ഥവരിയിൽനിന്നു വിശദമാകുന്നു.

Digitized By Kerala Sahitya Akademi

കർണ്ണസുഖം നല്കുന്ന വാദ്യഘോഷങ്ങളും ഉണ്ടെന്നും, ഇവിടെ ആരാധന ത്തിനായ് അനവധി ജനങ്ങൾ വന്നുചേരുന്നുവെന്നും അവരുടെ കൂട്ട ത്തിൽ സന്യാസിമാരുമുണ്ടെന്നും, വളരെ ബ്രാഹ്മണർ വ്യാസമണ്ഡപ ത്തിൻെറ മുൻവശത്തിരുന്നു വിശിഷ്ടരീതിയിൽ വേദപാരായണം ചെയ്യു ന്നു എന്നുംമററുമാണ് ഫലിതാൎത്ഥം. അനന്തശയനത്തിലേയ്ക്കു ശ്രീപ ത്മനാഭൻ വന്നുചേർന്ന കഥയെ വിഷയീകരിച്ചു ശ്രീകൃഷ്ണകവി പ്രസ്തുത ഗ്രന്ഥം നിർമ്മിച്ചു എന്നും ആ ഘട്ടത്തിൽ കാവ്യകാരൻ പ്രസ്താവിക്കുന്നു.

അനന്തരം കഥ ആരംഭിക്കുന്നു. അതു നടന്നകാലത്തു കേരളം പരിപാലിച്ചിരുന്ന കുലശേഖരൻ എന്ന രാജാവിനേയും അദ്ദേഹത്തി ൻെറ പട്ടമഹിഷിയായ മാലിനിയേയും കവി ആദ്യമായ് വർണ്ണിക്കുന്നു.

"അശേഷരാജന്യകിരീടമാലാമരന്ദസംക്ഷാളിതപാദപീഠഃ
ഭ്രൂഭംഗലീലാകലിതാരിവീരോ ബഭ്രുവ രാജാ കുലശേഖരാഖ്യഃ.

ഗുഞ്ജാമണിർഭൂഷണതാമയാസീൽ; പർണ്ണാനി ചാച്ഛാദനതാമവാപുഃ;
വനേഷു യദ്വൈരിവിലാസിനീനാം കേയൂരഭാവം ശിഖിപിഞ്ഛനാളാഃ.

x x x x x

തം മാലിനീ നാമ മനോഭിരാമാ നിതംബിനീ ശംബരവൈരികല്പം
ഭേജേ തയാ സോപി നരേന്ദ്രമൗലിഃ കാമോത്സവം കാവ്യരസാനുരൂപം."

'എല്ലാ രാജാക്കന്മാരുടേയും കിരീടങ്ങളിൽ ശോഭിക്കുന്ന പുഷ്പമാ ലകളിൽ നിന്നൊഴുകുന്ന മകരന്ദത്താൽ ക്ഷാളിതമായ പാദപീഠത്തോടു കൂടിയവനായ് തൻെറ പുരികമിളക്കൽകൊണ്ടു മാത്രം ശത്രുക്കളെ ആകു ലീകരിക്കുന്നവനായ് കുലശേഖരൻ എന്ന പേരോടുകൂടി ഒരു രാജാവുണ്ടാ യിരുന്നു. വനങ്ങളെ അഭയം പ്രാപിച്ച അദ്ദേഹത്തിൻെറ ശത്രുക്കളുടെ പത്നിമാർക്ക് കുന്നിക്കുരുകൊണ്ടു് ആഭരണങ്ങളും ഇലകൾകൊണ്ടു വസ്ത്ര ങ്ങളും മയിൽപീലികൊണ്ടു തോൾവളകളും അണിയേണ്ടിവന്നു. മനോ ഭിരാമയായ മാലിനിയായിരുന്നു ആ രാജാവിൻെറ പട്ടമഹിഷി. ആ സ്ത്രീരത്നവുമായി അദ്ദേഹം കാവ്യരസംപോലെ അതിരമ്യമായ തൃതീയപു രുഷാൎത്ഥത്തെ ഭജിച്ചു.' വസന്തത്തുവർണ്ണനം, സംഭോഗവർണ്ണനം, ഇവ യോടുകൂടി പ്രഥമസ്തബകം അവസാനിക്കുന്നു.

രണ്ടാമത്തെ സ്തബകം ദിവാകരസന്യാസിയുടെ കഥകൊണ്ടു തു ടങ്ങുന്നു. തുളുനാട്ടുകാരനായ ആ മഹാനുഭാവനാണല്ലോ തിരുവനന്തപു രത്തു ശ്രീപത്മനാഭസ്വാമിവിഗ്രഹം പ്രതിഷ്ഠിച്ചതു്.

Digitized By Kerala Sahitya Akademi

നാരായണം ദ്രഷ്ടുമനാ മനസ്വീ ദിവാകരോനാമ പുരാ മുനീന്ദ്രഃ
തപോ വിതേനേ ചിരകാലമുഗ്രം ഭാഗീരഥീതീരതപോവനേഷു.

x x x x

വിലംബിപീതാംബരമംബരാഭസ്സ്വചഞ്ചലേനാഞ്ചിതമഞ്ചലേന
കടീതടാലംബിതമാദധാനഃ പാടീരപങ്കാങ്കിതചാരുവക്ഷാഃ

സമുല്ലസച്ചന്ദ്രകമിന്ദ്രചാപപ്രഭാനിരാസാഞ്ചിതപിഞ്ഛജാലം
വഹൻ വിഹംഗേന്ദ്രസുഖാധിരൂഢസ്തദഗ്രതസ്സാദരമാവിരാസീൽ.

മുകന്ദമന്ദസ്മിതകന്ദളീനാം പാകേന മന്ദോന്മിഷിതാക്ഷിയുഗ്മഃ
ദൃശ്യം ഘനശ്യാമമപശ്യദഗ്രേ മഹാമുനിസ്സം പുരുഷം പുരാണം.

ചക്രം ദധാനം ഹതവൈരിചക്രം ശംഖം ച സംഖ്യോദിതഭീമനാദം
കൌമോദകീം മോദകരീം ജനാനാം പദ്മഞ്ച പദ്മാനയനാഭിരാമം

കൃപാകടാക്ഷാമൃതസിന്ധുവീചീവിലോലലക്ഷ്മീഹൃദയാരവിന്ദം
വൈകുണ്ഠമുദ്യന്മണികണ്ഠകാണ്ഡപ്രകാണ്ഡമക്ഷ്ണാ ജിതപുണ്ഡരീകം

ദിഷ്ട്യാഥ ദൃഷ്ട്വാ ഗുരുഭക്തിഭാരപ്രരൂഢരോമാഞ്ചമുദഞ്ചിതാശ്രുഃ
സ സന്നതാംസഃ പരമസ്യ പുംസോ മുനിർവ്വവന്ദേ ചരണാരവിന്ദേ.

"ദിവാകരൻ എന്ന മഹർഷി പണ്ടു ശ്രീനാരായണനെ പ്രത്യക്ഷമായ് കാണണമെന്നുള്ള ആഗ്രഹത്തോടുകൂടി ഗംഗയുടെ തീരത്തുള്ള തപോവനങ്ങളിൽ വളരെക്കാലം തപസ്സുചെയ്തു. പീതാംബരാലംകൃതനായ് ചന്ദനംപൂശിയ മാറിടത്തോടുകൂടിയവനായ് ശംഖചക്രഗദാപത്മധരനായ് ഗരുഡാധിരൂഢനായ് അരവിന്ദനേത്രനും ആകാശവർണ്ണനുമായ പുരാണപുരുഷൻ ആ തപോധനൻെറ മുന്നിൽ ആവിർഭവിച്ചു. ദിവാകരൻ ഭഗവാൻെറ ചരണസരോജങ്ങളെ വന്ദിച്ചു." എന്തു വരം വേണമെന്നുള്ള അരുളപ്പാടിന് അർഭകരൂപത്തിൽ അവിടുന്ന് എപ്പോഴും തൻെറ മുമ്പിൽ വിഹരിക്കണമെന്നു മുനി അപേക്ഷിച്ചു.

"തഥേത്യുദീര്യാഥ ശുഭാശുഭാനാം സ കർമ്മണാം തൽക്ഷണമേവ സാക്ഷീ
കൃപാലുരാസീദധികം മുനീന്ദ്രേ; ഭക്തൈകനിഘ്നം മഹതാം ഹി ചേതഃ."

'അങ്ങനെയാകട്ടെ എന്നു സമ്മതിച്ചു കരുണാനിധിയായ ഭഗവാൻ ഒരു ശിശുവിൻെറ വേഷത്തിൽ ആ ഭക്തൻെറ മുൻപിൽ പരിലസിച്ചു. 'പുണ്ഡരീകനഖമണ്ഡിതകണ്ഠകാണ്ഡ'നായ് 'ചഞ്ചലകാകപക്ഷ'



Digitized By Kerala Sahitya Akademi

നായ് വല്കലഭൂഷണനായ് ശ്രീപതി മഹർഷിയുടെ മടിയിൽ ക്രീഡിച്ചു. അവിടെ അതുല്യചാപല്യമായ ബാല്യം നയിച്ച തന്തിരുവടി പല മാററിത്തങ്ങളും കാട്ടി. അകത്തു സൂക്ഷിച്ചുവച്ചിരുന്ന നെന്മണികൾ അങ്കണത്തിൽ വാരി വിതറുക, ചെടികളുടെ തടങ്ങളിൽ മുനികന്യകമാർ വെള്ളമൊഴിച്ചാൽ അവയിൽ ഓവുകളുണ്ടാക്കി അതു വെളിയിലേയ്ക്കു കളയുക, യാഗത്തിനുവേണ്ടി പചിച്ച ഹവിസ്സു വല്ല മൂലയിലും കൊണ്ടുചെന്ന് ഒളിച്ചുവയ്ക്കുക, ഇങ്ങനെയുള്ള തായാട്ടുകൾകൊണ്ടു മഹർഷിക്ക് ഇരിക്കപ്പൊറുതിയില്ലാതെയായി.

ഒരിക്കൽ ദിവാകരൻ കാട്ടിലേയ്ക്കു സമിത്തു കൊണ്ടുവരുവാൻ പോയപ്പോൾ ആ മായാശിശുവും അദ്ദേഹത്തെ അനുഗമിച്ചു. ഒരു ഭയങ്കരനായ കുഞ്ജരവീരൻ അവിടെവച്ചു ശിശുവിനെ തന്റെ കൊമ്പുകൾക്കിടയിലാക്കി ഉയർത്തി.

"രോദം സമാകർണ്യ ശിശോരുദഗ്രം മുനിർവിഷാദാകുലിതാന്തരംഗഃ
അധാവദാധേരവധിം ന പശ്യൻ മുനിർമ്മധുദ്വേഷിഗവേഷണായ.

കരിവരകരബന്ധവ്യാകുലം തം തദന്തം ഭയപരവശഭാവം ബാഷ്പ
[പൂരം കിരന്തം
ചകിതചകിതനേത്രം ബാലമാലോകയന്തം തദനു മുനിരപശ്യത്തത്ര
[സംഭ്രാന്തചേതാഃ."

കരച്ചിൽ കേട്ടു മുനി കുഞ്ഞിനെ അന്വേഷിക്കാൻ ഓടി. ആനയോടു കുഞ്ഞിനെ വിട്ടുതരണമെന്നും അതിനു പകരമായ് തന്റെ ദേഹം സ്വീകരിക്കണമെന്നും അഭ്യർത്ഥിച്ചു. ആന, രഘുവംശം രണ്ടാം സർഗ്ഗത്തിലെ സിംഹം ദിലീപനോടെന്നപോലെ, മുനിയോടു ചില ചോദ്യങ്ങൾ ചോദിച്ചു.

"മോക്ഷഃ പുംസാം യത്നതസ്സാധ്യധീയഃ; പുണ്യം തസ്മിൻ കാരണം
[താപസേന്ദ്ര;
പുണ്യാവാപ്തൗ ദേഹ ഏവ പ്രമാണം; തസ്മിൻ ദേഹേ നിസ്പൃഹതാ
[കഥം തേ ?"

"മോക്ഷം പ്രയത്നത്താൽ സാധിക്കേണ്ടതാണ്; അതിനു പുണ്യം ചെയ്യണം. പുണ്യം ചെയ്യണമെങ്കിൽ ദേഹം വേണം; ദേഹത്തിൽ ആഗ്രഹമില്ലായ്മ അങ്ങേയ്ക്കു് എങ്ങനെ വന്നു ?" എന്നും മററുമാണു ചോദ്യങ്ങൾ. ഒടുവിൽ കുഞ്ഞിനെ വിടാമെന്നും മുനിയെ കൊല്ലാമെന്നും ഒരു

Digitized By Kerala Sahitya Akademi

ക്ഷണനേരത്തേക്ക് കണ്ണടച്ചുകൊള്ളണമെന്നും ആ മത്തഗജം പറഞ്ഞു. മുനി അനുസരിച്ചു. വീണ്ടും കണ്ണുതുറന്നു നോക്കിയപ്പോൾ അദ്ദേഹം കണ്ടതു ഭഗവാനെ മാത്രമായിരുന്നു. ദിവാകരൻ അതു ഭഗവാൻെറ ലീലയാണെന്നു മനസ്സിലാക്കി. പിന്നെയും പല വികൃതിത്തങ്ങളും ശിശു മുനിയുടെ പർണ്ണശാലയിൽ കാട്ടിക്കൊണ്ടിരുന്നു. അങ്ങനെയിരിക്കെ,

"കദാചിദ്ധ്യയമാനേƒഗ്നൌ വിമുക്തസലിലം ശിശും
അരുധൽ പാണിപൃഷ്ഠേന മുനിഃ കോപലവാന്വിതഃ.
അന്തർദ്ദധേ സ ഭഗവാൻ സഹസൈവ സമീപതഃ;
അനാദരോപി മഹതാം കൃപാഭംഗായ കല്പതേ."

"ഒരിക്കൽ അഗ്നിയിൽ മഹർഷി ഹോമിച്ചുകൊണ്ടിരുന്നപ്പോൾ കണ്ടു് അതിൽ വെള്ളമൊഴിച്ചു; അരുതെന്നു മുനി അല്പം കോപത്തോടുകൂടി തടുത്തു; അരികത്തുനിന്നു് അപ്പോൾതന്നെ ഭഗവാൻ മറയുകയും ചെയ്തു. മഹത്തുക്കളെ അനാദരിച്ചാൽ അവരുടെ കാരുണ്യം കുറഞ്ഞു പോകുന്നതു സഹജമാണല്ലോ." പിന്നെയും ശ്രീപത്മനാഭൻ പ്രത്യക്ഷപ്പെടുന്നതിനുവേണ്ടി സന്ന്യാസി തപസ്സുചെയ്തുകൊണ്ടു് അവിടെത്തന്നെ ഇരുന്നു.

മൂന്നാം സ്തബകത്തിൽ നാരദൻ ദിവാകരൻെറ സമീപത്തിൽഎത്തി വ്യാസോക്തമായ ഒരു പുരാവൃത്തം അദ്ദേഹത്തെ ഗ്രഹിപ്പിക്കുന്നു. അതു മാർക്കേണ്ഡയൻെറ അപേക്ഷയനുസരിച്ചു ദക്ഷിണദിക്കിൽ പരശുരാമക്ഷേത്രത്തിൽ ശ്രീനാരായണൻ ഈ കലിയുഗത്തിൽ മനുഷ്യരുടെ പാപശാന്തിക്കായ് അനന്തശയനത്തിൽ പള്ളികൊള്ളും എന്നുള്ളതാണു്. അനന്തരം ദേവേന്ദ്രൻ സന്ന്യാസിയുടെ തപോഭംഗം വരുത്തുവാൻ ഉർവ്വശിയെ അയയ്ക്കുന്നു. "ഉദഞ്ചിതാക്ഷ്യഞ്ചലചഞ്ചലീകസഞ്ചാരസഞ്ചാലിതപഞ്ചബാണാ" എന്നും മററും ആ അപ്സരസ്ത്രീയെകവി ഈ ഘട്ടത്തിൽ അത്യന്തം മധുരമായ് വർണ്ണിക്കുന്നു.

"അഥോർവ്വശീ ഢൌർഹതുംഗപീനസ്തനാലസാ ഗർവ്വഭരാഭിരാമാ
സ്വപർവ്വാണിക്യമണിർവ്വിരേജേ നിതംബബിംബാഞ്ചിതരത്നകാഞ്ചീ.

x x x x

സഖീകരാലംബിതപാണിപദ്മാ ശിഖാന്തരോദ്ഭ്രാന്തസുഗന്ധിപുഷ്പാ
കണന്മണിനൂപുരകാന്തിഭാജോന്ന്യധത്ത വിന്യാസവിലാസമംഘ്ര്യോഃ.

Digitized By Kerala Sahitya Akademi

അലക്തകാപാടലപാദപദ്മസുരക്തഭൃമണ്ഡിതമാൎഗ്ഗദേശാ
തതസ്സ സാലക്ഷ്യത ദേവസേവാനിഷക്തമേഷാ നികഷാ മുനീന്ദ്രം.

ഋഷിസ്തദാനീം വിരതസ്സമാധേരുന്മീല്യ നേത്രേ വിപുലപ്രകാശേ
അപശ്യദാശ്യാമളകൈശ്യഭാരാം താമുർവ്വശീം വിശ്വവിശേഷദൃശ്യാം.

ക്രീഡന്തീം കന്ദുകൈരേനാം മുനിരാനന്ദമന്ദിരാം
നനന്ദ മന്ദഹാസാംശുകന്ദളീസുന്ദരാനനാം."

സർവ്വാലങ്കാരഭൂഷിതയായ ആ സ്ത്രീരത്നം ഹാവഭാവങ്ങളോടു കൂടി മഹൎഷിയുടെ മുമ്പിൽനിന്നുകൊണ്ടു കന്ദുകക്രീഡ ചെയ്തു. മഹൎഷി കണ്ണു തുറന്നു നോക്കി. അദ്ദേഹത്തിന്റെ മനസ്സ് അല്പമൊന്നിളകി. പക്ഷേ, ഉത്തരക്ഷണത്തിൽ തന്നെ ആ സ്വൎവ്വേശ്യ തന്റെ തപോഭംഗത്തിനു മുതിരുകയാണെന്ന് അറിഞ്ഞു ഭഗവാനെ വീണ്ടും സ്മരിച്ചു. ഭഗവാൻ ആ സ്ഥലത്തു പ്രത്യക്ഷീഭവിച്ചു. താടിക്കാരനെ മോഹിപ്പിക്കുവാൻ വന്ന ഉർവ്വശിയുടെ മനസ്സു ദിവ്യമംഗളവിഗ്രഹനായ ശ്രീനാരായണങ്കലേയ്ക്കു തിരിഞ്ഞു.

"ഉരഃസ്ഥലാസ്തീൎണ്ണഗഭസ്തിജാലം രവിസ്തുതം കൗസ്തുഭമാവഹന്തം
അഖണ്ഡമൎത്ത്യാധിപകണ്ഡലശ്രീസുമണ്ഡലാമണ്ഡിതഗണ്ഡയുഗ്മം

പീതാംബരം നീലനവോല്ലലാഭം തടില്ലതാപീഡമിവാംബുവാഹം
കരോല്ലസദ്വേണുമുദാരമന്ദസ്മിതാമൃതാപ്ലാവിതദിക്കടംബം

ത്രിലോകലക്ഷ്മീനിലയം പുമാംസം വിലോക്യ സാ കാമശരാഭിതപ്താ

x x x x

സ്രംസദ്ദുകൂലാകുലകേശമാലാചലദ്ദ്വിരേഫാരവപൂരിതാശാ
നിശ്വാസവാതഗ്ലപിതാധരോഷ്ഠീ പൃഷ്ഠം ഗതാ സ്പ്രഷ്ടുമഥാചകാം[ക്ഷേ.

x x x x

ജഗത്ത്രയാനന്ദവിധാനദക്ഷാ ഗതത്രപാ തം പരമം പുമാംസം
ന തത്ര സാവിന്ദത പാദധൂളീപവിത്രിതാശേഷവനപ്രദേശം."

ഭഗവാന്റെ പുറകെ ഉർവ്വശി ദേവേന്ദ്രന്റെ ആജ്ഞയും താൻ വന്ന കാൎയ്യവും മറന്നു കാമാൎത്തയായ് ഓടി; കാടെങ്ങും ചുററിത്തിരിഞ്ഞു; ഭഗവാനെ ഒരിടത്തും കണ്ടില്ല. ഒടുവിൽ ആ ഭക്തവത്സലൻ അവളുടെ

Digitized By Kerala Sahitya Akademi

മുന്നിൽ ആവിർഭവിച്ച്, "ത്വയാ ന ചാല്യോ മുനിരേവമുക്ത്വാ വിസൃജ്യ താമന്തരധത്ത ദേവഃ" നിന്നാൽ ഇളക്കപ്പെടാവുന്നവനല്ല ഈ മഹർഷി എന്ന് അരുളിചെയ്തിട്ടു മറഞ്ഞു. മഹർഷി തന്റെ തപസ്സു തുടൎന്നു.

പാലാഴിയിൽ പള്ളികൊള്ളുന്ന ശ്രീപത്മനാഭന്റെ വൎണ്ണനത്തോടുകൂടിയാണ് നാലാമത്തെ സ്തബകം ആരംഭിക്കുന്നത്. അവിടെ ഒരിക്കൽ ഭഗവാൻ മഹാലക്ഷ്മിയോടു ഇങ്ങനെ അരുളിച്ചെയ്തു.

"കാരുണ്യപൂരമധുരാർദ്രകടാക്ഷപാതസ്താരുണ്യപൂൎണ്ണതനുമൎണ്ണവകന്യ
[കാംതാം
മന്ദസ്മിതാമൃതഝരീശിശിരീകൃതാശശ്ചന്ദ്രപ്രസന്നവദനാം ഹരിരാ
[ബഭാഷേ.

കാന്തേ, സുഗന്ധിതുളസീമധുപാനലോഭസംഭ്രാന്തഭൃംഗഗണപക്ഷസ
[മീരണാനാം
സ്വീകാരലോലമുഖഭാജി ഭുജംഗമേന്ദ്രേ ഹം നിദ്രാമയാസിഷമുരോജഭരാ
[ന്തരേതേ.

അല്ലയോ ദേവി, ഞാൻ ഉറങ്ങിക്കൊണ്ടിരുന്ന അവസരത്തിൽ ശിവൻ എന്റെ മുൻപാകെ വന്ന് എന്നെ യഥാവിധി സ്തുതിച്ച് ഞാൻ പരശുരാമക്ഷേത്രത്തിൽ സ്ഥിരവാസം ചെയ്തു ഭക്തജനങ്ങളെ അനുഗ്രഹിക്കണമെന്ന് അപേക്ഷിച്ചു.

സസാന്ത്വമാസാദ്യ പുരാമരാതിഃ കഠോരധാരാഗ്രകഠാരപാണിഃ
സ മാമവാദീദ്ദശനാംശുപൂരപ്രസാധിതക്ഷീരസമുദ്രവാരിഃ:—

ലോകത്രയാനന്ദവിധായിശീല പ്രസീദ വിഷ്ണോ, ഭുവനാഭിരാമ,
നിദ്രാലുരേവാസി വിനിദ്ര ഏവ വിദ്രാവയ ദ്രാഗപി ദേവശത്രൂൻ.

ബദ്ധോദയം പരശുരാമഭുജാഗ്രവീൎയ്യലബ്ധാഖിലൎദ്ധിധരണീതല-
[പുണ്യദേശേ
കൃഷ്ണോപവാരിനിധി തുംഗഭുജംഗശായീ സദ്ധൎമ്മരക്ഷണമനുക്ഷണ-
[മാചര ത്വം.

രാമാജ്ഞയാ സകലലോകഹിതായ പാപപ്രധ്വംസനായ ഭുവി
[കേരളപുണ്യദേശേ
ക്ഷേത്രേ സുതീർത്ഥവതി ശ്രദ്ധമഹോദയം ത്വാം പശ്യന്തു നിത്യമഭി
[യാന്തു ഭജന്തു ലോകാഃ.

Digitized By Kerala Sahitya Akademi

സ്യാനന്ദൂരപുരം ചാരു ക്ഷേത്രം ത്രൈലോക്യവിശ്രുതം
സാനന്ദം വസതസ്തേഽത്ര സഹായാ വയമച്യുത."

അതുകൊണ്ടു നമുക്കു് അവിടേയ്ക്കു പോകാം, എന്നു പറഞ്ഞു ഭഗവാൻ രമാദേവിയാലും ഭൂദേവിയാലും അനുഗതനായ് ദിവാകരസന്യാസിയുടെ ആശ്രമത്തെ പ്രാപിക്കുകയും അവിടെനിന്നു തെക്കോട്ടേയ്ക്കു പുറപ്പെടുകയും ചെയ്തു. ഭഗവാൻ പോയ മാർഗ്ഗം നോക്കി സന്യാസിയും നടന്നു.

അനന്തരം പഞ്ചമസ്തബകം ആരംഭിക്കുന്നു. പല രാജ്യങ്ങൾ കടന്നു സന്യാസി ചോളദേശത്തിൽ ചിദംബരത്തെത്തി.

"വിദ്യാവല്ലീമതല്ലീലസദുപവനതാം ബിഭ്രതാമഭ്രഗംഗാ-
വീചീസന്ദോഹനിന്ദാവഹസരസവചോഗുംഫഗാംഭീര്യഭാജാം
പുംസാം സംസാരവിധ്വംസനകനകസഭാധീശസേവാരതാനാം
നൈപുണ്യാലോകകൗതൂഹലകലിതമതിർവിസ്മിതോഽഭ്രന്മുനീന്ദ്രഃ."

മഹാവിദ്വാന്മാരായ പല ശിവഭക്തന്മാരെ അദ്ദേഹം അവിടെ കണ്ടു. അപ്പുറം പാണ്ഡ്യരാജ്യമായി.

"സ താം സതാം മോദകരീം കരീന്ദ്രകർണ്ണാനിലാന്ദോളിതശാഖിവൃന്ദാം
മഹീമഹീനാം നവസസ്യജാതൈരഹിണ്ഡതാഥോ ഭുവി പാണ്ഡ്യഭർത്തുഃ.

സ താമ്രവർണ്ണീമഭിരാമവർണ്ണാമുദ്ഗീർണ്ണമുക്താമണിമർണ്ണസോഭേ
തീർണ്ണാം വിതേനേ മുനിരംബുപൂർണ്ണാം തൂർണ്ണം സമാകീർണ്ണസ-
[രോജവർണ്ണാം."

അവിടെ താമ്രവർണ്ണീനദി കടന്നു തിരുച്ചെന്തൂർ ക്ഷേത്രത്തിലെത്തി മഹർഷി സുബ്രഹ്മണ്യസ്വാമിയെ വന്ദിച്ചു.

"അഥാലയം കഞ്ചന കാഞ്ചനശ്രീവിരാജിതം രാജതഭാണ്ഡഷണ്ഡം
സമേത്യ സേനാന്യമനന്യചേതാ ഗിരീന്ദ്രകന്യാതനയം വവന്ദേ."

അവിടെനിന്നു കേരളത്തിലേയ്ക്കു കടന്നു് ആദ്യമായ് കന്യാകുമാരിയിലെ ഭഗവതിയെ അദ്ദേഹം ഭജിച്ചു.

"ആര്യാം കുമാര്യാമഭിരാമരൂപാം കന്യാം പയോധേസ്തടമാവസന്തീം
ഇഷ്ടാർത്ഥദാം പാദസരോജഭാജാം തുഷ്ടാവ ദൃഷ്ട്വാ മുനിരാത്മതുഷ്ട്യാ.

....യാതോ ഭുവി പുണ്യതോയേഷ്വാസക്തചിത്തോ മുനിരേഷനിത്യം
തൽപുണ്യതീർത്ഥാംബുനിമജ്ജനേന സമസ്തതീർത്ഥാപ്ലവനം സ ലേഭേ.

Digitized By Kerala Sahitya Akademi

അയാചതാഥോ മുനിരംബുജാക്ഷീം മുകുന്ദസന്ദർശനമംഗലാൎത്ഥം ;
നത്വാ ജഗാമാശു ശുചീന്ദ്രസംജ്ഞം കൈലാസകല്പം ഭവനം
[പുരാരേഃ."

അവിടത്തെ പുണ്യതീർത്ഥങ്ങളിൽ സ്നാനംചെയ്തുകഴിഞ്ഞപ്പോൾ എല്ലാതീർത്ഥങ്ങളേയും സേവിച്ച ഫലം അദ്ദേഹത്തിനു ലബ്ധമായി. പിന്നീടു ദേവിയോടു തനിക്കു ശ്രീപത്മനാഭനെ സന്ദർശിക്കുവാൻ മാൎഗ്ഗമുണ്ടാക്കിത്തരണമെന്നു പ്രാൎത്ഥിച്ചുകൊണ്ടു ശുചീന്ദ്രത്തുചെന്നു ശ്രീപരമേശ്വരനെത്തൊഴുതു.

"ശുചീന്ദ്രനാഥസ്യ ശചീപതേഃ പുരാ ഹിതം ചികീൎഷുർഭഗവാനവ-
[സ്ഥിതഃ;
ഉഭൌ കരാഗ്രേഷു ഗുണാം വ്യനക്ത്യസൌ ഗുണം ച ദോഷം ജഗതാം
[ഹിതായ സഃ."

'ശുചീന്ദ്രത്തെ ശിവൻ ദേവേന്ദ്രനു ഹിതം നല്കുവാനാണ് ആവിർഭവിച്ചതു്. ഇന്നും ലോകഹിതത്തിനുവേണ്ടി മനുഷ്യരുടെ കരാഗ്രങ്ങളിൽ ഗുണവും ദോഷവും അവിടുന്ന് കാണിച്ചുകൊടുക്കുന്നു.' എന്നു കവി പറയുന്നു. ഇതു ശുചീന്ദ്രത്തുകൈമുക്കുപരീക്ഷയേപ്പററിയുള്ള സൂചനയാണ്. അനന്തരം ഏകാദശരുദ്രന്മാരുടെ വാസസ്ഥാനങ്ങളായ പതിനൊന്നു ക്ഷേത്രങ്ങളിൽ സന്യാസി പോയ് ഭജിച്ചു.

"ഏകാദശാലയനിവാസപരാൻ സ രുദ്രാൻ
സദ്രാജലോകവിഹിതോത്സവപുണ്യഘോഷാൻ
ആലോക്യ ഭദ്രവിഷയാംശ്ച യഥോപജോഷം
വാക്സ്ഥാനപത്തനജുഷം പുരുഷം പ്രപേദേ.

ആ ക്ഷേത്രങ്ങൾ തിരുമല, തൃക്കുറിച്ചി, തിരുവിടക്കോട്, തിരുവിതാങ്കോട്, തൃപ്പന്നിക്കോട്, തൃപ്പരപ്പ്, മുതലായവയാണ്. കുലശേഖരപ്പെരുമാക്കന്മാരുടെ പഴയരാജധാനിയായ പത്മനാഭപുരത്തിനു സമീപമാണ് അവ സ്ഥിതിചെയ്യുന്നതു്. പത്മനാഭപുരത്തെ നീലകണ്ഠസ്വാമിക്ഷേത്രംകൂടിചേൎത്ത് അവയെ പന്ത്രണ്ടു ശിവാലയങ്ങൾ എന്ന് ഇപ്പോൾ വ്യവഹരിച്ചുവരുന്നു. ഏകാദശരുദ്രന്മാരെ സങ്കല്പിച്ചാണ് ഇവയിൽ പതിനൊന്നു ക്ഷേത്രങ്ങൾ പ്രതിഷ്ഠിച്ചിട്ടുള്ളതെന്ന് ഈ കാവ്യത്തിൽ പ്രസ്താവിച്ചുകാണുന്നതു പ്രത്യേകം സ്മരണീയമാണ്. "ഭദ്രവിഷയങ്ങൾ" എന്നു പറഞ്ഞിട്ടുള്ളതു വേണാട്ടിനെപ്പററിയായിരിക്കണം. 'വാട്ടാറ്' എന്നാണ്

Digitized By Kerala Sahitya Akademi

തിരുവട്ടാറ് എന്ന സ്ഥലത്തിന്റെ പഴയ പേർ. വാട്ടാറ സംസ്കൃതീകരിച്ചതാകുന്നു 'വാക്സ്ഥാനം.' അവിടത്തെ ആദികേശവസ്വാമിയെ വന്ദിച്ചതിനുമേൽ സന്യാസി ചിതറാൽ അഥവാ 'തൃച്ചാരണത്തുമല' എന്ന സ്ഥലത്തേക്കു പോയി.

"ശേഷാഹിഭോഗശയനം പുരുഷം പുരാണം
നാരായണം ഭുവനമംഗലമുജ്ജ്വലാംഗം
ലക്ഷ്മീകുചദ്വയവിമർദ്ദനശോണഹാരം
ദൃഷ്ട്വാഭിവന്ദ്യ സ മുകുന്ദമഥോ ജഗാമ.

ശ്രീചാരണാദ്രിശിഖരസ്ഥിതയക്ഷകന്യാം
ധന്യാം വിലോക്യ കമിതുഃ കലഹാദിഭ്രതാം
സപ്പിഷ്ടതീമഥ നദീമയമുത്തതാര;
പ്രൈക്ഷിഷ്ട താലവനമദ്ധ്വനി ബദ്ധമോദം.

കാന്താജനസ്തനസമാനഫലാമനന്ദീ-
ത്താലാവലീം പവനനിർമ്മിതമർമ്മരാം താം
പത്രാന്തലംബിതകുലായകുലാന്തരസ്ഥ-
ഡിംഭാളിസംഹതിചലച്ചടകാം മുനീന്ദ്രഃ.

ശൈലാഗ്രനിർഗ്ഗതവിനിർഗ്ഗളിതാംബുപൂരാ
ഗ്രാവസ്ഖലദ്ഗളഗളാരവപൂരിതാശാ
സ്രോതസ്വിനീ വഹതി യത്ര; ഖരാലയം തം
ദേശം വിവേശ മുനിരച്യുതമാർഗ്ഗണായ."

തൃച്ചാരണത്തു മലയിൽ ഇന്നു കാണുന്ന ഭഗവതീക്ഷേത്രം പണ്ട് ഒരു ജൈനദേവാലയവും അവിടെ ഇന്നു ഭഗവതി എന്നു സങ്കല്പിച്ച് ആരാധിക്കുന്ന ബിംബം ജൈനരുടെ പത്മാവതീദേവിയുടേതുമായിരുന്നു. ക്രി: പി: ഒൻപതാംശതകത്തിൽ വേണാട്ടു വാണിരുന്ന വിക്രമാദിത്യവരഗുണൻ എന്ന ബൗദ്ധരാജാവിന്റെ ഒരു ശിലാശാസനം ആ ക്ഷേത്രത്തിലുണ്ട്. 'തിരുച്ചാരണത്തുപ്പടാരിയാർ' എന്നാണു് പ്രസ്തുതശാസനത്തിൽ ദേവിയുടെ പേർ കുറിച്ചുകാണുന്നതു് വീരമാർത്താണ്ഡവർമ്മമഹാരാജാവിന്റെ വാഴ്ചക്കാലമായ കൊല്ലം പത്താംശതകത്തിന്റെ പൂർവാർദ്ധത്തിൽപോലും ഭർത്താവിനോടു പിണങ്ങിയ ഒരു യക്ഷകന്യകയായിട്ടാണ് ആ ദേവിയെ ശ്രീകൃഷ്ണകവി വർണ്ണിക്കുന്നതു് എന്നുള്ളതിൽനിന്നു് ഒരു പരിപൂർണ്ണഹൈന്ദവദേവതയായ് അന്നും ആ മൂർത്തിയെ ഹിന്ദുക്കൾ അംഗീ

Digitized By Kerala Sahitya Akademi

കരിച്ചുകഴിഞ്ഞിരുന്നില്ലെന്ന് ഊഹിക്കാവുന്നതാണ്. 'വിലോക്യ' എന്നു മാത്രമേ കവി പറയുന്നുമുള്ളൂ. "ഭവ്യാം സിദ്ധഗിരിസ്ഥിതാം ഭഗവതീമവ്യാജരമ്യാം ഭജേ" എന്നു കൊല്ലം പതിനൊന്നാംശതകത്തിന്റെ പൂർവാർദ്ധത്തിൽ ജീവിച്ചിരുന്ന ഇരയിമ്മൻതമ്പി ആ ദേവിയെ വന്ദിക്കുന്നതു് അതിനുമുൻപു പരിവർത്തനം പൂർണ്ണമായ്ക്കഴിഞ്ഞിരുന്നതിനാലാണ്. "സപ്പ്ിഷ്ഠതി"യായ നദി തിരുവനന്തപുരത്തിനു പന്ത്രണ്ടു നാഴിക തെക്കു കിഴക്കുള്ള നെയ്യാററിൻകരയിൽക്കൂടി ഒഴുകുന്ന നദിയാകുന്നു. അതിനു നെയ്യാറെന്നാണ് പേർ. നെയ്യാററിന്റെ കരയിലുള്ള നഗരമായതുകൊണ്ടു് ആ സ്ഥലത്തിനു നെയ്യാററിൻകര എന്നു പേരു സിദ്ധിച്ചു. അവിടെനിന്നു തിരുവനന്തപുരത്തേയ്ക്കുള്ള വഴിക്കടുത്തു് ഇരുവശവും അനവധി പനകൾ ഇന്നും നില്ക്കുന്നുണ്ടു്. തിരുവനന്തപുരത്തിനടുത്തുള്ള 'കരമന' യെ കവി സംസ്കൃതീകരിച്ചതാണ് 'ഖരാലയം'. കരമനയാറു പ്രസിദ്ധമാണല്ലോ. കരമന കടന്നു് ആറന്നൂർ ഏലായിൽ (പാടം) എത്തിയപ്പോൾ സന്ന്യാസി അവിടെ ഒരു പുലയിയുടെ വാക്കു കേട്ടു.

> "വേത്രയഷ്ട്യാ സമാതാഡ്യ ത്വാമനന്തപുരേ വനേ
> ക്ഷിപാമി കോപകലുഷാ; മൂഢ ബാഢം ന തേ സുഖം."

"പിരമ്പുകൊണ്ടടിച്ചു നിന്നെ ഞാൻ അനന്തൻകാട്ടിലേയ്ക്കെറിഞ്ഞുകളയും" എന്നു് അമ്മ കരയുന്ന തന്റെ കുഞ്ഞിനോടു പറയുന്ന വാക്കായിരുന്നു അതു്. അനന്തൻകാട്ട് എവിടെയാണെന്നു മുനി അവളോടു ചോദിച്ചു.

> "ആസാദ്യ താമേവമപൃച്ഛദേനാം മഹാമുനിഃ പുല്കസരാജകന്യാം;
> ജാനാസി കിം മാനിനി, ഭൂരിപുണ്യാദനന്തധാമ പ്രഥിതം പൃഥിവ്യാം?
> കുതഃ പദം തന്മധുകൈടഭാരേരന്വേഷ്ടുമസ്മാൽ കിമു വിപ്രകൃഷ്ടം?
> വദസ്വ താവത്ത്വമുദാരബുദ്ധേ; തതസ്തു സാ വാചമുവാച തന്വീ."

അതിന് അവൾ കിള്ളിയാറുകടന്നു (വിശാലശാലാധീശമീശം പ്രണമ്യ) വലിയ ചാല മഹാദേവരെത്തൊഴുതു് അതിന്റെ പടിഞ്ഞാറുഭാഗത്തേയ്ക്കു പോയാൽ അവിടെ എത്താമെന്നു മറുപടിപറഞ്ഞു. ആ ഉപദേശം അനുസരിച്ചു മഹർഷി മുൻപോട്ടു പോയപ്പോൾ മനോഹരമായ ഒരു വനം കണ്ടു. അതിനകത്തു കടന്ന അവസരത്തിൽ ബാലനായ ഭഗവാനും പ്രത്യക്ഷീഭവിച്ചു.

> "മന്ദാരവാടീഷു ദൃശൌ സ മന്ദം പ്രചാരയൻ നന്ദനശോഭനാസു
> തേജഃ കളായാഞ്ജനപുഞ്ജമഞ്ജു വ്യചക്ഷതാഭ്യാശനികുഞ്ജകക്ഷൗ.



Digitized By Kerala Sahitya Akademi

മൗകുന്ദമിന്ദീവരകാന്തി തേജഃ സ്വരൂപസമ്പത്തിമഥോ ബഭാര;
ബാലാകൃതിം നീലവലാഹകാഭം വ്യലോകയത്തന്മുനിരംബുജാക്ഷം.

ഗളസ്ഥലാരഞ്ജിതമഞ്ജുഭൂഷാപരിസ്ഫുരദ്ദീപിനഖാംശുജാലം
ക്വണന്മണീനൂപുരകിങ്കിണീകം സുകങ്കണാലംകൃതബാഹുപദ്മം

വംശീനിനാദേന സമസ്തലോകം സംശീലയന്തം ഭഗവന്തമാരാൽ
പിഞ്ഛാഗ്രസഞ്ചാരിതകാകപക്ഷം സമീക്ഷ്യ മോഹാന്മുനിരഭ്യധാവൽ."

ദിവാകരൻ ഭഗവാനെ ഒടുവിൽ പിടികൂടി യഥാവിധി പൂജിച്ചു.

ആറാം സ്തബകത്തിൻെറ ആരംഭത്തിൽ സന്ന്യാസി "സമസ്തരാജന്യകമസ്തഭൂഷാമണിപ്രവേകോജ്ജ്വലപാദപീഠ"നായ കുലശേഖരമഹാരാജാവിനെ ആ ദിവ്യസ്ഥലത്തേയ്ക്കു കൂട്ടിക്കൊണ്ടു പോരുവാൻ പുറപ്പെടുന്നു. അതിനപ്പുറമുള്ള ഭാഗം ഗ്രന്ഥത്തിലില്ല.

സാമാന്യമായ അത്ഥചമൽകാരവും അസാധാരണമായ ശബ്ദമാധുര്യവും ഈ ചമ്പുവിൽ കാണുന്നുണ്ടെന്നു ഞാൻ സഹൃദയന്മാരോടു പറയേണ്ടതില്ലല്ലോ. പക്ഷേ, ഇതിലെ സാഹിത്യത്തെ ഓത്തല്ല ഞാൻ പ്രധാനമായ് ഈ ഉപന്യാസം എഴുതാനുദ്യമിച്ചതു്. അനന്തശയനക്ഷേത്രത്തിൻെറ മാഹാത്മ്യം; തിരുവനന്തപുരത്തിൻെറ വൈശിഷ്ട്യം; കുലശേഖരൻെറ അപദാനം; വീരമാത്താണ്ഡവമ്മമഹാരാജാവിൻെറ പ്രഭാവം; അക്കാലത്തു തെക്കൻ തിരുവിതാംകൂറിലുള്ള ചില ക്ഷേത്രങ്ങളുടെയും മററും സ്ഥിതി; ഇത്യാദി ചരിത്രവിഷയങ്ങളെക്കൂടി പ്രതിപാദിക്കുന്ന ഒരു ഗ്രന്ഥമെന്നുള്ള മെച്ചംകൂടി ഇതിനുണ്ടു്.

Digitized By Kerala Sahitya Akademi

# ബാലരാമവമ്മയശോഭൂഷണം.

---

കൊല്ലവഷം 933-മുതൽ 973-വരെ തിരുവിതാംകൂർ രാജ്യം അനിതരസാധാരണമായ സാമത്ഥ്യത്തോടുകൂടി ഭരിച്ചു ധമ്മരാജാവെന്നും കിഴവൻ രാജാവെന്നും വലിയ അമ്മാമനെന്നും മററുമുള്ള അന്വത്ഥബിരുദങ്ങൾക്ക് ആധാരമായ് പരിലസിച്ച കാത്തികതിരുനാൾ രാമവമ്മമഹാരാജാവുതിരുമനസ്സിലെ വിദ്യാവിഷയകമായ അപദാനത്തെപ്പററി ഞാൻ എൻെറ ചാതകസന്ദേശത്തെപ്പററിയുള്ള പ്രബന്ധത്തിൽ ചിലതെല്ലാം ഉപന്യസിച്ചിട്ടുണ്ട്. അദ്ദേഹത്തിൻെറ ആസ്ഥാനകവികളുടെ കൂട്ടത്തിൽ സദാശിവദീക്ഷിതർ എന്നൊരു പണ്ഡിതൻകൂടിയുണ്ടായിരുന്നതായും ഞാൻ ആ പ്രബന്ധത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. സദാശിവദീക്ഷിതർ കാത്തികതിരുനാൾ തിരുമേനിയുടെ ഗുണഗണങ്ങളെ വിഷയീകരിച്ചു നിമ്മിച്ചിട്ടുള്ള ഒരു സമഗ്രമായ അലങ്കാരഗ്രന്ഥമാണ് "ബാലരാമവമ്മയശോഭൂഷണം."

'ബാല' എന്ന പദം നാടുവാഴുന്ന തിരുവിതാംകൂർ മഹാരാജാക്കന്മാരുടെ തിരുനാമത്തിനുമുൻപു വളരെക്കാലമായ് ഘടിപ്പിച്ചുകാണുന്നുണ്ട്. ഹിരണ്യഗഭം മുതലായ അടിയന്തരങ്ങളിൽ ഇന്നും 'ബാല'പദം ചേത്തുവേണം ആചായ്യൻ മഹാരാജാവിനെ അഭിസംബോധനംചെയ്യുവാൻ എന്നുള്ളതിനു ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിൽ രേഖകൾ സുലഭങ്ങളാണ്. 'ബാലമാത്താണ്ഡവമ്മവിജയം' 'ബാലരാമവമ്മയശോഭൂഷണം' 'ബാലരാമഭരതം' മുതലായ ഗ്രന്ഥങ്ങളുടെ പേരുകളിൽനിന്നുപോലും ഈ വസ്തുത വെളിവാകുന്നു. ഈ തത്വത്തെ വിശദീകരിക്കുന്ന ശിലാരേഖകളും തിരുവനന്തപുരം, ആരുവാമൊഴി, കന്യാകുമാരി എന്നീ സ്ഥലങ്ങളിലുണ്ട്.

'ബാലരാമവമ്മയശോഭൂഷണം' വിദ്യാനാഥമഹോപാധ്യായനാൽ പ്രണീതമായ പ്രതാപരുദ്രയശോഭൂഷണത്തിൻെറ ഒരു അനുകൃതിയെന്നു പറഞ്ഞാൽപോരാ; ലക്ഷണപ്രതിപാദകമായ അംശത്തെ സംബന്ധിച്ചിടത്തോളം അതിൻെറ ഒരു നേർപകർപ്പുതന്നെയാണ്. ഉദാഹരണപദ്യങ്ങൾമാത്രം ബാലരാമവമ്മപരങ്ങളായ് ദീക്ഷിതർ നിബന്ധി

Digitized By Kerala Sahitya Akademi

ച്ചിരിക്കുന്നു എന്നു മാത്രമേ രണ്ടു ഗ്രന്ഥങ്ങൾക്കും തമ്മിൽ വ്യത്യാസമുള്ളു. പ്രതാപരുദ്രീയത്തിൽ എന്നപോലെ ഈ പ്രബന്ധത്തിലും നായകപ്രകരണം, കാവ്യപ്രകരണം, നാടകപ്രകരണം, രസപ്രകരണം, ദോഷപ്രകരണം, ഗുണപ്രകരണം, ശബ്ദാലങ്കാരപ്രകരണം, അൎത്ഥാലങ്കാരപ്രകരണം, മിശ്രാലങ്കാരപ്രകരണം എന്നിങ്ങനെ എട്ടു പ്രകരണങ്ങളുണ്ടു്. ഒന്നാം പ്രകരണത്തിനു നായികാനായകപ്രകരണമെന്നു ദീക്ഷിതർ പേരു നല്കിയിരിക്കുന്നു. പ്രതാപരുദ്രകല്യാണം എന്നൊരു നാടകംകൂടി പ്രത്യേകമായ് നിൎമ്മിച്ചു ഗ്രന്ഥത്തിൽ ഘടിപ്പിച്ചു നാടകസ്വരൂപത്തെ സാംഗമായ ഉദാഹരണംകൊണ്ടു പ്രസ്പഷ്ടമാക്കിയ വിദ്യാനാഥൻ ആ പ്രസ്ഥാനത്തിൻെറ ഉപജ്ഞാതാവാകുന്നു. ആ രീതിതന്നെയാണു് സദാശിവദീക്ഷിതരും സ്വീകരിച്ചിരിക്കുന്നതു്. അദ്ദേഹവും തൃതീയപ്രകരണത്തിൽ വസുലക്ഷ്മീകല്യാണം എന്ന അഞ്ചങ്കമുള്ള ഒരു നാടകം രചിച്ചു ചേൎത്തിരിക്കുന്നു. ഈ നാടകം സാമാന്യം വലുതാണു്. പക്ഷെ ചരിത്രദൃഷ്ട്യാ പരിശോധിക്കുമ്പോൾ പ്രതാപരുദ്രകല്യാണത്തിൻെറ ശതാംശംപോലും ഗുണം ഇതിനില്ലെന്നുള്ളതു് ഇതിൻെറ ഒരു ന്യൂനതയായ്ത്തന്നെ കരുതേണ്ടതാകുന്നു. ഭോജരാജാവിൻെറ സരസ്വതീകണ്ഠാഭരണത്തെ അനുകരിച്ചു വിദ്യാനാഥൻ ശ്ലേഷം, പ്രസാദം, സമത, മാധുൎയ്യം, സുകുമാരത, അൎത്ഥവ്യക്തി, ഉദാരത്വം, കാന്തി, ഉദാത്തത, ഓജസ്സ്, സൗശബ്ദ്യം, പ്രേയാൻ, ഔൎജിത്യം, വിസ്തരം, സമാധി, സൂക്ഷ്മത, ഗാംഭീൎയ്യം, സംക്ഷേപം, ഭാവികം, സമ്മിതത്വം, പ്രൗഢി, രീതി, ഉക്തി, ഗതി എന്നിങ്ങനെ ഇരുപത്തിനാലു ഗുണങ്ങളെ പ്രത്യേകം പ്രത്യേകമായ് പ്രതിപാദിക്കുന്നതു സമഞ്ജസമല്ലെന്നും, കാവ്യാലങ്കാരസൂത്രങ്ങളിൽ വാമനൻ അവയെ ഓജസ്സ്, പ്രസാദം, ശ്ലേഷം, സമത, സമാധി, മാധുൎയ്യം, സൗകുമാൎയ്യം, ഉദാരത, അൎത്ഥവ്യക്തി, കാന്തി എന്നിങ്ങനെ പത്തായ് പിരിച്ചിട്ടുള്ളതുതന്നെ വിചാരസഹമല്ലെന്നുമാണു് അഭിയുക്തമതം. വാമനൻതന്നെ ഈ വിഷയത്തിൽ നാട്യവേദകാരനായ ഭരതമഹൎഷിയെ പിൻതുടരുന്നതേയുള്ളു. മാധുൎയ്യം, ഓജസ്സ്, പ്രസാദം എന്നീ മൂന്നു ഗുണങ്ങളേ വാസ്തവത്തിൽ ഉള്ളു എന്നും ദശഗുണങ്ങളിൽ ബാക്കിയുള്ള ഏഴും ഒന്നുകിൽ അവയിൽ അന്തർഭവിക്കുന്നവയോ, അല്ലെങ്കിൽ ദോഷാഭാവരൂപങ്ങളോ മാത്രമാണെന്നും കാവ്യപ്രകാശകാരനായ മമ്മടഭട്ടൻ മുതൽപേർ സോപപത്തികമായ് ഉപന്യസിക്കുന്നുണ്ടു്. ആ സ്ഥിതിക്കു മമ്മടനെ അപേക്ഷിച്ചു് അൎവാചീനനായ വിദ്യാനാഥൻ പത്തു ഗുണങ്ങൾകൊണ്ടു തൃപ്തിപ്പെടാതെ അവയെ ഇരുപത്തിനാലായ് പകുത്തിയതു നായകവൎണ്ണനത്തിനു

Digitized By Kerala Sahitya Akademi

കുറെക്കൂടി അവസരങ്ങൾ ഉണ്ടാകുന്നതിനുവേണ്ടി മാത്രമാണെന്നു ഞാൻ ഊഹിക്കുന്നു. വിദ്യാനാഥനെ ആപാദചൂഡം ഉപജീവിക്കുന്ന ദീക്ഷിതരുടെ ഗതിയും അതുതന്നെയാണ്. മിശ്രാലങ്കാരങ്ങൾക്കു പ്രത്യേകം ഒരു പ്രകരണം വിദ്യാനാഥൻ വിനിയോഗിക്കേണ്ടിയിരുന്നില്ല. അവിടെയും ദീക്ഷിതർ തന്റെ പൂവ്വഗാമിയെ അന്ധനിർവ്വിശേഷമായ് അനുകരിക്കുന്നു.

സദാശിവ ദീക്ഷിതർ തന്നെപ്പററി നാടകപ്രകരണത്തിൽ

"ചോക്കനാഥാധ്വരിസുതസ്സവ്വവിദ്യാവിശാരദഃ
സദാശിവമഖീ സോയം പ്രബന്ധാ ഭാവുകാഗ്രണീഃ."

എന്നു പ്രസ്താവിക്കുന്നു. അദ്ദേഹത്തിന്റെ മറെറാരു കൃതിയായ 'ലക്ഷ്മീകല്യാണം' എന്ന നാടകത്തിൽ "അസ്തിഖലു ഭാരദ്വാജകുലകലശജലധിഹിമകരസ്യ, സവ്വതന്ത്രസ്വതന്ത്രസ്യ, ചോക്കനാഥയജ്വനസ്തനുജസ്യ, മീനാക്ഷീഗർഭശുക്തിമുക്താമണേഃ കൃതിരഭിനവം ലക്ഷ്മീകല്യാണം നാമ നാടകം" എന്ന മറെറാരു പ്രസ്താവന കാണുന്നതിൽനിന്നു നമ്മുടെ കവി ഭാരദ്വാജഗോത്രജനും സവ്വതന്ത്രസ്വതന്ത്രനായ ചൊക്കനാഥദീക്ഷിതരുടേയും മീനാക്ഷ്യംബയുടേയും പുത്രനും സർവ്വവിദ്യാവിശാരദനും സഹൃദയാഗ്രേസരനും ആയിരുന്നു എന്നു വെളിവാകുന്നു. ദ്രാവിഡനായ ഈ സ്മാർത്തബ്രാഹ്മണൻ ചോളപാണ്ഡ്യദേശങ്ങളിൽനിന്നു കാർത്തികതിരുനാൾ മഹാരാജാവിനെ ആശ്രയിക്കുന്നതിനായ് തിരുവനന്തപുരത്തു വന്നുവോ, അതോ അദ്ദേഹത്തിന്റെ കുടുംബം മുൻപുതന്നെ തിരുവിതാംകൂറിൽ താമസമുറപ്പിച്ചിരുന്നുവോ എന്നറിവാൻ ഒരു മാർഗ്ഗവുമില്ല. ഈ രാജ്യത്തിന്റെ ചരിത്രത്തെപ്പററി അദ്ദേഹത്തിനുള്ള അറിവു വളരെ വിരളമായിരുന്നു എന്നാണ് ബാലരാമവമ്മയശോഭൂഷണത്തിൽനിന്ന് അനുമാനിക്കേണ്ടിയിരിക്കുന്നതു്.

ഇനി രാമവമ്മമഹാരാജാവിന്റെ ഗുണഗണങ്ങളെ ദീക്ഷിതർ എങ്ങനെ വണ്ണിച്ചിരിക്കുന്നു എന്നു നോക്കാം. ഗ്രന്ഥത്തിന്റെ ഉപോൽഘാതത്തിലുള്ളവയാണ് താഴെക്കാണുന്ന ശ്ലോകങ്ങൾ.

"വല്മീകജന്മമുനയേ കവിലോകമൂലകന്ദായ ധാതുകരുണാങ്കുരിത
[പ്രവാചേ
തസ്മൈ നമോസ്തു രഘുനാഥകഥോപക്ലപ്തസ്സൽകാവ്യകല്പകതരുസ്സ
[ഫലോ യതോഭൂൽ.

Digitized By Kerala Sahitya Akademi

മഹാകവിഭ്യഃ പൂവ്വേഭ്യോ നമോവാകമുദീരയൻ
വക്ഷ്യേƒലങ്കാരശാസ്ത്രാർത്ഥതത്വസാരം യഥാമതി.

പ്രബന്ധോƒയം സഹൃദയപ്രിയോ ഭവിതുമർഹതി
യതഃ ശ്രീരാമവമ്മേന്ദ്രഗുണസംസർഗ്ഗതഃ കൃതീ ''

ഞാൻ ഇവിടെ ഉദ്ധരിക്കാത്ത ഒരു ശ്ലോകത്തിൽ കവി ശ്രീപത്മനാഭസ്വാമിയെ വന്ദിച്ചതിനുമേൽ വാല്മീകിമഹർഷിയെ സ്തുതിക്കുകയും പൂർവന്മാരായ മഹാകവികളെ നമസ്കരിക്കുകയും ചെയ്തുകൊണ്ടു തൻെറ 'അലങ്കാരശാസ്ത്രാൎത്ഥതത്വസാരം' ആരംഭിക്കുകയും രാമവമ്മമഹാരാജാവിൻെറ ഗുണഗണങ്ങളുമായിട്ടുള്ള സംസൎഗ്ഗംകൊണ്ടു ചരിതാൎത്ഥമായ ആ പ്രബന്ധം സഹൃദയന്മാൎക്കു പ്രിയമായ്ത്തീരുവാൻ അർഹമാണെന്നു പ്രസ്താവിക്കുകയും ചെയ്യുന്നു വിദ്യാനാഥൻ മഹാകവികൾക്കു പകരം,

"പൂവ്വേഭ്യോ ഭാമഹാദിഭ്യഃ സാദരം വിഹിതാഞ്ജലിഃ
വക്ഷ്യേ സമൃഗലങ്കാരശാസ്ത്രസർവസ്വസംഗ്രഹം.''

എന്ന പദ്യത്തിൽ ഭാമഹാദികളായ സാഹിത്യശാസ്ത്രകാരന്മാരെയാകുന്നു വന്ദിക്കുന്നതു്. ലക്ഷണഭാഗത്തിൽ സ്വയമായ് യാതൊന്നും രചിക്കുവാൻ ഉദ്ദേശിക്കാത്ത ദീക്ഷിതൎക്കു ലക്ഷ്യഭാഗത്തിൽ മാത്രം ദൃഷ്ടിവെച്ചാൽ മതിയാകുന്നതാകയാൽ അദ്ദേഹം മഹാകവികളെ നമസ്കരിക്കുന്നതു് അർത്ഥവത്തായിരിക്കുന്നു.

"അത്ര പ്രമേയം കാവ്യജ്ഞമയ്യാദൈകനിബന്ധനം
x x x x
തഥാപി രാമവമ്മേന്ദോൎഗ്ഗുണാ വാചാലയന്തി മാം.

പ്രബന്ധാനാം പ്രതിഷ്ഠാ ഹി നായകാഭ്യുദയാശ്രിതാ;
തസ്മാന്നായകമാഹാത്മ്യം മാംഗല്യം കാവ്യസമ്പദഃ.

യുവതീനാം പ്രബന്ധാനാം ഭടാനാമപി സർവഥാ
നായകാഭ്യുദയേനൈവ രസവത്താ ന ചാന്യഥാ.

അതസ്സുന്നേതൃവിഷയഃ പ്രബന്ധഃ കല്പഭൂരുഹഃ
പ്രസൂതേ സകലാൻ കാമാൻ സുമനോഭിരുപാസിതഃ.''

"പ്രബന്ധങ്ങളുടെ പ്രതിഷ്ഠ നായകാഭ്യുദയത്തെ ആശ്രയിച്ചിരിക്കുന്നു. അതുകൊണ്ടു കാവ്യസമ്പത്തിൻെറ മംഗളം നായകൻെറ

Digitized By Kerala Sahitya Akademi

മാഹാത്മ്യം തന്നെയാകുന്നു. യുവതികൾക്കും പ്രബന്ധങ്ങൾക്കും ഭടന്മാക്കും ഏതുപ്രകാരത്തിൽ നോക്കിയാലും നായകാഭ്യുദയം കൊണ്ടല്ലാതെ രസവത്ത്വം സിദ്ധിക്കുന്നതല്ലല്ലോ. ഉത്തമനായ നായകനെ വിഷയീകരിച്ചു രചിക്കപ്പെടുന്ന പ്രബന്ധമാകുന്ന കല്പവൃക്ഷം, പുഷ്പങ്ങളാൽ (കല്പവൃക്ഷപക്ഷത്തിൽ സുമനസ്സുകൾ എന്നാൽ ദേവന്മാർ) ഉപാസിതമായ് എല്ലാ കാമിതങ്ങളേയും നല്കുന്നു."

"തത്താദൃഗത്ഭുതചരിത്രപവിത്രിതാസു
പ്രാചാം കൃതിഷ്വപി സതീഷു മിതംപചോക്തിഃ
വാക്ചാപലാൽ സുഗുണസാഗരവഞ്ചിബാല-
ശ്രീരാമവമ്മകുലശേഖരഭൂപമീഡേ.

ലക്ഷ്മീർവ്വൃണോതി യദപാംഗവിലാസപാത്രം;
യത്സ്വസ്ത്രലക്ഷ്യകലമാപ്രിയതേഽപ്സരോഭിഃ;
ശ്രീപദ്മനാഭശരണാഗതവഞ്ചിബാല-
ശ്രീരാമവമ്മകുലശേഖരരാഡ് സ ജീയാൽ.

പ്രാക്പുണ്യാർജ്ജിതമൂലയാ കവിമനഃക്ഷേത്രോത്തമേ ജാതയാ
സമ്യഗ്ഭാവുകചിത്തശാഖിതതയാ വ്യംഗ്യോക്തിപുഷ്പശ്രിയാ
നിത്യം സൽഫലയാ ഗുണാനുസരണാച്ഛ്രീരാമവമ്മപ്രഭോ-
സ്സ്വർവ്വന്യാ ലതയേവ സൽകവിതയാ കിം കിം ന സംഭാവ്യതേ?"

അത്തരത്തിലെല്ലാം അത്ഭുതങ്ങളായ ചരിത്രങ്ങളെക്കൊണ്ടു പവിത്രങ്ങളായ പൂർവ്വസൂരികളുടെ കൃതികളുണ്ടെങ്കിലും ഉക്തിദാരിദ്ര്യമുള്ള താൻ വാക്ചാപലത്താൽ പ്രേരിതനാകുകനിമിത്തം ശ്രീരാമവമ്മാഭിധനായ കുലശേഖരപ്പെരുമാളെ സ്തുതിക്കുന്നു എന്നു കവി ഔദ്ധത്യപരിഹാരം ചെയ്യുന്നു. "യാതൊരു മഹാരാജാവിന്റെ കടാക്ഷത്തിനു പാത്രമായവനെ ലക്ഷ്മീദേവിയും ആയുധത്തിനു ലക്ഷ്യമായവനെ അപ്സരസ്ത്രീകളും വരിക്കുന്നുവോ, ശ്രീപത്മനാഭദാസനായ ആ വഞ്ചിബാലരാമവമ്മകുലശേഖരൻ ജയിപ്പൂതാക. പൂർവ്വപുണ്യമാണ് ഈ കവിതാലതയുടെ മൂലം; കവിയുടെ ഹൃദയമാകുന്ന ഉത്തമസ്ഥാനത്തിലാണ് ഇതിന്റെ ജനനം; നല്ല സഹൃദയന്മാരുടെ മനസ്സാകുന്ന വൃക്ഷത്തെ അവലംബിച്ചാണ് വളച്ച്; വ്യംഗ്യോക്തിയാണ് പുഷ്പം; ശ്രീരാമവമ്മമഹാരാജാവിന്റെ ഗുണങ്ങളെ അനുസരിക്കുന്നതുകൊണ്ടാണ് ഇതു ഫലിക്കുന്നത്; നന്ദനവനത്തിലെ കല്പകലതയിൽ നിന്നെന്നപോലെ ഇതിൽനിന്ന് എന്തു തന്നെ സംഭവിക്കുന്നില്ല?"

Digitized By Kerala Sahitya Akademi

"സേയം സദാശിവകൃതിമ്മധുരോക്തിബന്ധാ
സാലംകൃതിസ്സരസഭാവനിരൂപണോൽകാ
കാന്തം സമിച്ഛതി വധൂരിവ വഞ്ചിബാല-
ശ്രീരാമവമ്മകുലശേഖരസാവ്ഭൌമം.

രാമവമ്മനൃപാലസ്യ ഗുണാൻ കോ ഗണയേദിതി
ജാനന്നപി യഥാശക്തി വണ്ണയാമി ഗുണാണ്ണവം."

പൂവ്ശ്ലോകത്തിൽ കവി തൻെറ കൃതി മഹാരാജാവിനെ, നായിക നായകനെ എന്നപോലെ, കാമിക്കുന്നതായ് വണ്ണിക്കുന്നു.

൨. നായകപ്രകരണം.

അനന്തരം നായകപ്രകരണത്തിൻെറ ആരംഭമായി. ഓരോ നായകഗുണത്തിന് ഓരോ ശ്ലോകമേ സാധാരണമായ് കവികൾ വിനിയോഗിക്കാറുള്ളൂ എങ്കിലും ഔദായ്യം, ധാമ്മികത്വം, പാണ്ഡിത്യം ഇവ രാമവമ്മ മഹാരാജാവിൻെറ വിശിഷ്ടഗുണങ്ങളാകയാൽ അവ ഓരോന്നിനേയും വണ്ണിക്കുന്നതിനുവേണ്ടി ഒന്നിലധികം ശ്ലോകങ്ങൾ കവി ഔചിത്യപൂവ്വം രചിക്കുന്നു. വിതരണതാത്പയ്യമാകുന്നു ഔദായ്യം. അതിനെ ഉദാഹരിക്കുന്ന ശ്ലോകങ്ങൾ താഴെക്കാണുന്നവയാണ്.

"പതിതുമഖിലഷന്തി പ്രായശോ യത്ര കോശാ-
സ്തവ സഹജദയാർദ്രാ രാമവമ്മക്ഷിതീന്ദ്രോ,
സകലശുഭസമേതസ്സോപി ദീനാവനായ
പ്രഭവതി വിരചയ്യ സ്വാശ്രിതാൻ പൂണ്ണകാമാൻ.

വിദ്വദ്ഗജാനപി നിരങ്കുശവത്തിനസ്സ്വൈ-
രബദ്ധ്വാ ഗുണൈഃ കനകശൃംഖലികാനുബദ്ധാൻ
കൃത്വാവസ പ്രതിപദം നനു വഞ്ചിബാല-
ശ്രീരാമവമ്മകുലശേഖരസാവ്ഭൌമ.

"സ്ഫാരദ്വാരപ്രഘാണദ്വിരദമദസമുല്ലോലകല്ലോലഭൃംഗീ-
സംഗീതോല്ലാസഭംഗീമുഖരിതഹരിതസ്സമ്പദഃ കിംപചാനാഃ
ഫുല്ലന്മല്ലീമതല്ലീപരിമളലഹരീസമ്പദുദ്ദാമവാചാം
തേഷാം യേഷാം കവീനാമുപരി തവ ദയാ രാമവമ്മക്ഷിതീന്ദ്രോ."

Digitized By Kerala Sahitya Akademi

"അല്ലയോ മഹാരാജാവേ, അവിടുത്തെ സഹജമായ ദയാവൃഷ്ടികൊണ്ട് ആർദ്രങ്ങളായ ധനങ്ങൾ ആരിൽ പതിക്കവാൻ ഇച്ഛിക്കുന്നുവോ, അവനും തൻെറ ആശ്രിതന്മാരെ പൂർണ്ണകാമന്മാരാക്കി ദീനാവനം ചെയ്യുന്നതിനു ശക്തനായ് ഭവിക്കുന്നു. നിരങ്കുശന്മാരായ പണ്ഡിതകുഞ്ജരന്മാരെ സൎവ്വത്ര അവിടുന്നു ഗുണങ്ങളെക്കൊണ്ട് (ഗജപക്ഷത്തിൽ വടങ്ങൾ) പിടിച്ചു കെട്ടി സ്വർണ്ണശൃംഖലകൊണ്ടു ബന്ധിച്ചു വസിക്കുക. അവിടുത്തെ കരുണ വശ്യവാക്കായ യാതൊരു കവിയിൽ അങ്കുരിക്കുന്നുവോ ആ കവിയുടെ സമ്പത്തുമായ് താരതമ്യപ്പെടുത്തുമ്പോൾ നടക്കൊട്ടിലിൽ കൊമ്പനാനകളെ നിറുത്തുന്ന കുബേരന്മാരുടെ സമ്പത്തുപോലും നിസ്സാരമാണ്."

ധൎമ്മൈകായത്തചിത്തത്വമാകുന്നു ധാൎമ്മികത. ആ ഗുണത്തെ താഴെ ഉദ്ധരിക്കുന്ന ശ്ലോകങ്ങൾകൊണ്ടു കവി ഉദാഹരിക്കുന്നു.

"അവിഹിതവിഷയാതിദൂരവൃത്തിസ്സഹജദയാരസശീതളാന്തരംഗഃ
കലയതി കുലശേഖരക്ഷിതീന്ദ്രോ വിമതജനേപി പരാജിതേ മഹത്വം.

പുണ്യേന കന്ദളിതമങ്കുരിതം പ്രഭാവൈ-
രത്യുച്ഛ്രിതം കുസുമിതം സുഗുണൈൎയ്യശോഭിഃ
രാജശ്രിയാ ഫലിതമാശ്രിതകല്പവൃക്ഷം
ത്വാം മന്മഹേ ജഗതി വഞ്ചിമഹീമഹേന്ദ്ര."

സർവവിദ്യാധികത്വമാകുന്നു പാണ്ഡിത്യം. അതിൻെറ ഉദാഹരണങ്ങൾ താഴെ ചേൎക്കുന്ന ശ്ലോകങ്ങളാകുന്നു.

"ക്ഷയിഷ്ണുഭിഃ ഷോഡശഭിഃ കലാഭിഃ
കലാനിധിഃ കിം ശശലാഞ്ഛനോപി?
നിത്യം ചതുഷ്ഷഷ്ടികലാവിലാസൈ-
ൎവ്വിരാജമാനേ ഭുവി വഞ്ചിചന്ദ്രേ.

യദൃച്ഛാസല്ലാപൈസ്സമധിഗതഷട്തന്ത്രവിഭവൈ-
ശ്ചമൽകുൎവ്വൻ ധീരാൻ സദസി രസഭാവപ്രകടനൈഃ
കവീൻ ധിന്വൻ ഗാനക്രമവിവരണാദ് ഗായകവരാൻ
പരിഷ്കുൎവ്വൻ വഞ്ചിക്ഷിതിപതിലകോയം വിജയതേ."

"ശശലാഞ്ഛനനായ ചന്ദ്രൻ അദ്ദേഹത്തിൻെറ ക്ഷയശീലങ്ങളായ പതിനാറു കലകളെക്കൊണ്ട് എങ്ങനെ കലാനിധിയായ് ഭവിക്കും? എന്നും ഒന്നുപോലെയുള്ള അറുപത്തിനാലു കലകളെക്കൊണ്ടാണല്ലോ വഞ്ചിചന്ദ്രൻ ശോഭിക്കുന്നതു്; അദ്ദേഹംതന്നെയാണ് സാക്ഷാൽ കലാ



Digitized By Kerala Sahitya Akademi

നിധി. സദസ്സിൽ തൻെറ ഷഡ്ദശ്നജ്ഞാനം യദൃച്ഛാസല്ലാപങ്ങളിൽ പോലും സ്ഫുരിപ്പിച്ചു വിദ്വാന്മാരെ ചമൽകരിപ്പിക്കുകയും, രസഭാവങ്ങളെ പ്രകടിപ്പിച്ചു കവികളെ ആനന്ദിപ്പിക്കുകയും, ഗാനക്രമങ്ങളെ വിവരിച്ചു ഗായകശ്രേഷ്ഠന്മാരെ സംസ്കരിക്കുകയും ചെയ്തുകൊണ്ട് ഈ മഹാരാജാവു് വിജയിക്കുന്നു." അദ്ദേഹത്തിൻെറ നാട്യശാസ്ത്രപ്രതിപാദകമായ ഒരു കൃതിയാണ് ബാലരാമഭരതം. സംഗീതശാസ്ത്രത്തിലും അവിടുന്നു പ്രവീണനായിരുന്നു.

മഹാമഹിമത്വത്തെ ഉദാഹരിക്കുന്ന ഒരു ശ്ലോകംകൂടി ഈ ഘട്ടത്തിൽ ഉദ്ധരിക്കേണ്ടതായുണ്ട്. ദേവതാത്മതയാകുന്നു മഹാമഹിമത്വം.

"പാവ്വത്യാസ്സുകൃതോദയേന ജഗതീക്ഷേമായ സദ്വൃദ്ധയേ
ദുഷ്ടാനാമിഹ ശിക്ഷണായ സ പുനഃ സ്കന്ദഃ സുരൈഃ പ്രാത്ഥിതഃ
ഭൂത്വാ വഞ്ചിധരാധിപഃ പ്രഥിതയാ ശക്ത്യാ രിപൂൻ ശിക്ഷയൻ
സുബ്രഹ്മണ്യപദം വ്യനക്തി ഭുവനേ ശ്രീരാമവമ്മാ നൃപഃ."

പാവ്തീറാണിയുടെ പുത്രനായിരുന്നു ഈ മഹാരാജാവു് എന്നു കാണിക്കുന്നതിനു ഞാൻ ഈ ശ്ലോകവും മററും ചാതകസന്ദേശത്തെപ്പററിയുള്ള എൻെറ ഉപന്യാസത്തിൽ എടുത്തു ചേത്തിട്ടുള്ളതു വായനക്കാക്ക് ഓമ്മയുണ്ടായിരിക്കുമല്ലോ.

നായകസ്വരൂപം നിരൂപണം ചെയ്യുമ്പോൾ കവിക്കു മഹാരാജാവിൻെറ യശഃപ്രതാപമഹിമയേയും ധമ്മകാമാർത്ഥതൽപരതയേയും ഓരോ ശ്ലോകം കൊണ്ടു് ഉദാഹരിക്കേണ്ടിവരുന്നു. ആ രണ്ടു ശ്ലോകങ്ങളാണ് താഴെ കാണുന്നതു്.

"ശ്രീരാമവമ്മകുലശേഖരഭൂവലാരേഃ
കീത്ത്യപ്സരോനടനരംഗതലം ത്രിലോകീ;
സഭ്യാ ഹരിൽപതയ ഏവ; സരോജനാഭോ
നേതാ; പ്രതാപതപനഃ പ്രഥിതഃ പ്രദീപഃ.

രാജഷിഃ കില വഞ്ചിഭൂപതിരിതി പ്രസ്തൂയതേ താപസൈഃ
പ്രക്ഷീണദ്രവിണൈസ്ത്വഥാർത്ഥപര ഇത്യാമന്ത്ര്യതേ ശത്രുഭിഃ
സാക്ഷാന്മന്മഥമന്മഥോയമിതി ച പ്രോദ്ഗീയതേ യൗവതൈ-
സ്തത്താദൃങ്മഹിമാനുഭാവവിഭവഃ ശ്രീരാമവമ്മാ നൃപഃ."

ഈ മഹാരാജാവിൻെറ കീത്തിയാകുന്ന അപ്സരസ്ത്രീക്കു നടനം ചെയ്യുവാനുള്ള രംഗമാണ് മൂന്നു ലോകവും; സഭ്യന്മാരാണ് ദിക്പാലന്മാർ; നട്ടു

Digitized By Kerala Sahitya Akademi

വനാണ് ശ്രീപത്മനാഭൻ; വിളക്കാണ് പ്രതാപാദിത്യൻ. താപസന്മാരാൽ രാജർഷിയെന്നും അപഹൃതവിഭവന്മാരായ ശത്രുക്കളാൽ അൎത്ഥപരനെന്നും യുവതികളാൽ മന്മഥമന്മഥനെന്നും തിരുമേനി പുകഴ്ത്തപ്പെടുന്നു.

ധീരലളിതനായകനെ ഉദാഹരിക്കുന്നതിനു താഴെ ഉദ്ധരിക്കുന്ന ശ്ലോകമാണു കവി രചിച്ചിരിക്കുന്നത്.

"സൗധാഗ്രോദിതരത്നദീപകലികാവ്യാജാൎക്കബിംബോദയ-
വ്യാക്ഷിപ്തേന്ദുഭയപ്രദാനചതുരസ്വീയാസ്യചന്ദ്രോദയൈഃ
ഗായദ്ഭിന്നവയൗവതൈഃ പ്രതിനിശം സക്താസ്സഗൎഭ്യാ നൃപാ-
വഞ്ചിക്ഷോണിപതേൎന്നിരന്തരയശസ്സംഭാവയന്തേ മുദാ."

സൗധാഗ്രങ്ങളിലുള്ള രത്നദീപങ്ങളാകുന്ന ആദിത്യന്മാരുടെ ഉദയത്താൽ വിവശനായ ചന്ദ്രന് അഭയം നല്കുന്നതിനു സാമൎത്ഥ്യമുള്ള തങ്ങളുടെ മുഖചന്ദ്രന്മാരോടുകൂടിയ യുവതികളുമായ് മഹാരാജാവിന്റെ സഹോദരന്മാർ രാത്രികാലങ്ങളിൽ സമ്മേളിക്കുന്നതായ് കവി ഈ ശ്ലോകത്തിൽ ചിത്രണംചെയ്യുന്നു. മകയിരം തിരുനാൾ മഹാരാജാവിനു രവിവൎമ്മാവെന്ന ഇന്ദ്രജാലകുശലനും മഹാകവി ഇരയമ്മൻതമ്പിയുടെ മാതാമഹനുമായ ഒരനുജനുണ്ടായിരുന്നതായ് മാത്രമേ ചരിത്രരേഖകളിൽനിന്നു ഞാൻ ഇതുവരെ ധരിച്ചിട്ടുള്ളു. കൊല്ലം ൯൪൫-ൽ നടന്ന രണ്ടാം തൃപ്പടിദാനാവസരത്തിൽ ആ രവിവൎമ്മാവും, ഭാഗിനേയനും മഹാകവിയുമായ അശ്വതി തിരുനാൾ രാമവൎമ്മതമ്പുരാനും മാത്രമേ അവിടത്തെ അനുഗമിച്ചുള്ളു. ൯൬൩ മകയിരം ൧൪-ാംനു മകരം തിരുനാൾ നാടുനീങ്ങി. ൯൪൯-ൽ മകം തിരുനാൾ ശ്രീവീരപത്മനാഭവൎമ്മാവ് എന്നും, അനിഴം തിരുനാൾ ശ്രീവീരമാൎത്താണ്ഡവൎമ്മാവ് എന്നും രണ്ടു കൊച്ചുതമ്പുരാക്കന്മാരുടെ പേരുകൾ കാണുന്നു. അവർ അല്പായുസ്സുകളായിരുന്നു. സഗൎഭ്യപദംകൊണ്ടു കവി സഹോദരന്മാരേയും അനന്തരവന്മാരേയും ഒന്നിച്ചു വിവക്ഷിച്ചിരിക്കുകയാണെന്നു തോന്നുന്നു. ഏതായാലും ൯൭൦ മേടത്തിനു മുൻപാണ് പ്രസ്തുത കൃതിയുടെ രചനയെന്ന് അനുമാനിക്കാവുന്നതാണ്. "ഇതി ശ്രീസദാശിവദീക്ഷിതകൃതൗ ശ്രീപത്മനാഭദാസവഞ്ചിബാലരാമവൎമ്മകുലശേഖരഭൂപാലയശോഭൂഷണേ അലങ്കാരശാസ്ത്രേ നായികാനായകപ്രകരണം സമ്പൂൎണ്ണം." എന്ന പ്രസ്താവനയോടുകൂടി ആദ്യത്തെ പ്രകരണം അവസാനിക്കുന്നു.

Digitized By Kerala Sahitya Akademi

കാവ്യപ്രകരണം.

ആരഭടീവൃത്തിക്കു താഴെ കാണുന്ന ശ്ലോകമാണ് ഉദാഹരണം. അത്യുദ്ധതാൎത്ഥസന്ദർഭവൃത്തിയാണല്ലോ ആരഭടി.

"വഞ്ചിക്ഷോണീന്ദ്രശസ്ത്രപ്രതിഹതവിമതക്ഷ്മാപതീനാം രണാഗ്രേ
മജ്ജാമസ്തിഷ്കമേദോദ്ഭവഭരഭരിതാനഗ്രപൂതീൻ കബന്ധാൻ
ഉൽകൃത്യോൽകൃത്യ കങ്കാ ഗളഭുജജഠരോൽകൃത്തമാംസാനി ജഗ്ദ്ധ്വാ
പീത്വാ തദ്രക്തധാരാമതിഭയജനകാ ഭാന്തി യുദ്ധോന്മദാനാം."

കഴുകന്മാർ യുദ്ധത്തിൽ മരിച്ച ശത്രുരാജാക്കന്മാരുടെ കബന്ധങ്ങളേയും മററും കടിച്ചു തിന്നുന്നതാണ് ഇവിടെ പ്രതിപാദ്യവിഷയം.

വൈദർഭീരീതിക്കു് ഉദാഹരണം അടിയിൽ ഉദ്ധരിക്കുന്നു.

"വദാന്യേ വഞ്ചീന്ദ്രേ സുരതരുഗണോ വ്രീളിത ഇവ
പ്രപേദേ പഞ്ചത്വം; മണിരപി ശിലാഭാവമഭജത;
പരാഭൂതേശ്ചിഹ്നം സുരഭിരഭജത്താൎണ്ണമസകൃൽ
കഥാശേഷാശ്ചാന്യേ ശിബിമുഖനൃപാ ദാനനിരതാഃ."

വഞ്ചിമഹാരാജാവിൻെറ വദാന്യത കണ്ടു നാണം കൊണ്ടെന്നപോലെ ദേവതരുക്കൾ പഞ്ചത്വത്തെ പ്രാപിച്ചു (മരിച്ചു എന്നും അഞ്ചായി എന്നും); ചിന്താമണി വെറും കല്ലായി; പരാജയത്തിൻെറ അടയാളമായ് സുരഭി ഉണക്കപ്പുല്ലു തിന്നു; ദാനശൗണ്ഡന്മാരായ ശിബിപ്രഭൃതിരാജാക്കന്മാർ കഥാശേഷന്മാരുമായി (അവർ മഹാരാജാവിൻെറ കാലത്തു ജീവിച്ചിരുന്നില്ലല്ലോ).

ഗൗഡീരീതിക്കു് ഉദാഹരണം ഇതാണ്.

"ധാവദ്ഭാവൽകഘോടീഖുരഗഖുരപുടവ്രാതതീവ്രാഭിഘാത-
ക്ഷുണ്ണക്ഷോണീപരാഗൈരഹിതപുരവധൂവക്ത്രചന്ദ്രോപരാഗൈഃ
സന്ധ്യാരീതിം ദധാനേ സതി ജഗതി തമഃഖണ്ഡനോദ്ദണ്ഡചണ്ഡ-
സ്ഥേമാ ശ്രീരാമവൎമ്മപ്രഭുവര, ജയതി ത്വൽപ്രതാപപ്രദീപഃ."

ഘോടി എന്നാൽ കുതിര. 'ക്ഷോണീപരാഗൈരഹിതപുരവധൂവക്ത്രചന്ദ്രോപരാഗൈഃ' എന്ന പ്രയോഗം അത്യന്തം മനോഹരമായിരിക്കുന്നു. ഉപരാഗമെന്നാൽ ഗ്രഹണം. കുതിരകളുടെ കുളമ്പടികൊണ്ടു പൊങ്ങുന്ന ധൂളിനിമിത്തം ലോകത്തിൽ അകാലസന്ധ്യോദയം വന്നുചേ

Digitized By Kerala Sahitya Akademi

ന്നു; തജ്ജന്യമായ തമസ്സിനെ അവിടുത്തെ പ്രതാപമാകുന്ന ദീപം ഖണ്ഡിക്കുകയും ചെയ്യുന്നു.

ധ്വനികാവ്യത്തിനു് ഉദാഹരണം താഴെ ചേക്കുന്നു.

"നാഗാധിരാജധൃതിരേഷ നഭോഗസക്തോ
നാകാമദാനനിരതോ നയശോഭിമാനഃ
കിം ശങ്കരോപി നഗജാധികസമ്പദാ ഭ്രാ–
ഡ്രാജാവതംസ ഇഹ വഞ്ചിമഹീമഹേന്ദ്ര."

നാഗാധിരാജധൃതിയാണു് ശങ്കരനും മഹാരാജാവും. വാസുകിയെ ധരിക്കുന്നു ശിവൻ; ആദിശേഷന്റെ ബലത്തോടുകൂടി ഭൂഭരണം ചെയ്യുന്നു മഹാരാജാവു്. അതുപോലെ (നഭോഗന്മാർ) നഭസ്സിൽ കൂടി സഞ്ചരിക്കുന്ന ദേവന്മാരിൽ പ്രീതിയുള്ളവനാണു് ശിവൻ; (ന ഭോഗസക്തഃ) ഭോഗത്തിൽ സക്തനല്ല മഹാരാജാവു്. കാമദേവന്റെ ഖണ്ഡനത്തിൽ തൽപരനാണു് ശിവൻ; കാമദാനത്തിൽ തൽപരനാണു് വഞ്ചീശൻ. യശസ്സിൽ അഭിമാനം ശ്രീപരമേശ്വരനില്ല; നയത്തെക്കൊണ്ടു ശോഭിക്കുന്ന മാനം മഹാരാജാവിനുണ്ടു്. എന്നാൽ നഗജ (പാർവതി) യാകുന്നു ശിവന്റെ അധികസമ്പത്തു്. (ശിവപക്ഷത്തിൽ ഗജാധികസമ്പത്തില്ലെന്നു മത്ഥം.) വഞ്ചിമഹാരാജാവിന്റെ വലിയ സമ്പത്തും ഗജങ്ങളാണല്ലോ. രണ്ടുപേരും രാജാവതംസങ്ങളുമാണു്. ശിവപക്ഷത്തിൽ രാജാവെന്നാൽ ചന്ദ്രൻ. ഇടവെട്ടിക്കാട്ടു നമ്പൂതിരിയുടെ 'രാജാ കിമിന്ദുരപി നാഗ്യഭിമാനഹാരീ' ഇത്യാദി ശ്ലോകത്തിനും ഇതിനും തമ്മിൽ വളരെ സാദൃശ്യം കാണുന്നു. രണ്ടു കവികളും സമകാലികന്മാരുമാണു്.

## നാടകപ്രകരണം.

വാസുലക്ഷ്മീകല്യാണത്തിലെ ഇതിവൃത്തം താഴെ വിവരിക്കുന്നതാണു്. സിന്ധു (Sind) രാജ്യത്തിലെ രാജാവിനു വസുലക്ഷ്മി എന്നൊരു പുത്രിയുണ്ടായിരുന്നു. ആ പുത്രിയെ വഞ്ചീശ്വരനായ ബാലരാമവമ്മ മഹാരാജാവിനെക്കൊണ്ടു പാണിഗ്രഹണം ചെയ്യിക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം. പക്ഷേ, രാജാവിന്റെ പട്ടമഹിഷിക്കു തന്റെ ഭാഗിനേയനായ സിംഹളരാജകുമാരൻ കന്യകയ്ക്കു വരനായാൽ കൊള്ളാമെന്നു മോഹമുണ്ടായിരുന്നു. തന്നിമിത്തം ഒരു ക്ഷേത്രത്തിൽ കുലദൈവതദശനത്തിനെന്ന വ്യാജത്തിൽ വസുലക്ഷ്മിയെ രാജ്ഞി ഒരു കപ്പലിൽകയററി സിംഹളത്തേയ്ക്കയയ്ക്കുന്നു. കപ്പൽ തിരുവിതാംകൂറിലെ

Digitized By Kerala Sahitya Akademi

സമുദ്രതീരത്തിൽ കടൽക്കോൾകൊണ്ട് അടിയുകയും വഞ്ചിമഹാരാജാവിൻെറ പത്നിയായ വസുമതിയുടെ സഹോദരനും അന്തഗ്ഗിപാലനമായ വസുമദ്രാജൻെറ കൈവശം അകപ്പെട്ടുകയുംചെയ്യുന്നു. വസുമദ്രാജൻ സവ്വാംഗസുന്ദരിയായ വസുലക്ഷ്മിയെ തൻെറ സഹോദരിയുടെ സന്നിധിയിലേയ്ക്കു അയയ്ക്കുന്നു. അവിടെ മഹാരാജാവു് ആ യുവതിയിൽ അനുരക്തനായിത്തീരുന്നു; വസുലക്ഷ്മിയും മദനവിവശയാകുന്നു. ആ വത്തമാനം വസുമതി അറിഞ്ഞപ്പോൾ വസുലക്ഷ്മിയെ തൻെറ മാതുലപുത്രനായ പാണ്ഡ്യരാജാവിനെക്കൊണ്ടു വിവാഹം ചെയ്യിക്കുവാൻ ഏർപ്പാടു ചെയ്യുന്നു. എന്നാൽ വിദൂഷകൻെറ സാമത്ഥ്യത്താൽ ആ ഉദ്യമം ഫലിക്കുന്നില്ല. മഹാരാജാവും വിദൂഷകനുംതന്നെ വേഷം മാറി യഥാക്രമം പാണ്ഡ്യരാജാവും അദ്ദേഹത്തിൻെറ വയസ്യനുമായിത്തീരുകയും മഹാരാജാവു കുമാരിയെ ഗാന്ധവ്വസമ്പ്രദായത്തിൽ പരിഗ്രഹിക്കുകയും ചെയ്യുന്നു. അപ്പോഴേയ്ക്കു തിരുവിതാംകൂർ രാജ്യത്തിൻെറ മന്ത്രിയായ നീതിസാഗരൻ മുഖേന സിന്ധുരാജാവു വിവരങ്ങൾ ഗ്രഹിക്കുകയും താൻ തന്നെ പുറപ്പെട്ടുവന്നു പുത്രിയുടെ വിവാഹം സാഘോഷമായ് നടത്തുകയും ചെയ്യുന്നു.

പ്രസ്താവനയിൽ സൂത്രധാരൻ ഇങ്ങനെ പറയുന്നു:—"അഹോ സകലജഗദണ്ഡബുദ്ബുദകരംബിതജഠരജലധേ,ദ്ദരദലിതകുവലയസഹോദരകമലാംപാഗഭംഗാലംകൃതവദനകമലസ്യ, നിഖിലജഗദവനനിന്നിദ്രയോഗനിദ്രാമുദ്രാമഭിനയതോ, ഭഗവതഃ ശ്രീപദ്മനാഭദേവസ്യ വസന്തമഹോത്സവേ പരിമിളിതാ ഏവ സവേ സാമാജികാഃ." ഇതിൽനിന്നു ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിലെ ചിത്തിരയുത്സവത്തിൽ അഭിനയിക്കുന്നതിനുവേണ്ടിയാണ് കവി ഈ നാടകമെഴുതിയതു് എന്നു വ്യക്തമാകുന്നു.

പ്രസ്താവന കഴിഞ്ഞു സിദ്ധാത്ഥകനെന്നും സുമതിയെന്നും രണ്ടു മന്ത്രികുമാരന്മാർ പ്രവേശിക്കുന്നു.

സിദ്ധാർത്ഥകൻ:—

"യോയം പ്രത്യർത്ഥിദാനപ്രഥിതനിജയശഃക്ഷീരവാരാശിമധ്യ-
പ്രേംഖദ്ഭദ്രത്തായമാണാദ്ഭുതഗുണഗരിമാനന്ദിതാശേഷലോകഃ
യസ്മൈ പ്രീതോബ്ജനാഭോ വിതരതി വിവിധാൻ വാഞ്ഛിതാത്ഥാ
[നജസ്രം
തസ്യ ശ്രീരാമവമ്മക്ഷിതിരമണമണേർദ്ദുഷ്ഘടം കിം ജഗത്യാം?"

Digitized By Kerala Sahitya Akademi

ഇവിടെ യശസ്സാകുന്ന പാല്ക്കടലിന്റെ മദ്ധ്യത്തിൽ തിളങ്ങുന്ന രത്നമായ് മഹാരാജാവിന്റെ ഗുണഗരിമാവിനെ കവി വൎണ്ണിക്കുന്നു. പത്മനാഭപ്രസാദംകൊണ്ടു പ്രയാസം കൂടാതെ അഭീഷ്ടം സാധിക്കുമെന്നു സൂചിപ്പിക്കുന്നതു ബീജോപക്ഷേപം. സുമതി മന്ത്രിഗുണങ്ങളെപ്പററി ഇങ്ങനെ ഉപന്യസിക്കുന്നു.

"ഭക്തിൎന്നൃപേ വിപദി ധൈൎയ്യമനാഗതാത്മ-
വിജ്ഞാനമാത്മസമസഖ്യമഥാത്മവത്താ
സൎവ്വത്ര മന്ത്രപരിരക്ഷണമിത്യമീഭിഃ
ശ്ലാഘ്യൈൎഗ്ഗുണൈരനുഗതഃ പുരുഷോ ഹി മന്ത്രീ."

രാജരഹസ്യം ഗ്രഹിക്കാത്ത സിദ്ധാർത്ഥകനോടു സുമതി താഴെ കാണുന്ന വിധത്തിൽ കഥ ആരംഭിക്കുന്നു.

"ജാനൻ സിന്ധുപതിഃ സ്വതോപ്യതിശയം സൎവ്വാംശതോസ്മൈ രഹഃ
കന്യാം വഞ്ചിനൃപായ സംഘടയിതും സ്വാം ബോധികാം പ്രാഹിണോൽ;
തൽകാന്താ കുലദൈവദൎശനമിഷാന്നാഥം പ്രതാൎയ്യ സ്വയം
ദിത്സുഃ സിംഹളരാട്സുതായ തനയാം പ്രാസ്ഥാപയന്നൗകയാ."

ഈ കഥ ഞാൻ മുമ്പു തന്നെ സംഗ്രഹിച്ചിട്ടുള്ളതിനാൽ മററു ശ്ലോകങ്ങൾ പകൎത്തുന്നില്ല. ബോധിക എന്നാൽ ചാരവൃത്തി സ്വീകരിച്ചിട്ടുള്ള സ്ത്രീ എന്നർത്ഥം.

അനന്തരം മഹാരാജാവിന്റേയും വാമനന്റേയും പ്രവേശമായി. വാമനനെന്നാണ് വിദൂഷകന്റെ പേർ. വിദൂഷകന്റെ ആത്മഗതമാണ് താഴെ കാണുന്നതു്.

"അസമയപഠിതം യൽ സ്യാൽ
സദപി ഭവേദ്ദിവസദീപരോചിരിവ;
അവസരപഠിതം സ്യാച്ചേൽ
ഭവതി ഹി തൽ പ്രാതരബ്ജമിവ സഗുണം."

"രാജാക്കന്മാരുടെമുൻപാകെ അനവസരമായ് ഉണൎത്തിക്കുന്ന വാക്കു ദിനദീപപ്രഭപോലെ ശോഭിക്കുകയില്ല; അവസരം നോക്കി ഉണൎത്തിക്കുന്ന വാക്കാകട്ടെ പ്രാതഃകാലത്തു വിടരുന്ന താമരപ്പൂപോലെ ഗുണയുക്തമാകുകയും ചെയ്യും." അങ്ങനെ അവർ സംഭാഷണം ചെയ്തുകൊണ്ടിരിക്കുമ്പോൾ സിന്ധുരാജപ്രേഷിതയായ ബോധിക മഹാരാജാ

Digitized By Kerala Sahitya Akademi

വിനെ കാണ്മവാൻ അവിടെ ചെല്ലുകയും തന്റെ യോഗബലംകൊണ്ടു വസുമതീദേവിയുടെ രൂപം പ്രദശിപ്പിക്കുകയും ചെയ്യുന്നു. മഹാരാജാവു് ആ രൂപം കണ്ടു കാമമോഹിതനായിത്തീരുന്നു. ഇത്തരത്തിലാണു് ഈ നാടകത്തിന്റെ ഗതി. വിസ്തരഭയത്താൽ ചുരുക്കുന്നു. അഞ്ചാറു ശ്ലോകങ്ങൾ കൂടി ഈ പ്രകരണത്തിൽ നിന്നു് ഉദ്ധരിക്കാം.

"ആനീലകുന്തളവിഡംബിതഭൃംഗശോഭ-
മാദശ്നിമ്മലകപോലലസന്മുഖേന്ദു
ശൃംഗാരസാരപരികല്പിതഗാത്രയഷ്ടി
മജ്ജീവിതം നയനഗോചരമാവിരാസ്തേ.

ലളിതഗമനം ലാവണ്യശ്രീപ്രസൂതിനികേതനം
നയനമധുരം നാളീകശ്രീവിജേതൃമുഖദ്യുതി
നവഘനകചം പീനോത്തുംഗസ്തനസ്തബകോല്ലസ-
ദുരതനുവപുഃ സ്മാരം സ്മാരം ബിഭേമി മനോഭവാൽ."

അഞ്ചാമങ്കത്തിൽ സിന്ധുരാജാവു വരുമ്പോൾ വഞ്ചിരാജ്യത്തിലെ വൈതാളികന്മാർ മഹാരാജാവിനെ താഴെ കാണുന്ന വിധത്തിൽ സ്തുതിക്കുന്നു.

കിഴക്കുവശത്തുനിന്നു്:—

"പലായദ്ധ്വം ദൂരേ, പരിഹരത വിസ്രംഭമവനൗ,
കളത്രേഷു സ്നേഹം ത്യജത, വിജയീ വഞ്ചിനൃപതിഃ;
ഇതീവൈതൽ കേതുർദ്രുതചലിതചേലാഞ്ചലമിഷാ-
ദ്വിപക്ഷക്ഷോണീശാൻ വിനമയതി സേനാമുഖധൃതഃ."

തെക്കുവശത്തുനിന്നു്:—

ആവൃണ്വന്തോ വിപക്ഷക്ഷിതിധരകടകാൻ ധാതുസാരാൻ ഹരന്തോ
നിഘ്നന്തോ വൈരിതേജസ്തരുജവഗതിഭി, ഹ്ലാദയന്തഃ പ്രജാഃ സ്വാഃ
സന്താപം സംഹരന്തോ ഝടിതി ജനിമതാം സാമരസ്യം വഹന്തോ
വാഹിന്യോ വാഹിനീശം നൃവര, ജയരമാജന്മഭൂമിം ശ്രയന്തേ."

വടക്കുവശത്തുനിന്നു്:—

"ആക്ഷേപാളം നിജസൈന്യപാദദലിതക്ഷോണീരജോധൂസരാ-
ദ്ദിഗ്ഭിത്തീരവലോക്യ കീർത്തിസുധയാ ലിമ്പൻ പുനസ്താഃ ക്ഷണാൽ

Digitized By Kerala Sahitya Akademi

സൗവണ്ണദ്രവചിത്രതാം സ്വയമയംസ്ഥൃട്ടിട്പുരീദാഹജോ
വഞ്ചിക്ഷോണിപതേധിശത്രുസമിധം ഭാതി പ്രതാപാനലഃ."

പടിഞ്ഞാറുവശത്തുനിന്ന്:—

ഗതാഗതകതൂഹലപ്രചലദൂമ്മിമൽകന്ധരാ-
സ്സമുന്മിഷിതവാഹിനീശതസമുച്ചലൽസംഭ്രമാഃ
നിരന്തരവിസ്വതരാ വിശദഫേനകൂടോജ്ജ്വലാ-
വിഭാന്തി ഹയപുംഗവാ സ്തവര, സിന്ധുപൂഗാ ഇവ.

വിചിത്രതരമസ്തകാ വിവിധധാതുരാഗോദയൈ-
സ്സകമ്പിതധരാതലാസ്സരസഗന്ധശൈലോജ്ജ്വലാഃ
ഗജാ ഇതി സമാഖ്യയാ സപദി ജംഗമക്ഷ്മാഭൃതോ-
പ്യുപാസത ഇവാനിശം വിജയിവഞ്ചിഭൂവജ്രിണം."

ഒടുവിലത്തെ രണ്ടു പദ്യങ്ങളിലേയും സ്വഭാവോക്തിഭംഗി ആലോചനാമൃതമാകുന്നു. ഗജങ്ങളെന്നു പേരുള്ള ജംഗമപവ്വതങ്ങൾ വഞ്ചിഭൂവജ്രപാണിയെ ഉപാസിക്കുന്നതായ് കവി ചെയ്യുന്ന ഉല്ലേഖം പ്രശംസാവഹമാണ്.

സിന്ധുരാജപുത്രിയെ വഞ്ചിമഹാരാജാവ് ഒരിക്കലും പാണിഗ്രഹണം ചെയ്തിരുന്നിരിക്കുവാനിടയില്ലാത്തതുകൊണ്ട് ഈ നാടകത്തിലെ ഇതിവൃത്തത്തിൽനിന്നു വല്ല സാരവും ഗ്രാഹ്യമായുണ്ടെങ്കിൽ, അത് സിംഹളദ്വീപുമായ് സിന്ധുദേശത്തിൽനിന്ന്ആരംഭിക്കുവാനുദ്ദേശിച്ച വാണിജ്യം നീതിസാഗരൻ എന്ന മന്ത്രിയുടെ, അതായതു രാജാകേശവദാസൻെറ, സാമത്ഥ്യംകൊണ്ട് അങ്ങോട്ടോ പാണ്ടിയിലേയ്ക്കോ പോകാതെ തിരുവിതാംകൂറിൽതന്നെ ഉറപ്പിക്കപ്പെട്ടു എന്നുമാത്രമാകുന്നു. ആലപ്പുഴ ഒരു തുറമുഖമാക്കിയതും അവിടെ സിൻഡ്, കച്ച്, സൂരത്ത് മുതലായ പ്രദേശങ്ങളിൽനിന്നു വണിക്കുകളെ വരുത്തിപ്പാപ്പിച്ചതും ദിവാൻ കേശവദാസനാണല്ലോ.

## മററു പ്രകരണങ്ങൾ.

നാലാമത്തേതാണ് രസപ്രകരണം. ഇതിൽനിന്നു രണ്ടു ശ്ലോകങ്ങൾമാത്രം എടുത്തുകാണിക്കാം. സംഭ്രമം എന്ന സഞ്ചാരിഭാവത്തിൻെറ ഉദാഹരണം താഴെ ചേക്കുന്നു.

"രാജാ ഗച്ഛതി രാജമാഗ്ഗ ഇതി ഹി ശ്രുത്വൈവ പൗരാംഗനാ-
സ്ത്യക്ത്വാ സ്വം ഗൃഹകൃത്യജാതമചിരാദാരുഹ്യ സൗധസ്ഥലീഃ



Digitized By Kerala Sahitya Akademi

മുക്താ മണ്ഡനപൂരണേപ്യഭിരുചിം തദ്ഗൾനോൽകണ്ഠയാ
പ്രോൽഫുല്ലായതലോചനാസ്സരസതീസ്സംസ്കാരയന്തി സ്ഫുടം."

ഭാവസന്ധിക്ക് ഉദാഹരണം.

"സംസ്മൃത്യ പൂർവ്വവിഭവാനധിഗത്യ സേവാം
വഞ്ചീശചാരസ്യ കരദീകൃതഭൂമിപാലാഃ
തൽപ്രാഭവം സമവലോക്യ ദൃഗന്തനിർയ്യൽ-
ബാഷ്പാംബുഭിഃ പ്രകടയന്തി രസാനനേകാൻ."

ദോഷഗുണാലങ്കാരാദിപ്രകരണങ്ങളെ സ്പർശിക്കുവാൻപോലും സ്ഥലമനുവദിക്കുന്നില്ല. ഒടുവിൽ താഴെകാണുന്ന ശ്ലോകംകൊണ്ടു കവി തന്റെ ഗ്രന്ഥം സമാപിപ്പിക്കുന്നു.

"ആകല്പമാദിമരസോചിതഭാവബന്ധാം
ഭൂകന്യകാമണിമിമാം ഭുജകേളിധാമ്നി (?)
പ്രേമ്ണാബ്ജനാഭശരണാഗതവഞ്ചിബാല-
ശ്രീരാമവർമ്മകുലശേഖരരാഡധിഷ്ഠാത്."

അങ്ങനെ ഗ്രന്ഥം അവസാനിപ്പിച്ചതിനുമേൽ ഒരു ശ്ലോകം കൂടി കവി എഴുതിച്ചേർത്തുകാണുന്നു. അതും കൂടി ഇവിടെ ഉദ്ധരിക്കാം.

"അചമൽകൃതാപി മൽകൃതി-
രംഗീകാരാത്തവേയമതിധന്യാ;
അവിലാസകലാകുശലാ-
പ്യനുരാഗാദിവ കുലാംഗനാ ഭർത്തുഃ."

"എന്റെ കൃതി ചമൽകാരമില്ലാത്തതാണെങ്കിലും, അല്ലയോ മഹാരാജാവേ, അവിടുത്തെ അംഗീകരണം സിദ്ധിച്ചതിനാൽ അത്യന്തം ധന്യയായ്ത്തീർന്നിരിക്കുന്നു. വിലാസകലയിൽ കുശലയല്ലെങ്കിലും ഭർത്താവിന്റെ അനുരാഗം നിമിത്തം കുലസ്ത്രീ എങ്ങനെയോ അതുപോലെ."

മേൽ ഉദ്ധരിച്ച പദ്യങ്ങളിൽനിന്നു സദാശിവദീക്ഷിതർ ഒരു വിശിഷ്ടകവിയാണെന്നു കാണാവുന്നതാണ്. സംസ്കൃതത്തിലും പ്രാകൃതത്തിലും ഒന്നുപോലെ ഹൃദയംഗമമായ രീതിയിൽ കവനംചെയ്യുവാൻ അദ്ദേഹത്തിനു പാടവമുണ്ടായിരുന്നു. ആ കവിപുംഗവൻ തന്റെ കൃതി അചമൽകൃതയാണെന്നു വിനയപ്രകടനത്തിനുവേണ്ടി പറയുന്നു എങ്കിലും അതിൽ അശേഷം വാസ്തവമില്ല. ധർമ്മരാജാവിന്റെ സ്മരണ തിരു

Digitized By Kerala Sahitya Akademi

വിതാംകൂറുകാക്കെന്നപോലെ കൊച്ചിക്കാക്കും മലബാർകാക്കും ഇന്നും എന്നും പുളകപ്രദമാകുന്നു. അദ്ദേഹത്തിന്റെ വിവിധങ്ങളും അപൂവ്വങ്ങളുമായ സൽഗുണങ്ങളെ ഇത്ര ദീർഘമായും ഹൃദ്യമായും വൎണ്ണിക്കുന്ന ഒരു പ്രബന്ധം വേറെയില്ല.

"സ ഏവ ദേവോ ഭുവനേബ്ജനാഭ-
സ്സ ഏവ ദേശസ്സമൃദ്ധപാഹിതർദ്ധിഃ;
സാനന്തപുര്യേവ പുരീ; സ വഞ്ചി-
ക്ഷിതീശ ഏവ ക്ഷിതിപാലകോപി."

അതായത് "ആ ശ്രീപത്മനാഭൻതന്നെയാണ് ദേവൻ. അവിടുന്നു നല്കുന്ന സമൃദ്ധിയോടുകൂടിയ തിരുവിതാംകൂർ തന്നെയാണ് ദേശം; ആ തിരുവനന്തപുരം തന്നെയാണ് പുരം; ആ ധമ്മരാജാവു് തന്നെയാണ് രാജാവ്." ഈ പദ്യത്തിൽനിന്നു നമ്മുടെ കവിക്കു വഞ്ചിഭൂമിയുടേയും കാത്തികതിരുനാൾ മഹാരാജാവിൻേറയും പേരിൽ എത്രമാത്രം ഭക്തി പാരവശ്യമുണ്ടായിരുന്നുവെന്ന് അനുമാനിക്കാവുന്നതാണ്. 'ബാലരാമവമ്മയശോഭൂഷണം' അചിരേണ മുദ്രിതമാകുമെന്നു വിശ്വസിക്കുന്നു.

---

Digitized By Kerala Sahitya Akademi

# സുകുമാരകവി.

സംസ്കൃതസാഹിത്യത്തിൽ പുളകോൽഗമകാരികളായ മഹാകാവ്യങ്ങൾ പലതുമുണ്ടെങ്കിലും ശ്രീകൃഷ്ണവിലാസത്തിന് അവയുടെ മദ്ധ്യത്തിലുള്ള സ്ഥാനം അത്യന്തം മഹനീയമാണ്. സൗകുമാര്യം, സമത, പ്രസാദം, മാധുര്യം, അൎത്ഥവ്യക്തി മുതലായ ഗുണങ്ങൾ ഇത്ര പരിപൂൎണ്ണമായ് മററു യാതൊരു കാവ്യത്തിലും കാണുന്നതല്ല. കേരളീയർ പണ്ടേയ്ക്കുപണ്ടേ കൃഷ്ണവിലാസത്തിന്റെ പരമാരാധകന്മാരാണ്. ശ്രീരാമോദന്തം വായിച്ച് ഒരു മാതിരി വിഭക്തിജ്ഞാനം സമ്പാദിച്ചുകഴിഞ്ഞാൽ കാവ്യരൂപത്തിൽ അവർ ബാല്യത്തിൽ പഠിക്കുന്ന ആദ്യത്തെ ഗ്രന്ഥം ഇതാണെന്നു പറയേണ്ടതില്ലല്ലോ. രഘുവംശത്തിനും കുമാരസംഭവത്തിനും ഒരു വിധത്തിലും, കിരാതാർജ്ജുനീയത്തിനും ശിശുപാലവധത്തിനും മറെറാരു വിധത്തിലും, നൈഷധീയചരിതത്തിനു വേറിട്ടൊരു വിധത്തിലുമുള്ള മാഹാത്മ്യം നമുക്ക് എല്ലാവൎക്കും അറിവുള്ളതാണ്. എന്നാൽ ഇത്തരത്തിലൊന്നുമല്ലാതെ വേറേ ഏതോ ഒരു പ്രകാരത്തിൽ സഹൃദയഹൃദയങ്ങളെ നിർവൃതിസാഗരത്തിൽ ആറാടിക്കുന്നതിനു പര്യാപ്തമായ ഒരു മഹാകാവ്യമാകുന്നു കൃഷ്ണവിലാസം. ഞാൻ ഈ കാവ്യത്തിലെ ഏതാനും സൎഗ്ഗങ്ങൾ ബാല്യത്തിൽ ഗുരുമുഖത്തിൽനിന്നു പഠിച്ചിട്ടുണ്ട്; ഈ കാവ്യം ആദ്യന്തം എത്രയോ ആവൃത്തി വായിച്ചിട്ടുണ്ട്; വാക്കുകൊണ്ടു വിവരിക്കുവാനോ മനസ്സുകൊണ്ടു സങ്കല്പിക്കുവാനോ അശക്യമായ ഒരാനന്ദാതിശയത്തിന് അപ്പോളെല്ലാം പാത്രമായിട്ടുമുണ്ട്. ഇന്നും എനിക്ക് ഈ സുകുമാരനിബന്ധത്തിലെ പല ഭാഗങ്ങളും തൊണ്ടയിടറിക്കൊണ്ടും രോമാഞ്ചമണിഞ്ഞുകൊണ്ടും ആനന്ദബാഷ്പം ചൊരിഞ്ഞുകൊണ്ടുമല്ലാതെ വായിക്കുവാൻ കഴിയുന്നില്ല. "സമ്മോഹനം മോഹനാൽ കാന്തം കാന്തിനിധാനതോപി മധുരം മാധുൎയ്യധുൎയ്യാദപി സൗന്ദൎയ്യോത്തരതോപി സുന്ദരതരം" എന്നു മഹാകവി മേല്പുത്തൂർ ഭട്ടപാദർ സ്വാനുഭവത്തെ ആസ്പദമാക്കി വൎണ്ണിച്ചിട്ടുള്ള ശ്രീകൃഷ്ണഭഗവാന്റെ ദിവ്യമംഗളവിഗ്രഹം പുണ്യവാന്മാരായ ഭക്തന്മാൎക്കല്ലാതെ കാണുവാൻ സാധിക്കുകയില്ലെങ്കിൽ വേണ്ട; സുകുമാരകവി ചിത്രണംചെയ്ത ശ്രീകൃഷ്ണന്റെ

Digitized By Kerala Sahitya Akademi

സ്വരൂപം എൻെറ ഹൃദയത്തിലുണ്ട്; അതില്ലെങ്കിൽപോലും ആ മഹാകവിയുടെ സൂക്തിസുധയുണ്ട്; അതു മതി എനിക്കു നിത്യസൗഹിത്യം നല്കുവാൻ.

ശ്രീകൃഷ്ണവിലാസം പതിനെട്ടു സർഗ്ഗങ്ങളുള്ള ഒരു കാവ്യമാണെന്ന് ഇടയ്ക്കു ചില പത്രങ്ങളിൽ പരസ്യങ്ങൾ കാണുകയുണ്ടായി. വസ്തുസ്ഥിതി അങ്ങനെയൊന്നുമല്ല. പന്ത്രണ്ടാം സർഗ്ഗം കവിക്കു മുഴുവനാക്കുവാൻ ഇടവന്നിട്ടില്ല.

"പ്രാന്തേന പൂഗദ്രുമവാടികാനാം നിവാരയന്നർക്കമഹഃപ്രവേശാൻ
പാരം ശ്രിതാൻ പശ്ചിമവാരിരാശേഃ പശ്യ പ്രിയേ കോങ്കണഭൂമി-
[ഭാഗാൻ."

എന്ന പദ്യമാണ് അദ്ദേഹം ഒടുവിൽ രചിച്ചത്. 'പശ്യ പ്രിയേ" എന്നു വരെയേ അദ്ദേഹം എഴുതീട്ടുള്ളു എന്നു ചിലരും, 'പശ്യ പ്രിയേ കോങ്കണ' എന്നുവരെ എഴുതി എന്നു മററുചിലരും, 'പശ്യ പ്രിയേ കോങ്കണഭൂമിഭാഗാൻ' എന്ന് ഒരു പാദം പൂർത്തിയാക്കിയെന്നു വേറെ ചിലരും വാദിക്കുന്നു. ആ പദ്യം മേൽകാണിച്ചവിധം കവിതന്നെ പൂരിപ്പിച്ചിരിക്കണമെന്നാണ് എനിക്കു തോന്നുന്നത്. പാരിജാതഹരണം കഴിഞ്ഞു മടങ്ങി ഭൂലോകത്തിലെത്തുമ്പോൾ ശ്രീകൃഷ്ണൻ സത്യഭാമയ്ക്ക് ഓരോ ദേശമായ് കാണിച്ചുകൊടുക്കുകയും അതാതിൻെറ മാഹാത്മ്യം വർണ്ണിച്ചു കേൾപ്പിക്കുകയും ചെയ്യുന്നു. പാണ്ഡ്യരാജ്യത്തേയും ചോളരാജ്യത്തേയും വർണ്ണിച്ചതിനുശേഷം കോങ്കണരാജ്യത്തെയാണ് ഭഗവാൻ ചൂണ്ടിക്കാണിക്കുന്നത്. ഈ സർഗ്ഗം മാത്രമെങ്കിലും പൂരണംചെയ്യുന്നതിന് അനന്തരകാലികന്മാരായ കവികളിൽ ആരും ഉദ്യമിച്ചിട്ടില്ലെന്നുള്ളതുതന്നെ ഈ കാവ്യത്തിൻെറ അന്യാദൃശമായ വൈശിഷ്ട്യത്തിനു നിദർശനമാകുന്നു. പന്ത്രണ്ടാം സർഗ്ഗംപോലും പൂർത്തിയായിട്ടില്ല എന്നു പറയുമ്പോൾ ബാക്കികിടക്കുന്ന കഥകളിൽ ആരെങ്കിലും കൈവയ്ക്കുകയോ ഗ്രന്ഥം പരിസമാപിപ്പിക്കുകയോ ചെയ്തിട്ടില്ലെന്നു കൈമുതികന്യായേന സിദ്ധിക്കുന്നു. ശ്രീകൃഷ്ണവിലാസം പകർത്തീട്ടുള്ള മിക്ക താളിയോലഗ്രന്ഥങ്ങളും പ്രസ്തുതപദ്യത്തോടുകൂടിയാണ് അവസാനിക്കുന്നത്. അപൂർവം ചില ഗ്രന്ഥങ്ങളിൽ താഴെ ഉദ്ധരിക്കുന്ന ശ്ലോകങ്ങളിൽ ഒന്നാമത്തേതും, ഒരു ഗ്രന്ഥത്തിൽ മാത്രം എല്ലാംതന്നെയും ഞാൻ വായിച്ചിട്ടുണ്ട്.

Digitized By Kerala Sahitya Akademi

"നിരാകൃതക്ഷത്രിയമണ്ഡലേന വിശ്വംഭരാഭാരനിരാസ്പദേന
അമീഷു സിന്ധോഃ സ്വബലാർജ്ജിതേഷു കൃതം പദം ഭാമിനി, ഭാർഗ
[വേണ. (1)

ക്ഷേത്രം പുരഃ പശ്യ വൃഷാഗ്രഹാരം ക്ഷേമങ്കരം കേരളമണ്ഡലസ്യ
യസ്മിൻ സമുന്മീലതി വിശ്വമൂലം ജ്യോതിർമ്മയം ലിംഗമനംഗശത്രോഃ. (2)

വിധിത്സയാ യന്മനുജോപഭോഗ്യം വിപ്രർഷിണാ വിശ്വഗുരൂപാന്തകർത്രാ
അസഹ്യവീര്യേണ വരാംഗി, സഹ്യാദുത്സാരിതം ദൂരമുദന്വദംഭഃ. (3)

പ്രായോ യുഗസ്യ സ്മരയംശ്ചതുർഭിഃ പാദൈഃ പരേഷു ത്രിഷു ചാംഗഭംഗം
വാസം വിധത്തേ വൃഷരൂപധാരീ ദേവോ ഹി യത്ര സ്വയമേവ ധർമ്മഃ. (4)

അധീയതേ കേചന യത്ര വേദാനഭ്യസ്യതേ കൈശ്ചന യത്ര യോഗഃ
ആവർത്ത്യതേ യത്ര ച കൈശ്ചിദച്ചൈർന്നാമ്നാം സഹസ്രം നരസോദ
[രസ്യ. (5)

യേ യേ ജഗത്യാം വിസ്മയദാ വിശേഷാഃ കൈലാസനാമന്യചലാധിരാജേ
തേ തേ മൃഗപ്രേക്ഷിണി, സന്തി യസ്മിന്നാന്യത്ര ലങ്കേശ്വരകമ്പിത
[താൽ." (6)

സപ്തകോങ്കണങ്ങളിൽ കേരളവും ഉൾപ്പെടുന്നതായ് ചില പ്രമാണങ്ങളുണ്ട്; എങ്കിലും വടക്കൻകർണ്ണാടകത്തിനു വടക്ക സൂരത്തിനും ഗോവായ്ക്കുമിടയ്ക്കുള്ള പ്രദേശമാണു് സാക്ഷാൽ കോങ്കണം. വേറിട്ടൊരു ഗ്രന്ഥത്തിൽ "കോങ്കണഭൂമിഭാഗാൻ" എന്നവസാനിക്കുന്ന പദ്യം കഴിഞ്ഞിട്ട് "ആസേതുഗോകർണ്ണമമീപൃഥിവ്യാം സപ്തൈവ ഗുപ്താ ഗുപ—" എന്നു് ഒരു ശ്ലോകത്തിൻെറ ഏതാനും ഭാഗം എഴുതിയും ഞാൻ കണ്ടിട്ടുണ്ട്. അതും പൂരിപ്പിച്ചിട്ടില്ല. ശ്രീകൃഷ്ണവിലാസത്തിനു രാമപാണിവാദൻെറ വിലാസിനി എന്ന പ്രസിദ്ധമായ വ്യാഖ്യാനം അഷ്ടമസർഗ്ഗം 114-ാമത്തെ പദ്യംവരെയുള്ള ഏടു് തൃപ്പൂണിത്തുറ ഈഡുവയ്പുഗ്രന്ഥപ്പുരയിൽ ഉണ്ട്.

ശ്രീകൃഷ്ണവിലാസത്തിൻെറ മനോഹരതയുടെ സ്വരൂപമെന്തെന്നു മനസ്സിലാക്കുവാൻ നമുക്കു് ഏതാനും പദ്യങ്ങൾ ശ്രദ്ധിച്ചു പരിശോധിക്കാം. സൗകര്യത്തിനു വേണ്ടി പത്താം സർഗ്ഗത്തോളമുള്ള ഭാഗങ്ങളിൽ കവിയൂർ രാമൻനമ്പിയാരുടെ തർജ്ജമകൂടി ഉദ്ധരിക്കാം.

Digitized By Kerala Sahitya Akademi

## ഒന്നാം സൎഗ്ഗം.

### മഹാമേരുവൎണ്ണനം.

ശ്രിയാഭിരാമശ്ശരണം സുരാണാമലംഘനീയോ മഹതാ മഹിമ്നാ
വിരാജമാനോ വനമാലയാ ച യശ്ശാർങ്ഗധന്വാനമനുപ്രയാതി.

(വായ്ക്കുന്ന നല്ല മഹിമാവുകലൎന്നു ദേവ-
ന്മാൎക്കൊക്കയും ശരണമായ് വനമാലിയായി
വൎത്തിക്കമഗ്ഗിരിവരൻ വരലക്ഷ്മിയോടു-
മൊത്തംബുജാക്ഷനതുപോലെ വിരാജമാനൻ.) (1)

### ബ്രഹ്മാവിൻെറ സ്തുതി

മനസ്വിലോകസ്യ വിഗർഹണീയേ പ്രതിഗ്രഹേ വർജ്ജയതാ ജുഗുപ്സാം
പുരാ പുരസ്താദ് ബലിദാനവസ്യ പ്രസാരിതോ നാഗ്രകരസ്ത്വയാ കിം?

(നന്ദ്യാ ഭവാനരിയ സജ്ജനമാകെ നിന്ദി-
ക്കുന്നാ പ്രതിഗ്രഹമതിങ്കൽ വെറുപ്പുവിട്ടു്
മുന്നം മഹാബലിയതെന്ന മഹാസുരൻെറ
മുന്നിൽ കരാംബുരുഹമമ്പൊടു നീട്ടിയില്ലേ?) (2)

വിശ്വം വിദന്നപ്യവിദന്നിവ ത്വം നാഥാനുയുങ്ക്ഷേ ഭയഹേതുമസ്മാൻ;
അനുഗ്രഹസ്യൈതദപി പ്രഭൂണാം പ്രായഃ പ്രകാരാന്തരമാശ്രിതേഷു.

(എല്ലാമറിഞ്ഞുമറിയാത്തതുപോലെ ചോദി-
ച്ചല്ലോ ഭയത്തിനുടെ ചോദ്യതു ഞങ്ങളോടായ്;
ഉള്ളോട്ടുക്രൂടിയിതുമാശ്രിതരിൽ പ്രഭുക്കൾ-
ക്കുള്ളോരനുഗ്രഹമതിൻ വകഭേദമത്രെ.) (3)

## രണ്ടാം സൎഗ്ഗം.

### കംസൻെറ ഖഡ്ഗം.

വധപ്രവൃത്തോ വസുദേവമന്ത്രപ്രഭാവസംസ്തംഭിതഘോരകൎമ്മാ
നിവൃത്യ നിസ്ത്രിംശമഹാഭുജംഗോ മഹീഭൃതഃ കോശവിലം വിവേശ.

(കൊന്നീടുവാൻ തുനിയവേ വസുദേവമന്ത്ര-
ത്തിന്നീടെഴും മഹിമയാൽ ഗതവീര്യമായി
പിന്നീടുടൻ തിരിയെ വാളുരഗം മഹീഭൃ-
ത്തിന്നുള്ള നല്ലൊരറയാം ഗുഹയിൽക്കടന്നു.) (4)

Digitized By Kerala Sahitya Akademi

**വർഷാകാലത്തിന്റെ വരവ്.**

ശിരോധിരൂഢേന വനസ്പതീനാം ഫലോപഹാരേണ നിവേദിതാർത്ഥിഃ
പ്രാവൃട് സമാസാദിതസൂതികാലം താം ദേവകീം ദ്രഷ്ടുമിവാജഗാമ.

(ക്രൂരൊത്തുടൻ പ്രസവകാലമടുത്തിരിക്കും-
നേരത്തു ദേവകിയെയമ്പൊടു കാണ്മതിന്നോ
സൈ്വരം മരങ്ങളുടെ മൗലികളിൽ ഫലോപ-
ഹാരം ചുമത്തിയഥ വർഷകാലം വന്നണഞ്ഞു?) 5

## മൂന്നാം സർഗ്ഗം.

**അസുരന്മാർ കംസനോട്.**

അമാതരിശ്വാമനഹവ്യവാഹമസൂര്യശീതാംശുമവജ്രപാണിം
അനച്യുതേശാനപിതാമഹഞ്ച ദ്രഷ്ടാസി രാജന്നചിരേണ ലോകം.
(ലോകേ സമീരൻ ജ്വലനൻ മഹേന്ദ്രൻ ലോകേശനിന്ദ്രാവരജൻ മഹേ
[ശൻ
ലോകൈകദീപം ശിശിരാംശുതാനും വൈകാതെയില്ലാതയി കണ്ടിടും
[നീ.) 6

**ശകടഭഞ്ജനം കഴിഞ്ഞ ക്ഷണത്തിൽ യശോദ-**

കുചകലശവിലഗ്നപാണിപദ്മാ വിഗളിതബന്ധമനോജ്ഞകേശപാശാ
സപദി സഹ സഖീഭിരന്വധാവൽ കളമണിനൂപുരശിഞ്ജിതാ യശോദാ.
(കുളുർമുലകളിൽ വെച്ചു കൈകൾ,ഓടിക്കളമൃദുനൂപുരനാദമോടുകൂടി
തലമുടിയുടെ കെട്ടഴിഞ്ഞു ചേടീകുലമൊടുമാശു യശോദ ചെന്നുകൂടി.) 7

ശ്രീകൃഷ്ണന്റെ ശൈശവം വർണ്ണിക്കുന്ന ഈ സർഗ്ഗം ആപാദചൂഡം അത്യന്തം മനോഹരമാകുന്നു. പുത്രനെ ഉറക്കുന്നതിനു യശോദ പാടുന്ന

കുന്ദത്വിഷസ്താലഫലപ്രകാശാസ്താപിഞ്ഛവർണ്ണാസ്തരുണാർക്കഭാസഃ
പ്രഭൂതദുഗ്ദ്ധാ നവനീതവത്യോ ഗാവസ്സഹസ്രം തനയ, ത്വദീയാഃ.

(കുഞ്ഞോമനേ, തവ വെളുത്തുമഹോ കറുത്തും
മഞ്ഞച്ചുമങ്ങനെ ചുവന്നുമെഴും നിറത്തിൽ
പഞ്ഞംവെടിഞ്ഞൊരു പയസ്സൊടു വെണ്ണപൂണ്ടു-
ള്ളഞ്ഞൂറിരട്ടിയഴകാന്ന പശുക്കളുണ്ട്.) 8

ഇത്യാദി പദ്യങ്ങളുടെ തന്മയത്വം പറഞ്ഞറിയിക്കാവതല്ല.

Digitized By Kerala Sahitya Akademi

## നാലാം സർഗ്ഗം.

### വൃന്ദാവനത്തിൽ ശ്രീകൃഷ്ണൻ.

അത്യുല്ലസൽപുഷ്പസ്തനഭാരനമ്രാ ലതാഃ പ്രവാളാധരലോഭനീയാഃ
സ തത്ര വീക്ഷ്യ ഭ്രമരാളകാഢ്യാസ്താമസ്മരത്താമരസാധിവാസാം.

(നൽപ്പുഷ്പകുചഭരം, ഭ്രമരാളകങ്ങ-
ളുല്പല്ലവാധരവുമാർന്നവിടത്തിൽ നിൽക്കും
കെല്പാർന്ന വല്ലികളെയമ്പൊടു ശൗരി കണ്ടാ-
പ്പൊൽപ്പൂക്കുമാരിയെ മനസ്സിലുടൻ സ്മരിച്ചാൻ.) 9

ഈ സർഗ്ഗത്തിലാണു് ബലഭദ്രൻ ശ്രീകൃഷ്ണനെ ആ സ്മരണത്തിൽ നിന്നു വിനിവർത്തിപ്പിക്കുന്നതിനു വേണ്ടിച്ചെയ്യുന്ന മധുരമായ പ്രകൃതിവർണ്ണനം.

സലീലമീഷൽപരിവൃത്തപാദം സവിഭ്രമോദഞ്ചിതസവ്യനേത്രം
കൃഷ്ണസ്യ വംശാപ്പിതപാടലോഷ്ഠം വീക്ഷ്യ സ്ഥിതിം വിസ്മയമാപ ലോകഃ.

(അല്പം പിണച്ചു കഴൽവച്ചുമിടത്തുകണ്ണു
നൽഭ്രൂവിലാസമൊടുയർത്തിയുമോഷ്ഠബിംബേ
കെല്പാർന്നിടും മുരളിവെച്ചെഴുമച്യുതന്റെ
നില്പാശു കണ്ടഹഹ! വിസ്മയമാർന്നു ലോകം.)

ഇത്യാദി വേണുഗാനവർണ്ണനപരങ്ങളായ സുന്ദരപദ്യങ്ങളും ഈ സർഗ്ഗത്തിൽ തന്നെ ഉൾക്കൊള്ളുന്നു.

## അഞ്ചാം സർഗ്ഗം.

### ശ്രീകൃഷ്ണനും ഗോകുലവും.

ഉദ്ഗീയ ദാമോദരകീർത്തിമുച്ചൈഃ കൃഷീവലാനാം കൃഷതാം ധരിത്രീം
ഘനൽകൃതിപ്രീണിതകർണ്ണരന്ധ്രാഃ പ്രാദുർബഭൂവുന്നിധയോ ഫലാഗ്രേ.

(കൊണ്ടാടിയുച്ചതരമച്യുതകീർത്തിപാടി-
ക്കൊണ്ടാ നിലങ്ങളിലുഴന്ന കൃഷീവലന്മാർ
കണ്ടാർ ഘനൽകൃതികളാൽ ചെവികൾക്കുമോദ-
മുണ്ടാക്കിടും നിധികൾ ഹന്ത! കലപ്പതന്മേൽ.) 11



Digitized By Kerala Sahitya Akademi

ഗോകുലത്തിൽ വന്ന അരിഷ്ടൻെറ വിചാരം.

പരസ്വലോഭഃ പരുഷോക്തിരീർഷ്യാ മോഹോ മദശ്ശാഠ്യമസത്യവാദഃ
നേഹാശുഭം കിഞ്ചന; കിം ബ്രവീമി? മമാപി സത്വസ്ഥ ഇവാദ്ധുനാത്മാ.

(ക്രൂരോക്തി മൗഢ്യമതിശാഠ്യമസത്യമീർഷ്യാ-
ഭാരം മദം പരധനേച്ഛയിതൊന്നുമേതും
ഓരുമ്പൊളില്ലിവിടെയെന്തു കഥിച്ചിടേണ്ടു?
പാരാതെയിപ്പോഴത്ര സാത്വികമെൻമനസ്സും.) 12

ഈ സൎഗ്ഗത്തിലാണ് കാളിയമർദ്ദനം. കാളിന്ദീതീരത്തിൽ വസിക്കുന്ന ഒരു ജലദേവത വന്നു ഭഗവാനോടു സങ്കടമുണൎത്തിക്കുന്ന ഭാഗം ഏററവും ഹൃദയംഗമമാകുന്നു. കാളിയമർദ്ദനത്തിൽ നിന്ന് ഒരു പദ്യം ഉദ്ധരിക്കുവാൻ മാത്രമേ ഇവിടെ സൗകൎയ്യമുള്ളു.

കാളിയശിരസ്സുകളിൽ ഭഗവാൻെറ നൃത്തം.

പൎയ്യായതസ്സന്നതിമുന്നതിഞ്ച ബിഭ്രന്തി ചണ്ഡശ്വസിതാനിലാനി
ശനൈർദ്ദയാവാൻ ദ്ദതിസന്നിഭാനി നിപീഡയാമാസ സ തച്ഛിരാംസി.

(കുന്നിച്ചിടുന്ന ദയയോടു മുറയ്ക്കുയൎന്നും
താന്നും മഹാശ്വസിതവാതമെഴുന്ന മട്ടിൽ
നന്ദാത്മജൻ ബത! തുരുത്തികളെക്കണക്കെ
മന്ദം മഹോരഗശിരസ്സുകളേ മഥിച്ചാൻ.) 13

ആറാം സൎഗ്ഗം.

ദേവേന്ദ്രൻെറ കോപം.

കോപകമ്പിതകോടീരരത്നാംശുഗ്ലപിതാതപഃ
പാണിനാ പാണിമാഹത്യ പ്രഹസൻ വ്യാജഹാര സഃ.

(രുട്ടാലിളക്കീടിന ശീർഷരത്നത്വിട്ടാൽ ദിനേശാഭയെ മന്ദമാക്കി
പെട്ടെന്നു പാണിദ്വയമങ്ങുകൊട്ടിപ്പൊട്ടിച്ചിരിച്ചങ്ങനെ ചൊല്ലി
[ശക്രൻ.) 14

ഗോവർദ്ധനം ഉദ്ധരിക്കുന്ന ഗോപാലബാലൻ.

സ്മയമാനസ്സമുദ്വീക്ഷ്യ ഗാസ്സമീപമുപേയുഷീഃ
അന്യേന കൈടഭാരാതിരകണ്ഡൂയത പാണിനാ.

Digitized By Kerala Sahitya Akademi

(ആരാലണഞ്ഞീടിന ഗോക്കളെക്കണ്ടാരോമലാം പുഞ്ചിരിയോടുകൂടി
പാരാതെ മറേറക്കരതാരുകൊണ്ടാ നാരായണൻ താനവയെച്ചൊറി-
[ഞ്ഞാൻ.) 15

തോറേറാടുന്ന ദേവേന്ദ്രൻ.

പ്രാപ്തൗ പൗരുഷഭംഗസ്യ തസ്യ പ്രവിശതഃ പുരീം
യക്ഷവിദ്യാധരാബദ്ധാ സ്തുതിരാസീദരുന്തുദാ.

(പുരുപൗരുഷഭംഗമോടുകൂടിപ്പുരുഹൂതൻ പുരി പൂകിടുന്നനേരം
പരമാപ്രഭുവിന്നു യക്ഷവിദ്യാധരവൃന്ദസ്തുതി കണ്ണുശൂലമായി.) 16

ഏഴാം സർഗ്ഗം.

രാസക്രീഡയാണ് ഈ സർഗ്ഗത്തിലെ കഥ. ഇതിൽ കവി എല്ലാ ഋതുക്കളേയും വർണ്ണിക്കുന്നു. ആ വർണ്ണനത്തിൻെറ അനുകരണമാണ് കൃഷ്ണഗാഥയിൽ കാണുന്നത്.

വർഷാകാലം.

മലിനശ്ചപലാശയോ ജഡാത്മാ സമയഃ ശ്ലാഘ്യതമോഭവൽ സ വൃഷ്ട്യാ;
ശതമപ്യപഹന്തി ദൂഷണാനാം പരമേകോ ഹി ഗുണഃ പരോപകാരഃ.

(മലിനത, ജലഭാവം, ചാപലൗഘാശ്രയത്വം
നലമൊടിതുകരം ചേർന്നക്കാലമുൽസർജ്ജനത്താൽ
വളരെ മഹിതമായിത്തീർന്നപോൽ; സർവ്വദോഷ-
ങ്ങളെയുമൊരുഗുണം താൻ പോക്കുമന്യോപകാരം.) 17

ശരൽകാലം.

മുഖദർശിതപുണ്ഡരീകശോഭാ സിചയോദ്ഭാസിപയോധരാഭിരാമാ
അമലാംബരഹൃഷ്ടഹംസമാലാ ശരദാഗത്യ മധുദ്വിഷം സിഷേവേ.

(നൽപ്പുണ്ഡരീകമുഖകാന്തിയൊടും ദുകൂല-
പ്രോൽഭാസിയാകിയ പയോധരശോഭയോടും
ശുഭ്രാംബരോല്ലസിതഹംസമൊടും ശരത്തു
കെല്പോടു വന്നു കമലേക്ഷണനെബ്ഭജിച്ചു.) 18

Digitized By Kerala Sahitya Akademi

## എട്ടാം സർഗ്ഗം.

### അക്രൂരനും ഭഗവൽസന്നിധിയും.

ശ്രിയാ പരോപകാരിണ്യാ കൃപയാ നിന്നിമിത്തയാ
ഉന്നത്യാ പ്രശ്രയിണ്യാ ച സൂചിതാച്യുതസന്നിധിഃ.

(അനിമിത്തയായ കരുണാവിഭൂതിയും ജനതോപകാരകരിയായ [ലക്ഷ്മിയും
വിനയം കലന്നിട്ടുമുയച്ചയും ജനാർദ്ദനസന്നിധാനമറിയിച്ചു തൽ [പുരേ.) 19

### കംസന്റെ വില്ല്.

അതിദീർഘം മഹാഭോഗം തത്രാപശ്യൽസ്ഥരാസനം
പയോധിമഥനായാസപ്രസുപ്തമിവ വാസുകിം.

(തടിച്ചു നീണ്ടങ്ങനെ ദുഗ്ദ്ധസിന്ധു കടഞ്ഞു ഖേദിച്ചതിനിദ്രയോടേ
കിടന്നിട്ടും വാസുകിയെന്നു തോന്നിച്ചിട്ടും ധനുസ്സത്ര മുരാരി ക- [ണ്ടാൻ.) 20

### ചാണൂരവധം.

അഥോ ദൈത്യം സമുൽക്ഷിപ്യ നിർണ്ണേജക ഇവാംബരം
പ്രജഹാര ശിലാപൃഷ്ഠേ ചാണൂരം ലീലയാച്യുതഃ.

(ഹസ്തങ്ങളാൽ ക്ഷിപ്രമുയർത്തി മേല്പോട്ടുത്തുവിലാ മല്ലനെ നിഷ്പ്രയാസം
വസ്ത്രത്തെ നിർണ്ണേജകനെന്നപോലെ ദൈത്യാരി താഡിച്ചു ശിലാതല [ത്തിൽ) 21

## ഒൻപതാം സർഗ്ഗം.

### ശ്രീകൃഷ്ണൻ പാലിച്ച മഥുര.

തസ്മിൻ പരിത്രാതരി ഭൂതധാത്ര്യാസ്സ്വപ്നേപി നാന്യശ്ചകമേന്യദാരാൻ;
ജഹാര ഖേലന്നപി നാന്യദീയം; ന വിസ്മരന്നപ്യനൃതം ബഭാഷേ.

അദ്വയതൗദാര്യപരാക്രമാഭ്യാമപാകൃതാശേഷജനോപരാഗഃ
രഥാംഗനാമ്നാം രജനീഷു ശൗരിരാക്രന്ദിതാദപ്രതിസംവിധേയാൽ.

Digitized By Kerala Sahitya Akademi

(നാരായണൻ ധരണി കാത്തരുളുമ്പൊളന്യ-
ദാരാഗ്രഹം ഭുവി കിനാവിലുമില്ലൊരാൾക്കും;
ആരാന്റെ വസ്തു കളവായുമഹോ ! ഗ്രഹിച്ചീ-
ലോരാതെയും കരളയാരുമുരച്ചതില്ല. 22

വാഴ്കും വദാന്യത,കരുത്തിവ രണ്ടുകൊണ്ടു-
മാക്കും വരുന്നൊരഴൽപോക്കിന പുഷ്കരാക്ഷൻ
നീക്കുന്നതിന്നു കഴിയാത്തൊരു ചക്രവാകവ-
ഘാക്രന്ദനങ്ങൾ നിശി കേട്ടഴൽപൂണ്ടു പാരം.) 23

ജരാസന്ധന്റെ പരാജയം.

ഗത്വാ രണശ്രീഗണികാം സ മൂഢോ വിലുപ്തസർവസ്വതയാ വിഷണ്ണഃ
ജഗാമ ലജ്ജാവനതേന മൂർദ്ധ്നാ പ്രവേഷ്ടുമിച്ഛന്നിവ ഗർഭമുർവ്യാഃ.

(സർവസ്വവും ബത! നശിച്ചഴലോടു യുദ്ധ-
ശ്രീവേശ്യയെജ്ഝടിതി മൂഢനവൻ വെടിഞ്ഞു
താവുന്ന ലജ്ജയതുകൊണ്ടു കുനിഞ്ഞുപോയാൻ;
ഭൂവിന്റെ ഗർഭമതിലേയ്ക്കു കടക്കുവാനോ?) 24

## പത്താം സർഗ്ഗം.

ദ്വാരക.

വിലോലശംഖാഭരണേന വേല്ലൽഫേനാവലീചാമരമണ്ഡലേന
വപ്രേ യദീയേ തടഘാതകേളിർന്നിവർത്ത്യതേ സാഗരകുഞ്ജരേണ.

(തരളതരകളാകും ചാമരം, ലോലശംഖാ-
ഭരണമിതുകൾ ചേരും സാഗരശ്രീകരീന്ദ്രൻ
തരമൊടു തടഘാതക്രീഡചെയ്യുന്നു ചെന്ന-
പ്പുരിയുടെയഴകേറും കോട്ടമേൽ കോട്ടമെന്യേ.) 25

ശ്രീകൃഷ്ണനോടു രുക്മിണിയുടെ ദൂതൻ.

വിശാലവക്ഷഃസ്ഥലമുന്നതാംസം പീതാംബരം ചാരുകിരീടഹാരം
സാ തത്ര തന്വീ ശതപത്രനേത്രമപശ്യദാലേഖ്യഗതം ഭവന്തം.

മാനാഹരാം തൽപ്രതിയാതനാം താം സചേതനാം കർത്തുമിവോദ്യതാ [സാ
നിവേശ്യ തത്രൈവ മനോ മനോജ്ഞാ സ്വയന്തു ചിത്രേ ലിഖിതേവ [തസ്ഥൗ.)

Digitized By Kerala Sahitya Akademi

(അരിയ മകുടഹാരം, വിസ്തൃതം മാറു, പീതാം-
ബര, മധികമുയൎന്നുള്ളംസ,മംഭോജനേത്രം,
പരിചൊടിവ കലൎന്നബ്ഭിത്തിചിത്രസ്ഥമാം നിൻ-
തിരുവുടലഥ കണ്ടാൾ തന്വിയാം കന്യയപ്പോൾ. 26

അതിതരരുചിരതാംചേൎന്നു മിന്നീടുമത്താൽ-
പ്രതിമയതിനു നന്നായ് ജീവനേകീടുവാനോ
അതിൽ നിജഹൃദയത്തെച്ചേൎത്തു താൻതന്നെ ചിത്രേ
മതിമുഖിയെഴുതപ്പെട്ടെന്നപോൽ നിന്നുപോയി.) 27

ഇതിനുമേൽ നമ്പിയാരുടെ തൎജ്ജമയുള്ളതായ് തോന്നുന്നില്ല. ഓരോ സൎഗ്ഗത്തിലും നമ്പ്യാരുടെ കവനകലാവൈഭവം ഒന്നിനൊന്നുയൎന്നു വന്നതായ് കാണാം.

ശ്രീകൃഷ്ണൻ രുക്മിണിയെ കാണുന്നതു്.

സ വീരലക്ഷ്മീമിവ പുഷ്പകേതോൎയ്യശഃപതാകാമിവ യൗവനസ്യ
അപശ്യദാജ്ഞാമിവ വിഭ്രമസ്യ തത്രാഗതാം താമരസേക്ഷണസ്താം. 28

പതിനൊന്നാം സൎഗ്ഗം.

ഭീഷ്മകൻ ശ്രീകൃഷ്ണനോടു്

രാത്രിശ്ചന്ദ്രമസാ ശൂന്യാ കവിതാ രസവൎജ്ജിതാ
ത്വയാ ച വിപ്രയുക്താ ഭൂശ്ശൗരേ, ശോച്യമിദം ത്രയം 29

(അല്ലയോ ശൗരേ, ചന്ദ്രനില്ലാത്ത രാത്രിയും രസമില്ലാത്ത കവിതയും അങ്ങില്ലാത്ത ഭൂമിയും ശോചനീയങ്ങളാകുന്നു.)

പന്ത്രണ്ടാം സൎഗ്ഗം.

തോറേറാടി സങ്കടമറിയിക്കുന്ന ദേവന്മാരോടു ദേവേന്ദ്രൻ.

രക്ഷ്യം കളത്രം; പൃതനാ ന പാൎശ്വേ; വാഹോ വിഹംഗഃ; സ്വപദം
[ദവീയഃ;
തഥാപി തസ്മാത്ത്രിദിവൌകസോ വഃ പരാജയോഭൂൽ കഥമേവ കൃ
ഷ്ണാൽ? 30

(ഈ കൃഷ്ണനു പോക്കളത്തിൽ ഭാൎയ്യയെ രക്ഷിക്കണം; സമീപത്തിൽ സേനയില്ല; രഥത്തിനു പകരം ഒരു പക്ഷിമാത്രമാണു് വാഹനം;

Digitized By Kerala Sahitya Akademi

ഇയാളുടെ രാജ്യമോ വളരെ ദൂരത്തിലാണുതാനും. അങ്ങനെയെല്ലാമിരിക്കുന്ന ഈ മനുഷ്യനിൽനിന്നു സ്വർഗ്ഗവാസികളായ നിങ്ങൾക്ക് എങ്ങനെയാണ് പരാജയം നേരിട്ടത്?)

മേലുദ്ധരിച്ച പദ്യങ്ങളിൽനിന്ന് അലങ്കാരവത്തുകളായാലും അനലംകൃതികളായാലും എത്രമാത്രം രസനിഷ്യന്ദികളാണ് സുകുമാരന്റെ സൂക്തികൾ എന്നു സഹൃദയന്മാർക്കു കാണാവുന്നതാണ്. ശ്ലേഷപ്രയോഗംകൊണ്ടുപോലും ക്ഷതി തട്ടാത്ത പ്രസാദഗുണം ഈ കൃതിക്ക് ഒരു വിശേഷഭൂഷണമാണ്. സദാചാരവാക്യങ്ങളും ഇതിൽ ധാരാളമുണ്ട്.

ക്ഷമാപി ഭൂഷാ ഹി ബലോത്തരാണാം.

(ബലിഷ്ഠന്മാർക്ക് ക്ഷമയും ഭൂഷണമാണ്.) 1

കിമേവ നാശ്രൗവി വിചാരശൂന്യം വ്രജന്ത്യനൎത്ഥാ ഇതി സാധുവാദഃ?

(വിചാരശൂന്യനെ അനൎത്ഥങ്ങൾ പ്രാപിക്കുന്നു എന്നുള്ള ആപ്തവാക്യം കേട്ടിട്ടില്ലയോ?) 2

സവിധേ ന വസന്തി ബുദ്ധിമന്തഃ
ഫണിനോ വായുസഖസ്യ ഭൂപതേശ്ച.

(ബുദ്ധിമാന്മാർ പാമ്പിന്റേയും തീയുടേയും രാജാവിന്റേയും സമീപത്തിൽ വസിക്കുന്നില്ല.) 3

തുഷ്യന്ത്യുദാരാഃ പരതൃപ്ത്യണേന.

(ഉദാരന്മാർ അന്യന്മാർക്കു സംതൃപ്തി നല്കി സന്തോഷിക്കുന്നു.) 4

മുതലായ ഉദാഹരണങ്ങൾ നോക്കുക. സ്വഭാവോക്തിയിലും കവി സൂക്ഷ്മദൃക്കാണ്. 'നളിനീവൎണ്ണസവൎണ്ണപക്ഷമാല'കളായ കിളികൾ,

'വപുഷ്ഗ്ഗരിമ്ണാ നമയന്തമുൎവീം
വിഷാണകോട്യാ വിലിഖന്തമഭ്രം'

ശരീരഭാരംകൊണ്ടു ഭൂമിയെ നമിപ്പിക്കുന്നവനും കൊമ്പിന്റെ മുനകൊണ്ട് ആകാശത്തിൽ പോറലുണ്ടാക്കുന്നവനുമായ വൃഷഭരൂപധാരി അരിഷ്ടാസുരൻ, 'പ്രഹൎഷസ്ഖലദക്ഷര'ങ്ങളായ വാക്കുകൾ, ധനുസ്സിന്റെ 'ആദാനസന്ധാനവികൎഷമോക്ഷ'ങ്ങൾ; ഇങ്ങനെ ഓരോന്നു പ്രദർശിപ്പിച്ചു തുടങ്ങിയാൽ അവസാനമില്ല. ദൃഷ്ടാന്തങ്ങൾ, പഴഞ്ചൊല്ലുകൾ ഇവയും ധാരാളമുണ്ട്.

Digitized By Kerala Sahitya Akademi

"പശ്യാധുനാ പല്ലവസൂതികാലേ
കിം കല്പതേ' ചൂതലതാ ഫലായ?"

(അല്ലയോ ദേവകി, തളിർവിടിയ്ക്കുന്ന കാലത്തു തേന്മാവിൻമെത കായ്ക്കാറുണ്ടോ? ഇപ്പോഴും ബാലയായ നീ എന്തിനു സന്താനലാഭത്തിനുവേണ്ടി വ്രതം നോല്ക്കുന്നു?) 1

ഛേദപ്രസംഗേ നവശാദ്വലാനാം
കോ നാമ കുര്യാൽ കലിശസ്യ മോക്ഷം?

(ഇളമ്പുല്ലറുക്കുവാൻ ആരെങ്കിലും വജ്രായുധം പ്രയോഗിക്കുമോ?) 2

നഖാഗ്രലവ്യസ്തരുരങ്കുരാത്മാ
പരശ്വധന്യാപി തതോതിഭൂമിഃ.

(നഖാഗ്രംകൊണ്ടു മുളയിൽ നുള്ളിക്കളയാവുന്ന മരം വളൎന്നാൽ കോടാലിക്കുമറുന്നതല്ല.) 3

മതി. ഈ മഹാകവി മൂർദ്ധന്യൻ ഏതുകാലത്തിൽ ജീവിച്ചിരുന്നു എന്നും, ഏതു ദേശത്തെ അലങ്കരിച്ചിരുന്നു എന്നും, ആരും ഇതുവരെ തീർച്ചപ്പെടുത്തീട്ടില്ല. കേരളീയനായ പ്രഭാകരനെ ശ്രീകൃഷ്ണവിലാസവുമായ് ഘടിപ്പിച്ച് ഒരൈതിഹ്യം പ്രചരിക്കുന്നുണ്ട്. വിദ്യാഭ്യാസം ചെയ്യുന്ന കാലത്തിൽ ഗുരു പ്രഭാകരനെ ശാസിച്ചു. ആ ശാസനത്തിൻെറ കാക്കശ്യം സഹിക്കുവാൻ കഴിയാതെ ഒരുദിവസം രാത്രിയിൽ പ്രഭാകരൻ ഗുരുഗൃഹത്തിൻെറ തട്ടിൻപുറത്ത് അദ്ദേഹത്തെ വധിക്കണമെന്നുള്ള നിശ്ചയത്തോടുകൂടി ഒരു കരിങ്കല്ലു കൈയിലെടുത്തുകൊണ്ട് ഒളിച്ചിരുന്നു. അപ്പോൾ ഗുരുപത്നിയും ഗുരുവും തമ്മിൽ ശിഷ്യനെപ്പററി ഒരു സംവാദം നടന്നു. അതു കേട്ടപ്പോഴാണ് തന്നെ സ്വപുത്രനേക്കാൾ അധികം ഗുരു സ്നേഹിക്കുന്ന വസ്തുത ശിഷ്യനു മനസ്സിലായതു്. പിറേറദിവസം കാലത്ത്, ഗുരുവധം ചെയ്വാനുദ്ദേശിച്ച ശിഷ്യനു ശിക്ഷയെന്തെന്നു പ്രഭാകരൻ ഗുരുവിനോടു തന്നെ ചോദിക്കുകയും, ഉമിത്തീയിൽ നിന്നുകൊണ്ടു പ്രാണത്യാഗം ചെയ്യുന്നതാണ് ആ പാപത്തിന് പരിഹാരമെന്നു ഗുരു അരുളിച്ചെയ്യുകയും ചെയ്തു. അപ്പോൾ തലേദിവസം രാത്രിയിൽ നടന്ന വസ്തുത പ്രഭാകരൻ ഗുരുവിനെ ഗ്രഹിപ്പിച്ചു; ഗുരു എത്രതന്നെ വിലക്കീട്ടും കേൾക്കാതെ ഒരു കുണ്ഡമുണ്ടാക്കി ഉമിനിറച്ച് അതിൽ തീകത്തിച്ച് അവിടെ നിന്നുകൊണ്ടു ദേഹം നീററി ആത്മഹത്യചെയ്യുകയും ചെയ്തു. അങ്ങനെ ഉമിത്തീയിൽ നിന്നുകൊണ്ടു പ്രഭാകരൻ ഉച്ചരിച്ചതാണത്രേ ശ്രീകൃഷ്ണവി

Digitized By Kerala Sahitya Akademi

ലാസം കാവ്യം. 'പശ്യ പ്രിയേ, കോങ്കണഭൂമിഭാഗാൻ' ഇത്യാദി പദ്യം ചൊല്ലിക്കഴിഞ്ഞപ്പോൾ നാക്ക വെന്തുപോകകയാൽ കാവ്യം അവിടെ അവസാനിച്ചുപോയത്രേ! ഇതാണ് ആ ഐതിഹ്യം.

ഈ പ്രഭാകരൻ ആരാണ്? കുമാരിലഭട്ടന്റെ ശിഷ്യനായ സാക്ഷാൽ പ്രഭാകരമിശ്രൻ; പൂർവ്വമീമാംസാസമുദ്രത്തിന്റെ വിശ്വവിഖ്യാതനായ കുംഭസംഭവൻ; മഹനീയനായ മതോപജ്ഞാതാവ്; ശബരഭാഷ്യത്തിന് ആറായിരം ശ്ലോകത്തോളം ദൈർഘ്യമുള്ള വിവരണം, അഥവാ ബൃഹതി, പന്തീരായിരം ശ്ലോകത്തോളം ദൈർഘ്യമുള്ള നിബന്ധനം, ഇങ്ങനെ രണ്ടു വ്യാഖ്യാനങ്ങൾ നിർമ്മിച്ച മഹാനുഭാവൻ; ശിഷ്യദശയിൽ തന്നെ ഭട്ടനാൽ ഗുരുവെന്ന ബിരുദസമ്മാനംകൊണ്ട് അനുഗൃഹീതനായ കുശാഗ്രബുദ്ധി. അദ്ദേഹം വിദ്യാഭ്യാസകാലത്തുതന്നെ ആത്മഹത്യ ചെയ്തുവെങ്കിൽ, അദ്ദേഹത്തിന്റെ അതിമാനുഷങ്ങളായ ശാസ്ത്രവ്യവസായങ്ങൾക്ക് അവസരം എപ്പോൾ സിദ്ധിച്ചു? പ്രഭാകരനു സുകമാരൻ എന്നു നാമാന്തരമുണ്ടായിരുന്നതായ് ഒരു ഗ്രന്ഥത്തിൽ നിന്നും വെളിവാകുന്നില്ല; എന്നുമാത്രമല്ല, അത്യന്തം ലളിതകോമളമായ പ്രസ്തുതകാവ്യം, കാക്കശ്യജടിലമായ ശാസ്ത്രസരണിയിൽ ഏകതാനനായ് യാവജ്ജീവം സഞ്ചരിച്ച അദ്ദേഹം രചിച്ചു എന്നൂഹിക്കുന്നതിലും അനുപപത്തിയുണ്ട്.

"വേദാഭ്യാസജഡഃ കഥന്നു വിഷയവ്യാവൃത്തകൗതൂഹലോ
നിർമ്മാതും പ്രഭവേന്മനോഹരമിദം രൂപം പുരാണോ മുനിഃ?"

എന്ന പദ്യത്തിൽ കാളിദാസൻ വിക്രമോർവ്വശീയത്തിൽ നാരായണപുത്രിയാണോ ഉർവ്വശി എന്ന് അലങ്കാരരീത്യാ ചോദിക്കുന്നു. ഞാനും അതേമാതിരിയിലുള്ള ഒരു ചോദ്യം തന്നെയാണ് ഇവിടെ ചോദിക്കുന്നത്. പക്ഷേ, അലങ്കാരരീതിയിലല്ല; വസ്തുസ്ഥിതി മറിച്ചാണെന്നുള്ള ബോധത്തോടുകൂടിയാണ്. യാതൊരു പദ്യവും രചിച്ചതായ് ലോകം നാളതുവരെ അറിഞ്ഞിട്ടില്ലാത്ത പ്രഭാകരമിശ്രൻ ശ്രീകൃഷ്ണവിലാസം നിർമ്മിച്ചു എന്നു ഭാവുകന്മാർ വിശ്വസിക്കണമെങ്കിൽ, അതിനു മേൽകാണിച്ച 'കാലില്ലാക്കഥ'യേക്കാൾ കൂടുതൽ തെളിവ് ആവശ്യകമാണെന്നുള്ളതിനു സംശയമില്ലല്ലോ. പ്രഭാകരന്റെ കാലത്തു ശ്രീമൽഭാഗവതംതന്നെ ഉണ്ടായിരുന്നതായ് തോന്നുന്നില്ല. പിന്നെ വേണ്ടേ കഥാവിഷയത്തിൽ ആ ഗ്രന്ഥത്തെ പിൻതുടരുന്ന കൃഷ്ണവിലാസം അദ്ദേഹം നിർമ്മിക്കുവാൻ? കവീന്ദ്രവചനസമുച്ചയം, സദുക്തികർണ്ണാമൃതം, ശാർങ്ഗധരപദ്ധതി, സുഭാ



Digitized By Kerala Sahitya Akademi

ഷിതാവലി, മുതലായ പദ്യസമുച്ചയഗ്രന്ഥങ്ങളിൽ ഒരു പ്രഭാകരഭട്ടന്റെ ചില ശൃംഗാരശ്ലോകങ്ങൾ കാണുന്നുണ്ട്. അദ്ദേഹം ഔത്തരാഹനാണ്.

ഭാഗ്യവശാൽ സുകുമാരന്റെ മറെറാരു കൃതി എനിക്കു വായിക്കുവാനിടവന്നിട്ടുണ്ട്. 'രഘുവീരചരിതം' എന്ന് ഏഴങ്കമുള്ള ഒരു നാടകമാണ് അതു്. ആ നാടകത്തിൽ കവി തന്നെപ്പററി ചിലതെല്ലാം പ്രസ്താവിച്ചു കാണുന്നു. "ശങ്കരതന്തുജന്മനഃ പാർവ്വതീനന്ദനസ്യ ഭാരതീഭൂഷണാപരനാമധേയസ്യ ഭട്ടസുകുമാരസ്യ കവേഃ കൃതിരഭിനവം രഘുവീരചരിതം" എന്ന വാക്യത്തിൽനിന്നു സുകുമാരനു 'ഭാരതീഭൂഷണൻ' എന്നൊരു ബിരുദനാമം കൂടിയുണ്ടായിരുന്നു എന്നും അദ്ദേഹത്തിന്റെ അച്ഛൻ ശങ്കരനും, അമ്മ പാർവ്വതിയുമായിരുന്നു എന്നും വെളിപ്പെടുന്നു. നാടകം സുപ്രസിദ്ധമായ ശ്രീരംഗക്ഷേത്രത്തിൽ വെച്ച് അഭിനയിക്കുന്നതിലേയ്ക്കുവേണ്ടി കവി രചിച്ചതാണ്. "കൗസ്തുഭഗഭസ്തിമദ്ദുന്മേഷഭാന്തരീക്ഷസ്യ, നന്ദകനവാംഭോദവിഹാരമരകതമണിശൈലസ്യ, ശംഖഹംസലീലാകുവലയകാനനസ്യ, കവേരതനയാഹാരമഹാനീലസ്യ, മഹർഷിഹൃദയപഥികവിശ്രാമതമാലപാദപസ്യ, ഭഗവതഃ ശ്രീരംഗരാജസ്യ" എന്ന് അവിടത്തെ ദേവനെ കവി സ്തുതിക്കുന്നു. താഴെ ഉദ്ധരിക്കുന്ന പദ്യങ്ങൾ ആത്മപ്രശംസാപരങ്ങളാണ്.

വിസ്തീർണ്ണപ്രതിഭാവിലാസവല്ലരീവിന്യസ്തലോകത്രയീ-
ചിത്രോൽകന്ദളഗൗരവഃ കവയിതാ കൈരേഷ നാകർണ്ണിതഃ
യസ്യാലംകൃതിശാസ്ത്രശാണനിശിതൈർവാഗ്ഗുംഫദംഷ്ട്രാളിഭി-
ർവ്യാഭിദ്യന്ത കവീന്ദ്രഗർവ്വഗരിമക്ഷോണീധരഗ്രന്ഥയഃ? 1

ക്ഷ്മാചക്രേ കവിചക്രവർത്തിയശസാം വോഢാരമേനം വിനാ
പ്രൗഢഃ സ്രഷ്ടുമകൃഷ്ടപച്യകവിതാഹൃദ്യാനി പദ്യാനി കഃ
യസ്യ ശ്രോത്രവിയദ്വിഹാരിണി വചസ്സന്താനചന്ദ്രാതപേ
വിശേഷാം മുകുളീഭവന്തി വദനാംഭോജാനി വാക്ശില്പിനാം? 2

ഗിരാം കല്യാണീനാം ജഗതി പരമേകോ ജനയിതാ;
സഹസ്രം കർത്താരോ ഗുണഗരിമഹീനസ്യ വചസഃ.
ത്വിഷാമേകോ ഭാനുർഭുവനമഹിതാനാം പ്രസവിതാ;
വിധാതാരോ ദീപാഃ കതി കതി ന തുച്ഛസ്യ മഹസഃ? 3

ആദ്യത്തെ പദ്യത്തിൽനിന്നു സുകുമാരന്റെ അലങ്കാരശാസ്ത്രജ്ഞാനം വിശിഷ്ടമാണെന്നു കാണാം. അദ്ദേഹത്തിന്റെ സൂക്തിസമൂഹ

Digitized By Kerala Sahitya Akademi

മാകുന്ന വെണ്ണിലാവു ചെവിയാകുന്ന ആകാശത്തിൽ വിഹരിക്കുമ്പോൾ ഇതരന്മാരായ എല്ലാ കവികളുടേയും മുഖാംബുജങ്ങൾ മുകളീഭവിക്കുമത്രേ. ഗുണോത്തരങ്ങളായ സൂക്തികൾ ഒരാൾക്കേ രചിക്കുവാൻ കഴിയൂ; ഗുണഹീനങ്ങളായ വാക്കുകൾ ആയിരം പേക്ക് ഉച്ചരിക്കാം. ലോകപ്രസിദ്ധങ്ങളായ കിരണങ്ങൾ പൊഴിക്കുവാൻ സൂര്യനുമാത്രമേ സാധിക്കൂ; നിസ്സാരമായ പ്രഭ വീശുവാൻ എത്രയെത്ര വിളക്കുകൾക്കു കഴികയില്ല!

സുകുമാരൻതന്നെ ഒരിക്കൽ അന്നത്തെ ചോളമഹാരാജാവിനു കാഴ്ചവെച്ച ഒരു ശ്ലോകമാണ് താഴെ കാണുന്നത്. അതും രഘുവീരചരിതത്തിൽ ഉദ്ധരിച്ചിട്ടുണ്ട്.

ഗൗഡാനാം യദി സഞ്ചരേമഹി പഥാ ഖഞ്ജോ മുരാരിഃ കവി-
വൈദർഭം യദി സംശ്രയേമ സമയം സ്യാൽ കാളിദാസശ്ച്യുതഃ
അർത്ഥാംശ്ചേദവലോകയേമ ന കഥം ബാണോപി കാണോ ഭവേ-
ദന്യേ ചോളമഹീമഹേന്ദ്ര കവയോ മന്ദാ ന നിന്ദാസ്പദം. 4

"ഞാൻ ഗൗഡീരീതിയിൽ കാവ്യം രചിച്ചാൽ മുരാരിയേയും, വൈദർഭീരീതിയിൽ നിർമ്മിച്ചാൽ കാളിദാസനേയും ജയിക്കും. അർത്ഥപരിപുഷ്ടമായ എന്റെ കവിതയ്ക്കു ബാണന്റേതിനേക്കാൾ മെച്ചമുണ്ട്. അല്ലയോ ചോളമഹാരാജാവേ, മന്ദന്മാരായ മററു കവികൾ എന്റെ നിന്ദയെപ്പോലുമർഹിക്കുന്നില്ല."

തന്റെ കവിതാരസം ആസ്വദിക്കുവാൻ അധികാരികൾ ആരെന്ന് അദ്ദേഹം വേറെ രണ്ടു പദ്യങ്ങളിൽ വിശദീകരിക്കുന്നു.

യൈർബൗധായനവാക്യപുഷ്പകലികാഃ കർണ്ണാവതംസീകൃതാ;-
യേഷാം ബില്ഹണസൂക്തിമൗക്തികസരാഃ കണ്ഠാനലംകുർവ്വതേ;
മാധുര്യൈകഭുവാം മുരാരിവചസാമാസ്വാദി യൈഃ സ്വാദിമാ;
സന്തുഷ്യന്തി ത ഏവ നൂതനസുധാശ്രവണീഷു വാണീഷു നഃ.

തനവീനാം സ്തനമണ്ഡലീഷു ശബരൈർവിന്യസ്യ ഗുഞ്ജാസ്രജം
ശ്ലാഘ്യന്താം ഗുണദോഷഭേദകലനാവൈദഗ്ദ്ധ്യവന്ധ്യാത്മഭിഃ;
രാജാന്തഃപുരികാപയോധരഘടീകസ്തൂരികാലോളന-
ക്രീഡാദുർല്ലളിതസ്യ കിന്നു ഭവിതാ ഹാരസ്യ ഹാനിസ്തതഃ? 16

"ബോധായനന്റെ സൂക്തികൾ ചെവിക്കൊള്ളുകയും ബില്ഹണന്റെ സൂക്തികൾ പഠിക്കുകയും മുരാരിയുടെ സൂക്തികൾ ആസ്വദിക്കുകയും

Digitized By Kerala Sahitya Akademi

ചെയ്യുന്ന സഹൃദയന്മാക്ക്മാത്രമേ എൻെറ സൂക്തികഠം ആനന്ദം നല്കുകയുള്ളു. ഗുണദോഷവിവേചനത്തിന്ന് അശക്തന്മാരായ കാട്ടാളന്മാർ അവരുടെ ഭാര്യമാരുടെ മുലത്തടങ്ങളിൽ കുന്നിക്കുരുമാലകഠം അണിയിച്ച് അവയെ യഥേഷ്ടം ശ്ലാഘിച്ചുകൊള്ളട്ടെ. മഹാരാജാക്കന്മാരുടെ അന്തഃപുരങ്ങളെ അലങ്കരിക്കുന്ന മഹിളാരത്നങ്ങളുടെ കുചകുംഭങ്ങളിൽ പൂശിയിരിക്കുന്ന കസ്തൂരീകർദ്ദമത്തിൽ കിടന്നുരുളുന്ന മുത്തുമാലയ്ക്ക് അതുകൊണ്ടു വല്ല ക്ഷതിയും വരുവാനുണ്ടോ?"

"യൈർബൗധായന" ഇത്യാദി പദ്യത്തിൽനിന്ന് ഒരു സംഗതി സ്പഷ്ടമാകുന്നു. അതു ബോധായനൻ, മുരാരി, ബില്ഹണൻ ഇവരെ അപേക്ഷിച്ച് സുകുമാരൻ അവ്വാചീനനാണെന്നുള്ളതുതന്നെ. രാമാനുജാചാര്യർ ശ്രീഭാഷ്യത്തിൽ "ഭഗവദ്ബോധായനകൃതാം വിസ്തീർണ്ണാം ബ്രഹ്മസൂത്രവൃത്തിം പൂവ്വാചാര്യാഃ സംചിക്ഷിപുഃ" എന്ന വാക്യത്തിൽ ഒരു ബോധായനനെ സ്മരിക്കുന്നുണ്ട്. അദ്ദേഹം ഉപവർഷാവ് എന്ന നാമധേയത്താലും അറിയപ്പെട്ടിരുന്നു എന്നു വേദാന്തദേശികർ തത്വടീകയിൽ പ്രസ്താവിക്കുന്നു. ആ ബോധായനനോ കല്പസൂത്രകാരനായ ബോധായനമഹർഷിയോ അല്ല പ്രകൃതത്തിൽ സുകുമാരനാൽ സ്മരിക്കപ്പെടുന്നതു്. പിന്നെയോ, ഭഗവദജ്ജുകീയത്തിൻേറയും മഹാനാടകത്തിൻേറയും പ്രണേതാവായ ബോധായനകവിയാകുന്നു. ദാക്ഷിണാത്യനെന്നു നിസ്സംശയം സ്ഥാപിക്കാവുന്ന ഈ കവിയുടെ കാലത്തെപ്പററി ക്ലിപ്തമായി ഒന്നും പറയുവാൻ നിവൃത്തിയില്ല. ബുദ്ധമതത്തിനു ദക്ഷിണാപഥത്തിൽ ക്ഷീണത തട്ടിയ ഒരു കാലഘട്ടത്തിലാണ് ഇദ്ദേഹം ജീവിച്ചിരുന്നതെന്നു മാത്രം പ്രസ്താവിക്കാം. ആ കാലം ഏതായാലും ക്രി. പി. എട്ടാം ശതകത്തിനു പിന്നീടാവാൻ തരമില്ല. മുരാരിയുടെ കാലം എട്ടാം ശതകത്തോടടുപ്പിച്ചും ബില്ഹണൻേറതു പതിനൊന്നാം ശതകവുമാണെന്നു സർവ്വസമ്മതമാകുന്നു. അതിനാൽ പന്ത്രണ്ടാം ശതകത്തിലോ പതിമൂന്നാം ശതകത്തിൻെറ ആരംഭത്തിലോ ആയിരിക്കണം സുകുമാരൻെറ ജീവിതകാലമെന്നും, അദ്ദേഹത്തിൻെറ ജന്മഭൂമി ചോളദേശവും ജനനസ്ഥലം പക്ഷേ ശ്രീരംഗംതന്നെയും ആയിരിക്കാമെന്നും, മാതാപിതാക്കന്മാരുടെ നാമധേയങ്ങളിൽനിന്ന് അദ്ദേഹം ഒരു സ്മാർത്തബ്രാഹ്മണനാണെന്ന് അനുമാനിക്കാമെന്നും മാത്രം ഇവിടെ സമഷ്ടിയായ് ഉപന്യസിക്കാം. പതിമ്മൂന്നാം ശതകത്തിൻെറ അവസാനത്തിൽ ജീവിച്ചിരുന്ന അഗസ്ത്യഭട്ടൻ ബാലഭാരതമഹാകാവ്യത്തിൽ സുകുമാരനെ അനുകരിച്ചു കാണുന്നു.

Digitized By Kerala Sahitya Akademi

ഇനി രഘുവീരചരിതത്തിലെ കാവ്യഗുണപൌഷ്കല്യം വായനക്കാരെ ഗ്രഹിപ്പിക്കുന്നതിലേയ്ക്കുവേണ്ടി ആ നാടകത്തിൽനിന്നു ചില പദ്യങ്ങൾ ഉദ്ധരിച്ചുകൊള്ളട്ടെ.

വിദ്വൽസഭ.

ഛന്ദശ്ചന്ദ്രവിഹാരശാരദനിശാ സാഹിത്യദന്താവള-
ക്രീഡാവിന്ധ്യതടീ കവിതാകമലപ്രോന്മേഷപൂഷപ്രഭാ
വിദ്യാവർത്മഗതാഗതവ്യസനിനാം വിശ്രാമഘർമ്മപ്രപാ
വിശേഷാം വിപുലീകരോതി വിദുഷാം ഗോഷ്ഠീ ഗരിഷ്ഠാം മുദം. 7

പിതാവിനു കന്യകയെപ്പററിയുള്ള ചിന്ത.

യാതായാം പ്രിയമന്ദിരം ദുഹിതരി ക്ലേശഃ പടീയാൻ ഭവേൽ;
സന്താപഃ സുമഹാൻ പുനഃ പിതൃഗൃഹേ സാ ചേച്ചിരം തിഷ്ഠതി;
മുഞ്ചത്യേഷ ന ജാതു ചേതസി പദം ദൌർഭാഗ്യശങ്കാജ്വര-
സ്തദ്വ്യാധിർവ്വിഗതൌഷധോ വിധികൃതഃ കന്യാ കിമന്യൽ പിതുഃ? 8

പിതാവിനു കന്യക ഭർത്തൃഗൃഹത്തിൽ പോയാലും മഹാദുഃഖം; സ്വഗൃഹത്തിൽ ഇരുന്നാലും അങ്ങനെതന്നെ; അവൾക്കു ദൌർഭാഗ്യം വരുമോ എന്നുള്ള ശങ്ക ഒരിക്കലും അവൻെറ ഹൃദയം വിട്ടൊഴിയുന്നില്ല. അതുകൊണ്ടു ബ്രഹ്മാവു നിർമ്മിച്ചതും ഔഷധമില്ലാത്തതുമായ വ്യാധിയല്ലാതെ മറെറന്താണ് അവന് അവൾ?

രാജസേവ

ആത്മാനം പരിഭൂയ, മാനമധരീകൃത്യ, ത്രപാശൃംഖലാം
കൃത്വാ, വംശമവാഗ്വിധായ, ലഘുതാമാസാദ്യ, മുക്ത്വാ ധൃതിം,
യാ ലക്ഷ്മീർവ്വിശതഃ ക്ഷമാപതിഗൃഹദ്വാഃപാലഹസ്താവലീ-
ലീലാകന്ദുകതാം ഗതാസ്യ ഭവിതാ, തസ്യൈ നമസ്കുർമ്മഹേ. 9

സമ്പർക്കാദിവ കാർമ്മുകസ്യ കുടിലാ, മാതംഗയോഗാദിവ
പ്രാദുർഭൂതമദാഃ, പ്രകാമതരളാഃ സംഗേന ലക്ഷ്മ്യാ ഇവ,
പാരുഷ്യം പരമം ഗതാഃ പരിചയാൽ പ്രായഃ കൃപാണസ്യ യേ,
തേ സേവ്യാഃ കഥമീശ്വരാ യദി ഭവേദേകാ വിവേകാങ്കുരഃ? 10

ആത്മാവിനെ പരിഭവിപ്പിച്ച്, അഭിമാനത്തെ അധഃകരിച്ച്, നാണത്തെ ബന്ധിച്ച്, കുലമഹിമയെ പുറന്തള്ളി, ലാഘവത്തെ പ്രാപി

Digitized By Kerala Sahitya Akademi

ച്ച്, ധൈര്യത്തെ ത്യജിച്ച്, രാജാക്കന്മാരുടെ കോവിലകങ്ങളിൽ നടകാവൽനില്ക്കുന്ന ശിപായിമാരുടെ കളിപ്പന്തായ്ത്തീൎന്ന്, അങ്ങനെയെല്ലാം ഒരുവനു ലഭിക്കുന്ന ലക്ഷ്മിയെ നമസ്കരിക്കുകതന്നെ വേണം. ധനസ്സിൻെറ സമ്പൎക്കംകൊണ്ടെന്നപോലെ കുടിലന്മാരും, ആനകളോടുള്ള ചേൎച്ചകൊണ്ടെന്നപോലെ മദിച്ചവരും, ലക്ഷ്മിയുമായുള്ള സംഗംകൊണ്ടെന്നപോലെ ഏററവും ചപലന്മാരും, കൃപാണവുമായുള്ള പരിചയംകൊണ്ടെന്നപോലെ അത്യന്തം കഠിനന്മാരുമായ രാജാക്കന്മാരെ വിവേകത്തിൻെറ കണികയൊന്നുണ്ടെങ്കിൽ ആരു സേവിക്കും?

**കോപം.**

തേജസ്സൂൎയ്യാപരാദ്രി,ൎഗ്ഗുണഗിരികുലിശഃ, കീൎത്തിവല്ലീകുഠാരഃ,
പ്രീതിജ്യോത്സ്നാപ്രഭാതം, പ്രളയദിനകരഃ സത്വവാരാകരസ്യ,
ഗ്രീഷ്മഃ പ്രജ്ഞാനദീനാം, ഭവികസരസിജാകാണ്ഡനീഹാരപാതഃ,
പൂൎണ്ണേന്ദുഃ പാപസിന്ധോഃ, കിമപി പരിഹൃതോ ന ത്വയാ കോപ
ഏഷഃ? 11

കോപം തേജസ്സാകുന്ന സൂൎയ്യന് അസ്തമനപൎവ്വതമാണ്; ഗുണങ്ങളാകുന്ന പൎവ്വതങ്ങൾക്കു വജ്രായുധമാണ്; സന്തോഷമാകുന്ന ചന്ദ്രികയ്ക്കു ഉഷഃസമയമാണ്; സത്വമാകുന്ന സമുദ്രത്തിനു കല്പാന്തസൂൎയ്യനാണ്; ബുദ്ധികളാകുന്ന നദികൾക്കു വേനൽക്കാലമാണ്; കുശലങ്ങളാകുന്ന താമരപ്പൂക്കൾക്ക് ആകസ്മികമായ് ഭവിക്കുന്ന ഹിമപാതമാണ്; പാപമാകുന്ന സമുദ്രത്തിനു പൂൎണ്ണചന്ദ്രനമാണ്; അതു് ഇനിയും അങ്ങയാൽ പരിഹൃതമായില്ലയോ?

**മന്ത്രിമാരുടെ സങ്കടം.**

ഉദൎക്കവിരസം കൎമ്മ രാജാ രചയതി സ്വയം;
തൽപ്രതീകാരചിന്താഭിൎദ്ദൂയന്തേ മന്ത്രിണഃ സ്വയം. 12

ഭാവിയിൽ അസുഖപ്രദമായ കൎമ്മം രാജാവു തന്നെത്താൻ ചെയ്യുന്നു. ആ അസുഖം വരാതെയിരിക്കുന്നതിനുള്ള മാൎഗ്ഗങ്ങൾ ആരാഞ്ഞു മന്ത്രിമാർ ദുഃഖിക്കുന്നു.

**വസന്തം.**

മാലാകാരസ്തരൂണാം, മനസിജപൃതനാനായകഃ, ഷൾപദാനാം
പാനക്രീഡാപ്രദാതാ, പരഭൃതസുദൃശാം പഞ്ചമാഭ്യാസശാലീ,

Digitized By Kerala Sahitya Akademi

ജീവാതുർവ്വല്ലരീണാം, മലയഗിരിമരുൽകേളിസഞ്ചാരമാർഗ്ഗഃ,
പാന്ഥാനാം പ്രാണചോരസ്സമജനി ജഗതാമേകകാന്തോ വസന്തഃ. 13

ഗ്രീഷ്മം.

മുക്താസൗഭാഗ്യദാതാ, ജലവിഹൃതിഗുരുശ്ചന്ദനാകാണ്ഡമിത്രം,
വൃക്ഷാണാം രാജയക്ഷ്മാ, മധുപമദരിപുഃ, ശൈത്യകല്പാന്തശിക്ഷീ,
അബ്ധേർഗാംഭീര്യഭേത്താ, തപനകലസുഹൃദപദ്മകോദാവവഹ്നേ,-
രഹ്നാമദ്വൈതവാദീ, സമജനി രജനീഘസ്മരോ ഘർമ്മകാലഃ. 14

വർഷം.

ആചാര്യാഃ കളഹംസമൗനനിയമാരംഭസ്യ, മൗഹൂർത്തികാഃ
കേകാഭ്യാസവിധേഃ കലാപിസുദൃശാം, ജീമൂതജീവാതവഃ,
ജാതാശ്ചാതകചക്രവർത്തിമഹിഷീപാനീയകർമ്മാന്തികാ-
ഘർമ്മശ്രാന്തവനാന്തകന്ദളദളക്ഷേമങ്കരാ വാസരാഃ. 15

ഹേമന്തം.

ക്രൗഞ്ചാനാം കാമലീലാപരിചിതിസചിവഃ, പങ്കജാകാലമൃത്യുഃ,
സംഹർത്താ വ്യോമകാന്തേ,രധരദലരുജാകർമ്മഠഃ കാമിനീനാം,
വഹ്നേസ്സൗഭാഗ്യദാതാ, ദിനകരജഡിമാധാനവിദ്യാപ്രഗല്ഭഃ,
ശ്യാമായുഷ്ടോമകർത്താ സമജനി സദയോ ഹന്ത! ഹേമന്തനാമാ. 16

ചന്ദ്രൻ.

ജ്യോത്സ്നാനിർഝരജന്മജംഗമഗിരിഃ, ശൃംഗാരരക്ഷാമണി,-
ർമ്മന്ത്രീ മന്മഥപാർത്ഥിവസ്യ, നളിനീസങ്കോചദീക്ഷാഗുരുഃ,
ജീവാതുഃ കുമുദാകരസ്യ, കകുഭാമാകല്പകർമ്മാന്തിക-
സ്സന്താപം ശകലീകരോതി ജഗതാം ദേവസ്ത്രിയാമാസഖഃ. 17

പരോപകാരമാഹാത്മ്യം.

സാധൂനാമുപകാരകല്പനകലാചാതുര്യധുര്യം മനഃ
പാത്രോൽകർഷനികർഷചിന്തനപഥേ മന്യേ പരം ഖഞ്ജതി;
ഉൽപത്തിഃ കമലസ്യ പങ്കപടലാദാത്മാ രജോഭിർവൃതോ,
യദ്യേവം മഹസാം നിധേഃ പ്രണയിതാ തത്രൈവ വിശ്രാമ്യതി. 18

സജ്ജനങ്ങൾ പരോപകാരത്തിനു മുതിരുമ്പോൾ പാത്രം ഉൽകൃഷ്ടമാ നികൃഷ്ടമോ എന്നുള്ള ചിന്തയിൽ അവരുടെ മനസ്സ് ഏൎപ്പെടുന്നില്ല.

Digitized By Kerala Sahitya Akademi

ചെളിയിൽനിന്നാണ് താമരയുടെ ഉൽപത്തി. അതിൻെറ ഉള്ളോ രജസ്സുകൊണ്ടു നിറഞ്ഞിരിക്കുന്നു. എങ്കിലും തേജോനിധിയായ സൂര്യഭഗവാൻെറ പ്രണയം അതിലാണല്ലോ വിശ്രമിക്കുന്നത്.

ഇത്രയും ശ്ലോകങ്ങളിൽനിന്നു രഘുവീരചരിതം എത്ര മനോഹരമായ ഒരു രൂപകമാണെന്നു വായനക്കാൎക്ക് അനുമാനിക്കുവാൻ കഴിയുന്നതാണ്. മുരാരിയെ ഉല്ലേഖധോരണിയിലല്ലാതെ വൈയാകരണത്വപ്രകടനത്തിലോ അപൂൎവ്വപദപ്രയോഗത്തിലോ സുകുമാരൻ അനുകരിച്ചിട്ടില്ലെന്നുള്ളതു രസൈകലുബ്ധന്മാരായ ഭാവുകന്മാൎക്ക് ആശ്വാസപ്രദമാകുന്നു. വാസ്തവം നോക്കിയാൽ രഘുവീരചരിതകാരൻ തൻെറ ശൈലിക്ക് അത്യധികമായ് കടപ്പെട്ടിരിക്കുന്നതു ബില്ഹണനോടാകുന്നു.

ബില്ഹണൻെറ വിക്രമാങ്കദേവചരിതത്തിലെ,

> ശസ്ത്രാധികാരീ മകരധ്വജസ്യ കണ്ഠേഷു സൗഭാഗ്യഗുരുഃ പികാനാം
> വൈശദ്യസഞ്ജീവനമിന്ദുഭാസാം സാമ്രാജ്യമന്ത്രീ രസപാൎത്ഥിവസ്യ
> ഉച്ഛിത്രണേ ചിത്രകരസ്തരൂണാം മാനദ്രുമോന്മൂലനമത്തദന്തീ.

ഇത്യാദി വസന്തവൎണ്ണനത്തിനും

> വിദ്യുൽപങ്കജഖണ്ഡപങ്കപടലീ, വ്യോമസ്ഥലീശാദ്വലം,
> കേദാരഃ കളമാങ്കുരപ്രതിഭുവാം ധാരാലതാനാമയം,
> ശേവാലാവലിരദ്രിമൂൎദ്ധസരിതാം, സുരേന്ദ്രകാരാഗൃഹം,
> കന്ദൎപ്പോത്സവവൈജയന്തി, ഭവതു പ്രീത്യൈ തവാംഭോധരഃ.

ഇത്യാദി മേഘവൎണ്ണനത്തിനും സുകുമാരൻെറ വസന്തചന്ദ്രാദിവൎണ്ണനങ്ങൾക്കും തമ്മിലുള്ള ബന്ധം സ്പഷ്ടമാണ്. അനന്തരകാലികനായ വേദാന്തദേശികരും ഈ ശൈലി സങ്കല്പസൂൎയ്യോദയം നാടകത്തിൽ,

> അക്ഷ്ണോരഞ്ജനവൎത്തികാ, യവനികാ വിദ്യുന്നടീനാമിയം,
> സ്വൎഗ്ഗംഗായമുനാ, വിയജ്ജലനിധേൎവ്വേലാതമാലാടവീ,
> വൎഷാണാം കബരീ, പുരന്ദരദിശാലങ്കാരകസ്തൂരികാ,
> കന്ദൎപ്പദ്വിപദൎപ്പദാനലഹരീ, കാദംബിനീ ജൃംഭതേ.

എന്ന മേഘവൎണ്ണനപദ്യത്തിൽ സ്വീകരിച്ചുകാണുന്നു.

രഘുവീരചരിതകാരൻ സ്വദേശാഭിമാനത്താൽ വശീകൃതനാകുന്നതു പ്രസ്താവനയിൽ മാത്രമല്ല. നാടകമദ്ധ്യത്തിലും "കാവേരീസിന്ധു

Digitized By Kerala Sahitya Akademi

ശേഷാ സുകൃതപരിണതിശ്ചോളപൃഥ്വീപതീനാം" എന്ന് അദ്ദേഹം തന്റെ ദേശത്തെ സമ്പൽസമൃദ്ധമാക്കുന്ന മഹാനദിയെ സ്മരിച്ചിരിക്കുന്നു.

നാമസാമ്യംകൊണ്ടും സാഹിത്യപാകംകൊണ്ടും മാത്രമല്ല ഞാൻ രഘുവീരചരിതത്തിന്റെ നിർമ്മാതാവിൽ നിന്ന് അഭിന്നനാണ് ശ്രീകൃഷ്ണവിലാസകാരൻ എന്നു പറയുന്നത്.*

ശ്രീകൃഷ്ണവിലാസം രണ്ടാംസർഗ്ഗത്തിൽ കവി,

"അന്തർദ്ദധാനാ സരസീരുഹാക്ഷം സ്വേനാവതാരേണ ഭുവം പുനാനാ
സാ ദേവകീ സാ ച കവേരകന്യാ മിഥോ ദധാതാമുപമാനഭാവം."

(ശ്രീവാസുദേവനെവഹിച്ചുദരത്തിലൂഴി-
ക്കാവോളമാത്മജനനാൽ പരിശുദ്ധിനല്കും
ആ വാരിദക്കുഴലി ദേവകിയും പുകഴ്ന്ന
കാവേരിയും സപദി സാമ്യമിയന്നു തമ്മിൽ.)

എന്ന പദ്യത്തിൽ ശ്രീരംഗത്തെപ്പററി സ്പഷ്ടമായ് പ്രസ്താവിക്കുന്നു. നാലുപാടും കാവേരി ഒഴുകുന്ന ശ്രീരംഗം ഒരു ദ്വീപമാണ്. അവിടത്തെ ദേവനായ സരസീരുഹാക്ഷനെ ആ നദി ഉദരത്തിൽ വഹിക്കുന്നു എന്നു വർണ്ണിക്കുന്നതിനു നല്ല ഉപപത്തിയുണ്ട്. പിന്നെയും എട്ടാം സർഗ്ഗത്തിൽ ഭഗവാൻ മല്ലരംഗത്തിൽ പ്രവേശിക്കുന്ന ഘട്ടത്തിൽ കവി,

രംഗം രംഗേശയഃ പ്രാപ പ്രാപ്യഃ സൽപഥവർത്തിനാം
ദത്തവർത്മാ ജനൈരാശു ഗൗരവേണ ഭയേന ച.

(അനന്തരം ഗൗരവഭീതിപൂർവ്വം ജനങ്ങളാൽ ദർശിതമാർഗ്ഗനായി
അനാരതം സൽപഥവർത്തിഗമ്യൻ സനാതനൻ ചെന്നിതു രംഗദേശേ.)

രംഗേശയഃ (ശ്രീരംഗശായി) എന്ന പദംകൊണ്ട് അവിടത്തെ വിശേഷിപ്പിക്കുന്നു. അതും പോകട്ടെ. പന്ത്രണ്ടാംസർഗ്ഗത്തിൽ,

പയോധരൈഃ പാണ്ഡ്യവിലാസിനീനാം നിഹന്യമാനാപി തരംഗിണീ യാ
താനേവ മുക്താഭിരലംകരോതി; ശുദ്ധാ വിരുദ്ധേഷ്വപി സോപകാരാഃ.

---

* ഏതോ ഒരു ഗ്രന്ഥത്തിൽ സുകുമാരനെന്നല്ല ശ്രീകുമാരനെന്നാണ് എഴുതിയിരിക്കുന്നത് എന്ന് ഒരിക്കൽ ഒരു പണ്ഡിതൻ എന്നോടു പറയുകയുണ്ടായി, അതു ഗ്രന്ഥമെഴുത്തുകാരന്റെ പ്രമാദമെന്നേ കരുതുവാനുള്ളൂ.

"സുകുമാരകവേർവാചാം വിലാസഃ കൃഷ്ണഗോചരഃ
സുകുമാരപദാർത്ഥശ്രീഃ ശേമുഷീം മേ വിശോധയേൽ."

എന്നു രാമപാണിവാദൻ വിലാസിനീവ്യാഖ്യയുടെ ആരംഭത്തിൽ ചെയ്യുന്ന പ്രസ്താവന നോക്കുക.



Digitized By Kerala Sahitya Akademi

(പാണ്ഡ്യരാജ്യത്തിലെ സുന്ദരിമാരുടെ സ്തനങ്ങളാൽ ഹനിക്കപ്പെട്ടുന്നതെങ്കിലും താമ്രവർണ്ണീനദി ആ സ്തനങ്ങളെ നന്മുത്തുകളെക്കൊണ്ടു് അലംകരിക്കുകയത്രേ ചെയ്യുന്നതു്. പാവനന്മാർ ശത്രുക്കൾക്കും ഉപകാരം ചെയ്യുന്നവരാണല്ലോ.)

ഇത്യാദി രണ്ടോമൂന്നോ പദ്യങ്ങൾ പാണ്ഡ്യരാജ്യത്തെപ്പററി രചിച്ചതിൻെറശേഷം, ചോളദേശത്തെ താഴെ ഉദ്ധരിക്കുന്ന സുഭഗങ്ങളായ സൂക്തിരത്നങ്ങളെക്കൊണ്ടു സ്തുതിക്കുന്നു.

സ്ഫീതശ്രിയഃ ശാലിവസുന്ധരാഭിഃ ഫലാതിഭാരാനതനാരികേളാൻ
ഇതഃ പ്രിയേ സാധു വിലോകയേഥാശ്ചോളാൻ നദഃശ്യാമളപൂഗമാലാൻ. 1

കല്ഹാരഗന്ധഃ, കവിതാ മനോജ്ഞാ, കവേരകന്യാപ്രഭവഞ്ച വാരി,
ഇദം ത്രയം മോഹനമിന്ദ്രിയാണാമേഷേവ ശാതോദരി, നാപരേഷു. 2

അസ്മിൻ വസന്തോ വിഷയേ മനുഷ്യാ ന സ്വർഗമിച്ഛന്തി ന ചാപവർഗം;
അത്രൈവ നിസ്സീമസുഖാധിവാസം ജന്മാഭിവാഞ്ഛന്തി പുനഃ പുനസ്തേ. 3

കല്യാണി, വീക്ഷസ്വ കവേരകന്യാം ചോളീകുചാസ്ഫാലനജർജരോർമ്മിം;
ഫേനാംശുകച്ഛന്നപയോധരേയം പത്യുന്നദീനാം പ്രഥമം കളത്രം. 4

വിലോലപാഠീനവിലോചനായാ മുഖാമൃതം ദേവി, പിബന്നമുഷ്യാഃ
യത്നേന നിർമഥ്യ ഹൃതാമമർത്ത്യൈന്ന ചിന്തയത്യേവ സുധാം പയോധിഃ. 5

സവല്കലാശ്ചാരുജടാകലാപാഃ ശീതാതപക്ലേശസഹാ മഹാന്തഃ
അവിക്രിയാഃ സാധു ചരന്ത്യമുഷ്യാസ്താപംസി തീരേ തരുനിർവിശേഷാഃ. 6

പരിച്യുതാ യസ്യ പദാരവിന്ദാന്മന്ദാകിനീ വിശ്വമിദം പുനീതേ;
സേവ്യസ്ത്രയാണാമപി വിഷ്ടപാനാം സ സേവതേ വിശ്വപതിഃ കിലൈനാം. 7

മഹഃപ്രവാഹൈർമ്മണിഗോപുരാണാമപി ക്ഷപായാമതമഃപ്രവേശം
പ്രിയേ, സമാലോകയ സൈകതേസ്യാ നിവേശനം പാവനമച്യുതസ്യ. 8

ശ്യാമഃ ശരൽപങ്കജചാരുനേത്രഃ കൌശേയവാസാഃ സകിരീടഹാരഃ
ഭുജോപധാനേ ഭുജഗേന്ദ്രതല്പേ ശേതേ കിലാസ്മിൻ പുരുഷഃ പുരാണഃ. 9

"നെല്ലുവിളയുന്ന വയലുകളെക്കൊണ്ടു് അധികമായ ശ്രീയോടുകൂടിയതും കായ്കളുടെ അമിതമായ ഭാരംകൊണ്ടു തലകുനിക്കുന്ന തെങ്ങുകൾ

Digitized By Kerala Sahitya Akademi

തിങ്ങിയതും ആകാശത്തെപ്പോലെ ശ്യാമളമായ കവുങ്ങിൻനിര നിറഞ്ഞതും ആയ ചോളദേശത്തെ, അല്ലയോ പ്രിയതമയായ സത്യഭാമേ, ഭവതി നല്ലതുപോലെ ഒന്നു നോക്കുക. ഇന്ദ്രിയങ്ങൾക്കു മോഹനമായ ചെങ്ങഴനീർപ്പൂവിന്റെ മണം, മനോഹരമായ കവിത, കാവേരീനദിയിലെ ജലം എന്നീ മൂന്നു വസ്തുക്കളും ഈ ദേശത്തിൽ മാത്രമേയുള്ളു; മറെറാരിടത്തുമില്ല. ചോളദേശത്തിൽ താമസിക്കുന്ന മനുഷ്യർ സ്വർഗ്ഗത്തെയാകട്ടെ മോക്ഷത്തെയാകട്ടെ കാംക്ഷിക്കുന്നില്ല; എതിരില്ലാത്ത സുഖത്തിന് അധിവാസമായ ഇവിടത്തിൽതന്നെ വീണ്ടും വീണ്ടും ജന്മംനേടുന്നതിന് ആഗ്രഹിക്കുന്നു. ചോളസുന്ദരികളുടെ സ്തനതടങ്ങളിൽ തട്ടുമ്പോൾ പൊടിഞ്ഞുപോകുന്ന തിരകളോടുകൂടിയ കാവേരീനദിയെ കാണുക. ഫേനമാകുന്ന അംശുകത്തിൽ മൂടിയ ജലത്തെ ധരിക്കുന്ന ഈ നദി (സ്തനങ്ങളോടുകൂടിയ ഈ നായികയെന്നും) നദീപതിയായ സമുദ്രരാജാവിന്റെ പട്ടമഹിഷിയാകുന്നു. ചലിച്ചുകൊണ്ടിരിക്കുന്ന മത്സ്യങ്ങളാകുന്ന കണ്ണുകളോടുകൂടിയ (മത്സ്യോപമങ്ങളായ കണ്ണുകൾ എന്നു നായികാപക്ഷത്തിൽ) ഈ നദിയുടെ വദനാമൃതം പാനംചെയ്യുന്ന സമുദ്രരാജാവ്, ദേവന്മാർ തന്നെ മഥിച്ചു പണിപ്പെട്ട് അപഹരിച്ചുകൊണ്ടുപോയ സുധയെപ്പററി ചിന്തിക്കുന്നതേയില്ല. (കാവേരിയുടെ സംഗമസ്ഥാനത്തിൽ മത്സ്യങ്ങളുണ്ടെന്നും അവിടത്തെ ജലം അമൃതത്തെക്കാൾ മധുരമെന്നും താൽപര്യം.) ജടചൂണ്ടു മരവുരിധരിച്ചു തണുപ്പും വെയിലും കൂട്ടാക്കാതെ നിർവ്വികാരന്മാരായ് അനേകം മഹാന്മാർ ഈ നദിയുടെ തീരത്തിൽ അവിടവിടെ നില്ക്കുന്ന മരങ്ങളിൽനിന്ന് ഒരു വിധത്തിലും ഭിന്നന്മാരല്ലെന്നു തോന്നിച്ചുകൊണ്ടു നല്ലവണ്ണം തപസ്സുചെയ്യുന്നു. യാതൊരു ദേവന്റെ പാദാരവിന്ദത്തിൽനിന്നു പതിച്ച ഗംഗാനദി ഈ ലോകത്തെ പാവനമാക്കുന്നുവോ, ത്രൈലോക്യത്തിനും സേവ്യനായ ആ മഹാവിഷ്ണു ഈ കാവേരിയെയത്രേ സേവിക്കുന്നതു്. രത്നഗോപുരങ്ങളുടെ പ്രഭകൊണ്ടു രാത്രിയിൽപോലും ഇരുട്ടിനു പ്രവേശം നല്കാത്തതായ് ഈ നദിയുടെ മണൽത്തിട്ടിൽ പരിലസിക്കുന്ന ആ ദേവദേവക്ഷേത്രത്തെ—ശ്രീരംഗത്തെ—ഭവതി സമീക്ഷിക്കുക. ശ്യാമളവർണ്ണനും ശതപത്രനേത്രനും പീതാംബരനും കിരീടഹാരാലംകൃതനുമായ പുരാണപുരുഷൻ ശ്രീനാരായണൻ അനന്തപര്യങ്കത്തിൽ കൈ തലയണയാക്കിവെച്ചുകൊണ്ടു് ഈ ക്ഷേത്രത്തിൽ ശയിക്കുന്നു.''

ദ്വാരകാപതിയായ ശ്രീകൃഷ്ണന്റെ അപദാനങ്ങളെ വർണ്ണിക്കുന്ന ഒരു സർഗ്ഗത്തിൽ ചോളരാജ്യത്തിനും കാവേരീനദിക്കും ശ്രീരംഗക്ഷേത്രത്തിനുംവേണ്ടി ഇത്രയും സ്ഥലം നീക്കിവയ്ക്കുവാൻ കാവ്യകാരനെ പ്രേരി

Digitized By Kerala Sahitya Akademi

പ്പിച്ച ചേതോവികാരം ദേശഭക്തിയില്ലെങ്കിൽ പിന്നെയെന്തെന്നു ഞാൻ ചോദിക്കുന്നു. 'ഫലാതിഭാരാനതനാരികേളാൻ', 'കല്ഹാരഗന്ധഃ കവിതാ മനോജ്ഞാ' ഇത്യാദിപദ്യപാദങ്ങൾ ശിവലീലാർണ്ണവത്തിൽ നീലകണ്ഠദീക്ഷിതർ,

"സ്വാദീയസീ യത്ര കവേരകന്യാ; തതസ്തരാം കേരഫലോദകാനി;
തതസ്തമാം ചാഥ ഗിരാം വിലാസാഃ പ്രസന്നഗംഭീരപദാഃ കവീനാം."

എന്ന ചോളദേശവർണ്ണനപരമായ പദ്യം രചിക്കുമ്പോൾ സ്മരിച്ചിരുന്നിരിക്കണമെന്നു തോന്നുന്നു.

ശ്രീകൃഷ്ണജന്മോത്സവത്തിൽ കവി,

ശൃംഗോജ്ഝിതൈഃ കുങ്കുമവാരിപൂരൈരന്യോന്യമഭ്യുക്ഷണതൽപരാ [ണാം
പ്രമോദജന്മാ ദിവി സംബഭൂവ കോലാഹലഃ കോപി സുധാശനാനാം.

പിതൄംശ്ച പുത്രാഃ പിതരശ്ച പുത്രാൻ ഗുരൂംശ്ച ശിഷ്യാ ഗുരവശ്ച ശി [ഷ്യാൻ
പതീംശ്ച ദാരാഃ പതയശ്ച ദാരാൻ പ്രമോദമത്താഃ സിഷിചുഃ പയോഭിഃ.

(തുംഗപ്രമോദപരതന്ത്രതയോടു തമ്മിൽ
ശൃംഗങ്ങൾകൊണ്ടു ബഹുകുങ്കുമനീർ തളിപ്പാൻ
മങ്ങാതൊരുങ്ങിയ മഖാശനപങ്ക്തിതന്റെ
വിങ്ങും മഹാലഹള വിണ്ണിലഹോ ഭവിച്ചു.

അച്ഛൻ നിജാത്മജനെയും മകനച്ഛനേയും
ശിഷ്യൻ സ്വദേശികനെയും ഗുരു ശിഷ്യനേയും
ദാരങ്ങൾ വല്ലഭനെയും പതി ഭാര്യയേയും
പാരം പ്രമോദമൊടു വാരികളാൽ തളിച്ചു.)

ഇത്യാദിപദ്യങ്ങൾ നിബന്ധിച്ചിരിക്കുന്നു. ഈ നടപടി ഇന്നും ചോളപാണ്ഡ്യദേശങ്ങളിൽ വിവാഹാദ്യാഘോഷങ്ങളിൽ കാണുന്നുണ്ട്. കേരളത്തിൽ ഇതിന്ന് ഒരു കാലത്തും പ്രചാരമുണ്ടായിരുന്നതായ് അറിവില്ല. ഈ വർണ്ണനവും ശ്രീകൃഷ്ണവിലാസകാരന്റെ ചോളദേശീയത്വത്തിനു ജ്ഞാപകമാകുന്നു.

ഇക്കാര്യത്തിൽ എന്റെ നേക്കു സ്വല്പം മനഃക്ഷോഭത്തോടുകൂടി എന്റെ ഒരു സ്നേഹിതൻ സുകുമാരൻ കേരളീയനാണെന്നു സ്ഥാപിക്കു

Digitized By Kerala Sahitya Akademi

വാൻ ശ്രമിച്ചുകാണുന്നു. അദ്ദേഹം എൻെറ വാദമുഖങ്ങളെ ഖണ്ഡിക്കു ന്നില്ല. കേരളീയരുടെ സംസ്കൃതകവിതയ്ക്കു ചില വിശേഷഗുണങ്ങളു ണ്ടെന്നും അവ രഘുവീരചരിതത്തിൽ കാണുന്നില്ലെന്നും അദ്ദേഹം പറ യുന്നു. ദാക്ഷിണാത്യന്മാർക്കും ഔത്തരാഹന്മാർക്കും തമ്മിലുള്ള കാവ്യരച നാസമ്പ്രദായഭേദം ഞാനറിയും; തമിഴ്നാട്ട്, കേരളം, ആന്ധ്രം, കർണാ ടകം ഈ രാജ്യങ്ങളിലെ സംസ്കൃതകവികൾക്ക് തമ്മിൽ ഗണനീയമായ വ്യത്യാസം ഈ വിഷയത്തിലുള്ളതായ് ഞാൻ കേട്ടിട്ടുമില്ല; എനിക്ക് അ നുഭവപ്പെട്ടിട്ടുമില്ല. രഘുവീരചരിതത്തിനും കൃഷ്ണവിലാസത്തിനും ത മ്മിൽ കാണുന്ന രചനാഭേദം ഗ്രന്ഥകാരൻെറ ഉദ്ദേശഭേദത്തിൻെറ ഫല മാണ്. പുന്നശ്ശേരി നമ്പി നീലകണ്ഠശർമ്മാവും മററും കൃഷ്ണവിലാസം കേരളഗ്രന്ഥമാലയിൽ ഉൾപ്പെടുത്തി പ്രസിദ്ധീകരിക്കുവാൻ ആരംഭിച്ചതു കൊണ്ടു സുകുമാരൻ കേരളീയനെന്നു സ്ഥാപിതമായിരിക്കുന്നു എന്നുപ റയുന്നവർ ജീവാനന്ദവിദ്യാസാഗരൻ മല്ലികാമാരുതം ദണ്ഡിയുടെ കൃതി യാണെന്നു പ്രസ്താവിച്ചതുകൊണ്ടു് അതു് അങ്ങനെ ആയിപ്പോയി എന്നും സമ്മതിക്കേണ്ടിവരും. എൻെറ സ്നേഹിതൻെറ ഇത്തരത്തിലുള്ള പ്രത്യാ ഖ്യാനങ്ങൾ പോകട്ടെ.

"പശ്യ മാതുലമിതി പ്രദർശിതം
യാമിനീഷു ഗഗനേ യശോദയാ
ആജുഹാവ ലളിതേന പാണിനാ
ശീതഭാനുമരവിന്ദലോചനഃ."

എന്ന പദ്യത്തിൽ 'പശ്യ മാതുലം' എന്ന പ്രയോഗിച്ചിരിക്കുന്നതു കേരളീ യശൈലിയാണെന്ന് അദ്ദേഹം പറയുന്നു. ആ ശൈലി ദ്രാവിഡരുടെ ഇടയിലുമുണ്ടെന്നു ഞാൻ അദ്ദേഹത്തെ ഉൽബോധിപ്പിക്കേണ്ടിയിരിക്കു ന്നു. 'അമ്പുലിയമ്മാൻ' എന്നും 'അമ്പുലിമാൻ' എന്നും തമിഴിലും ചന്ദ്ര പര്യായങ്ങളായ വാക്കുകളുണ്ടു്. നാലായിരപ്രബന്ധത്തിൻെറ ഈടു് എന്ന വ്യഖ്യാനത്തിൽ "അമ്പുലിയമ്മാനൈപ്പിടിത്തുത്തരവേണമെൻറ ഴുത" എന്ന പ്രയോഗവും കാണുന്നുണ്ടു്. ദ്രാവിഡരുടെ ഇടയിൽ കുഞ്ഞു ങ്ങളെക്കൊണ്ടു് 'അമ്പുലിയമ്മാനെ' വിളിപ്പിക്കുന്നതു കേരളീയരുടെ ഇട യിൽ എന്നതുപോലെ തന്നെ സർവസാധാരണമാണ്. തമിഴ്നാട്ടിൽ ഇന്നു മരുമക്കത്തായമില്ലെങ്കിലും പണ്ടൊരുകാലത്തു് ഉണ്ടായിരുന്നു; ഇ പ്പൊഴും അമ്മാവൻെറ മകളാണ് പുരുഷനു വിവാഹത്തിന് അവിടെ മുറപ്പെണ്ണ്. ഈ ദേശാചാരം ബോധായനസ്മൃതിയിൽ ദാക്ഷിണാത്യ രായ ബ്രാഹ്മണർക്കുമാത്രം പ്രത്യേകമായ് അനുവദിച്ചിട്ടുമുണ്ടു്.

Digitized By Kerala Sahitya Akademi

"ദൂരേണ തുച്ഛാ ഇവ ലക്ഷ്യമാണാ-
ശ്ശാരശ്രീയം ബിഭ്രതി ഭൂഭൃതോമീ
ഇയഞ്ച രേഖാഭിരിവാപഗാഭി-
ർദ്ധത്തേ ധരാ തൽഫലകന്യലക്ഷ്മീം."

എന്ന പദ്യത്തിൽനിന്നു കവി ചതുരംഗത്തെപ്പററി ധരിച്ചിട്ടുണ്ടെന്നു കാണാമെന്നും ചതുരംഗം കേരളീയൎക്കു പ്രത്യേകമായ ഒരു വിനോദമാണെന്നും എന്റെ സ്നേഹിതൻ വീണ്ടും പറയുന്നു. ചതുരംഗം കേരളത്തിനു മാത്രമല്ല, ഭാരതഭൂമിക്കു മുഴുവൻ പ്രിയമായ ഒരു വിനോദമാണെന്നു ഞാൻ അദ്ദേഹത്തെ അനുസ്മരിപ്പിച്ചുകൊള്ളട്ടെ. ഇതു് അക്ഷക്രീഡയുടെ ഒരു വകഭേദമാണു്. ഈ ക്രീഡയെപ്പററിയുള്ള ചില ഗ്രന്ഥങ്ങൾ ഔത്തരാഹന്മാരാണു് രചിച്ചിട്ടുള്ളതു്. അക്ഷക്രീഡയിൽ കവിഞ്ഞു കവി ഇവിടെ ഒന്നും സ്മരിച്ചിട്ടുമില്ല.

'പശ്യ പ്രിയേ കോങ്കണഭൂമിഭാഗാൻ' എന്നു് ഒരു കേരളീയകവി എഴുതുമോ എന്നും സഹൃദയന്മാർ ഗാഢമായു് ചിന്തിക്കേണ്ടതാണു്. കേരളീയരിൽ ആരെങ്കിലുമാണു് പ്രസ്തുതകാവ്യം നിൎമ്മിച്ചിരുന്നതു് എങ്കിൽ 'പശ്യ പ്രിയേ കേരളഭൂമിഭാഗാൻ' എന്നല്ലേ ആ കവിക്കു പറയുവാൻ തോന്നുക? സപ്തകോങ്കണങ്ങളിൽപെട്ട ഒരു ഭാഗമാണു് കേരളം എന്നു് ഉപന്യസിക്കുന്നതാണോ ദേശാഭിമാനം? അല്ല. കവി പാരദേശികനായതുകൊണ്ടുതന്നെയാണു് അങ്ങനെ ഉപന്യസിച്ചതു്.

ഇത്രയും പ്രസ്താവിച്ചതിൽനിന്നു രഘുവീരചരിതകാരനായ ഭട്ട സുകമാരൻ തന്നെയാണു് ശ്രീകൃഷ്ണവിലാസമഹാകാവ്യത്തിന്റെയും നിൎമ്മാതാവു് എന്നു സിദ്ധിക്കുന്നു. കാവ്യം ബാലശിക്ഷയെ പുരസ്കരിച്ചു രചിച്ചതാകയാൽ അതിനു ലാളിത്യം ഏറും. ഗ്രന്ഥം സമാപ്തമാകുന്നതിനു മുൻപു കവി കാലധൎമ്മം പ്രാപിച്ചിരിക്കണം. ശ്രീകൃഷ്ണവിലാസത്തിനു ചോളപാണ്ഡ്യരാജ്യങ്ങളേക്കാൾ അധികം പ്രചാരം കേരളത്തിലാണു് എന്നുള്ള വസ്തുത ഞാൻ സമ്മതിക്കുന്നു. അതിന്റെ പ്രധാനകാരണം ദ്രാവിഡരെ അപേക്ഷിച്ചു കേരളീയൎക്കു് അത്യധികമായുള്ള സംസ്കൃതഭാഷാഭിമുഖ്യമാണു്. ശ്രീകൃഷ്ണവിലാസത്തിനു മാത്രമല്ല ഈ പ്രചാരം കാണുന്നതു്. രഘുവീരചരിതത്തിനും ഒരുകാലത്തു് ആരുണ്ടായിരുന്നു എന്നു തെളിയിക്കുവാൻ രണ്ടു് ഉദാഹരണങ്ങൾ ചുവടേ ഉദ്ധരിക്കാം.

Digitized By Kerala Sahitya Akademi

"വ്യാധസ്ത്രീപീനതുംഗസ്തനകലശമിളൽകുംഭികുംഭാഭിമാന-
പ്രത്യാഗച്ഛന്മദാന്ധദ്വിരദവരരദക്ഷുണ്ണകൂടേ ത്രികൂടേ
സ്കന്ധാവാരം വിധായ പ്രതിവസതി ഗിരാ രാമചന്ദ്രസ്യ ലങ്കാം
ജാതാതങ്കാം വിധാസ്യൻ സഹ ബലനിവഹൈശ്ചക്രവർത്തീ കപീ
[നാം."

എന്ന പദ്യം ചാക്യാന്മാരും പാഠകക്കാരും വിസ്തരിച്ച് അർത്ഥം പറയുന്ന ഒന്നാണല്ലോ. അതു പ്രസ്തുതരൂപകത്തിലുള്ളതാകുന്നു.

"ഭൂപാലഭുജകാന്താരദാവപാവകതേജസേ
പരാക്രമപയോരാശിപൂർണ്ണചന്ദ്രായ തേ നമഃ."

എന്ന ഈ രൂപകത്തിലെ മറെറാരു പദ്യം പുനത്തിൻെറ രാമായണചമ്പുവിൽ കടന്നുകൂടിയിരിക്കുന്നു. ആന്ധ്രദേശീയനായ അടസ്ക്ക്യഭട്ടൻെറ ബാലഭാരതത്തിനുപോലും കേരളത്തിലാണല്ലോ അധികം പ്രചാരം. രാജചൂഡാമണിദീക്ഷിതരുടെ കാവ്യദർപ്പണം തഞ്ചാവൂരിൽ രഘുനാഥനായ്ക്കൻെറ ആജ്ഞാനുസാരം നിർമ്മിച്ച കൃതിയാണെങ്കിലും അതു വളരെക്കാലം കേരളത്തിൽ കുവലയാനന്ദം കഴിഞ്ഞാൽ വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിനുള്ള ഒരു അലങ്കാരശാസ്ത്രഗ്രന്ഥമായിരുന്നു. സാഹിത്യദർപ്പണം കാവ്യദർപ്പണത്തിൻെറ സ്ഥാനം അപഹരിച്ചതു് ഈയിടയ്ക്കു മാത്രമാണു്.

Digitized By Kerala Sahitya Akademi

# വലിയകോയിത്തമ്പുരാന്റെ ഒരു ബാല്യകൃതി.

അനുഗ്രഹീതന്മാരായ ചില മഹാന്മാൎക്കു സുകുമാരകലകളിൽ ഉള്ള വാസന ബാല്യത്തിൽതന്നെ വികസ്വരാവസ്ഥയെ പ്രാപിക്കുന്നു. "The Revolt of Islam" എന്ന വിപുലമായ കാവ്യം ഷെല്ലി ൨൫-ാമത്തെ വയസ്സിലാണു് രചിച്ചതു്. "Morte d'Arthur" എന്ന വിശിഷ്ടകൃതി ടെനിസൺ ൨൪-ാമത്തെ വയസ്സിനുമുൻപു നിൎമ്മിച്ചു. "The Blessed Damozel" എന്ന വിശിഷ്ടോത്തരമായ ഖണ്ഡകാവ്യം ഡി. ജി. റോസെററി നിബന്ധിച്ചതു് ൧൯-ാമത്തെ വയസ്സിലാണു്. അതിനെ അതിശയിക്കുന്ന ഒരു കൃതി അദ്ദേഹം അതിൽപിന്നീടു രചിച്ചിട്ടില്ലെന്നത്രേ എന്റെ അഭിപ്രായം. "Pleasures of Hope" എന്ന ദീൎഘകൃതി തോമസ്സ് ക്യാമ്പ്ബെൽ നിൎമ്മിച്ചതും 19-ാമത്തെ വയസ്സിലാകുന്നു. ആ കൃതിയാണു് ഇന്നും അദ്ദേഹത്തിന്റെ യശസ്സിനു മുഖ്യാധാരമായ് നില കൊള്ളുന്നതു്. ചാറെറർററൺ അദ്ദേഹത്തിന്റെ "Tragedy of Ella" മുതലായ സകലകൃതികളും ൧൭-ാമത്തെ വയസ്സിനുമുൻപാണു് നിബന്ധിച്ചതു്; ആ വയസ്സിൽ അദ്ദേഹം മരിക്കുകയുംചെയ്തു. കീററ്സ്സ് അദ്ദേഹത്തിന്റെ കാവ്യങ്ങളൊക്കെയും രചിച്ചതു് ൨൫-ാമത്തെ വയസ്സിനുമുൻപാണെന്നു പറഞ്ഞാൽ വാസ്തവമറിയാത്തവൎക്കു് അത്ഭുതമായ്തോന്നും. ൨൩-ാമത്തെ വയസ്സിൽ അകാലമൃത്യുവിനു വശഗനായ നമ്മുടെ വി. സി. ബാലകൃഷ്ണപ്പണിക്കർതന്നെ ഏതെല്ലാം പ്രശസ്തകൃതികളാണു് അതിനുമുൻപു് എഴുതിത്തീൎത്തതു്! ചെറുപ്പത്തിൽ മത്സ്യങ്ങൾ ജലത്തിൽ നീന്തുകയും പക്ഷികൾ ആകാശത്തിൽ പറക്കുകയും ചെയ്യുന്നതുപോലെയാകുന്നു കവികൾ കാവ്യലോകത്തിൽ വിഹരിക്കുന്നതു് എന്നു നിസ്സംശയമായ് പറയാം. ൨൧-ാമത്തെ വയസ്സിൽ "Essay on Criticism" എന്ന മനോഹരകൃതി രചിച്ച പോപ്പ് ("I lisped in numbers, for the numbers came") കവിത സ്വയമേവാഗതയായതുകൊണ്ടു താൻ ബാല്യത്തിൽതന്നെ കവനംചെയ്തു എന്നു് അൎത്ഥം ധ്വനിക്കത്തക്കവിധത്തിൽ തന്റെ നൈസൎഗ്ഗികമായ വാസനയെപ്പററി ഗാനംചെയ്തിട്ടുണ്ടു്. ചുരുക്കത്തിൽ,

"ബാലസ്യാപി രവേഃ പാദാഃ പതന്ത്യുപരി ഭൂഭൃതാം;
തേജസാ സഹ ജാതാനാം വയഃ കുത്രോപയുജ്യതേ?"

Digitized By Kerala Sahitya Akademi

'ബാലനാണെങ്കിലും സൂര്യന്റെ കിരണങ്ങൾ പർവ്വതങ്ങളുടെ മൂർദ്ധാവിൽ തന്നെ പതിക്കുന്നു; തേജസ്വികളായ് ജനിക്കുന്നവർക്ക് അവരുടെ മഹിമ പ്രദർശിപ്പിക്കുവാൻ വയസ്സു മറ്റേതും ആവശ്യമില്ല' എന്നുള്ള ആപ്തവാക്യം എത്രയും പരമാർത്ഥമാകുന്നു.

അതുപോലെയാണ് ആശുകവിതയുടെ അവസ്ഥയും. സരസദ്രുതകവികിരീടമണി കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാന് ആ വിഷയത്തിലുണ്ടായിരുന്ന പാടവം അന്യാദൃശമായിരുന്നു എന്നുള്ളതു സർവ്വവിദിതമാണല്ലോ. അദ്ദേഹത്തിന്റെ ദക്ഷയാഗശതകത്തിലെ "വേഗം തെല്ലു കുറച്ചുവയ്ക്കുവനഹം ശർവന്റെ ഗർവ്വം" ഇത്യാദി നിമിഷനിർമ്മിതങ്ങളായ പദ്യങ്ങളിൽ കാണുന്ന ഓജസ്സും ഒഴുക്കും ഇതരകവികൾ എത്രദിവസം മിനക്കെട്ടിരുന്നു മിനുക്കിത്തുടച്ചാലാണ് കിട്ടുവാൻ പോകുന്നത്!

ഭാരതവർഷത്തിൽ ബാലകവികളും ആശുകവികളുമായ് പലരും സമുല്ലസിച്ചിരുന്നു. ഓരോ ഉദാഹരണംകൊണ്ട് ആ അതിമാനുഷന്മാരെ ഞാൻ വായനക്കാർക്കു പരിചയപ്പെടുത്താം. കൊല്ലവർഷം ൻ്വ൦-മുതൽ ൧൦൧൨-വരെ ജീവിച്ചിരുന്ന ഭാസ്കരകവി അഥവാ 'മുതുകുറിശ്ശിഉണ്ണി' എന്ന നമ്പൂതിരി ഒരു ഉത്തമനായ ബാലകവിയായിരുന്നു എന്നുള്ളതിന് അദ്ദേഹം പതിനാറുവയസ്സു തികയുന്നതിനു മുൻപ് എഴുതിയ ശൃംഗാരലീലാതിലകഭാണം സാക്ഷിനില്ക്കുന്നു.

"അംഭോധിഗംഭീരമതിരുപഷോഡശഹായനഃ;
ശൃംഗാരലീലാനുഭവോ യസ്യ പ്രാഗ്ജന്മജഃ കില."

എന്ന് അദ്ദേഹംതന്നെ സ്ഥാപനയിൽ ആ വസ്തുത വെളിവാക്കീട്ടുണ്ട്. പതിനാറു വയസ്സുമാത്രം തികയാൻപോകുന്ന ഒരു ബാലനു ഭാണമെഴുതുവാൻ വേണ്ട ശൃംഗാരലീലാനുഭവം ഉണ്ടാകുന്നത് എങ്ങനെയാണെന്നു ചോദിച്ചാൽ അതിനുത്തരം പൂർവ്വജന്മവാസനകൊണ്ടെന്നു തന്നെയാണ് പറയേണ്ടത്. ഈ ഭാണത്തിൽനിന്നു ചില ശ്ലോകങ്ങൾ ഉദ്ധരിക്കാം.

1. <u>തരുണീവർണ്ണനം.</u>

"ശാണോല്ലീഢശശാങ്കബിംബവദനാ ശാതോദരീമഞ്ജരീ
താംബൂലീദലഗർഭഗണ്ഡവിലസൽസ്വേദാംബുചേതോഹരാ



Digitized By Kerala Sahitya Akademi

അർദ്ധാലക്ഷ്യപയോധരാമൃതതനുഃ സൈരം സഖീഭിർവൃതാ
മന്ദം മന്ദമുപേത്യ കുഞ്ജരഗതിഃ പത്യുഷ്ഷ്ണരോഭേചദികാം."

2. അനുനയം.

"അയമഞ്ജലിരങ്ഗനാമണേ, ചരമഃ സ്യാത്സ്വദി ന പ്രസീദസി;
അപരാധമബുദ്ധിപൂർവ്വകം പ്രവദന്തി പ്രണതിപ്രതിക്രിയം."

3. മലയമാരുതവർണ്ണനം.

"പുരാ ഭ്രാമം ഭ്രാമം മലയശിഖിരിണ്യേഷ പവനഃ
പുനഃ സ്പർശം സ്പർശം വനജവനമാത്താൻ പരിമളാൻ
ഇദാനീം തന്വീനാമുപഹരതി സംസ്വിന്നവപുഷാം
പ്രതിദ്രവ്യം ലിപ്സുർമ്മുഖപരിമളാഖ്യം ദ്ധമിവ."

ഗ്രന്ഥത്തിലെ മൂന്നു നല്ല ശ്ലോകങ്ങളാണു് ഞാനെടുത്തു ചേർത്തിരിക്കുന്നതു്. ഉണ്ണിനമ്പൂതിരിയുടെ വാസനാവൈഭവത്തെ നാം അഭിനന്ദിക്കുന്നുവെന്നുവരികിലും, ഒന്നാമത്തേയും മൂന്നാമത്തേയും പദ്യങ്ങൾ കവിക്കു തന്റെ വ്യാപാരത്തിൽ ഇനിയും കൃതഹസ്തത സിദ്ധിക്കുവാനുണ്ടെന്നുള്ളതിനുകൂടി ലക്ഷ്യങ്ങളാണെന്നു് അതേസമയം തന്നെ സമ്മതിക്കേണ്ടിയിരിക്കുന്നു. വ്യാകരണസമ്മതങ്ങളല്ലാത്ത അനേകം പ്രയോഗങ്ങൾ ഭാണത്തിൽ കാണുന്നതിനു കാരണവും പരിനിഷ്ഠിതമായ പാണ്ഡിത്യം ലഭിക്കുന്നതിനുള്ള കാലം കവിക്കു വന്നില്ലെന്നു തെളിയിക്കുന്നു.

ആശുകവിതയ്ക്കു് അൽഭുതമായ ഒരു ഉദാഹരണം രാജചൂഡാമണിദീക്ഷിതരുടെ യുദ്ധകാണ്ഡചമ്പൂവാകുന്നു. നീലകണ്ഠദീക്ഷിതരുടെ സമകാലികനും തഞ്ചാവൂരിലെ മഹാരാജാവായ രഘുനാഥനായക്കരുടെ ആസ്ഥാനപണ്ഡിതനും ആയ ആ മഹാകവിയേപ്പററി ചില വിവരങ്ങളെല്ലാം ഞാൻ എന്റെ വിജ്ഞാനദീപിക രണ്ടാംഭാഗത്തിൽ പ്രസ്താവിച്ചിട്ടുണ്ടു്.

"ഭോജേന രാമചരിതം രചിതം നിശൈകയാ;
ഏകേന പൂരയത്യഹ്നാ ശ്രീചൂഡാമണിദീക്ഷിതഃ."

എന്നു ഗ്രന്ഥാരംഭത്തിൽ കാണുന്നതിൽനിന്നു ഭോജരാജാവു തന്റെ രാമായണചമ്പൂ സുന്ദരകാണ്ഡാവസാനം വരെ നിർമ്മിച്ചതു് ഒരു രാത്രികൊണ്ടായിരുന്നു എന്നു് ഒരു ഐതിഹ്യം പണ്ടു പ്രചരിച്ചിരുന്നതായ് വിശ്വസിക്കാം; പക്ഷേ ആ ഐതിഹ്യം രാജചൂഡാമണിദീക്ഷിതർ കമലി

Digitized By Kerala Sahitya Akademi

നീകളഹംസം എന്ന നാടകം ആറാമത്തെ വയസ്സിൽ എഴുതിയതാണെന്നും, അദ്ധ്യാത്മരാമായണതർജ്ജിമ തുഞ്ചത്തു് എഴുത്തച്ഛൻ ഒരു രാത്രികൊണ്ടു നിർവ്വഹിച്ചതാണെന്നുമുള്ള ഐതിഹ്യങ്ങൾപോലെ അവിശ്വസനീയമാകുന്നു. യുദ്ധകാണ്ഡചമ്പു ചെറിയ ഒരു കൃതിയാണു്; ദീക്ഷിതരെപ്പോലെയുള്ള ഒരു കവിമൂർദ്ധന്യന്നു് അതു് ഒരുരാത്രികൊണ്ടു നിർമ്മിക്കുവാൻ യാതൊരു പ്രയാസവും ഉണ്ടാകുന്നതുമല്ല. ആ കൃതിയിൽനിന്നു ചില ശ്ലോകങ്ങൾ ഉദ്ധരിക്കാം.

1. ശ്രീരാമന്റെ കോപം.

"അനന്തരമനിന്ദിതാമവനിനന്ദനായാഃ കഥാം
പ്രഭഞ്ജനതനൂഭുവഃ പരമസൌ സമാകർണ്ണയൻ
കടാക്ഷരുചിരേഖയാ കലയതി സ്മ ധീരോദ്ധത-
ശ്ശരാസനമതല്ലികാം സമധിരോപിതജ്യാമിവ."

2. മണ്ഡോദരിയുടെ വിലാപം.

"നക്തഞ്ചരേന്ദ്ര, ബഹുധാ വസുധാസുതായാം
നക്തന്ദിവം വിദധതോ ഭവതോഽനുരാഗം
യുക്തം കിമേവമവനീം ജനനീമമുഷ്യാ
വ്യക്തം വിധായ ശയിതും സുദൃഢോപഗൂഢാം?

വിദ്ധോ ദശാസ്യോ വിശിഖൈർമ്മയേതി ഗർവായസേ രാഘവ! കിം [വൃഥൈവ?
ചിത്തേ വസത്യേവ മമൈഷ; തത്തേ മാമപ്യഹത്വാ കഥമിഷ്ടസി [സിദ്ധിഃ?"

മണ്ഡോദരി പറയുന്നു.—" അല്ലയോ രാക്ഷസരാജാവേ, അങ്ങു രാപ്പകൽ ഭൂമിദേവിയുടെ പുത്രിയായ സീതയിലാണല്ലോ അനുരാഗം പ്രദർശിപ്പിച്ചിരുന്നതു്; അങ്ങനെയുള്ള അങ്ങു് പരസ്യമായു് ഇപ്പോൾ സീതയുടെ മാതാവായ ആ ദേവിയെ ആലിംഗനം ചെയ്തുകൊണ്ടു ശയിക്കുന്നതു (മൃതനായാൽ ഭൂദേവിയെ ആലിംഗനം ചെയ്യാതെ പററില്ലല്ലോ) യുക്തമാണോ? അല്ലയോ രാഘവ, അങ്ങു് അങ്ങയുടെ ബാണങ്ങളെക്കൊണ്ടു ദശാസ്യനെ പിളൎന്നു എന്നു് എന്തിനു വെറുതെ ഗർവിക്കുന്നു? ദശാസ്യൻ എന്റെ പ്രാണനാഥനാണു്; അദ്ദേഹം നിവസിക്കുന്നതു് എന്റെ ഹൃദയത്തിലുമാണു്; അങ്ങനെ ഇരിക്കെ, എന്നെ വധിക്കാതെ എങ്ങനെയാ

Digitized By Kerala Sahitya Akademi

ണ് അങ്ങേയ്ക്കു് അഭീഷ്ടം (രാവണവധം നിമിത്തമുള്ള ചാരിതാൎത്ഥ്യം) സിദ്ധിക്കുന്നതു്?'' ദീക്ഷിതർ ഈ ചമ്പൂവിൽ ചേൎത്തിട്ടുള്ള മനോഹരവും അൎദ്ധനാരീശ്വരപരവും ആയ വന്ദനശ്ലോകം കൂടി ഇവിടെ ഉദ്ധരിക്കുന്നതു സംഗതമായിരിക്കും.

"വാമാംഗകാവല്ലഭഭാവമുദ്രാസീമാവിഭാഗേന്ദ്രമണീശിലേവ
രോമാവലീ രാജതി യസ്യ മദ്ധ്യേ സോമാവതംസഃ സ സുഖായ
[ഭൂയാൽ."

ഭാൎയ്യയ്ക്കും ഭൎത്താവിനുമുള്ള അതിരു നിൎണ്ണയിക്കുവാൻ നടുവിൽ ചേൎത്തിണക്കിയ ഇന്ദ്രനീലക്കല്ലുപോലെ അൎദ്ധനാരീശ്വരനായ ശ്രീപരമേശ്വരൻെറ ദേഹമദ്ധ്യത്തിൽ രോമാവലി ശോഭിക്കുന്നു എന്നൎത്ഥം.

ഇനി എൻെറ ഉപന്യാസവിഷയത്തിലേക്കു കടക്കാം. ആധുനികകേരളീയസാഹിത്യത്തിൻെറ പിതാവെന്നു് ആൎക്കും അനായാസേന സമൎത്ഥിക്കാവുന്ന കേരളവൎമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സിലെ 'ശ്രീരാമരാജജന്മൎക്ഷപ്രബന്ധം' അഥവാ 'തിരുനാൾപ്രബന്ധം' എന്ന ബാല്യകൃതിയെപ്പററിയാകുന്നു ഞാൻ ഈ അവസരത്തിൽ പ്രസ്താവിക്കുവാൻ തുടങ്ങുന്നതു്. വലിയകോയിത്തമ്പുരാൻ കൊല്ലം ൧൦൨൦-ാമാണ്ടു കുംഭമാസത്തിൽ ചങ്ങനാശേരി ലക്ഷ്മീപുരത്തുകൊട്ടാരത്തിൽ ജനിച്ചു. ൧൦൩൦-ാമാണ്ടു കന്നിമാസത്തിൽ ഉപരിവിദ്യാഭ്യാസത്തിനായ് തിരുവനന്തപുരത്തേയ്ക്കു പോയി. ശ്രീമൂലംതിരുനാൾമഹാരാജാവുതിരുമനസ്സിലെ പിതാവായ ചങ്ങനാശേരി രാജരാജവൎമ്മകോയിത്തമ്പുരാൻ അവിടുത്തെ മാതുലനായിരുന്നു. പണ്ഡിതനും കവിയുമായ അവിടുത്തെ നിപുണമായ ശിക്ഷ നാലു കൊല്ലത്തേക്കു നിലനിന്നു. ൧൦൩൪ മീനമാസത്തിൽ രാജരാജവൎമ്മകോയിത്തമ്പുരാൻ കാലധൎമ്മം പ്രാപിച്ചു. ആ കൊല്ലം മേടമാസത്തിൽ കേരളവൎമ്മകോയിത്തമ്പുരാൻ റാണി ലക്ഷ്മീഭായി ആററിങ്ങൽ മൂത്തതമ്പുരാൻ തിരുമേനിയെ പള്ളിക്കെട്ടുകഴിച്ചു്, വലിയകോയിത്തമ്പുരാൻ എന്ന മഹനീയമായ പദവിക്കു് അവകാശിയായി. ൧൦൩൬-ാമാണ്ടു ചിങ്ങമാസത്തിൽ തിരുവിതാംകൂർമഹാരാജാവായ ഉത്രം തിരുനാൾ തിരുമേനി നാടുനീങ്ങി ആയില്യംതിരുനാൾ മഹാരാജാവു രാജ്യപരിപാലനം ആരംഭിച്ചു. പുതിയ മഹാരാജാവുതിരുമനസ്സിലെ ആദ്യത്തെ ജന്മൎക്ഷമഹം ൧൦൩൬ മീനമാസത്തിൽ ആണു് ആഘോഷിക്കേണ്ടിവന്നതു്. അന്നു വലിയകോയിത്തമ്പുരാനു ൧൬ വയസ്സു തികഞ്ഞിരുന്നതേയുള്ളു എന്നു പറയേണ്ടതില്ലല്ലോ.

Digitized By Kerala Sahitya Akademi

'തിരുനാൾപ്രബന്ധ'ത്തിന്റെ ഉത്ഭവത്തെപ്പററി ഒരു കുറിപ്പു ഗ്രന്ഥകാരൻതന്നെ എഴുതിവച്ചിട്ടുണ്ട്. അതു താഴെ കാണുന്നവിധത്തിലാണ്:—"൧൦൩൩ മീനത്തിൽ ആയില്യംമഹാരാജാവിന്റെ തിരുനാളിനു വന്നിരുന്ന പന്തളത്തു പാവ്വതീപുരത്തെ രാജാവ്, തിരുനാളിനെ ഉദ്ദേശിച്ചുണ്ടാക്കിയ ഏതാനും ശ്ലോകങ്ങൾ എന്നെ കേൾപ്പിച്ച്, ഞാൻ ഒന്നും ഉണ്ടാക്കിയില്ലയോ എന്നു ചോദിച്ചതിന്, 'ഒരു ചെറിയ പ്രബന്ധം ഉണ്ടാക്കീട്ടുള്ളതു നാളെ അങ്ങോട്ടയയ്ക്കാം' എന്നു പറഞ്ഞ് അന്നു രാത്രി മൂന്നോ നാലോ മണിക്കൂറുകൊണ്ടു എഴുതിയുണ്ടാക്കിയതാണ് ഈ പ്രബന്ധം." പാവ്വതീപുരത്തുതമ്പുരാൻ ചോദിച്ച അവസരത്തിൽ വലിയകോയിത്തമ്പുരാൻ പറഞ്ഞ മറുപടി പരമാർത്ഥമല്ലായിരുന്നു. വാസ്തവത്തിൽ അവിടുന്ന് ആ തിരുനാളിനെപ്പററി ബാല്യസഹജമായ സങ്കോചംകൊണ്ടു് ഒന്നും എഴുതണമെന്ന് ഉദ്ദേശിച്ചിരുന്നില്ല. തമ്പുരാനെപ്പോലെയുള്ള ഒരു പണ്ഡിതപ്രവേകന്റെ പ്രശ്നം പ്രോത്സാഹകമായ്ത്തീരുകയാലാണ് ഒരു ചെറിയ പ്രബന്ധം രാത്രിസമയത്തു് എഴുതി പൂത്തിയാക്കിക്കൊള്ളാമെന്നുള്ള ധൈയ്യത്തിന്മേൽ, അങ്ങനെ ഒന്നുണ്ടാക്കീട്ടുണ്ടെന്നും പിറേറദിവസം അയച്ചുകൊള്ളാമെന്നും പ്രസ്താവിച്ചതു്. അറുപത്തഞ്ചു് പദ്യങ്ങളും ഒൻപതു ഗദ്യങ്ങളും അടങ്ങിയ ഒരു ഉത്തമചമ്പുവായ് ആ വ്യവസായം പരിണമിച്ചു. പതിനാറു വയസ്സു മാത്രം പ്രായമുള്ള—അനതീതബാല്യനെന്നുതന്നെ പറയേണ്ടു—ഒരു മഹാപുരുഷന്റെ തൂലികയെ പരമകാരുണികയായ ഭാഷാഭഗവതി എങ്ങനെ അനുഗ്രഹിക്കുന്നു എന്നു താഴെ ഉദ്ധരിക്കുന്ന പദ്യഗദ്യങ്ങളിൽനിന്നു വിശദമാകുന്നതാണ്

<u>ഉപക്രമം.</u>

"ദ്രവ്യൽപ്രത്യത്ഥിപൃഥ്വീപരിവൃഢമദസന്ദോഹനീഹാരധാരാ-
സംഹാരാക്കപ്രകാശായിതബഹുളഭുജാഗൗരവാടോപശാലീ
ക്ഷീരാംഭോരാശിവീചീവിസ്മരകരുണാതുന്ദിലാപാംഗവീക്ഷാ-
മാധുൎയ്യോദ്രേകദൂരീകൃതനതകദനോ രാജതേ രാമരാജഃ. 1

കല്പാന്തോന്നൃത്തചണ്ഡീശപരവികടജടാജൂടദോളായമാന-
പ്രേംഖൽകല്ലോലവല്ലീജടിലസുരധുനീപാണ്ഡിമൗന്നത്യഹാരീ
ഉദ്ഭ്രാമ്യന്മന്ദരാദ്രിപ്രസഭവിമഥിതക്ഷീരസിന്ധുപ്രകാശ-
പ്രാഗല്ഭ്യച്ഛേദശൗണ്ഡോ വിമലയതി ജഗൽ കീൎത്തിപൂരോഽസ്യ
[യഃ." 2

Digitized By Kerala Sahitya Akademi

രണ്ടാമത്തെ പദ്യം അശ്വതിതിരുനാൾ ഇളയതമ്പുരാന്റെ വഞ്ചീശസ്തവത്തിലുള്ള,

"ഗ്രത്യച്ചണ്ഡീശചൂഡാവികടബഹുജടാകോടരക്രോഡരിംഖൽ-
സ്വൎഗ്ഗംഗാതുംഗവീചീനിചയധവളിമാഡംബരസ്ഥൂലശുണ്ഡാഃ
യുഷ്മൽകീൎത്തിപ്രരോഹാഃ ക്ഷിതിവലയവലക്ഷേഷണാശാവധൂനാം
ദത്തശ്രീഖണ്ഡപത്രാങ്കുരകരിമകരീവിഭ്രമാ വിഭ്രമന്തി."

എന്ന പദ്യത്തെ അനുകരിക്കുന്നു. പക്ഷേ, ആദ്യത്തെ പദ്യത്തിൽനിന്ന്, അത്തരത്തിൽ ഒരനുകരണം അവിടുത്തേയ്ക്കു് ആവശ്യകമല്ലെന്നു വായനക്കാർക്കു കാണാവുന്നതാണ്.

"ഔദാൎയ്യേണ പുരന്ദരാംഗണതരുഃ സേവ്യനാമുനാ ധിക്കൃതോ;
ധൎമ്മൈഃ പ്രീണിതഭൂസുരൈരധരിതാഃ സൎവ്വേ ധരാധീശ്വരാഃ;
വൈദഗ്ദ്ധ്യേന വചസ്സു സോപി വിജിതസ്സാക്ഷാൽ ഭുജംഗാധിപ-
സ്ത്രൈലോക്യം സ്ഫുടമേതദീയസുയശസ്സംബാധജംബാളിതം. 3

ഉപേയിവാൻ കൎക്കശതൎക്കപദ്ധതാവനന്യസാധാരണമേഷ നൈപുണം;
ഇയായ പാതഞ്ജലതന്ത്രചിന്തനേപ്യഹീനതാമേവ ധരാധിരാഡയം. 4

അദാന്തവേദാന്തവിചിന്തനേ പരം പരാശരസ്യാത്മജ ഏവ കിം സ്വയം?
പ്രമാണപൂൎവ്വോപനിബന്ധനാദ്ദൃതസ്സധൎമ്മതന്ത്രേ കിമു ജൈമിനിഃ സ്വ
[യം? 5

നവാമൃതസ്യന്ദമരന്ദമാധുരീധുരീണമേതസ്യ ധരാമരുത്വതഃ
വചോവിലാസം കദനാകുലോപ്യഹോ! നിശമ്യ സൌഖ്യം കലയത്യ
[നോപമം. 6

വദാന്യതാമസ്യ സുരേന്ദ്രവാടികാതരോൎമ്മദോദ്രേകഭിദാവിചക്ഷണാം
നിശമ്യ വിദ്യാധരവൎയ്യകീൎത്തിതാം സുരദ്രുമോ മ്ലാനിമുപൈതി ദുൎവ്വിധഃ. 7

അപാരിജാതാ വസുധാ കൃതാ യഥാ ഭുജപ്രതാപേന പരം ഗരീയസാ;
തഥൈവ കിം ദ്യൌരപി ദാനസമ്പദാ ക്രിയേത തേനേതി ബിഭേതി
[വാസവഃ." 8

"ഈ മഹാരാജാവു് ഔദാൎയ്യംകൊണ്ടു കല്പവൃക്ഷത്തേയും ബ്രാഹ്മണരെ പ്രീതിപ്പെടുത്തുന്ന ധൎമ്മങ്ങൾകൊണ്ടു മററുള്ള സകലരാജാക്കന്മാരേയും, വാക്പാടവം കൊണ്ടു് ആദിശേഷനേയും ജയിക്കുന്നു. ഇദ്ദേഹ

Digitized By Kerala Sahitya Akademi

ത്തിന്റെ സദ്യശസ്സ് ത്രിഭുവനങ്ങളിലും വ്യാപിക്കുന്നു (ജംബാലം=കർദ്ദമം. ഇവിടെ ആർദ്രീഭവിച്ചത് എന്നർത്ഥം). കർക്കശമായ തർക്കശാസ്ത്രത്തിൽ ഇവിടുന്ന് അനിതരസാധാരണമായ പാണ്ഡിത്യം സമ്പാദിച്ചു; യോഗശാസ്ത്രചിന്തനത്തിലും മേന്മയെ (ആദിശേഷത്വത്തെ എന്നു കൂടി 'അഹീനതാം' എന്ന പദത്തിന് അർത്ഥമുണ്ട്. യോഗശാസ്ത്രോപജ്ഞാതാവായ പതഞ്ജലി ആദിശേഷന്റെ അവതാരമെന്നാണല്ലോ ഐതിഹ്യം) പ്രാപിച്ചു. സ്വച്ഛന്ദമായുള്ള വേദാന്തവിചിന്തനത്തിൽ ഈ തിരുമേനി ബാദരായണനെന്നും, പൂർവ്വമീമാംസാപാണ്ഡിത്യത്തിൽ ജൈമിനിയെന്നും, തോന്നിപ്പോകും (ഈ രണ്ടു മഹർഷിമാരും യഥാക്രമം വേദാന്തദർശനത്തിന്റെയും മീമാംസാദർശനത്തിന്റെയും ഉപജ്ഞാതാക്കന്മാരായിരുന്നു). ഈ മഹാരാജാവിന്റെ അമൃതോപമമായ വാഗ്വിലാസം കേട്ടാൽ ഏതു ദുഃഖാകുലനും അനുപമമായ സൌഖ്യമുണ്ടാകും. തന്റെ ഗർവ്വാധിക്യത്തെ ഭേദിക്കുവാൻ തക്ക സാമർത്ഥ്യമുള്ള ഇദ്ദേഹത്തിന്റെ ദാനശൌണ്ഡത വിദ്യാധരശ്രേഷ്ഠന്മാർ വർണ്ണിച്ചു കേൾക്കുന്ന അവസരത്തിൽ കല്പവൃക്ഷം ദീനമായും മ്ലാനമായും തീരുന്നു. ഇവിടത്തെ ഗരീയസ്സായ ഭുജപ്രതാപംകൊണ്ടു ഭൂമി അപാരിജാത (അരിജാതത്തോട്, അതായത് ശത്രുസമൂഹത്തോട്, കൂടാത്തത്) ആയി; ദാനസമ്പത്തുകൊണ്ടു സ്വർഗ്ഗലോകവും അപാരിജാതമാകുമോ (പാരിജാതവൃക്ഷത്തോടു കൂടാത്തത്) എന്നു ദേവേന്ദ്രൻ ഭയപ്പെടുന്നു."

അടുത്തത് അത്യന്തം മനോഹരമായ ഒരു ഗദ്യമാണ്. അതിൽ ഏതാനും ഭാഗം ഉദ്ധരിക്കാം.

"അസ്യ ച പ്രളയകാലഘടിതപടുതരനടനധൂർജ്ജടിനിടിലവിലോചനവിനിർഗ്ഗച്ഛദച്ഛിന്നകൃശാനുകൃശേതരകാന്തിസന്തതിവിഡംബനനിപുണപ്രതാപഭാരസ്യ, ജഗദന്തരനിരന്തരജാങ്ഘികകീർത്തിപൂരകന്ദളസ്യ,.... ........സുരതരുണീപരിഗീയമാനപരമപരാക്രമക്രമസംശ്രവണസമുന്മിഷദീർഷ്യാകഷായിതബാഷ്പധാരീവിനിഷ്യന്ദസാന്ദ്രനയനാരവിന്ദവൃന്ദജംഭരിപുസംഭാവിതജൃംഭമാണഭുജാസംഭാരസ്യ, നിരുപമതമഗുണാസ്വാദലോലുപദേശാന്തരസമാഗതനാനാജനപ്രണായിതഗുണോദയസ്യ, ചിരപരിചയപീതസൌഖ്യതാസമുജ്ഝിതകലശജലധിവാസനിജപുരാന്തനിരന്തരാധിഷ്ഠിതസരസിജനാഭകരുണാപൂരസമാസാദിതനിസ്തുലതരസമ്പൽസംഭാരധിക്കൃതകുബേരാഡംബരസ്യ, സുയോധനസ്യാപി ധർമ്മജകീർത്തിസമ്പാദനലമ്പടസ്യ, ഭീമസേനാധികരുചിസംയുതസ്യ, സർവ്വജ്ഞസ്യാ

Digitized By Kerala Sahitya Akademi

പ്യനഷ്ടമൂർത്തിമാധുര്യസ്യാപിനാകനാഥസൌഭാഗ്യസ്യ, കലാനിധേരപ്യകളങ്കസ്യ, പ്രഭാകരസ്യാപി കവലയോല്ലാസകസ്യ, സരിൽപതേരിവാനന്തവാഹിനീനായകസ്യ പ്രഭൂതലാവണ്യരസസ്യ ച, തുഹിനകിരണസ്യേവ സരസിജകാന്തിഹാരിപാദസ്യ സുമനോഭിനന്ദിതസ്യ ച, മഹേശ്വരസ്യേവ മഹാസേനോല്ലസിതപാർശ്വസ്യ, ശതമഖസ്യേവ ശത്രുബലവിജിത്വരസ്യ, ശ്രീനാരായണചരണതരുണസരസിജ പരിചരണപരായണസ്യ, സജ്ജനപൂർവ്വപുണ്യപരിണതേരിവ, ദുർജനകുലവിപിനദാവപാവകസ്യേവ, സാമ്രാജ്യലക്ഷ്മീമണിഭവനസ്യേവ, വിരാജമാനസ്യ, രാമവർമ്മകുലശേഖരകിരീടപതിമഹാരാജസ്യ പുരീ കാചന മനോഹരാ വിരാരാജ്യതേ."

"ഈ മഹാരാജാവു പ്രളയകാലത്തിൽ പടുതരമായ് നടനം ചെയ്യുന്ന പരമശിവന്റെ നെററിക്കണ്ണിൽനിന്നു നിർഗ്ഗമിക്കുന്ന അഗ്നിയുടെ വലുതായ കാന്തിസന്ദോഹത്തെ അനുകരിക്കുന്നതിൽ നിപുണമായ പ്രതാപഭാരത്തോടുകൂടിയവനായിരിക്കുന്നു. ഇദ്ദേഹത്തിന്റെ കീർത്തിപൂരകന്ദളം ലോകാന്തരങ്ങളിൽ എല്ലായ്പോഴും ശീഘ്രമായ് സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. ദേവസ്ത്രീകൾ ഇവിടുത്തെ പരാക്രമത്തെപ്പററി വർണ്ണിക്കുമ്പോൾ ഈർഷ്യനിമിത്തം കലങ്ങിയ കണ്ണുനീർ തന്റെ സഹസ്രേക്ഷണങ്ങളിൽ നിന്നും ഒലിപ്പിച്ചുകൊണ്ടു ദേവേന്ദ്രൻ അത്തരത്തിലുള്ള ഭുജസംഭാരത്തെ പുകഴ്ത്തുന്നു. ഈ തിരുമേനിയുടെ നിരുപമങ്ങളായ ഗുണങ്ങളെ ആസ്വാദിക്കുന്നതിനുവേണ്ടി ദേശാന്തരങ്ങളിൽ നിന്നു ജനങ്ങൾ വരികയും അവർ അവയെ പ്രശംസിക്കുകയും ചെയ്യുന്നു. വളരെക്കാലം താമസിച്ച് അവിടെയുള്ള സൗഖ്യം മുഴുവൻ (പീതം=പാനം ചെയ്യപ്പെട്ടത്) അനുഭവിച്ചുകഴിയുകകൊണ്ടു സമുദ്രത്തെവിട്ടു തന്റെ രാജധാനിയിൽ സദാ അധിഷ്ഠിതനായിരിക്കുന്ന ശ്രീപത്മനാഭന്റെ കാരുണ്യം ഹേതുവായിട്ടു ലഭിച്ച സമ്പത്തിനാൽ കുബേരന്റെ മദത്തെക്കൂടി ഈ മഹാരാജാവു ധിക്കരിക്കുന്നു. ഇവിടുന്നു സുയോധനനാണെങ്കിലും ധർമ്മപുത്രർക്ക് യശസ്സ സമ്പാദിച്ചുകൊടുക്കുന്നതിൽ തൽപരനും, ഭീമസേനനെക്കൊണ്ട് അധികമായ് പ്രഭ ലഭിച്ചവനുമാകുന്നു. (രാജപക്ഷത്തിൽ സുയോധനൻ എന്നാൽ നല്ലയോദ്ധാവെന്നർത്ഥം. അതുപോലെ ധർമ്മത്തിൽ നിന്നു ജനിക്കുന്ന കീർത്തിയെന്നും, ഭീമമായ സൈന്യമെന്നും മററു പദങ്ങൾക്ക് അർത്ഥം കണ്ടുകൊള്ളണം.) ശ്രീപരമേശ്വരനാണെങ്കിലും അഷ്ടമൂർത്തിയുടെ മാധുര്യമില്ല; പിനാകപാണിയുടെ സൌഭാഗ്യവുമില്ല. (രാജപക്ഷത്തിൽ സർവ്വജ്ഞൻ=എല്ലാമറിയുന്നവൻ; നഷ്ടമല്ലാത്ത ശരീരസൌന്ദര്യത്തോടു

Digitized By Kerala Sahitya Akademi

കൂടിയവൻ. അപി + നാകനാഥസൌഭാഗ്യസ്യ അതായത്തു ദേവേന്ദ്രൻെറ സൌഭാഗ്യത്തോടുകൂടിയവനും.) ചന്ദ്രനാണെങ്കിലും കളങ്കിയല്ല (കലാനിധി=വിദ്യാനിധി). സൂൎയ്യനാണെങ്കിലും കരിംകുവളപ്പൂവിനെ വിടിൎത്തുന്നവനാണു് (ശോഭയ്ക്കു് ആകരമെന്നും, ഭ്രുവലയത്തെ ഉല്ലസിപ്പിക്കുന്നവനെന്നും). സമുദ്രത്തേപ്പോലെ അനവധി വാഹിനികൾക്കു നായകനും ഏററവും ലാവണ്യരസത്തോടുകൂടിയവനുമാണു് (വാഹിനികൾ എന്നാൽ നദികൾ എന്നും സേനകളെന്നുമൎത്ഥം; ലാവണ്യത്തിനു സമുദ്രപക്ഷത്തിൽ ലവണത്വമെന്നൎത്ഥം). ചന്ദ്രനെപ്പോലെ താമരപ്പൂവിൻെറ കാന്തിയെ നശിപ്പിക്കുന്ന പാദങ്ങളോടുകൂടിയവനും സുമനസ്സുകളാൽ അഭിനന്ദിതനുമാണു് (പാദങ്ങളെന്നാൽ കിരണങ്ങളെന്നും, കാലുകളെന്നും അർത്ഥം; സുമനസ്സുകളെന്നാൽ ദേവന്മാരെന്നും വിദ്വാന്മാരെന്നും അർത്ഥം; ദേവന്മാൎക്കു് ആഹാരമായ അമൃതം നല്കുന്നതു ചന്ദ്രനാകയാൽ അവർ ചന്ദ്രനെ അഭിനന്ദിക്കുന്നു). ശ്രീപരമേശ്വരനെപ്പോലെ മഹാസേനോല്ലസിതമായ പാൎശ്വത്തോടുകൂടിയവനാണു് (ശിവപക്ഷത്തിൽ മഹാസേനൻ, അതായത്തു സുബ്രഹ്മണ്യനെന്നും രാജപക്ഷത്തിൽ മഹാസേന അതായത്തു വലിയ സേനയെന്നും അർത്ഥം). ദേവേന്ദ്രനെപ്പോലെ ശത്രുബലവിജയിയാണു് (ഇന്ദ്രപക്ഷത്തിൽ ശത്രുവായ വലനെന്നു വിവക്ഷ; വകാരബകാരങ്ങൾക്കു് അഭേദം കല്പിച്ചു ശ്ലേഷപ്രയോഗം)."

അനന്തരം തിരുവനന്തപുരം നഗരത്തിൻെറ വൎണ്ണനം ആരംഭിക്കുന്നു. അതിൻെറ സ്വരൂപം എന്തെന്നു താഴെ ചേൎക്കുന്ന ചില പദ്യങ്ങളിൽനിന്നു വെളിപ്പെടുന്നതാണു്.

"സൌധശ്രേണീമണിമയലസൽകുട്ടിമേഷു പ്രഹൃഷ്ടാ-
യത്ര സ്വൈരം ത്രിദശനഗരീഗർവ്വസർവ്വങ്കഷേഷു
കാന്തൈസ്സാൎദ്ധം പുളകമുകുളവ്രാതസംവീതഗാത്രൈഃ
കല്യാണാങ്ഗ്യഃ കലിതകുതുകം കംബുകണ്ഠ്യോ രമന്തേ. 9

കേചിൽ കൈലാസശൈലം സരസിജനയനാരാധനായേന്ദുചൂഡേ
സാനന്ദം പ്രസ്ഥിതേ ദ്രാക് തദനുഗമപരേ തുംഗശൃംഗം വൃഷേന്ദ്രം
പുഞ്ജീഭൂതം നൃപസ്യ സ്ഫുടതരവിമലം കീൎത്തിസങ്ഘാതമന്യേ
സൌധൌഘം യത്ര ശങ്കാതരളിതമതയോ മാനവാസ്തൎക്കയന്തി.

ഉന്മീലച്ചാരുഹീരാങ്കുരമിളിതമഹേന്ദ്രോപലാളീമനോജ്ഞ-
സ്ഥായന്മാണിക്യശാലാശബളിതപൃഥുലസ്തംഭവിഭ്രാജമാനാ



Digitized By Kerala Sahitya Akademi

പാകാരിസ്സ്വീയചാപം ത്രിദശപുരധിയാ ന്യസ്തവാനത്ര കിം വേ-
ത്ത്യേവം ശങ്കാം ജനാനാം മനസി വിതനുതേ യത്ര ശാലാ വിശാലാ. 11

മൃദുളപവനകേളീലോലനാളീകപാളീ-
ലളിതതരമൃണാളീജാലഖേലന്മരാളീ
ബഹളകുസുമധൂളീമിശ്രനിര്യന്മധൂളീ-
പരിമിളിതലതാളീ ചാരുവാരിപ്രണാളീ. 12

ലസൽഖുരാഘട്ടനപിഷ്ടകുട്ടിമസ്ഖലദ്രജോധൂസരിതാംബരാന്തരം
ചലൽഖലീനാഞ്ചലമഞ്ജുകന്ധരം കദംബകം വിക്രമതേഽത്ര വാജിനാം.13

ഏതസ്യ ക്ഷിതിപാലകസ്യ ചലതി ക്ഷോണീധരോപ്യാജ്ഞയേ-
ത്യേവം ലൌകികവാദമത്ര വിതഥം നൈവാധുനാ മന്മഹേ;
യസ്മാദഞ്ജനശൈലസംഹതിരസൌ നിശ്ശങ്കമാഗച്ഛതി
ഗ്രാമീണൈരിതി ശങ്കിതാ കരടിനാമത്ര ച്ഛടാ ഖേലതി. 14

'ഈ തിരുവനന്തപുരത്തേ സ്വർഗ്ഗലോകഗർവ്വഹാരികളായ സൌധകുട്ടിമങ്ങളിൽ പുളകമുകുളങ്ങളെക്കൊണ്ടു പൊതിയപ്പെട്ട ശരീരത്തോടുകൂടിയ കല്യാണാംഗികളായ കംബുകണ്ഠിമാർ ഭർത്താക്കന്മാരോടുകൂടി രമിക്കുന്നു. (ആദ്യത്തെ പാഠം പത്മനേത്രാ രമന്തേ എന്നായിരുന്നു. വൃത്യനുപ്രാസത്തിൽ കുറേക്കൂടി ദീക്ഷിക്കുക നിമിത്തമാണ് കംബുകണ്ഠ്യോ രമന്തേ എന്ന പാഠം പിന്നീടു സ്വീകരിക്കപ്പെട്ടതു്.) ഈ സൌധങ്ങളെ ചിലർ ശ്രീപരമേശ്വരൻ പത്മനാഭനെ വന്ദിക്കുവാൻ വന്നപ്പോൾ കൂടെപ്പോന്ന കൈലാസമെന്നും, മററു ചിലർ വലിയ ശൃംഗത്തോടുകൂടിയ (ശൃംഗമെന്നാൽ സൌധശിഖരമെന്നും, കാളക്കൊമ്പെന്നും ഇവിടെ ഗ്രഹിക്കണം) നന്ദികേശ്വരനെന്നും, വേറെ ചിലർ മഹാരാജാവിന്റെ പുഞ്ജീഭൂതമായ യശസ്തോമമെന്നും ശങ്കിക്കുന്നു. ഇവിടെ വൈരം, ഇന്ദ്രനീലം, മാണിക്യം, ഈ രത്നങ്ങൾ ഇടകലർത്തി നിർമ്മിക്കപ്പെട്ട തൂണുകളോടുകൂടിയ വിശാലമായ ശാല കാണുമ്പോൾ തിരുവനന്തപുരം അമരാവതിയാണെന്നു ശങ്കിച്ചു ദേവേന്ദ്രനാൽ ന്യസ്തമായ ധനുസ്സാണോ എന്നു തോന്നിപ്പോകുന്നു. ഇവിടത്തെ വെള്ളമൊഴുകുന്ന തോടു്, മന്ദമാരുതൻ വീശുമ്പോൾ ഇളകുന്ന താമരപ്പൂക്കളുടെ ലളിതതരമായ അല്ലികളിൽ ക്രീഡിക്കുന്ന അരയന്നങ്ങളെക്കൊണ്ടും ധാരാളം പൂമ്പൊടിയോടുചേന്നു് ഒലിക്കുന്ന തേനോടുകൂടിയ വള്ളിക്കൂട്ടങ്ങളെക്കൊണ്ടും ശോഭിക്കുന്നു. കുളമ്പുകൾ തട്ടുമ്പോൾ പൊടിയുന്ന തറകളിൽനിന്നു് ഇളകുന്ന രജസ്സുകൊ

Digitized By Kerala Sahitya Akademi

ണ്ടു് ആകാശത്തേ ധൂസരമാക്കുന്നവയും ഇളകുന്ന കടിഞ്ഞാണിൻെറ അററംകൊണ്ടു ശോഭിക്കുന്ന കഴുത്തോട്ടുകൂടിയവയുമായ അനേകം കുതിരകൾ ഇവിടെ സഞ്ചരിക്കുന്നു. ഈ മഹാരാജാവിൻെറ കല്പനകേട്ടാൽ പർവ്വതങ്ങൾ പോലും ഇളകും എന്നുള്ള ലോകോക്തി അസത്യമല്ലെന്നു ഞാൻ കരുതുന്നു. എന്തുകൊണ്ടെന്നാൽ അഞ്ജനപർവ്വതങ്ങളുടെ കൂട്ടമാണു് വരുന്നതു് എന്നു ഗ്രാമീണർ ശങ്കിക്കുന്ന ആനകൾ ഇവിടെ ക്രീഡിക്കുന്നുവല്ലോ.' വിക്രമതേ എന്ന ആത്മനേപദപ്രയോഗത്തിൽനിന്നും മററും കവിയുടെ വ്യാകരണപാണ്ഡിത്യം അനുമാനിക്കാവുന്നതാണു്.

“ലസൽഖുരാഘട്ടന” ഇത്യാദിപദ്യത്തിലെ സ്വഭാവവർണ്ണനയും, “ഏതസ്യ ക്ഷിതിപാലകസ്യ” ഇത്യാദി പദ്യത്തിലെ കല്പനാകൌശലവും സഹൃദയന്മാരുടെ ശ്ലാഘയ്ക്കു നിശ്ചയമായും പാത്രീഭവിക്കുന്നതാണു്. “മൃദുളപവന” ഇത്യാദിപദ്യം വലിയകോയിത്തമ്പുരാൻ ൧൦൩൭-ാമാണ്ടു തിരുത്തിയെഴുതിയ വിധത്തിലാണു് ഞാൻ ഉദ്ധരിച്ചതു്. ൧൦൫൭-ൽ അതിൻെറ രൂപം താഴെക്കാണുന്ന വിധത്തിലായിരുന്നു.

“മൃദുളപവനകേളീലോലരാജീവപാളീ-
പരിമിളിതമധൂളീതൽപരേന്ദിന്ദിരാളീ
ബഹളകുസുമധൂളീപങ്കിലാ ഭാതി വാപീ
ത്രിദശവിടപിവാടീസന്നിഭോദ്യാനസീമ്നി.”

ഈ പദ്യം മനോഹരമല്ലെന്നു പറവാൻ പാടില്ലെങ്കിലും, ഇതിനു് പതൽപ്രകർഷമെന്ന ദോഷം സ്പഷ്ടമായുണ്ടു്. കുറേക്കൂടി പരിചയവും സമയവും സിദ്ധിച്ചപ്പോൾ, കവി ഇതിനു ഞാൻ മുൻപു കാണിച്ചവിധത്തിലുള്ള ശബ്ദാലങ്കാരധോരണി വരുത്തി. ‘ഉന്മീലച്ചാരുഹീരാങ്കുര’ എന്ന പദ്യത്തെ അനുകരിച്ചാണു്,

“നാനാവർണ്ണപ്രകടിതചമൽകാരമാം വേഷമോടേ
സേനാവൃന്ദം തെരുവിലവിടെച്ചേർന്നുപോകുന്നകണ്ടാൽ
ശൌനാസീരം സപദി നഭസശ്ചാപമിങ്ങാപതിച്ചോ?
ജാനാമ്യേവം കരളിലെവനും ജാതമാകും വിതർക്കം.”

എന്ന മയൂരസന്ദേശത്തിലെ ശ്ലോകം എഴുതീട്ടുള്ളതു്.

തിരുനാളിനു ചില രാജാക്കന്മാരും മററും വന്നുചേരുന്ന ഭാഗമാണു് ഇനി ഞാൻ വായനക്കാരുടെ മുൻപിൽ പ്രദർശിപ്പിക്കുവാൻ പോകുന്നതു്.

Digitized By Kerala Sahitya Akademi

“സാനന്ദം വല്ലഭേശസ്തദനു സ വിബുധശ്ശോണഹേമാദ്രിനാഥോ
നിമ്നാധീശശ്ച ധീരശ്ശുകഹരിണപുരാധീശിതാപ്യാശു ധീമാൻ
ഗ്രാമാധീശസ്തതോ മേചകകമഠപതിഃ പണ്ഡിതഃ പന്തളേശ-
സ്സ്വേ ഭൂപാലമൗലേർന്നഗരപരിവൃഢേ സങ്ഗതാസ്സങ്ഗലക്ഷ്മ്യാ. 15

ധീരോമഹാബലിതടാധിപതിസ്തതശ്ച
ധീമാൻ സ തൈലവനഭൂപതിരാത്തമോദം
അന്യേപി രാജപദവാച്യതയൈവ ധന്യാഃ
പ്രാപുസ്തദാനുഭവിതും ജനിമം നൃപസ്യ.” 16

വല്ലഭേശൻ=തിരുവല്ലാ രാജാവ്. ശോണഹേമാദ്രിനാഥൻ=(ചെങ്കനകശെരി) ചങ്ങനാശേരികോയിത്തമ്പുരാൻ. നിമ്നാധീശൻ=പള്ളത്തു രാജാവ്. ശുകഹരിണപുരാധീശൻ=കിളിമാനൂർ കോയിത്തമ്പുരാൻ. ഗ്രാമാധീശൻ=ഗ്രാമത്തിൽ കോയിത്തമ്പുരാൻ. മേചകകമഠപതി=(കാരാമ) കാരാണ്മക്കൊട്ടാരത്തിലെത്തമ്പുരാൻ. പണ്ഡിതനായ പന്തളത്തു പാർവതീപുരത്തു കൊട്ടാരത്തിൽ തമ്പുരാനെപ്പററി മുൻപു പ്രസ്താവിച്ചുവല്ലോ. മഹാബലിതടാധിപതി=മാവേലിക്കരത്തമ്പുരാൻ. തൈലവനഭൂപതി=എണ്ണയ്ക്കാട്ടു തമ്പുരാൻ. ഇവരെല്ലാവരും മഹാരാജാവിന്റെ ജന്മനക്ഷത്രോത്സവം അനുഭവിക്കുന്നതിനു വന്നുചേർന്നു.

ഇനി മഹാരാജാവു പള്ളിയന്തലാവിൽ ക്ഷേത്രദർശനത്തിന് എഴുന്നള്ളുന്ന ഘട്ടത്തെപ്പററി അല്പം ഉപന്യസിക്കാം.

“അഭ്രാദഭ്രനിനാദധിക്കൃതിചണൈർട്ടിങ്ങ്മൂലക്രുലങ്കഷൈ-
ർഗ്ഗംഭീരധ്വനിഭിന്നിരങ്കുശതരം സമ്പൂരയന്തീ നഭഃ
ഭേരീ കാചന ഭൂരിതുങ്ഗകരിണീപൃഷ്ഠേ വിരാരാജിതാ
ലോകാനാം ഹൃദയേഽതനോദതിതരാമാമോദസീമോദയം. 17

തരണികിരണശ്രേണീസമ്മേളനദ്വിഗുണീകൃത-
പ്രചുരകനകവ്രാതപ്രൗഢപ്രഭാപ്രസരാഞ്ചിതം
മണിഗണസമുന്മീലദ്ഭംഗീതരങ്ഗിതശേഖരം
നയനരുചിരം ധൃത്വാ ചേരുഃ കടീരമഥ ദ്വിപാഃ. 18

കാംബോജബാല്ഹികവനായുജപാരസീകാൻ
സദ്വാജിഗർവ്വശമനാൻ ജവനാംസ്തുരങ്ഗാൻ
ആരുഹ്യ മങ്ക്ഷുനയയുഃ പ്ലുതവല്ഗിതാദി-
യാനാതിപാടവയുതാനഥ സാദിവീരാഃ. 19

Digitized By Kerala Sahitya Akademi

കന്ദകാന്തിഹരമന്ദഹാസരുചികന്ദളപ്രസരസുന്ദരൈ-
സ്സാന്ദ്രസൌഭഗമുഖാരവിന്ദനികരൈഃ കരങ്ഗരമണീദൃശാം
പക്ഷഭാഗവിലസദ്ഗവാക്ഷനികരംബഗർസമദീക്ഷിതൈ-
ബ്ബദ്ധമഞ്ജുതരമാലികേവ വിരരാജ താവദഥ വീഥികാ.'' 20

നകരാവ്, ആനകം, കതിരകം ഇവയുടെ വർണ്ണന എത്ര സ്വഭാവമധുരമായിരിക്കുന്നു! തെരുവുകളുടെ ഇരുവശത്തും ജനാലകളിൽക്കൂടി നോക്കുന്ന പേടമാൻകണ്ണിമാരുടെ നോട്ടങ്ങൾകൊണ്ടു് അവ മാല ചാത്തിയതുപോലെ തോന്നിയത്രേ. സന്ദർഭത്തിനു് അനുഗുണമായു് കവി ഇവിടെ കുസുമമഞ്ജരീവൃത്തം സ്വീകരിച്ചിരിക്കുന്നു.

മഹാരാജാവിനെ കാണുന്ന അവസരത്തിൽ പൌരന്മാർ വികാരതരളന്മാരായു് പലതും പറയുന്നു. ആ ഭാഗത്തിലുള്ള രണ്ടു പദ്യങ്ങളാണു് താഴെ ഉദ്ധരിക്കുന്നതു്.

''പ്രൌഢപ്രത്യർത്ഥിഭൂഭൃദ്ബലഹരണചണസ്സാരബാഹുപ്രതാപഃ
പൂർണ്ണൻ ജിഷ്ണുർബുധാനാം കുതുകമിഹ സുധർമ്മാസ്ഥിതോ/നല്പനേത്രഃ
ശ്രീരാജീവാക്ഷസേവീ വ്രജതി സുമനസാമഗ്രയായീ സമേഷാ-
മേഷ ക്ഷോണീമഹേന്ദ്രോ മുദമുപജനയൻ സൽപഥൈകായനാനാം. 21

സാന്ദ്രസ്യന്ദിമരന്ദസുന്ദരവചസ്സന്ദോഹമന്ദേതര-
പ്രാഗല്ഭ്യപ്രസരേണ കൌതുകരസപ്രാഗ്ഭാരമംകുരയൻ
ആമോദാമൃതപാരണാം നയനയോഃ കുർവ്വൻ നൃണാം ഭൂതലേ
സോയം വഞ്ചിശതാനി ഹർഷുലമനാ രാജർഷഭോ രാജതു.'' 22

ക്ഷോണിക്കു് ഇന്ദ്രനാകുന്ന തമ്പുരാൻ ശത്രുക്കളായ ഭൂഭൃത്തുകളുടെ (രാജപക്ഷത്തിൽ രാജാക്കന്മാർ; ഇന്ദ്രപക്ഷത്തിൽ പർവ്വതങ്ങൾ) ബലത്തെ ഹരിക്കുന്നതിനു സമർത്ഥമായ ഭുജാപ്രതാപത്തോടുകൂടിയവനാണു്; ജിഷ്ണുവാണു് (ജിഷ്ണു ഇന്ദ്രന്റെ ഒരു പര്യായം; ജയശീലനെന്നു രാജപക്ഷത്തിൽ). ബുധന്മാരു് (വിദ്വാന്മാരെന്നും ദേവന്മാരെന്നും) കൌതുകത്തെ വളർത്തുന്നവനാണു്. സുധർമ്മാസ്ഥിതനാണു് (നല്ല ധർമ്മത്തിൽ ആസ്ഥിതനെന്നും സുധർമ്മയിൽ അതായതു ദേവസഭയിൽ സ്ഥിതനെന്നും). അനല്പനേത്രനാണു് (അനവധിനേത്രങ്ങൾ അഥവാ വാഹനങ്ങളോടുകൂടിയവനെന്നും സഹസ്രാക്ഷനെന്നും). ശ്രീപത്മനാഭസേവിയാണു്. സന്മാർഗ്ഗചാരികളായ (സമേഷാം) എല്ലാ സുമനസ്സുകൾക്കും (സദാചാരനിരതരായ വിദ്വാന്മാരെന്നും ആകാശചാരികളായ ദേവന്മാരെന്നും) അഗ്രേസരനാണു്. രണ്ടാമതായുദ്ധരിച്ച പദ്യത്തിന്റെ അർത്ഥം സ്പഷ്ടം.

Digitized By Kerala Sahitya Akademi

രാമസ്വാമികോവിലിലെ ശ്രീരാമസ്വാമിയെ മഹാരാജാവു ഭജിക്കുന്ന ഘട്ടം വർണ്ണിക്കുന്ന ശ്ലോകമാകുന്നു താഴെ കാണുന്നതു്.

"വൈമാനികാധിപതിധാമാ മനോജ്ഞഗുണധാമാഖിലാംബുജമുഖീ-
കാമാർത്ഥിദായകനികാമാഭിരാമരുചിസീമാതിമോഹനതനുഃ
ശ്രീമാനമേയതമഭ്രമാ സമേത്യ ഖലു രാമാലയം രഘുപതിം
ശ്യാമാംബുദസുന്ദരമധാമാനനൈരപി നനാമാവനീപരിവൃഢഃ." 23

വൈമാനികാധിപതിധാമാവു=ദേവേന്ദ്രനു തുല്യമായ ഓജസ്സോടുകൂടിയവൻ. രണ്ടാമത്തെ ധാമത്തിനു ഭവനമെന്നർത്ഥം. ഭ്രമാവു്=ഐശ്വര്യം. അമാനൈഃ=അനുഗന്മാരോടുകൂടി. ഈ പദ്യത്തിലെ ദ്വാദശപ്രാസപ്രയോഗം ആരെയാണു് ആശ്ചര്യപരതന്ത്രരാക്കാത്തതു്?

സദ്യ വർണ്ണിക്കുന്ന ഒരു ഗദ്യമാണു ചുവടെ ചേർക്കുന്നതു്.

"താവച്ച ജ്ജംഭമാണഗംഭീരനിനദാകർണ്ണനസമുൽകണ്ഠാസമുൽകുഞ്ചനീലകണ്ഠകണ്ഠനാളനിരർഗളവിനിർഗളന്നിർഘോഷകളകളപരിമിളിതപുഷ്കരനികരമാർജനാവിശേഷാൻ ഗഗനാങ്കണജാംഘികപതാകാസംഘാഗ്രജാഗ്രൽകുണ്ഠേതരകണ്ഠീരവപരിവൃഢാനപിനിശമ്യ നിശാമ്യ ചഭ്രുരിഭയഗ്രസ്തേന നഭസ്തലപരിഭ്രഷ്ടേന ഗഭസ്തിമാലിനേവ വിരാജമാനേന ശുഭ്രതരപപ്പടേന തർപ്പിതസകലലോകരസന ഏഹിരേയാഹിരേഘോഷണപരായണപൌരോഗവസമുദ്ഘോഷേണ തുന്ദപരിമൃജജരഠദ്വിജപരിവൃഢഭക്തിവേളാസമുന്മീലദ്ബഹളതധളതധളായിതേന ച മുഖരദിഗന്തരോദ്ഗീതപിബതഃ ഖാദതതൃപ്യതോ ഭോജനകോലാഹലസ്സമുല്ലലാസ.

"ഗംഭീരമായ ഭേരീനാദം കേൾക്കുന്നതിനുള്ള ആഗ്രഹം കൊണ്ടു കഴുത്തുയർത്തിയ മയിലുകളുടെ കളകളധ്വനിയോടു ചേർന്നു് ആ വാദ്യവിശേഷ*ത്തിൽനിന്നുണ്ടാകുന്ന താഡനശബ്ദം ശ്രവിക്കുകയും, ആകാശത്തോളം കുതിച്ചുപൊങ്ങുന്ന കൊടിക്കൂറകളിലുള്ള സിംഹപ്രതിരൂപങ്ങൾ കാണുകയും ചെയ്യുകയാൽ ഭയപ്പെട്ടു് ആകാശത്തുനിന്നു താഴത്തുവന്നുവീണ ആദിത്യബിംബമോ എന്നു തോന്നുന്ന പപ്പടം എല്ലാ ജനങ്ങളുടെ നാവുകൾക്കും സംതൃപ്തി നല്കുന്നു. ഇങ്ങുവാ, അങ്ങുപോ, ഇത്യാദി ശബ്ദങ്ങൾ വിളമ്പുകാർ പുറപ്പെടുവിക്കുന്നു. വൃദ്ധന്മാരായ ബ്രാഹ്മണശ്രേഷ്ഠന്മാർ അമിതഭുക്തി നിമിത്തം വയറു തടവുന്നു. തിന്നുവിൻ, കുടിക്കുവിൻ, കിടക്കു

*പുഷ്കരം=വാദ്യഭാണ്ഡമുഖം. "പുഷ്കരൈരാഹതപുഷ്കരൈഃ" എന്നു രഘുവംശം. മാർജ്ജന=മുരജത്തിൻെറ ധ്വനി.

Digitized By Kerala Sahitya Akademi

വിൻ, തൃപ്തിപ്പെട്ടുവിൻ ഇത്യാദി ക്ഷണശബ്ദങ്ങളോടുകൂടിയ സദ്യയുടെ കോലാഹലം അവിടെ സമുല്ലസിച്ചു."

താഴെ ഉദ്ധരിക്കുന്ന രണ്ടു പദ്യങ്ങളോടുകൂടി പ്രബന്ധം അവസാനിക്കുന്നു.

"കലുഷരഹിതനിർമ്മായാത്മകഃ പുണ്യധർമ്മാ
കൃതബഹുലസുകർമ്മാ പാർത്ഥിവഃ പ്രാപ്തശർമ്മാ
ചിരമവതു സുധർമ്മാധീശിതുസ്തുല്യധർമ്മാ
പ്രദലിതരിപുമർമ്മാ ക്ഷ്മാമിമാം രാമവർമ്മാ. 24

ശ്രീമന്മാതുലരാജരാജകരുണാസാരസ്ഫുരൽസാഹിതീ-
വൈചക്ഷണ്യതൃണാങ്കുരേണ ചരണപ്രാന്തം തവാജഗ്മുഷാ
ത്വജ്ജന്മർക്ഷമഹോത്സവസ്തുതിരിയം ബാലേന കൌതൂഹലാൽ
ബദ്ധാ കേരളവർമ്മണാ തവ മുദേ ഭൂപാല, ബോദ്ധ്യതാം." 25

ഒടുവിലത്തെ പദ്യത്തിൽനിന്നു് 'അമ്മാമനും ഗുരുവുമാകിയ' രാജരാജവർമ്മകോയിത്തമ്പുരാന്റെ കരുണാസാരം (കരുണാവർഷപാതം) കൊണ്ടാണു് കവിയുടെ സാഹിത്യവൈദഗ്ദ്ധ്യമാകുന്ന തൃണാങ്കുരം സ്ഫുരിച്ചതു് എന്നു കാണാവുന്നതാണു്.

ഈ പ്രബന്ധം സകലകലാവല്ലഭനായ ആയില്യം തിരുനാൾ മഹാരാജാവിനെ അത്യധികം ആനന്ദിപ്പിച്ചിരിക്കണമെന്നുള്ളതിനു സംശയമില്ല. നക്ഷത്രമാലയെന്നും പാദാരവിന്ദശതകമെന്നും രണ്ടു കാവ്യങ്ങൾകൂടി ഓരോ സന്ദർഭത്തിൽ വലിയകോയിത്തമ്പുരാൻ രചിച്ചു് ആ തിരുമേനിക്കു കാഴ്ചവയ്ക്കുകയുണ്ടായി. ആ പാദാരവിന്ദശതകമാണു് പിന്നീടു ശ്രീമൂലകമഹാരാജപദപത്മശതകം എന്നപേരിൽ ഏതാനും ചില മാററങ്ങൾ വരുത്തി പ്രസിദ്ധപ്പെടുത്തീട്ടുള്ളതു്. നക്ഷത്രമാലയേയും ചിത്രശ്ലോകാവലി, ശൃംഗാരമഞ്ജരി മുതലായ മററു ചില കൃതികളേയും പററി ഇനിയൊരവസരത്തിൽ ഉപന്യസിക്കാം. അത്തരത്തിലെല്ലാം ആയില്യം തിരുനാൾ മഹാരാജാവിനെ പ്രശംസിച്ച ആ മഹാകവിക്ക് അവസാനത്തിൽവന്നുകൂടിയ അനുഭവം എന്തായിരുന്നു? ക്ഷമാപണസഹസ്രമെഴുതി അടിയറവച്ചിട്ടും ശമിക്കാത്ത ക്രോധത്തിനു മഹാരാജാവു വശംവദനായ്, അവിടത്തെ പലപ്രകാരത്തിൽ കഷ്ടപ്പെടുത്തി ഒടുവിൽ അവിടത്തെക്കൊണ്ടു യമപ്രണാമശതകംപോലും രചിപ്പിച്ചു. അതെല്ലാം

Digitized By Kerala Sahitya Akademi

വേറിട്ടൊരു കഥയാണ്; ആ കഥ ഈ സന്ദർഭത്തിൽ സ്മരിക്കുവാനുള്ളതു മല്ല.

ഇതാണ് തിരുനാൾ പ്രബന്ധം. ഇതു നിർമ്മിച്ചതു് എത്ര സമയംകൊണ്ട്? മൂന്നോ നാലോ മണിക്കൂർ! ആരു നിർമ്മിച്ചു? കഷ്ടിച്ചു പതിനാറു വയസ്സുമാത്രം തികഞ്ഞ ഒരു ബാലൻ! അല്ലല്ല; അത്ര ബാല്യത്തിൽതന്നെ മഹാകവിയും മഹാപണ്ഡിതനും മഹാവൈയാകരണനുമായ്ക്കഴിഞ്ഞിരുന്ന ഒരമാനുഷൻ. ഇന്നു ചിലർ ചോദിക്കുന്നു, കേരളവർമ്മ വലിയകോയിത്തമ്പുരാൻ വാസ്തവത്തിൽ ഒരു കവിയായിരുന്നുവോ എന്ന്. അവരോടെന്താണ് മറുപടി പറയേണ്ടതു്? "ജാനന്തി തേ കിമപി?" എന്നു ഭവഭൂതിയെപ്പോലെ തിരിച്ചൊരു ചോദ്യംചോദിച്ചു തൃപ്തിപ്പെടാനേ തരമുള്ളൂ. അവരുടെ അജ്ഞതയ്ക്കു് അനന്തകോടിനമസ്കാരം!

---

Digitized By Kerala Sahitya Akademi

# സാരാൎത്ഥവിവരണം.

൧. വീരസ്സേവ്യഃ:—അനന്തരം ദാനശക്തികൊണ്ടു കീൎത്തിപ്പെട്ടവനും സ്ത്രീകൾക്കു കാമദേവനുമായ രാമവൎമ്മമഹാരാജാവിനെ അങ്ങു സേവിക്കണം; അദ്ദേഹത്താൽ ജയസിംഹവംശം, എങ്ങനെ അത്യന്തധവളനായ പൂൎണ്ണചന്ദ്രനാൽ സമുദ്രമോ, അതുപോലെ വലുതായ യശസ്സിനെ പ്രാപിക്കുന്നു. അദ്ദേഹത്തിനു മാനമാണ് മൂലധനം; കാമദേവന്റെ ശരങ്ങൾ (പുഷ്പമുതലന്മാരായ ജനങ്ങൾ) ആണ് കിങ്കരന്മാർ; യാചകനെ യാചിതനാകത്തക്കനിലയിൽ അവിടന്ന് ഉദ്ധരിക്കുന്നു; ചാരചക്ഷുസ്സാണ് ആ മഹാരാജാവ്; കവികളാണ് അവിടത്തേക്ക് ഇഷ്ടന്മാർ; ഉടവാളാണ് പ്രാണബന്ധു; നീതിയാണ് പ്രേയസി; വേദവാക്കാണ് ആചാൎയ്യൻ. അത്തരത്തിൽ രാജശബ്ദംകൊണ്ടു വ്യവഹരിക്കേണ്ട ഒരു പുണ്യവാൻ ലോകത്തിൽ (മൃഗ്യൻ=തിരയപ്പെടേണ്ടവൻ) ദുൎല്ലഭൻതന്നെയാണ്. അദ്ദേഹത്തിന്റെ അതിഥികളിൽ ദിനംതോറും വൎദ്ധിക്കുന്ന രസത്തോടുകൂടിയ ഭക്തി, പ്രജ്ഞ, തേജസ്സ്, ഐശ്വൎയ്യം, ദയ, അന്നദാനത്തിലുള്ള ആസക്തി, ഇവയെക്കണ്ടാൽ അങ്ങ് പ്രകൃതവിഷയത്തിൽ (എന്റെ സന്ദേശകാൎയ്യത്തിൽ) സഞ്ചരിക്കുന്നവനാണെങ്കിലും ക്ഷണനേരത്തേക്ക് അതിനു പ്രഗല്ഭനല്ലാതെയായിപ്പോകും. സത്തുക്കളുമായുള്ള സംസൎഗ്ഗം ഇതരകൃത്യങ്ങളിൽ നമുക്കുള്ള രതിയെ പ്രതിബന്ധിക്കുന്നതാണല്ലോ..

൨. യസ്യസ്വാമീ:—യദുവംശജനായ രാമവൎമ്മമഹാരാജാവ് സ്വാമിയും അദ്ദേഹത്തിന്റെ അനന്തരവൻ പരമദൈവവുമായുള്ള നാരായണകവിയുടെ പൊങ്ങിവരുന്ന പൂന്തേനിന്റെ പരിമളത്തോടുകൂടിയ ഈ സന്ദേശകാവ്യത്തിന്റെ പൂൎവ്വഭാഗം അവസാനിച്ചു.

൩. ശയനേ:—സമുദ്രത്തിന്റെ സമീപമായ് പദങ്ങളുടെ പരിമളങ്ങളാകുന്ന തിരകളെക്കൊണ്ടു വിസ്തൃതമായ ശയനത്തിൽ (അനന്തശയനത്തിൽ. അനന്താവതാരമാണ് മഹാഭാഷ്യകാര

Digitized By Kerala Sahitya Akademi

നായ പതഞ്ജലിഭഗവാൻ എന്ന് ഐതിഹ്യം.) ശയിക്കുന്ന അച്യുതനെ (ശ്രീപത്മനാഭനെ) നമസ്കരിക്കുന്നതിനായ് ആ രാജാവു തിരുവനന്തപുരം നോക്കി പുറപ്പെട്ടു.

൭. തസ്മിൻസീതാ:—ശ്രീരാമന്റെ പാദന്യാസംകൊണ്ടു പാവനമായ പരിസരത്തോടുകൂടിയതും താലവൃക്ഷങ്ങളിൽ വിഹരിച്ച് ചലിച്ചുകൊണ്ടിരിക്കുന്ന കാറ്റോടുകൂടിയതുമായ ആ കന്യാകുമാരിയിൽ എല്ലാപ്പോഴും ദുഃഖിച്ചുകൊണ്ടും മുൻവശത്തു വന്ദ്യയും ഇന്ദ്രനീലവിഗ്രഹവതിയുമായ കന്യാദേവിയെത്തൊഴുതുകൊണ്ടും (ആ കാമി) കാലയാപനം ചെയ്യവേ ഒരു സുഭഗനായ സ്നാതകബ്രാഹ്മണനെ അയാൾ കാണുകയുണ്ടായി.

൮ നതപാദേവീം:—അവിടെ നരകാന്തകനായ ശ്രീകൃഷ്ണന്റെ സഹോദരിയെ (കാത്യായനീദേവിയെ) വന്ദിച്ചതിനുമേൽ നല്ല പച്ചക്കുരുമുളകുകൊടികൾ ചുററിപ്പിടിച്ച് ആടിയലഞ്ഞു കൊണ്ടിരിക്കുന്ന കടൽക്കര അങ്ങു ദർശിക്കുക. പരദേശങ്ങളിൽനിന്ന് അനവധി സാധനങ്ങൾ സ്വീകരിച്ചുകൊണ്ടുവന്നുചേരുന്ന വലിയ യാനപാത്രങ്ങളെ അങ്ങേയ്ക്ക് അവിടെ കാണാം. അവയെക്കൊണ്ട് അങ്ങയുടെ അഭിമതം ആ സമുദ്രവേല നല്ലതുപോലെ സൂചിപ്പിക്കും. അവിടെ നിറഞ്ഞ കണ്ണുത്തോടുകൂടിയവയും പൂഗപുഷ്പികയുടെ പൂമ്പൊടികൊണ്ടു സുഗന്ധികളും ഇളയ വെററിക്കൊടികളാൽ പൊതിയപ്പെട്ടവയും ആയ കവുങ്ങിൻകൂട്ടങ്ങളേയും സരസമായ വാഴക്കന്നുകളുടെ ഗന്ധത്തോടു ചേർന്നുള്ള പനങ്കാവുകളേയും കണ്ട്, അല്ലയോ തോഴ, അങ്ങ് ദൃഷ്ടികൌതുകത്തെ ശമിപ്പിക്കുക.

൯. പാരാദസ്മാൽ:—ഈ കടൽക്കരയിൽനിന്നു വടക്കോട്ടേക്കു പുറപ്പെടുന്ന അങ്ങേയ്ക്ക് ദൂരെയായ് ഒരു ഇടയക്കുടി കടന്നുപോകേണ്ടതുണ്ട്. അവിടെ കലങ്ങളിൽ തയിർ കടയുന്ന പണിയിൽ ഏർപ്പെടുമ്പോൾ കഴുത്തിൽ അണിഞ്ഞിരിക്കുന്ന മുത്തുമാലകൾ ഇരുവശത്തും ആടവേ, സ്തനങ്ങൾ ഇളകവേ, ഗോപിമാർ അമൃതം പ്രവഹിക്കുന്ന മാതിരിയിൽ ഓടക്കുഴൽ വായിക്കുന്നതു് അങ്ങേയ്ക്കു കേൾക്കാറാകും. അതിനെ സ്മരിക്കുമ്പോൾ അതിന്റെ തേജസ്സിൽ മററെന്തിനെത്തന്നെ അങ്ങേയ്ക്കു ബഹുമാനിക്കുവാൻ തോന്നും? ശംഖുകൊണ്ടുള്ള ആഭരണങ്ങളും

Digitized By Kerala Sahitya Akademi

പനയോലത്തോടകളും അണിഞ്ഞുള്ള ആ വല്ലവികളുടെ ഇന്ദ്രനീലക്കല്ലിനോടൊത്ത കോമളശരീരങ്ങൾ കണ്ടു നേത്രാനന്ദമനഭവിച്ചുകൊണ്ട് അതിൽത്തന്നെ തൽപരനായ് അങ്ങു നിന്നു പോകരുത്. സുന്ദരിമാരുടെ നവയൌവനം ആൎക്കുതന്നെ കാമ്യമായ്ത്തീരുന്നില്ല !

൯. ഏലാവല്ലീ:—ഇവിടെ ഏലവള്ളികൾ ചുററിയ വാഴകളുടെ മൃദുലസ്പൎശംകൊണ്ടു തണുത്തതും അഗസ്ത്യൻെറ പത്നിയായ ലോപാമുദ്രാദേവിയുടെ കൈശികത്തിൻെറ പരിമളം മോഷ്ടിച്ചുകൊണ്ടുവരുന്നതുമായ തെന്നൽ ഏററു ലക്ഷ്മീദേവിയുടെ വിഹാരത്തിനു കല്യാണരംഗവും ഭ്രമിക്കു മങ്ഗലവുമായ തിരുക്കുറുങ്കുടിയിൽ, അല്ലയോ സ്നാതക, അങ്ങു ചെന്നു ചേരണം. അവിടെ മഹാവിഷ്ണുവിൻെറ മൂൎത്തിയുണ്ട്. അതു ദേശിങ്ങനാട്ടു രാജാക്കന്മാരുടെ സാമ്രാജ്യലക്ഷ്മിയാണ്; ലക്ഷ്മീഭഗവതിയുടെ ലീലയുള്ള മരകതപൎവ്വതമാണ്; സകലചരാചരങ്ങൾക്കും അതു വിശ്രമത്തെ പ്രദാനം ചെയ്യുന്നതും കല്യാണങ്ങളെ ഉദിപ്പിക്കുന്നതും ഭക്തന്മാൎക്ക് അഭീഷ്ടങ്ങളെ ദോഹനം ചെയ്യുന്നതുമാകുന്നു. കലികലുഷമാകുന്ന അദ്വൈതത്തിന് അതു ചാൎവ്വാകമതവുമാണ്. 'ഇവിടെ ഇരിക്കുക' എന്നു, വേദപാരായണത്തിൽ ആഗ്രഹത്തോടുകൂടിയ ആ ത്രിഭുവനഗുരു തൻെറ അച്ഛന്മാർ മുഖാന്തരം, പുറപ്പെടുവാൻ ഭാവിക്കുന്ന അങ്ങയോട് അരുളിച്ചെയ്യുകയാണെങ്കിൽ രാത്രിയിലെങ്കിലും അവിടം പിന്നിട്ടുകൊള്ളണം. പ്രഭുക്കളുടെ ശാസനം കഴിയുകയില്ല എന്നുള്ള സ്മരണത്തിനു നമ്മെ വിധേയരാക്കുന്നതല്ലല്ലോ.

൧൦. തൽപശ്ചാൽ:—അതിൻെറ സമീപത്തിൽനിന്ന് ഒരുവിധത്തിൽ പുറപ്പെട്ടാൽ അങ്ങേയ്ക്കു മാൎഗ്ഗമദ്ധ്യത്തിൽ താമ്രവൎണ്ണീനദികാണാം. മദിക്കുന്ന പക്ഷികളുടെ ചിലച്ചിൽ കൊണ്ട് അത്യന്തമായ് ദുർഭാഷണം ചെയ്യുന്ന കരിമ്പനകളാകുന്ന രാക്ഷസികളുടെ മദ്ധ്യത്തിൽ കണ്ണുനീർപോലെ ലഘുവായ ജലപ്രവാഹത്തോടുകൂടി കൃശശരീരയായ് താമരപ്പൂമ്പൊടികൾ കൊണ്ടു ശരീരമെങ്ങും മൂടപ്പെട്ട് അശോകവനികയിലെ സീതയുടെ രൂപത്തിലാണ് ആ നദിയുടെ സ്ഥിതി.

Digitized By Kerala Sahitya Akademi

വ്യ. തസ്യാസ്തീരേ:—ആ നദിയുടെ തീരത്തിൽ ഇലഞ്ഞിമൊട്ടുകൊണ്ടുള്ളമാല അണിഞ്ഞ് അപൌരുഷേയങ്ങളായ വാക്കുകളുടെ (വേദവാക്യങ്ങളുടെ) അത്ഥത്തെ തമിഴിൽ വ്യാഖ്യാനിച്ചുകൊണ്ടു് പഴയ ഒരു പുളിയുടെ ചുവട്ടിൽ പ്രത്യക്ഷീഭവിക്കുന്ന (പ്രതിഷ്ഠിതനായ) ശാന്താത്മാവായ ശഠകോപമഹഷിയെ അങ്ങു കിഴക്കോട്ടു നോക്കി അഞ്ജലിബന്ധംചെയ്തു നമസ്കരിക്കുക.

ഫ൦. തത്രോദഞ്ചൽ:—അവിടെ ഉയന്നു വരുന്ന വാഴകളെക്കൊണ്ടു ശീതളവും സഹ്യപവ്വതമാകുന്ന താമരപ്പൂവിൻെറ ബീജകോശവും ആയ അഗസ്ത്യമഹഷിയുടെ പർണശാല ഉൗർദ്ധഭാഗത്തു കാണുമ്പോൾ പടിഞ്ഞാറോട്ടുനോക്കി അതിനെ ശിരസ്സുകൊണ്ടു നമസ്കരിക്കണം. പൂജ്യപൂജ വലുതായ ശ്രേയസ്സിനു കാരണമാണല്ലോ.

ഫ൦. പാണ്ഡ്യസ്ത്രീണാം:—പാണ്ഡ്യസ്ത്രീകളുടെ കുചസമ്മർദ്ദം നിമിത്തം നറുങ്ങിയ തിരകളോടു കൂടിയതും സമീപത്തുള്ള ഏലക്കാട്ടിൽനിന്നു വരുന്ന കാററിനാൽ മന്ദമായ് ഇളക്കപ്പെടുന്നതും കലപ്പുകൊണ്ടു് ഉഴുകനിമിത്തം സുഗന്ധിയായ തീരഭൂമിയോടു കൂടിയതുമായ ആ നദി സായന്തനവന്ദനത്തിനുവേണ്ടി സ്നാനം ചെയ്യുന്ന അങ്ങയെ മോദിപ്പിക്കും.

ഫ൦. തസ്യാസ്തീരേ:—അതിൻെറ സമീപത്താണു് തെങ്കാശി എന്ന പുരി; അവിടം സകലവിഭവങ്ങളെക്കൊണ്ടും നിറഞ്ഞിരിക്കുന്നു. ഭൂമിയുടെ സാരഭൂതയാണു് അതു്; കറുത്ത ചളിയുള്ള സ്ഥലമാണെങ്കിലും ബാലചന്ദ്രനെ ധരിക്കുന്ന ശ്രീപരമേശ്വരൻെറ നിത്യാവാസംകൊണ്ടു രമണീയമാണു്; അവിടെ ചന്ദ്രികയെക്കൊണ്ടു ധവളയാക്കപ്പെടുന്ന രാത്രികാമിനിയെപ്പോലെ ശോഭിക്കുന്നു. അവിടെ ഒരു ആശ്ചര്യകരനായ യോഗിയുണ്ടു്—ശ്രീപരമേശ്വരൻ; അവിടത്തെ ശിരോലങ്കാരമായ ഗംഗ മത്സ്യക്രീഡകളെക്കൊണ്ടു മുഖരിതമാണു്; കങ്കണം ശബ്ദവ്യാഖ്യയിൽ സമത്ഥമാണു്. (ഇവിടെ വാസുകിയെ കവി അനന്തനിൽനിന്നു് അഭിന്നനാക്കി ഉല്ലേഖനം ചെയ്യുന്നു.) സ്വാഹാദേവിയുടെ പുണ്യപരിണാമവും സ്വർഗ്ഗവാസികൾക്കു മൃഷ്ടാന്നദാനം ചെയ്യുന്നതിനു ചുമതലക്കാരനുമായ അഗ്നി അവിടത്തെ (മൂന്നാം) തൃക്കണ്ണിലുണ്ടു്. ദേഹത്തിൻെറ പകുതിയോ കുചം കുന്തളം ഇവകൊണ്ടു് അങ്കിതവുമാണു്.

Digitized By Kerala Sahitya Akademi

൮൮. താസാമഗ്രേ:—താരുണ്യാമൃതം നിറയുന്ന ശരീരത്തോടുകൂടിയ ആ പാണ്ഡ്യസ്ത്രീകളുടെ മുന്നിൽ ഒരു വിധം ധൈര്യം അവലംബിച്ചുവേണം അങ്ങു രാത്രികാലം കഴിച്ചുകൂട്ടുവാൻ. അവരുടെ കേശപാശവും ധവളമായ പുഞ്ചിരിയും ദേഹശൌചവും കണ്ടാൽ മഹർഷിമാർപോലും അവൎക്കു ദാസന്മാരായ്ത്തീൎന്നുപോകും.

൮൮. ചിത്രാമൂലേ:—ചിത്രാനദിയുടെ ഉത്ഭവസ്ഥാനത്തു സ്നാനംചെയ്തു ചമ്പകാരണ്യത്തിൽ വസിക്കുന്ന പാൎവ്വതീദേവിയെ അങ്ങു ഭക്തിപൂരസ്സരം സന്ദൎശിക്കണം. അങ്ങ് അവിടെനിന്നു പുറപ്പെടുമ്പോൾ രാജാവിന്റെ കോശാധ്യക്ഷനായ യജ്ഞനാരായണയ്യർ വഴിയിൽ അങ്ങേയ്ക്കു നല്ല ഭക്ഷണം നല്കും.

൮൮. സാകംപാന്ഥൈഃ:—വഴിയാത്രക്കാരോടുകൂടി വേഗത്തിൽ മറ്റൊരു മാൎഗ്ഗം കടന്നു സന്ധ്യയാകുമ്പോൾ ഗോദാദേവിയുടെ പാദാബ്ജത്തെ നമസ്കരിക്കുക. ആ മഹതി ഭക്തവര്യനായ ഭട്ടനാഥന്റെ ഗൃഹത്തിൽ ഭൎത്താവിനു കൈങ്കൎയ്യം ചെയ്യുന്നതിനുവേണ്ടി സ്ത്രീരൂപത്തിൽ അവതരിച്ചു് തുളസീമാല ചൂടി ശോഭിച്ചു. നവപരിമളംകൊണ്ടു് അത്ഭുതമായ പുഷ്പമാല്യമല്ല രങ്ഗശായിയായ ഭഗവാനെ ആനന്ദിപ്പിച്ചതു്, പിന്നെയോ ആ ദേവി ധരിച്ചു ദൂരെത്തള്ളിയതാണു്.

൮൨. ആലോകേഥാഃ:—അനന്തരം വിഷ്ണുമൂൎത്തികകൊണ്ടു് ഊൎദ്ധ്വപുണ്ഡ്രം ധരിക്കുന്നവരും പത്മാക്ഷമാല തലയിൽ അണിയുന്നവരും മഞ്ഞ ഉത്തരീയം ചാൎത്തുന്നവരും, ഗോദാദേവിയെ നമസ്കരിക്കുന്നവരും (കേസരാകല്പൻ=വകുളാഭരണൻ) നമ്മാഴ്വാരുടെ തിരുവായ്മൊഴി ഉൽഘോഷിച്ചു ലോകത്തിന്റെ ദുരിതം നശിപ്പിക്കുന്നവരുമായ ശ്രീവൈഷ്ണവന്മാരെ കാണുക.

൮൨. തസ്മിൻമൂൎത്തിം:—അവിടെ ശത്രുക്കളാകുന്ന തമസ്സുകളെ നശിപ്പിക്കുന്നതും ദേവസേനയാകുന്ന പത്മിനിക്കു പകൽസമയവുമായ സുബ്രഹ്മണ്യസ്വാമിയുടെ വിഗ്രഹത്തെ നമസ്കരിച്ചിട്ടു് ആനകളുടെ പ്രതിമകൾ യോജിപ്പിച്ചിട്ടുള്ള രത്നസ്തംഭങ്ങളോടുകൂടിയ ശ്രീപരമേശ്വരന്റെ ആലയംവഴി കാണപ്പെടാവുന്ന ദക്ഷിണമധുരയിൽ പ്രവേശിക്കുക.

Digitized By Kerala Sahitya Akademi

൧൩. കുലാവാസാം:—കാലാപായം = കല്പകാലം. പ്രോതം = കോക്കപ്പെട്ടത്.

൧൩. ഭ്രൂസ്സേഭ്യഃ:—അംഘ്രിജ = വിഷ്ണുവിന്റെ പാദത്തിൽനിന്നു ജനിച്ച ഗങ്ഗ. ജലധിദുഹിതാവിന്റെ (ലക്ഷ്മിയുടെ) പ്രാണങ്ങളാണ് മഹാവിഷ്ണു. വിനതാനന്ദനൻ (ഗരുഡൻ) സ്യന്ദനം (തേർ) ആയിട്ടുള്ളവൻ.

൧൪. തസ്യാദ്ദരേപഥി:—അദ്ദരേപഥി = അടുത്ത്. ഠായോപദോക്തി = പുത്രി. സിന്ധു = സമുദ്രം. ഭുവസ്സ്രജം = ഭൂമിയുടെ മാലയായുള്ള. വേധാ ധാതുഃ = ബ്രഹ്മാവിന്റേയും ബ്രഹ്മാവ്. പാരേകാവേരി = ഗങ്ഗയുടെ മറുകരയിൽ. യാതൊരു ശ്രീപരമേശ്വരനമായുള്ള ചേച്ച് നിമിത്തം അമൃതഗുളികകൾപോലെ പരിശുദ്ധങ്ങളായുള്ള പഴങ്ങളെകൊണ്ട് അവിടത്തെ ജംബൂവൃക്ഷം പാരിജാതത്തിന്റെ ലക്ഷ്മിയെ പരിഹസിക്കുന്നു.

൧൪. ശീതാൻ:—ചന്ദ്രകാന്തക്കല്ലുപോലെ ധവളമായുള്ള ജലവും തണുത്ത കാററും നല്ല വെള്ളവും പഴങ്ങളും അതിഥിയായ അങ്ങേയ്ക്കു വിതരണം ചെയ്തു സഹ്യപർവതം തന്റെ ഐശ്വര്യത്തെ സഫലമാക്കും. പ്രഭുക്കളുടെ പ്രാഭവം പ്രായേണ ദീനന്മാരുടെ വ്യസനശാന്തിയെ ചെയ്യുന്നതാണല്ലോ. വാരളാ = ഹംസി.

൧൫. വാപ്യാംവാപ്യാം:—അവിടെ പൊയ്കതോറും ചന്ദ്രകാന്തകല്ലുകളിൽനിന്നുറന്ന ജലമുണ്ട്; ജലം തോറും യുവതികളുടെ മുഖത്തോടൊക്കുന്ന താമരപ്പൂ ശോഭിക്കുന്നുണ്ട്; താമരപ്പൂതോറും പരിമളരസംകൊണ്ടു പാററിക്കൂടുന്ന വണ്ടുണ്ട്. ഓരോ വണ്ടിലും നവാമൃതം പോലെയുള്ള ഗാനഭേദങ്ങളുമുണ്ട്. അവിടെ സുന്ദരിമാരുടെ അധരശോഭ സന്ധ്യയായും, അവർ സ്തനതടങ്ങളിൽ അണിയുന്ന മുത്തുകൾ നക്ഷത്രങ്ങളായും, താമരയുടെ കാന്തിയെ കൃന്തനം ചെയ്യുന്ന അവരുടെ മുഖങ്ങൾ ചന്ദ്രന്മാരായും നവസുധാസ്യന്ദികളായ മന്ദഹാസങ്ങൾ ചന്ദ്രികകളായും തീരുന്നു. അവിടെ ക്രീഡാശൈലത്തിൽ പന്തുകളിക്കുന്ന കാമിനിമാരുടെ കെട്ടഴിഞ്ഞ തലമുടി കാണുമ്പോൾ വർഷാരംഭം ശങ്കിച്ചു പൊയ്കകളിലുള്ള രാജഹംസങ്ങൾ ആ സ്ഥലം വിട്ടു പോകുവാൻ ത്വരിക്കുന്നു. പാകശ്യോതം = വിശിഷ്ടവും ആർദ്രവും. ഫലധരലതാപത്രം = വെററില. പ്രതോളി = നിരത്ത്. നടികളുടെ കൂട്ടം മനസ്സി

Digitized By Kerala Sahitya Akademi

നെ ചലിപ്പിക്കുന്നു. ശാരം=പലമാതിരിയിലുള്ള നിറം. അങ്ങ യുടെ നേത്രപുണ്യത്തിൻെറ ആയുസ്സിനെ വർദ്ധിപ്പിക്കും.

൩൩. ഭർത്തുഃസ്നിഗ്ദ്ധം:—വിദ്ധി=നീ അറിയുക. കല്മാഷം=പാപം. ഭവതിയുടെ പ്രാണനാഥൻെറ ബാഷ്പപൂരവുമായ് തുലനം ചെയ്യുമ്പോൾ സമുദ്രം വെറും ഗോഷ്പദമാണെന്നു സാരം.

൩൩. തത്രാലോക്യാ:—അല്പമായ തൃണം ചലിച്ചാൽ പോലും വഴിയിലേക്കു നോക്കും.

൩൫. പീയൂഷസ്യ:—ആദ്യത്തെ ശ്ലോകം അധരത്തേയും രണ്ടാമത്തേതു മന്ദഹാസത്തേയും മൂന്നാമത്തേതു രോമാവലിയേയും പരാമർശിക്കുന്നു. എൻെറ ഭാഗ്യവല്ലിയുടെ ഇളന്തളിരാണ്. പാണ്ഡുതയുടെ യൌവനം; മല്ലികയുടെ മിത്രം; കാമദേവൻെറ യശസ്സാകുന്ന ദിവ്യവല്ലിയിലെ പുഷ്പം; അമൃതത്തിനു ലജ്ജയെ ഉൽപാദിപ്പിക്കുന്നതു്. മാധുര്യങ്ങൾക്ക് ആശ്രയം. നിയമനം=നിയന്ത്രിക്കുന്നതു്. നാഭിയാകുന്ന സമുദ്രത്തിൽ നീലക്കല്ലുകൊണ്ടുള്ള അണ; കാമദേവൻെറ ഉടവാൾ; സ്തനപർവ്വതത്തിൽനിന്ന് ഇറങ്ങിവരുന്ന കാളസർപ്പം; നിതംബബിംബമാകുന്ന കാമദേവൻെറ മണിരഥത്തിലെ നീലധ്വജം. അന്യപുഷ്ടങ്ങൾ=കുയിലുകൾ. സൌരഭീ=സൌരഭ്യം. പ്രലാപങ്ങൾകൊണ്ടു ഫലമെന്തു്? വിധിയുടെ ആരംഭം വിപരീതമാകുമ്പോൾ എല്ലാം വിപരീതംതന്നെ.

൩൯. അയിഗിരിവര:—അല്ലയോ പാർവ്വതീദേവി, ഞാൻ ഇത്രമാത്രം അഭ്യർത്ഥിക്കുന്നു. ഉൽകൃത്തികൾ=ഖണ്ഡനങ്ങൾ. സോച്ഛ്വാലമ്പടതയുടെ കബളനം തൃപ്തിയാകുന്നതുവരെ ചെയ്യുന്നതിലുള്ള രസം ഹേതുവായിട്ട്. കൃതാന്തൻെറ രസനയെ ത്തതിശയേന അനുസരിക്കുന്ന (തത്തുല്യമെന്നു സാരം). കൃപാണീയം എന്ന പദ്യത്തിൽ ചില വിശിഷ്ടങ്ങളായ വ്യാകരണപ്രയോഗങ്ങളുണ്ട്.

൩൦. നടന്മൃധ:—പ്രഥമഭൂധരം=കിഴക്കൻമല (ഉദയാദ്രി)

൩൩. തായ്പ്പാസിന്ധുഃ—കൌരവികളായ സ്ത്രീകളുടെ മുങ്ങുന്നതും പൊങ്ങുന്നതുമായ വദനകമലങ്ങളോടുകൂടിയ ആ നദി പൊൻതാമരകൾ ധാരാളമുള്ള ആകാശഗംഗയെ ഭയതരളമാക്കുന്നു.

൪൦. ഭാങ്ഗ്യാവ്യങ്ഗ്യാധ്വനി:—വ്യങ്ഗ്യമാർഗ്ഗത്തിൽ പരിചയിച്ചവർ. ബാല്യത്തിൽ തന്നെ പരിപക്വാവസ്ഥയെ പ്രാപിച്ച വ്യാകര

Digitized By Kerala Sahitya Akademi

ണജ്ഞാനത്തോടുകൂടിയവർ. സരസ്വതിയാകുന്ന കല്പലതയ്ക്കു ചെറിയ ഊന്നുകമ്പുകൾ. സുമനസ്സുകൾ=വിദ്വാന്മാർ.

൪൮. ഗൃദ്ധംതാസാം:—ജഘനത്തിൽ വ്യാമം (രണ്ടുകൈയും നീട്ടിയായാൽ ഒരു കൈയുടെ വിരലുകളുടെ അററം തൊട്ടു മറെറക്കൈയുടെ വിരലുകളുടെ അററം വരെ വരുന്ന നീളം) കൊണ്ടു ഗ്രഹിക്കേണ്ടവയും നടുവു മുഷ്ടികൊണ്ടു മാത്രം ഗ്രഹിക്കത്തക്കവയും ഹേമശൈലങ്ങൾ പോലെയുള്ള സ്തനങ്ങളോടുകൂടിയവയുമായ എൻെറ പ്രാണങ്ങൾ (പ്രേയസി).

൪൯. അസ്തിസകവി:—കവിലോകം നമസ്കരിക്കുന്ന പ്രസിദ്ധനായ ഒരു രാജാവുണ്ടു്. അദ്ദേഹത്തിൻെറ സേനയെ കാണുമ്പോൾ ശത്രു അനവധി വിപത്തുള്ളതും ക്ഷുദ്രജനങ്ങൾ അധിവസിക്കുന്നതുമായ പർവതത്തിൽ കയറി പല ദിക്കുകളിലുമായ് ഓടുന്നു. സാധുസംരക്ഷകനും പാപികളുടെ പതനവിഷയത്തിൽ ദൃഢവ്രതനുമാകുന്നു അദ്ദേഹം. യസ്മാൽ, ഉർവീ, ആപ, അരം, പ്രീതിം =യാതൊരുവനിൽനിന്നു ഭൂമി അത്യന്തം പ്രീതിനേടി; സത്തുകൾ യാതൊരുവൻെറ വ്യാപാരം അമലമെന്നറിയുകയും ചെയ്യുന്നു. അദ്ദേഹത്തിൻെറ പദസരോജങ്ങളിൽ നമിക്കുന്ന ഈ ജനത സദാ ലക്ഷ്മീസമ്പാദകനായ അദ്ദേഹത്തെ ഭൂതിധരനും വ്യാളപതി (വാസുകി)യെക്കൊണ്ടു് അലങ്കൃതമായ കൈയോടുകൂടിയവനുമായ രാജശേഖരൻ (ചന്ദ്രശേഖരൻ=ശിവൻ) എന്നു വ്യവഹരിക്കുന്നു. രാജപക്ഷത്തിൽ ഭൂതി ഐശ്വര്യം എന്നും വ്യാളം ആനയെന്നും. രാമനോടു തുല്യനാകകൊണ്ടാണു് ബ്രഹ്മാവു് അദ്ദേഹത്തെ രാമാഭിധാനനായ് ജനിപ്പിച്ചതു്. ശ്രീരാമൻ രക്ഷസ്സുകൾക്കു് അപായത്തെ ചെയ്തു; ഇദ്ദേഹത്തിൻെറ കർമ്മമോ രക്ഷയ്ക്കുള്ള ഉപായത്തെ ജനിപ്പിക്കുന്നതാണു്. അദ്ദേഹം സ്വശരീരംകൊണ്ടു പ്രാണികൾക്കു നേത്രപ്രമോദം നല്കുന്ന കാലത്തിൽ രവിഭൂവായ കവിയാൽ പുരദഹനം എന്ന ഈ കാവ്യം ബുദ്ധിബലത്തെ ആശ്രയിച്ചു ചുരുക്കി നിർമ്മിക്കപ്പെട്ടു.

൫൦. അവനതദേവം:—ഞാൻ സമ്പത്തിനായിക്കൊണ്ടു ദേവന്മാരാൽ നമസ്കരിക്കപ്പെടുന്ന പരമപുരുഷൻെറ ദേഹത്തെ വന്ദിക്കുന്നു. സമുദ്രത്തിൻെറ മദ്ധ്യത്തിൽ ആണു് അവിടത്തെ പദം (സ്ഥാ

Digitized By Kerala Sahitya Akademi

നം) ആ ദേവന്റെ തത്വം ഉത്തമമെന്നു യതികൾ അറിയുന്നു. കാവ്യലതകൾക്ക് ഉദ്യാനവും തേജസ്വിയുമായ ആ രാമരാജാവു ജയിക്കുന്നു. അദ്ദേഹം ഗജമസ്തകത്തിന്റെ വിലാസത്തെ വഹിച്ചു കൊണ്ടു നിരസ്തകലിമലമാകും വണ്ണം (ഇലാം) ഭൂമിയെ ചുമൽകൊണ്ടു ധരിക്കുന്നു. (അത്തരത്തിലുള്ള ചുമലോടു കൂടിയവനെന്ന് അൎത്ഥം.) നല്ല പ്രമേയത്തോടു കൂടിയതും എന്നാൽ യമകരൂപത്തിൽ നിബദ്ധവുമായ ഈ ശൌരികഥയിൽ ഇതിന്റെ ബലാബലങ്ങളെ ശംസിച്ചുകൊണ്ടു സത്തുക്കൾ അല്പം ദയ ചെയ്യട്ടെ.

൧൦. അൎത്ഥപ്രകാശികാ:—പൌരദഹനീ=പുരദഹനത്തെ സംബന്ധിച്ചതു്. ഗൌരീശാസനം മൂക്കോലയ്ക്കൽ ദേവിയുടെ കല്പന.

൧൧. മഹിഷപ്രോഥ:—പ്രോഥം=പന്നിയുടെ മൂക്കും വായും.

൧൨. അസ്തിസരാജാ:—നീതിക്കു പരയായ ഗതിയായ് രാമാഖ്യനായ ഒരു രാജാവുണ്ടു്. അനീതേഃ യസ്യധരാജാനീതേ കുലേ=ഈതി ശത്രുബാധ (യില്ലാത്ത) യാവനൊരുത്തന്റെ ധരാജാനികളാൽ (രാജാക്കന്മാരാൽ) പ്രാപ്തമായ കുലത്തിൽ രത്നങ്ങൾ ശോഭിച്ചിരുന്നു എന്നു ജനത അറിയുന്നു. യാതൊരുവൻ സേനയാകുന്ന (നാവാ) തോണികൊണ്ടു് ശരമയമായ (വാരി) ജലത്തെ (ധുനാനാഃ) പ്രവഹിപ്പിക്കുന്ന (അരിപ്രകരനദീഃ) ശത്രുസംഘങ്ങളാകുന്ന നദികളെ തരണംചെയ്തു. ഭൂമിയിൽ നാനാവാരി (പലവിധത്തിലുള്ള ഭാഷകളോടുകൂടിയ) വനത്തേയും (നാനാ, വാ, അരിവ്യസനൈഃ) അരിവ്യസനങ്ങളോടുകൂടാതെയും തരണം ചെയ്തു. ശ്ലോകത്തിലെ നാലാം പദത്തിൽ പൊടിവുള്ളതിനാൽ അൎത്ഥം അസ്പഷ്ടം. ശേഷം ശ്ലോകങ്ങളിലും അൎത്ഥക്ലിഷ്ടതയുണ്ടു്.

൧൩. ഏവമേനം:—ഇപ്രകാരം അതിമാനുഷചരിത്രനും സേവിക്കുന്ന ജനങ്ങളുടെ ദൈന്യത്തെ ഖണ്ഡിക്കുന്നവനും ആയ ഇദ്ദേഹത്തെ (ശങ്കരാചാൎയ്യരെ) കാണണമെന്നുള്ള ആഗ്രഹത്തോടുകൂടി, ഭിക്ഷുക്കളെ ആദരിക്കുന്ന കേരളരാജാവു് തന്റെ മന്ത്രിയെ അയച്ചു വിളിപ്പിച്ചു. ശങ്കരാചാൎയ്യർ കുശലപ്രശ്നംചെയ്തുകഴിഞ്ഞപ്പോൾ ശത്രുകാലനായ രാജാവു് താൻ നിൎമ്മിച്ച മൂന്നു നാടകങ്ങൾ പതിനായിരം പൊന്നോടുകൂടി അവിടുത്തേക്കു സമൎപ്പിക്കുകയും

Digitized By Kerala Sahitya Akademi

അതു ചുരുക്കത്തിൽ വായിച്ചുകേട്ട് "അവിടുന്ന് ഇതു തിരിയെ ഗ്രഹിച്ചുകൊള്ളുക" എന്ന് അരുളിച്ചെയ്തുകൊടുക്കുകയും ചെയ്തു. നിഘൃഷ്ടം=ഉരസിയതു്. പന്നഖം=പാദനഖം. ആ മൂന്നു നാടകങ്ങളും വർദ്ധിക്കുന്നുവോ എന്ന് അവിടുന്ന് ചോദിച്ചതിന്ന് പ്രമാദം കൊണ്ടു് അവ! അഗ്നിക്കിരയായ് തീർന്നുപോയ വിവരം രാജാവു് അറിയിച്ചു. അപ്പോൾ ആചാര്യസ്വാമികൾ അവ മുഴുവൻ ചൊല്ലിക്കൊടുക്കുകയും രാജാവു് എഴുതി എടുക്കുകയുംചെയ്തു. രാജശേഖരനാമാവായ അദ്ദേഹം വിസ്മിതനായി.

൯൪. രചയ:—ലാഘവത്തെ വജിക്കുന്ന ആത്മാവോടുകൂടിയവരാൽ മാത്രം ജയിക്കപ്പെട്ടതു്. അച്ചി=കിരണം.

൧൦൩. അത ഏവ ഹി ദേവസ്യ:—മഹിമാവുകൊണ്ടും നാമം കൊണ്ടും ശ്രീപാർവ്വതീദേവിയെ അനുസ്മരിപ്പിക്കുന്നു. സത്തുകളുടെ ആനന്ദത്തെ അത്യന്തം വർദ്ധിപ്പിക്കുന്നു. ചെവികളുടെ ഉപരിഭാഗത്തു വിന്യസിക്കപ്പെട്ടിട്ടുള്ള തുളസീമഞ്ജരിയുടെ പരിമളത്തെ ആഘ്രാണം ചെയ്യുന്നതിനോ എന്നു തോന്നുമാറു് നയനമാകുന്ന ഭൃംഗിയെ അതിനു സമീപം നയിക്കുന്നു.

൧൦൪. പ്രത്യഗ്രോദ്യൽ:—സ്ഥാസകം=സുഗന്ധിയായ ഗോപിക്കുറി ധരിച്ചിട്ടുള്ളതു്.

൧൧൦. ഇതിമഹിതപദാബ്ജേ:—(ഭദ്രനാരായണീയേ) ശങ്കരനാരായണമൂർത്തിയുടെ മഹിതമായ പദപത്മത്തിൽ ഭ്രമരവൃത്തിയെ ഭജിക്കുന്നവനും (ചാതകസ്യ) ചാതകത്തെപ്പോലെ (തൽകൃപാ) ജലാത്ഥിയുമായ ദാമോദരച്ചാക്കിയാരാൽ ഗൌരവമുള്ള ഈ ശിവവിലാസമെന്ന കാവ്യം നിബന്ധിക്കപ്പെട്ടു.

൧൨൦. അഥാസരതി:—മദമാകുന്ന അഗ്നിക്കു വിറകും പുരുഷന്മാരാകുന്ന ദേവന്മാരുടെ നിന്നിമേഷങ്ങളായ നേത്രങ്ങൾക്കു നന്ദനോദ്യാനവും തന്റെ ബന്ധുക്കൾക്കു കല്പവൃക്ഷവും യുവാക്കന്മാരുടെ ധൈര്യത്തെ ഒലിപ്പിക്കുന്നതും, മന്മഥനാകുന്ന വിശിഷ്ടഭടന്റെ മണിത്തേരുമായ യൌവനത്തിന്റെ ആസാരത്തിൽ (വഷത്തിൽ) ആ രാജപുത്രി ശോഭിച്ചു.

Digitized By Kerala Sahitya Akademi

൧൪൨. പക്ഷച്ഛിദാഃ—

> "പക്ഷങ്ങൾ ഗോത്രാരിയരിഞ്ഞ ഭൂമിഭൃ-
> ല്ലക്ഷങ്ങളാലാശ്രിതനിശ്ശരണ്യനോ
> ശ്രുക്ഷാരി തോല്പിച്ച നൃപാലരാൽപ്പരം
> രക്ഷയ്ക്കു ധർമ്മോത്തരമദ്ധ്യമൻ വിധം." (കുണ്ടൂർ)

൧൪൩. തുരുഷ്കോനിഷ്ക്രാമൽ:—നിഷ്ക്രമിക്കുന്ന കുതിരകളുടെ കുളമ്പുകളാകുന്ന തുമ്പകൊണ്ട് പൊടിക്കപ്പെട്ട ഭൂമിയിലെ ധൂളിക്കൂട്ടത്താൽ ആചമനം ചെയ്യപ്പെട്ട സമുദ്രജലത്തോടുകൂടിയവനും ബലാൽകാരേണ ഉള്ള ആകർഷണത്താൽ മുറിവേററ ശത്രുസ്ത്രീകളാൽ ചൂഴപ്പെട്ടവനമായ തുരുഷ്കൻ (ടിപ്പുസുൽത്താൻ) കൃതാന്തന്റെ ദിക്കിലേക്ക് (തെക്കൻദിക്കിലേക്കു) പുറപ്പെട്ടു എന്ന വാർത്തയുണ്ടായി.

൧൪൩. ജിതപാ:—ഫല്ഗോഫലേശൻ=നീലേശപരത്തു രാജാവ്. ഹൃതപാർത്ഥാനേതദീയാൻ. ഈ കോലത്തിരി രാജാവിന്റെ ധനങ്ങളെ അപഹരിച്ചിട്ട്.

൧൪൪. പരചക്രൈഃ—ശത്രുസൈന്യങ്ങളാൽ ആക്രമിക്കപ്പെടാത്തതും ധർമ്മസങ്കരം ബാധിക്കാത്തതും ആയ ഭൂമി ഭർത്താവിനാൽ രക്ഷിതയായാൽ ആ ഭർത്താവിന് ആപത്തു വരുമ്പോൾ അദ്ദേഹത്തെ രക്ഷിക്കുന്നു.

൧൪൫. സ്വേച്ഛ്വാ:—യഥേച്ഛം ഭഗ്നമാകുന്ന ഭാഗ്യമേഘത്തിന്റെ മിന്നൽപ്പിണരാകുന്ന ലക്ഷ്മിയെ ആക്കും തടുത്തു നിറുത്തുവാൻ സാധിക്കുന്നതല്ല; ആയുസ്സോ സർവ്വദാ പ്രയാണോന്മുഖമായിത്തന്നെ ഇരിക്കയും ചെയ്യുന്നു. കാവ്യാമൃതങ്ങളെക്കൊണ്ടു നിങ്ങളുടെ യശഃകായത്തെ രക്ഷിക്കുന്ന സൽകവികളെ, അല്ലയോ രാജാക്കന്മാരേ, നിങ്ങൾ ഗർവ്വംകൂടാതെ ആരാധിക്കുവിൻ. ഇവരുമായുള്ള പ്രേമബന്ധത്തിൽ നിങ്ങൾ വിരോധികളായിരിക്കരുത്. ഇവരുടെ പ്രസാദംകൊണ്ടു നിങ്ങൾക്കു സൽകീർത്തിയുണ്ടാകും. സന്തുഷ്ടന്മാരായ കവികൾ ശ്രീരാമന്റെ സച്ചരിത്രം നിർമ്മിച്ചു; അവർ ക്രുദ്ധന്മാരായപ്പോൾ മൂന്നുലോകവും ജയിച്ച ദശമുഖൻ (ലോകത്തിനു) ഹാസ്യനായിത്തീരുകയും ചെയ്തു.

Digitized By Kerala Sahitya Akademi

ഹർവ്വ. കിഞ്ചിൽപൂർവ്വാരണ:—

"ചൊല്ലൊാങ്ങും രണ്ടു മീമാംസകരം കലഗുരുവാ-
മാമഹർഷീന്ദ്രർ വാഴും
സത്മം കാൺകല്പമൊന്നായതിനടയകിഴ-
ക്കേപ്പുറം പോക്കളത്തിൽ
ദർപ്പം കൂടുന്ന വാദിപ്പടയവിടെ വരു-
ന്നാകിൽ വാദംനടത്താ-
നൊപ്പം വ്യാഖ്യാനശാലാവളഭിനിരയിൽ നി-
ല്ക്കുന്ന കീരങ്ങളത്രേ.

ശാസ്ത്രവ്യാഖ്യാനമെന്നോ ഹരിഹരകഥയോ
പാന്ഥസൽകാരമോ നൽ-
ശാസ്ത്രജ്ഞാലാപമോ ചെററവനുടെ ഹൃദയാ-
കർഷണം ചെയ്യുതാകിൽ
അത്തവ്വങ്ങുന്നിണങ്ങും ദ്വിജനിരയമരും
പൂവനക്കുന്നിൽ വാഴ്കെ-
സ്വസ്ഥം ക്രീഡിച്ചു,കങ്ങോർ തവ സുമധുരമാം
സൂക്തി കേരംക്കും; രസിക്കും.

ശ്ലാഘ്യശ്രീകണ്ഠസ്ഥിതിക്കൊത്തൊരു വിധമിഹ ഞാൻ
ശോഭനാത്മ്യത്തിൽ വിട്ടി-
ക്കേരംക്കേണ്ടും ശബ്ദമോടേ സുരസികസുമന-
സ്സേറിയഭ്രാന്തവൃത്യാ
സാമാന്യം ദൂരമെത്തിശ്ശിഥിലനിലയിലീ-
ക്കാവ്യമൊത്തങ്ങയേയാ-
ധീമാൻ നോക്കുന്നതായാലതുമുതലയി തേ
ശുദ്ധമാകും പ്രചാരം." (കുഞ്ഞിക്കുട്ടൻതമ്പുരാൻ)

ഹർൻ. പയ്യൂരാഢ്യ:—അല്ലയോ പയ്യൂരാഢ്യനായ മഹർഷേ; അങ്ങയെ ഞാൻ കവിതാമാർഗ്ഗത്തിൽ കാളിദാസനായും ദാനവിഷയത്തിൽ കല്പവൃക്ഷമായും സവ്ജ്ഞതയിൽ ബാലചന്ദ്രധരനായ പരമശി വനായും കല്പിച്ചു കഴിഞ്ഞിരിക്കുന്നു.

ഹർൻ. യസ്സിൻ:—സരസ്വതീദേവിയുടെ തൃക്കൈയിൽ വിലസുന്ന വീണയുടെ നാദത്തോടു തുല്യങ്ങളും ഗുരുവായൂരപ്പൻ പ്രകടമായ

Digitized By Kerala Sahitya Akademi

ശിരഃകമ്പം കൊണ്ടു സംഭാവനം ചെയ്യുന്നവയും വാഴപ്പഴത്തിൽ നിന്നൊഴുകുന്ന തേനിന്റെ പരിമളത്തോടു കൂടിയവയുമായ സൂക്തികളുടെ ജനയിതാവും എല്ലായ്പ്പോഴും വൈദികമാൎഗ്ഗസഞ്ചാരത്തിൽ ശ്രദ്ധാലുവും സാഹിത്യത്തിന്റെ മറുകരകണ്ടവനും കേരളഭൂമിക്കു തിലകവുമായ ഋഷി യാതൊരു ദാമോദരനിൽ പ്രീണനായിരിക്കുന്നു.

൧൦. വേദേസാദര:—ശാതം=മൂൎച്ചയുള്ളതു്. അങ്ങ് ആൎക്കുതന്നെ വിസ്മയത്തെ പ്രദാനം ചെയ്യുന്നില്ല!

൧൧. ശിഖണ്ഡി=മയിൽ. തുണ്ഡീരം=തൊണ്ടമണ്ഡലം. ഉപശല്യം=നഗരത്തിനു സമീപമുള്ള തുറസ്സായ സ്ഥലം.

൧൨. തപശ്ചരണ:—തപശ്ചൎയ്യയിൽ കുശലന്മാരും എല്ലാ ശാസ്ത്രങ്ങളും ശൈശവത്തിൽ തന്നെ അഭ്യസിച്ചവരും മഹായാഗങ്ങൾ അനുഷ്ഠിച്ചവരും വേദത്തിൽ ശ്രദ്ധാലുക്കളും ഉൽകൃഷ്ടകുലങ്ങളിൽ ജനിച്ചവരും സരസ്വതീദേവി നാവിൽ വസിക്കുന്നവരും അതിഥിസൽകാരംകൊണ്ടു ദിവസങ്ങൾ കഴിക്കുന്നവരുമായ ശ്രോത്രിയബ്രാഹ്മണർ. തീൎത്ഥൻ=ഉപാധ്യായൻ. അന്തേവാണികൾ=ശാസ്ത്രജ്ഞന്മാർ. താമ്രചൂഡക്രോഡനഗരം=കോഴിക്കോട്. ആഢൌകത=പ്രാപിച്ചു. സൌവിദല്ലന്മാർ=ഹരിക്കാരന്മാർ. ശത്രുരാജാക്കന്മാരുടെ പ്രതാപമാകുന്ന വേനൽകാലത്തിനു പുഷ്കലാവൎത്തമേഘമായുള്ളവൻ. കുടുംബി=ഗൃഹസ്ഥൻ.

൧൩. ദേവോപി:—വിഘടമാനം=വികസിക്കുന്നതു്. ആദിക്ഷൽ=ആജ്ഞാപിച്ചു. അഹ്നായ=വേഗത്തിൽ. മനസ്സംവനനം=ഹൃദയാകൎഷകം. ത്രൈവിദ്യൻ = മൂന്നുവേദങ്ങളിലും പണ്ഡിതൻ.

൧൪. നോലിപ്താ:—ഞാൻ ദിക്കുകളെ യശസ്സുകൊണ്ടു പൂശിയില്ല; ഗുരുക്കളെ ശുശ്രൂഷകൊണ്ടു സന്തോഷിപ്പിച്ചില്ല; ഋണത്രയം വീട്ടുവാനായ് ഗൃഹസ്ഥാശ്രമം സ്വീകരിച്ചില്ല; യാചകന്മാരുടെ ആഗ്രഹം പൂരിപ്പിച്ചില്ല; സ്ത്രീകളുടെ കഥകൂടി കേട്ടില്ല. ഇപ്പോൾ തന്നെ ആകസ്മികമായ് ദയയില്ലാത്ത വിധിഹതകനാൽ നയിക്കപ്പെടുന്നുവല്ലോ.

Digitized By Kerala Sahitya Akademi

൧൩൪. പ്രണയചപലാഃ:—സ്ഫാരങ്ങൾ=വിസ്തൃതങ്ങൾ. കാമവികാരത്തെ ജനിപ്പിക്കുന്നവ. ചലാചലതാരകാഃ=ഇളകുന്ന കൃഷ്ണമിഴികളോടു കൂടിയവ.

൧൩൪. കേളീരാവോ:—വിജയയുമായ് തുടന്ന നർമ്മസല്ലാപം അവസാനിച്ചില്ല; നടനം ചെയ്യുന്ന പരമശിവനിൽ പതിപ്പിച്ച നോട്ടം പിൻതിരിഞ്ഞില്ല; കാൽകൊണ്ടു ചവിട്ടിയപ്പോൾ പാദകടകം ഉച്ചത്തിൽ ശബ്ദിച്ചുപോലുമില്ല. അമ്മേ, പാർവ്വതീദേവി, അവിടത്തെ മഹിഷമഥനമെന്ന ഈ ലീല എന്തൊരുലീലയാണു് !

൧൩൪. അമീകിമപി:—കലച്ച വാഴകളുടെ തളിരിലകളിൽ തങ്ങി നില്ക്കുന്ന വണ്ടുകളോടുകൂടിയവയും മേഘങ്ങളെക്കൊണ്ടു മലിനമായ ആകാശം കാണുകനിമിത്തം ഉല്ലസിക്കുന്ന കഷ്കസ്ത്രീകളുടെ കണ്ണുകളുടെ കാന്തികൊണ്ടു താപിഞ്ഛവർണം കലന്നവയുമായ ഈ ദിനങ്ങൾ മനുഷ്യൎക്കു സന്തോഷത്തെ ജനിപ്പിക്കുന്നു.

൧൮൪. കയ്യാൽപ്രീതിം:—

കോട്ടം വിട്ടുച്ചസൌധാവലി ഗഗനതല-
 ത്തട്ടുരുമ്മുന്ന കോഴി-
ക്കോട്ടെന്നാപ്പട്ടണം നിന്നുടയ മിഴിയിണ-
 യ്ക്കേററമാനന്ദമേകും;
ചട്ടററാഞ്ചാഹ്ലവീയ്യത്തികവിൽ മറുനൃപ-
 ക്കൂററർ കപ്പം കൊടുക്കും
മട്ടൻപിൽ കാപ്പതുണ്ടാപ്പുരമുശിരുയരും
 കുന്നലക്കോനവന്മാർ.

വീടേതാണെങ്കിലും വെങ്കളി വിലസിന വെൺ-
 മേട; വെൺമേടതോറും
കേടേലാതേ മണക്കും പുതുമലർശയനം;
 പുഷ്പതല്പങ്ങൾ തോറും
കൂടേണ്ടും സ്ത്രീപുമാന്മാരതിരസമൊടഹോ;
 സ്ത്രീപുമാന്മാർകൾ തോറും
പാടേ കൂടിക്കളിക്കും ഭുവനവിജയനാം
 മാരനണ്ടാപ്പുരത്തിൽ.

Digitized By Kerala Sahitya Akademi

കണ്ണുത്തിങ്കൽ കരിംകുവളമലർ വെറുതേ
നൽക്കടാക്ഷം കിടക്കെ;-
ത്തിണ്ണം മന്ദസ്മിതം ചെല്ലവെയണിമുലമേൽ
ഭാരമാകുന്നു ഹാരം;
മിന്നും വാർകുന്തലേന്തും തനതു മണമതിൽ-
ത്തന്നെവണ്ടുന്മദത്താൽ
ച്ചിന്നുമ്പോളപ്പുരത്തിൽത്തരുണികളണിവൂ
മംഗലത്തിന്നു പുഷ്പം.

സ്വന്തം പെൺപൈതലാളാം രമയവിടെയിരി-
പ്പുള്ളതായ്ക്കണ്ടുപാരം
ചിന്തും സ്നേഹത്തിനാലുള്ളിളകുമൊരുവിധം
നിത്യവും വാഹിനീശൻ
ഹന്ത! ദ്വീപാന്തരത്തുള്ളണിമണികൾനിറ-
ച്ചുള്ള വൻകപ്പൽ മുറയും
ചന്തത്തോടിങ്ങിറക്കിത്തരളതരതിര-
ക്കൈകളാൽ പുൽകിടുന്നു.” (കുഞ്ഞിക്കുട്ടൻതമ്പുരാൻ)

൧൫൭. പ്രക്രീഡൽ:—ക്രീഡിക്കുന്ന കാർത്തവീര്യാർജ്ജുനന്റെ ഭുജങ്ങളെക്കൊണ്ട് ബന്ധിക്കപ്പെട്ടു പിന്നീടു പൊട്ടിയൊഴുകുന്ന നർമ്മദാനദിയിലെ ജലസമൂഹത്തിന്റെ ഗർവ്വത്തെ ശമിപ്പിക്കുന്നതിനു സാമർത്ഥ്യമുള്ള വാഗ്ഗുംഫം കൊണ്ട് ഗംഭീരൻ.

൧൫൮. ഉദ്ദണ്ഡഃ:—അങ്ങയുടെ ശാർദ്ദൂലമുദ്രാങ്കിതമായ കൊടി സൂര്യമണ്ഡലത്തെക്കാൾ ഉയർന്നുപോകുന്നു; ആ ഉയർച്ച തടയേണ്ടതാണ്; അല്ലെങ്കിൽ ആ മുദ്ര കണ്ടു ഭയപ്പെട്ടു ചന്ദ്രബിംബത്തിൽനിന്നു മാൻ ഓടിപ്പോകും; അപ്പോൾ ചന്ദ്രൻ അങ്ങയുടെ പ്രേയസികളുടെ മുഖങ്ങൾക്കു തുല്യനായിത്തീരുകയും ചെയ്യും.

൧൫൯. അനാരാദ്ധ്യ:—കാളിയെ ആരാധിക്കാതെയും വീടിയെ ആസ്വദിക്കാതെയും മന്ത്രശക്തിക്രൂടാതെയും മററു ഗ്രന്ഥങ്ങളിൽനിന്നു മോഷ്ടിക്കാതെയും വിസ്തരം കൊണ്ടു പ്രസിദ്ധമായുള്ള പ്രബന്ധം നിർമ്മിക്കുന്നതിന് ബ്രഹ്മസൃഷ്ടമായ ഈ പ്രപഞ്ചത്തിൽ ഞാനല്ലാതെ മറേറതൊരു കവിയുണ്ട്?

Digitized By Kerala Sahitya Akademi

൱൩൬. ധന്യധന്യധന്യനീനാഃ:—ധനിമാർഗ്ഗത്തിൽ സഞ്ചരിക്കുന്നവരായും മഹാഭാഷ്യസമുദ്രം ആചമനം ചെയ്തവരായും അന്യന്മാരുടെ ഗുണകണങ്ങളെ ശ്ലാഘിക്കുന്നവരായും ചില ധന്യന്മാർ കേരളവിപ്പെടുന്നുണ്ട്; അവരെ ഞാൻ നമസ്കരിക്കുന്നു. പ്രത്യാഹാര ഗ്രഹണത്തിൽപോലും (പാണിനീയവ്യാകരണത്തിൽ അണ് അക് മുതലായവ പ്രത്യാഹാരങ്ങൾ) മനസ്സ ഭ്രമിക്കുന്നവനും സാഹിത്യവിദ്യയിൽ ഒററക്കണ്ണനുമായ നാണപ്പനെന്നുപേരുള്ള ഒരാൾ എന്തെങ്കിലും വ്യവഹരിച്ചുകൊള്ളട്ടെ; അത്രയുംകൊണ്ട് എനിക്കു യാതൊരു ക്ഷതിയുമില്ല.

൱൩൬. കോലാനേലാ:—

ചാരേ നല്ലേലമാലാവനമണിമണികോ-
ലത്തുനാട്ടിൽക്കടക്കു;
പേരേറെച്ചൊൽപ്പെട്ടും ശങ്കരകവിമുതൽപേ-
രാസ്ഥലത്താണിരിപ്പു." (കുഞ്ഞിക്കുട്ടൻതമ്പുരാൻ)

൱൩൭. ജംഭരിപു:—ദേവേന്ദ്രൻെറ കൊമ്പനാനയുടെ മസ്തകങ്ങളുടെ ഡംഭത്തെ സ്തംഭിപ്പിക്കുന്ന കുചകുംഭത്തിൻെറ ആലിംഗനത്തിൽ തൽപരനായ ശിവനോടുകൂടിയതു്.

൱൩൭. സർവോൽകൃഷ്ടാ:—

"എല്ലാംകൊണ്ടും വലിപ്പം ദ്വിജർകളിൽ മലയാ-
ളത്തുനമ്പൂരിമാക്കാ-
ണല്ലാസാൽ വള്ളികൌണിപ്പുഴകളിടയിലു-
ള്ളോക്കിൽത്തന്നെ മെച്ചം;
ചൊല്ലാന്നീബ്ഭാരതാഖ്യപ്പുഴയിലുടയകാ-
റേററിടും ദിക്കിലുള്ളോ-
ക്കെല്ലാം സൌശീല്യവും വിദ്യയുമധികമൊരൈ-
ശ്വര്യവും കൂടമല്ലോ." (കുഞ്ഞിക്കുട്ടൻതമ്പുരാൻ)

൱൩൯. സപസ്മിൻവേശ്മനി:—എല്ലാവിഭവങ്ങളും നിറഞ്ഞ തൻെറ ഗൃഹത്തിൽ പൂജനീയന്മാരെ സമാരാധനം ചെയ്തുകൊണ്ടും ഗുണപൂർണ്ണയായ പ്രേയസിയോടും ഗുണവാന്മാരായ പുത്രമിത്രങ്ങളോടും കൂടി കേരളത്തിൽ വസിച്ചു ഭക്തിപൂർവം ശ്രീരാമൻേറയും ശ്രീകൃഷ്ണൻേറയും കഥകളെ ശ്രവണം ചെയ്തുകൊണ്ടും കാലം

Digitized By Kerala Sahitya Akademi

കഴിക്കുന്നവർ ധന്യന്മാരാകുന്നു. 'തദ്' എന്ന പദം 'അധിവ സൻ' എന്നതിനു മുൻപിൽ ഉദ്ധരിച്ചു ചേർക്കണം.

൧൭൭. ശംഖപ്രേംഖൽ:—പ്രേംഖത്ത്=ശബ്ദിക്കുന്നതു്. ചട്ടലം=സമീചീനം. പടഹം, ശൃംഗം, ഭേരി, താളം, വീണാ, ഢക്കാ, ഢ്ക്കാ ഇവ വാദ്യവിശേഷങ്ങൾ. രംഗത്ത്=ശബ്ദിക്കുന്നതു്. ഉഡ്ഡാമരം=ശബ്ദായമാനം. മഹനീയങ്ങളും വിശൃംഖലങ്ങളുമായ വിലാസങ്ങളോടുകൂടിയ (മഹേളകൾ) സ്ത്രീകൾ.

൧൭൮. അങ്ഗജ:—അങ്ഗത്തിൽ ജനിക്കുന്ന ചൂടിനെ നശിപ്പിക്കുന്ന കഞ്ഞി; കാമതാപത്തെ ശമിപ്പിക്കുന്ന സുന്ദരി. ലാവണ്യം ഘ്രാണാപക്ഷത്തിൽ ലവണഭാവം. അമൃതത്തെ താഴ്ത്തുന്ന ഉപദംശത്തോടുകൂടിയതെന്നു ഘ്രാണാപക്ഷത്തിൽ.

൧൭൯. ചോക്രൂയന്തേ:—വില്ലുതട്ടിക്കൊണ്ടു കുഞ്ഞുങ്ങൾ ഉച്ചത്തിൽ ആർത്തുവിളിക്കുന്നു. എല്ലാ സ്ത്രീകളും ഭർത്താക്കന്മാരെക്കൊണ്ടു് അത്ഥകാമങ്ങളെ നേടുന്നു. എല്ലാ പുരുഷന്മാരും പ്രേയസിമാക്കു വിചിത്രതരമായ വസ്ത്രം സമ്മാനിക്കുവാൻ അതിശയേന ഉഴറുന്നു.

൧൮൦. ഉദ്ദണ്ഡാഖ്യഃ:—ഗംഗാനദിയുടെ പ്രവാഹത്തിനു ലജ്ജ വരുത്തുന്നതും ഈഷൽഫുല്ലമായ മുല്ലപ്പൂവിലെ തേനിനെ ജയിക്കുന്നതുമായ ഇദ്ദേഹത്തിന്റെ വാഗ്ധാടി കേൾക്കേണ്ടതാണു്.

൧൮൧. അദ്യഖലു:—പാദമാകുന്ന പാരിജാതത്തിനു രാജകിരീടങ്ങളിലുള്ള മാണിക്യരത്നങ്ങളുടെ കിരണങ്ങൾ തളിരുകളാകുന്നു. പത്രപടലികാ=പത്തിക്കീറുകളുടെ കൂട്ടം. പരിക്ഷേപപാരീണം=നശിപ്പിക്കുന്നതിനു സമത്ഥം. ഖണ്ഡപരശു=ശിവൻ. അസഹിഷ്ണു=സ്പർദ്ധിക്കുന്നതു്. യശസ്സാകുന്ന വസ്ത്രംകൊണ്ടു് ആശാംഗനകൾക്കു പുതപ്പിടുന്നു. സരസിരുഹാസനവാമലോചനാ=വാണീദേവി. സാഹായ്യകദായി=സഹായിക്കുന്നതു്; അതുപോലെയുള്ളതു് എന്നു സാരം. സന്താനം=കല്പവൃക്ഷം. വൈകത്തനൻ=കർണ്ണൻ. വദാന്യർ=ദാനശൌണ്ഡർ. അനദ്ധ്യായപവ്വം=പഠിത്തംപാടില്ലാത്ത അഷ്ടമി, വാവു്, പതിന്നാങ്കു് മുതലായ ദിവസങ്ങൾ. കല്പവൃക്ഷാദികളുടെ മാഹാത്മ്യം സാമൂതിരിയുടെ മാഹാത്മ്യത്തെ അപേക്ഷിച്ചു നിസ്സാരമെന്നു സാരം. ശത്രുക്കളുടെ പരാക്രമമാകുന്ന ഇടിത്തീക്കു കല്പാന്തമേഘം. ധർമ്മമാകുന്ന മന്ദരപവ്വതത്തെ താങ്ങുന്ന ആദികൂർമ്മം. കലാപിനീ=പെൺമയിൽ.

Digitized By Kerala Sahitya Akademi

തന്റെ നഗരത്തിന്റെ പുറക്കൊട്ടിലിൽ ലക്ഷ്മീദേവിയാകുന്ന പിടിയാനയെ തളച്ചിരിക്കുന്നു. അദ്ദേഹത്തിന്റെ തേജസ്സാകുന്ന അഗ്നിക്കു ശത്രുക്കളുടെ ബാഷ്പപൂരമാണ് നെയ്യ്. പർവ്വതപാരാവാരപാകശാസനൻ=കുന്നലക്കോൻ. ആസ്ഥാനത്തിൽ വന്നുചേർന്നിട്ടുള്ളവർ. ബാണങ്ങളെക്കൊണ്ടുള്ള ആക്രമണം; ധൂളികളാകുന്ന മേഘങ്ങൾ; അവ ആദിത്യപ്രകാശത്തെ നിരോധിക്കുമ്പോൾ അഹസ്സ മേഘച്ഛന്നമായിത്തീരുന്നു. വെള്ളിലുകളാകുന്നതു കൊടിക്കൂറകളാണ്; അങ്ങനെയെല്ലാമുള്ള യുദ്ധമാകുന്ന മഴക്കാലത്തെ തന്റെ യശസ്സാകുന്ന സസ്യത്തിന്റെ സമ്പൽസമൃദ്ധിക്കായ് സൃഷ്ടിക്കുന്നു.

൧൩൨. അസ്ഥിദക്ഷണാപഥേ:—ഭൃഗുസംഭവൻ=പരശുരാമൻ. തന്തന്യമാനം=അതിശയേന വർദ്ധിപ്പിക്കപ്പെടുന്നതു്. മാതളമ്പഴത്തിന്റെ ശകലങ്ങളാൽ ഭൂമി തളിർവിരിക്കപ്പെട്ടപോലെ തോന്നുന്നു. ശിഖണ്ഡം=കുടുമ്മ. പരികർമ്മിതം=അലംകൃതം. പത്രരഥപരിവൃഢൻ=പക്ഷിശ്രേഷ്ഠൻ. പുരോഗൻ=അഗ്രേസരൻ.

൧൩൩. യേഷാംദോഷൈകനിഷ്ഠഃ:—യാവചിലരുടെ ദോഷൈകനിഷ്ഠമായ ഹൃദയാന്തർഭാഗം ഇരുട്ടിന്റെ ഭാരംപോലെയുള്ളതോ അവർ മന്ദനെ നിന്ദിക്കുന്നു എങ്കിൽ ഗുണകണികയിൽ സന്തോഷിക്കുന്ന സത്തുക്കൾ അതിനെ ഗണിക്കുന്നില്ല. എന്നുമാത്രമല്ല രസികന്മാർ ഈ നാടകം പുരാതനമെന്നും നൂതനമെന്നും ഉള്ള വിചാരത്തെ കൈക്കൊൾകയില്ല; നവരസമധുരമായ വാക്പ്രചാരം ഇതിൽ പ്രകടമായുണ്ടോ എന്നുമാത്രം നോക്കും.

൧൩൩. പ്രൗഢയ്യാൽ:—പണ്ഡിതന്മാർക്കു കവിവാക്കിൽ പഴയതെന്നും പുതിയതെന്നും ഉള്ള ചിന്ത എങ്ങനെ പ്രാദുർഭവിക്കും? കുററമുണ്ടെങ്കിൽ തള്ളുകയും ഗുണമുണ്ടെങ്കിൽ സ്വീകരിക്കുകയുമല്ലേ അവർ ചെയ്യുന്നതു്? അന്യൻ പരപ്രത്യയനേയബുദ്ധിയായ് അവമാനിക്കുന്നു എങ്കിൽ അത്രമാത്രംകൊണ്ടും എന്താണ് ഹാനി? അന്ധന്മാർ രത്നം കൈയിലെടുത്തു ചരൽകല്ലാണെന്നു വച്ചു താഴത്തേക്കു് എറിഞ്ഞാൽ അതു രത്നത്തിന്റെ ദോഷമാകുന്നതല്ലല്ലോ.

൧൩൪. ഭോഭോസൽകവയഃ:—ഖലന്മാരാകുന്ന പർവ്വതങ്ങൾക്കു വജ്രായുധങ്ങൾ. മിതവചസ്സായ ഈയുള്ളവൻ കാവ്യപഥത്തിൽ പ്രവർത്തിക്കുന്നതെല്ലാം കവിതയിലുള്ള കൗതുകംകൊണ്ടല്ലാതെ ആർട്ടി

Digitized By Kerala Sahitya Akademi

വൈഭവം ഹേതുവായിട്ടല്ല. അദ്ധാ=സത്യമായ്. സബ്രഹ്മചാരിണീ=തുല്യ.

൧൱൮. സ്ഫുരന്തിഗഗനാള്ദ്ദണേഃ— നടനചണ്ഡനായ ശ്രീപരമേശ്വരൻ ഭ്രമണം ചെയ്യുമ്പോൾ ഇളകുന്ന ആകാശഗംഗയിലെ ജലബിന്ദുക്കളോ എന്നു സന്ദേഹം തോന്നിക്കുന്നവയും കാമോത്സവത്തിനു വിധേയമാരായ അപ്സരസ്ത്രീകളുടെ സ്തനതടങ്ങളിൽനിന്നു പൊട്ടി വീണ മുത്തുകളെന്നു ഭ്രമം നല്കുന്ന വിലാസത്തോടുകൂടിയവയമായ നക്ഷത്രങ്ങൾ ആകാശത്തിൽ മിന്നുന്നു.

൧൱൯. 'ഞാൻ ഋഗ്വേദം പഠിച്ചു; കവിതയെ ആദരിച്ചു; ന്യായശാസ്ത്രത്തിൽ വ്യാപരിച്ചു; വ്യാകരണത്തിൽ വിജയിച്ചു; വിഷമമായ വൈശേഷികദർശനത്തിൽ ക്ലേശിച്ചു; പൂർവോത്തരമീമാംസകളിൽ പരിചയിച്ചു; സാംഖ്യദർശനം വ്യാഖ്യാനിച്ചു; സ്മൃതികൾ അഭ്യസിച്ചു; പുരാണപദവിയിൽ ശ്രദ്ധിച്ചു; യോഗത്തിലും പരിശ്രമിച്ചു.' കവിയുടെ വ്യാകരണപാണ്ഡിത്യം ഈ പദ്യത്തിൽ സ്പഷ്ടമായ് പ്രകാശിക്കുന്നു.

൧൱൰. ശബ്ദവ്യാകൃതിഃ—അങ്ങേയ്ക്കു ശബ്ദങ്ങൾ വ്യാകരിക്കുക എന്ന വിനോദത്തിലാണ് സാമർത്ഥ്യമെങ്കിൽ ഏതെങ്കിലും ഒരു പദത്തിന്റെ പ്രക്രിയ വേഗത്തിൽ ഭദ്രമാക്കുക. മീമാംസാരസമേദുരങ്ങളാണ് അങ്ങയുടെ വാക്കുകളെങ്കിൽ ഏതെങ്കിലും ഒരു ന്യായം ഉപക്രമിപ്പിക്കുക. തർക്കത്തിൽ കർക്കശനാണെങ്കിൽ ഏതെങ്കിലും ഒരു അനുമാനത്തെ പ്രപഞ്ചനം ചെയ്യുക. ഞാൻ വിദ്വത്സദസ്സിൽ പ്രതിവാദിയുടെ അസാധുവായ വാക്കിനെ വേഗത്തിൽ സോപപത്തികമായ് സാധുവാക്കും; സാധുവായ വാക്കിനെ അസാധുവാക്കും; മാനാഭാസത്തെ പ്രമാണമാക്കും; പ്രമാണത്തെ അപ്രമാണവുമാക്കും; സത്തിനെ അസത്താക്കും; അസത്തിനെ സത്തുമാക്കും. അല്ലയോ, വിദ്വാന്മാരേ, കേൾക്കുവിൻ; എന്റെ ചരിത്രം വിചിത്രമാകുന്നു.

൧൱൰. ഉക്തിപ്രത്യുക്തിഃ—ഉക്തിപ്രത്യുക്തിമാർഗ്ഗത്തിൽ സഞ്ചരിച്ചു പരിചയമുള്ള ഒരു പണ്ഡിതനുണ്ടെങ്കിൽ അദ്ദേഹത്തെ ഞാൻ ഈ വിദ്വൽസദസ്സിൽ സ്വാഗതം ചെയ്യാം. എന്നാൽ അങ്ങോ ഇവിടെ വന്നുചേർന്നപ്പോൾ തന്നെ ഭയപ്പെട്ടു കഴിഞ്ഞിരിക്കുന്നു. ഗരുഡൻ ഭയം കൊണ്ടു് ഭ്രാന്തെടുക്കുന്ന സർപ്പരാജാവിന്റെ

Digitized By Kerala Sahitya Akademi

ഭാൎയ്യയുടെ ഗൎഭത്തെ സ്രവിപ്പിക്കുകയല്ലാതെ തവളകളെത്തിന്നുന്ന നീൎക്കോലികളുടെ നേൎക്ക് ഒച്ചവച്ചുകൊണ്ടു സംഭ്രമത്തോടുകൂടി പാഞ്ഞു ചെല്ലുന്നുണ്ടോ?

൩൩൭. ഹൃദാകാശേ:—എന്റെ ഹൃദയമാകുന്ന ആകാശത്തിൽ ചിദാദിത്യൻ എല്ലായ്പ്പോഴും ഇടവിടാതെ പ്രകാശിക്കുന്നു. ഉദയവും അസ്തമയവും എനിക്കു തന്നിമിത്തം ഇല്ല. ഞാൻ എങ്ങനെയാണ് സന്ധ്യയെ ഉപാസിക്കുന്നതു്?

൩൩൮. വിശ്വാമിത്രസ്യ:—ശ്രാദ്ധം = ശ്രദ്ധാന്വിതം. ഹരിണഭൎത്തൃകം=മൃഗാധിപന്മാർ (സിംഹങ്ങൾ). വ്യധിത=വിധാനംചെയ്തു (നിൎമ്മിച്ചു). പിതൃവ്യചഞ്ചു = പിതൃവ്യനാൽ പ്രസിദ്ധനായവൻ.

൩൩൯. ലക്ഷ്മീമക്ഷീണ:—ഭൂമി നിമിത്തമുള്ള ലക്ഷ്മിയെന്നു രാജപക്ഷത്തിലും സീതാദേവിയെന്നു രാമപക്ഷത്തിലും. സുമന്ത്രേ=സന്മന്ത്രണത്തിൽ എന്നു രാജപക്ഷത്തിലും സുമന്ത്രനിൽ എന്നു രാമപക്ഷത്തിലും. ചിത്രഭാനു=അഗ്നി എന്നും ആദിത്യനെന്നും. വിശ്വാമിത്രാധികാനന്ദനൻ=രാജപക്ഷത്തിൽ എല്ലാ അമിത്രങ്ങൾക്കും ഏററവും അനന്ദനൻ (ദുഃഖപ്രദൻ). ലാലസീ=അത്യാശയോടുകൂടിയവൻ. ലാലസീതി=അതിശയേന ലസിക്കുന്നു.

൩൪൦. യൽകീൎത്തിഃ:—ന മാതി = അടങ്ങുന്നില്ല. ആലാപാവിഷയങ്ങൾ=വാചാമഗോചരങ്ങൾ.

൩൪൧. കൃഷ്ണോവിബുധാധിപതിഃ :— വിബുധാധിപതിഃ = ദേവശ്രേഷ്ഠനെന്നും പണ്ഡിതവരേണ്യനെന്നും. ഗീതാവിദ്യയുടേയും മററും ദാനത്തിൽ നിഷ്ണാതനാണല്ലോ ശ്രീകൃഷ്ണൻ.

൩൪൨. ശൃങ്ഗാരശൎക്കരാ:—ശൎക്കരാക്ഷോദം=കല്ലുണ്ടപ്പൊടി. ദ്വാരാപിധാനം=വാതിൽത്തുറക്കൽ. സന്ദേശകാവ്യമാകുന്ന ഈ പൎവ്വതം ശുദ്ധാൎത്ഥങ്ങളുടെ പൊക്കംകൊണ്ടു ദുൎഗ്ഗമമാണ് എങ്കിലും പ്രജ്ഞാബലംകൊണ്ട് എന്നാൽ ആരോഹണം ചെയ്യപ്പെടുന്നു. തളൎന്നു വഴിയിൽ വീണാൽ ഘനമുള്ള ഗുരുകൃപയാകുന്ന വടി താങ്ങാക്കിക്കൊണ്ടു വളരെ പ്രയാസപ്പെട്ടു കിഴവനെപ്പോലെ ഈ പൎവ്വതത്തിന്റെ മുകൾപ്പരപ്പിലേക്കു ഞാൻ പോകും.

Digitized By Kerala Sahitya Akademi

൧൬൭. ക്ഷ്മാഭൃൽപാഥോധി:—വിബുധാഗ്രേസരനായ മാനവേദൻ ത ൻെറ സതീർത്ഥ്യന്മാരായ രുദ്രൻ, ശേഖരൻ ഇവരോടുകൂടി ശുക സന്ദേശസമുദ്രം മഥിച്ച് അതിൽനിന്ന് അർത്ഥമാകുന്ന കല്പവൃ ക്ഷം നേടി.

൧൬൮. ക്ഷ്മാഭൃദപാരിനിധീ :— അച്ച്ിതം=ബഹുമതം. അക്ഷപാൽ= അക്ഷപാദമഹർഷി. ഗവീ=വാക്ക്.

൧൬൯. കപചിൽ:—ഒരു വശത്ത് ഉദ്ധതമായ താണ്ഡവം; മററൊരു വ ശത്തു മന്ദമായ ലാസ്യം. ഇത്തരത്തിൽ പാവ്തീപരമേശ്വര ന്മാരുടെ നടനത്തെ കവി വർണിക്കുന്നു.

൧൭൦. ആദിഷ്ടോസ്മി:—ആദിഷ്ടൻ = ആജ്ഞാപിക്കപ്പെട്ടവൻ. അ ദഭ്രപം=അപ്രതിമം. മിഹിരസുതൻ=കർണൻ. വിതരണ ധൌരേയന്മാർ=ദാനശൌണ്ഡന്മാർ. സവനം=യാഗം. പാ ഥഃപരിവൃഢൻ=സമുദ്രം. പരാചീനം=പിന്തിരിഞ്ഞതു്. നി യതിയുടെ വൈമുഖ്യം ശ്രീരാമൻേറതെന്നു കഥിക്കപ്പെടുന്ന ത്രൈലോക്യവിഖ്യാതമായ ഈ രാജാവിൻെറ ഗുണഗണത്തെ കാണുമ്പോഠം ആശ്ചര്യപ്പെടുന്നു. ചണ്ഡകരൻ=സൂര്യൻ. പാ ടച്ചരൻ=മോഷ്ടാവു്. കൊടിയടയാളം ഹനുമാനാണ്. ശങ്ക രശരാസനം=മഹാമേരു. തൻെറ വില്ലിൻെറ പാടു മഹാമേ രുവിലുമുണ്ടു്. ചരണായുധക്രോഡം= കോഴിക്കോടു്. അവിടു ത്തെ യുദ്ധഭൂമിയാകുന്ന രംഗമണ്ഡപത്തിൽ കബന്ധങ്ങളുടെ നൃത്തം നടക്കുന്നുണ്ടു്. അതിന് ആനകളുടെ വയറുകളാകുന്ന ഗുഹകളിൽ കേറുന്ന കാററു കൊണ്ടുണ്ടാകുന്ന ഭാങ്കാരമാണ് പടഹധ്വനി; കഴുകന്മാരുടെ ക്രേങ്കാരമാണ് പാട്ടു്; കറു ക്കന്മാരുടെ വക്ത്രമാകുന്ന പന്തമാണ് വിളക്കു്; വേതാളങ്ങളാ ണ് കാഴ്ചക്കാർ. നിർണ്ണിക്തം=ക്ഷാളനം ചെയ്യപ്പെട്ടതു്. സോ മപന്മാർ=സോമപീഥികഠം.

൧൭൧. അചുംബിതഃ:—ദോഷങ്ങഠം ചുംബിക്കാത്തതു്. നടലോകത്തി ൻെറ ഭാഗ്യത്തെ വർദ്ധിപ്പിക്കുന്നതു്.

൧൭൨. വിപഞ്ചീം പ്രകപാണഃ:—നികപാണം വീണയേയും, പരിമളം പൂന്തൊത്തിനേയും, വസന്തലക്ഷ്മി ഉദ്യാനത്തേയും, യൌവനാവ സ്ഥ മദസന്ദോഹത്തേയും, ലജ്ജാമുദ്ര വധുവിനേയും, കാന്തി

Digitized By Kerala Sahitya Akademi

ചന്ദ്രകലയേയും പ്രഭ രത്നത്തേയും എങ്ങനെയോ അതുപോലെ പ്രൌഢയായ ഘടന കാവ്യത്തേയും തിലകംപോലെ അലങ്കരിക്കുന്നു.

ഫന്റെ. ഉദ്ദാമ:—ഖഡ്ഗി=കാണ്ടാമൃഗം. ഉല്ലളത്ത്=ചഞ്ചലം.

ഫൈ. വടതലഗതോപി:—വടതലഗതനായ രുദ്രൻപോലും അവരുടെ വ്യാഖ്യാനം കേട്ടിട്ടു ശിരഃകമ്പം പൂണ്ടു മന്ദമായ് ഉലയുന്ന ചന്ദ്രനേയും ഇളകുന്ന സർപ്പകുണ്ഡലത്തേയും ധരിക്കുന്നു.

ഫവ്വൈ. തസ്യൈവ:—അദ്ദേഹത്തിന്റെ (മണ്ഡലാഗ്രം) ഉടവാൾ കണ്ടാൽ ജയലക്ഷ്മിയുടെ മുടിക്കെട്ടിൽ നിന്നുതിരുന്ന മുല്ലപ്പൂമാലയിലെ ബഹളമായ പരിമളത്തിൽ സംഗമിക്കുന്ന വണ്ടിണ്ടയാണോ എന്നു തോന്നും. കൃതകരണീയത=ചെയ്യേണ്ടതുചെയ്തു എന്നുള്ള അവസ്ഥ.

ഫൻ. പാരേദക്ഷിണ:—ദക്ഷിണഗങ്ഗ=ഭാരതപ്പുഴ. വൈതാനാഗ്നി=യാഗഹോമാഗ്നി. നൈരന്തരീ=നിരന്തരത. ഖലൂരിക= കളരി. പാരശവൻ=വാരിയർ. സാർവലൌകികന്മാർ=എല്ലാജനങ്ങളാലുമറിയപ്പെടുന്നവർ. തിതീഷ=തരണംചെയ്യുന്നതിനുള്ള ആശ.

ഫവ്വം. മനോരമായാം:—വഷ്മാവ്=ശരീരം.

ഫവ്വഫ. ഗരുദ്വ്യായാമായ:—ചിറകുകൾക്കു വ്യായാമം നല്കുവാൻ സ്വയം അങ്ങിങ്ങു സഞ്ചരിക്കുമ്പോൾ ഹംസം സൈ്വരിയാണു്; ഈ പത്മിനി അങ്ങേയ്ക്കു വശഗയുമാണ്. അതുകൊണ്ടു സരസതരമായ് പക്ഷികൾ ശബ്ദിക്കുന്ന ഈ പൊയ്കയുടെ തീരത്തിലുള്ള പൂങ്കാവിൽ, അല്ലയോ വണ്ടേ, മെല്ലെ പാടിക്കൊണ്ടു കുറെക്കാലം കഴിച്ചുകൂട്ടുക.

ഫവ്വഫ. പലിതാനി:—ഈ നരകൾ ചന്ദ്രപ്രകാശങ്ങളുടെ ശകലങ്ങളാണെന്നു ഞാൻ ശങ്കിക്കുന്നു. ഇതുകൊണ്ടു തന്നെയാണ് അവയ്ക്കു മുന്നിൽ സ്ത്രീകളുടെ ലോചനങ്ങളാകുന്ന പത്മദളങ്ങൾ കൂമ്പിപ്പോകുന്നതു്.

ഫവ്വ൨. ചന്ദ്രാർദ്ധോദ്ധരണസ്യ:—സാഗരപുരം=തകരപ്പുറം. വാസ്തുകനിമ്നം=ചീരക്കുഴി.

ഫവ്വർ. മാടക്ഷമാരമണ:—കൊച്ചിരാജാവിന്റെ ഭുജബലത്താൽ പരിരക്ഷിക്കപ്പെട്ടുപോരുന്ന ഈ സഭ പരവശയാകുമെന്നു ശങ്കിക്ക

Digitized By Kerala Sahitya Akademi

രുത്ത്. ഏകാകിനിയും ലങ്കാമദ്ധ്യഗയുമായിരുന്നു എങ്കിലും രാമഭദ്രന്റെ പ്രേയസിയായ സീതാദേവി രാവണനെ പ്രാപിച്ചുവോ?

൧൫൪. മാപ്രാണംത്യജ:—മാപ്രാണമെന്ന സ്ഥലത്തെ ത്യജിക്കുക. പ്രാണനെ ത്യജിക്കാതെയിരിക്കുക.

൧൫൫. സുജാതവസുജാതം:—നല്ലപോലെ സമാർജിതമായ ധനസമൂഹം. പ്രഫുല്ലം=സമുല്ലസിച്ചത്.

൧൫൬. രാജൽകീർത്തി:—

ശ്രീമൽകീർത്തികൾ പാരുമൂന്നിലുമെഴും
 ശ്രീരാജരാജാഖ്യനാം
ഭൂമീന്ദ്രൻ പ്രളയം വരയ്ക്കുഴൽപെടാ-
 തീയൂഴി പാലിക്കണം.
സോമാർദ്ധാഭരണന്റെ മെയ് പകുതി സ-
 മ്പാദിച്ച പുണ്യാളിയാം
കാമാക്ഷീ കുലദേവതാ മമ സദാ
 കാമങ്ങളേ നല്കണം. (കവിയൂർ രാമൻനമ്പിയാർ)

൧൫൭. അസ്ഥിഖലു:—ഭൃഗുകലാകല്പം= ഭൃഗുകുലത്തിന് അലങ്കാരമായ പരശുരാമൻ. ശൌണ്ഡീര്യം=ഉൽകർഷം. മനസ്സാരം=ചിത്താഭോഗം. സ്ത്രൈണം=സ്ത്രീസമൂഹം. ആഭോഗം=വിസ്താരം. ആവിഭഗ്നം=നല്ലപോലെ വളയ്ക്കപ്പെട്ടത്. സാവിത്രവംശം=സവിതാവിന്റെ (സൂര്യന്റെ) വംശം. ഹേതിമഹേള=വാളാകുന്ന സ്ത്രീ.

൧൫൮. സ്വർണ്ണകുസുമഇവ:—പൊൻപൂവിൽ പരിമളംപോലെയും കരിമ്പുവില്ലിൽ ഫലോൽപത്തിപോലെയും ചിത്രശരീരത്തിൽ ചൈതന്യം പോലെയും രത്നമാലയിൽ മാർദ്ദവംപോലെയും ആണ് രാജാവിന്റെ വൈദഗ്ദ്ധ്യം.

൧൫൯. യത്രാസത്തിം:—ആസത്തി=ചേർച്ച. ബ്രഹ്മാനന്ദാനുഭവത്തോട് ഒന്നിച്ചുപോകുന്നത്; അതിനു തുല്യമെന്നു താൽപര്യം.

൧൬൦. സ്വഭാവഃ:— കമ്പ്രം=ചലിക്കുന്നത്. കീലങ്ങൾ=തൂണുകൾ.

൧൬൧. ഭാസ്വദ്വംശ:—മഹായുദ്ധങ്ങളിൽ ശത്രുക്കളാകുന്ന പശുക്കളെ വധിച്ചിട്ട് അവയുടെ പുതുനിണമാകുന്ന കുങ്കുമരസം പ്രേയസിയായ ഭൂദേവിയുടെ ശരീരത്തിൽ പൂശി.

Digitized By Kerala Sahitya Akademi

൨൦൮. ഉപചിതമിവ:—

കണ്ണുകൾക്കുടയ ഭാഗധേയമൊരുമിച്ചു
കൂടി മരുവുന്നതിൻ
വണ്ണമങ്ങു വലുതായിടുന്ന കളുർകൊങ്ക-
യുഗ്മമൊട്ടുമചന്നഹോ
തിണ്ണമേറെ മദമാന്നിടുന്ന കളഹംസി
പോലിഹ മനോജ്ഞമാം
വണ്ണമങ്ങനെ നടന്നുകൊണ്ടു ഹൃദി
നൽകിടുന്നു മമ കൌതുകം. (ക. രാ. ന.)

൨൦൯. ആളീനാംവചനേ:—

ആളിമാർമൊഴികൾകേൾക്കയില്ലുഴകിൽ
നോക്കയില്ല കിളിയെബ്ഭിസം
വ്യാളിയെന്നു കരുതിസ്സഹിക്കുകയുമില്ല
പോർമുലയിൽ വച്ചുകിൽ;
വ്രീളപൂണ്ടഥ ശിരീഷകോമളശരീരയാ-
മവളുണന്നഹോ
നീളെനീളെയൊഴുകുന്ന ബാഷ്പമൊട്ടു
മേവിടുന്നു ശയനേ സദാ. (ക. രാ. ന.)

൨൧൦. കടിലമസിതമേഘ:—

ചുരുണ്ടും നീണ്ടേററം നിബിഡതരമായ്-
ക്കാർമുകിൽ കണ-
ക്കിരുണ്ടും തുങ്ങീട്ടുള്ളൊരു ചികര-
ഭാരത്തൊടുമഹൊ
കറയ്ക്കുന്നു പിന്നിൽപ്പെട്ടമഴകുകൊണ്ടും
ധൃതിയെ മാ-
ധുരിക്കുണ്ടോ ഭേദം ഗുളഗുളികതന്നേതുപുറവും. (ക. രാ. ന.)

൨൧൧. തുന്ദിലോമശ:—

ഏറെരോമമൊട്ടു പീനമായ്ക്കുറിയമെയ്യൊടും
പൊടികളാൽ മുഷി-
ഞ്ഞൊരു മുണ്ടു കടവസ്ത്രമേലുടനയച്ചു
ചുററിയരിശത്തിനാൽ

Digitized By Kerala Sahitya Akademi

തീരെ മീശകലരാത്ത വക്ത്രമതു രക്തമായഥ
　　　കഷണ്ടിപൂ-
ണ്ടാരിതോക്കിലിഹവന്നിടുന്നു വടിയേന്തി
　　　ഹാ! വികൃതവേഷനായ് ? (ക, രം. ന.)

൨൦൯. അർദ്ധാലക്ഷ്യ:—

ഒട്ടുനൽത്തുടകൾകാൺകവേ ചെറിയ ചേല
　　　ചുററി മൃദുമെയ്യില-
ങ്ങൊട്ടുമാഭരണമില്ലയെങ്കിലുമതുല്യകാന്തിയധരി
　　　യോടഹോ!
പുഷ്ടമോദമൊടുമെണ്ണതേച്ചു മുടികെട്ടി
　　　വെററിലനകന്തതൻ
വീട്ടിൽനിന്നഥ കുളത്തിലേയ്ക്കു ബത! പോയിടുന്നിതു
　　　കുളിക്കുവാൻ. (ക. രാ. ന.)

൨൦൯. പ്രാലേയാംബു:—

മേലെല്ലാംപനിനീരുചേർത്തൊരു പടീ
　　　രച്ചാറുതേച്ചുള്ളനാ-
ജാലത്തോടഥ കാവ്യനാടകഗണം
　　　വായിച്ചുകേട്ടങ്ങനെ
ചാലേ മെല്ലവെ വീശിടും വിശറിതൻ
　　　കാറേററു വാഴുന്നിതി-
ക്കാലേ വെള്ളയടിച്ച നല്ലഭവന-
　　　ത്തിൽ ഭാഗ്യവാന്മാർ ചിലർ. (ക, രാ. ന.)

൨൦൯. പാണ്ഡു:—

പാരം പാണ്ടുപിടിച്ച പാണ്യധരപാ-
　　　ദത്തോടുമഗ്രംനര-
ച്ചോരക്കേശമൊടും കഴുത്തതിലെഴും
　　　താംബൂലചമ്മത്തൊടും
സൈ്വരം ഹന്ത! തനിക്കുചേർന്നൊരുവളൊ-
　　　ത്തോരോന്നുരച്ചങ്ങനേ
പേരാൽച്ചോട്ടിലിരുന്നിടുന്നൊരുവനൊ-
　　　ററക്കണ്ണനുക്കത്തൊടും. (ക. രാ. ന.)

Digitized By Kerala Sahitya Akademi

൨൦൯. സന്താനലാഭം:—

സന്താനമുണ്ടായ്‌വരുമെന്നതോത്ത്
സന്തോഷമുൾക്കാമ്പിലുദിച്ചിടുന്നു;
ചിന്തുന്ന താരുണ്യവിനാശമോത്ത്
സന്താപവും മേ വളരുന്നു ചിത്തേ. (ക. രാ. ന.)

൨൧൦. പശ്ചാദചിലംബ:—

അരുണനിറമിയന്നപ്പശ്ചിമേ പാത്തിടുന്നി-
ത്തരണിയുടയ ബിംബം പാശിതന്നാശയാകും
തരുണിയുടയ കർണത്തിങ്കലെപ്പല്ലവാല-
ങ്കരണരുചിവിലാസംതാൻ ഭരിക്കുന്നിതിപ്പോൾ. (ക. രാ. ന.)

൨൧൦. ആപാദചൂഡം:—അസമച്ഛദാനാം=ഏഴിലംപാലകളുടെ.

൨൩൦. ആശ്ലേഷേ:—ആലിങ്ഗനത്തിൽ ഭുജവല്ലികൾക്കു ക്ഷണനേരത്തേക്കുണ്ടാകാവുന്ന അയവ്; സുരതശ്രമം കൊണ്ടു ശയ്യയിൽ വരാവുന്ന ഉറക്കം; സംഭാഷണത്തിൽ സംഭവിക്കാവുന്ന വിരാമം; നേത്രത്തിനുള്ള നിമീലനം; ഇതെല്ലാമാണ് കാന്തകളുമായുള്ള വിരഹം; ശേഷമുള്ളതു മരണമാകുന്നു.

൨൩൧. ചിത്രം ചിത്രം:—ആശ്ചര്യം; ആശ്ചര്യം. ഇതെന്ത്? ഭൂമിയിലെത്തിയ സ്ഥായിയായ ഒരു മിന്നൽക്കൊടി; അതിൻെറ അഗ്രഭാഗത്തിൽ ഇരുട്ടിൻകൂട്ടത്തെ ധരിക്കുന്ന പൂർണ്ണചന്ദ്രൻ; ചന്ദ്രബിംബത്തിൽ രണ്ടു കരിംകൂവളപ്പൂവിൻെറ ഇതളുകൾ; അവയ്ക്കു സമീപം പവിഴം; അതിനു താഴെ രണ്ടു തങ്കക്കുടങ്ങൾ; ഈ മിന്നൽക്കൊടി വിലാസത്തോടുകൂടി സഞ്ചരിക്കയും ചെയ്യുന്നുവല്ലോ.

൨൩൨. ആരക്തകോകില:—അനംസീൽ=നമിച്ചു.

൨൩൩. വേരും തണ്ടും:—ആനുഭാവം=ആസമന്താൽ ഉള്ള അനുഭാവം.

൨൩൪. കാന്ത്യാനിർജിത:—കാർമണം=വശീകരണം.

൨൩൫. സങ്കല്പ:—“ഈ കാമിനിക്കും കാമുകനും സങ്കല്പസങ്ഗമംകൊണ്ടുണ്ടാകുന്ന സുഖാനുഭൂതിക്കു ഞാൻ അപ്പോഴപ്പോൾ കടന്നുചെന്നു ഭങ്ഗമുണ്ടാക്കുന്നില്ല” എന്നു ചിന്തിച്ചു നിദ്ര ഒരു നിപുണയായ സഖിയെപ്പോലെ അവരെ വിട്ടു പിരിഞ്ഞുപോയി.

൨൪൧. വിദ്വജ്ജനേ:—സൽകവിതയെക്കൊണ്ടു ശോഭിക്കുന്ന വിദ്വാന്മാർ ലസിക്കുമ്പോൾ ഞങ്ങളും (ഞാനെന്നർത്ഥം) വാഗ്മിതയുത്തെ

Digitized By Kerala Sahitya Akademi

ആശ്രയിക്കുന്നു. മനോഹരകാന്തിപൂരനായ ചന്ദ്രന്റെ ഉദയത്തിൽ നക്ഷത്രങ്ങളും ആകാശവീഥിയിൽ മോദത്തെ ഉൽപാദിപ്പിക്കുന്നില്ലേ? ഹൃദ്യങ്ങളല്ലാത്ത പദ്യങ്ങളും വിദ്വാന്മാരുടെ മുഖങ്ങളിൽ നിന്നു വിനിർഗ്ഗമിക്കുമ്പോൾ ഹൃദ്യങ്ങളാകുന്നു; മേഘങ്ങൾ പാനംചെയ്തു് ഉദ്വമിക്കുന്ന സമുദ്രജലം പോലെ.

൨൭. കരംബിതം=ഇടകലൎന്നതു്. ഭഗവാന്റെ ഉദരമാകുന്ന സമുദ്രത്തിൽ ജഗത്തുകളാകുന്ന അണ്ഡങ്ങൾ കുമിളകൾപോലെ കാണപ്പെടുന്നു.

൨൮. ലളിതഗമനം:—നാളീക (താമര) ശ്രീ വിജേതാവു്=ചന്ദ്രൻ.

൨൯. പലായധ്വം:—ദൂരെ ഓടി പോകുവിൻ; ഭൂമിയിലുള്ള വിശ്വാസത്തെ വെടിയുവിൻ; ഭാൎയ്യമാരിലുള്ള സ്നേഹത്തെ ത്യജിക്കുവിൻ; വഞ്ചിരാജാവു വിജയിയായിരിക്കുന്നു. വേഗത്തിൽ ചലിച്ചുകൊണ്ടിരിക്കുന്ന ക്രൂരയുടെ തുമ്പാകുന്ന വ്യാജത്താൽ സേനാമുഖത്തിൽ ധൃതമായ രാജാവിന്റെ കേതുദണ്ഡം ഇങ്ങനെ ഓരോന്നു പറഞ്ഞു ശത്രുരാജാക്കന്മാരെ അടക്കുന്നു.

൩൦. ആവൃണ്വാന്ത്യോ:—ഈ ശ്ലോകത്തിൽ വാഹിനീശബ്ദത്തിനു സേനയെന്നും നദിയെന്നും അൎത്ഥം; വിശേഷണങ്ങൾ എല്ലാം രണ്ടൎത്ഥത്തിലും യോജിക്കും. ജയരമാജന്മഭൂമി = ജയലക്ഷ്മിയുടെ ഉദയസ്ഥാനം. വാഹിനീശൻ സേനാനായകനെന്നും സമുദ്രമെന്നും. ലക്ഷ്മിയുടെ ഉദയസ്ഥാനമാണല്ലോ സമുദ്രം.

൩൧. ഗതാഗത:—വാഹിനിക്കു് ഇവിടെയും സേനയെന്നും നദിയെന്നും അൎത്ഥം. ഫേനകൂടങ്ങളെക്കൊണ്ടു് ഉജ്ജ്വലങ്ങൾ സമുദ്രസംഘങ്ങൾ; ഫേനകൂടങ്ങൾ പോലെ ഉജ്ജ്വലങ്ങൾ കതിരകൾ. ഗണ്ഡശൈലങ്ങൾ=ഗണ്ഡങ്ങളാകുന്ന മലകൾ എന്നു ഗജപക്ഷത്തിൽ; പിളൎന്നുകിടക്കുന്ന വലിയ പാറകൾ എന്നു ശൈലപക്ഷത്തിൽ.

൩൨. രാജാഗച്ഛതി:—രാജാവു രാജമാൎഗത്തിൽ വരുന്നു എന്നു കേൾക്കവേതന്നെ പൌരസ്ത്രീകൾ അവരുടെ ഗൃഹകൃത്യങ്ങളെയെല്ലാം ത്യജിച്ചിട്ടു സൌധങ്ങളിൽ കയറി അലങ്കാരങ്ങൾ മുഴമിപ്പിക്കുന്നതിൽ കൂടി അഭിരുചിയില്ലാതെ അവിടുത്തെ കാണുന്നതിനുള്ള ഉൽകണ്ഠ നിമിത്തം വികസിച്ച ദീൎഘലോചനങ്ങളോടു

Digitized By Kerala Sahitya Akademi

കൂടി അവിടെനിന്നു നോക്കിക്കൊണ്ടു് അപ്സരസ്ത്രീകളെ സ്മരിപ്പിക്കുന്നു.

൨൮൨. സംസ്മൃത്യ:—തങ്ങളുടെ പൂർവവിഭവങ്ങളെ സ്മരിക്കുകയും തൽകാലം വഞ്ചീശ്വരന്റെ സേവാവൃത്തിയെ പ്രാപിക്കുകയുംചെയ്യുന്നവരും അവിടുത്തേക്കു കപ്പംകൊടുക്കേണ്ടവരുമായ രാജാക്കന്മാർ അവിടുത്തെ പ്രഭുത്വത്തെ കാണുമ്പോൾ കണ്ണുകളിൽനിന്നു് അശ്രുധാര തൂകി അനേകവിധത്തിലുള്ള രസങ്ങളെ പ്രകടിപ്പിക്കുന്നു.

൩൮൧. വ്യാധസ്ത്രീ:— കാട്ടാളസ്ത്രീകളുടെ ഉയൎന്നു തടിച്ച സ്തനകലശങ്ങൾക്കു തുല്യങ്ങളായ കരിമസ്തകങ്ങളുടെ അഭിമാനത്തെ നശിപ്പിക്കുന്നവയും മദിച്ച ആനത്തലവന്മാരുടെ കൊമ്പുകളാൽ പൊടിക്കപ്പെട്ടവയുമായ ശിഖരങ്ങളോടുകൂടിയ ത്രികൂടപൎവ്വതത്തിൽ പാളയമടിച്ചുകൊണ്ടു വാനരരാജാവായ സുഗ്രീവൻ സൈന്യങ്ങളോടുകൂടി രാമചന്ദ്രന്റെ ആജ്ഞയാൽ ലങ്കയെ ദുഃഖാന്വിതയാക്കുന്നതിനുവേണ്ടി അതിനു സമീപമായ് താമസിക്കുന്നു.

൩൧൪. അയമഞ്ജലിഃ:—അല്ലയോ സുന്ദരി, ഭവതി പ്രസാദിക്കുന്നില്ലെങ്കിൽ ഇതാണു് എന്റെ ഒടുവിലത്തെ കൂപ്പുകൈ. മനഃപൂൎവ്വമായല്ലാതെ ചെയ്തുപോയ അപരാധത്തിനു് പ്രതിക്രിയ പ്രണാമമെന്നാണല്ലോ പറയാറുള്ളതു്.

൩൧൪. പുരാഭ്രാമംഭ്രാമം:—വനജവനം = താമരക്കൂട്ടം.

Digitized By Kerala Sahitya Akademi

# ശുദ്ധിപത്രം.

| പുറം. | അബദ്ധം. | സുബദ്ധം. |
|---|---|---|
| ൧൬. | രത്നഭിഷേകം. | രത്നാഭിഷേകം. |
| ൪൦. | മുക്കോല. | മൂക്കോല. |
| ൫൦. | നിഷ്പന്ദ. | നിഷ്പന്ന. |
| ൬൧. | സതപാത്ര. | സൽപാത്ര. |
| ൮൦. | പ്രോജ്വലം. | പ്രോജ്ജ്വലം. |
| ൧൦൦. | ജോതിസ്സായ്. | ജ്യോതിസ്സായ്. |
| ൧൦൬. | ഭൂതലംഗ. | ഭൂതലിങ്ഗ. |
| ൧൦൯. | വിപ്രഗാരാ. | വിപ്രാഗാരാ. |
| ൧൧൧. | ആണ് തിരുമേനി. | ആണ്. തിരുമേനി. |
| ൧൨൫. | പാലെ. | പോലെ. |
| ൧൨൭. | സൎഗ്ഗത്തിൽ. | സൎഗ്ഗത്തിൽ. |
| ൧൮൬. | വപുഷാ ഭൂഷയൽ. | വപുഷാ/ഭൂഷയൽ. |
| ൧൯൫. | മുഴിമങ്ഗലവും. | മുഴാമങ്ഗലവും. |
| ൧൯൯. | ഭ്രേചല. | ഭ്രോചല. |
| ൨൪൬. | ഖിന്നാനോ. | ഖിന്ദാനോ. |
| ൨൫൨. | ക്ഷീരാബുരാശൌ. | ക്ഷീരാംബുരാശൌ. |
| ൨൫൨. | ഭുവസ്ഥാദപരേ. | ഭുവസ്ഥദപരേ. |
| ൨൫൪. | യഥാശക്ത. | യഥാശക്തി. |
| ൨൬൦. | നികഷാ. | നികഷാ. |
| ൨൬൮. | ഗുന്നങ്ങൾ. | ഗുണങ്ങൾ. |
| ൨൭൦. | സവ്ധാ. | സവ്ഥാ. |
| ൨൮൦. | ഹ്ലാദയന്ത്യഃ. | ഹ് ളാദയന്ത്യഃ. |
| ൨൯൧. | സജ്ജനത്താൽ. | സൎജ്ജനത്താൽ. |
| ൨൯൩. | മാനാഹരാം | മനോഹരാം. |
| ൨൯൬. | പരശ്വധന്യാപി. | പരശ്വധന്യാപി. |
| ൩൧൦. | ഗ്രഹനം. | ഗ്രന്ഥം. |

Digitized By Kerala Sahitya Akademi

# വിജ്ഞാപനം.

## ചില ഉള്ളൂർകൃതികൾ.

| | ബ്രി. രൂ. | ച. | |
|---|---|---|---|
| പദ്യമഞ്ജരി ൧-ാം ഭാഗം (പരിഷ്കരിച്ച പതിപ്പ്) | 0 | 4 | [illegible] |
| ടി ൨-ാം ഭാഗം | 0 | 4 | 0 |
| ടി ൩-ാം ഭാഗം | 0 | 4 | 0 |
| ടി ൪-ാം ഭാഗം | 0 | 4 | 0 |
| ടി ൫-ാം ഭാഗം | 0 | 10 | 0 |
| ടി ൬-ാം ഭാഗം | 0 | 12 | 0 |
| ടി ൭-ാം ഭാഗം | 0 | 21 | 6 |
| തരങ്ഗിണി | 1 | 0 | 0 |
| മംഗളമഞ്ജരി സവ്യാഖ്യാനം | 0 | 14 | 4 |
| പ്രാചീനമലയാളമാതൃകകൾ, രാമചരിതം | 1 | 0 | 0 |
| വഞ്ചീശഗീതി | 0 | 4 | 0 |
| മദ്ധ്യമലയാളമാതൃകകൾ (കണ്ണശ്ശരാമായണം സുന്ദരകാണ്ഡം) | 0 | 14 | 4 |
| സദാചാരദീപിക | 0 | 6 | 0 |
| മാതൃകാജീവിതങ്ങൾ | 0 | 7 | 2 |
| വിജ്ഞാനദീപിക ൧-ാം ഭാഗം .... | 1 | 21 | 6 |
| ടി ൨-ാം ഭാഗം .... | 1 | 21 | 6 |
| ടി ൩-ാം ഭാഗം .... | 1 | 21 | 6 |
| ടി ൪-ാം ഭാഗം .... | 1 | 21 | 6 |
| ഗദ്യകലിക .... | 0 | 14 | 4 |
| ദീപാവലി .... | 0 | 14 | 4 |
| ചൈത്രപ്രഭാവം | 0 | 7 | 2 |

കേരളവൎമ്മദേവൻ—മ. രാ. രാ. എം. ആർ. ബാലകൃഷ്ണവാരിയർ അവർകൾ എഴുതിയതു് 1 14 4

ഇവ കൂടാതെ രാമായണം, ഭാഗവതം, ഭാരതം, കമ്പരാമായണം മുതലായ മററു് അനേക പുസ്തകങ്ങളും ഇവിടെ കിട്ടുന്നതാണു്.

ആർ. ററി. പിള്ള,

ചാല,—തിരുവനന്തപുരം.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi